KOTTAYAM PUBLIC LIBRARY

Call No. M 970 Acc. No. 45596

Author: സ്മിത്ത് ഹെൻറ് നാഷ്

Title: അമേരിക്കൻ കൃതികളും സംസ്കാരവും

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

1327

TTAYAM PUBLIC LIBR
AYAM.

# അമേരിക്കൻജീവിതവും സംസ്കാരവും

WHY WE BEHAVE
LIKE AMERICANS

BY

BRADFORD SMITH

Transalated by

Chananthara Madhavan.

(Malayalam)
American Jeevitavum Samskaravum
Why We Behave Like Americans
By BRADFORD SMITH
Translated by
CHANANTHARA MADHAVAN NAIR
...st Published 1962
...d at
...RESS, KOTTAYAM
...3.50

...varthaka Co-operative
...Kottayam, Kerala State
...t:
...OOK STALL
... State India

# അമേരിക്കൻജീവിതവും സംസ്കാരവും

KOTTAYAM PUBLIC LIBRARY
KOTTAYAM
45596

ബ്രാഡ്ഫോർഡ് സ്മിത്ത്

വിവർത്തനം
ചാണാന്തറ മാധവൻനായർ

പ്രസാധകന്മാർ
സാഹിത്യപ്രവർത്തക സഹകരണസംഘം

നാഷനൽ ബുക്ക്സ്റ്റാൾ
കോട്ടയം

വില ക. 3.50

Copyright 1957 Bradford Smith

M970
Smi-A

S1364 B869 14/62-63 1-2000

## ഗ്രന്ഥകാരനും കൃതിയും

ബ്രാഡ്ഫോർഡ് സ്മിത്ത് പ്രശസ്തനായ ഒരു വിദ്യാഭ്യാസപ്രവൎത്തകനും ഗ്രന്ഥകാരനുമാണ്. ഒട്ടു വളരെ കൃതികൾ അദ്ദേഹത്തിൻേറതായുണ്ട്. കൂടാതെ അനവധി ലേഖനങ്ങളും അദ്ദേഹം എഴുതിയിട്ടുണ്ട്. ജപ്പാനിലായിരുന്നു അദ്ദേഹം അഞ്ചുകൊല്ലത്തോളം. അവിടത്തെ സൎവ്വകലാശാലാവിദ്യാൎത്ഥികളെ ഇംഗ്ലീഷ് വായിക്കാനും എഴുതാനും സംസാരിക്കാനും പഠിപ്പിക്കുകയായിരുന്നു അദ്ദേഹത്തിന്റെ ജോലി. അമേരിക്കനും, ഇംഗ്ലീഷും സാഹിത്യങ്ങളെ കരുപ്പിടിപ്പിച്ചിട്ടുള്ള സംസ്കാരവിശേഷങ്ങൾ അദ്ദേഹം അവൎക്കു വിശദീകരിച്ചുകൊടുത്തു. ഈ അഞ്ചുകൊല്ലക്കാലത്തിനിടയ്ക്കു് അമേരിക്കൻ സംസ്കാരത്തിൻേറ സവിശേഷതകളെക്കുറിച്ച് ഒരു അമേരിക്കക്കാരനെന്ന നിലയിൽ കൂടുതൽ ഗാഢമായി ചിന്തിക്കാനും, മററുള്ളവർ എന്താണ് അമേരിക്കക്കാരെപ്പററി ധരിച്ചുവച്ചിരിക്കുന്നതെന്ന് വ്യക്തമായി മനസ്സിലാക്കാനും അദ്ദേഹത്തിന്ന് ധാരാളം അവസരം ലഭിച്ചു.

അതിനുശേഷം, അമേരിക്കൻ വിദ്യാൎത്ഥികളുടെ ഇടയിലാണ് അദ്ദേഹം പ്രവൎത്തനം തുടൎന്നതു്. വയോജന വിദ്യാഭ്യാസരംഗത്താണ് ഇന്ന് അദ്ദേഹം സജീവമായി പ്രവൎത്തിക്കുന്നതു്. കഴിഞ്ഞ ഏഴുകൊല്ലങ്ങളായി വിദേശത്തുനിന്നുള്ള ബിരുദവിദ്യാൎത്ഥികൾക്കുവേണ്ടിയുള്ള ഇൻറർനാഷണൽ സമ്മർ സ്കൂളിൻേറ മേൽനോട്ടം അദ്ദേഹം വഹിക്കുന്നു. സ്മിത്ത് ഒരു ലൈബ്രേറി പ്രവൎത്തകൻ കൂടിയാണ്.

അമേരിക്കൻ ജീവിതരീതികളെപ്പററിയും, അതിൻെറ പ്രത്യേകസാഹചര്യങ്ങളെപ്പററിയും ബ്രാഡ്ഫോർഡ് സ്മിത്ത് സമഗ്രമായി ഈ ഗ്രന്ഥത്തിൽ പ്രതിപാദിച്ചിരിക്കുന്നു. വിപുലമായ അറിവിൻെറ അടിസ്ഥാനത്തിലെഴുതിയതാണ് ഈ കൃതി.

ഗ്രന്ഥകാരൻെറ അഭിപ്രായത്തിൽ സ്വയംസന്നദ്ധമായ സംഘടനാബോധമാണ് അമേരിക്കൻ ജീവിതരീതിയുടെ കേന്ദ്രബിന്ദു. ഈ ഒരു ആശയത്തോടു ബന്ധപ്പെട്ട് ജീവിതം തുടൎന്നുവരുന്നു, എല്ലാം പരിവൎത്തനത്തിനു വിധേയമാകുന്നു. പരിവൎത്തനങ്ങൾക്കു വിധേയമാകാതെ നില്ക്കുന്നതെന്തൊക്കെയാണെന്നും, പരിവൎത്തനങ്ങൾ തന്നെ, അമേരിക്കൻ ജീവിതത്തെ എങ്ങനെ സജീവമായി നിലനിൎത്തുന്നെന്നും കാണിക്കുകയാണ് ഈ കൃതിയുടെ ലക്ഷ്യം.

അമേരിക്കൻ ദേശീയജീവിതത്തിൻെറ വിവിധവശങ്ങളിലേക്കു വെളിച്ചം വീശാൻ ഈ കൃതി പ്രയോജനപ്പെടും. രാഷ്ട്രീയം, വ്യവസായം, കണ്ടുപിടിത്തങ്ങൾ, സാമ്പത്തികസ്ഥിതി, വിദ്യാഭ്യാസം, സാഹിത്യം, കലകൾ, വാൎത്താവിനിമയം, വിനോദരംഗങ്ങൾ ഇവയോടൊപ്പം പരിവൎത്തനോന്മുഖമായ അമേരിക്കൻ ആചാരങ്ങളും, സ്വഭാവവിശേഷങ്ങളും എല്ലാം ഇതിൽ കൈകാര്യം ചെയ്തിരിക്കുന്നു.

## ഉള്ളടക്കം


| | |
|---|---|
| സംസ്കാരബോധം | 9 |
| നാട്ടുകാരൻമാർ | 19 |
| കുതിച്ചുയരുന്ന രാഷ്ട്രങ്ങളുടെ രാഷ്ട്രം | 32 |
| കുടുംബജീവിതം | 54 |
| അമേരിക്കൻ പ്രകൃതം | 79 |
| അമേരിക്കൻ സമുദായം | 106 |
| വിദ്യാഭ്യാസം | 133 |
| രാഷ്ട്രീയജീവി | 163 |
| കൂടുതൽ അഭിവൃദ്ധികരമായ ജീവിതം | 182 |
| സുവ്യക്തമായ വിതരണം. | 202 |
| കലകൾ | 226 |
| പൊതുജനോപാധി | 254 |
| വിനോദം | 266 |
| ശാസ്ത്രവും മനുഷ്യനും | 273 |
| നമ്മുടെ പോക്കു് എങ്ങോട്ടു്? | 285 |
| ലോകസമുദായവും ഐക്യനാടുകളും | 300 |

45596

## അദ്ധ്യായം ഒന്നു്

## സംസ്കാരബോധം

സംസ്കാരങ്ങളെല്ലാംതന്നെ ഒരു പരീക്ഷണമാണു്. അതിജീവിക്കലാണു് അതിൻെറ ഉരകല്ലു്. പ്രാരംഭംമുതലേ ബോധപൂവ്വമായ ഒരു പരീക്ഷണമെന്ന നിലയ്ക്കു് അമേരിക്കൻ ഐക്യനാടുകളിലെ സംസ്കാരത്തിനു മററനേകം സംസ്കാരങ്ങളുമായി വ്യത്യാസമുണ്ടു്. പ്ലിമത്തിലേയും ബോസ്റ്റണിലേയും ചെറിയ മതാധിഷ്ഠിതവൎഗ്ഗങ്ങൾ, കോണ്ടിനൻറൽ കോൺഗ്രസ്സ്, ഭരണഘടനയാൽ സ്ഥാപിക്കപ്പെട്ട ഫെഡറൽ ഗവൎമ്മെൻറു്, ജാക്സോണിയൻ ജനായത്തം, ടെഡിറൂസ്വെൽട്ടിൻെറ സ്കചയർഡീൽ, ഫ്രാങ്ക്ളിൻ റൂസ്വെൽട്ടിൻെറ ന്യൂഡീൽ, മാഷൽ പ്ലാൻ, ട്രൂമാൻസിദ്ധാന്തം ഇവയെല്ലാംതന്നെ പ്രതീക്ഷാപൂവ്വമായി പ്രായോഗികവും ബോധപൂവ്വമായ പരീക്ഷണത്തിനു സമർഹവുമായിരുന്നു.

യൂറോപ്യന്മാർ അമേരിക്കയിലേക്കു വന്നപ്പോൾ അവരെ അഭിമുഖീകരിച്ച പുതിയ പരിതഃസ്ഥിതികൾ പുതിയ കാര്യങ്ങൾ പരീക്ഷിപ്പാൻ അവരെ നിബ്ബന്ധിച്ചു. തങ്ങളുടെ ഇൻഡ്യൻസുഹൃത്തു് സ്കചാൻേറായിൽനിന്നും, ധാന്യക്കുമ്പാരങ്ങളിൽ മത്സ്യം വിതറിയാലേ അതു ഫലഭൂയിഷ്ഠമാകുവെന്നു് മനസ്സിലാക്കുന്നതുവരെയും ഓരോ വ്യക്തിയും അവനവനാവശ്യമുള്ള വിഭവങ്ങൾ സ്വയം സംഭരിക്കുകയല്ലാതെ പൊതുസംഭരണശാലയിൽ കൂടരുതെന്നു പഠിക്കുന്നതുവരെയും ആദിമപിതാമഹന്മാർ കൃഷികവൃത്തിയിൽ പരാജയപ്പെട്ടു. വില്യം ബ്രാഡ്ഫോഡ്, പ്ലിമത്തിൽ കഴിച്ച ആദ്യവർഷങ്ങളുടെ രസകരമായ വിവരണത്തിൽ വനാന്തരദേശങ്ങളുടെ രീതി

കൾ പഠിക്കുന്നതിൽ അദ്ദേഹവും കൂട്ടുകാരും തുടരെത്തുടരെ പരാജയപ്പെട്ടതു വർണ്ണിച്ചിട്ടുണ്ട്. ജോസ്ടൗണിലും പ്ലീമത്തിലും ഉള്ളവർ ജീവനോടെ ശേഷിക്കുവാൻ അവസാനം പഠിക്കുന്നതിനു മുമ്പുതന്നെ കുടിയേററക്കാരിൽ അധികംപേരും നാശമടയുകയോ ആ ഉദ്യമം കൈവെടിയുകയോ ചെയ്തുകഴിഞ്ഞിരുന്നു.

അതിനാൽ അമേരിക്കക്കാർക്ക്, നവീനാശയങ്ങൾ സ്വീകരിക്കുവാനും തുടരെത്തുടരെ ശ്രമിച്ചും പരാജയപ്പെട്ടും വീണ്ടും ശ്രമിച്ചും അവയെ നടപ്പിലാക്കുവാനും ആദ്യംമുതല്ക്കേ പഠിക്കേണ്ടിവന്നു.

ഓരോ അമേരിക്കക്കാരന്റെയും സിരകളെ ത്രസിപ്പിക്കുന്ന ഭാഷയിൽ ലിങ്കൺ, അദ്ദേഹത്തിൻെറ അത്യുത്തമ പ്രഭാഷണങ്ങളിലൊന്നിൽ, അമേരിക്കൻ ആശയത്തിൻെറ സാരം, "എല്ലാവരേയും ഒരേനിലയിൽത്തന്നെയാണു സൃഷ്ടിച്ചിട്ടുള്ളതെന്ന വാദത്തിൻെറ" ഒരു പരീക്ഷണമാണെന്നു പ്രസ്താവിക്കുന്നു. "അങ്ങനെ ഉടലെടുക്കയും അത്തരം ആശയത്തിനു സമർപ്പിച്ചിട്ടുള്ളതുമായ ഏതെങ്കിലും രാഷ്ട്രത്തിനു കൂടുതൽ നിലനില്ക്കുവാൻ സാധിക്കുമോ" എന്നുള്ള ഒരു പരീക്ഷയായിരുന്നു അമേരിക്കൻ രാഷ്ട്രീയസമരമെന്നും അദ്ദേഹം തുടർന്നുപറഞ്ഞു.

എന്നാൽ പൊതുവെ, സ്വന്തം സംസ്കാരത്തിൻെറ പൊരുൾ എന്തെന്ന് അമേരിക്കക്കാർക്ക് വളരെ കുറച്ചേ മനസ്സിലായിട്ടുള്ളു; അതിലും കുറവായി മാത്രമേ വിദേശസുഹൃത്തുകൾക്കറിയൂ. വളരെയൊക്കെ അറിവിൽ പെട്ടിട്ടുണ്ട്; പക്ഷേ, ശരിക്കു മനസ്സിലാക്കിയിട്ടുള്ളതു് വളരെ കുറച്ചുമാത്രം. വിഭവവർദ്ധനവ്, നമ്മുടെ വൈയവസായികവും സൈനികവുമായ സ്ഥാപനങ്ങളുടെ ഉറപ്പ്, തൊഴിലുകൾക്കും സ്വകാര്യസമാരംഭങ്ങൾക്കും നാം കല്പിക്കുന്ന പ്രാധാന്യം മുതലായുള്ള ജീവിതത്തിൻെറ ബാഹ്യപ്രകടനങ്ങൾ നാം വേണ്ടുംവണ്ണം അംഗീകരിക്കുന്നു. എന്നാൽ ഈവക കാര്യങ്ങളെ നിലനിർത്തിക്കൊണ്ടുപോകുന്ന ചൈതന്യത്തെപ്പററി നാം കേവലം അജ്ഞരാണ്. അമേരിക്കൻ രീതികളേയും സ്ഥാപനങ്ങളേയും വീക്ഷിക്കുന്നവർ അവ ചരിത്രപരവും സാംസ്കാരികവുമായ എന്തു മൂല്യമായ അടിസ്ഥാനത്തിന്മേലാണു കെട്ടിപ്പടുത്തിട്ടുള്ള

തെന്നു് മനസ്സിലാക്കാതെ ബാഹ്യദർശനംകൊണ്ടുമാത്രം അവയെ പ്രകീർത്തിക്കുകയോ അപലപിക്കുകയോ ചെയ്യുന്നു.

ഒരു വ്യക്തിയിൽ കാണുന്ന എല്ലാ സ്വഭാവവിശേഷങ്ങളിലും 'അമേരിക്കൻ' എന്നു മുദ്ര അടിക്കുന്നതാണു് മറെറാരു വിലങ്ങുതടി. ഉദാഹരണത്തിനു് അമേരിക്കാക്കാരിൽ ആരോപിക്കപ്പെട്ടിട്ടുള്ള ഭൗതികസ്വഭാവം മദ്ധ്യവർത്തിസമുദായത്തിൻെറ സാർവ്വലൗകികമായ അടയാളം മാത്രമായിരിക്കാം. എന്തെന്നാൽ അമേരിക്കാക്കാരിൽ ഭൂരിപക്ഷവും ആ വിഭാഗത്തിൽ പെട്ടവരാണു്. ഒരു വഴക്കാളിയും ബഹളിയും, മതതീവ്രവാദിയും, സൂക്ഷ്മദൃക്കും, അമിതഭക്ഷകനുമാണു് അമേരിക്കാക്കാരനെന്നു് ഒരു വൈദേശികനു തോന്നുന്നു എങ്കിൽ അതൊരുപക്ഷേ, അവൻെറ തൊഴിൽ, കുടുംബപാരമ്പര്യം, മതം, പ്രായം, സാമ്പത്തികനില എന്നിവയിൽനിന്നും കിട്ടീട്ടുള്ള സ്വഭാവവിശേഷങ്ങളുടെ പ്രകടനം മാത്രമായിരിക്കാം. തൊഴിൽപരമായ പശ്ചാത്തലവും, മതവും, സാമ്പത്തികനിലയും തത്തുല്യങ്ങളായി ഉള്ളെടത്തെല്ലാം ഈ സ്വഭാവവിശേഷങ്ങൾ കാണാവുന്നതാണു്.

എങ്കിലും അമേരിക്കാക്കാരൻെറതായ സ്വഭാവവിശേഷവും, പ്രകൃതവും, പുരോഗമനവാഞ്ഛയും, വികാരങ്ങളും, ആശകളും, വിശ്വാസങ്ങളും, ആത്മാർത്ഥതയും പ്രത്യേകമായി അവനുണ്ടു്. അതുപോലെതന്നെ അമേരിക്കൻസമുദായത്തിൻെറ പ്രത്യേകതയായ സ്ഥാപനങ്ങളും വിഭാഗങ്ങളും സംഘടനകളും കർത്തവ്യങ്ങളും കാണ്മാൻ കഴിയും. അവയെ മനസ്സിലാക്കുന്നതിനുള്ള താക്കോലാണു് സംസ്കാരബോധം.

### *സംസ്കാരമെന്നാലെന്തു്?*

ഒരു ജനസമുദായത്തിൻെറ, കൃത്രിമോത്പന്നങ്ങൾ, വിശ്വാസങ്ങൾ, ക്രമപ്രവൃദ്ധമായ ജ്ഞാനം, വ്യക്തികളുടെ മൂല്യബോധം ഇവയുൾപ്പെടെയുള്ള ജീവിതരീതിയാണു് സംസ്കാരം. അതിനുപുറമെ, കലകൾ, കുടുംബജീവിതം, ശിശുപരിപാലനം, വൈവാഹികരീതികൾ, വിദ്യാഭ്യാസം, തൊഴിൽ, രാജ്യഭരണം ആദിയായി ചുരുക്കത്തിൽ, സമുദായാംഗ

ങ്ങൾക്കു് പ്രവൎത്തനയോഗ്യതയോടെ ലഭിച്ചിട്ടുള്ള ഫലപ്രദമായ പാരമ്പര്യങ്ങളെല്ലാംതന്നെ അതിലുൾക്കൊള്ളുന്നു.

ഒരു ചേരിയുടെ പെരുമാററരീതി സംസ്കാരമാതൃകയുടെ ഒരു ഭാഗമെന്ന നിലയ്ക്കല്ലാതെ ഗ്രഹിക്കുവാൻ സാദ്ധ്യമല്ലെന്ന വസ്തുത വെളിവാക്കി, സമുദായമൊന്നാകെ വീക്ഷിക്കുവാൻ നമ്മൾക്കു് സൗകര്യം തരുന്നു എന്നുള്ള മെച്ചം സാംസ്കാരികബോധത്തിനുണ്ടു്. ഐക്യനാടുകളെപ്പററി എഴുതിയിട്ടുള്ളവയിൽ ഭൂരിഭാഗവും ആവശ്യത്തിന്നു പര്യാപ്തമാണു്. എന്നാൽ അവ ചില അമേരിക്കൻ സമ്പ്രദായങ്ങളെ ഒററപ്പെടുത്തിയും, ആ പൂൎണ്ണചിത്രത്തിൽ ഉചിതസ്ഥാനങ്ങളിൽ അവയെ സംയോജിപ്പിക്കാതെയും, അവയുടെ ഉല്പത്തി വെളിവാക്കാതെയും, ഒരു ധാൎമ്മികവിധിയുടെ അതിരുകവിഞ്ഞ വൎണ്ണശബളത വരുത്തിയും ആണു് എഴുതിയിട്ടുള്ളതു്. ഏതെങ്കിലും ഒരു ജനസമുദായത്തെ 'ഭൗതികവാദികളെ'ന്നോ, 'പണക്കൊതിയന്മാ'രെന്നോ 'ലൈംഗികാസക്തരെ'ന്നോ 'അതിപരിചിതരെ'ന്നോ വിളിക്കുന്നതു്, പശ്ചാത്തലത്തെപ്പറ്റി പഠിക്കുവാൻ പാടുപെടാതെയുള്ള ഒരു ധാൎമ്മികവിധി അടിച്ചേല്പിക്കുന്നതായിരിക്കും.

സമുദായാംഗങ്ങളായ വ്യക്തികളെ പലമട്ടിൽ തിരിക്കുകയും സംഘടിപ്പിക്കയും ചെയ്യാം. ഓരോ അംഗത്തിനും പ്രായ-ലിംഗഗണനയിലും, പാരമ്പൎയ്യമായ അന്തസ്സിലും, സാങ്കേതിക തൊഴിൽസമ്പ്രദായങ്ങളിലും, കുടുംബത്തിലും, വിദ്യാൎത്ഥിസംഘടനകൾ, സുഹൃത്സമാജങ്ങൾ, രഹസ്യസംഘടനകൾ, കായികവിനോദസംഘങ്ങൾ, ഊരാണ്മസമിതികൾ മുതലായവയിലും ഒരു സ്ഥാനം ഉണ്ടായിരിക്കും. ഈ വിഭിന്നതകളുണ്ടെങ്കിലും സമുദായത്തിലെ എല്ലാ അംഗങ്ങൾക്കും പൊതുവായ അനേകം സ്വഭാവരീതികളും, സമുദായത്തിനുള്ളിൽത്തന്നെയുള്ള രാഷ്ട്രീയകക്ഷികളുടേതായ ചില പ്രത്യേക സ്പന്ദനങ്ങളുമുണ്ടായിരിക്കും.

സംസ്കാരം വ്യക്തിത്വത്തെ നിൎണ്ണയിക്കുവാൻ സഹായിക്കുന്നു. അതു് സ്വന്തം സീമകൾക്കുള്ളിൽ വിപുലമായ വിഭിന്നവ്യക്തിത്വങ്ങളെ സൃഷ്ടിക്കുന്നു. ഈ വിപുലവ്യത്യസ്തതകളുടെ ഉള്ളിൽനിന്നു രാഷ്ട്രത്തിന്റെ സ്വഭാവം മനസ്സിലാക്കാ

വുന്നതാണ്. എന്തുകൊണ്ടെന്നാൽ സംസ്കാരപരിധിയിൽ പെട്ട ഓരോ വ്യക്തിയും ഒരു പൊതുപാർശ്വത്തിന്റെ സ്വാധീനശക്തിക്കധീനനാണ്. ദേശീയസ്വഭാവങ്ങളുടെ നിദാനം സംസ്കാരമാണെന്നും അവ സാങ്കല്പികമായ സഹജവാസനയാലോ രക്തബന്ധത്താലോ വർഗ്ഗബന്ധത്താലോ സംജാതമല്ലെന്നും ഉള്ള യാഥാർത്ഥ്യം അംഗീകരിക്കുന്നേടത്തോളം കാലം ആ സ്വഭാവങ്ങളെപ്പററി ആരായുന്നതു് യുക്തിക്കു ചേന്നതുതന്നെ.

അമേരിക്കൻ മാതാപിതാക്കൾക്കു് ഐക്യനാടുകളിൽ ജനിച്ച ഒരു കുട്ടിയെ അതിശൈശവത്തിൽത്തന്നെ ഫ്രാൻസിൽ കൊണ്ടുപോയി അവിടെയുള്ള ഒരു കുടുംബത്തിൽ വളർത്തിയാൽ നിയമദൃഷ്ട്യാ മാതൃഭൂമി ഏതായിരുന്നാലും അവൻ ഒരു ഫ്രഞ്ചുകാരനായിത്തന്നെ വളരും. അതുപോലെതന്നെ ഒരമേരിക്കൻകുടുംബത്തിൽ വളർത്തിക്കൊണ്ടുവരുന്ന ചൈനാക്കാരനായ ഒരു കുട്ടി സംസാരിക്കുന്നതും ചിന്തിക്കുന്നതും അമേരിക്കൻരീതിയിലായിരിക്കും. ആഹാരക്രമവും ശീതോഷ്ണാവസ്ഥയും അവനെ പരുഷതരനാക്കാവുന്നതിനാൽ, കണ്ടാൽ അമേരിക്കക്കാരനെന്നുതോന്നും. മുഖവടിവു് അവൻ ജനിച്ച കുടുംബത്തിന്റേതായിരിക്കുമെന്നേ ഉള്ളു. അവന്റെ തൊലിക്കു് മംഗോളിയൻചുളുക്കും പൈതൃകവർണ്ണവും ഉണ്ടായിരിക്കാം; എന്നാൽ അവന്റെ നിലപാടും, പ്രകൃതവും, ആശകളും എല്ലാം വളർത്തുകുടുംബത്തിലേതായിരിക്കും.

അങ്ങനെവരുമ്പോൾ, ഒരു ജനതതിയെ ശരിക്കും പഠിക്കുവാൻ, ഭൂമിശാസ്ത്രം, ശീതോഷ്ണാവസ്ഥ, പ്രകൃതിവിഭവങ്ങൾ, ഭക്ഷ്യോല്പാദനം, വ്യവസായവളർച്ച മുതലായ ഭൗതികപരിതസ്ഥിതികളേയും, രക്ഷാകർത്താക്കൾ, ബന്ധുക്കൾ, സുഹൃത്തുക്കൾ, അയൽക്കാർ, സഹപ്രവർത്തകർ, അദ്ധ്യാപകന്മാർ, പോലീസുകാർ മുതലായ മററുദ്യോഗസ്ഥന്മാർ ആദിയായ മനുജവർഗ്ഗത്തിന്റെ സ്വാധീനതയേയും, വീടു്, പള്ളിക്കൂടം, പള്ളി, മാടമ്പിസംഘം, സർക്കാരു്, തൊഴിലുകൾ മുതലായുള്ള അവരുടെ സ്ഥാപനങ്ങളേയും, അവരുടെ കലാപരമായ പ്രകാശനങ്ങൾ, ആചാരക്രമം, ഭരണഘടന, മതം, വർഗ്ഗബന്ധങ്ങൾ, പുരാതനാരാധന എന്നിവയേയുംപററി നമുക്കു് മനസ്സി

ലാക്കേണ്ടിവരുന്നു. സ്വരക്ഷ, സ്വപുനരുത്പാദനം, സ്വാശയപ്രകടനം എന്നീ മൂന്നു് അടിസ്ഥാനാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനു് അവർ തുടരുന്ന രീതികളും നാം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ഓരോ ഭാഗവും ഇതരഭാഗത്തോടു പിന്നിച്ചേർത്തിട്ടുള്ള ലൂതാജാലകമാണു് ഓരോ സംസ്കാരവും. ധനതത്വശാസ്ത്രവും ഗവമ്മേണ്ടും തമ്മിലോ വിദ്യാഭ്യാസവും വിശ്രമവും തമ്മിലോ നാം മനസ്സിൽ കാണുന്ന വ്യത്യാസങ്ങൾ സത്യത്തേക്കാൾ കൂടുതൽ മിഥ്യയാണു്. നമ്മുടെ സാമ്പത്തികശാസ്ത്രത്തെ വിശദീകരിക്കുവാൻ, നികുതിദായകൻ, ആഭ്യന്തരവ്യവസായമന്ത്രി, തൊഴിൽത്തക്കനിയമോപദേശകൻ മുതലായ ഉദ്യോഗസ്ഥന്മാരിൽക്കൂടി ഗവമ്മേണ്ടിനുള്ള പങ്കു് വിവരിക്കാതെ സാദ്ധ്യമല്ല. അതിനാൽ നമ്മുടെ ഹൃദയങ്ങൾക്കുള്ള പരിമിതിമൂലം ആ മാനുഷികവലയെ, അഥവാ ആ സാംസ്കാരികവലയെ പൊട്ടിച്ചു് നൂലുനൂലായി വേർപിരിക്കേണ്ടിയിരിക്കുന്നു. അപ്പോൾ വീണ്ടും പൂർണ്ണമായി അതു കാണുവാൻ നമുക്കു ശ്രമിക്കാവുന്നതാണു്.

### *സങ്കരസംസ്കാരങ്ങൾ*

ഇക്കാലങ്ങളിൽ അന്താരാഷ്ട്രീയവിനിമയം ഏറെ സുഗമവും ശീഘ്രതരവുമായിട്ടുണ്ടു്. അതിനാൽ മററു സംസ്കാരങ്ങളുമായ പണ്ടുണ്ടായിരുന്നതിലേറെ സമ്പക്കം പുലത്തുവാൻ നമ്മൾക്കു് കഴിയുന്നു. ആണ്ടുതോറും ഒന്നരക്കോടിയിലേറെ അമേരിക്കക്കാർ യൂറോപ്പു സന്ദർശിക്കുന്നുണ്ടു്. അൻപതിനായിരത്തോളം വിദേശവിദ്യാത്ഥികളും പ്രാമാണികസന്ദർശകരും നമ്മുടെ ഇടയിൽത്തന്നെയുള്ളതിനാൽ വീടുവിട്ടിറങ്ങാതെതന്നെ അപ്രകാരമുള്ള സമ്പക്ങ്ങൾ സാദ്ധ്യമായിട്ടുണ്ടു്.

സംസ്കാരങ്ങളുടെ സങ്കരത ഉത്തേജനകരവും പോഷണകരവുമാണു്. വാസ്തവത്തിൽ അപ്രകാരമുള്ള സങ്കരോല്പാദനംമൂലമാണു് പരിഷ്കാരം പുരോഗമിച്ചിട്ടുള്ളതു്. പൂവ്വദേശത്തെ പൗരാണികസാമ്രാജ്യങ്ങളിൽനിന്നു കിട്ടിയ അറിവിൽനിന്നാണു് ഗ്രീസുരാജ്യം ഫലവത്തായതു്. ഗ്രീക്കുസംസ്കാരവുമായുള്ള ബന്ധത്തിൽനിന്നാണു് ചരിത്രാതീത

45596

കാലങ്ങൾക്കുശേഷം ഇസ്ലാംമതവുമായുള്ള സമ്പക്കവും പുരാണഗ്രന്ഥങ്ങളുടെ കണ്ടുപിടുത്തവും യൂറോപ്പിലാകമാനം ഒരു പുതുവസന്തം പരത്തിയതു്. ജൂഡിയോ-ഗ്രീക്ക്-റോമൻ-യൂറോപ്യൻ സംസ്കാരത്തിന്റെ മാത്രമല്ല ആഫ്രിക്ക, ഏഷ്യ, സ്പാനിഷ് അമേരിക്ക ആദിയായ വിവിധ ഭൂഭാഗങ്ങളിലെ സംസ്കാരങ്ങളുടേയും, സ്വന്തം മണ്ണിൽ ഉടലെടുത്ത ഇൻഡ്യൻ സംസ്കാരത്തിൻേറയും സ്വാധീനതയ്ക്കു വിധേയമായ അനന്തരാവകാശിയാണു് ഐക്യനാടുകൾ.

ജർമ്മനി, മെക്സിക്കോ, ജപ്പാൻ, ഇററലി ഇവിടങ്ങളിലെ ഭക്ഷ്യവിധികൾ നമ്മുടെ ആഹാരരീതിയിൽ ഉൾപ്പെടുന്നുണ്ടു്. ധാന്യവും കുമ്പളവും കൃഷിചെയ്യുവാനും അവ പാചകംചെയ്തു ഭക്ഷിപ്പാനും ഇൻഡ്യാക്കാർ നമ്മെ പഠിപ്പിച്ചു. ചൈനാക്കാരുടെ ഭക്ഷണശാലകൾ നാടുനീളെ ഉയർന്നു. തയ്യാർചെയ്ത അവരുടെ ഭക്ഷണവിഭവങ്ങൾ സുലഭമായി വിലയ്ക്കുവാങ്ങാൻ സൗകര്യമുള്ളതിനാൽ അവ വിളമ്പിക്കൊടുക്കേണ്ടുന്ന ശ്രമം മാത്രമേ ഗൃഹനായികമാക്കുള്ളു. അതു് യഥാൎത്ഥവസ്തുവിൻെറ അമേരിക്കൻ രൂപാന്തരമാണെങ്കിലും സാരമില്ല; സംസ്കാരസംയോജനത്തിൻെറ ഒരതിപ്രധാനഭാഗമാണു് രൂപാന്തരം.

സംഗീതത്തിൻെറ ഏറിയകൂറും ഇററലി, ജർമ്മനി എന്നീരാജ്യങ്ങളിൽനിന്നും, ചിത്രകല ഫ്രാൻസിൽനിന്നും, നീതിന്യായസിദ്ധാന്തങ്ങൾ ഇംഗ്ലണ്ടിൽനിന്നും, നാടോടിഗാനങ്ങൾ ആഫ്രിക്കൻപ്രാസഭംഗിയിൽനിന്നുമാണു് നാം എടുത്തിട്ടുള്ളതു്.

സംസ്കാരങ്ങളുടെ സങ്കരം അഭിവൃദ്ധികരംതന്നെ എങ്കിലും അതിനു തകരാറുകളുണ്ടു്. സങ്കരസംസ്കാരങ്ങൾ സങ്കരചിഹ്നങ്ങളും ചിലപ്പോൾ ജനിപ്പിച്ചേക്കാം. ഉദാഹരണം പറയാം. ഇൻഡ്യാക്കാരനു പ്രത്യേകമായിക്കാണുന്ന നിഷേധാർത്ഥത്തിലുള്ള തലകുലുക്കു കുറിക്കുന്നതു് ഉവ്വു് എന്ന അൎത്ഥത്തെയാണു്. അതുപോലെതന്നെ ഒരു ജപ്പാൻകാരൻ "നീ പോയില്ലേ?" എന്ന നിഷേധരൂപചോദ്യത്തിനു് 'ഉവ്വു്' എന്നു സമാധാനം പറയും. അതിൻെറ അർത്ഥം 'ഇല്ല' എന്നുമാണു്.

45596

ചതിയെന്നോ അപമര്യാദയെന്നോ നാം കരുതാറുള്ള കാര്യങ്ങൾ ഇവയിലന്തർഭവിക്കുമ്പോൾ ഈ സങ്കരലക്ഷണങ്ങൾ കൂട്ടുതൽ ഗുരുതരമാകുന്നു.

അസൗകര്യമോ മനോവേദനയോ ജനിപ്പിക്കാവുന്ന എന്തെങ്കിലും പറയുന്നതു് ജപ്പാൻകാർ മര്യാദകേടായി കരുതുന്നു. മര്യാദയേയും പരിഗണനയേയും സംബന്ധിച്ച ഈ മൃദുലബോധം ഋജുബുദ്ധികളായ അമേരിക്കാക്കാർക്കു് പലപ്പോഴും കൃത്രിമമെന്നു തോന്നിപ്പോകും.

അധികാരത്തിൻേറയും പദവിയുടേയും നേർക്കു ജർമ്മൻകാർക്കുള്ള ആദരവു് അമേരിക്കാക്കാരനു് അസ്വാസ്ഥ്യം ജനിപ്പിപ്പിക്കുന്നു. പദവികളൊന്നും ഇല്ലാ എന്നുള്ള ഭാവത്തിൽ തുല്യഭാവനയോടെ എല്ലാവരോടും പെരുമാറുന്നതിനാണു് ഒരമേരിക്കാക്കാരൻ ശ്രമിക്കുന്നതു്. അതിനാൽ ജപ്പാൻസമ്പ്രദായം ആത്മവഞ്ചനയും ക്ഷോഭകരവുമായി അവനു തോന്നുന്നു.

സൂചനകളുടെ സാങ്കര്യത്തിൽനിന്നു വാക്കുകൾ കൂട്ടിയടിക്കാം; വാളുകൾ കൂട്ടിമുട്ടാം. അതെല്ലാം എളുപ്പമാണു്. നാം ഇന്നു ജീവിച്ചുവരുന്ന അന്താരാഷ്ട്രീയലോകത്തു്, ഈ സൂചനകളുടെ പൊരുൾ എന്തെന്നു് മനസ്സിലാക്കിയിരിക്കേണ്ടതു് സർവ്വപ്രധാനമാണു്. അല്ലാത്തപക്ഷം വിദേശസഞ്ചാരപ്രവാഹം സൗഹൃദത്തേക്കാൾ ശത്രുതയായിരിക്കും ജനിപ്പിക്കുന്നതു്.

വിദേശങ്ങളിലെ താമസവും സഞ്ചാരവും ദുർഘടമായ കാര്യങ്ങളാണു്. അതിവേഗം മനസ്സിലാക്കുന്നതിനുള്ള ആയുധങ്ങൾ കൈവശമില്ലാത്തവർക്കു് അപരിചിതസ്ഥലങ്ങളിൽ കഴിയുന്നതിനുള്ള ആഹ്ലാദം നശിക്കുകയും, അവർ രൂക്ഷവിമർശകരായിത്തീരുകയും ചെയ്യുന്നു. ഈ അബദ്ധത്തിന്റെ മകുടോദാഹരണങ്ങളാണു് അമേരിക്കൻസഞ്ചാരികൾ. വിദേശങ്ങളിൽ ലഭിക്കുന്ന ആഹാരം, കിടക്ക, തീവണ്ടി മുതലായവ അമേരിക്കയിലേതുപോലെയല്ല എന്നുള്ള അവരുടെ പരാതി വിദേശങ്ങളിൽ സുപരിചിതമാണു്. അതു ശരിയുമാണു്! ആ വ്യത്യസ്തതകൾ കണ്ടു പഠിക്കുവാനല്ലെങ്കിൽ അവരെന്തിനു പിന്നെ യാത്രയ്ക്കിറങ്ങി.

എന്നാലും, അതേ അമേരിക്കാക്കാർതന്നെ നാട്ടിൽവച്ചു്,

സ്വരാജ്യത്തെ സംബന്ധിച്ച വിമശ്നങ്ങൾ കേട്ടാൽ ക്ഷിപ്ര വികാരാധീനരാകുന്നു. അവക്ക് സന്ദർശകരെ പ്രിയമാണ്. അവരെ രസിപ്പിക്കുന്നതിലും, അമേരിക്കൻജീവിതത്തിന്റെ സുന്ദരവശങ്ങളേയും സൗകയ്യങ്ങളേയും കാണിച്ചുകൊടുക്കുന്ന തിലും അവക്ക് അതീവ താല്പയ്യമുണ്ട്. പക്ഷേ, വിമർശനങ്ങൾ അവർ വെറുക്കുന്നു. വാസ്തവത്തിൽ അമേരിക്കായെപ്പററി അവിടെയെത്തി വിമർശിക്കുന്ന വൈദേശികരോട് ഒരു മാമൂൽ മറുപടിയാണ് അവക്കുള്ളതു്.

"എന്നാൽപിന്നെ, വന്നേടത്തോട്ടുതന്നെ അവർ തിരികെപ്പോകാത്തതു് എന്തു്?"

ജനങ്ങൾ വിദേശസഞ്ചാരം ചെയ്യുന്നതു സ്വന്തം ഗൃഹമാണ് ഏററവും നല്ലതെന്നു വീണ്ടും വീണ്ടും തങ്ങളെത്തന്നെ ബോദ്ധ്യപ്പെടുത്താൻവേണ്ടിയാണ് എന്ന സംഗതിയെയാണ്, സാംസ്കാരികമായ പരസ്പര തെററിദ്ധാരണയിലുള്ള ഇത്തരം ഉറച്ചുനില്പ് സൂചിപ്പിക്കുന്നതു്. അതിനാൽ പുതിയ ചുററുപാടുകളെ സംബന്ധിച്ച വിമശ്നം പയ്യടനത്തിന്റെ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു ഭാഗം—ഒരുപക്ഷേ, കൂടുതൽ വിജ്ഞാനപ്രദമായ ഭാഗം—തന്നെയാണ്.

കുടുംബവിരഹദുഃഖം അഥവാ അഭയകേന്ദ്രത്തിൽനിന്നും അടിച്ചിറക്കിവിട്ട ഒരു ബോധം, അല്ലെങ്കിൽ ഒരുതരം പരാജയഭീതികൂടിയാണ് വിമർശനം: അതു പരിതഃസ്ഥിതികളുടെമേൽ സന്ദശ്കന്റെ അന്തവ്വികാരങ്ങളെ നീട്ടിക്കാണിക്കുന്നു.

"അമേരിക്കൻ ഭക്ഷണസാധനങ്ങൾ വിരസവും സ്വാദില്ലാത്തതു"മാണെന്നു് ആ സന്ദർശകൻ പറഞ്ഞാൽ അയാൾ വാസ്തവത്തിൽ ഉദ്ദേശിക്കുന്നതു് ഇങ്ങനെയാണ്: "എനിക്ക് ഇന്ത്യൻഭക്ഷണമാണു കൂടുതൽ ഇഷ്ടം. അതുമല്ല, അവിടത്തെ പരിചാരികക്കു് ആദരവു് അശേഷമില്ല. എന്റെ ഈ ശുദ്ധമായ ഉച്ചാരണം മനസ്സിലാക്കുവാൻ അവർ പ്രയാസപ്പെടുന്നു. എങ്കിൽ ഞാൻ ചേരാൻപോകുന്ന സവ്വകലാശാലയിൽനിന്നും കൂടുതൽ മാക്ക നേടി ഞാൻ എങ്ങനെ ജയിക്കും?"

തങ്ങളേയും മററുള്ളവരേയും വ്യക്തികൾ എന്ന നിലക്കു മനസ്സിലാക്കാൻ സാദ്ധ്യതയുണ്ടാക്കി മനുഷ്യരെ ഭയത്തിൽനിന്നും അസ്വസ്ഥതയിൽനിന്നും ഫ്രോയിഡ് മോചിപ്പിച്ചു.

അതുപോലെതന്നെ തങ്ങളെ വിവിധ സംസ്കാരവിഭാഗങ്ങളായി വേർതിരിക്കുന്ന വ്യത്യസ്തതകൾ; ഏകീകരിക്കുന്ന അന്തർലീനമായ മനുഷ്യത്വത്തോളം പ്രാധാന്യമുള്ളതല്ലായെന്നും, വേണ്ട ഇളവുകൾ അവയ്ക്കു നല്കി ആ വ്യത്യസ്തതകളെ സംബന്ധിച്ച ഒരു പഠനം നടത്തിയാൽ അതു മനുഷ്യനെ ഏകയോഗക്ഷേമമായ ഒരു അന്താരാഷ്ട്രീയജീവിതത്തിലേക്കു നയിക്കുമെന്നും, അതിൽ മനുഷ്യർ വിദൂരപ്രദേശങ്ങൾ കൂടെക്കൂടെ സന്ദർശിച്ചുകൊണ്ടിരിക്കുമെന്നും, മനുഷ്യനെ മനസ്സിലാക്കുവാൻ സംസ്കാരബോധത്തിനു് ഇന്നു കഴിവായിട്ടുണ്ടു്.

ഒരു രാഷ്ട്രത്തിൻെറ ജീവിതം അതിൻെറ ചരിത്രം, ഭൂമിശാസ്ത്രം, കാലാവസ്ഥ, ഭാഷ, പൊതുസ്ഥാപനങ്ങൾ, ആചാരമുറകൾ ഇവയെക്കാളെല്ലാം വിപുലമാണു്. ഭാഗികമായി അതൊരജ്ഞാതരഹസ്യമാണു്. എന്തുകൊണ്ടെന്നാൽ സാമൂഹികശാസ്ത്രങ്ങൾ എന്തെല്ലാമൊക്കെ നേടിയിട്ടുണ്ടെങ്കിലും അവയ്ക്കും സമാധാനം പറവാൻ കഴിയാത്ത പ്രശ്നങ്ങളുണ്ടു്. ഒരു ജനവിഭാഗം എന്തിനു് സമത്വവാദികളായി കഴിയുന്നു? ഒരു സംഘം ജനങ്ങൾ അസാമാന്യപൗരുഷം പ്രകടിപ്പിച്ചു മുന്നേറുമ്പോൾ മററൊരുസംഘം വിശ്രമംപൂണ്ടു് മന്ദഗതി തുടരുന്നതെന്തുകൊണ്ടു്? ഇവയ്ക്കു സാധാരണയായി നല്കപ്പെട്ടുന്ന സമാധാനങ്ങളിൽ ഒട്ടുമുക്കാലും അവശ്വസനീയമാംവണ്ണം നിസ്സാരങ്ങളാണു്.

വിവരിക്കുവാൻ വളരെ വിഷമമുള്ളവയിലൊന്നാണു് അമേരിക്കൻസംസ്കാരം. എന്തുകൊണ്ടെന്നാൽ, അതിൻെറ മൂലം പലതാണു്; ഉത്ഭവസ്ഥാനങ്ങൾ വളരെയാണു്; പോഷകനദികളും അനവധിയുണ്ടു്. അതൊരു നാടകമല്ല; വിവിധ കലാപരിപാടിയാണു്. നമ്മളുടെ പ്രത്യേകമായ വിനോദരീതിയുമതാണല്ലോ. എല്ലാത്തിൻേറയും അല്പസ്വല്പം—അവയെ ഊക്കോട്ടും ചുണയോട്ടും ഉള്ള കൂട്ടിക്കലർത്തൽ; ആ രീതിയാണു് നമ്മൾക്കിഷ്ടം.

KOTTAYAM PUBLIC LIBRARY
KOTTAYAM

# അദ്ധ്യായം രണ്ടു്

## നാടുകാണ്മാൻ

കടൽപ്പരപ്പിന്റെ വക്കത്തുനിന്നു സൂര്യനുദിച്ചു പാറക്കെട്ടുകളോടുകൂടിയ തീരപ്രദേശത്തും തീരത്തിനടുത്തുള്ള മെയിൻ ദ്വീപുകളിലും വെളിച്ചം പരത്തുമ്പോളും കാലിഫോർണിയയിൽ ഇരുട്ടുതന്നെയാണു്; മൂന്നു മണിക്കൂർകൂടികഴിഞ്ഞേ അവിടെ പുലർച്ചയാകൂ. ആ രണ്ടു മഹാസമുദ്രങ്ങൾക്കിടയിൽ അടുത്തകാലംവരെ ശൂന്യതയാർന്നു് ഒരു മഹാഭൂഖണ്ഡം കിടന്നിരുന്നതു് ഇന്നു് ഒരു രാഷ്ട്രമെന്നും ഒരു ജനതയെന്നും തന്നെത്താൻ അഭിമാനിക്കുന്നവരായി ലോകത്തിന്റെ വിവിധഭാഗങ്ങളിൽനിന്നും എത്തിച്ചേർന്നിട്ടുള്ള ജനങ്ങളുടെ വാസദേശമാണു്.

വളരെക്കാര്യങ്ങൾ അവരെ വേർതിരിക്കുന്നുണ്ടു്—മതം, ഭാഷ, നിറം, തൊഴിൽ, പാരമ്പര്യം, കാലാവസ്ഥ, സ്വഭാവം മുതലായവ. ന്യൂ ഇംഗ്ലണ്ടിലെ ജനായത്തഭരണഘടനകൾ ഇപ്പോഴും തനതുകാര്യങ്ങൾ മുന്നൂറു കൊല്ലങ്ങൾക്കു മുമ്പു ചെയ്തുവന്നിരുന്നതുപോലെതന്നെ തുടരുന്നു. പട്ടണത്തിലെ വാർഷികസഭയിൽ സമ്മതിദായകന്മാർ ആവശ്യപ്പെടുന്നപ്രകാരം നഗരകൃത്യങ്ങൾ ശമ്പളം പററാതെയോ, പററിയെങ്കിൽത്തന്നെ ഏററവും കുറഞ്ഞ സംഖ്യയ്ക്കോ ചുമതലപ്പെട്ടു നിർവ്വഹിക്കാമെന്നു് ഏല്ക്കുന്നവരെ തങ്ങളിൽനിന്നുതന്നെ അവർ തിരഞ്ഞെടുക്കുന്നു. എന്നാൽ യൂറോപ്പിന്റെ വിവിധഭാഗങ്ങളിൽനിന്നും തള്ളിക്കേറിയിട്ടുള്ള തൊഴിലാളികൾമൂലം, ഗ്രാമങ്ങളിൽ കേട്ടുകേഴ്വിപോലുമില്ലാത്ത പ്രശ്നങ്ങളും പിരിമുറുക്കങ്ങളും സൃഷ്ടിക്കപ്പെടുന്ന വ്യവസായനഗരങ്ങൾ, അവിടെനിന്നും ഒരു നാഴിക യാത്രാദൂരത്തിൽത്തന്നെ കിടക്കുന്നു.

ന്യൂയോർക്കിലെ ഒരു മദ്യശാലയിലിരുന്നുള്ള നിരീക്ഷണം നടത്തിയിട്ടുള്ളവർ മാത്രമാണു് അമേരിക്കൻജീവിതം ഏകരൂപമാണെന്നു പറയുന്നവർ. അമേരിക്കൻ ഐക്യനാടുകളെപ്പററി അറിവാൻ ഒററ മാർഗ്ഗമേയുള്ളു: അതു് അമേരിക്കയിൽ

നെട്ടനീളെ സഞ്ചരിക്കുകയാണു്. പക്ഷേ, ആ യാത്ര വിമാനത്തിലോ തീവണ്ടിയിലോ അല്ലാ വേണ്ടതു്. ഒരു മോട്ടോർ കാറിൽ സാവധാനമായിട്ടായിരിക്കണം.

ന്യൂ ഇംഗ്ലണ്ടിൽനിന്നു തുടങ്ങാം. അവിടെ ഏതാനും രാജവീഥികളുണ്ടെങ്കിലും ഒരു പട്ടണം കടപ്പാൻ നാലഞ്ചുനാഴിക ഇടവിട്ടിടവിട്ട നിങ്ങളുടെ ഗതിവേഗം കുറയ്ക്കേണ്ടിവരും; കാരണമുണ്ടു്. അവിടങ്ങളിലെ തെരുവുകൾ തിങ്ങിവിങ്ങുന്ന ഗതാഗതത്തിനുവേണ്ടി നിർമ്മിച്ചവയല്ല. ഒരു പട്ടണത്തിൻെറ ഏററവും ദുർഭഗമായ ഭാഗങ്ങൾ സാധാരണയായി രാജവീഥിയിൽനിന്നു കാണാം എന്നതാണു് നിർഭാഗ്യകരം. കാറ്റാടിയന്ത്രങ്ങൾകൊണ്ടു ധാന്യംപൊടിക്കുന്ന വീടുകൾ വീഞ്ഞപ്പെട്ടികൾ അടുക്കി നിരത്തിയിരിക്കുന്നപോലെ കാണാം. പൗരാണികമന്ദിരങ്ങൾ ചുരുങ്ങിയ വാടകവീടുകളായി രൂപാന്തരപ്പെടുത്തിയിരിക്കുന്നതും, പിൻഭാഗത്തുള്ള കല്ലും മരവും ഇടിഞ്ഞുപൊളിഞ്ഞു വികൃതമായ പീടികകൾ പ്രധാന തെരുവിൽ നിറഞ്ഞു കിടക്കുന്നതും നിങ്ങൾക്കു കാണാം. അതിനിടയിൽ ആധുനികരീതിയിലുള്ള ഒരു ഭവനപരിഷ്കരണസമാരംഭവും കാണ്മാൻ നിങ്ങൾക്കു സാധിച്ചേക്കാം. യുദ്ധാനന്തരകാലഘട്ടം മുതൽ അമേരിക്ക ഒരു ഭവനനിർമ്മാണപരിപാടിയിൽ പ്രവേശിച്ചിരിക്കയാണു്. തന്മൂലം നാടിൻെറ പ്രകൃതമേ ആകെ മാറിയിട്ടുണ്ടു്. ഈ പുതുഭവനങ്ങൾ കാലത്തിന്റെ രീതികൾ പ്രകടിപ്പിക്കുന്നു. അവ ഒഴുക്കൻമട്ടിലുള്ളവയും ആഭാടം കുറഞ്ഞവയുമാണു്. അവയുടെ വിസ്തൃതമായ ജനാലകൾ സൗഹൃദം തുളുമ്പിച്ചു തുറന്നുകിടക്കുന്നു. നേർകോണുകൾക്കു പകരം സാധാരണയായി വളഞ്ഞുപുളഞ്ഞുള്ള തെരുവുകളിൽ ആ ഭവനങ്ങൾ തൊട്ടുതൊട്ടു നിലകൊള്ളുന്നു.

അതിനടുത്തു് എവിടെയെങ്കിലും ഒരു വലിയ ചന്തയോടുകൂടിയ ഏതെങ്കിലും പുതിയ അങ്ങാടിയുണ്ടാകും. തൻെറ കുട്ടിയെക്കൂടി ഇരുത്തുവാൻ സൗകര്യപ്പെട്ട ഒരു വണ്ടിയും പിടിച്ചു് ഒരു വീട്ടുകാരി, ഭക്ഷണസാധനങ്ങൾ വൃത്തിയായി കെട്ടിവെച്ചിട്ടുള്ള കൂടുകൾ നിരനിരയായി പ്രദർശിപ്പിക്കുന്ന നീണ്ട ഇടനാഴിയിൽക്കൂടി ചുററിനടക്കുന്നു. പണം അടയ്ക്കേണ്ടിടത്തു് ഒരു ഗുമസ്തൻ അവളുടെ കണക്കു തിട്ടപ്പെടുത്തി

വരവുവക്കും. മററൊരാൾ, സഹായം ആവശ്യമെങ്കിൽ അവൾ വാങ്ങിയ കെട്ടുകൾ വണ്ടിയിലാക്കിക്കൊടുക്കും. പക്ഷേ, അവൾക്കു സഹായമാവശ്യമില്ല. അവനവന്നു പ്രാപ്തിയുള്ളപക്ഷം ആളെക്കൂട്ടുന്നതു് ഏററവും വലിയ നഷ്ടമാണു്. എങ്കിലും സേവനവ്യാപാരം നടത്തുന്ന അമേരിക്കാക്കാർ ഇന്നു മുന്നേതിലേറെ വദ്ധിച്ചിട്ടുണ്ടു്.

ന്യൂ ഇംഗ്ലണ്ടു കടന്നു ന്യൂയോക്കിലെത്തുന്ന യാത്രക്കാരൻ ചെന്നുപെടുന്നതു കുന്നിൻപ്രദേശങ്ങളിൽക്കൂടി നൂറു മൈലോളം നീണ്ടുകിടക്കുന്ന ഒരു ദീർഘപാതയിലാണു്. ആ വഴിയിലെങ്ങും നിത്തുകളോ, നിയന്ത്രണദീപങ്ങളോ, ഭാരവണ്ടികളോ ഇല്ല. വാരാന്ത്യവേളകളിലോ തിരക്കേറുന്ന ചില പ്രത്യേക സമയങ്ങളിലോ അല്ലാത്തപക്ഷം, ന്യൂയോക്കിൽക്കൂടിത്തന്നെ കടന്നുപോകുന്നതിനോ, നിത്തുകളോ താമസമോ കൂടാതെ ന്യൂജർസി വഴിത്തിരിവുവരെ പടിഞ്ഞാട്ടു കടക്കുന്നതിനോ വിഷമമില്ലാത്തവിധം അവിടെ ഗതാഗതം മന്ദഗതിയിലാണു്. അവിടെനിന്നും പെൻസിൽവേനിയാവഴിത്തിരിവിലേക്കു് ഒന്നു വെട്ടിച്ചാൽ നിങ്ങൾ ഓഹിയോ അതിത്തിവരെ ചെന്നെത്തും. ഈ റോഡുകൾ അതിവേഗസഞ്ചാരത്തിന് ഉപയുക്തമാകുംവണ്ണം അത്ര ഭംഗിയായി നിമ്മിച്ചിട്ടുള്ളതാണു്. അതു കടന്നുപോകുന്ന പ്രദേശങ്ങൾ വൃത്തിയും വെടിപ്പും ഉള്ളവയും, അമേരിക്കൻപ്രകൃതിദൃശ്യങ്ങളെ മലിനമാക്കുന്ന പരസ്യപ്പലകകൾ ഇല്ലാത്തവയുമാണു്.

ചൂണ്ടുപലകകൾ ഒരനുഗ്രഹംതന്നെയെങ്കിലും യാത്രയുടെ പ്രയാസം കുറയ്ക്കുന്നതു് അവ മാത്രമല്ല. വഴിയരികിലുള്ള ഓരോ പെട്രോൾസങ്കേതവും നിങ്ങൾക്കാവശ്യമുള്ള പ്രദേശങ്ങളുടെ ഒന്നാന്തരം ഭൂപടങ്ങൾ ധാരാളം നല്കുവാൻ സന്നദ്ധമാണു്. പാതകൾക്കു് നമ്പരുകൾ കൊടുത്തിട്ടുള്ളതിനാൽ ആ പടത്തിൽ നോക്കി ഏതെങ്കിലും നമ്പർവഴിയേ യാത്രചെയ്യുക വളരെ എളുപ്പമാണു്. നിങ്ങൾക്കു യാത്രസംബന്ധിച്ച ഉപദേശങ്ങളോ വിവരണങ്ങളോ കാലേക്കൂട്ടി ആവശ്യമുണ്ടെങ്കിൽ ഏതെങ്കിലും ഒരു എണ്ണക്കമ്പനിക്കു് ഒരു കത്തയച്ചാൽ സൗജന്യമായി അവ ലഭിക്കുന്നതുമാണു്.

വണ്ടി പടിഞ്ഞാട്ടു് ഓടിക്കൊണ്ടിരിക്കവേ ഭൂപ്രകൃതി

മാത്രമല്ല മണ്ണിന്റെ നിറംപോലും മാറിമാറിവരുന്നു. ന്യൂജർസിയിൽ അതു് മഞ്ഞനിറമുള്ള തരിമണലാണു്. പെൻസിൽവേനിയയിൽ അതു ചുവന്നതും ഓഹിയോവിൽ തവിട്ടുനിറം കലർന്നതും ഇലിനോയ്സിൽ തികച്ചും കറുത്തതുമാണു്. മണ്ണിൻെറ വ്യത്യാസംപോലെതന്നെ ഉപയോഗരീതികളും അതാതിടങ്ങളിൽ പണിയുന്ന കെട്ടിടങ്ങളുടെ സമ്പ്രദായങ്ങളും വ്യത്യസ്തങ്ങളാണു്. മുകൾഭാഗം ഭംഗിയുള്ള അർദ്ധവൃത്തങ്ങളാക്കി, പച്ചച്ചായം പൂശിയ വാതിലുകൾവെച്ച വെളുത്ത കളപ്പുരകൾ ആണു് പെൻസിൽവേനിയയിൽ ഉള്ളതു്. ഇതു് പടിഞ്ഞാട്ടുപോകുംതോറും കൂർത്ത ഗോപുരങ്ങളോടുകൂടിയ ധാന്യ അറകളായിപ്പരിണമിക്കുന്നു.

പോകുന്ന വഴിയിലെല്ലാം വാണിഭശാലകൾ കാണും. മഴകഴിഞ്ഞുള്ള കൂണുകൾപോലെ പ്രധാന പാതകളിൽ നീളെ സഞ്ചാരികളെ ആകർഷിക്കുവാനുള്ള മത്സരത്തിൽ അവ പ്രതിദിനം വളർന്നു വികസിക്കുന്നു. പശ്ചിമദേശങ്ങളിൽ വിലക്കുറവിലും ഗുണക്കൂടുതലിലും അവ സർവ്വസാധനങ്ങളും സംഭരിച്ചിട്ടുണ്ടു്. പരവതാനികളോ, സൗജന്യ ടെലിവിഷനുകളോ, ദിനപ്പത്രങ്ങളോ, ഐസുകട്ടകളോ, തനിയെ ചൂടാക്കുന്ന യന്ത്രങ്ങളോ എന്തുവേണമെങ്കിലും അവിടെയുണ്ടാകും. പുതിയ ഗൃഹോപകരണങ്ങൾ, വൃത്തിയുള്ള വേണ്ടുവോളം ലിനൻ തുണികൾ, ചൂടുവെള്ളം മുതലായവയെല്ലാം ഉണ്ടെന്നു പറയേണ്ടതില്ലല്ലോ.

പൂർവ്വദേശങ്ങളിലെ ജനബഹുലമായ നഗരങ്ങൾ അവയ്ക്കപ്പുറം കിടക്കുന്ന ഭൂഖണ്ഡവുമായി നോക്കുമ്പോൾ വെറുമൊരു അതിരുവേലിയോ, വിഭജനഭിത്തിയോ, കൺപോളയോ മാത്രമേ ആകുകയുള്ളൂ. നിങ്ങൾ പടിഞ്ഞാട്ടു പോകുംതോറും അവയും ക്രമേണ ചെറുതായിത്തീരുന്നു. നഗരങ്ങളെ നിസ്സാരങ്ങളാക്കുന്ന ഒരു ഭൂഖണ്ഡമാണിതെന്നതാണതിനു കാരണം. നാഴികകൾ പിന്നിട്ടു് വണ്ടി മുന്നോട്ടു പായുംതോറും ഭൂമുഖവും മാറിമാറി വരുന്നു. കാഴ്ചയ്ക്കു് ഒരു ഭംഗിയുമില്ലാതെ ഏററവും പരന്നുകിടക്കുന്ന സമതലപ്രദേശമെന്നു കേൾവികേട്ട കാൻസാസ് പ്രദേശംപോലും വൈവിധ്യം നിറഞ്ഞതാണു്. അവിടെയുള്ള ഫലഭൂയിഷ്ഠമായ കറുത്ത വയലുകളിൽ

ശീതകാലമാണെങ്കിലും മരതകവർണ്ണം കലൻ ഗോതമ്പുചെടികൾ തഴച്ചുമുററി വളരുന്നു. അവിടെ മിസിസിപ്പിക്കപ്പുറത്തു് ചക്രവാളംവരെ ഭൂമി പരന്നു നീണ്ടുകിടക്കുന്നു; കഷ്ടിച്ചു് രണ്ടോ മൂന്നോ വീട്ടുകൾമാത്രമേ ദൃഷ്ടിയിൽ പെടാനുള്ളൂ. പരത്തിക്കെട്ടിയ പീടികമുഖപ്പുകളോടും, പെട്ടകംപോലുള്ള വീട്ടുകളോടും, പള്ളിയെട്ടപ്പുകളേക്കാൾ പൊന്തിനില്ക്കുന്ന ധാന്യപ്പുരകളോടും കൂടിയ പട്ടണങ്ങൾ നിങ്ങൾ അവിടെയെത്തി അടുത്തുനോക്കുമ്പോൾ അനാകർഷകവും ബീഭത്സവുമായി ത്തോന്നും.

ന്യൂമെക്സിക്കോയിൽ പൊങ്ങിയുയരുന്ന ധൂളിപടലംനോക്കി ഒരു നദി കണ്ടുപിടിക്കാൻ നിങ്ങൾക്കു് ഒരു വിഷമവുമില്ല. ആ നദി വെള്ളം കണ്ണികണ്ടിട്ടു് മാസങ്ങൾ പലതു കഴിഞ്ഞിരിക്കും. കാററു്, ഉണങ്ങിപ്പറിഞ്ഞ പാഴ്ച്ചെടികളെ ചുരുട്ടിക്കൂട്ടി റോഡ്വനീളെ പന്തുപോലെ ഉരുട്ടുന്നു. ഉഴവു കഴിഞ്ഞ കൃഷിഭൂമികളും പിന്നിട്ടാൽ അങ്ങിങ്ങായി മുരടിച്ചു വളരുന്ന മരങ്ങളോടുകൂടിയ ചെമ്മണ്ണിൻനിറംപൂണ്ട പരുക്കൻ കുന്നുകളാണു് ദൃഷ്ടിയിൽ പെടുന്നതു്. വഴിയരികിലുള്ള വരണ്ട ഭൂമിയിൽ ഒരുതരം കാട്ടുതുത്താവൊഴിയെ മറെറാരു സസ്യവും കാണാനില്ല. അവപോലും ചൈതന്യരഹിതങ്ങളാണു്.

അറിസോണായിലെ ചിതറിക്കിടക്കുന്ന പാറക്കൂട്ടങ്ങളും, മതിൽക്കെട്ടുകൾപോലെ കട്ടത്തുക്കായ ശൈലങ്ങളും, ദിവസംപ്രതി ദ്രവിച്ചുകൊണ്ടിരിക്കുന്ന ശിലാസ്തംഭങ്ങളും ഒരു ശൂന്യനഗരത്തിൻെറ പ്രതീതി ആ പ്രദേശത്തിനു നല്കുന്നുണ്ടു്. അവിടെ ഒരു കള്ളിമരംപോലും കാണാൻ കിട്ടുകയില്ല.

ഉയൎന്ന പീഠഭൂമികളിലും അഗാധമായ മലയിടുക്കുകളിലും മരങ്ങൾ തഴച്ചുവളൎന്നുനില്ക്കുന്നതു നമുക്കു കാണാം. അവിടെ ഒരു ചെറിയ മലയിടുക്കിൽ ലോകത്തിലെ ആറു വിഭിന്ന കാലാവസ്ഥകളിൽ വളരാറുള്ള ചെടികളിൽ അഞ്ചിനവും തൊട്ടുതൊട്ടു വളരുന്നു. അവിടെനിന്നു് ഒരടി അപ്പുറം കടന്നാൽ ഉത്തരകാലാവസ്ഥയിലെ പച്ചിലച്ചാത്തു മാറി വരണ്ട മണലാരണ്യത്തിലെ കള്ളിച്ചെടികളും യൂക്കാച്ചെടികളുമായി.

ഇതാണ് മേച്ചിൽപ്രദേശം. കന്നുകാലികൾ പൊതുനിരത്തിലിറങ്ങാതിരിക്കാൻ കമ്പിവേലികൾ കെട്ടിത്തിരിച്ചിട്ടുണ്ട്.

ഈ പ്രദേശത്തു്, പകൽസമയം ഒരു മേഘശകലംപോലും ആകാശത്തുണ്ടായിരിക്കയില്ല. വൈകുംവരെ ഇടതടവില്ലാത്ത കൊട്ടുംവെയിലാണിവിടെ. പച്ചപിടിച്ച എന്തെങ്കിലുമൊന്നു കടിപ്പാനായി ഉണങ്ങിയ കുററിക്കാട്ടുമുഴവൻ കന്നുകാലികൾ തിരഞ്ഞുനടക്കും.

മനോഹരമായ കാഴ്ചകളുള്ള പ്രദേശവും ഇതുതന്നെയാണ്. 'ഗ്രാൻറ് കന്യൻ' എന്നറിയപ്പെടുന്ന മലയിടുക്കിൻെറ കാഴ്ച മാത്രംകൊണ്ടു് ഈ യാത്ര സാഫല്യമുള്ളതെന്നു് ബോധ്യമാകും. പ്രാചീനമാതൃകയിൽത്തന്നെ ഇന്നും ജീവിച്ചുവരുന്ന ഒററതിരിഞ്ഞ ഇൻഡ്യൻഗ്രാമങ്ങൾ ഒന്നാന്തരം കാഴ്ചയാണ്. പട്ടണവീഥികളിൽ വെള്ളക്കാരേക്കാൾ കൂട്ടതലായിക്കാണുന്നതു് ഇൻഡ്യാക്കാരെയാണ്. നിറപ്പകിട്ടുള്ള പാവാടയും മേലുട്ടപ്പുമണിഞ്ഞ സ്ത്രീകളും, പാരമ്പര്യരീതിയിൽ മുടിവെട്ടി ചായത്തുണികൊണ്ടു് വട്ടക്കെട്ടുകെട്ടിയ പുരുഷന്മാരുമാണവിടെ അധികവും. വഴിയരികിലെ ഇന്ധനശാലകളധികവും പലചരക്കുകടകളായി മാറിയിട്ടുണ്ട്. വിരിപ്പുകൾ, കമ്പിളിത്തുണികൾ, ആഭരണങ്ങൾ, മാൻതോലുകൾ മുതലായ ഇൻഡ്യൻചരക്കുകൾ വില്ക്കുന്നതിലാണ് അവക്ക് കൂട്ടതൽ ശ്രദ്ധ.

നീണ്ടുപരന്നുകിടക്കുന്ന പ്രദേശമാണിതെന്ന തോന്നൽ വെറും മിഥ്യയാണ്. വാസ്തവത്തിൽ മിസിസിപ്പി മുതൽ ഭൂതലം ക്രമേണ ഉയൻ്നുയൻ്നാണു കിടക്കുന്നതു്. ന്യൂ മെക്സിക്കോയിലും അറിസോണായിലും നിങ്ങൾ നില്ക്കുന്നതു് സമുദ്രനിരപ്പിൽനിന്നു് ഒരു മൈൽ ഉയരത്തിലാണ്. ഗ്രാൻറ് കന്യനിൽ നിങ്ങൾ സമുദ്രനിരപ്പിനു് ഏഴായിരം അടി മുകളിലാണ്.

എഴുപതുമൈൽ വേഗത്തിൽ ഓടിച്ചുപോയാലും നിങ്ങളുത്ഭുതപ്പെട്ടും, ഈ നീണ്ടുനീണ്ടു പോകുന്ന ശൂന്യപ്രദേശത്തിനൊരവസാനമില്ലേ എന്നു്. ഈ വിസ്തൃത പീഠപ്രദേശത്തിൽ മാനുഷികയത്നലക്ഷ്യങ്ങളൊന്നും ഇന്നുവരെ ഉണ്ടായിട്ടില്ല. കാർ ഓടിക്കുവാൻ രണ്ടുപേരുണ്ടെങ്കിൽ എട്ടുപത്തു

45596 45596
ദിവസംകൊണ്ടു് ആ പ്രദേശം കുറുകെക്കടക്കുന്നതു് എളുപ്പമാണ്. അതിൽക്കുറഞ്ഞാൽ അതൊരു കഠിനയത്നമാണ്. ആ യാത്രയ്ക്കു് സ്ഥലംകാണാനുള്ള യാത്രക്കൂടി കൂട്ടിയാൽ ഏതാണ്ടു് ഇരുനൂറു ഗ്യാലൺ പെട്രോൾ വേണം. പലകുറി യന്ത്രത്തിനു് എണ്ണ ഇടേണ്ടിവരും. മുൻവശത്തെ കണ്ണാടി നിൎത്തുന്ന താവളങ്ങളിലെല്ലാം തുടച്ചു വൃത്തിയാക്കണം. എഴുപതു മൈൽ വേഗത്തിൽ പായുന്ന വണ്ടിയുടെ കണ്ണാടി അനേകായിരം ചെറുപ്രാണികളുടേയും ഈച്ചകളുടേയും മരണക്കെണിയാണ്. ആ മൂവ്വായിരം മൈൽ യാത്ര പിഴയോ പിശകോ കൂടാതെ നിങ്ങളുടെ വണ്ടി നിൎവ്വഹിക്കുമെന്നാണു പ്രതീക്ഷ: യന്ത്രവിഷയകമായ പൂൎണ്ണത അമേരിക്കക്കാർ സിദ്ധവത്കൃതമായ ഒരു തത്വമായിക്കരുതുന്നു.

ഒരു മോട്ടോർകാറില്ലാത്ത അമേരിക്കാക്കാരന്റെ നിലയെന്തു്? അതാണവന്റെ കുതിരയും കോപ്പും. അതുകൊണ്ടവൻ അൎത്തുറിയൻ വനാന്തരങ്ങളും വിദൂരദേശങ്ങളും ജയിക്കും. അതിന്റെ ഇരമ്പലും മൂളിച്ചയുമാണ് അവന്റെ കവിത. കിരാതനു് പളുങ്കും കണ്ണാടിയും പോലെയാണ് അവനു് അതിന്റെ നിറപ്പകിട്ടും പളുപളുപ്പും. പ്രകാശത്തോടും ഭംഗിയോടും അവനുള്ള കൗതുകത്തെയാണ് ആ വാഹനം പ്രദൎശിപ്പിക്കുന്നതു്. അവന്റെ സൗഭാഗ്യത്തിന്റെ മുദ്രയാണതു്. അതുമൂലമാണ് സ്ത്രീകളെ മയക്കി അവൻ തന്റെ കളത്രത്തെ നേടുന്നതു്. മേലധികാരി തട്ടിക്കേറുകയോ ഭാൎയ്യ അസഹ്യപ്പെടുത്തുകയോ ചെയ്യുമ്പോൾ അവന്റെ കരുത്തും കവചവും ആ വാഹനമാണ്. നൂറു കുതിരകളുടെ ശക്തി അവന്റെ വലത്തുകാലിന്നടിയിൽ അക്ഷമയോടെ കാത്തുനില്ക്കുന്നുണ്ടെന്നും, ഏതു തിരക്കുപിടിച്ച ഗതാഗതമദ്ധ്യത്തിലൂടെയും അല്പസമയത്തിനുള്ളിൽ ഭാൎയ്യമാരിൽനിന്നും മുതലാളിമാരിൽനിന്നും അതിദൂരത്തിൽ എത്തത്തക്ക വിരുതു് തനിക്കുണ്ടെന്നും ഉള്ള ആത്മവിശ്വാസത്തിന്റെ ലക്ഷ്യമാണ് അവന്റെ കുതിര.

പടിഞ്ഞാട്ടു യാത്രചെയ്യു എന്നുവച്ചാൽ അമേരിക്കാ ആവൎത്തിക്ക എന്നതാണ്. എന്തെന്നോ? അമേരിക്കാക്കാർ എന്നുമെന്നും പടിഞ്ഞാട്ടു നീങ്ങുന്നവരായിരുന്നു. പടിഞ്ഞാട്ടു

പോവുക എന്നതു നമ്മുടെ പൂർവ്വികർ തുടങ്ങിവച്ചതു തുടരലാണു്.

വിജ്ഞാനമണ്ഡലത്തിലെ ഓരോ വിഷയത്തേയും പറ്റിയുള്ള പഠിത്തവുമാണതു്. മണ്ണു്, നദികൾ, സമതലങ്ങൾ, വിഭിന്ന പർവ്വതനിരകൾ ഇവയെല്ലാംതന്നെ ഭൂമിശാസ്ത്രം ഭൂഗർഭശാസ്ത്രം എന്നിവ നമ്മെ പഠിപ്പിക്കുന്നു. മാൻ, ശ്ലാവു്, കാട്ടുപോത്തു്, മുയൽ, കാട്ടുനായ് മുതലായവയെ ധാരാളമായി അതതു പ്രദേശത്തു കണ്ടെത്താം. യൂറോപ്പിലെ മിക്കവാറും എല്ലാ രാജ്യങ്ങളിലേയും, അതുപോലെതന്നെ മെക്സിക്കോ, ഇൻഡ്യാ, ജപ്പാൻ ഇവിടങ്ങളിലേയും ആളുകളെ വഴിയിലെവിടെയെങ്കിലും കണ്ടെത്തുക സാധാരണമാണു്. ശീതോഷ്ണാവസ്ഥതന്നെ മാറിപ്പോകുന്നു. കിഴക്കൻനാട്ടിലെ അവിശ്വസനീയമായ മേഘാന്തരീക്ഷം മറഞ്ഞു പടിഞ്ഞാറൻപ്രദേശത്തെ മഴയില്ലാത്ത ശുഭ്രാന്തരീക്ഷത്തിൽ നിങ്ങൾ എത്തിയിരിക്കുന്നു. നദികളുടെ ഗതിസമ്പ്രദായങ്ങൾ, ഭൂവിഭവങ്ങളും മനുഷ്യനുമായുള്ള ബന്ധങ്ങൾ, വ്യവസായസ്ഥാപനം, കൻസാസ് സമതലങ്ങളിൽ പെട്ടെന്നു പ്രത്യക്ഷപ്പെടുന്ന എണ്ണഖനികൾ, ഇവയും മററു് ആയിരം സംഗതികളും വിജ്ഞാനദായകങ്ങളാണു്.

വിജനപ്രദേശങ്ങളിൽ മനുഷ്യനു് എന്തുചെയ്യാൻ കഴിയുമെന്നുള്ളതിൻെറ മകുടോദാഹരണങ്ങളാണു് അടുത്തു നാം കാണുന്നതു്. അറിസോണായുടെ വടക്കുപടിഞ്ഞാറൻ മൂലയിൽ, നീണ്ടുകിടക്കുന്ന ആ വിസ്തൃതതലത്തിൽ അടുക്കും ചിട്ടയുമില്ലാതെ ചിതറിക്കിടക്കുന്ന പാറക്കുന്നുകളുടെ ഇടയിലൂടെയാണു വളഞ്ഞുപുളഞ്ഞു റോഡു പോകുന്നതു്. പെട്ടെന്നു് ഒരിറക്കമായി. ഒരു വളവു തിരിയുന്നതോടെ ഉഗ്രാകാരമായ ഹൂവർ അണക്കെട്ടു് നിങ്ങളുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നു. ഗ്രാൻറ് കന്യൻ വരെയുള്ള ജലപ്പരപ്പിനെ അതവിടെ കെട്ടിനിർത്തിയിരിക്കയാണു്. ഈ വരണ്ട ഭൂമിയിൽ ശരത്കാലത്തുണ്ടാകാറുള്ള ജലപ്രളയത്തെ ഈ അണക്കെട്ടു തടുത്തുനിർത്തുന്നു. അമൂല്യമായ ജലം മരുഭൂമികൾക്കു ദാനംചെയ്തു് അവിടമെല്ലാം കുസുമാലംകൃതമാക്കുന്നുണ്ടു് ആ മനുഷ്യയത്നം. എഴുപത്തഞ്ചുലക്ഷം ജനങ്ങൾക്കു് ആവശ്യമായ വിദ്യുച്ഛക്തി

അവിടെനിന്നും ഉല്പാദിപ്പിക്കുന്നു. അണക്കെട്ടിൽക്കൂടിയുള്ള ജലനിർഗ്ഗമനനിയന്ത്രണത്താൽ അതിൻെറ അടിയോരങ്ങളിലുള്ള പ്രവാഹത്തിൽ ചെറുതരം അണക്കെട്ടുകൾ പണിയുന്നതിനും, അവമൂഖേന കൂടുതൽ വിദ്യുച്ഛക്തി ഉല്പാദിപ്പിക്കുന്നതിനും, ജലം ശുദ്ധീകരിക്കുന്നതിനും, കാർഷികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനും സാദ്ധ്യമായിത്തീരുന്നുണ്ട്.

ഹൂവർ അണക്കെട്ടിൽനിന്നും നെവാദയിലെ ലാസ്വെഗാസിലേക്കു് ഇരുപത്തഞ്ചുനാഴിക മാത്രമേയുള്ളൂ. പക്ഷേ, ആ ദൂരത്തിനിടയിൽ ജനകീയഭരണത്തിൻെറ പൂർണ്ണചിത്രം നിങ്ങൾക്കു കാണാം. ഫെഡറൽ ഗവമ്മെണ്ടു് പ്രാദേശിക ഗവമ്മെണ്ടിൻെറ സഹകരണത്തോടെ ജനക്ഷേമകരമായി നിർവ്വഹിക്കുന്ന ഉൽകൃഷ്ടപദ്ധതികൾ ഒരുഭാഗത്തു്; വെട്ടിത്തിളങ്ങുന്ന ദീപങ്ങളാലും ആരവംപൂണ്ട വിനോദശാലകളാലും, നാട്യരംഗങ്ങളാലും, മദ്യപ്രവാഹത്താലും ആഭാസകരവും അരുചികരവുമായ ആകർഷണങ്ങൾ സംയോജിപ്പിച്ചു്, ജനക്കൂട്ടങ്ങളെ ചൂതാട്ടത്തിനു പ്രേരിപ്പിച്ചു നയിച്ചും, അത്തരം അധാർമ്മികപ്രവർത്തനങ്ങളെ കൂടുതൽ കൂടുതൽ ആഭാസത്തിൽ മറയ്ക്കുവാൻ ശ്രമിച്ചും വരുന്ന പട്ടണങ്ങൾ വേറൊരിടത്തു്.

ലാസ്വെഗാസിൽനിന്നും കാലിഫോർണിയയിലേക്കു ദൂരമധികമില്ല. ഭൂഖണ്ഡത്തിൻെറ സിംഹഭാഗവും നാം പിന്നിട്ടു കഴിഞ്ഞുവെങ്കിലും നാം പ്രതീക്ഷിച്ച സ്വർഗ്ഗരാജ്യത്തിലായിട്ടില്ല. എന്തെന്നാൽ കിഴക്കൻ കാലിഫോർണിയ, അരിസോണയോ നെവേദയോ പോലെയാണു്. തരുശൂന്യമായ പരുപരുത്ത പർവ്വതങ്ങളും, ചാരനിറം പൂണ്ട വരണ്ട ഭൂമിയിൽ വളർന്നുനില്ക്കുന്ന കള്ളിമുൾച്ചെടികളും, കാട്ടുതുളസിയും, മുരടിച്ചു വളരുന്ന ജൂനിപ്പർമരങ്ങളും അവിടെയും കാണാം.

ആ മരുപ്രദേശത്തിൻെറ അവസാനം സാൻ ബർണാർഡിനോയാണു്. ചാരപ്പച്ചപൂണ്ട വരട്ടുചെടികൾക്കു പകരം പനകളും മധുരനാരകത്തോട്ടങ്ങളും അവിടെക്കാണാം. കടും പച്ചയായ ജൂനിപ്പർമരങ്ങൾക്കു പകരം തഴച്ചുവളരുന്ന ജോഷ്വാമരങ്ങളാണവിടെ. വെളിമ്പ്രദേശത്തിന്റെ സ്ഥാനം കൃഷിഭൂമികൾ കൈവശപ്പെട്ടുത്തിയിട്ടുണ്ടു്. വീണ്ടും പ്രകൃതി മരതകമണിഞ്ഞു വിലസുന്നു.

ശൂന്യഭൂമികൾ നാം പിന്നിട്ടുകഴിഞ്ഞു. പ്രകൃതി പ്രശോഭിക്കുന്നിടത്തു് മനുഷ്യൻ തിക്കിക്കയറുന്നു. ഗതാഗതം നാലു നേർപ്പാതകളിൽക്കൂടി തുടരെ ഒഴുകുന്നു. തുടരെത്തുടരെ പട്ടണങ്ങളുണ്ടവിടെ. ഒരു നാരകത്തോട്ടവും വഴിച്ചന്തയും ഒന്നിനെ മറെറാന്നിൽനിന്നും വേർതിരിക്കുന്നു. പരുപരുത്ത പാറക്കെട്ടുകളോടുകൂടിയ പർവ്വതം ഉയർന്നുകാണാമെങ്കിലും, താഴ്വരകൾ ബൈബിൾ ഭാഷയിൽ പറഞ്ഞാൽ ധാന്യങ്ങൾ മുററി വളർന്നു ഗാനമുതിർത്തുകൊണ്ടിരിക്കുന്നു. പടിഞ്ഞാറൻ പാതയിലെ മെക്കായാണിതു്. ഭൂമിശാസ്ത്രപരമായി അമേരിക്കയിലെ സാഹസയാത്രയുടെ അന്ത്യമാണിതു്.

കാലിഫോർണിയാ ഇന്നു ഫലവൃക്ഷങ്ങളും പച്ചപ്പാടങ്ങളും മാത്രമല്ല. ഹോളിവുഡ്ഡിലെ സ്വപ്നശാലയോ അസാധാരണമായ മതാചാരങ്ങളുടെ നിലയമോ മാത്രമല്ല അതു്. ഒരു വ്യവസായരാജ്യമാണു് ഇന്നു കാലിഫോർണിയ. വ്യവസായാഭിവൃദ്ധിമൂലം ലോസ് ഏഞ്ചൽസ് ഏററവും വലിയ ഒരു നഗരമായിത്തീർന്നിരിക്കുന്നു. മറേറതൊരു സംസ്ഥാനത്തും ഉള്ളതിലധികം കാറുടമകൾ അവിടെയുണ്ടു്. ഏററവും വലിയ രാഷ്ട്രീയപ്രശ്നങ്ങളുടെ ഒരു കേന്ദ്രവുമാണു് ആ നഗരം.

ഈ ഭൂഖണ്ഡത്തിൻെറ ഒരററം മുതൽ മറേറ അററംവരെ പോകുക എന്നതു മുഷിച്ചിലും ഉത്സാഹവും ഒരുപോലെ ജനിപ്പിക്കുന്നതാണു്. കണ്ടറിവാൻ കഴിയുന്നതെല്ലാം ഒരു ഗ്രന്ഥത്തിലാക്കാൻ സാധിച്ചു എന്നു വരികയില്ല. ഒരു ശീഘ്രയാത്രയിൽ കണ്ടറിയുവാൻ കഴിയുന്നതിലേറെ അവിടെ അവശേഷിക്കും. എങ്കിലും ഒരുകാര്യം നിശ്ചയംതന്നെ. ഭൂമിയുടെ വിസ്തീർണ്ണം ഏതുവിധത്തിലായാലും പരിഗണനാർഹമാണു്. പ്രകൃതിദൃശ്യങ്ങൾ, ജനങ്ങൾ, കാലാവസ്ഥ, തൊഴിൽ, ജീവിതരീതി, ഭാഷ, വേഷം, വിശ്വാസാവിശ്വാസങ്ങൾ, ഭരണം, നന്മതിന്മകൾ എന്നീ വൈവിധ്യങ്ങൾ ആ വിശാലഭൂമിയിൽ കാണാം.

മദ്ധ്യഭാഗംവഴി കിഴക്കുനിന്നു പടിഞ്ഞാട്ടു യാത്രചെയ്താൽ വൈവിധ്യങ്ങൾ അത്രയേറെ കണ്ടെന്നു വരില്ല. യൂറോപ്പിൽനിന്നു വരുന്ന ചരക്കുകൾ വൻതടാകങ്ങൾവഴിയായി ചിക്കാഗോയിലും, മെക്സിക്കോ ഉൾക്കടലിൽക്കൂടി വരുന്ന ചര

ക്കുകൾ, നദിയുടെ രണ്ടായിരം മൈൽ മുകളിലുള്ള മിനിസോട്ടയിലെ സെന്റ് പാളിലും എത്തിക്കുന്ന ജലമാർഗ്ഗങ്ങൾ ആ യാത്രയിൽ വിട്ടുപോകുന്നു. അവ മാത്രമല്ലാ, മന്ദഗമനം ചെയ്യുന്ന വിശാലനദികളോടു കൂടിയ ദക്ഷിണദേശങ്ങളേയും, അവിടെയുള്ള പുരാതനമന്ദിരങ്ങളേയും, ഇടിഞ്ഞുപൊളിഞ്ഞ വീടുകളേയും, പൗരാണിക സാവന്നാകളിലെ പ്രതിമാലംകൃത വിശ്രമസ്ഥലങ്ങളേയും, നാം വിട്ടുപോകും. ടെക്സാസിലെ അറുതിയില്ലാത്ത വെളിമ്പ്രദേശങ്ങളും, ലൂസിയാനായിലെ പായൽപതിഞ്ഞ പാറക്കെട്ടുകളും, വടക്കുപടിഞ്ഞാറൻ പ്രദേശത്തെ മഹാരണ്യങ്ങളും, സിയാററിലിലെ പച്ചപിടിച്ച പുൽമേടുകളും, ഗോൾഡൻ ഗെയ്ററിൽനിന്നു തുടങ്ങുന്ന ചരുവുകളോടൊട്ടിനില്ക്കുന്ന സുന്ദരമായ സാൻഫ്രാൻസിസ്കോവും, അവിടെയുള്ള പാലങ്ങളിൽ രത്നമാല്യങ്ങൾപോലെ പ്രശോഭിക്കുന്ന ദീപസഹസ്രങ്ങളും നിങ്ങൾക്കു കാണാൻ സാധിക്കാതെവരും. ഒരു ജീവിതകാലം മുഴവൻ ശ്രമിച്ചാലും ആ ദേശം മുഴവൻ കാണാമെന്ന് ആരും ആശിക്കേണ്ട.

അമേരിക്കൻ ഐക്യനാടുകൾക്കു് അതിൻെറ രാജ്യപരിധിക്കുള്ളിൽ കരയും വെള്ളവുമായി മുപ്പതുലക്ഷം ചതുരശ്രമൈൽ ഭൂമിയുണ്ടു്. ഇതിൽ മേച്ചിൽസ്ഥലങ്ങളായി നാല്പതു ശതമാനവും, വനസംരക്ഷണാർത്ഥം ഇരുപത്തിയെട്ടു ശതമാനവും, കൃഷിഭൂമിയായി ഇരുപത്തിരണ്ടു ശതമാനവും, റോഡുകളും വീടുകളുമായി പത്തു ശതമാനവും വരും. ഗ്രാന്റ് കന്യൻ, കാൾസ്ബാദ് ഗുഹകൾ, യെല്ലോ സ്റ്റോണിലെ ഉഷ്ണജലോൽപാതങ്ങൾ മുതലായ അസാമാന്യ പ്രകൃതിവിലാസങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി സർക്കാർവനങ്ങളായും, മേച്ചിൽസ്ഥലങ്ങളായും, പുൽത്തകിടികളായും മുപ്പതു ശതമാനം ഭൂമി ഫെഡറൽ ഗവമ്മേണ്ടിൻെറ അധീനതയിലാണു്. ഇംഗ്ലണ്ടും സ്കോട്ട്ലണ്ടും അയർലണ്ടും ഉൾപ്പെടെയുള്ള വിസ്താരത്തിനോടു തുല്യമായ ഉദ്ദേശം അഞ്ഞൂററിഅറുപതു ലക്ഷം ഏക്കർ ഭൂമി ഇൻഡ്യാക്കാർക്കായി സംവരണംചെയ്യപ്പെട്ടിട്ടുണ്ടു്.

ലോകത്തുള്ള വന്യമൃഗങ്ങളുടെ ഇനത്തിൽ അധികപങ്കും ഈ സമ്പന്നമായ പ്രകൃതിസംഭാവനയിൽ ഉൾപ്പെടുന്നു. ഐക്യനാടുകൾ ഉല്പാദിപ്പിക്കുന്ന ഭക്ഷണസാധനങ്ങളുടെ തുക

ഭാവനയെ അമ്പരപ്പിക്കുന്നതാണ്. 1954-ൽ 3,000,000,000 ബുഷൽ ഓട്സും, 1,000,000,000 ബുഷൽ ഗോതമ്പും, 355,000,000 ബുഷൽ ഉരുളക്കിഴങ്ങുമാണ് അവിടെയുണ്ടായതു്. ആ ആണ്ടിൽതന്നെ 25,000,000,000 റാത്തൽ മാംസം അവിടെ ഉല്പാദിപ്പിച്ചുപയോഗിച്ചു.

കൽക്കരി, പെട്രോളിയം, ഉരുക്കു്, വിദ്യുച്ഛക്തി, ചെമ്പു്, പരുത്തി, മരത്തടി മുതലായവയുടെ ഉല്പാദനത്തിലും ഐക്യനാടുകൾ പ്രഥമസ്ഥാനത്തു നില്ക്കുന്നു. അമൂല്യങ്ങളായ ഈ പ്രകൃതിവിഭവങ്ങളെ കഴിഞ്ഞകാലങ്ങളിൽ നിർദ്ദാക്ഷിണ്യം ദുർവിനിയോഗം ചെയ്തും, ക്രൂരമായ ഏകാധിപത്യത്തിൽനിന്നു ലോകത്തെ രക്ഷിപ്പാൻ കയ്യയച്ചു വ്യയംചെയ്തും, പിടിച്ചടക്കിയ ഭാഗങ്ങളിൽ പുനർനിർമ്മാണപ്രവൎത്തനങ്ങൾ നടത്താൻ ഉപയോഗിച്ചും അമേരിക്ക ഒട്ടേറെ നശിപ്പിച്ചിട്ടുണ്ടു്. എന്നിട്ടും മണ്ണു്, ലോഹം, വനം ഇവയുടെ സമ്പത്തു വേണ്ടുവോളം ഇപ്പോഴും അവശേഷിച്ചിരിക്കുന്നു. സൂക്ഷിച്ചു മിതമായി അവ ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത ഇന്നു പരക്കെ ബോദ്ധ്യമായിട്ടുണ്ടു്.

സാധാരണയായി ഒരു സന്ദർശകൻ അമേരിക്കയിൽ കാണുന്നതു് അവിടത്തെ ജീവിതത്തിൻെറ ഒത്തിരിപ്പും ഏകരൂപതയുമാണു്. ചലച്ചിത്രങ്ങൾ, റേഡിയോകൾ എന്നിവയുടേയും, മോട്ടോർവാഹനങ്ങൾ, വസ്തുങ്ങൾ, ഭക്ഷണപദാൎത്ഥങ്ങൾ, മാസികകൾ മുതലായവയുടെ ദേശീയവ്യാപാരഘടനയുടേയും ഫലമായി അമേരിക്കാക്കാർ കാഴ്ചയിലും പെരുമാററത്തിലും ഏതാണ്ടു് ഒരുപോലെയായിത്തീൎന്നിട്ടുണ്ടെന്നു തീൎച്ചതന്നെ. സംസ്കാരത്തിന്റെ പല വശങ്ങളിലും അവർ പങ്കാളികളാണു്. പക്ഷേ, അതു് അവരുടെ വ്യത്യസ്തതയെ ശവസംമൂട്ടിക്കുന്നില്ല. വെർമണ്ടിലെ കൎഷകനും, മിസിസിപ്പിയിലെ കേവുവള്ളക്കാരനും, കൻസാസിലെ കച്ചവടക്കാരനും, ചിക്കാഗോയിലെ പ്രഫസറും, ടെക്സാസിലെ കന്നുകാലിയുടമയും, വ്യവസായത്തൊഴിലാളിയായ നീഗ്രോയും, ഗ്രീസുകാരനായ ഹോട്ടലുടമസ്ഥനും, പോളണ്ടു് മൂലകുടുംബമായിരുന്ന ചികിത്സകനും, ജപ്പാനിൽനിന്നു വന്ന തോട്ടക്കാരനും, എല്ലാം

അമേരിക്കാക്കാരാണു്; എങ്കിലും അവരിൽ വൈവിധ്യം കാണാം.

കുഴപ്പങ്ങൾ ജനിപ്പിക്കാതെ വൈചിത്ര്യം പാലിക്കുക, വ്യക്തിത്വത്തിനു ക്ഷതംവരാതെ ഒരു പൊതുസംസ്കാരത്തിൽ മനുഷ്യനെ സംഘടിപ്പിക്കുക എന്നിവ മനുഷ്യസംസ്കാരത്തിൻെറ അത്യുന്നതാദർശങ്ങളിലൊന്നല്ലേ? വിഭിന്നതകൾ സംരക്ഷിച്ചും എന്നാൽ സമുദായത്തിലെ അംഗമെന്ന നിലയ്ക്കു പുഷ്ടിയും തുഷ്ടിയും വളർത്തിയും, വിവിധ വർഗ്ഗത്തിൽപ്പെട്ട ആളുകളെ ഒത്തിണക്കുക എന്നതു് ഒരു സംസ്കാരത്തിന്റെ മഹാപരീക്ഷണമല്ലയോ? അമേരിക്കയെ സൃഷ്ടിച്ച ജനങ്ങൾ എല്ലാററിലുമുപരിയായി നേടിയ നേട്ടവും ഇതുതന്നെയല്ലേ?

## അദ്ധ്യായം മൂന്ന്

## കുതിച്ചുയരുന്ന രാഷ്ട്രങ്ങളുടെ രാഷ്ട്രം

മാനവചരിത്രത്തിൽ ഇങ്ങനെയൊന്നുണ്ടായിട്ടില്ല. ശതാബ്ദങ്ങളോളം പഴക്കമുള്ള മൂലകുടുംബങ്ങൾ നിലനിന്നുവരുന്ന ഗ്രാമങ്ങളേയും, അവിടത്തെ രക്ഷാബോധം വളർത്തുന്ന ആചാരമര്യാദകളേയും, സുപരിചിതമുഖങ്ങളേയും വെടിഞ്ഞ് ഇററലി, അയർലണ്ട്, ജമ്മനി, റഷ്യ, ഗ്രീസ്, ബാൾക്കൻരാജ്യങ്ങൾ, സ്കാൻഡിനേവിയ എന്നിവിടങ്ങളിൽനിന്നെല്ലാമാണ് അവർ അങ്ങോട്ടു കുടിയേറിയത്.

യാത്രചെയ്തു ശീലമില്ലാത്ത ആ ജനങ്ങൾ യൂറോപ്യൻ തുറമുഖങ്ങളിൽ എത്തിച്ചേരുന്നതിന് രാജ്യാതിരുകളേയും അധികാരികളേയും കടക്കുവാൻ പെട്ട പാടുകളും, അമേരിക്കൻ തീരപട്ടണങ്ങളിൽ സംഭ്രമത്തോടെ ചെന്നണയുമ്പോൾ അവിടെയുള്ള ദല്ലാളികൾ അവക്കു വരുത്തിയ വിഷമങ്ങളും എത്രയെത്ര ബുദ്ധിമുട്ടുകൾക്കും നാണക്കേടിനും ഇടയാക്കിയെന്ന് മനുഷ്യൻെറ ഈ കുടിയേററചരിത്രത്തിൽ കണക്കാക്കാവുന്നതല്ല. എങ്കിലും, 1850-മാണ്ടുതന്നെ അവരുടെ സംഖ്യ പ്രതിവർഷം 370,000-മായി വർദ്ധിച്ചിരിക്കുന്നു. അററ്ലാൻറിക്ക് സമുദ്രത്തിൻെറ ഇരുവശങ്ങളിലുമുള്ള സാഹചര്യങ്ങളനുസരിച്ച് ആ തുക കൂടിയും കുറഞ്ഞും വന്നുവെങ്കിലും ക്രമികമായ അഭിവൃദ്ധിയാണതിനുണ്ടായിവന്നത്. 1905 ആയപ്പോഴേക്ക് ആ സംഖ്യ പ്രതിവർഷം പത്തുലക്ഷത്തിൽക്കവിഞ്ഞു. ഒന്നാം ലോകമഹായുദ്ധമാണ് ഈ മനുഷ്യപ്രവാഹം ഒന്നു ശമിപ്പിച്ചത്. യുദ്ധാനന്തരം അതു വീണ്ടും ഉയന്നുതുടങ്ങിയപ്പോൾ നിയമനിമ്മാണംമൂലം അതു വീണ്ടും തടഞ്ഞുനിത്തി. വന്നുചേർന്നിട്ടുള്ള ലക്ഷോപലക്ഷം ജനങ്ങളെ അമേരിക്കൻപൗരന്മാരാക്കിത്തീക്കുകയാണ് പ്രധാന കത്തവ്യം എന്ന് അമേരിക്കാക്കാരിൽ അധികംപേക്കും തോന്നിത്തുടങ്ങി. പക്ഷേ, ഇന്നും ഈ പ്രവാഹം, രാഷ്ട്രത്തിൻെറ വിസ്താരമനുസരിച്ച്

നിസ്സാരമെങ്കിലും, പ്രതിവഷം രണ്ടുലക്ഷമെന്ന തോതിൽ തുടന്നുകൊണ്ടിരുന്നു.

1820-നും 1953-നുമിടയ്ക്കു് നാന്നൂറുലക്ഷം ജനങ്ങളോളമാണു് ഈ രാജ്യത്തിലേക്കു കുടിയേറിയതു്. അവരിൽ ഗ്രേറ്റ് ബ്രിട്ടനിൽനിന്നും നാല്പത്തിയഞ്ചുലക്ഷവും അയർലണ്ടിൽനിന്നു് കുറച്ചുകൂടിക്കൂടുതലും, സ്കാൻഡിനേവിയായിൽനിന്നു് ഇരുപത്തിയഞ്ചുലക്ഷവും, ഇററലിയിൽനിന്നു് അൻപതുലക്ഷവും, മദ്ധ്യയൂറോപ്പിൽനിന്നും പൂവ്വയൂറോപ്പിൽനിന്നുമായി എൺപതുലക്ഷവും ആണു് വന്നിട്ടുള്ളതു്.

അതിൻെറ ഫലമോ: രാഷ്ട്രങ്ങളുടെ ഒരു രാഷ്ട്രം. ലോകത്തിലുള്ള പ്രധാനഭാഷകളെല്ലാം സംസാരിക്കുന്നതും, മ്യൂനിച്ചിലേതുപോലുള്ള ജമ്മൻസമുദായത്തേയും, മാഡ്രിഡ്ഡിലേതുപോലുള്ള സ്പാനിഷ്സമുദായത്തേയും സൂറിച്ചിലേതുപോലുള്ള സ്വിസ്സ്സമുദായത്തേയും കണ്ടെത്താവുന്നതുമായ ഒരു രാജ്യമായി അതു്. സ്വതന്ത്രഗവമ്മെൻേറാടുകൂടിയ ഹംട്രാംക് എന്ന പോളിഷ്നഗരം ഡിട്രോയിററിനാൽ ചുററപ്പെട്ടുകിടക്കുന്നു. ലോസ് ഏഞ്ചെത്സാണു് ലോകത്തിലേക്കു് ഏററവും വലിയ രണ്ടാമത്തെ മെക്സിക്കൻനഗരം. ചൈന കഴിഞ്ഞാൽ പിന്നെ ഏററവും കൂടുതൽ ചൈനാക്കാരുള്ള വൻനഗരം സാൻഫ്രാൻസിസ്കോയാണു്. അവക്കു് സ്വന്തമായി ആശുപത്രികളും തപാൽ ആപ്പീസുകളും നാടകശാലകളും റേഡിയോനിലയങ്ങളും ഉള്ളതിനുപുറമെ, ആറു ചീന ഉപഭാഷകൾ അറിയാവുന്നവരും, വരിക്കാരുടെ നമ്പരുകളും മേൽവിലാസവും മനഃപാഠമായറിയാവുന്നവരുമായ ഉദ്യോഗസ്ഥന്മാരോടുകൂടിയ ഒരു ടെലഫോൺവകുപ്പുമുണ്ടു്. ഇററലിക്കാരുടെ എണ്ണത്തിൽ മിലാൻനഗരത്തോടടുത്തുവരും ചിക്കാഗോ. അവിടെയുള്ള പോളുകാരുടെ ജനസംഖ്യ വാർസാനഗരത്തിലേതിനോടടുക്കും. ഇഡാഹോയിൽ ഗ്രീൻസിററിയേയും വിസ്കോൺസിനേയും സ്വിസ്സ് പാൽക്കട്ടിമൂലം ലോകപ്രസിദ്ധമാക്കിയിട്ടുണ്ടു്.

ന്യൂമെക്സിക്കോ ഒരു ദ്വിഭാഷാസംസ്ഥാനമാണു്. അവിടെ സക്കാർനോട്ടീസുകൾ സ്പാനിഷ്ഭാഷയിലും ഇംഗ്ലീഷിലും പരസ്യംചെയ്യുവരുന്നു. സാംസ്ഥാനികഭരണനിയമങ്ങൾ

പോലും ഇരുഭാഷകളിലുമാണ്. ന്യൂമെക്സിക്കോയിൽ, പഴയ സ്പാനിഷ്കാലങ്ങളിലേപ്പോലെതന്നെ ഇംഗ്ലീഷുഭാഷ കേൾക്കുവാൻപോലുമില്ലാത്തവയായി അനേകം ഗ്രാമങ്ങൾ ഇന്നുമുണ്ട്. പിന്നെ അറിസോണാ. അവിടെയുള്ളതിൽ മൂന്നിലൊന്നു ഭൂമിയും ഇന്ത്യാക്കാരുടേതാണ്. അവരുടെ പാരമ്പര്യജീവിതഗതിക്ക് ഇന്നും ഒരു മാററവും വന്നിട്ടില്ല.

നമ്മുടെ നഗരങ്ങളിൽ ഏററവും വൈപരീത്യങ്ങളുള്ളത് ന്യൂയോക്കാണ്. ഇംഗ്ലീഷ് ഒഴികെയുള്ള മററു പല ഭാഷകളിൽമാത്രം ഇരുന്നൂറ് ദിനപത്രങ്ങൾ അവിടെനിന്നു പ്രസിദ്ധീകരിക്കുന്നുണ്ട്. അവിടെയുള്ള എൺപതുലക്ഷം ജനങ്ങളിൽ പാതിയിലേറെയും വിദേശങ്ങളിൽ ജനിച്ചവരോ വിദേശികളുടെ സന്താനങ്ങളോ ആണ്. ഉദ്ദേശം നാലുലക്ഷംവീതം വരുന്ന ഇററലിക്കാരും റഷ്യാക്കാരുമാണ് വിദേശങ്ങളിൽ ജനിച്ചവരിലധികവും. വിവിധരാജ്യങ്ങളിൽനിന്നു വന്നുചേന്നിട്ടുള്ളവരും അനേകതലമുറകളായി ന്യൂയോക്കിൽ സ്ഥിരവാസമായിട്ടുള്ളവരുമായ ജൂതന്മാരാണ്, ഉദ്ദേശം നാലിലൊന്നുവരുന്ന ജനസംഖ്യ. ലോകത്തിലേക്ക് ഏററവും വലിയ ജൂതനഗരം ന്യൂയോക്കാണ്. എങ്കിലും അവിടേയും നീഗ്രോകൾ, പ്യൂഏർട്ടോ റിക്കാൻസ്, ഹെയ്ട്ടിയൻസ്, മെക്സിക്കോക്കാർ എന്നീ വിഭാഗത്തിൽപ്പെട്ടവരും ധാരാളമായുണ്ട്. ഹാർലംനഗരത്തിൻെറ മദ്ധ്യഭാഗത്തു് ഐക്യനാടുകളിലുള്ള ഏററവും വലിയ പഹിന്നിഷ്സമുദായത്തെ കാണാം.

അമേരിക്കായുടെ നിർമ്മാണത്തിന് യൂറോപ്പിലുള്ള എല്ലാ രാഷ്ട്രങ്ങളും, ഏഷ്യയിലേയും ആഫ്രിക്കായിലെയും അനേകരാജ്യങ്ങളും, അമേരിക്കായിലെ മററു പ്രദേശങ്ങളും സംഭാവന ചെയ്തിട്ടുണ്ട്. അവരാണ് അമേരിക്കാക്കാർ. പ്രസിഡൻറ് റൂസ്വെൽട്ട് ഒരിക്കൽ പറയുകയുണ്ടായി: "നമ്മളെല്ലാം ഇവിടെ കുടിയേറിപ്പാർപ്പുകാരാണ്."

### *വൈവിധ്യത്തിലെ ഏകത്വം*

യൂറോപ്യൻ കുടിയേററക്കാരുടെ പ്രഥമപ്രവാഹം പതിനേഴാംശതാബ്ദത്തിൽ ആരംഭിച്ചതോടെ കൊളംബസ് യൂറോപ്യന്മാക്കായി വഴിതെളിച്ച ആ ഭൂഖണ്ഡത്തിൽ അരഡസൻ

രാഷ്ട്രങ്ങൾ ആധിപത്യമുറപ്പിച്ചു. സ്പെയിൻകാർ തെക്കുപടിഞ്ഞാറുകൂടി മേലോട്ടും കാലിഫോർണിയായുടെ തീരംവഴിയും നീങ്ങി. മിസിസിപ്പിയിൽക്കൂടി ആദിയാത്ര നടത്തിയ ഫ്രഞ്ചുകാർ ന്യൂഓർലിയൻസ് നഗരം സ്ഥാപിച്ചു. ഇന്നും അവിടെയുള്ള ചില ഭാഗങ്ങളിൽ അവരുടേതായ സംസ്കാരം വ്യക്തമായി നിലനിന്നുപോരുന്നു. ലൂസിയാനയിലെ ചതുപ്പുപ്രദേശങ്ങളിൽ ഇന്നും അവരുടെ സ്ഥിരഭാഷ ഫ്രഞ്ചാണ്.

സ്വീഡുകൾ ആദ്യമായി ഡെലാവേറിൽ കുടിയേറിപ്പാർക്കുകയും ആ പ്രദേശത്തിനു് ന്യൂസ്വീഡൻ എന്നു നാമകരണം ചെയ്യുകയും ചെയ്തു. ഇംഗ്ലീഷുകാരുടേതാകുന്നതിനുമുമ്പു് ന്യൂയോർക്ക് ഡച്ചുകാരുടേതായിരുന്നു എന്നു് എല്ലാവർക്കും അറിയാവുന്നതാണ്. ജർമ്മൻരാജ്യങ്ങളിലൊന്നിന്റേയും പതാക പെൻസിൽവേനിയയിൽ പറന്നിട്ടില്ലായെങ്കിലും 1720–ൽ ത്തന്നെ അവിടെ ജർമ്മൻകുടിയേററക്കാർ തിങ്ങിപ്പാർത്തിരുന്നു.

എങ്കിലും യൂറോപ്പിൽനിന്നുള്ള മുഖ്യമായ കുടിയേറിപ്പാർപ്പു് ബ്രിട്ടീഷ്ദ്വീപുകളിൽനിന്നായിരുന്നു. നമ്മുടെ ജനസംഖ്യയിൽ പകുതിയും ഇംഗ്ലണ്ടു്, സ്കോട്ട്ലണ്ടു്, വെയിത്സ്, ഉത്തരഅയർലണ്ടു് എന്നിവിടങ്ങളിൽനിന്നുത്ഭവിച്ചതാണ്. ഇന്നുള്ള അമേരിക്കൻജീവിതത്തിൻെറ അടിസ്ഥാനമാതൃക ഏറിയകൂറും ബ്രിട്ടീഷുരീതിയാണ്. ഭാഷയും, നീതിന്യായവകുപ്പും, കുടുംബപ്പേരുകളും, ഗവർമ്മേൻറിനോടുള്ള മനോഭാവവും, സാഹിത്യവും നിശ്ചയമായും ബ്രിട്ടീഷ്സംസ്കാരത്തിൽനിന്നും ഉടലെടുത്തവയാണ്. മററുള്ള സ്വാധീനശക്തികൾ ഈ സംസ്കാരത്തെ കീഴ്പെടുത്തിയില്ല. അതെങ്ങനെ സംഭവിച്ചു?

രാഷ്ട്രത്തെ വളർത്തിക്കൊണ്ടുവരുന്നതിനിടയാക്കിയ ആദ്യത്തെ കുടിയേററക്കാരിൽ പ്രാധാന്യമർഹിക്കുന്നതു് ഇംഗ്ലീഷുകാരാണെന്നുള്ള വസ്തുത അതിപ്രധാനമാണ്. നൂററിയെഴുപതു കൊല്ലങ്ങളോളം അമേരിക്കൻകോളനിക്കാർ രാജ്യാധികാരത്തിൻകീഴിലായിരുന്നു. അവരുടെ ഉല്പത്തിയും, ഭാഷയും, സ്ഥാപനങ്ങളും അവർ ചെങ്കോലിനോടെതിർത്ത രീതിതന്നെയും ഇംഗ്ലീഷുപാരമ്പര്യമുള്ളതായിരുന്നു. "പ്രാതിനിധ്യമില്ലെങ്കിൽ കരംപിരിവുമില്ല." എന്നുള്ള അവകാശം കോളനിക്കാ

രുടേയോ അമേരിക്കാക്കാരുടേയോ ആകുന്നതിനേക്കാൾ, സ്വാതന്ത്ര്യത്തിൽ ജനിച്ച ഇംഗ്ലീഷുകാരൻേറതാണെന്ന് അവർ അവകാശപ്പെട്ടു.

സുസ്ഥിരമായ ഒന്നാമത്തെ ഇംഗ്ലീഷുകുടിയേററസങ്കേതമായ ജെയ്മ്സ്ടൗൺ സംവിധാനംചെയ്തതും അതിനുവേണ്ട ആനുകൂല്യങ്ങൾ ചെയ്തതും, ഇംഗ്ലണ്ടിലെ മഹാന്മാർ പലരും കൂടിയാണ്. രാജാവിൻെറ അവകാശപത്രവും അതിനു നേരത്തേ ലഭിച്ചിരുന്നു. സ്ഥിരമായ രണ്ടാമത്തെ കുടിയേറ്റസങ്കേതമായ പ്ലിമത്ത് ഇംഗ്ലണ്ടിൻെറ ഉത്തരഭാഗങ്ങളിൽനിന്നുവന്ന ചെറുകിടകൃഷകരുടെ അധീനതയിലായിരുന്നു. തങ്ങളുടെ സ്വാതന്ത്ര്യപദവിയിലഭിമാനംപൂണ്ടും, സർവ്വസ്വതന്ത്രമായി സ്വന്തംഭൂമി കൈവശംവച്ചനുഭവിക്കാൻ ദൃഢനിശ്ചയംചെയ്തും അവർ ജീവിച്ചു. ആംഗ്ലിക്കൻപള്ളിയോ രാജാവോ ഇംഗ്ലീഷുകാരോടു പൊതുവെ ആവശ്യപ്പെട്ടുന്നവിധത്തിലുള്ള ആരാധനാസമ്പ്രദായമൊന്നും സ്വീകരിക്കാതെ ബൈബിളിനു് തങ്ങൾതന്നെ നല്കുന്ന വ്യാഖ്യാനമനുസരിച്ചാണ് അവർ ജീവിച്ചതു്. പ്ലിമത്ത് ഇത്തരം മതപരസമുദായങ്ങളിൽ ഒന്നാമത്തേതു മാത്രമായിരുന്നു. സാലമിലും പിന്നീട്ട് ബോസ്റ്റൺ, പ്രോവിഡൻസ് എന്നിവിടങ്ങളിലും ന്യൂഹാവനിലും, കണക്റ്റിക്കട്ടുവഴിയായുള്ള ഉൾപ്രദേശങ്ങളിലും ചെറുചെറു കുടിയേററസങ്കേതങ്ങൾ വേരുറയ്ക്കുകയും, അവ തമ്മിൽ തമ്മിൽ ബന്ധമില്ലാതെ സ്വതന്ത്രമായി വളരുകയും ചെയ്തു. ഗവമ്മേണ്ടിൻെറ ചെറിയ സഹവർത്തകഘടകങ്ങളെന്നവണ്ണം ഗ്രാമീണജനായത്തസംഘടനകൾ ന്യൂഇംഗ്ലണ്ടിലൊട്ടാകെ വളൎന്നുതഴച്ചു.

ഈ കൊളോണിയൽ കാലഘട്ടത്തിലെത്തിച്ചേൎന്നവരിൽ ഭൂരിഭാഗവും ഇംഗ്ലീഷുകാരും, ഉത്തര അയർലണ്ടിലേക്കു വാസംമാറിയിരുന്ന സ്കോട്ട്ലണ്ടുകാരുമാണ്. ഇരുപതു ലക്ഷം അടിമകളുടെ ആഗമനം, അമേരിക്കൻസംസ്കാരത്തിൻെറ നിർമ്മാണത്തിൽ പ്രാധാന്യമൎഹിക്കുന്നതുതന്നെയെങ്കിലും, നാട്ടുനിയമങ്ങളിലോ, ഭരണത്തിലോ, ഭാഷയിലോ അതു് ഇംഗ്ലീഷ്മേധാവിത്വത്തിനു് എതിരുനിന്നില്ല.

അമേരിക്കയിലേക്കുവന്ന ഇംഗ്ലീഷുകാരും സ്കോട്ട്ലണ്ടു

കാരും വിവിധരീതിക്കാർ ആയിരുന്നുവെങ്കിലും അവക്കു പൊതുവായി രണ്ടു സ്വഭാവവിശേഷങ്ങൾ കാണ്മാനുണ്ടായിരുന്നു. ഒന്നാമതു്, സ്വന്തം രാജ്യത്തിലെ പരിതസ്ഥിതികളിൽ അസംതൃപ്തി; രണ്ടാമതു്, സ്വന്തമായി നവീനമാർഗ്ഗങ്ങൾ വെട്ടിത്തുറക്കുവാൻ ആവശ്യമായ ചങ്കുററം. വില്യം ബ്രാഡ്ഫോർഡു്, ജോൺ വിൻത്രോപ്പു്, വില്യം പെൻ, ബാൾടിമോർ പ്രഭു മുതലായ ഉന്നതാശയന്മാർ എത്തിയതു്, അവരുടെ മതപരതത്വങ്ങളെ സ്വതന്ത്രമായി പ്രകടിപ്പിക്കത്തക്ക സമുദായങ്ങൾ രൂപവത്കരിക്കാമെന്നുള്ള സുന്ദരസ്വപ്നങ്ങളും കണ്ടുകൊണ്ടാണു്. കുടുംബം പുലത്തുവാൻ ആവശ്യമായ ഭൂമി ഇല്ലായ്ക ജന്മികളുടെ മദ്ദനം അസഹ്യമായ നികുതിഭാരം ആദിയായ ഹ്രസ്വമായ ജീവിതവിഷമങ്ങളിൽനിന്നും രക്ഷപ്രാപിക്കുകയായിരുന്നു മററുള്ളവർ.

'ഈ വെളിമ്പ്രദേശത്തു് ഉത്തമധാന്യങ്ങൾ വിളയിക്കുവാൻ ഒരു പൂണ്ണരാഷ്ട്രത്തെ ദൈവം വകഞ്ഞുമാററി' എന്നാണു് വില്യം സ്ടൗട്ടൺ എഴുതിയതു്. അതു് ശരിയുമാണു്. കുടിയേററസാഹചര്യങ്ങൾ ഹിതാനുസരണമുള്ള പ്രവത്തനങ്ങൾക്കു് അവരെ നിബ്ബന്ധിച്ചു.

പ്രാരംഭംമുതൽതന്നെ കുടിയേററം സവ്വരാഷ്ട്രപരമായിരുന്നു. പിൽഗ്രിംപിതാമഹന്മാരോടൊന്നിച്ചു് വല്ലൂൺ ഉത്പത്തിയും ഫ്ളെമിഷ് ഉത്പത്തിയുമുള്ളവരും വന്നുചേന്നു. ജെയ്മ്സ്ടൗണിൽ ഇററലിക്കാരും, ഡച്ചുകാരും പോളുകളും ഉണ്ടായിരുന്നു. കോളനികളിലെ ആദ്യത്തെ കുടിയേററക്കാർ ഫ്രാൻസിൽനിന്നുവന്ന ഹ്യൂജ്നോട്ട്സ് ആണു്. പാൾറെവർ ഫെന്യൂൾസ്, ഡ്യൂപോണ്ട്സ് മുതലായ പ്രശസ്തകുടുംബങ്ങൾ അവരിൽനിന്നുത്ഭവിച്ചതാണു്. വില്യംപെന്നിൻെറ സൗഹാദ്ദപൂവ്വമായ സഹിഷ്ണുതയുടെ സംരക്ഷണയിൽ, മെന്നോനൈററ്സ്, മൊറാവിയൻസ് മുതലായ മദ്ധ്യതരായ ജമ്മൻപ്രോട്ടസ്റ്റൻറുകാരും പെൻസിൽവേനിയയിലേക്കു പ്രവഹിച്ചു. പൂവ്വപ്രദേശകോളനികളിൽ ഇംഗ്ലീഷുസംസ്കാരം വിവിധ രാഷ്ട്രങ്ങളുടേതുമായി ഇടകലന്നു.

ജൂതന്മാർ ആദ്യമായി മൻഹട്ടനിൽ എത്തിയതു് 1654-ൽ ആണു്. എന്നാൽ ആ ചെറുസമുദായം പന്ത്രണ്ടു

വിഭിന്നരാജ്യങ്ങളിലെ കുടിയേററക്കാരെ ഏകീകരിക്കുന്ന ഉരുക്കുമൂശയായിരിക്കും എന്നുള്ള അതിൻെറ ഭാവി 1646-ൽ തന്നെ നിഴലിച്ചിരുന്നു.

അമേരിക്കൻസംസ്കാരത്തിൻെറ കാതൽ പൂർണ്ണമായും യൗഗികവും അസാധാരണവും ആണ്. അതൊരു നവീന സൃഷ്ടിയല്ല; ഒരു സംയോജനമാണ്. അതിൻെറ സ്വഭാവം നിർമ്മാണഘടകങ്ങളുടെ വൈവിദ്ധ്യങ്ങളിൽനിന്നും ഉത്ഭവിച്ച് യോജിച്ചതാണ്. പല ശക്തിപരീക്ഷണങ്ങളും പല ലജ്ജാവഹമായ അനീതികളും നടന്നതിന്റെ അന്ത്യഫലമായിട്ടാണ് ഇതു് കൈവന്നതു്. ഡച്ചുകാർ സ്വീഡുകാരെ ഡെലാവേറിൽനിന്നും അടിച്ചോടിച്ചു. എന്നാൽ അവരെ പിന്നീട്ട് ഇംഗ്ലീഷുകാർ പുറംതള്ളി. ആ അതിവിസ്തൃതമായ വിജനാന്തരങ്ങളെ പങ്കുവെയ്ക്കുവാൻ സമ്മതമില്ലാതെ ഫ്രഞ്ചുകാരും ബ്രിട്ടീഷുകാരുംതമ്മിൽ വടക്കേ അമേരിക്കയ്ക്കുവേണ്ടി നൂറു കൊല്ലത്തോളം പടവെട്ടി. ആ സമരത്തിൽ ഇന്ത്യാക്കാർക്കൂടി ഉൾപ്പെട്ടുവാൻ അവർ ഇടയാക്കുകയും, യൂറോപ്പിലെ മേധാവിത്വത്തിനുവേണ്ടി തുടങ്ങിയ വടംവലിയുടെ ഉപഫലമായുണ്ടായ ആ യുദ്ധത്തിൽ മൃഗീയമായ ക്രൂരതകൾ പ്രവർത്തിക്കയും ചെയ്തു.

വടക്കുനിന്നുള്ള ആക്രമണഭീഷണികൾക്കു് 1763-ലെ പാരീസ് ഉടമ്പടി അറുതിവരുത്തിയപ്പോൾ ഭൂഖണ്ഡത്തിലെ പൂർവ്വഭാഗങ്ങളുടെ മുഴവൻ നിയന്ത്രണവും ഇംഗ്ലീഷുകോളനികൾക്കായിരുന്നു. യുദ്ധത്തിൽ സ്പെയിൻകാർ ഫ്രഞ്ചുപക്ഷം ചേർന്നതുമൂലം അവരുടെ അധീനതയിലിരുന്ന ഫ്ളോറിഡായും ഇംഗ്ലീഷുകാർക്ക് വിട്ടുകൊടുക്കേണ്ടിവന്നു. അതിനാൽ ഇംഗ്ലീഷുമാതൃകയിലുള്ള ഭരണം, മതം, കുടുംബജീവിതം ഇവയ്ക്കു് മുൻഗണന സിദ്ധിച്ചു. എങ്കിലും ആ ഇംഗ്ലീഷുരീതികളെ, ഡച്ചുകാരൻെറ സുഖജീവിതപ്രേമവും ഫ്രഞ്ചുകാരൻെറ വീരപരാക്രമവും അന്നാട്ടിൻേറതായ ജ്ഞാനവും വിനയവും, നീഗ്രോയുടെ സംഗീതവും ശോകചിന്തയും, സ്കോട്ട്ലണ്ടുകാരൻെറ മിതവ്യയവും ചങ്കുറപ്പും ഹ്യൂജ്നോട്ടുകാരൻെറ ക്ഷമയോടുകൂടിയ കരകൗശലവും സമ്പന്നമാക്കി.

അമേരിക്കാക്കാരായിത്തീർന്ന ഇംഗ്ലീഷുകാർ ഇന്ത്യാക്കാരെ

പ്പോലെ കൃഷിചെയ്യുവാനും വേട്ടയാടുവാനും പഠിച്ചു. ഇന്ത്യാക്കാരെപ്പോലെ യുദ്ധംചെയ്യുവാനും അവർ പരിശീലിച്ചു. വിപ്ലവകാലത്ത് ബ്രിട്ടീഷുകാരുടെമേൽ അവക്കുണ്ടായിരുന്ന ഒരേ ഒരു മേന്മ അതുമാത്രമായിരുന്നു.

അററ്ലാൻറിക്ക്തീരംവഴി നീണ്ടുപരന്നുകിടക്കുന്ന ആ വിശാലവിജനതലങ്ങളിൽ കുടിയുറപ്പിക്കുന്ന പ്രശ്നം ഉദിച്ചപ്പോൾ അതിനുമാവശ്യമായ്വന്നു അനേകംപേരുടെ സാമത്ഥ്യവും കരുത്തും. കണക്ടിക്കട്ടിലെ ആ ചെറുപ്ലിമത്തിൽ ഒരു വ്യാപാരശാല കെട്ടുകയും, തോമസ്ഹുക്കർ വനാന്തരങ്ങളിലൂടെ അതേ നദീതീരത്തിലേക്ക് അദ്ദേഹത്തിൻെറ മതാനുയായികളെ കൊണ്ടുപോകയും ചെയ്തതോടെയാണ് പശ്ചിമാഭിമുഖമായ പ്രയാണം ആരംഭിച്ചത്.

കാനഡ ബ്രിട്ടീഷുകാരുടെ അധീനതയിലായപ്പോൾ പശ്ചിമപ്രദേശങ്ങൾക്ക് മാറ്റേറി. വെർമണ്ടിൽ കുടിവാസമുറപ്പിച്ചു. ന്യൂയോക്കിലുണ്ടായിരുന്ന വിവിധസമുദായങ്ങളിൽ അതതിൽപ്പെട്ട കൂടുതൽ ജനങ്ങൾവന്നു തിങ്ങി നിറഞ്ഞു. വിപ്ലവകാലം അവസാനിച്ചപ്പോൾ സ്വാതന്ത്ര്യത്തിനുവേണ്ടി പടപൊരുതിയ യുവാക്കളുടെ ശ്രദ്ധ ഉത്തരസംസ്ഥാനങ്ങൾ ആകഷിച്ചു. ന്യൂഇംഗ്ലണ്ടിൽനിന്നും 'ഓഹിയോ കമ്പനി അസോഷിയേറ്റി'ലെ അംഗങ്ങൾ പുതുകുടിയേറ്റങ്ങൾ സ്ഥാപിക്കുവാൻ ഓഹിയോവിലെ മറിയറ്റാ നോക്കിത്തിരിച്ചു. മെന്നോണൈറ്റ്സും പ്രയത്നശീലരായ സ്കോച്ച്–ഐറിഷ്കാരും പെൻസിൽവേനിയയിൽനിന്ന് പടിഞ്ഞാട്ടും യാത്രയായി. ഇല്ലിനോയ്, വിസ്കോൺസിൻ, മിഷിഗാൻ, ഇൻഡ്യിയാനാ ഈ പ്രദേശങ്ങളിലും കുടിയേററക്കാർ പ്രവേശിച്ചു. ജഫർസൺ ലൂസിയാനാ വിലക്കു വാങ്ങിയതോടെ കുടിയേററപരീക്ഷണം നടത്തുവാൻ ഒരതിവിസ്തൃതപ്രദേശംകൂടി ലഭ്യമായി. അതിരുകൾ വീണ്ടും പടിഞ്ഞാട്ടു നീങ്ങി.

### അതിത്തിപ്രദേശങ്ങൾ

യൂറോപ്പിൽ ഉപയോഗിച്ചുവരുന്നതിൽ വളരെ വ്യത്യസ്തമായ അത്ഥമാണ് അതിത്തി എന്ന പദത്തിന് അമേരിക്കാക്കാരൻ കല്പിക്കുന്നതു്. ആദ്യം പറഞ്ഞേടത്തു് അതൊരു

താവളസ്ഥലമാണ്; അതിർത്തിസംരക്ഷണഭടൻ കാവലുണ്ട്; അവിടം കടക്കുന്നതിന്നു കൈയിലുള്ള അനുവാദപത്രികയും മറ്റു പ്രമാണങ്ങളും പരിശോധനോദ്യോഗസ്ഥനെക്കാണിച്ചു ബോദ്ധ്യപ്പെടുത്തണം. എന്നാൽ അമേരിക്കയിൽ സ്വാതന്ത്ര്യമാണ അതിർത്തി. ജീവിതസൗകര്യപരീക്ഷണങ്ങൾക്കും വികസനസാദ്ധ്യതകൾക്കും ഉള്ള പ്രദേശമാണ് അതിർത്തി. അതൊരു താവളമല്ല; തുറന്ന വാതിലാണ്. തെളിവുകൾ കൊടുത്തു് നിങ്ങൾ നിങ്ങൾതന്നെ എന്നു ബോദ്ധ്യപ്പെടുത്തേണ്ട ആവശ്യം അവിടെയില്ല. വേണമെങ്കിൽ ആളറിയിക്കാതെതന്നെ നിങ്ങൾക്കു രക്ഷപ്പെടാം. സംസ്കാരം അതിൻെറ നിശിതരൂപം അവിടെ സ്ഥാപിച്ചുകഴിഞ്ഞിട്ടില്ല. ആ വിശാലമായ പ്രദേശത്തു് മനുഷ്യർ തങ്ങൾക്കുവേണ്ട ചട്ടങ്ങൾ സ്വതന്ത്രമായി നിർമ്മിക്കുന്നു.

ഒരുവനു് അങ്ങോട്ടു പോകുവാൻ ഉദ്ദേശ്യമില്ലായെങ്കിലും അങ്ങു പടിഞ്ഞാറു് ഒരതിർത്തിയുണ്ടെന്നുള്ള വിശ്വാസം, അമേരിക്കൻപ്രകൃതത്തെ സമനിലയിൽ നിർത്തുന്ന ഒരു ഘടകമാണ്. അമേരിക്കൻചിന്താഗതിയിൽ അതിർത്തിപ്രദേശം സംസ്കാരത്തിനുമപ്പുറമാണ്. അവിടംമുതൽ ആധിപത്യം മനുഷ്യനിൽനിന്നും പ്രകൃതി ഏറെറടുക്കുന്നു. കൃത്രിമനിർമ്മാണയന്ത്രങ്ങളിൽ മനുഷ്യൻ കോരിക്കൂട്ടുന്ന മാലിന്യങ്ങളെ വൻനദികളും, വിശാലമായ ആകാശവും, പ്രസരിപ്പും പരിശുദ്ധിയുമുള്ള വായുവും, കഴുകി നിർമ്മലമാക്കുന്നു.

കുടിയേററത്തിന്റെ അലകൾ പശ്ചിമാഭിമുഖമായി അടിച്ചുകൊണ്ടിരുന്നു—ആദ്യമായി മലയനും, വേടനും, പിന്നീട് പ്രാരംഭകുടിയേററക്കാർ, ഒടുവിൽ സ്ഥിരകർഷകനും, അവയുടെ പരിണതഫലമായി ഒറ്റതിരിഞ്ഞു് അങ്ങിങ്ങായി ഉണ്ടായിരുന്ന ഭവനങ്ങൾ പട്ടണങ്ങളും, നഗരങ്ങളുമായിത്തീർന്നു.

നാലു പ്രധാന പാതകളുള്ളതിൽ ഏതെങ്കിലും ഒന്നിൽക്കൂടിയായിരുന്നു ആദ്യത്തെ പശ്ചിമാഭിമുഖപ്രയാണം. ദക്ഷിണ അററ്ലാന്റിക്ക് സംസ്ഥാനങ്ങളിൽനിന്നു മെക്സിക്കൻ ഉൾക്കടൽതീരം വഴിക്കു് ഒന്നു്; ദക്ഷിണപർവ്വതങ്ങൾവഴിയായി ടെന്നേഡിയിലേക്കും പഴയ ദക്ഷിണദേശങ്ങളിലേക്കും ഉള്ള വേറൊന്നു്; ഓഹിയോ താഴ്വരയിലേക്കുള്ള മൂന്നാമതൊന്നു്;

ഗ്രേറ്റ് ലേക്ക്സിൻെറ തീരംവഴിക്കുള്ള മറെറാന്നും. ഈ മാർഗ്ഗങ്ങളിലൂടെയാണ് അവർ നീങ്ങിയതു്. ഈ പ്രധാനപാതകളിൽനിന്നും അനുകൂലതരമെന്നുതോന്നിയ ദേശങ്ങൾ നോക്കി ശാഖോപശാഖകളായി അവരുടെ ഗതി തിരിഞ്ഞു. 1840–ാം കൊല്ലങ്ങളിൽ പടിഞ്ഞാട്ടുള്ള ആ പെരുമ്പാത പെസഫിക്ക് തീരത്തേക്കു നീങ്ങിക്കൊണ്ടിരിക്കുമ്പോൾ, മലയിടുക്കുകൾവഴിയും സമതലങ്ങൾവഴിയും ചില പാതകൾകൂടി ഉണ്ടാകണമെന്നു ഭൂമിശാസ്ത്രം വിധിച്ചു. ഏറെനാൾ കഴിയുംമുമ്പുതന്നെ സമതലസംസ്ഥാനങ്ങളിലും ജനങ്ങൾ വന്നു നിറഞ്ഞു.

ആദ്യത്തെ കുടിയേറ്റക്കാർ പടിഞ്ഞാട്ടു പ്രയാണം തുടന്നപ്പോൾ അവരുടെ സ്ഥാനങ്ങൾ പുതുകുടിയേറ്റക്കാരായ കൃഷകർ കൈക്കലാക്കി. 1820—1830 കൊല്ലങ്ങളിലും 1830—1840 കൊല്ലങ്ങളിലുമായി പശ്ചിമന്യൂയോർക്കിലും, പെൻസിൽവേനിയായിലും ഓഹിയോയിലും അങ്ങനെ ഒഴിവുവന്ന സ്ഥലങ്ങൾ അവക്കു കിട്ടി. 1840—1850 കാലത്തു് മിസൂറിയിലേക്കും, ഇല്ലിനോയിയിലേക്കും ദക്ഷിണവിസ്കോൺസിനിലേക്കും അവർ നീങ്ങി. 1850 മുതല്ക്കും 1860 മുതല്ക്കുമുള്ള ദശവർഷങ്ങളിൽ അവർ കിഴക്കൻ അയോവായിലും മിന്നെസോട്ടായിലും എത്തിക്കഴിഞ്ഞു. 1870—1880 കൊല്ലങ്ങൾക്കിടയിൽ അവർ പ്രെയറിസംസ്ഥാനങ്ങളിലായി.

അമേരിക്കൻപ്രകൃതത്തിൻെറ രൂപവല്ക്കരണത്തിൽ അതിർത്തിപ്രദേശം ഒരു പ്രധാനപങ്കു വഹിച്ചിട്ടുണ്ടെന്നുള്ളതു സുസമ്മതമായ ഒരു വാസ്തവംമാത്രമാണ്. അതു പുലർത്തിവന്ന സ്വാതന്ത്ര്യത്തേയും, ആത്മവിശ്വാസത്തേയും, വ്യക്തിത്വത്തേയും ഫ്രെഡറിക്ക് ജാക്സൺ ടർണർ പ്രസ്തുതാശയം ആവിഷ്കരിക്കുമ്പോൾ ഊന്നിപ്പറഞ്ഞിട്ടുണ്ടു്.

പശ്ചിമാഭിമുഖമായ നീക്കം പ്രാഥമികദശയിൽ ഒററയ്ക്കൊററയ്ക്കായിരുന്നു എങ്കിലും, പട്ടണങ്ങളും മറ്റും സ്ഥിരമായി സ്ഥാപിക്കേണ്ട കാലം വന്നപ്പോൾ സംഘടിതമായ കുടിയേററം അനിവാര്യമായിത്തീൎന്നു. ചില സന്ദർഭങ്ങളിലെല്ലാം ഈ സംഘടനകൾ, മേഫ്ളവർ ഉടമ്പടിയെ അനുസ്മരിച്ചുള്ള വ്യവസ്ഥകളോടെ, നിബന്ധനകൾ എഴുതി ഉണ്ടാക്കി. ചിലപ്പോഴെല്ലാം ഈവക സംഘടനകൾ വളരെ ചെറുതും, ഉററ

വർമാത്രം ഉൾപ്പെട്ടുന്നതും ആയിരുന്നതിനാൽ നിബന്ധനകൾ എഴുതിയുണ്ടാക്കേണ്ട ആവശ്യങ്ങൾ നേരിട്ടില്ല. സമതലങ്ങൾ കടന്നു് കാലിഫോർണിയ ലക്ഷ്യമാക്കി ഗമിക്കുന്ന 'വെസ്റ്റേൺ എമിഗ്രേഷൻ സംഘടന'യായാലും വേണ്ടില്ല, അയോവായിലെ ഓറിഗൺ എമിഗ്രേഷൻ സംഘടനയായാലും വേണ്ടില്ല, അവയുടെ വിജയപ്രദമായ നേതൃത്വത്തിനു് വ്യവസ്ഥാപിതസംഘടനകൾ നിർബ്ബന്ധിതമായിരുന്നു. സ്വർണ്ണത്തിനു വേണ്ടിയുള്ള ഓട്ടക്കാലത്തു് കാലിഫോർണിയയിൽ എത്തുവാനായി രൂപീകരിച്ച പല കമ്പനികൾക്കും വിശദമായ വ്യവസ്ഥകളും, ഏകീകൃതമായ വസ്തുങ്ങളും, ഡോക്ടർ, ഭൂഗർഭശാസ്ത്രജ്ഞൻ, പുരോഹിതൻ, യാന്ത്രികൻ മുതലായവരുൾപ്പെട്ടുന്ന സാങ്കേതികശാസ്ത്രജ്ഞസംഘവുമുണ്ടായിരുന്നു.

ആദിമ അമേരിക്കൻ സമുദായത്തിൻെറ സ്വഭാവവിശേഷങ്ങൾ അപരിഷ്കൃതവ്യക്തികളുടെ വൻപുപറച്ചിലിൽനിന്നല്ല കേൾക്കേണ്ടതു്. ധാന്യസംഭരണം, കമ്പിളിനെയ്ത്തു്, കരടിവേട്ട, റോഡുനിർമ്മാണം, കൊയ്ത്തുമെതി തുടങ്ങിയ അസംഖ്യങ്ങളായ സാമൂഹികപ്രവർത്തനങ്ങൾവഴിയായാണു് അതു മനസ്സിലാക്കേണ്ടതു്. ഈ സമ്പ്രദായത്തിലെ പരസ്പരസഹകരണം കഠിനയത്നങ്ങളെ വിനോദങ്ങളാക്കുന്നതിനും, മുഷിപ്പൻ സമയങ്ങളെ സാമൂഹികസമ്മേളനങ്ങളാക്കുന്നതിനും കാരണമാക്കി.

യൂറോപ്യൻ വൻകരയിൽനിന്നു വന്ന കുടിയേററക്കാർ പലപ്പോഴും ഒരു പ്രത്യേകഭാഗത്തു താവളമുറപ്പിക്കയും അതേ സംഘടനാസമ്പ്രദായത്തിൽ പള്ളികളും, സേവാസംഘങ്ങളും, ദിനപത്രങ്ങളും, സാംസ്കാരികപ്രവർത്തനങ്ങളും തുടങ്ങുകയും ചെയ്തു. ലോകമൊട്ടുക്കുള്ള ഗ്രാമീണസമുദായങ്ങളിൽ കണ്ടുവരാറുള്ള ഈദൃശ സഹകരണസംഘടനാസ്വഭാവം കുടിയേററക്കാരിൽ വൻഭൂരിപക്ഷത്തിനും സുപരിചിതമായിരുന്നു. തൻനാട്ടിൽ കൃഷകരായിരുന്ന അവർ വയലുകളിൽ പരസ്പരം സഹായിച്ചും, പങ്കുചേർന്നുള്ള പ്രയത്നങ്ങളിൽനിന്നും ലഭിച്ച അല്പമായ ആഹ്ലാദം അനുഭവിച്ചും കഴിഞ്ഞവരാണെന്നുള്ളതാണു് അതിനു കാരണം.

1882 വരെ കുടിയേററക്കാരിൽ ഭൂരിഭാഗവും ജർമ്മനി

യിൽനിന്നും, സ്കാൻഡിനേവിയായിൽനിന്നും, ബ്രിട്ടീഷ് ദ്വീപുകളിൽനിന്നുമാണു വന്നുകൊണ്ടിരുന്നതു്. ഇംഗ്ലീഷുകാരിൽ വളരെപ്പേർ മിസിസിപ്പി താഴ്‌വരയിലേക്കു പോകയും, ജർമ്മൻസമ്പ്രദായത്തിൽ വളന്നുകൊണ്ടിരുന്ന ആ പ്രദേശത്തു് ഇംഗ്ലീഷുസംസ്കാരം നിലനിത്തുവാൻ സഹായിക്കുകയും ചെയ്തു. 1896–നു ശേഷം ദക്ഷിണയൂറോപ്പിൽനിന്നും പൂവ്വയൂറോപ്പിൽനിന്നുമുള്ള ജനപ്രവാഹം ഉത്തരഭാഗത്തുനിന്നുള്ളതിനേക്കാൾ വളരെക്കവിഞ്ഞു്, ഒന്നാം ലോകമഹായുദ്ധത്തിനു മുൻപുള്ള പത്തുവഷങ്ങളിൽ ഒരു ജനപ്രളയമായിത്തീന്നു. കുടിയേററക്കാരിൽ വളരെപ്പേർ നാട്ടുവിട്ടതു നിർബ്ബന്ധിതസൈന്യസേവനത്തിൽനിന്നും രക്ഷനേടുവാനാണു്.

1849–ൽ നോർവീജിയക്കാരനായ ഒരു യുവാവു് എഴുതി: "നിങ്ങളുടെ അച്ഛൻ ആരെന്നോ അദ്ദേഹത്തിനു ജോലി എന്തെന്നോ ഇവിടെ ആരും ചോദിക്കാറില്ല. നിങ്ങളുടെ തൊഴിലെന്തു്, എന്നാണു് ഇവിടത്തെ ചോദ്യം. അമ്മയുടെ മുലപ്പാൽപോലെ നുണഞ്ഞിറക്കുന്ന വസ്തുവാണു് ഇവിടെ സ്വാതന്ത്ര്യം. ഐക്യനാട്ടുകളിലെ പൗരനു് അവൻ ശ്വസിക്കുന്ന വായുവിനു തുല്യം അതു് അതിപ്രധാനവുമാണു്."

ഇവിടെ തങ്ങളുടെ വേലയ്ക്കു കൂലിയുണ്ടു്; ആചാരങ്ങൾക്കു സ്ഥാനമുണ്ടു്; ഇഷ്ടമുള്ള വഴി പിന്തുടരാം എന്നീ കാരണങ്ങളാൽ ആളുകൾക്കു കുടിയേററം സ്വാഗതാർഹമായിരുന്നുവെങ്കിലും അവർ പൂണ്ണമായി തദ്ദേശീയരാകുകയില്ലാ എന്ന ബോധം അവരെ പീഡിപ്പിച്ചു. സ്വഹിതാനുസരണം സ്വസംസ്കാരത്തിൽനിന്നും വേർപിരിഞ്ഞ അവർ ആ പുതിയ സംസ്കാരത്തിലും പുതുപ്പുള്ളികളായി മാറിനിന്നു. ഈ നിമ്മൂലാവസ്ഥ അമേരിക്കൻ സംസ്കാരത്തിൽ കാര്യമായ ഫലങ്ങൾ ജനിപ്പിച്ചിട്ടുണ്ടു്.

കുടിയേറ്റക്കാരൻ ഇരുപാശ്വങ്ങളിലേക്കുമുള്ള വടംവലിയിൽപ്പെട്ടു. ഗ്രാമീണജീവിതത്തിന്റെ സുഖവും തൃപ്തിയും അവനു നഷ്ടപ്പെട്ടു. എങ്കിലും, യാഥാത്ഥ്യങ്ങളെ നേരിട്ടപ്പോൾ, അവനു ബോദ്ധ്യമായി, താൻ ആ ജീവിതത്തിനപ്പുറം കടന്നിരിക്കുന്നു എന്നു്. അവന്റെ പഴയ സ്വഭാവവിശേഷങ്ങളുടെ മേൽ ആക്രമണം നടക്കുന്നു എന്നു് അവനു തോന്നിത്തുടങ്ങി.

ആ കാരണത്താൽ അവയെ എതിൎത്തു സംരക്ഷിക്കുവാൻ അവൻ നിൎബ്ബന്ധിതനുമായി. അമേരിക്കൻ രീതികൾ സ്വീകരിച്ച് ഒരു സുഖവാസദേശത്തു വാസമുറപ്പിച്ചാൽ ആവശ്യമില്ലാത്തിടത്തു തള്ളിക്കേറി എന്നു പുച്ഛിച്ച് അവനെ തള്ളിമാറ്റി എന്നു വരാം.

*സംസ്കാരാദിപ്രസരം*

അതുകൊണ്ട് അവൻെറ ആശ സന്താനങ്ങളിലായി. പക്ഷേ, അതിലും അവനു വിഷമത നേരിട്ടു. കുട്ടികൾ വാസ്തവത്തിൽ അമേരിക്കാക്കാരാണ്. സ്വന്തം നാട്ടിലെ പഴയ സംസ്കാരവും രീതികളുമെല്ലാം അവരേയും പഠിപ്പിക്കുവാൻ കുടിപാൎപ്പുകാരൻ ശ്രമിക്കുമ്പോൾ അവരതു വെറുക്കും. ഇംഗ്ലീഷു ജന്മത്തിനും സംസ്കാരത്തിനും കൂടുതൽ ബഹുമതി പാഠശാലയിൽ ലഭിക്കുന്നതായി അവർ കാണും; അതേ അവസരത്തിൽ കളിസ്ഥലത്തു ഗൃഹസംസ്കാരം കാണിക്കുന്ന പല പദങ്ങളും ആണ് അവർ കേൾക്കുക.

എല്ലാ കുട്ടികൾക്കും സഹജമായുള്ളതുപോലെ അവൎക്കും ആശയുണ്ട് നാടിനോടൊട്ടിച്ചേരാൻ. മാതാപിതാക്കന്മാർ പഴയ സമ്പ്രദായങ്ങളോടു പററിപ്പിടിച്ചിരിക്കുകയാണ്. രണ്ടാം തലമുറ നിരസനകൎമ്മം നിൎവ്വഹിച്ചു. ആ നിരസനം അമേരിക്കൻസമ്പ്രദായത്തിൻെറ ഒരു ഭാഗമായിത്തീൎന്നിട്ടുണ്ടെന്നു് മൂന്നാം തലമുറയ്ക്കു മനസ്സിലായി.

തങ്ങൾക്ക് അംഗീകാരം സിദ്ധിക്കുമെന്നുള്ള ആശയാണു സാധാരണയായി അമേരിക്കൻകുട്ടികൾക്കു് രാഷ്ട്രീയമനോഭാവമുണ്ടാക്കുന്നതു്. രാഷ്ട്രീയതത്വത്തിൻെറ ഒരു പ്രധാന നിദാനമിതാണെന്നു താൽക്കാലികരംഗങ്ങളിൽനിന്നും നിരീക്ഷകർ കാണുന്നുണ്ട്. സ്വന്തം ഉല്പത്തിയുടെ പരിഹാസ്യതയിൽനിന്നു് ഉയൎന്നുനില്ക്കാനും, തങ്ങളെ പുച്ഛിക്കുന്നവരെ എതിരിടുവാനുമായി ചെറുപ്പക്കാർ സംഘങ്ങൾ രൂപീകരിച്ചുവന്നു. ആ സംഘങ്ങൾ വിപ്ലവസംഘങ്ങളായി രൂപം പ്രാപിച്ചു. തടിമിടുക്കല്ലാതെ മററു യോഗ്യതകളൊന്നുമില്ലാത്ത ചെറുപ്പക്കാർ വിജയത്തിനുവേണ്ടിയുള്ള അമേരിക്കയുടെ ആഹ്വാനത്താൽ പ്രേരിതരായി രാഷ്ട്രീയകാൎയ്യങ്ങളോടടുത്തു. കായശക്തിക്കു്

അന്നവിടെ ആവശ്യവുമായിരുന്നു. അങ്ങനെ അവർ ഔന്നത്യത്തിലേക്കു പടികയറുവാൻ തുടങ്ങി. ഫുട്ബാൾ കളിയിലെ ഉച്ചരിക്കുവാൻ വയ്യാത്ത പോളിഷ്പേരുകളെപ്പററിയ തമാശകൾകൂടി അംഗീകൃതമാതൃകയായിത്തീരത്തക്കവണ്ണമായിരുന്നു കളിയിലുള്ള അവരുടെ കയററം. ബുദ്ധിയുള്ള ചെറുപ്പക്കാരിൽ പലരും വിദ്യാഭ്യാസസൗകര്യങ്ങളെ ഉപയോഗപ്പെടുത്തി തൊഴിലുകളിൽ ചേർന്നു ബഹുമാന്യത നേടി.

മാതാപിതാക്കന്മാരുടെ വിദേശപാരമ്പര്യം പരിത്യജിച്ച് വിവാഹബന്ധങ്ങളിലേർപ്പെടുവാൻ അവർ തിടുക്കം പൂണ്ടു. അതുമൂലം കുടുംബബന്ധങ്ങൾ ഉപേക്ഷിക്കാമെന്നും, തനതായ ഒരു കുടുംബം—അമേരിക്കൻകുടുംബം—സ്ഥാപിക്കാമെന്നുമായിരുന്നു അവരുടെ ആശ. പ്രണയം വിമോചനത്തിന്റെ ഒരു ചിഹ്നമായി. അമേരിക്കാക്കാരനാവുന്നതിനുള്ള അവസാന കാൽവയ്പായിരുന്നു അതു്. അങ്ങനെ അമേരിക്കൻ സ്വഭാവവിശേഷത്തോടു് ഒരു കണ്ണികൂടിത്തൊടുത്തു. ഒരു കുടുംബത്തിന്നടിസ്ഥാനം പ്രണയബദ്ധരായ ദമ്പതികളാണെന്നും അല്ലാതെ ഒരു വിസ്തൃതകുടുംബമല്ലെന്നും ഉള്ള ആശയം അതുമൂലമുത്ഭവിച്ചു.

തലമുറകൾ തമ്മിലുണ്ടായ വേദനാജനകമായ ഈ വേർപാടു് വിദേശീയ മാതാപിതാക്കന്മാർക്കു ജനിച്ചവർക്കും അവരുടെ സന്താനങ്ങൾക്കും അതിദുസ്സഹമായിരുന്നു. ചിലർക്കു് അതു സഹിക്കുവാൻപോലും കരുത്തില്ലാതായി. നിർദ്ധനത്വം, ക്ഷോഭം, ചൂതുകളി, പാതകങ്ങൾ, ബുദ്ധിഭ്രമം മുതലായവയ്ക്കുപോലും അതിടയാക്കി. എങ്കിലും ഓരോ പരാജയത്തിനും ഒരു ഡസൻവീതം വിജയങ്ങളുമുണ്ടായി. പൊതുവെ, കുടിയേററക്കാർ ഗണ്യമായവിധം അമേരിക്കാക്കാരായി. ഇതു ബോദ്ധ്യമാവാൻ, ബ്രസീലിലോ, ന്യൂസൗത്ത്വെയിൽസിലോ ഉള്ള ജർമ്മൻസന്താനങ്ങളേയും ഐക്യനാടുകളിലുള്ള അതേ പരമ്പരയേയും താരതമ്യപ്പെടുത്തിയാൽ മാത്രം മതി. ബ്രസീലിൽ ഇന്നും അവർ ചിന്തിക്കുന്നതും സംസാരിക്കുന്നതും വോട്ടുചെയ്യുന്നതും ജർമ്മൻപാരമ്പര്യത്തിലാണു്. ന്യൂസൗത്ത്വെയ്ൽസ് ഇംഗ്ലീഷ്സമുദായത്താൽ ചുററപ്പെട്ടിരിക്കുന്നുവെങ്കിലും മിസ്സൗ

റിയേക്കാൾ കൂടുതൽ ജമ്മൻരീതിയിലുള്ളതാണ്. അതിനു കാരണമെന്തു്?

ജോൺ ഡെഫോറാറിയുടെ കഥ ചിന്തിക്കാം. ഒൻപതു വയസ്സിൽ അവൻ ബോസ്റ്റൺതെരുവുകളിൽ പഴംവിററു നടന്നു. അച്ഛൻ ഇററലിയിൽനിന്നും കുടിയേറിവന്നതാണ്. അയാളുടെ എട്ടു മക്കളിൽ മൂത്തവനാണ് ജോൺ. ബോസ്റ്റണിലെ ധനികകുടുംബങ്ങൾ സ്റ്റേററ്സ്ട്രീററ്ഭാഗത്താണെന്നും, പണം കൂടുതലുള്ള സ്ഥലങ്ങളിലേ തനിക്കു കച്ചവടം നന്നായിരിക്കു എന്നും ആ കുട്ടി ഊഹിച്ചു. പഴങ്ങളെല്ലാം വിററു തീരുമ്പോൾ അവൻ വീട്ടിലേക്കു മടങ്ങി കിട്ടിയ പണമെല്ലാം അച്ഛനെ ഏല്പിക്കും.

എട്ടു ക്ലാസ്സുകൾ കഴിഞ്ഞപ്പോൾ പാഠശാലവിട്ടു എങ്കിലും അവൻ പഠിത്തം മുടക്കു തുടന്നു. സ്റ്റേററ്സ്ട്രീററിലുള്ള അവൻെറ കുററിക്കാർ തൊഴിലുകളിൽ പണം നിക്ഷേപിച്ചാണ് ധനവാന്മാരാകുന്നതെന്നു് അവൻ മനസ്സിലാക്കി. അതിന്റെ രീതികൾ പഠിക്കുന്നതിനു വായനശാലകളിൽനിന്നും പുസ്തകങ്ങൾ എടുത്തു്, പഴക്കച്ചവടത്തിനിടയിലും, അവൻ പഠിച്ചുവന്നു. പതിനാറാം വയസ്സിൽ ഒരു വണ്ടിയും കുതിരയും വാങ്ങുവാൻ അവനു പ്രാപ്തിയുണ്ടായി. മൂന്നു കൊല്ലങ്ങൾക്കു ശേഷം ഫെനൂൽഹാളിനു സമീപം പഴങ്ങളുടെ ഒരു മൊത്ത വ്യാപാരശാല തുറന്നു. ഇടപാടുകൾക്കു നിയമദൃഷ്ട്യാ അവനു പ്രായപൂത്തി എത്തിയിട്ടില്ലായിരുന്നതിനാൽ ആ വ്യാപാരശാല അവൻെറ അച്ഛൻെറ പേരിലാണ് നടത്തിവന്നതു്. ഏറെത്താമസിയാതെതന്നെ തിരക്കുപിടിച്ച വ്യാപാരം അവിടെ നടക്കാൻ തുടങ്ങി. 1890-ൽ ബോയിൽസ്റ്റൺതെരുവിൽ കുറേ വലിയ തോതിൽ ഒരു വ്യാപാരശാലകൂടി ജോൺ തുറന്നു. പഴങ്ങൾ, നിക്ഷേപം, ഭൂസ്വത്തു്, നിയമം, വ്യവസായപ്രമുഖന്മാരുടെ ജീവചരിത്രങ്ങൾ മുതലായ താല്പര്യമുള്ള വിഷയങ്ങളെ സംബന്ധിച്ച പുസ്തകങ്ങൾ വാങ്ങിവാങ്ങി രാത്രിതോറും അയാൾ വായിച്ചുപഠിക്ക് പതിവായിരുന്നു. വിദേശങ്ങളിൽനിന്നും ഭ്രമം തോന്നിക്കുന്ന പഴങ്ങൾ ഇറക്കുമതി ചെയ്തു് ഹോട്ടലുകളിലും, വിശ്രമശാലകളിലും കപ്പലുകളിലും

ധനികകുടുംബങ്ങളിലും വിററാൽ ധാരാളം പണമുണ്ടാക്കാമെന്നു് അയാൾ ആലോചിച്ചുറച്ചു.

മുടക്കത്തക്ക പണം ഉണ്ടായപ്പോഴേക്കും ദീർഘകാലപഠനം ചില മൗലികനിഗമനങ്ങളിൽ അയാളെ എത്തിച്ചു. അടിയിൽനിന്നും വേലചെയ്തു പടിപടിയായി ഉയർന്നിട്ടുള്ളവർ നടത്തുന്നവ മാത്രമേ നിക്ഷേപാർഹങ്ങളായ വ്യവസായങ്ങളായിരിക്കു എന്നുള്ളതായിരുന്നു അതിൽ ഒന്നു്. "ആൾ യോഗ്യനെങ്കിൽ തൊഴിലും യോഗ്യമായിരിക്കും" എന്നു് അദ്ദേഹം സമർത്ഥിച്ചു. പണം ഭൂസമ്പാദനത്തിനു മുടക്കുന്നതായിരിക്കും ഏററവും സുരക്ഷിതമായ മാർഗ്ഗം എന്നതായിരുന്നു അദ്ദേഹത്തിന്റെ മറെറാരു നിഗമനം. അതനുസരിച്ചു ചെറുവീടുകൾ വിലയ്ക്കു വാങ്ങി, അവ പുതുക്കി അദ്ദേഹം മുറികൾ വാടകയ്ക്കു കൊടുത്തുവന്നു.

എൺപതാമത്തെ വയസ്സിൽ ജോൺ ഡെഫേറാറിക്കു നാല്പതുലക്ഷം ഡോളർ സ്വത്താണുണ്ടായിരുന്നതു്. മരണത്തെ ജയിച്ചു് എന്നാളും ജീവിച്ചിരിപ്പാൻ സാദ്ധ്യമല്ലാ എന്നു് അദ്ദേഹത്തിനറിയാമായിരുന്നു. അതിനാൽ ആ വമ്പിച്ച സ്വത്തു് എങ്ങനെ വിനിയോഗിക്കണമെന്നു ഡെഫേറാറി ആലോചിച്ചുതുടങ്ങി. മററുള്ളവർ ആവക സന്ദർഭങ്ങളിൽ എന്താണു ചെയ്തിട്ടുള്ളതെന്നു പഠിക്കുവാൻ അദ്ദേഹം വീണ്ടും വായനശാലകളിൽ പോയി ഗ്രന്ഥങ്ങൾ വായിച്ചുതുടങ്ങി. പക്ഷേ, വായിച്ചതൊന്നും അദ്ദേഹത്തെ തൃപ്തനാക്കിയില്ല. ബോസ്റ്റണിലെ ചെറുപ്പക്കാർക്ക്—തന്നെപ്പോലെതന്നെ പുരോഗമനാശയും പ്രയത്നശീലവും ഉള്ളവർക്ക്—എന്തെങ്കിലും കാര്യമായി ചെയ്യേണമെന്നായിരുന്നു അദ്ദേഹത്തിനാഗ്രഹം. അദ്ദേഹം ചെറുതുകകളായി പണം നിക്ഷേപിച്ചിരുന്ന ബാങ്കുകളിലെല്ലാം ഇതു സംബന്ധിച്ചു നയത്തിൽ ചോദ്യംചെയ്തു വിവരങ്ങൾ ആരാഞ്ഞു. ആർക്കും അറിവുണ്ടായിരുന്നില്ല, ആ കിഴവൻ ലക്ഷപ്രഭുവാണെന്നു്.

ഒടുവിൽ ഇഷ്ടപ്പെട്ട ഒരു സ്വത്തുസംരക്ഷണോദ്യോഗസ്ഥനെ അദ്ദേഹം കണ്ടുപിടിച്ചു തൻെറ ഉദ്ദേശ്യങ്ങൾ പറഞ്ഞു: "എനിക്കുള്ളതെല്ലാം ബോസ്റ്റൺ തന്നതാണു്. ബോസ്റ്റണിലെ പാവപ്പെട്ട കുട്ടികൾക്കുവേണ്ടി എനിക്കു് എന്തെങ്കിലും

ചെയ്യണം. ഫലപ്രദമായ രീതിയിൽ ജീവിതം വിനിയോഗിക്കുവാൻ മനുഷ്യസമുദായത്തെ എനിക്കു പ്രോത്സാഹിപ്പിക്കണം.''

തന്നെ സഹായിച്ച ഗ്രന്ഥാലയത്തിനു പത്തുലക്ഷം ഡോളർ ജോൺ ഡെഫേറാറി സംഭാവനചെയ്തു. ആ സംഖ്യ ഉചിതമായ നിക്ഷേപങ്ങൾമൂലം ഇരട്ടിക്കുമ്പോൾ തൻെറ നാമധേയത്തിൽ കെട്ടിടത്തിന് ഒരു കൂട്ടഗൃഹം പണിയുന്നതിനും അദ്ദേഹം വ്യവസ്ഥചെയ്തു. വീണ്ടും ആ തുക ഇരട്ടിക്കുമ്പോൾ അതിൻെറ ആദായം രക്ഷാധികാരികൾക്കു യുക്തംപോലെ ചെലവഴിക്കാമെന്നും അദ്ദേഹം നിർദ്ദേശിച്ചിരുന്നു.

സ്വപ്രയത്നംകൊണ്ടുയർന്ന ആ കുടിയേറ്റക്കാരന്റെ പുത്രൻ, ഇത്രയും വമ്പിച്ച സംഭാവന നടത്തിയശേഷം ഒരൊതുങ്ങിയ ജീവിതമാണ് വീണ്ടും തുടർന്നത്. തൻെറ അനവധി വീടുകളിൽ ഒന്നിലെ ആഡംബരരഹിതമായ ഒരു മുറിയിൽ മേൽവിലാസം പുറത്തറിയിക്കാതെ അദ്ദേഹം കഴിച്ചുകൂട്ടി.

ജോൺ ഡെഫേറാറിയുടെ ജീവിതപരിമിതികൾ, അമേരിക്കൻസ്വഭാവത്തെ തെളിയിക്കുന്നതായി അദ്ദേഹം കരുതിയ സാമ്പത്തികവിജയത്തെപ്പോലെതന്നെ വിജ്ഞാനപ്രദമാണ്. കാരണവന്മാരുടെ പിശുക്ക് അദ്ദേഹം ഉപേക്ഷിച്ചില്ല. അനാവശ്യമായി ഒരു കാശുപോലും അദ്ദേഹം വ്യയം ചെയ്തിരുന്നില്ല. നടന്നെത്താവുന്ന ദൂരമേയുള്ളുവെങ്കിൽ വണ്ടി വേണ്ട; സ്വന്തം സാധനങ്ങളുടെ റിപ്പേർ തന്നെത്താൻ നടത്തും; കണക്കെഴുത്തു തന്നെത്താനാണ്; ടെലഫോൺ അദ്ദേഹത്തിനു വേണ്ട; നേരിട്ടുചെന്നു കാര്യം സാധിക്കേണ്ടിടത്തു എഴുത്തുംകൊടുത്ത് ആളയയ്ക്കു പതിവില്ല. പാചകവേല തന്നെത്താനാണ്; യാതൊരുവിധമായ സുഖലോലുപത്വങ്ങളും അദ്ദേഹത്തെ തീണ്ടിയിട്ടില്ല. അദ്ദേഹം വിവാഹം കഴിച്ചിരുന്നതുമില്ല.

അമേരിക്കൻവിജയത്തിൻെറ അടിസ്ഥാനം പ്രകൃതിവിഭവങ്ങളുടേയും, വ്യവസായസൗകര്യങ്ങളുടേയും സംയോജനമായിരുന്നു. കഠിനയത്നംചെയ്തു സമ്പാദിച്ചതിനെ ധൂർത്തടിക്കുവാനുള്ള ആഗ്രഹത്തിനേയും കഴിവിനേയും ഇല്ലായ്മചെയ്തു് വിജയലക്ഷ്യത്തിലേക്കുള്ള അവൻെറ പോരാട്ടം മാത്ര

മാണ്. കുടിയേററഭീതിയും, പുറംതള്ളലും, ഹൃദയഭാരവും ഒഴിഞ്ഞുമാറി ഒരു തലമുറയ്ക്കുശേഷമേ, വിജയാടിസ്ഥാനത്തോടനുബന്ധിച്ച വ്യക്തമായ പരിപാടികൾ കണ്ടെത്താറാകു.

ഒന്നാംലോകമഹായുദ്ധത്തിനുശേഷം പല അമേരിക്കാക്കാർക്കും തോന്നി, യൂറോപ്പിൽനിന്നുള്ള ജനപ്രവാഹം തടയുകയോ കുറയ്ക്കുകയോ ചെയ്യേണ്ടകാലം ആയി എന്നു്. ആകെ ജനസംഖ്യയുടെ എട്ടിലൊന്നു് വിദേശങ്ങളിൽ ജനിച്ചവരായിരുന്നു. അവരിൽ മുക്കാൽ ഭാഗവും നഗരങ്ങളിലാണു് അധിവസിച്ചിരുന്നതു്. വൃത്തിഹീനമായ കുടിൽക്കൂട്ടങ്ങളിലായിരുന്നു അവർ തിങ്ങിപ്പാർത്തതു്. അതിനാൽ ദുർമ്മാർഗ്ഗങ്ങളിലും പാതകങ്ങളിലും അവരുടെ സന്താനങ്ങൾക്കു് പതിക്കുവാൻ വളരെ സൗകര്യങ്ങളുമുണ്ടായിരുന്നു.

ഈവക സാമുദായികപ്രശ്നങ്ങളേയും, യുദ്ധാനന്തരതിക്തഫലങ്ങളാൽ നേരിടേണ്ടിവന്ന അവശതകളേയും പരിഗണിച്ചു് കുടിയേററപ്രസ്ഥാനത്തിൽ സുശക്തമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തണമെന്നു് അമേരിക്കൻജനങ്ങൾ നിശ്ചയിച്ചു. കോൺഗ്രസ്സു് 1921-ലും വീണ്ടും 1924-ലും ഈ ആൾത്തള്ളൽ നിയന്ത്രിച്ചു. 1929-ൽ വിദേശികൾക്കുള്ള രാഷ്ട്രീയക്ലിപ്തത നടപ്പിൽവരുത്തി. ബ്രിട്ടീഷ്ദ്വീപുകൾക്കും ഉത്തരയൂറോപ്പിനുമാണു് അതുമൂലം കൂടുതലായ ഗുണമുണ്ടായതു്. ആണ്ടുകാലം മൊത്തം അനുവദിച്ചിരുന്ന സംഖ്യ 150,000-ത്തോളമായിരുന്നെങ്കിലും, നേരത്തെ വന്നവരുടെ കുട്ടികൾ മുതലായവരടക്കം വാസ്തവത്തിൽ വന്നുചേരുന്നവർ ക്ലിപ്തതുകയിലും വളരെക്കൂടുതലായിരുന്നു.

### *കുടിയേററവും അമേരിക്കൻസംസ്കാരവും*

അമേരിക്കൻസംസ്കാരത്തിന്റെമേൽ കുടിയേറ്റപ്രസ്ഥാനം ഉണ്ടാക്കിയ ആദ്യഫലം 'പഴയ ലോക'ത്തിന്റെ ലക്ഷ്യങ്ങളെ അന്ധമായി സഹായിപ്പാൻ വെമ്പുന്ന ഒരുതരം ദേശഭക്തി വർദ്ധിപ്പിച്ചതാണു്. രണ്ടാംതലമുറയോടെ പൂർവ്വികദേശങ്ങളുമായുള്ള കെട്ടുപാടുകൾ തിരസ്കരിക്കപ്പെട്ടു. ഇതിനു യുദ്ധം നടന്നില്ലെന്നുമാത്രം. ഈ തിരസ്കരണമാണു് അമേ

രിക്കയെ മുഖ്യമായും ഒററപ്പെട്ടത്തിയതു്. എന്നാൽക്കൂടി സാമ്രാജ്യാധികാരത്തിൽനിന്നും രക്ഷനേടുന്നതിന്നോ, ഉന്നതജീവിതനിലവാരം സമ്പാദിക്കുന്നതിനോ ഇപ്പോൾ വഴക്കടിച്ചുകൊണ്ടിരിക്കുന്ന എല്ലാ ഭാഗങ്ങളിലേയും സ്ത്രീപുരുഷന്മാർ അമേരിക്കായുടെ ഇന്നത്തെ ശക്തി വളൎത്തുവാൻ സഹായിച്ചിട്ടുണ്ടെന്നുള്ള അറിവു് ലോകകാൎയ്യങ്ങളിൽ ഇടപെടാനുള്ള ധാൎമ്മികബാധ്യത അമേരിക്കക്കു നൽകുന്നുണ്ടു്. ഈ തോന്നലിനെ ഒരു ദീർഘകാലഫലമായി കണക്കാക്കണം.

തീവണ്ടിപ്പാതകളും നഗരങ്ങളും രാജപാതകളും നിൎമ്മിക്കുന്നതിനും, ശുദ്ധ കാർഷികസമ്പദ്‌വ്യവസ്ഥയെ അങ്ങേയററം വ്യവസായവൽക്കരിക്കുന്നതിനും ആവശ്യമായ തൊഴിലാളികളെ കുടിയേററം രാജ്യത്തിനു നൽകി. ദുർഭൂമിയാക്കിത്തള്ളിയിരുന്ന പ്രദേശങ്ങൾ കുടിയേററക്കാർ കൈവശമെടുത്തു് ഫലഭൂയിഷ്ഠങ്ങളാക്കി.

അസംസ്കൃതഭക്ഷ്യസാധനങ്ങൾ നൽകുന്നതിനുമാത്രമല്ല, അമേരിക്കൻപാചകത്തിനു പലവിധ പരിഷ്ക്കാരങ്ങൾ വരുത്തുന്നതിനും പുതിയ അമേരിക്കാക്കാൎക്കു കഴിഞ്ഞു. പാചകരീതിയിൽ പല പുതുവിഭവങ്ങളും പരക്കെ പ്രചരിച്ചുകഴിഞ്ഞു.

കലക്കും കുടിയേററക്കാർ കണക്കില്ലാതെ സംഭാവനകൾ ചെയ്തിട്ടുണ്ടു്. നമ്മുടെ ആദികാലഗ്രന്ഥകാരന്മാരിൽ വളരെപ്പേർ ഇംഗ്ലീഷുഭാഷയെ മററു ഭാഷാപാരമ്പൎയ്യങ്ങളുമായി സംയോജിപ്പിച്ചു. ആദ്ധ്യാത്മികഗാനങ്ങൾകൊണ്ടും അമേരിക്കൻസംഗീതത്തെ നീഗ്രോകൾ പോഷിപ്പിച്ചിട്ടുള്ളതു് പ്രാധാന്യമർഹിക്കുന്നു. ഇന്നു നമ്മൾക്കുള്ള ചില ഒന്നാംകിട ഗായകന്മാരും ഗ്രന്ഥകാരന്മാരും നീഗ്രോകളാണു്. ജൎമ്മൻകാരും ഇററലിക്കാരും തങ്ങളുടെ ഗീതവാസനയും കൂടെക്കൊണ്ടുപോന്നു. നമ്മുടെ വാദ്യമേളങ്ങളിലും ഗായകസംഘങ്ങളിലും അവരിൽപ്പെട്ട ധാരാളമാളുകളുണ്ടു്.

ഉല്പന്നനിൎമ്മാണനിയന്ത്രണത്തിലും, ശാസ്ത്രീയവും കലാപരവുമായ നേട്ടങ്ങൾക്കു് ജനങ്ങൾക്കിടയിൽ പ്രചാരം വരുത്തുന്ന കാൎയ്യത്തിലും ജൂതന്മാർ വലിയ സഹായം ചെയ്തിട്ടുണ്ടു്. വ്യാപാരികൾ എന്ന നിലയിൽ അവർ വസ്ത്രശാലകൾ തുടങ്ങിയും, ഇരുമ്പുകടകൾ പലചരക്കുകടകൾ മുതലായ ചില്ലറ

ക്കച്ചവടങ്ങൾ തുടങ്ങിയും നാടാകെപ്പരന്നു. വച്ചുവാണിഭക്കാരുടെ പാരമ്പര്യമുള്ള പല കുടുംബങ്ങളും മൂലധനം മുടക്കാതെ തന്നെ ഇന്നു കുബേരന്മാരായിട്ടുണ്ട്. സ്ട്രാസ്, ഗിംബൽ, ഗുഗ്ഗൻഹീം, ഫ്രോമാൻ, റോസൻവാൾഡ് എന്നീ കുടുംബങ്ങൾ ഉദാഹരണം. അമേരിക്കൻജീവിതത്തെ സമ്പന്നമാക്കിയ അനേകായിരം ജൂതന്മാരിൽ സുപ്രീംകോടതിജഡ്ജിമാരും, നോബൽസമ്മാനാർഹന്മാരും, നൃത്തകലാലയക്കാരും, ഗാനരചയിതാക്കളും, നാടകകൃത്തുകളും, ചലച്ചിത്രനേതാക്കളും, സർക്കാരുദ്യോഗസ്ഥന്മാരും വ്യവസായപ്രമുഖന്മാരും ഉൾപ്പെടുന്നു.

കുടിയേററംമൂലമുണ്ടായ വൈദേശികോല്പത്തിയുടെ കൂടുതൽ രമണീയമായ അനന്തരഫലങ്ങളിൽ ഒന്നാണ് വർണ്ണശബളമായ വൈവിധ്യം. ഇന്നും ന്യൂ ഇംഗ്ലണ്ടിലും ദക്ഷിണഭാഗങ്ങളിലുള്ള മലംപ്രദേശങ്ങളിലും പ്രാചീന ബ്രിട്ടീഷ്വർഗ്ഗത്തിൽപ്പെട്ട ജനങ്ങൾ വസിക്കുന്ന ചെറുപട്ടണങ്ങളുണ്ട്. വളരെ അപൂർവ്വമായി മാത്രം കാണപ്പെടുന്നതിനാൽ അവർ വളരെ കൗതുകപ്രദരായിത്തീർന്നിട്ടുണ്ട്. ന്യൂ മെക്സിക്കോയിലെ ഹിസ്പാനോ–അമേരിക്കൻസമുദായംപോലെയും, ചൈനാ ടൗണുകൾ, ചെറു ടോക്കിയോകൾ, ചെറു ഇററലികൾ, എന്നിവപോലെയും അവർ അസാധാരണ കാഴ്ചകളാണ്. ഒരു പന്ത്രണ്ടു പശ്ചാത്തലങ്ങളുടെ സംയോഗമാണ് മാതൃകാപരമായ ഒരമേരിക്കൻരംഗം.

ഒരു ചെറുപട്ടണത്തിലെ പ്രധാന തെരുവു നോക്കുക. ഉദാഹരണത്തിനു് വെർമണ്ടിലെ ബന്നിങ്ടൺ. പഴക്കച്ചവടങ്ങളും, മധുരപലഹാരങ്ങളും, വേവിച്ച സാധനങ്ങളും കൈകാര്യം ചെയ്യുന്ന ചന്ത ഗ്രീസുകാരുടെയാണ്. ഭേദപ്പെട്ട രണ്ടു ഭക്ഷണശാലകളും, നോർത്തുസ്ട്രീററിലേക്കുള്ള തിരിവിൽ കാണുന്ന തയ്യൽക്കടയും അവരുടേതാണ്. ചെരുപ്പുതുന്നുന്ന കട ഒരു ഇററാലിയൻകുടുംബമാണു നടത്തുന്നതു്. സിഗരററു വില്പനശാല ഒരു സിസിലിക്കാരന്റേതാണ്. ഒരിരുമ്പുകടയും, ഒരു വൈദ്യശാലയും അനേകം തുണിക്കടകളും ജൂതന്മാരുടേതായിട്ടുണ്ട്. ഈ തൊഴിലിലെല്ലാം യാങ്കികളുടെ (അമേരിക്കാക്കാർ) പേരും കാണും. ഒരൊന്നാംതരം ചന്ത നടത്തുന്നതു്

ഒരു സിറിയാക്കാരനാണ്. ഇറച്ചിക്കട, പെട്രോൾക്കട മുതലായ ചില്ലറവ്യാപാരങ്ങളിൽ ഫ്രഞ്ചുകനേഡിയന്മാർ വ്യാപൃതരായിക്കാണാം. ഡച്ചുപാരമ്പര്യമുള്ള ഒരമേരിക്കാക്കാരനാണ് അവിടെ ഒരച്ചടിശാല നടത്തുന്നതു്. നിയമജ്ഞന്മാരുടെ കൂട്ടത്തിൽ ബാർബർ, ഹോൾഡൻ മുതലായ പേരുകളോടൊപ്പം അഗോസ്റ്റിനി, ലെവിൻ, മോറിസ്സെ എന്ന പേരുകളും നമ്മൾക്കു കേൾക്കാം. ഇവരിൽ പല കുടുംബക്കാരും അനേക തലമുറകളായി വെർമണ്ടിൽ കഴിയുന്നവരും മററുള്ളവർ അടുത്തകാലത്തു വന്നുചേർന്നവരുമാണ്. തൻനാട്ടിൽ ശണ്ഠകൂടിയും സമരംചെയ്തും ശതാബ്ദങ്ങളോളം കഴിച്ചിട്ടുള്ളവർ അമേരിക്കായിൽ ശാന്തമാനസന്മാരായി ഒന്നിച്ചു കഴിയുന്നു. ഇതൊരു ചില്ലറ നേട്ടമൊന്നുമല്ല.

ഇതു കൈവരുത്തുവാനുള്ള പ്രയത്നത്തിൽ, പ്രാദേശികാഘോഷങ്ങൾ, വിഗ്രഹാരാധനാസംഘടനകൾ, ഭാഷാപാഠശാലകൾ, പ്രത്യേക പ്രാർത്ഥനശാലകൾ ഇവയെ പ്രോത്സാഹിപ്പിക്കുകയാണോ, അതോ ഒരു പൊതുസംസ്കാരത്തിനു വേണ്ടി നിർബന്ധം ചെലുത്തുകയാണോ വേണ്ടതെന്നു് ഇന്നും നമ്മൾക്കു് തിട്ടം വന്നിട്ടില്ല. പൗരാണികനാട്ടാചാരങ്ങളെ വച്ചുപുലർത്തുന്നതാണോ, അതോ അവയെ കടമാന്തി എറിയുന്നതാണോ അമേരിക്കായ്ക്കു നേട്ടം?

നാം അതു രണ്ടും ചെയ്തിട്ടുണ്ടെന്നുള്ളതു് അമേരിക്കൻ സമീപനത്തിൻെറ വൈവിധ്യവും പ്രായോഗികതയും കാണിക്കുന്നതാകാം. ടൂലിപ്പ് ഉത്സവങ്ങൾ കഴിയുമ്പോൾ ഡച്ചുസമുദായം വീണ്ടും അമേരിക്കാക്കാരാകും, ഫ്ളോറിഡായിലെ ടാർപൺസ്പ്രിങ്സിൽ ഗ്രീക്കുകാർക്കു് സ്വന്തമായ ചില ആഘോഷങ്ങളുണ്ടു്. അവ കഴിഞ്ഞാൽ അവർ വീണ്ടും സിനിമയും ടെലിവിഷനും റോട്ടറിയുമുള്ള തനി അമേരിക്കാക്കാർതന്നെ. നഗരസഭകളിലും മററു പ്രാദേശികസ്ഥാപനങ്ങളിലും ഉദ്യോഗങ്ങൾ രണ്ടാമത്തേയോ മൂന്നാമത്തേയോ തലമുറയിൽ ലഭിച്ചുതുടങ്ങിയതോടെ ഇററാലോ-അമേരിക്കൻ സംഘങ്ങളും പോളിഷ്-അമേരിക്കൻ സംഘങ്ങളും അപ്രത്യക്ഷങ്ങളാവാൻ തുടങ്ങിയിട്ടുണ്ടു്. ഭാഷാപരമോ, വേദസിദ്ധാന്തപരമോ ആയിട്ടുള്ള വിഭിന്നതകൾ മാഞ്ഞിരിക്കുന്നു. പാര

സ്വരേണ കെട്ടിപ്പിടിച്ചു പോരുന്ന മതത്തിൻെറ രംഗത്തു മാത്രമേ ഇപ്പോൾ വ്യത്യസ്തതകൾ കാണ്മാനുള്ളു. എന്നാൽ ആദിമ അമേരിക്കൻ മൂലകുടുംബങ്ങളുടെ സ്വഭാവവും ഇതു തന്നെയാണു്.

പുതിയ കുടിയേററക്കാരനു് വമ്പിച്ച പ്രതിബന്ധങ്ങളോടും പക്ഷപാതങ്ങളോടും പൊരുതുനില്ക്കേണ്ടിവന്നുവെങ്കിലും ആ വെല്ലുവിളിയായിരിക്കാം പ്രശസ്തിനേടുവാൻ അവനു പ്രേരകമായതു്. കുടിയേററക്കാരിലും അവരുടെ സന്താനങ്ങളിലും പെട്ട വിഖ്യാതന്മാരായ അമേരിക്കാക്കരുടെ നീണ്ട പട്ടിക ഇതു് വാസ്തവംതന്നെയെന്നു സൂചിപ്പിക്കുന്നു.

മററാരുടേതുമെന്നപോലെ ജൂലിയസ്സ് ലഹ്മാൻെറ കഥ ഇതു് വെളിവാക്കുന്നുണ്ടു്. ബവേറിയായിൽനിന്നും വന്ന ആ യുവാവു് ന്യൂയോക്കിൽ കപ്പലിറങ്ങി. ജോലിയോടൊപ്പം പഠിത്തവും നടത്തിവന്നു. വിവാഹംചെയ്തു. മക്കളും അവരുടെ മക്കളും വളരുന്നതു കാണുവാൻ അദ്ദേഹത്തിനു ഭാഗ്യമുണ്ടായി. വലിയ ധനികനായില്ലായെങ്കിലും ബുദ്ധിമുട്ടുകൾ കൂടാതെ ജീവിക്കാനുള്ള വരുമാനം അദ്ദേഹത്തിനുണ്ടായിരുന്നു. തൊണ്ണൂററിരണ്ടാം വയസ്സിൽ രണ്ടു പ്രധാന വ്യവസ്ഥകളോടെ അദ്ദേഹം മരണപത്രമെഴുതി. ജമ്മനിയിൽ തൻെറ മാതാപിതാക്കന്മാരുടെ ശവകുടീരങ്ങൾ സംരക്ഷിക്കുന്നതിനു് ആയിരം ഡോളർ നീക്കിവയ്ക്കുന്നതായിരുന്നു ഒരു വ്യവസ്ഥ. ബാക്കിവന്ന അറുപതിനായിരം ഡോളർ, "ഞങ്ങൾക്കു് പൗരത്വം നല്കി അനുഗ്രഹിച്ചതിനു് ഞാനും എൻെറ ഭാര്യയും എന്നാളും കടപ്പെട്ടിരിക്കുന്ന" ഐക്യസംസ്ഥാനഗവമ്മെൻറിനു് സംഭാവന ചെയ്യുന്നതായിരുന്നു രണ്ടാം വ്യവസ്ഥ.

## അദ്ധ്യായം നാല്

## കുടുംബജീവിതം

അമേരിക്കൻകുടുംബത്തിനുള്ള ഒരു പ്രത്യേകത അതു് അച്ഛനും അമ്മയും കുട്ടികളും മാത്രം ചേർന്ന ഒരു ചെറു ഘടകമാണെന്നുള്ളതാണു്. ലോകത്തിൻെറ ഇതരഭാഗങ്ങളിലാണെങ്കിൽ കുടുംബം ഒരു വലിയ സ്ഥാപനമാണു്. മുത്തച്ഛന്മാരും അവരുടെ മക്കളും മക്കളുടെ പ്രത്യേകം പ്രത്യേകമായ ഭാര്യമാരും കുട്ടികളും ഒരു വീട്ടിൽത്തന്നെ കഴിഞ്ഞുകൂടുന്നു. എന്നാൽ ഐക്യനാടുകളിലാവട്ടെ, മററു പല പടിഞ്ഞാറൻ നാടുകളിലേയുംപോലെതന്നെ, വിവാഹബന്ധം ബീജകേന്ദ്രമാണു്. ഓരോ വിവാഹവും ഓരോ പുതുകുടുംബത്തെ സൃഷ്ടിക്കുന്നു. തൻെറ മാതാപിതാക്കന്മാരുടെ കുടുംബത്തിൽ ഒരുവൻ ജീവിതമാരംഭിക്കുന്നു. വിവാഹാനന്തരം ഒരു പുതുകുടുംബം സ്ഥാപിച്ചതിനുമേലും അവൻ പിതൃകുടുംബത്തിലെ അംഗംതന്നെയാണു്. വിവാഹംമൂലം, ഭാര്യയുടെ കുടുംബത്തേയും അയാൾ തൻേറതിനോടു് കൂട്ടിച്ചേർക്കുന്നു എങ്കിലും, ഇരുകൂട്ടരുടേയും രക്തബന്ധമുള്ള അടുത്ത ആളുകൾ സ്ഥാപിച്ചിട്ടുള്ള കുടുംബങ്ങളുമായും അവർ കെട്ടിക്കേറിയിട്ടുള്ള കുടുംബങ്ങളുമായും അവർക്കുള്ള ബന്ധം കുറയുന്നു. അങ്ങനെ ഒരമേരിക്കാക്കാരൻ അനേകം കുടുംബങ്ങളിൽ പെട്ടവനാണു്. പക്ഷേ, വിവാഹം കഴിഞ്ഞാൽ പിന്നെ, അയാൾ സ്ഥാപിച്ച ആ ചെറുകുടുംബമാണു് അയാൾക്കു് അതിപ്രധാനം. അതിനോടാണു് അയാൾക്കുള്ള കൂടുതൽ കടമകൾ. സാധാരണയായി മാതാപിതാക്കന്മാരുടെ കുടുംബവുമായുള്ള മമതയും അയാൾ സുദൃഢമായി സംരക്ഷിക്കുന്നു.

ആ ചെറുകുടുംബത്തിൻെറ കാര്യങ്ങളിൽ കഴിയുന്നതും ഇടപെടാതിരിക്കാൻ മാതാപിതാക്കന്മാരും ശ്രമിക്കുന്നു. ഒടുവിൽ പറഞ്ഞവരിൽ ഒരാൾ മരിക്കുന്നു എങ്കിൽ മറേറ ആൾ ഏകാന്തജീവിതം തുടരുകയോ, അല്ലാത്തപക്ഷം ഒരു സഹോ

ദരിയുടെ അട്ടത്തേക്കോ വൃദ്ധജനക്ഷേമകേന്ദ്രത്തിലേക്കോ പോകുകയാണു പതിവ്. യുവത്വത്തിനും പ്രസരിപ്പിനും വേണ്ടി ആസൂത്രണം ചെയ്യപ്പെട്ടിട്ടുള്ളതാണ് അമേരിക്കൻ ജീവിതരീതി. ദമ്പതികൾ മാതാപിതാക്കന്മാരോടൊരുമിച്ചു താമസിക്കയെന്നതു വളരെ അസാധാരണമാണ്. പക്ഷേ, മാതാപിതാക്കന്മാരോടും, സഹോദരീസഹോദരന്മാരോടും ഉള്ള ബന്ധം അഭംഗുരമായിത്തന്നെ നിലകൊള്ളുന്നു. കൂടെക്കൂടെ വിരുന്നുയാത്രകൾ നടത്തുന്നതും ബന്ധുവീട്ടുകൾ വളരെ അകലെയെങ്കിൽ ഏഴെട്ടുദിവസം ഇടയ്ക്കിടയ്ക്ക് അവിടെപ്പോയി പാർക്കുന്നതും ആ സ്നേഹബന്ധത്തിൻെറ ലക്ഷണങ്ങളാണ്.

സഹോദരന്മാർ, സ്യാലൻ, മാതുലൻ മാത്രമല്ല രക്തബന്ധമില്ലാത്ത ബന്ധുക്കളുൾപ്പെടെയുള്ള ഒരു അതിവിപുലകുടുംബത്തിലെ തലവനെന്ന പദവി അഭിമാനകരമായിട്ടാണ് കരുതിവരുന്നതു്. സഹോദരീസഹോദരന്മാർതമ്മിലും, കുട്ടികളും അവരുടെ മുത്തച്ഛന്മാരും തമ്മിലും ഉള്ള സ്നേഹം വളരെ സുശക്തമാണ്. പൗത്രന്മാരെ എണ്ണുകയെന്നുള്ളതു് വളരെ അഭിമാനകരമായാണ് കരുതിപ്പോരുന്നതു്; ഗാർഹികമായ ഒരന്തസ്സാണതു്. ചില പ്രത്യേക വാർഷികോത്സവങ്ങളിൽ പൗത്രന്മാരും മുത്തച്ഛനുമൊന്നിച്ച് ദീർഘയാത്രകൾ ചെയ്യുകയും, മൂലകുടുംബത്തിലേക്ക് വിരുന്നുപോകയും അവിടെ ആഹ്ലാദകരമായി സമ്മേളിക്കയും സാധാരണമാണ്. അങ്ങനെ അവരുടെ പരസ്പരബന്ധങ്ങൾ ക്രമത്തിൽ വർദ്ധിക്കയാണു പതിവ്.

പക്ഷേ, കുടുംബം ഏതു്? പക്ഷപാതമില്ലാത്തതാണ് അമേരിക്കൻ സമ്പ്രദായം. കുട്ടികൾക്കു പേരു വരുന്നതു് പുരുഷൻവഴിക്കാകയാൽ അയാളുടെ കുടുംബത്തിനു മുൻഗണനയുണ്ട്. എന്നാലും ചാരമുറയനുസരിച്ച് പ്രത്യേകമായ ബഹുമാനം സ്ത്രീ അർഹിക്കുന്നു; അതുമൂലം അവളുടെ കുടുംബത്തിനും ആ ബഹുമാന്യതയുണ്ട്. ഇരുഭാഗത്തുമുള്ള മുത്തച്ഛന്മാർ കരുതും പൗത്രന്മാർ അവരവരുടേതാണെന്ന്. അതിൻെറ ഒക്കെ ഫലമായി ആദരവ് സമീകൃതമാകുന്നു. 'നന്ദിപറയൽ'ദിവസം നിങ്ങൾ ഒരു കുടുംബത്തിൽ പോകുന്നു എങ്കിൽ ക്രിസ്തുമ

സ്സിനു പോകുന്നതു് മറേറ വീട്ടിലേക്കായിരിക്കും. നിങ്ങൾ ഒരു കുട്ടിക്കു് പിതാമഹൻെറ പേർ കൊടുത്താൽ അടുത്ത കുട്ടിക്കു മാതാമഹൻെറ പേർ കൊടുക്കുന്നു. എന്നാൽ മിക്കവാറും ഇപ്പോൾ അച്ഛനമ്മമാർ തങ്ങൾക്കു പിടിച്ച പേർ കുട്ടികൾക്കു കൊടുക്കുവാൻ തുടങ്ങിയിട്ടുണ്ടു്.

ഐക്യനാടുകൾ കർഷകരാജ്യമായിരുന്ന ആദികാലങ്ങളിൽ കുടുംബം ഒരുൽപാദനഘടകമായിരുന്നു. പുത്രന്മാരിൽ ഒരുവനെങ്കിലും വീട്ടിൽ താമസിച്ചു് കൃഷികാര്യങ്ങളിൽ ചുമതല വഹിക്കുക.യായിരുന്നു പതിവ്. പക്ഷേ, ഇന്നുള്ള കുടുംബങ്ങൾ ഉപഭോഗഘടകങ്ങളാണു്. അങ്ങനെ ന്യായയുക്തമായിത്തന്നെ കൂട്ടുകുടുംബസമ്പ്രദായം അപ്രത്യക്ഷമായി. പ്രായമായ അവിവാഹിതകളുടെയും വിധവകളുടെയും കാര്യം നാം കണക്കിലെടുത്തിട്ടില്ല. അതിനൊരു പോംവഴി ഇന്നും ശരിക്കു കണ്ടുകിട്ടാതാണിരിക്കുന്നതു്.

ചെറുഘടകങ്ങളായിപ്പിരിയുന്ന സമ്പ്രദായംമൂലവും, പാഠശാല, കോടതികൾ, യുവജനസംഘടനകൾ മുതലായ സ്ഥാപനങ്ങൾ കുടുംബത്തിൻെറ കർത്തവ്യങ്ങളെ കുറെയൊക്കെ ഇല്ലായ്മചെയ്യുന്നതുമൂലവും അമേരിക്കൻകുടുംബവ്യവസ്ഥ വളരെ ദുർബ്ബലമാണെന്നു് ചില നിരീക്ഷകന്മാർ അഭിപ്രായപ്പെടുന്നു. പക്ഷേ, അതു ശരിയല്ല.

ഒരു വൈയവസായികസമുദായത്തിൽ, വ്യവസായത്തേക്കാൾ കൂടുതൽ ദൃഢതയുള്ളതും ദീർഘപാരമ്പര്യമുള്ളതുമായ ഒരു സ്ഥാപനമാണു കുടുംബം എന്നു് അതു വെളിവാക്കിക്കഴിഞ്ഞു. വ്യവസായങ്ങളേക്കാൾ കൂടുതൽ കാലം നിലനിൽക്കുന്നതു് കുടുംബങ്ങളാണു്. അങ്ങനെയുള്ള കുടുംബങ്ങൾ ധാരാളമുണ്ടു്.

നിസ്സഹായനായ ശിശുവിനു് രക്ഷയും പുഷ്ടിയും നല്കുന്ന പ്രാഥമികപാഠങ്ങൾ പഠിപ്പിക്കുന്നതും, മതം നിർണ്ണയിക്കുന്നതും, സംസ്കാരത്തിൻെറ ശരിയായ രീതികളും സ്വഭാവങ്ങളും മനസ്സിലാക്കുന്നതും, വിനോദങ്ങൾ സംബന്ധിച്ചും മററുള്ളവരുമായുള്ള പെരുമാററരീതികൾ സംബന്ധിച്ചും ഉള്ള ബോധനം നൽകുന്നതും, കുടുംബമാണു്. ഒരു കുട്ടിക്കു് സമുദായമദ്ധ്യത്തിലുള്ള സ്ഥാനം കുടുംബത്തിൽനിന്നാണു കിട്ടുന്നതു്.

അവനു പ്രായപൂർത്തി എത്തുമ്പോൾ അവനിൽനിന്നും ഉയരുകയോ അധഃപതിക്കുകയോ ചെയ്യാം. കുട്ടികൾ അവരുടെ രക്ഷാകർത്താക്കളിൽനിന്നും ഒരന്തസ്സ് അതിവേഗം സമ്പാദിക്കുകയും, അതവർ പാഠശാലകളിൽ പ്രകടിപ്പിക്കുകയും അവിടെ അതുസംബന്ധിച്ചു കൂടുതലായ ശിക്ഷണങ്ങൾ അവക്കു ലഭിക്കുകയും ചെയ്യുന്നു. സമുദായത്തിൽ കുടുംബത്തിനുള്ള പദവി, അച്ഛന്റെ ജോലി, വരുമാനം, കുടുംബപശ്ചാത്തലം, നിവാസദേശം, പൊതുകാര്യപ്രവർത്തനങ്ങൾ, മതം, ഉൽപത്തിപാരമ്പര്യം മുതലായവ ഉൾപ്പെടുന്ന സങ്കീർണ്ണവും അവാച്യവുമായ പ്രമാണസൂത്രാദിസ്ഥാനത്തിലുള്ളതാണ്.

അതിനുംപുറമേ വീടും (56 ശതമാനം കുടുംബങ്ങളും സ്വന്തമായി വീടുള്ളവരാണ്) അതോടനുബന്ധിച്ച് രക്ഷാകർത്താക്കൾ അഭിമാനംകൊള്ളുന്ന, മോട്ടോർകാർ, ഗൃഹോപകരണങ്ങൾ, കുടുംബത്തെ അതിൻെറ ഭൂതകാലവുമായി ഘടിപ്പിക്കുന്ന കുടുംബനിധി മുതലായവയുമുണ്ട്. പിന്നീടു ചില അദൃശ്യവസ്തുക്കളുമുണ്ട്—അവരുടെ യൗവനകാലത്തെ സംബന്ധിച്ച് രക്ഷാകർത്താക്കൾ പറയുന്ന കഥകൾ, തൊണ്ണൂററിഅഞ്ചുവരെ ജീവിച്ചിരുന്ന വല്യമ്മായിയുടെ കഥ, സമപ്രായക്കാരെല്ലാം മരിച്ചിട്ടും താൻമാത്രം മരിക്കാത്തതിൽ അവക്കുള്ള അത്ഭുതം മുതലായവ. എന്നാൽ കുടുംബക്കാർക്ക് അവരെപ്പററിത്തന്നെയുള്ള ബോധം—അതായതു് ഒരുവൻ ചെയ്യുന്നതു മററുള്ളവക്കെല്ലാം ബാധകമാകത്തക്കവിധത്തിൽ അഭേദ്യമായി ബന്ധിപ്പിച്ചിട്ടുള്ള അസാധാരണവും ജീവശാസ്ത്രപരവുമായ ഒരു ഘടകമാണ് തങ്ങൾ എന്നുള്ള ബോധം ആണ് എല്ലാററിലും വലുതു്.

വൈദേശികനിരീക്ഷകന്മാർ പലപ്പോഴും ദൗർബ്ബല്യമായിക്കരുതുന്ന വ്യക്തിസമത്വം ഒന്നുമാത്രമാണ് അമേരിക്കൻ കുടുംബത്തിൻെറ കെട്ടുറപ്പിനുള്ള സുശക്തമായ ഒരു ഹേതു. അച്ഛൻ അനിഷേധ്യമായ ആജ്ഞാശക്തി പുലത്തുന്നതും, പണം എങ്ങനെ ചെലവാക്കുമെന്നതിനെപ്പററി കുടുംബിനിക്ക് അധികം ഒന്നും പറയാൻ അധികാരം ഇല്ലാത്തതും, ചില കുസൃതികൾ കാണിച്ചതുകൊണ്ടോ അമ്മ ക്ഷീണിച്ചു മുഷിഞ്ഞിരിക്കുന്നതുകണ്ടോ കുട്ടികളെ നിർദ്ദയം പ്രഹരിക്കു

ന്നതും ആയ കുടുംബങ്ങളും ഇല്ലെന്നില്ല. പക്ഷേ, പൊതുവേ, മററു സംസ്കാരങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ അമേരിക്കൻകുടുംബങ്ങൾ വ്യക്തിസമത്വമാണു പുലത്തുന്നതു്.

ഈ സമത്വം ആരംഭിക്കുന്നതു് വിവാഹത്തോടെയാണു്. അതിൽ സ്ത്രീയും പുരുഷനും ഇന്നു പങ്കാളികളായാണു് പ്രവേശിക്കുന്നതു്. സാധാരണയായി ഭാര്യ ആദ്യപ്രസവംവരെയും, ചിലപ്പോൾ സ്വാശ്രയശക്തി കുട്ടികൾക്കു ലഭിച്ചതിനുശേഷവും ജോലിക്കു പോകുന്നു. എങ്ങനെ ആയാലും ഒരു മുഴ ദിവസത്തേതിൽ കൂടുതലാണു് അവൾക്കു വീട്ടിലുള്ള ജോലി. എന്തുകൊണ്ടെന്നാൽ, ധനവാന്മാർക്കുമാത്രമേ ഭൃത്യന്മാരുണ്ടായിരിക്കയുള്ളു. ഗൃഹകൃത്യങ്ങൾക്കു് നവീനോപകരണങ്ങളോടു കൂടിയായാലും അഞ്ചാറുപേരുള്ള ഒരു വീട്ടിൽ കാര്യങ്ങൾ നിർവ്വഹിച്ചുപോകുവാൻ ഒരു മുഴുവൻ ദിവസത്തെ പ്രയത്നവും വേണ്ടിവരും.

പുരുഷൻ പണം സമ്പാദിക്കുന്നു; ഭാര്യ അതു ചെലവഴിക്കുന്നു. ഇതു മറെറാരു വിധമായ സാമ്പത്തികസമത്വമാണെന്നു് അമേരിക്കയിലെ പുരുഷൻ പറയും. അമേരിക്കൻ വനിതാമാസികകളും, പകൽസമയത്തെ റേഡിയോപരിപാടികളും, ടെലിവിഷൻപരിപാടികളുമെല്ലാം അമേരിക്കൻ വനിതയുടെ ശ്രദ്ധയെ ആകർഷിക്കത്തക്കവണ്ണമാണു് ആസൂത്രണം ചെയ്തിട്ടുള്ളതു്. അവൾക്കു പ്രിയകരമായേക്കാവുന്നവയെ അടിസ്ഥാനമാക്കിയാണു് അവയിലൂടെ നടത്തുന്ന പ്രചരണം.

ഒരു പുതിയ കാറോ അതുപോലെ വെട്ടിത്തിളങ്ങുന്ന അമേരിക്കൻസാധനങ്ങളിൽ ഏതെങ്കിലുമോ, വാങ്ങുവാൻ വേണ്ടി ഒരു ഭാര്യ കുറേ നാളത്തേക്കു വീണ്ടും ജോലിക്കു പോയേക്കാം. അതു ചെയ്യുവാൻ അവൾക്കു കഴിവുണ്ടെന്നോ അഥവാ അവൾ അതു മുൻകാലങ്ങളിൽ ചെയ്തിട്ടുണ്ടെന്നോ ഉള്ള വിശ്വാസം വിവാഹത്തിൽ സമത്വചിന്ത വർദ്ധിപ്പിക്കുന്നു.

ഭർത്താവു് കുടുംബത്തലവനെന്ന ഔപചാരികമായ പദവി അപ്പോഴുമയാൾ വച്ചുപോരുന്നു എന്നുള്ളതു സത്യംതന്നെ. എന്നാൽ ഭർത്താവിൻെറ നേതൃത്വം പ്രതീകാത്മകം

മാത്രവും ഭാര്യയുടേതു് യഥാർത്ഥവുമാണു്. സ്വത്തു്, അതു വീടായാലും കാറായാലും രണ്ടുപേരുടേയും പേരിലായിരിക്കും. ബാങ്കു സംബന്ധിച്ച ഇടപാടുകളും കൂട്ടുവ്യവസ്ഥയിലായിരിക്കും. പ്രതിമാസകടങ്ങൾ കൊടുത്തുതീർക്കുന്നതും ആദായനികുതി തിട്ടപ്പെടുത്തുന്നതും സ്ത്രീയായിരിക്കും.

അമേരിക്കൻവിവാഹസമ്പ്രദായം അപ്രതിരോധ്യമാം വിധം ഈ സമത്വത്തിലേക്കാണു നയിക്കുന്നതു്. ഒരു പ്രത്യേക കുടുംബമായിത്തീരുന്ന ദമ്പതികൾ അവരുടെ വൈകാരിക സംതൃപ്തിക്കു് അന്യോന്യം ആശ്രയിക്കുന്നു. കാമുകീകാമുകന്മാരായും, രക്ഷാകർത്താക്കളായും, കളിത്തോഴരായും, കൂട്ടുപണിക്കാരായും, ഉപഭോക്താക്കളായും, ജീവിതസമരത്തിലെ പങ്കുകാരായും ഉള്ള കൂട്ടിനു് ഒരു ആത്മാർത്ഥബന്ധമാണവർക്കാവശ്യം. അതിൽനിന്നും പ്രതീക്ഷിക്കുന്നതു വളരെ ഏറെയാണെന്നുള്ളതാണു് അമേരിക്കൻവിവാഹരീതിക്കു് ഉദിച്ചിട്ടുള്ള പ്രശ്നങ്ങളിലൊന്നു്. വിവാഹംമൂലം മനുഷ്യന്റെ അടിസ്ഥാനപരമായ മൂന്നാവശ്യങ്ങളെ ബാഹ്യമായ സഹായങ്ങൾ കൂടാതെതന്നെ നിറവേററാമെന്നാണു് പ്രതീക്ഷ. മാനസികവും, ഭൗതികവും, സാമുദായികവുമാണവ.

### *കുട്ടികളെ പരിശീലിപ്പിക്കുന്നതെങ്ങനെ എന്നു്*

തങ്ങൾ പ്രവേശിക്കുന്ന സഹവർത്തിത്വത്തിലെ സമത്വം കുട്ടികളുണ്ടാകുമ്പോൾ അവരിലേക്കും രക്ഷാകർത്താക്കൾ പകരുന്നു. മാതാപിതാക്കന്മാർ കുഞ്ഞുങ്ങളെ നേർവഴിക്കു നയിച്ചു വളർത്തണമെന്നുള്ളതു് സുവിദിതമാണെങ്കിലും, വേഗം അവരെ സ്വതന്ത്രരും ആത്മവിശ്വാസമുള്ളവരുമാക്കേണ്ടതാണെന്നാണു് അമേരിക്കാക്കാരുടെ ആശയം. മററു ചില സംസ്കാരങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ശുചീകരണപരിശീലനം വളരെ ചെറുപ്പത്തിലേ കുട്ടികൾ നേടുന്നു. തനതു കാര്യങ്ങൾ തന്നെത്താൻ ചെയ്യുന്ന കുട്ടികൾ പ്രശംസാർഹരായിത്തീരുന്നു. അമ്മമാർ കുട്ടികളെ മററുള്ളവരുമായി സാമ്യപ്പെടുത്തി അയൽവീട്ടിലെ കുട്ടിയേക്കാൾ വേഗം നടക്കുവാനും, സംസാരിക്കുവാനും, വളർച്ച എത്തുവാനും പ്രോത്സാഹിപ്പിക്കും. എങ്കിലും അങ്ങനെ കുട്ടികളെ കൂടുതൽ വേഗം മുന്നോ

ട്ടുന്നതരുതെന്നുള്ള തത്വം ഗെസ്സൽപാഠങ്ങൾ വിദ്യാസമ്പന്നരായ മാതാക്കളിൽ വിചാരം ജനിപ്പിച്ചുതുടങ്ങിയിട്ടുണ്ട്.

ശിശുപരിപാലനത്തിലെ മററു ഘടകങ്ങളും വ്യക്തിയുടെ വേർപിരിവിനേയും, സ്വാതന്ത്ര്യത്തേയും, സമത്വത്തേയും, ശക്തിയായി ഉൽബോധിപ്പിക്കുന്നു. നമ്മുടെ ഇടയിൽ സാധാരണ പതിവായ മുലക്കുപ്പികൊടുക്കൽ ഒരു വേർപിരിവുമനഃസ്ഥിതി ശിശുവിനു ജനിപ്പിക്കുവാനുള്ള പ്രവണതയുള്ളതാണ്. അതുപോലെതന്നെയാണ് അവനു പ്രത്യേകമായി കൊടുക്കുന്ന മുറി, ഉയൎന്ന കസേര, കളിക്കോപ്പുകൾ എന്നിവയും. ഒരു വീട്ടിൽ കൂടുതൽ കുട്ടികളുണ്ടെങ്കിൽ അവനവന്റെ സാധനങ്ങൾ അവനവൻതന്നെ സൂക്ഷിക്കുന്നതാണു പതിവ്. ഒരുപക്ഷേ, അവന്റെ മാതാപിതാക്കൾ ചെറുപ്പക്കാർതന്നെ ആയിരിക്കാം. അവന്റെ രംഗപ്രവേശം ജീവശാസ്ത്രപരമായ ഒരാകസ്മികസംഭവവുമല്ലായിരിക്കാം. ശരിയായ ആസൂത്രണത്തിന്റെ ഫലമായുണ്ടായവനാണവൻ. ശരിയായ വിദ്യാഭ്യാസവും, നല്ല വസ്ത്രങ്ങളും, വൈദ്യശുശ്രൂഷയും, വിശ്രമസൗകൎയ്യങ്ങളും സാദ്ധ്യമാകത്തക്കവണ്ണം കുട്ടികളുടെ സംഖ്യ സാധാരണയായി പരിമിതപ്പെടുത്തിയിരിക്കും.

മാതാപിതാക്കന്മാർ പക്ഷപാതരഹിതമായി എല്ലാ കുട്ടികളോടും പെരുമാറുമെന്നാണു പ്രതീക്ഷ. ചില പ്രത്യേക വാത്സല്യം ചിലരോടു കാണിക്കുന്നുവെന്നാണ് കുട്ടികളുടെ വിചാരം.

ആദിമകാലംമുതലേ കുടുംബതീരുമാനങ്ങളിൽ പങ്കുകൊണ്ടു് സ്വന്തമായി ചിന്തിക്കുവാൻ കുട്ടികൾക്കു് പ്രോത്സാഹനം നല്കിവരുന്നു. ഇഷ്ടപ്രകാരം തെരഞ്ഞെടുക്കുവാനും അവൎക്കു് സൗകൎയ്യം കൊടുക്കുന്നുണ്ടു്. അവരോടു് എന്തെങ്കിലും ചെയ്യുവാൻ ആവശ്യപ്പെട്ടാൽ (പ്രത്യേകിച്ചും അവൎക്കിഷ്ടമില്ലാത്ത കാൎയ്യങ്ങൾ) ഉത്തരക്ഷണത്തിൽ അതു ചെയ്യുന്നതിനുപകരം, അതു സംബന്ധിച്ച ഒരു വിശദീകരണത്തിനു് അവർ അഹരാണു്. ചുരുക്കത്തിൽ, ഒരമേരിക്കൻകുടുംബം ന്യായമായ നിലയ്ക്കു് ഒരു ജനായത്തസമുദായമാണു്. അതിൽ എല്ലാ അംഗത്തിനും അവനവന്റേതായ അവകാശങ്ങളും കടമകളുമുണ്ടു്. അതിൽ അച്ഛൻ നിയമാധികാരിയും അമ്മ ഭരണാധികാരി

ണിയും, കുട്ടികൾ വോട്ടവകാശമുള്ള അംഗങ്ങളുമാണ്. കുടുംബപരമായും, രാഷ്ട്രീയമായും, സാമ്പത്തികമായും മതപരമായുമുള്ള പ്രകൃതങ്ങൾ അവിഭാജ്യമായി സംയോജിച്ചിരിക്കുന്നതു് അമേരിക്കൻസംസ്കാരത്തിന്റെ ഒരു ലക്ഷണമാണ്. അതുകൊണ്ടു് അതിനെ വിശദീകരിക്കുവാനും വിഷമമാണ്. തങ്ങളുടെ പ്രശ്നങ്ങളേയും താൽപര്യങ്ങളേയും സംബന്ധിച്ച് മാതാപിതാക്കന്മാരുടേതുപോലുള്ള ഒരു പരിഗണന വിദ്യാലയത്തിൽ കുട്ടികൾ പ്രതീക്ഷിക്കുന്നു. അതുപോലെതന്നെ വ്യക്തിസ്വാതന്ത്ര്യത്തെപ്പററിയും, ജനായത്തസിദ്ധാന്തങ്ങളെപ്പററിയും പാഠശാലയിൽ പഠിക്കുന്നതു് വീട്ടിലും പ്രായോഗികമാക്കുവാൻ കുട്ടികൾ വേഗം പഠിക്കുന്നു.

രക്ഷാകർത്താക്കളും വിദ്യാശാലയും ശിശുഹൃദയത്തിൽ ശ്രദ്ധമൂലമാക്കാൻ ശ്രമിക്കുന്നതും കുട്ടികൾ പരസ്പരം പഠിപ്പിക്കുവാൻ മുതിരുന്നതുമായ ഒരു പ്രധാനാശയം നീതിപൂർവ്വമായ പെരുമാററമാണ്. ഈ ബോധം, ആകർഷണസിദ്ധാന്തം പോലെതന്നെ സംശയരഹിതമായി വിശ്വസിക്കത്തക്കവണ്ണം, അത്ര ചെറുപ്പത്തിലേ നമ്മുടെ ഹൃദയത്തിൽ പതിയുന്നു.

നിങ്ങളുടെ കക്ഷിയെ ക്ഷീണിപ്പിക്കാതെ, ചട്ടങ്ങൾ അനുസരിച്ചും, അധർമ്മപരമായി കിട്ടുന്ന സാഹചര്യങ്ങൾ ഉപയോഗിക്കാതെയും "വീണവനെ ചവിട്ടരുതു്" മുഴവൻ ചുണയും കളിയിൽ ചെലുത്തിയും, അന്തസ്സോടെ തോൽക്കുകയോ ജയിക്കുകയോ ചെയ്യും, ദുർബ്ബലരോടു നിങ്ങൾ അനുകമ്പ കാണിക്കണം. കളിയുടെ അവസാനത്തിൽ ഓരോ കക്ഷിയും പരസ്പരം അഭിനന്ദനധ്വനികൾ മുഴക്കുന്നു. ഈ ഒരു മനോഗതി രാഷ്ട്രീയമാത്സര്യങ്ങളിലും പ്രകടമാകുന്നുണ്ടു്. പരാജിതൻ വിജയിയെ അഭിനന്ദിക്കുകയും അയാൾക്കു പിൻതുണ നല്കുവാൻ സ്വാനുയായികളോടു് ഉപദേശിക്കയും ചെയ്യുന്നു.

ഒരു ചെറുകുട്ടി ചങ്ങാതിയുടെ കയ്യിൽനിന്നും കളിക്കോപ്പു തട്ടിപ്പറിക്കുവാൻ ശ്രമിക്കുന്നു എങ്കിൽ അമ്മ പറഞ്ഞേക്കും "അതരുതു്; അവനാണ് അതാദ്യം കിട്ടിയതു്" എന്നു്. മുൻകൈവശാവകാശവും ഉടമസ്ഥതയും ആദരിക്കണം. പക്ഷേ, ആ കുട്ടി അതു വളരെനേരം കൈവശം വച്ചുകൊണ്ടിരിക്കുന്നു എങ്കിൽ അവനോടു പറഞ്ഞേക്കും: "അതു നിന്റെ കയ്യിലായിട്ടു

വളരെനേരമായി; ഇനിയും കുറേനേരം ജോണി അതുകൊണ്ടു കളിക്കട്ടെ.'' അങ്ങനെ വളരെ ചെറുപ്പത്തിൽതന്നെ കൈവശാവകാശം പങ്കവകാശം എന്നിവയും, മത്സരം സഹകരണം എന്നിവയും തമ്മിലുള്ള സൂക്ഷ്മവ്യത്യാസങ്ങൾ നമ്മുടെ കുട്ടികൾ പഠിച്ചേ തീരൂ. ഇരു വശങ്ങളേയും തുല്യങ്ങളാക്കുവാൻ, മാത്സര്യത്തിലുള്ള വൈരാഗ്യം കുറഞ്ഞും സഹകരണത്തിലുള്ള ആശ വർദ്ധിച്ചുമാണു നാം വരുന്നതെന്നതിനു് സംസ്കാരത്തിൽ പൊതുവെ—തൊഴിലാളിബന്ധം മുതലായവയിൽ ചിലതിനെപ്പററി പിന്നീടു പ്രസ്താവിക്കാം—ലക്ഷ്യങ്ങൾ കാണ്മാനുണ്ടു്.

നീതിപൂർവ്വമായ പെരുമാററത്തെ സംബന്ധിച്ച ബോധം മറെറാരു പ്രിയ ചിഹ്നത്തെക്കൂടി ഉൾക്കൊള്ളുന്നു: കൂട്ടപ്പണി: ഇരുഭാഗക്കാരും അംഗീകരിച്ചിട്ടുള്ള ചട്ടങ്ങളോടെ, ഒരു സ്വതന്ത്രസംഘടനയിൽ വിഹിതലക്ഷ്യത്തിലേക്കുള്ള സംയുക്തയത്നം സംസ്കാരത്തിൻെറ ഒരു പ്രധാന മാതൃകയാണു്. അതിന്റെ പരിശീലനം തുടങ്ങുന്നതു കളികളിലാണു്. പക്ഷേ, നമ്മുടെ തൊഴിലാളികളുടേയും, ശാസ്ത്രത്തിൻേറയും, നാഗരികതയുടേയും, പ്രചരണത്തിൻേറയും പുരോഗതിക്കു് ആസ്പദമായ ചേരികളായി അതവസാനിക്കുന്നു. പലതിലുമുള്ള യോഗ്യതകൾ ഒന്നിച്ചുചേർന്നുള്ള ചേരികൾ വ്യക്തികളുടെ ഒററയ്ക്കുള്ള പ്രയത്നത്തെ മാററിനിർത്തുന്നു.

ശിശുപരിപാലനത്തിനു ധാർമ്മികമായ ഒരു കനത്ത ചായ്വുമുണ്ടു്. അതിനെ ദൃഢപ്പെടുത്തുവാൻ വീട്ടും, പള്ളിക്കൂടവും, പള്ളിയും, യുവജനസമാജങ്ങളും ഒത്തുപണിയുന്നു. ''ഒരു സ്കൗട്ടു് വിശ്വസ്തനും, സമുദായസ്നേഹിയും, സഹായിയും, സുഹൃത്തും, മര്യാദയുള്ളവനും, കാരുണ്യമുള്ളവനും, അനുസരണശീലനും, ആഹ്ലാദപ്രിയനും, മിതവ്യയസ്വഭാവിയും, ധീരനും, നിർമ്മലനും, ആദരണീയനും'' ആണെന്നു കാണാപ്പാഠം പറവാൻ സ്കൗട്ടിൽ ചേരുന്ന ഒരു കുട്ടി പഠിക്കണം. മുപ്പത്തിയഞ്ചു സംവത്സരങ്ങൾക്കുശേഷം ഒരു തടസ്സവും കൂടാതെ ഇതെഴുതുവാൻ സാധിക്കുന്നുതന്നെ ഇതിനു് ഏതോ ഒരു സ്വാധീനത ചെലുത്തുവാൻ സാധിച്ചിട്ടുണ്ടെന്നുള്ളതിനു തെളിവാണു്. പാരമ്പര്യമനുസരിച്ചു വളർത്തിയ ഒരു കുട്ടിയുടെ

കണ്ണുപുടങ്ങളിൽ ജീവിതം മുഴുവൻ മുഴങ്ങത്തക്ക ബോധശക്തിയാണു ബൈബിളിലെയും മററും നീതികഥകൾക്കുള്ളതു്.

ഗുണദോഷബോധവും കുട്ടിയിൽ വളരെ നേരത്തേതന്നെ ജനിപ്പിക്കുന്നു. അതിൽനിന്നു വ്യതിചലിക്കുന്നു എങ്കിൽ അതു കണ്ടുപിടിച്ചു താൻ ശിക്ഷാർഹനായിത്തീരുമെന്നുള്ള ബോധത്തോടുകൂടിയായിരിക്കും അവൻ തെററു ചെയ്യുന്നതു്. അങ്ങനെ പോകുമ്പോൾ ഒരു ദോഷൈകദൃക്കു് അവനെ പഠിപ്പിക്കും: 'പതിനൊന്നാമതു കല്പന': "ഒരിക്കലും പിടികൊടുക്കരുതു്." എങ്കിലും വഴിപിഴച്ചവർക്കു് ഒഴികെ മറെറല്ലാവർക്കും അനുസരണശീലം നിയമനിഷേധമനഃസ്ഥിതി ജനിക്കാത്തവണ്ണം അത്ര സുദൃഢമായിരിക്കും.

അമേരിക്കൻരക്ഷാകർത്താക്കൾ അതിശ്രദ്ധയോടെ നിർവ്വഹിക്കുന്ന ഒന്നാണു ശിശുപരിശീലനം. ആ കൃത്യം ശരിക്കു നിർവ്വഹിക്കുന്നതിനുള്ള ആവേശത്താൽ അവർ മാസികകളും ലഘുലേഖകളും സശ്രദ്ധം പഠിക്കുകയും, പ്രസംഗങ്ങൾ കേൾക്കുകയും, മററു രക്ഷിതാക്കളുമായി അതു സംബന്ധിച്ചു് ആശയവിനിമയം ചെയ്കയും പതിവാണു്. അതു ശാസ്ത്രീയാടിസ്ഥാനത്തിൽ കൈകാര്യംചെയ്യുന്നതിനാണവർക്കു് ഇഷ്ടം. പക്ഷേ, കുട്ടികളെ വളർത്തുന്ന രീതികളെ സംബന്ധിച്ച അഭിപ്രായങ്ങൾ ശാസ്ത്രജ്ഞന്മാർക്കും ദിനംപ്രതി മാറിക്കൊണ്ടിരിക്കുന്നതിനാൽ രക്ഷാകർത്താക്കന്മാർക്കു് അതൊരു വിഷമപ്രശ്നമായിത്തീരുന്നു. യഥാർത്ഥം മനസ്സിലാക്കിയ മാതാവു് ഒരിക്കൽ പറകയുണ്ടായി: "ശിശുമനശ്ശാസ്ത്രഗ്രന്ഥങ്ങൾ ഞാൻ പാടെ ഉപേക്ഷിച്ചിരിക്കയാണു്. അവ നിങ്ങൾക്കു നിങ്ങളെപ്പററിത്തന്നെ സംശയംജനിപ്പിക്കുന്നവയും, കൊള്ളരുതാത്തവയും ആണു്." എങ്കിലും യുവതിയായ ഒരു മാതാവു സ്വാശ്രയത്തിൽ മാത്രം കഴിയുന്നവളായിരിക്കും. വളർന്നുവന്ന പൂർവ്വകാലസ്മരണകൾ അവളുടെ മനസ്സിൽ തിങ്ങിനില്ക്കുന്നുണ്ടാവും. മാതാപിതാക്കന്മാരിൽനിന്നും വളരെ ദൂരത്തിലായിരിക്കുമവൾ. അതിനാൽ ശാസ്ത്രജ്ഞന്മാരെത്തന്നെ അവൾക്കു ശരണംപ്രാപിക്കേണ്ടിവരുന്നു.

കേന്ദ്രകുടുംബത്തിൽ മാതാവിൻെറ പങ്കു് വളരെ വലുതാണു്. അഞ്ചാറുവയസ്സാകുംവരെ കുട്ടി, പകൽ മിക്കവാറും

അധികസമയവും, അമ്മയുടെ ആധിപത്യത്തിൽത്തന്നെ ആയിരിക്കും. തന്റെ ആവശ്യങ്ങൾക്കും ആഹ്ലാദങ്ങൾക്കും അവൻ അമ്മയുടെ ചട്ടങ്ങൾക്കു വിധേയമായി അവരെ ആശ്രയിച്ചു കഴിയുന്നു. മുത്തച്ഛനും മുത്തശ്ശിയും അടുത്താണെങ്കിൽത്തന്നെ, കുട്ടിയുടെകാര്യത്തിൽ കൂടുതലായി അവർ ഇടപെടുന്നതു് മാതാപിതാക്കന്മാർ സ്വാഗതംചെയ്യുന്നില്ല. എന്തുകൊണ്ടെന്നാൽ, നിത്യേന മാറിക്കൊണ്ടിരിക്കുന്ന സ്വഭാവമാണു് അമേരിക്കൻസമുദായത്തിനുള്ളതു്. ഒരു തലമുറയുടെ ആചാരരീതികൾ അടുത്ത തലമുറ അപരിഷ്കൃതമായി മാത്രമല്ല ആപൽക്കരംകൂടിയായി ഗണിക്കുന്നു.

അമേരിക്കൻരക്ഷിതാക്കൾ സ്വസന്താനങ്ങളെ സ്വാതന്ത്ര്യം പരിശീലിപ്പിച്ചു വളർത്തുന്നു എന്നും, അതുമൂലം അനിവാര്യമായിത്തന്നെ അവരുടെ വേർപാടുണ്ടാകുന്നു എന്നുമുള്ള സംഗതി ഖേദകരംതന്നെ. ഒരുനാൾ അവൻ സ്വാശ്രയശീലനായിത്തീരുമെന്നുള്ള വ്യക്തബഹുമാനമായിരിക്കുമോ, ഒരു രക്ഷാകർത്താവിനു കുട്ടിയോടുള്ള ഈ ആദരവിന്റെ കാരണം?

ഏതുവിധമായാലും അമേരിക്കൻജീവിതരീതിയിൽ ബഹുവിധ സമ്മർദ്ദങ്ങൾ പിതൃപുത്രബന്ധത്തെ ദുർബ്ബലപ്പെടുത്തുന്നുണ്ടു്. വിദ്യാഭ്യാസവും വ്യായാമവും ഏറ്റെടുക്കുന്നതു് വിദ്യാലയമാണു്. കുട്ടിയുടെ പല്ലു്, കണ്ണു്, ആരോഗ്യം മുതലായവ പരിശോധിക്കയും, പകരുന്ന വ്യാധികളെ തടയുവാനുള്ള ഔഷധങ്ങൾ കുത്തിവയ്ക്കുകയും, രക്ഷാകർത്താക്കൾക്കു് കഴിവു കുറഞ്ഞ സന്ദർഭങ്ങളിൽ കണ്ണടകൾ, കൃത്രിമപല്ലുകൾ മുതലായവ കുട്ടികൾക്കു നൽകുകയും ചെയ്യുന്നതു വിദ്യാലയംതന്നെ. പ്രത്യേകപരിചരണം ആവശ്യമുള്ള കുട്ടികളെ വിദ്യാലയാധികൃതർ ആശുപത്രികളിലേക്കയയ്ക്കുകയും അവിടെ അവർക്കു് എല്ലാവിധ സൗകര്യങ്ങളുമുള്ള ചികിത്സ ലഭിക്കുകയും ചെയ്യുന്നു. സ്കൗട്ട്സംഘങ്ങൾ, പള്ളിക്കൂടങ്ങൾ മുതലായവ വിനോദങ്ങൾക്കും സാമൂഹികപ്രവർത്തനങ്ങൾക്കും വേണ്ട സൗകര്യങ്ങളുമുണ്ടാക്കുന്നു. പാഠശാലയിലെ വേനൽക്കാലപര്യടനങ്ങൾമൂലം അവധികാലങ്ങളിലും കുട്ടികൾക്കു വീട്ടിൽ പോകുവാനുള്ള സൗകര്യങ്ങൾ കുറയും. ഇടസ്സമയ ജോലികളിലൂടെ പണം നേടുവാനുള്ള ഉത്സാഹം, വിടി

നോടുള്ള ആശ്രയഭാവം കുറച്ച് അവന്റെ സ്വാശ്രയശീലത്തെ വദ്ധിപ്പിക്കുന്നു.

നമ്മുടെ സാമ്പത്തികവ്യവസ്ഥ ദുർഭിക്ഷതയിൽനിന്ന് സമൃദ്ധിയിലേക്കു വന്നിട്ടുള്ളതും പിതൃ-പുത്രബന്ധത്തെ സാരമായി ബാധിച്ചിട്ടുണ്ട്. ജോലിക്കുറവും ജോലിക്കാർ മുതലാളിമാരുടെ ഭൃത്യന്മാരുമായിരുന്നപ്പോൾ അതുപോലെതന്നെയുള്ള കർശനനടപടികളാണ് വീട്ടിൽ അച്ഛനും പുത്രന്മാരിൽ പ്രയോഗിച്ചുവന്നത്. മൂകമായ അനുസരണം വീട്ടിൽനിന്നേ പരിശീലിച്ചാലേ കുട്ടികൾക്കു പുറത്തും വിജയമുണ്ടാകയുള്ളൂ എന്നായിരുന്നു അന്നുള്ള വിശ്വാസം. പക്ഷേ, ആവശ്യമുള്ളവർക്കെല്ലാം ജോലികൊടുപ്പാൻ പര്യാപ്തമാണ് ഇന്നുള്ള സമൃദ്ധി. ദാസ്യഭാവം ഇന്ന് ആവശ്യമില്ല. അതിനു പരിശീലിപ്പിക്കേണ്ട ആവശ്യവുമില്ല.

നമ്മളുടെ ഈ പോക്ക് അതിരുകവിഞ്ഞതായി വൈദേശികനിരീക്ഷകർക്കു തോന്നിയേക്കാം. ബാലന്മാരിൽ കേന്ദ്രീകരിച്ച് ബാലസ്വഭാവം വളർത്തുന്ന ഒരു സംസ്കാരമാണ് നമ്മളുടേതെന്ന് അവർക്കു തോന്നാം. വേണ്ടാത്തിടത്തു കേറി പറയുന്നതു കേട്ടു കണ്ണടച്ചും, ആജ്ഞകൾ കേൾക്കേണ്ടതിനു പകരം അവയെ ചോദ്യം ചെയ്യാനനുവദിച്ചും, പ്രായക്കൂടുതലുള്ളവരെ ആദരിക്കേണ്ടതിനു പകരം അവിവേകമായി അവരോടു പറയുന്നതിനെ തടയാതിരുന്നും, നമ്മൾ കുട്ടികളെ 'ചീത്ത'യാക്കുന്നു എന്ന് അവർ അഭിപ്രായപ്പെട്ടാം. പ്രത്യേകിച്ചും നഗരപ്രദേശങ്ങളിൽ പലരിൽ ഒരുവനായി കഴിയുന്ന അച്ഛന് ആജ്ഞാധികാരങ്ങൾ ഉണ്ടായിരിക്കുകയില്ല. തൊഴിലാളിയായ മാതാവിനു കുട്ടിയെ വീട്ടിൽ നിർത്തേണ്ടിയും വരും. അങ്ങനെ വരുമ്പോൾ അവനെ നിയന്ത്രിക്കാൻ നിശ്ചിതനിയമങ്ങൾ ഒന്നും ഇല്ലാതെയാവുകയും അതുമൂലമവൻ ദുർമ്മാർഗ്ഗപഥങ്ങളിലേക്കു നീങ്ങിപ്പോകയും ചെയ്യുന്നുവരാം.

നാം കുറ്റം സമ്മതിക്കുന്നു എങ്കിൽത്തന്നെ, സംസ്കാരം ഒരു വലയാണെന്നും നാം നമ്മുടെ കുട്ടികളെ സ്വാതന്ത്ര്യശീലം പഠിപ്പിക്കുന്നതു് അതിൽ നാം വിശ്വസിക്കുന്നതുകൊണ്ടാണെന്നും, ഉള്ള ഒരു സമാധാനമേ നമ്മൾക്കു പറവാ

നുള്ളു. നമ്മുടെ മുഴുവൻ ജീവിതത്തേയും സ്പർശിക്കുന്ന മറെറാരു കാരണംകൂടെയുണ്ട്: യുവത്വത്തിനോടുള്ള സ്നേഹം. എല്ലാം ലക്ഷ്യമാക്കുന്നതും ബലപ്പെടുത്തുന്നതും ഈ പ്രവണതയെയാണ്. സാമുദായികകഥകളെല്ലാം സാധാരണമായി യൗവനപ്രണയത്തെ സംബന്ധിച്ചുള്ളതാണ്. സ്ത്രീകളാണെങ്കിൽ ശരിയായ വയസ്സു പറകയില്ല. മുത്തശ്ശിമാരാണെങ്കിൽ കൊച്ചു പെണ്ണുങ്ങളെപ്പോലെ ഉടുത്തൊരുങ്ങി സാമുദായികകാര്യങ്ങളിലും നാഗരികകാര്യങ്ങളിലും വ്യാപൃതരായി കഴിവാൻ തിടുക്കം കാട്ടുന്നു. നാല്പതു കഴിഞ്ഞ പുരുഷന്മാരെ ജോലിക്കെടുക്കുന്നതിൽ വ്യവസായശാലകൾ വിമുഖത പ്രദർശിപ്പിച്ചുവരുന്നതിനാൽ, യൗവനം സംരക്ഷിച്ച് ആരോഗ്യം നിലനിർത്തുവാൻ അവരും പാടുപെടുന്നു.

നാം യൗവനത്തിനിത്ര വിലകല്പിക്കുന്നതെന്തിന്?

കാരണങ്ങൾ വളരെയുണ്ട്; അവ അതിസൂക്ഷ്മവുമാണ്. മെയ്ക്കരുത്തുള്ള യുവാക്കളെയായിരുന്നു കുടിയേററത്തിനാവശ്യമായിരുന്നതെന്നതു ശരിതന്നെ. പിൽഗ്രിം 'പിതാമഹന്മാർ' ഇരുപതുകാരും മുപ്പതുകാരും ആയ ചെറുപ്പക്കാരായിരുന്നു. കാപ്ടൺ ജോൺസ്മിത്തിന് അമേരിക്കയിലെത്തിയപ്പോൾ ഇരുപത്തേഴുവയസ്സേ പ്രായമുണ്ടായിരുന്നുള്ളു. സ്വാതന്ത്ര്യപ്രഖ്യാപനം ഒപ്പുവച്ച രാഷ്ട്രപിതാക്കളിൽ ജഫർസന്ന് 33-ം, ഹാൻകോക്കിന് 39-ം, ഇളയ തോമസ്സ് ലിഞ്ചിന് 27-ം പുറന്നാളുകളേ കഴിഞ്ഞിരുന്നുള്ളു. രാഷ്ട്രം സൃഷ്ടിച്ചതു് യുവാക്കളുടെ മെയ്ക്കരുത്താണ്. രാഷ്ട്രത്തിൻെറ ശ്രമാവഹമായ വ്യവസായഗതി പ്രാപ്തിയും പൗരുഷവുമുള്ള യുവജനങ്ങളെ ആഹ്വാനംചെയ്തുകൊണ്ടിരിക്കുന്നു. യുവതലമുറയ്ക്കുമാത്രം കൈവന്നേക്കാവുന്ന സുഖസുന്ദരമായ സ്ഥലകാലങ്ങൾ നമ്മുടെ ഭാവിപ്രതീക്ഷകളിൽ സ്വാധീനതചെലുത്തിയിട്ടുണ്ട്. അതിനാൽ പുരോഗമനവാഞ്ഛ, പരിപൂർണ്ണത, തള്ളിക്കയറ്റം, സജീവമാത്സര്യം, ചുണക്കുട്ടന്മാരായ കളിക്കാർ, സ്നാനവേഷം ധരിച്ച സുന്ദരിമാർ, ഉത്തേജനൗഷധങ്ങൾ, സ്തനാവരണങ്ങൾ, വാർദ്ധക്യപ്രതിരോധകങ്ങളെന്നു പരസ്യങ്ങൾ പ്രചരിപ്പിക്കുന്ന വസ്തുക്കൾ, അലങ്കാരസാധനങ്ങൾ ഇവയോടുകൂടിയ

രാഷ്ട്രീയജീവിതത്തിൻെറ മാതൃകാചിഹ്നങ്ങളാണു നമ്മൾക്കു യുവാക്കൾ.

ദേശീയകായികവിനോദങ്ങൾ യുവാക്കൾക്കു്, സാമർത്ഥ്യവും, മെയ്സ്വാധീനതയും, ചുറുചുറുക്കും കൊടുക്കുന്നതിനപ്പുറമെ, മാനസികമായ ഉണർവും നൽകുന്നു. അതുപോലെ തന്നെ ദേശീയസംഗീതം യുവാക്കൾക്കു് ഉത്തേജനം നല്കുന്ന ഒരു കലയായിത്തീൎന്നിട്ടുണ്ടു്. മതത്തിലാണെങ്കിൽ അവരുടേതു് ഒരു ഐതിഹാസികദൈവമല്ല. ദൈവം നമ്മുടെ ഭക്തിയെ ആകർഷിക്കുന്ന ഭ്രജാതനും ശിശുവുമായ ഒരു ഇളയ പുത്രനാണു്. ദുരന്തസ്മരണകളുണൎത്തുന്ന കുരിശിൻെറ രൂപത്തേക്കാൾ നമ്മളെ ആകർഷിക്കുന്നതു് ക്രിസ്തുദേവൻെറ ആശാകേന്ദ്രമായ ദിവ്യരൂപമാണു്.

*സ്ത്രീകളുടെ പങ്കു്*

ഇക്കാലങ്ങളിൽ ഒരു യുവതിക്കു്, ഒരു ഭർത്താവുണ്ടാകുന്നതുവരെ ജോലിചെയ്തു് ജീവിക്കാൻ കഴിയും. ആവശ്യമെന്നു തോന്നിയാൽ ഭർത്താവിനെ ഉപേക്ഷിച്ചു് ഒറ്റയ്ക്കും വേലചെയ്തു ജീവിക്കാം. ഈ കഴിവിൻെറ ഭീഷണിതന്നെ ആദരം ജനിപ്പിക്കുന്നു. ജോലിക്കാരികളായ സ്ത്രീകളിൽ പകുതിഭാഗവും വിവാഹിതരാണിന്നു്. പഴയകാലത്തെ കാർഷികകുടുംബത്തിലെന്നപോലെ ഇന്നു് ഭാര്യ ഒരു സാമ്പത്തികവരുമാനമാണു്. തൽഫലമായി ഭർത്താവു് ഗൃഹകൃത്യങ്ങളിൽ കൂടുതൽ പങ്കു കൊള്ളുന്നു. അങ്ങനെ സ്ത്രീക്കും പുരുഷനുമുള്ള ജോലികൾക്കു സമനില സംഭവിച്ചുവരുന്നു. അധികാരം വിഭജിച്ചിട്ടുണ്ടു്. സ്ത്രീപുരുഷഭേദമെന്യേ നേതൃത്വം വ്യക്തിപ്രഭാവത്തെ ആശ്രയിച്ചാണിരിക്കുന്നതു്. അതു തുല്യമെങ്കിൽ രണ്ടുപേരും തുല്യാധികാരികളാണു്.

പ്രധാനമായ പല കാര്യങ്ങളിലും സ്ത്രീ പുരുഷനെ കവച്ചുവയ്ക്കുന്നു. അവൾക്കു് പുരുഷനേക്കാൾ 2,400,000 വോട്ടുകൾ കൂടുതലുണ്ടു്. കൂടുതൽ ആയുസ്സും സ്ത്രീക്കാണു്. പ്രതീക്ഷക്കണക്കുകൾ പ്രകാരം 1952—ൽ ജനിച്ച ഒരു പെൺകുട്ടിയുടെ ആയുസ്സു് എഴുപത്തിമൂന്നും, ആൺകുട്ടിയുടേതു് അറുപത്തിഏഴുമാണു്. വ്രണങ്ങൾ, ഹൃദ്രോഗങ്ങൾ മുതലായ പല രോഗ

ങ്ങളും സ്ത്രീകൾക്കു പ്രായേണ കുറവാണ്. ഒരുകാലത്ത് അവ
രെ പ്രത്യേകമായി പരിഗണിച്ചിരുന്ന രാജ്യനീതി ഇന്നു പുരു
ഷനോട്ടു തുല്യമായ അധികാരാവകാശങ്ങൾ അനുവദിച്ചിട്ടു
ണ്ട്; പോരാ, പുരുഷനില്ലാത്ത ചില കൂട്ടതലവകാശങ്ങളും.
ഉയർന്ന സർക്കാരുദ്യോഗങ്ങൾക്ക് അവർ പ്രാപ്തരാണ്. അടുത്ത
കാലങ്ങളിലായി തന്ത്രപ്രതിനിധികളുടേയും മന്ത്രികളുടേയും
സ്ഥാനങ്ങൾ അവർ വഹിക്കുന്നുണ്ട്. വൈയവസായികമായ
പണംമുടക്കുകളിലും ഒരു നേരിയ ഭൂരിപക്ഷം (51.6%) അ
വർക്കുണ്ട്.

എന്നിട്ടും അവൾക്ക് പുരുഷൻെറ ആദരവുകൾ ലഭിക്കു
ന്നു. കവാടങ്ങൾ കടക്കുന്നതിലും, ഭക്ഷണത്തിനിരിക്കുന്ന
തിലും, വിഭവങ്ങൾ നൽകുന്നതിലും അവക്കു മുൻഗണനയുണ്ട്.
ആരേയാണു ക്ഷണിച്ചു സല്ക്കരിക്കേണ്ടതു് (ഇതിൽ ഭത്താവി
ൻെറ സമ്മതം വേണം), എവിടെയാണു താമസിക്കേണ്ടതു്,
ഒരു സംഭാവന ആവശ്യമുണ്ടോ ഇല്ലയോ എന്നെല്ലാമുള്ള വി
ഷയങ്ങളിൽ വിട്ടിലെ മദ്ധ്യസ്ഥതീരുമാനം അവൾക്കുള്ള
താണ്.

പുരുഷന്മാർ പഠിക്കുന്ന സവ്വകലാശാലകളിൽ അവൾ
ക്കും പഠിക്കാം. അവൻെറ ജീവിതപദ്ധതി അവൾക്കും പിൻ
തുടരാം. അവൾക്കിന്നു് നിയമം പഠിക്കാം. ഒരുകാലത്ത്
പുരുഷനുമാത്രം പ്രവേശനം ഉണ്ടായിരുന്ന കോടതികളിൽ
ഇന്നു് സ്ത്രീക്കും സ്ഥാനമുണ്ട്. അവൾക്ക് ശ്രമാവഹങ്ങളായ
കായികവിനോദങ്ങളിൽ പങ്കുകൊള്ളാം; ഇഷ്ടമുള്ള പുരുഷ
നെ വിവാഹംകഴിക്കാം; എത്ര പ്രസവിക്കണമെന്നും തീരു
മാനിക്കാം. അവൾക്കു നീണ്ട കാല്പറകൾ ധരിച്ചോ അർദ്ധ
നഗ്നയായോ നടക്കുവാൻ സ്വാതന്ത്ര്യമുണ്ട്. തങ്ങൾ സേവനം
നടത്തുന്ന സംഘടനകളും കമ്മിററികളുംവഴി നാഗരികപ്രവ
ത്തനങ്ങളിൽ ഒരു നല്ലപങ്കു് അവർ നിവ്വഹിക്കുന്നുണ്ട്. അറു
പത്തിയഞ്ചുശതമാനം സ്ത്രീകളും ഏതെങ്കിലും ഒരു സംഘടന
യിൽ അംഗങ്ങളാണ്. സമാജങ്ങൾ, പ്രസംഗങ്ങൾ, നൃത്താ
ദിപ്രകടനങ്ങൾ മുതലായവവഴിയായി സാംസ്കാരികജീവി
തത്തിൻെറ സുപ്രധാനഘടകങ്ങളാണവർ.

സ്ത്രീകൾ സമുദായത്തിൽ ആധിപത്യംപുലത്തുന്നു എന്നു്

വൈദേശികനിരീക്ഷകർ അഭിപ്രായപ്പെടുന്നുണ്ടു്. എന്നാൽ തങ്ങൾക്കു് ഗണ്യമായതോതിൽ വ്യവസായത്തിലോ, ഗവ ൎമ്മേണ്ടിലോ, വിദ്യാഭ്യാസവകുപ്പിലോ ഉയൎന്ന ഉദ്യോഗങ്ങൾ കിട്ടിയിട്ടില്ല എന്നു് അതിനുസമാധാനമായി അവർ പറഞ്ഞേക്കാം. നല്ല ഉദ്യോഗങ്ങളെല്ലാം പുരുഷന്മാൎക്കാണു് കിട്ടിവരുന്നതെന്നും, പുരുഷൻ ചെയ്യുന്ന അതേകംജോലി ഒരു സ്ത്രീ ചെയ്യുമ്പോൾ അവൾക്കു കിട്ടുന്ന ശമ്പളം പുരുഷനു നല്കുന്നതിൽ കുറവാണെന്നും സ്ത്രീകൾ പരാതിപ്പെടുന്നുണ്ടു്. മാത്രമല്ല, ഒരു സ്ത്രീ വെളിയിൽപോയി ജോലിനോക്കുന്നവളായാലും വീട്ടുജോലികൾകൂടി അവളുടെ ചുമതലയായി കരുതപ്പെടുന്നു എന്നും, ഇതുകാലമായിട്ടും പുരുഷൻ പ്രസവിക്കുന്നതിനുള്ള ഒരു മാൎഗ്ഗം ആരും കണ്ടുപിടിക്കുന്നില്ലെന്നും അവൾക്കു പരാതിയുണ്ടു്.

പാചകം, മാതൃത്വം, ശിശുപരിപാലനം, അടിച്ചുതളി, പാത്രംതേപ്പു്, സമുദായത്തിലെ കാൎയ്യദർശിഉദ്യോഗം, കൊട്ടുക്കൽവാങ്ങൽ, കാർഓടിക്കൽ (കുട്ടികളെ സ്കൂളിൽനിന്നു കൊണ്ടുവരുന്നതും സ്കൗട്ട്മീററിങ്ങിനും മററും കൊണ്ടുപോയാക്കുന്നതും നിത്യം സ്ത്രീകളാണു്), കൃഷി, സമുദായസേവനം മുതലായവയെല്ലാം ഒരു ഭാൎയ്യയിൽനിന്നു പ്രതീക്ഷിക്കുന്നു. അതിനുംപുറമെ അവൾ ഭൎത്താവിന്റെ സഹപ്രവൎത്തകയും ഉപദേശികയും ലൈംഗികജീവിതത്തിലെ ഇണയുമാണു്.

സ്ത്രീത്വത്തിന്റെ മാതൃക പ്രതിദിനം മാറിവരികയാണു്. വളരെ സ്ത്രീകൾക്കു് തങ്ങളുടെ പുതുസ്വാതന്ത്ര്യം പരിശോധിക്കുമ്പോഴും പുതിയ ഉത്തരവാദിത്വത്തെപ്പററി ചിന്തിക്കുമ്പോഴും ഏതാണ്ടു് ഒരു നിലകിട്ടായ്മ വന്നുചേരുന്നുണ്ടു്. വളരെപ്പേർ വിശ്രമരഹിതകളായി പൊതുപ്രവൎത്തനങ്ങളിൽ മുഴുകി ഈ അസ്വാസ്ഥതയെ വിസ്മരിക്കുവാൻ ശ്രമിച്ചുവരുന്നു. വനാന്തരങ്ങളിൽ അവൾ കുടിയേറിപ്പാൎത്തതിന്റെയും പുരുഷന്മാരോടൊപ്പം നിലം ഉഴുകയും പടവെട്ടുകയും ചെയ്തതിന്റേയും വീരോചിതമായ പൂൎവ്വകാലസ്മരണകളെ അടിസ്ഥാനമാക്കിയുള്ള ശക്തിയോടെ, ഇന്നത്തെ കുടുംബിനി തന്റെ പുതിയ ചുമതലയോടു് ഒത്തിണങ്ങിവരുന്നുണ്ടു്.

പുരുഷന്മാർ ഇന്നും പ്രധാനമായി ശമ്പളവരുമാനക്കാ

രാണു്; സ്ത്രീ കുടുംബഭരണകർത്രിയും. പക്ഷേ, അവരുടെ പങ്കുകൾ കൂടുതൽകൂടുതൽ സമ്മിശ്രങ്ങളായിവരുകയും അങ്ങനെ വരുന്തോറും സമത്വം പുരോഗമിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു. അമേരിക്കൻജീവിതത്തിൻെറ ജീവാത്മകപുരോഗതിയിൽ എന്തെങ്കിലും തത്വമുണ്ടെങ്കിൽ അതു് സമത്വത്തിലേക്കുള്ള ഈ പാച്ചിൽ ആണു്. സ്ത്രീപുരുഷന്മാർതമ്മിലോ വ്യാപാരിയും ഉപഭോക്താവുംതമ്മിലോ ആകാം അതു്. ഒരു ഭൃത്യൻെറ സുപരിചിതഭാവാധികാരമായും, ഒരു പണിക്കാരൻെറ വായാടിത്തം നിന്ദാസൂചകമായും അപരിചിതർ പലപ്പോഴും തെററിദ്ധരിച്ചേക്കാം. എന്നാൽ നമ്മൾക്കു് നാടോടി ഭാഷയിൽ പറഞ്ഞാൽ "നിങ്ങളോളംതന്നെയോ അതിൽ കവിഞ്ഞുതന്നെയോ യോഗ്യനാണു് ഞാനും" എന്നുള്ളതിന്റെ വെറും സൂചനകൾ മാത്രമാണവ.

വിവാഹത്തിൽ ഉള്ള ഈ സമത്വത്തെയാണു് നമ്മുടെ ഇടയിൽ വൻതോതിൽനടക്കുന്ന ദാമ്പത്യവേർപാടിനു്, കുറ്റപ്പെടുത്തേണ്ടതെന്നു് യാഥാസ്ഥിതികന്മാർ വാദിച്ചേക്കാം. വിവാഹങ്ങളിൽ ഇരുപതുശതമാനവും വേർപാടിലവസാനിക്കുന്നു. ചിലരു പറയും ഉത്തരവാദിത്വക്കുറവാണതിനു് കാരണമെന്നു്. അതു വെറും പറച്ചിൽമാത്രമാണു്. എന്നാൽ പള്ളിയിൽ ശരാശരി ഹാജർ വളരെക്കൂടിയാണു് നിൽക്കുന്നതുതാനും.

ഇടത്തരം വരുമാനമുള്ളവരുടെയോ, സാങ്കേതിക തൊഴിൽക്കാരുടെയോ ഇടയ്ക്കുള്ള നേതാക്കൾ കൂടുതലായി വിവാഹബന്ധവേർപാടു കാണുന്നതു് വരുമാനം വളരെ കുറഞ്ഞ തൊഴിലാളികളുടെ ഇടയ്ക്കാണു്. നഗരങ്ങളിലാണു് അതു ചെറുസമുദായങ്ങളിലേക്കാൾ കൂടുതൽ. പടിഞ്ഞാറും തെക്കു പടിഞ്ഞാറും ദേശങ്ങളിലാണു് അതു് തെക്കും വടക്കുകിഴക്കും പ്രദേശങ്ങളിലേക്കാൾ അധികം. അതുപോലെതന്നെ വിദ്യാസമ്പന്നരുടെ ഇടയിലുള്ളതിൽ കൂടുതൽ വിദ്യാവിഹീനരുടെ ഇടയിലുമാണു്.

ഏതു വിധമായാലും അതൃപ്തികരമെന്നു തോന്നുന്ന ഒരു ദാമ്പത്യബന്ധംവച്ചുപുലർത്തുന്നതിനു് സ്ത്രീകളും പുരുഷന്മാരും ഇഷ്ടപ്പെടുന്നില്ല എന്നുള്ളതു് നിശ്ചയംതന്നെ. വിവാഹ

ബന്ധം ഒഴിയുന്നതിലുള്ള അപമാനം ഏറ്റാലും ഒരു നരകജീവിതം തുടൎന്നുകൊണ്ടുപോകുവാൻ അവർ തയ്യാറില്ല. വിവാഹമോചനം നിത്യസംഭവമായിത്തീൎന്നിരിക്കുന്നതിനാൽ അതിലുള്ള അപമാനം വളരെയേറെ കുറഞ്ഞിരിക്കുന്നു. മനഃശാസ്ത്രത്തിന്റെ എല്ലാവിധ തുണകളുമുണ്ടായിട്ടും, വിവാഹം വിജയപ്രദമാക്കുവാൻവേണ്ട മുൻകരുതൽപദ്ധതികൾ എല്ലാമെടുത്തിട്ടും, വിവാഹമോചനത്തിൻെറ തോതു് എന്തുകൊണ്ടു താഴുന്നില്ല?

വിവാഹവും വേർപാടും വിഷമകരമാക്കുവാൻ കഴിവുള്ളതെല്ലാം നിയമം നിർവ്വഹിക്കുന്നുണ്ടു്. കരാറുകളെ സംബന്ധിച്ചു് സാധാരണനിയമം തിരിച്ചിട്ടാലും, അതനുശാസിക്കുന്നതു് ഇരുഭാഗക്കാരും സ്വഭാവദൂഷ്യത്താൽ (വ്യഭിചാരം ഉദാഹരണമായി) കുററക്കാരാണെന്നുകണ്ടാൽ വിവാഹം വേർപെടുത്തത്തക്കതല്ല, എന്നാണു്. പക്ഷേ, നിയമപ്രകാരം കുററം ഒരു കക്ഷിയിൽ മാത്രമാണെങ്കിൽ മോചനം അനുവദിക്കുന്നതുമാണു്. എതിർകക്ഷിയുടെ സാക്ഷിപത്രികയോ സത്യവാങ്മൂലമോ മാത്രം അടിസ്ഥാനമാക്കി അതിനു കോടതി അനുവാദം നല്കിക്കൂടാ എന്നു് മുപ്പത്തിരണ്ടു സംസ്ഥാനങ്ങൾ നിർദ്ദേശിച്ചിട്ടുണ്ടു്. നെവാദ അതിനോടു യോജിക്കുന്നില്ല. അതുമൂലമാണു് വളരെപ്പേർ റെനോയിലേക്കു പോകുന്നതു്.

ഇക്കാലത്തു് അധികവും വിവാഹാനന്തരം മൂന്നാം കൊല്ലത്തിലാണു് മോചനം നടക്കുന്നതു്. അതിനപേക്ഷിക്കുന്നതിൽ മൂന്നിൽ രണ്ടുഭാഗവും കുട്ടികളില്ലാത്ത ദമ്പതികളുമാണു്. അങ്ങനെ അവർ ദാമ്പത്യബന്ധം വിടുത്തുന്നുണ്ടെങ്കിലും കുടുംബം ചിതറിക്കുന്നില്ല. എന്നുമാത്രമല്ല ബന്ധമൊഴിഞ്ഞ എഴുപതുശതമാനമാളുകളും പുനർവിവാഹം നടത്തുകയും അതു കൂടുതൽ വിജയസാദ്ധ്യത ഉള്ളതായിത്തീരുകയും ചെയ്യുന്നുണ്ടു്. പങ്കാളിയെ ആകസ്മികമായി തെരഞ്ഞെടുക്കുന്ന സമ്പ്രദായവുമായി ആലോചിക്കുമ്പോൾ ഈ കണക്കു് ആശ്ചര്യം ജനിപ്പിക്കുന്നില്ല. കുട്ടികളുടെ കാര്യംകൂടി ഉണ്ടാകുമ്പോഴാണു് വിവാഹമോചനം ഗുരുതരമായ വിഷയമാകുന്നതു്.

**കർത്തവ്യബോധക്കുറവ്—യൗവനത്തിലോ പ്രായപൂർത്തിയായിട്ടോ?**

'ചിതറിയ ഭവന'ങ്ങളിലെ കുട്ടികൾക്കാണ്, സുരക്ഷിതത്വം താറുമാറാകാത്ത ഭവനങ്ങളിലെ കുട്ടികളേക്കാൾ സമുദായത്തിലുള്ള നിലയെപ്പററി സംശയമോ എതിർപ്പോ ഉള്ളതു്. വർഗ്ഗീയതമൂലമോ കുപ്പമാടങ്ങളിലെ താമസംമൂലമോ വേർതിരിക്കപ്പെട്ടിട്ടുള്ളവരാണ് ജീവിതം കുറേക്കൂടി ദുസ്സഹം. അങ്ങനെയുള്ള കുട്ടികൾക്ക്, മററു കുട്ടികൾക്ക് സമുദായവും വിദ്യാലയങ്ങളും നല്കുന്ന പ്രത്യേക പരിഗണനകൾ കാണാറുണ്ട്. തങ്ങളെ വേർതിരിച്ചുനിർത്തുന്ന സ്ഥാപനങ്ങളിൽനിന്നു പിൻവലിച്ചോ കൂട്ടംചേർന്ന് അവയെ എതിർത്തോ ആയിരിക്കും അവർ പ്രതിഷേധം പ്രകടിപ്പിക്കുന്നതു്. വ്യക്തിസ്വാതന്ത്ര്യം ദേശീയബോധമായി പുകഴ്ത്തിസ്തുതിക്കുന്നതു കേട്ടു തഴമ്പിച്ചതുമൂലം, പരശ്രദ്ധയെ ആകർഷിക്കുവാനും, സ്വസംതൃപ്തിക്കും വേണ്ടി അവർ വിപ്ലവത്തിനു മുതിരാം. ദാരിദ്ര്യവും, അജ്ഞതയും, വിവേചനവും മൂലം ജാതീയമായി വേർതിരിച്ചു മാററിയിട്ടുള്ള വിഭാഗങ്ങൾ നിലനിർത്തുവാൻ മുൻപിൽ തുറന്നു കാണുന്ന ഏകമാർഗ്ഗം പിൻതുടരുന്ന രംഗങ്ങളിലാണ് ഗുരുതരമായ നിരുത്തരവാദിത്വം തെളിയുന്നതു്.

യുവാക്കളുടെ ഇടയിൽ സർവ്വസാധാരണമായിക്കണ്ടുവരുന്ന കൃത്യവിലോപമാണ് അമേരിക്കൻസമുദായത്തിൻെറ പ്രധാനമായ പരാജയങ്ങളിൽ ഒന്നു്. അതിൻെറ കാരണങ്ങൾ മുൻപു പറഞ്ഞതിലേറെ സങ്കീർണ്ണമാണ്. യുദ്ധം, യുദ്ധാനന്തരമുള്ള വിഷമമേറിയ കാലഘട്ടം, മോശപ്പെട്ട കുടികളിൽ താമസം, തൊഴിലാളികളായ മാതാപിതാക്കന്മാർ, കുടുംബത്തിൽനിന്നു വിട്ടുപിരിയാതെ സദാ ഉള്ള അലച്ചിൽ, വളരെ പാവപ്പെട്ടതോ കലഹം നിറഞ്ഞതോ ആയ വീടിനു പകരം അപ്രതീക്ഷിതമായ വേറൊന്നിനായുള്ള ആഗ്രഹം, സംഘക്കാരോ വിപ്ലവസംഘക്കാരോ പുകഴ്ത്തുന്നതു കേൾപ്പാനുള്ള ആവേശം, ചെറുപ്പക്കാരനെ അമ്പരപ്പിക്കുമാറു് പെട്ടെന്നു പെട്ടെന്നു മാറിക്കൊണ്ടിരിക്കുന്ന ജീവിതനിലവാരം; ഇവയൊക്കെയാണ് കാരണങ്ങളിൽ ചിലവ. നിരുത്തരവാദിത്വം വ്യക്തിപരമായ നിയമനിഷേധം മാത്രമാണെന്നു്

കരുതി ശിക്ഷിച്ചു നേരെയാക്കാം എന്നു കരുതുന്നതു തെററാണ്. സമുദായത്തിലാണ് അതിൻെറ കാരണം കിടക്കുന്നതു്. കൂട്ടതലായ അസമത്വം, മാററിനിൎത്തൽ, ദാരിദ്ര്യം, അജ്ഞത ഇവയെ നിയന്ത്രണത്തിൽ വരുത്തിയാൽ ചുമതലാബോധക്കുറവും അത്രുണ്ടു കുറയും. പാവപ്പെട്ടവരുടെ മലിനമായ ഗൃഹസങ്കേതങ്ങൾ ശുചിയാക്കുന്നതിനോ, കുടികിടപ്പുസ്ഥലങ്ങളേയും വിനോദസ്ഥലങ്ങളേയും നന്നാക്കുന്നതിനോ എതിരായി വോട്ടുചെയ്യുക, അസമത്വം വച്ചാചരിക്കുക എന്നിവ ചെയ്യുന്ന പൗരനാണ് വാസ്തവത്തിൽ ചുമതലാബോധമില്ലാത്തവൻ. അങ്ങനെയുള്ളവർ അസമത്വമനുഭവിക്കുന്നവർക്കെതിരായി, അവരെ അങ്ങനെ ഒഴിച്ചുനിൎത്തുന്നതു് അവരുടെ തന്നെ നിരുത്തരവാദിത്വംകൊണ്ടാണെന്നു വാദിച്ചേക്കാം. എന്നാൽ അങ്ങനെയുള്ള മാററിനിൎത്തലും അസമത്വവും ആദ്യം ഇല്ലാതാക്കിയാൽ നിരുത്തരവാദിത്വദോഷം പരിഹരിക്കപ്പെട്ടുമെന്നു് അവർ മനസ്സിലാക്കുന്നില്ല.

ഈ പ്രശ്നം ഗുരുതരമാണെങ്കിലും കുടിയേററസംഘങ്ങളെ തങ്ങളോട്ട് ഇണക്കിച്ചേൎത്ത ദീൎഘകാലചരിത്രംമൂലം അമേരിക്കാർക്കു് സവിശ്വാസം പറവാൻ സാധിക്കും, ഇന്നുള്ള ഈ പ്രശ്നവും പരിഹരിക്കപ്പെട്ടുമെന്നു്. ജീവിതനിലവാരത്തിൻെറ പൊതുവേയുള്ള ഉയൎച്ച പുരോഗമനഭാഗത്താണ്. അതുപോലെതന്നെയാണ് സമുദായനേതാക്കളും പരിശീലനം ലഭിച്ച സമുദായപ്രവൎത്തകരും ആ പ്രശ്നത്തെപ്പററി നൽകുന്ന അറിവുകളും. കുററവാളികളായി കണക്കാക്കാതെ അനുകമ്പയോടെ വഴിപിഴച്ച ചെറുപ്പക്കാരെ നന്നാക്കി എടുക്കണമെന്നുള്ള ഉദ്ദേശത്താൽ തുടങ്ങിയിട്ടുള്ള യുവജനകോടതികളും മറെറാരു കാൽവപ്പാണ്.

ഈ ദൂഷ്യത്തെ പരിഹരിക്കാൻ നാട്ടനീളെ പല പദ്ധതികളും ഉയരുന്നുണ്ടു്. ചുമതലാബോധമില്ലായ്മയെപ്പററി കൈകാൎയ്യം ചെയ്തുകൊണ്ടിരുന്ന പെൻസിൻവേനിയയിലെ ഒരു ജഡ്ജി, പ്രതിഫലമില്ലാത്ത ഒരു പരിശോധകസംഘം സ്ഥാപിക്കുന്നതിനും, ജാമ്യത്തിലിറങ്ങുന്ന യുവാക്കളുടെ ക്ഷേമാന്വേഷണത്തിനായി ആ സംഘത്തിൽനിന്നു് ഒരുദ്യോഗ

സ്ഥനെ നിയമിക്കുന്നതിനു് മൂലധനം പിരിച്ചുണ്ടാക്കുന്നതി നും, തൻെറ റോട്ടറിക്ലബ്ബുകാരെ പ്രേരിപ്പിച്ചു. ആ ഉദ്യോഗ സ്ഥനു് സഹായമായി സ്വമനസ്സാലെ ചേരുന്ന അംഗങ്ങളു ള്ള ഒരു കമ്മററിയേയും നിയമിക്കണമെന്നു് അദ്ദേഹം നിർ ദ്ദേശിച്ചു. യുവാക്കളെ സംബന്ധിച്ച ഈ പ്രശ്നം ഒരു സാമു ദായികപ്രശ്നമാണെന്നും ശിക്ഷയല്ല നിവാരണമാണു് ബുദ്ധി പൂർവ്വമായ സമീപനം എന്നും പൊതുജനങ്ങളെ മനസ്സിലാക്കു വാൻ സഹായിക്കുക എന്നതായിരുന്നു ആ പരിപാടിയുടെ ലക്ഷ്യങ്ങളിൽ ഒന്നു്. ഒരു ജസ്ലി ഗവൺമെൻറിനെ വിട്ടു് സ ഹായത്തിനു് ഒരു സ്വതന്ത്രസംഘടനയിലേക്കു് തിരിയുക എ ന്നതു് അമേരിക്കൻജീവിതത്തിൻെറ ഒരു സ്വഭാവവിശേഷ മാണു്. ഗവൺമെൻറിനു് വേണമെങ്കിൽ ഔദ്യോഗികസഹാ യങ്ങൾ ചെയ്യുവാൻ സാധിച്ചേക്കും. പക്ഷേ, അതിനു് ഒരു സ മുദായത്തേയോ സംഘടനയേയോ ഇളക്കുവാൻ സാദ്ധ്യമല്ല.

പരിശോധനോദ്യോഗസ്ഥനു് കൈകാര്യം ചെയ്യേണ്ടി വന്ന ഒരു സന്ദർഭം ഫ്രാങ്കു് എന്ന ഒരു കുട്ടിയുടേതാണു്. അ വൻ വീട്ടിൽനിന്നും വിദ്യാലയത്തിൽനിന്നും കൂടെക്കൂടെ ഒളി ച്ചോട്ടം. അതിനുംപുറമേ പല ചില്ലറ മോഷണങ്ങളും അവ ൻെറ പേരിലുണ്ടു്. ഫ്രാങ്കിനു് അങ്കഗണിതത്തിൽ സാമർത്ഥ്യ മുണ്ടെന്നു് ആ ഉദ്യോഗസ്ഥൻ മനസ്സിലാക്കി. അതിനാൽ സ്കൂൾസമയം കഴിഞ്ഞാൽ, അവൻെറ സാമർത്ഥ്യം ഉപയോ ഗപ്പെടുത്തത്തക്ക ഒരു ജോലിയിൽ അദ്ദേഹം അവനെ നിയ മിച്ചു. ഫ്രാങ്കിനു് പഴയ മോട്ടോർവണ്ടികളിൽ പണിയുന്ന തിനു് അതിയായ ആഗ്രഹമുണ്ടെന്നും അദ്ദേഹത്തിനു മനസ്സി ലായി. സ്വമനസ്സാലെ ഒരുവൻ 1940-ലെ മാതൃകയിലുള്ള ഒരു വണ്ടി സംഭാവനചെയ്തതോടെ കാര്യങ്ങൾ പുരോഗമി ച്ചു. തൻെറ ദുർവൃത്തികൾക്കുപകരം യഥാർത്ഥതാല്പര്യങ്ങൾ വ ളർത്തുന്നതിനായി മാറി ഫ്രാങ്കിൻെറ ഉത്സാഹം. ഗുരുതരമായ പാതകങ്ങളിൽ പതിപ്പിക്കുമായിരുന്ന പൗരുഷവും, പശ്ചാ ത്താപവും ഫ്രാങ്കിനെ നേർവഴിക്കു തിരിച്ചുവിട്ടു.

തങ്ങളെ ആവശ്യമുണ്ടെന്നും പ്രായപൂർത്തി എത്തിയാൽ ഉപകാരപ്രദങ്ങളായ പല പങ്കുകളും തങ്ങൾ നിർവ്വഹിക്കേണ്ട

വരാണെന്നുമുള്ള ഉത്തമബോധ്യമാണ് എല്ലാത്തിലുമുപരിയായി ചെറുപ്പക്കാർക്കാവശ്യം. സമുദായത്തിൽ പ്രയോജനകരവും സമ്മാനാർഹവുമായ പല വിജയപ്രദമായ പരിപാടികളും ഉടലെടുത്തിട്ടുണ്ട്. അവയിൽ ചിലതെല്ലാം ചെറുപ്പക്കാർ തന്നെ സംഘടിപ്പിച്ചവയുമാണ്. ന്യൂജർസിയിലെ പസ്കാക്കിൽ അങ്ങനെ ഒരു സംഘം പ്രവർത്തനം നടത്തുന്നുണ്ട്. മോശമായിക്കിടന്ന ഒരാശുപത്രിക്കുവേണ്ടി അവർ ഒരു വൻതുക പിരിച്ചെടുത്തു. നൃത്താഭിനയങ്ങൾ, പുസ്തകവിതരണം മുതലായവയും അവർ നടത്താറുണ്ട്. മാതൃകാപരമായ ഒരു ഗൃഹം പ്രദർശിപ്പിക്കുന്നതിനുവേണ്ടി അവർ ടിക്കററു വിററുനടന്നു. സ്വല്പമൊന്നു നേരെയാക്കാമെങ്കിൽ യുവത്വത്തിൻെറ പ്രസരിപ്പ് നല്ലകാര്യങ്ങൾക്കായി തിരിച്ചുവിടാം. അതോടൊപ്പം സമുദായത്തിൽ എങ്ങനെയാണ് വളർന്നുവരേണ്ടതെന്നുള്ള ബോധവും ചെറുപ്പക്കാർക്കുണ്ടാവും.

**'പകപ്പൌരന്മാർ'**

യൗവനപ്രശ്നങ്ങളോടു തുല്യങ്ങളാണ് വാർദ്ധക്യപ്രശ്നങ്ങളും. അവരണ്ടിലും ബീജകാരണം വിസ്മരിക്കപ്പെട്ടിരിക്കയുമാണ്. ശീഘ്രഗതിയിൽ ചലിച്ചുകൊണ്ടിരിക്കുന്ന വൈയവസായികമായ അമേരിക്കൻസമുദായം, ചെറുപ്പക്കാരുടേയും കിഴവന്മാരുടേയും ശക്തിയും കഴിവും ഉപയോഗപ്പെടുത്തേണ്ടതിനു പററിയ മാർഗ്ഗങ്ങൾ ഇതേവരെ കണ്ടുപിടിച്ചിട്ടില്ല. ചെറുപ്പക്കാർ തങ്ങളുടെ ചുമതലകൾ കഴിവുകളോടുകൂടി ഘടിപ്പിക്കേണ്ടതെങ്ങനെയെന്നു് കണ്ടുപിടിക്കാതിരിക്കുന്നു; വൃദ്ധന്മാരാകട്ടെ തങ്ങളെ ചുമതലകളിൽനിന്നു് ഒഴിവാക്കിയിരിക്കുന്നു എന്നു് കണ്ടുപിടിക്കുന്നു. അറുപതിലോ അറുപത്തിയഞ്ചിലോ ജോലികളിൽനിന്നു് പുരുഷന്മാർ വിരമിക്കണമെന്നാണ വയ്പ്.

വൃദ്ധന്മാരുടെ സംഖ്യ പെരുകിവരുന്നതുമൂലം അടുത്തകാലത്തായി വൈദ്യശാസ്ത്രത്തിൽ ഒരു പുതിയ വകുപ്പും ഉണ്ടായിട്ടുണ്ട്. വൃദ്ധകാലരോഗങ്ങൾ. അവരെ ഉദ്ദേശിച്ച് സാമുദായികപരിപാടികളും തുടങ്ങിയിരിക്കുന്നു. സ്വതന്ത്രസംഘടനകൾ, വൃദ്ധന്മാർക്കായി വിനോദശാലകൾ സ്ഥാപിക്കയും,

വേണ്ട പരിപാടികൾ ആസൂത്രണം ചെയ്യുന്നതിന്ന് അവരെ ത്തന്നെ പ്രോത്സാഹിപ്പിക്കുകയും ചെയ്തുവരുന്നുണ്ട്. ചില്ലറ വേലകളോ, കളികളോ, നൃത്തമോ, കൈവേലകളോ, വായനയോ, സംഭാഷണമോ ഏതു വേണമെങ്കിലും അവർക്കു് ആലോചിച്ചു നിശ്ചയിക്കാം.

ഈ പരിപാടികളുടെ ഫലം തന്റെ അച്ഛനിൽ വരുത്തിയ മാററം കണ്ടിട്ടു് ഒരു സ്ത്രീ പറഞ്ഞു: "അദ്ദേഹം ഇപ്പോൾ ആളേ മാറിയിരിക്കുന്നു. പുതുതാല്പര്യങ്ങൾ അച്ഛനു് വളരെയുണ്ടു് ഇപ്പോൾ."

പ്രായമായവരിൽ ഒരുവൾ പറഞ്ഞു: "അത്ഭുതംതന്നെ, വാസ്തവം, ഇതു ഭൂമിയിലെ സ്വർഗ്ഗംതന്നെയാണു്."

ധനസഹായത്തോടെയുള്ള സാമുദായികഭദ്രത, വാർദ്ധക്യം പരാശ്രയത്തിൽ കഴിക്കേണ്ടിവരും എന്നു് ഒരുകാലത്തു് ഭയന്നിരുന്ന വൃദ്ധന്മാരുടെ ജീവിതഗതിയിൽ വൻപിച്ച ഒരു മാററം വരുത്തിയിട്ടുമുണ്ടു്. ചെറിയ ധനസഹായമേ ലഭിക്കുന്നുള്ളു എങ്കിലും ഉള്ളതുകൊണ്ടു് ഒരു വൃദ്ധദമ്പതികൾക്കു് തനതായി വീട്ടുള്ളപക്ഷം സൗഖ്യമായി ജീവിക്കാം. ഒരു വിധവയ്ക്കോ വിധുരനോ സ്വപുത്രനോടോ പുത്രിയോടോ ഒന്നിച്ചു താമസിക്കേണ്ടി വന്നാൽ, അവരെ ആശ്രയിക്കാതെ ജീവിക്കുവാനും ആ തുക ധാരാളം മതിയാകും. വൈദ്യശുശ്രൂഷ ആവശ്യമുള്ളവർക്കു് അതിനായിട്ടുള്ള സ്വകാര്യസ്ഥാപനങ്ങളിൽ പോകാം. അടുത്തകാലത്തു് ആരംഭിച്ച ഒരു പുതിയ ഏർപ്പാടാണു് ഇതു്. കുറഞ്ഞതു് പ്രതിവാരം നാലുതു ഡോളറുണ്ടെങ്കിൽ വൈദ്യസഹായം അവിടെ ലഭിക്കും. വൻനഗരങ്ങളിൽ വാടകയ്ക്കു താമസിക്കേണ്ടിവരുന്ന വൃദ്ധന്മാരുടെ കാര്യമാണു് ഖേദകരം. അവർക്കു ജീവിതത്തിൽ കൂട്ടില്ല. ഒറ്റയ്ക്കു പിറുപിറുത്തുകൊണ്ടു വല്ല ഭക്ഷണശാലകളിലും ആഹാരം കഴിക്കണം. സഹജീവികളോടു് ഏതെങ്കിലും വിധം സമ്പർക്കം പുലർത്തുന്നതിനുവേണ്ടി നഗരാരാമങ്ങളിൽ പോയി കിളികൾക്കു് തീററി കൊടുത്തു് ക്രീഡിക്കും. എങ്കിലും കൂട്ടുകെട്ടുവേണമെന്നുള്ളവരെ തൃപ്തിപ്പെടുത്തുവാനും സൗകര്യങ്ങൾ ഉണ്ടാക്കിവരുന്നുണ്ടു്.

ഒരു തൊഴിൽക്കാരനോ സാങ്കേതികജ്ഞാനിക്കോ വേണമെന്നു തോന്നിയാൽ, ജോലിയിൽനിന്നു പിരിഞ്ഞതിനു ശേഷവും സാമൂഹികപ്രവൎത്തനങ്ങളിൽ തൻെറ കഴിവുകൾ ചെലുത്തി ബാക്കി ജീവിതവും കഴിക്കാം. പൗരന്മാരുടെ ആരോഗ്യസ്ഥിതി, മനസ്ഥിതി, ഉത്സാഹം, ഇവയെ പരിപോഷിപ്പിക്കുന്നതിനുള്ള സ്വതന്ത്ര്യസംഘടനകൾ നാട്ടുമുഴുവനുണ്ടു്. ഈ സംഘടനകൾക്കു് ത്യാഗസമ്പന്നരായ പ്രവൎത്തകരെ ആവശ്യമുണ്ടു്. അങ്ങനെയുള്ള പ്രവൎത്തകരായി വൃദ്ധന്മാർ ചേരുന്നതുമൂലം സമുദായത്തിനു് വൻപിച്ച നേട്ടങ്ങളുമുണ്ടാകും.

സാമുദായികശാസ്ത്രജ്ഞന്മാർ പ്രത്യേകം ചൂണ്ടിക്കാണിക്കുന്ന ഒരാശയമാണു്, വൃദ്ധതലമുറയ്ക്കു് അന്തസ്സും സ്വാധീനതയും മുൻപുണ്ടായിരുററതിൽ കുറച്ചേ ഇപ്പോൾ ഉള്ളു എന്നതു്. ഇതു കുറെയൊക്കെ സത്യവുമാണു്. എങ്കിലും, പുത്രന്മാൎക്കു് ഉപദേശിയായും, പൗത്രന്മാൎക്കു് കളിച്ചങ്ങാതിയായും മുത്തച്ഛൻ കുടുംബത്തിൽ ഒരു പ്രധാന പങ്കുവഹിക്കുന്നു. മുത്തച്ഛനോ അമ്മൂമ്മയോ വിരുന്നുവരിക എന്നതു് അമേരിക്കൻ കുട്ടികൾക്കു് ഒരുത്സവംതന്നെ ആണു്. തയ്യൽപ്പണിയിലും പാചകത്തിലും ഉള്ള അമ്മൂമ്മമാരുടെ നൈപുണ്യവും പഴംകഥകളും ഇന്നും ബഹുമാനിക്കപ്പെട്ടുവരുന്നു. യുവാക്കൾക്കുവേണ്ടി ചെലവഴിക്കുവാൻ വാൎദ്ധക്യത്തിനു് സമയമുണ്ടു്. ജീവിതത്തിൻെറ ക്ഷണഭംഗുരമായ വക്കിലാണു് തങ്ങളെന്നുള്ള ബോധം അവരെ പരസ്പരം ആകൎഷിക്കുന്നു. കുട്ടികൾക്കു് ഒരു മഹാത്ഭുതമാണു് പ്രായമായവർ. അതവൎക്കു ചരിത്രവും അദൃശ്യമായ മൂൎത്തീകരണവുമാണു്. സുരക്ഷിതത്ത്വത്തിൻെറയും സുസ്ഥിരതയുടെയും, കുട്ടി വളരെയധികം ആശ്രയിക്കുന്ന കുടുംബജീവിതത്തിൻെറയും ജാമ്യമാണു് വൃദ്ധന്മാർ. മുത്തച്ഛന്മാർ എഴുപതും എൺപതും വയസ്സുവരെ ജീവിച്ചിരിക്ക എന്നതു് കുടുംബത്തിനു് ഒരുതരം അഭിമാനവും അന്തസ്സും ശക്തിയുമാണു്. ഇതെല്ലാം ഇന്നു നിലനില്ക്കുന്നു.

മററു സ്ഥാപനങ്ങളോടുള്ള അനേകം കടമകൾ കുടുംബത്തിനു നഷ്ടപ്പെട്ടിട്ടുണ്ടെങ്കിലും അതു് ഇന്നും, അതിലെ അംഗ

ങ്ങളുടെ വികാരലോകത്തിൻെറ കേന്ദ്രവും, ആത്മസ്നേഹത്തിൻെറ മൂലവും, ആളുകളുടെ പ്രഥമവും പ്രധാനവുമായ മനോവൃത്തിയുടെ നിദാനവും, ജനായത്തത്തിൻെറ പരിശീലനക്കളവുമാണ്. അജ്ഞതയും മനംമട്ടപ്പും നിമിത്തം ബോധമില്ലാത്ത മാതാപിതാക്കന്മാർ അനർത്ഥകരമായ പല മനോവൃത്തികളും കുടുംബത്തിൽ വിതിക്കുന്നു. അതു ദൂഷ്യകരംതന്നെ എങ്കിലും, എല്ലാ വ്യക്തികളും പഠിച്ചിരിക്കേണ്ട സഹിഷ്ണുത കുടുംബജീവിതത്തിൽനിന്നുണ്ടാകുന്നുണ്ട്. സ്നേഹം, അതു വേണ്ടപോലെ ആയാൽ കുടുംബം തന്നിൽ കണ്ട സ്നേഹം ലോകമൊട്ടുക്കു പരത്തുവാൻ ഒരുക്കമുള്ള പൗരന്മാരെ ജനിപ്പിക്കും.

## അദ്ധ്യായം അഞ്ചു്

# അമേരിക്കൻ പ്രകൃതം

ഇംഗ്ലണ്ടിൻേറയോ, ടക്കിയുടേയോ, ചൈനയുടേയോ ആയ തനി പ്രകൃതം ആ രാജ്യങ്ങളിൽ ഒന്നുപോലും കാണുവാനില്ലാത്തതുപോലെതന്നെ, തനി അമേരിക്കൻ പ്രകൃതത്തിന്റെ ഒരൊററ മാതൃകപോലും അവിടെ കാണ്മാനില്ല. നമ്മുടെ വിവിധങ്ങളായ വൎഗ്ഗീയവും സാംസ്കാരികവുമായ ഉൽപത്തിമൂലവും, ലോകത്തിൻേറ നാനാഭാഗങ്ങളിൽനിന്നുമുണ്ടായ തുടൎച്ചയായ കുടിയേററംമൂലവും, നമ്മുടെ പ്രാദേശികവൈരുദ്ധ്യങ്ങൾ മൂലവും അമേരിക്കയിൽ വ്യക്തിസ്വഭാവം കുറേക്കൂടി സങ്കീൎണ്ണമായിട്ടുണ്ടു്. അനേകായിരം വിധത്തിലുള്ള മതവിശ്വാസവും, അതു് വിശ്വാസികളിൽ ചെലുത്തുന്ന സ്വാധീനതയും ആ സങ്കീൎണ്ണതയെ വൎദ്ധിപ്പിക്കുന്നു. അതു് ആ വ്യക്തിയുടെ തലമുറയാലും കൂടുതൽ വൈവിധ്യബഹുലമാക്കപ്പെട്ടിട്ടുണ്ടു്. ആദിതലമുറ കുടിയേററക്കാരനായും, രണ്ടാംതലമുറ അയാളുടെ മകനായും, ആ പരമ്പര അങ്ങനെ നീണ്ടുപോകുന്നു.

അമേരിക്കാക്കാരെ എല്ലാവരേയും ഒന്നിച്ചുകൂട്ടാൻ ഒരു ശക്തിയായ പ്രേരണയുണ്ടു്. എന്നാൽ, അമേരിക്കൻജീവിതത്തിലെ പ്രത്യക്ഷമെന്നു തോന്നിക്കുന്ന വൈരുദ്ധ്യങ്ങൾ, അല്പം കൂടി ചുഴിഞ്ഞു നോക്കുന്നവരെ സംഭ്രമിപ്പിക്കുന്നു. അമേരിക്കാക്കാർ പൊതുവെ കഠിനാദ്ധ്വാനക്കാരാണെന്നുള്ളതു വാസ്തവം തന്നെ. അതോടൊപ്പം കഠിന വിനോദക്കാരുമാണു് അവർ. ദേശസഞ്ചാരത്തിനും, വിനോദയാത്രകൾക്കും, നായാട്ടിനും, കായികവിനോദങ്ങൾക്കും, മദ്യപാനത്തിനും, പുകവലിക്കും, ചലച്ചിത്രങ്ങൾ കാണുന്നതിനും, ടെലിവിഷൻ ദൎശിക്കുന്നതിനും, പത്രങ്ങളും മാസികകളും വായിക്കുന്നതിനും ലോകത്തിലുള്ള മറേറതു ജനങ്ങളേക്കാളുമധികം അമേരിക്കൻജനത പണവും സമയവും ചെലവുചെയ്യുന്നുണ്ടു്. എങ്കിലും അവർ, മതസ്ഥാപനങ്ങൾക്കും, സമുദായസേവനങ്ങൾക്കും, ആശുപ

ത്രികൾ മുതലായ ധർമ്മസ്ഥാപനങ്ങൾക്കും നല്ല തുക ചെലവാക്കുന്നുണ്ട്. സദാ ധൃതഗതിക്കാരാണെങ്കിലും വിശ്രമത്തിന് അവർ കൂടുതൽ സമയമെടുക്കുന്നുണ്ട്. വ്യക്തികളുടെ അവകാശങ്ങളെപ്പററി ബോധമുള്ളവരാണവർ. അതേസമയം മതനിഷ്ഠയും അവർക്കുണ്ട്. വലിപ്പത്തെ ആരാധിക്കുന്നുവെങ്കിലും താഴ്ന്നവനെ പ്രത്യക്ഷമാതൃകയാക്കുന്നവരാണവർ.

*വിജയമാണ് അന്ത്യലക്ഷ്യം*

അമേരിക്കാക്കാർ ഉൾപ്പെടെ എല്ലാവരുംതന്നെ അഭിപ്രായവ്യത്യാസമില്ലാതെ യോജിക്കുന്ന ഒരു സംഗതി, ജനത വിജയത്തിന് ഒരു വലിയ മൂല്യം കല്പിക്കുന്നു എന്നുള്ളതാണ്. വിജയത്തിനു ഭൗതികമായ പ്രതിഫലങ്ങൾ എന്നുള്ള അർത്ഥം വരേണമെന്നില്ല. ഏതെങ്കിലുംവിധത്തിലുള്ള പ്രാമാണ്യം—കഴിയുന്നതും അളക്കാവുന്നത്—എന്നാണതിനർത്ഥം. ഒരു കുട്ടി തൊഴിൽക്കാരനാകുന്നതിനു പകരം ഒരു പുരോഹിതനായിത്തീരുന്നുവെങ്കിൽ അതിൽ തെററൊന്നുമില്ല. പക്ഷേ, ആ ദേവാലയവും അവിടെ കൂടുന്ന ജനസംഖ്യയും ക്രമേണ വലുതാകുന്നുവെങ്കിൽ അവൻെറ വിജയവും വർദ്ധിച്ചുവരുന്നതായിക്കണക്കാക്കാം.

വിജയത്തിന്മേൽ ഇത്ര ഊന്നു വന്നതിന് അനേകം കാരണങ്ങളുണ്ട്. തൊഴിലിനു സ്വന്തം മഹത്വമുള്ളതിനുപുറമെ അതിൻെറ ഫലങ്ങൾ ദൈവാനുഗ്രഹചിഹ്നങ്ങൾകൂടിയാണ് എന്നു പ്യൂരിട്ടൻക്രിസ്ത്യാനികൾ വിശ്വസിച്ചിരുന്നു. കുടിയേററത്തെ പ്രതീക്ഷിച്ചു നിന്നിരുന്ന ഭൂമിയിൽ ആളുകൾക്കു ധാരാളം അവസരങ്ങളുമുണ്ടായിരുന്നു. സ്ഥിരമായ പദവികളോടും വിഭാഗങ്ങളോടുംകൂടിയ സമുദായം ഇല്ലാതിരുന്നതിനാൽ സ്വന്തം സാമർത്ഥ്യംമൂലം ഒരുവന് ഉയരുവാൻ ഒരു പ്രയാസവുമുണ്ടായിരുന്നില്ല.

തനിക്ക് 'പഴയ ലോക'ത്തു് നിരസിച്ചിരുന്നവയെല്ലാം പുതുലോകത്തു നേടണമെന്നുള്ള ദൃഢവ്രതക്കാരനായിരുന്നു കുടിയേററക്കാരൻ. അവൻെറ സന്താനങ്ങൾക്കാണെങ്കിൽ, കൂടുതൽ വിജയം വരിച്ചും, രൂപംപ്രാപിക്കാത്തതും വർഗ്ഗരഹിതവുമായ സമുദായത്തിൽ കൂടുതൽ ഉയർന്നും, കുടിയേററ ഭാര

ങ്ങളെ ദൂരീകരിക്കണമെന്നുള്ള അത്യാഗ്രഹവും ചെറുതായിരുന്നില്ല. യൂറോപ്പിലെപ്പോലെ മാതാപിതാക്കന്മാരുടെ പ്രീതിക്കുവേണ്ടി സഹോദരന്മാർ പരസ്പരം മത്സരിച്ചില്ല. അവർ വിശാലമായ ലോകത്തിറങ്ങി, തങ്ങൾക്കു പ്രിയം തോന്നിയ പാതകളിലൂടെ വിജയത്തിനുവേണ്ടി യത്നിച്ചു.

മാത്സര്യത്തെ അത്ര ഉപരിയായി വിലമതിക്കുന്ന ഒരു സമുദായം, വിവിധരൂപങ്ങളിലുള്ള കൈയേറ്റങ്ങളേയും നിയന്ത്രിക്കുവാൻ ബുദ്ധിപൂർവ്വമായ നിയമങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെങ്കിലും, അനിവാര്യമായി അക്രമം പെരുത്തതായിരിക്കും. സാമ്പത്തികവ്യവസ്ഥയുടെ മാംസക്കൊഴുപ്പിനു പററിയ ഒരു കരുപ്പും സമുദായത്തിനുണ്ടെങ്കിലും ചില വ്യക്തികൾക്കു് അതു താങ്ങാൻ വിഷമമാണു്. നമ്മുടെ ആദിമകാലങ്ങളിൽ ഈ കൈയേററം അതിജീവിക്കലിന്നു് അത്യന്താപേക്ഷിതമായിരുന്നു. ഇന്നു് അതു സമുദായത്തിന്നു് ഉപദ്രവമായിട്ടുണ്ടു്. കയററത്തിനുള്ള വഴിയടഞ്ഞു് ആണ്ടുകൾതോറും ഒരേ ജോലിതന്നെ ചെയ്യേണ്ടിവരുന്ന വ്യവസായശാലയിലെ ഒരു തൊഴിലാളി വർഗ്ഗശത്രുതയിലോ, ഭരണക്കൂടത്തോടുള്ള സമരത്തിലോ അല്ലെങ്കിൽ തന്നിൽത്തന്നെ തിരിഞ്ഞു മദ്യപാനത്തിലോ, അപായപ്രയാണങ്ങളിലോ, കിറുക്കുപിടിച്ച പെരുമാററത്തിലോ തൻെറ വൈരാഗ്യവികാരം പ്രകടിപ്പിച്ചു എന്നു വരാം.

വിജയത്തിനു് ഒരു വലിയ പരിഗണന നല്കിവരുന്നതിനാൽ പ്രതിഫലവും വലുതാണു്. പണം പണത്തിനുവേണ്ടി പോഷിപ്പിക്കുന്നവർ അമേരിക്കയിൽ ചുരുക്കമാണു്. അതു് ഒരടയാളവും ഉപകരണവുമാണു്. ഒരുവൻെറ പദവി ഉയരുന്നതോടെ അവരിൽനിന്നു പ്രതീക്ഷിക്കുന്ന സഹായങ്ങളും വർദ്ധിക്കുന്നു. സമുദായത്തെ രക്ഷിച്ചു വളർത്തുന്ന അനേകായിരം സ്വതന്ത്രസംഘടനകൾ അവൻെറ ഉദാരസംഭാവനകൾ പ്രതീക്ഷിക്കുന്നു. ഏതെങ്കിലും ഒരു പ്രമുഖ വ്യക്തിയുടെ വിവരണപ്പട്ടിക പരിശോധിച്ചാൽ അദ്ദേഹം എത്രയെത്ര കമ്മററികളിലും, പൊതുജനതാല്പര്യങ്ങൾക്കായി സ്ഥാപിച്ചിട്ടുള്ള എത്രയെത്ര സംഘടനകളിലും ഉൾപ്പെട്ടിട്ടുണ്ടെന്നു് അറിയാവുന്നതാണു്.

മനഃശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തിൽ വിജയത്തിനു

വേണ്ടിയുള്ള ഈ പരാക്രമം, ഭയത്തേയും അന്തഃശ്ശൂന്യതാബോധത്തേയും പരാജയപ്പെടുത്തുന്നതിനുള്ള ഒരു മാർഗ്ഗമാണ്. ചലിച്ചുകൊണ്ടിരിക്കുന്ന ഒരു സമുദായത്തിൽ, ചോരത്തിളപ്പുള്ള ഒരുവനു മററുള്ളവരോടു പോരാടി തനിക്കെത്ര മുന്നോട്ടു പോകാമെന്നു് പരീക്ഷിക്കാതിരിക്കുക സാദ്ധ്യമല്ല.

വിജയാകാംക്ഷയുള്ളവക്കു് ആ സമ്പ്രദായം നല്ലതുതന്നെ. മധ്യവത്തികൾക്കു് അതത്ര ഗുണകരമല്ല. പരാജയഭീതി, മത്സരിക്കുന്നവരോടുള്ള ഭയം, ആത്മാഭിമാനക്ഷതം മുതലായവ ചിലക്കു കൈകാര്യം ചെയ്യുവാൻ സാധിക്കാത്തവിധം മാനസികവിഷമങ്ങളുണ്ടാക്കുന്നു. അവ സ്നേഹത്തിനുള്ള ഒരു അതിദാഹം സൃഷ്ടിക്കുന്നുണ്ടു്. അങ്ങനെ വിജയവും സ്നേഹവുമായി കൂട്ടിപ്പിണയുന്നു. മിക്ക അമേരിക്കാക്കാരും യൗവനത്തിലെത്തുമ്പോഴേക്കു് ഈ രണ്ടു് ആശയങ്ങളും തമ്മിൽ കൂട്ടിക്കുഴയ്ക്കുന്നു എന്നാണു് ഗോറർ വിശ്വസിക്കുന്നതു്—അതായതു്, വിജയിക്കുക എന്നതു സ്നേഹിക്കപ്പെടുകയാണു് എന്നും, സ്നേഹിക്കുക എന്നതു വിജയിക്കുകയാണു് എന്നും. തങ്ങളുടെ കുട്ടികൾ പരീക്ഷകളിൽ ജയിക്കുമ്പോൾ സ്നേഹപ്രശംസനടത്തിയും, അവർ തോല്ക്കുമ്പോൾ അതു പിൻവലിച്ചും ഈ ചിത്രം ഉറപ്പിൽ പതിക്കുവാൻ അമ്മമാർ സഹായിക്കുന്നു.

ഒരു കുട്ടിയെ പിന്നോക്കം നിത്തുവാൻ ജാതിവ്യത്യാസമോ, പാരമ്പര്യത്തൊഴിലോ, വിദ്യാഭ്യാസമോ പരിധിയായിട്ടില്ലാത്തതിനാൽ അവനു കൈവരുത്താവുന്ന നേട്ടത്തിനും താത്വികമായി പരിധിയില്ല. അതിനാൽ “ശരി, അതു ഞാൻ ചെയ്തുകഴിഞ്ഞു. അതു നിലനിത്തിക്കൊണ്ടുപോകയാണു് എനിക്കു മേലാലുള്ള ജോലി” എന്നു പറയത്തക്ക ഒരു സ്ഥാനം ഉണ്ടാകുന്നതേ ഇല്ല. താത്വികമായി ഏതു കുട്ടിക്കും അമേരിക്കൻ പ്രസിഡണ്ടായിത്തീരുവാൻ സാധിക്കുന്നതിനാൽ പ്രയത്നം ധാമ്മികമായ കടമയാണു്. മനുഷ്യനു വിലമതിക്കുന്നതു് അവൻെറ വർഗ്ഗോന്നതി അനുസരിച്ചല്ലാ, നേട്ടങ്ങളെ ആസ്പദമാക്കിയാണു്. പദവിയിലും പ്രഭുത്വത്തിലും ജനിച്ചതുകൊണ്ടു കൂടുതൽ പ്രശസ്തി ഒന്നും ലഭിക്കുന്നില്ല. ആരംഭസ്ഥാനത്തുനിന്നും എത്ര ഉയരത്തിൽ നിങ്ങൾ കയറിയിട്ടുണ്ടെന്നുള്ളതാണു് യഥാത്ഥമായ പരീക്ഷ.

അമേരിക്കാക്കാർ പ്രയത്നപ്രേമികളാണ്. അവരുടെ അരിയും വെള്ളവുമാണു പ്രയത്നം. അടുത്ത കാലങ്ങളിലായി എങ്ങനെ കളിക്കണമെന്നും അവർ പഠിച്ചിട്ടുണ്ട്. എന്നാൽ അതും അവർ തൊഴിലായി ശീലിക്കുന്നു. മഞ്ഞുകട്ടകളിൽക്കൂടിയുള്ള ഓട്ടമാണെങ്കിൽ കുതിരയെ വെല്ലുന്ന ശക്തിയിലാണ് അവർ നടത്തുക. ഒഴിവുകാലമാണെങ്കിൽ ദിവസം അഞ്ഞൂറും അറുന്നൂറും മൈൽവീതം അവർ സഞ്ചരിക്കുന്നു. അറുപതു മൈൽ വേഗത്തിലുള്ള സഞ്ചാരത്തിനിടയിൽ പ്രകൃതിദൃശ്യങ്ങളുടേയും മററും ഫോട്ടോകൾ എടുക്കുവാൻ വേണ്ട സമയം മാത്രമേ വഴിയിൽ തങ്ങുന്നുള്ളു. അതും കഴിഞ്ഞു തിരികെ വീട്ടിലെത്തി ആ പടങ്ങൾ പരിശോധിച്ചാണ് അവർ കാണുവാൻ പോയ സ്ഥലങ്ങൾ കണ്ടെത്തുന്നതു്.

അടുത്തകാലംവരെ ഈ രാജ്യത്തു് അത്യാവശ്യമായ പല വേലകളും ചെയ്യാനുണ്ടായിരുന്നു. ആദ്യവേളകളിൽ പല നിലയിലും വിലയിലും ഉള്ളവരെല്ലാം ഒത്തുചേന്നു പ്രയത്നിക്കേണ്ടിയിരുന്നു. പുരോഹിതനു നിലം ഉഴവും മരംവെട്ടും നടത്തണം. അദ്ധ്യാപകനും, ഡോക്ടർക്കും, മജിസ്ട്രേട്ടിനും തോക്കുമേന്തി നാടിൻെറ രക്ഷയ്ക്കു് അണിനിരക്കേണ്ടിയിരുന്നു. കൃഷിയായുധങ്ങളും ഗൃഹോപകരണങ്ങളും മററും കൃഷിക്കാരനു സ്വപ്രയത്നത്താൽ നിമ്മിക്കേണ്ടിവന്നു. അയാൾ ഒരേസമയം, കൊല്ലനും, ആശാരിയും, തട്ടാനും, വാററുകാരനും, മൃഗവൈദ്യനുമായി. അയാളുടെ സഹധമ്മിണി കുടുംബിനിയും, നെയ്ത്തുകാരിയും, ഡോക്ടറുമായിത്തീന്നു.

***ഭൗതികതത്വം***

തങ്ങൾക്കുള്ളതെല്ലാം അമേരിക്കയുടെമേൽ പണയപ്പെടുത്തിയ സ്ത്രീപുരുഷന്മാരിൽ അധികഭാഗവും പാവങ്ങളായിരുന്നു. ഒരു തൊഴിലോ ഒരു കൃഷിയിടമോ സ്വന്തമായി നേടുവാൻ അവർ പാടുപെടുകയും, ഓരോ കാശായി സമ്പാദിക്കുകയും ചെയ്തു. വോട്ടുചെയ്യുവാനുള്ള സ്വാതന്ത്ര്യത്തേക്കാൾ സ്വന്തമായി സ്വത്തു നേടാമെന്നുള്ള ആകർഷണശക്തിയാണ് അവരെ കടലിന്നിക്കരെ എത്തിച്ചതു്. അതിനാൽ സ്വാഭാ

വികമായി കഠിനപ്രയത്നംകൊണ്ടു നേടിയ തൊഴിലിനും ഭൂമിക്കും അവർ അമിതമായി വില കല്പിച്ചിരുന്നു.

അമേരിക്കയിൽ പുതുതായി വന്നുചേൎന്നവരുടെ അത്യാഗ്രഹത്തിന്നു വിപരീതമായിരുന്നു പണത്തെ സംബന്ധിച്ച് അമേരിക്കാക്കാൎക്കുണ്ടായിരുന്ന മനഃസ്ഥിതി. ഹ്യൂഗോ മൺസ്റ്റർബഗ്ഗ് എന്ന ജൎമ്മൻ മനഃശാസ്ത്രജ്ഞൻെറ അഭിപ്രായത്തിൽ ഒരു അമേരിക്കാക്കാരൻ "അവന്റെ സാമൎത്ഥ്യത്തിന്റെ സൂചനയായിട്ടാണ് തനിക്കു കിട്ടുന്ന സ്വൎണ്ണനാണയത്തെ പ്രധാനമായും വിലമതിക്കുന്നതു്... അതിനാൽ ഒരമേരിക്കാക്കാരനെ ഭൗതികവാദിയെന്നു മുദ്രയടിച്ച് അവൻെറ ആദർശങ്ങളെ തള്ളിക്കളയുന്നതു് ഒരു മൗലികമായ അബദ്ധമാണ്. ഒരു പ്രശസ്ത ചിത്രകാരൻ പണത്തിനുവേണ്ടി പ്രയത്നിക്കുന്ന അതേ മനഃസ്ഥിതിയോടെതന്നെയാണ് ഒരമേരിക്കൻവ്യാപാരിയും പ്രയത്നിക്കുന്നതു്—" അതായതു് തൻെറ തൊഴിലിനു കിട്ടുന്ന അഭിനന്ദനമെന്ന നിലയ്ക്കുമാത്രം.

പൊതുജനമതിപ്പ്, സൽപ്രവൃത്തികൾ, കീൎത്തി മുതലായ സ്വീകാൎയ്യമായ തെളിവുകൾ മററു പലതുമുണ്ടെങ്കിലും, വിജയത്തിൻെറ വ്യക്തവും പ്രധാനവുമായ തെളിവ് ധനസമ്പാദനമാണ്. പക്ഷേ, അതു കൂട്ടിവയ്ക്കുന്നതിന് ഒട്ടുംതന്നെ പ്രാധാന്യം കല്പിക്കുന്നില്ല. ധാരാളം ധൎമ്മസ്ഥാപനങ്ങൾക്കു കൈയയച്ചു സംഭാവനകൾ ചെയ്യും, കുടുംബത്തിലെ നിർഭാഗ്യവാന്മാരായ അംഗങ്ങൾക്കു വേണ്ട സഹായങ്ങൾ നല്കിയും സുഭിക്ഷതയിൽ അതിൻെറ ഉടമസ്ഥൻ ജീവിക്കുന്നില്ലാ എങ്കിൽ അയാൾ പരിഹസിക്കപ്പെട്ടേക്കാം.

അങ്ങനെ, ധനത്തോടുള്ള മോഹം പെരുത്തു് അതു പൂഴ്ത്തിവയ്ക്കുന്നതിലല്ലാ, അതു സമ്പാദിച്ചു ചെലവാക്കുന്നതിനുള്ള മോഹത്തിലാണ് അമേരിക്കായിലെ ഭൗതികതത്വമെന്ന് അവിടെ എത്തുന്ന സന്ദർശകൻ ആദ്യമായിത്തന്നെ മനസ്സിലാക്കുന്നു. അതു്, അമേരിക്കായുടെ പ്രത്യേക സ്വഭാവമെന്നതിനേക്കാൾ ഇടത്തരക്കാരുടെ സ്വഭാവമാണ്. അതിനു കാരണം അമേരിക്കായിൽ ഭൂരിപക്ഷവും ഇടത്തരക്കാരാണ് എന്നതുതന്നെ.

പ്രകൃതിവിഭവസമൃദ്ധിയാൽ അമേരിക്ക അനുഗൃഹീത

യാണ്. ജനപ്രയോജനകരമാംവണ്ണം വിഭവങ്ങളെ ഉപയോഗിക്കുന്നില്ലാ എങ്കിൽ സമ്പന്നമായ ഒരു രാജ്യവും ദാരിദ്ര്യത്തിലാണ്ടുപോകുമെന്നു സാമ്പത്തികാധഃപതനകാലത്തു് അതു പഠിച്ചു. ആ അബദ്ധം പുനരാവർത്തിക്കാൻ അതു തയ്യാറില്ല. കാർഷികവും വ്യാവസായികവുമായ യന്ത്രങ്ങളുൾപ്പെടെ അമേരിക്കായുടെ ഉല്പാദനങ്ങളിൽ ഒരു നല്ല പങ്കു് വിദേശങ്ങളിലേക്കു പോകുന്നു. ഉല്പാദനത്തിൻേറയും ഉപഭോഗത്തിൻേറയും തോതു് ആ രാജ്യങ്ങളിലും വർദ്ധിച്ചേക്കുമെന്നുള്ള ആശയോടെയാണു് അങ്ങനെ ചെയ്യുന്നതു്.

ഉല്പാദനത്തിന്റെ ഉയൎന്ന തോതു് ഭൗതികസുഭിക്ഷതയുടെ തോതും ഉയൎത്തിയിട്ടുണ്ടെന്നുള്ളതു് അവിതൎക്കിതമാണു്. പുതുതും, മിന്നുന്നതും, മൃദുലാമയതും, കാൎയ്യക്ഷമതയുള്ളതും, പ്രയത്നരഹിതമായതുമാണു് അമേരിക്കാക്കാൎക്കു് കൂടുതൽ ഇഷ്ടം. വീട്ടിലുപയോഗിക്കുന്ന അപ്പംപോലും ചെറുഖണ്ഡങ്ങളാക്കി മുറിച്ചാണു് വാങ്ങുവാൻ കിട്ടുന്നതു്. അതു വെണ്ണ പുരട്ടി കല്ലിലിട്ടു പൊരിക്കേണ്ട ജോലി വീട്ടുകാരിക്കുണ്ടാകുന്നു. അതു പരിഹരിക്കുവാനായി റൊട്ടിപൊരിക്കുന്ന യന്ത്രം വന്നു. അങ്ങനെ ക്രമേണ പുരോഗമിച്ചു്, ഇന്നു്, മുറിക്കയും, വെണ്ണ പുരട്ടുകയും, പൊരിക്കയും, തട്ടത്തിൽവയ്ക്കുകയും ചെയ്യുന്ന യന്ത്രം പ്രചാരത്തിലായിട്ടുണ്ടു്.

പിന്നെന്തുകൊണ്ടാണു്, ഒരു ചുവടുവയ്ക്കാതെയും ഒരു കൈ ഉയൎത്താതെയും ജീവിക്കത്തക്ക ഒരു ലോകം സൃഷ്ടിച്ചിട്ടു്, അമേരിക്കാക്കാർ സാധാരണ ഉത്സാഹം തിരിച്ചുവിടുന്നതിനുള്ള രംഗങ്ങൾ ആരായുന്നതു്? അവൻേറ നഗരങ്ങൾ, മാനസികവും കായികവുമായ ഊൎജ്ജസ്വലതയെ വ്യയംചെയ്യുന്ന കളിസ്ഥലങ്ങൾ, വസതികൾ, സംഘടനകൾ, പള്ളികൾ മുതലായവകൊണ്ടു നിറഞ്ഞവയാണു്. പ്രയത്നത്തെ ലാഭപ്പെടുത്തുന്ന യന്ത്രങ്ങളും ചിത്തോന്മേഷപ്രേമവും അവൻേറ സമയവും ചൈതന്യവും മററു കാൎയ്യങ്ങളിലേക്കു തിരിക്കുവാൻ സൗകൎയ്യമുണ്ടാക്കുന്നു.

### സേവനാദർശം

ഭൗതികവാദം, സുഖലോലുപത്വം എന്നുള്ള വാക്കുകളിൽ സ്വാർത്ഥത അന്തർഭവിച്ചിരിക്കുന്നു—അതെ, മററുള്ളവരെ പിണിയാളാക്കി തൻകാര്യം നേടുക എന്നതു്. എന്നാൽ മററു കാര്യങ്ങളിലെല്ലാം അമേരിക്കാക്കാർ വിമർശനാർഹരാണെങ്കിലും, അവരുടെ നിരൂപകർതന്നെ സമ്മതിക്കുന്നുണ്ടു്, അവരോളംതന്നെ വിഭവസൗഭാഗ്യം ലഭിച്ചിട്ടില്ലാത്തവരോടു് അവർക്കു് ഔദാര്യവും അനുകമ്പയും ആണുള്ളതെന്നു്. "നിന്നോടു് അവർ എങ്ങനെ പെരുമാറണമെന്നുദ്ദേശിക്കുന്നുവോ അതുപോലെതന്നെ നീ അവരോടും പെരുമാറുക" എന്ന ക്രിസ്തുദേവൻെറ കല്പനയെ അതു് അനുസ്മരിപ്പിക്കുന്നു. തൻ നാട്ടിലോ വെളിയിലോ ഉണ്ടാകുന്ന ഒരത്യാഹിതത്തിനു് അത്ഭുതകരമാംവിധമാണു് അമേരിക്കാക്കാർ സ്വാതന്ത്ര്യസംഭാവനകൾ ചൊരിയുന്നതു്. ആദിമകുടിയേററകാലങ്ങളിൽ ആവശ്യമായിരുന്ന പരസ്പരസഹായസഹകരണങ്ങളുടെ കാലം കഴിഞ്ഞുപോയിരിക്കാമെങ്കിലും ആ ആഹ്വാനം ഇന്നും നിലവിലുണ്ടു്.

1909-ൽ ഗ്രീസിൽനിന്നു് പത്തൊമ്പതാമത്തെ വയസ്സിൽ അമേരിക്കായിലേക്കുവന്ന മൈക്കു് കട്സെനേവാസിൻേറതുപോലുള്ള കഥകൾ മാസികകളിൽ ധാരാളമായിക്കാണാം. ഒന്നാം ലോകമഹായുദ്ധത്തിൽ അയാൾ സേവനമനുഷ്ഠിച്ചിട്ടുണ്ടു്. ഭാര്യയും കുട്ടിയും മരിച്ചു് അയാൾ ഏകതടിയായി ശേഷിച്ചു. അങ്ങനെ ഇരിക്കെ രോഗബാധിതയായ അമ്മയെ സഹായിക്കുവാൻ ഗ്രീസിലേക്കു പോയി. അവിടെ അയാൾ പുനർവിവാഹം കഴിക്കയും, ആ ദമ്പതികൾക്കു് ഒൻപതു കുട്ടികൾ ജനിക്കയും ചെയ്തു. രണ്ടാം ലോകമഹായുദ്ധം അയാളേയും കുടുംബത്തേയും തെണ്ടിച്ചു. നാസികളുടെ പാരച്യൂട്ടുഭടന്മാരോടു് അയാൾ പൊരുതുകയും, മൂന്നുകൊല്ലം തടങ്കൽപാളയത്തിൽ കിടക്കുകയും ചെയ്തു. യുദ്ധാനന്തരം അയാൾ വീട്ടിലേക്കു മടങ്ങി. അവിടെ കണ്ടതു് എല്ലും തൊലിയും മാത്രമായി ശേഷിച്ചിരുന്ന സ്വകുടുംബത്തെയാണു്.

ഒരമേരിക്കൻ പൗരനെന്ന നിലയിൽ, സ്റ്റേററുഡിപ്പാർട്ടുമെൻറിൻെറ ആനുകൂല്യം വിനിയോഗിച്ചു മൂതിന്നു പുത്രന്മാരിൽ

മൂന്നു പേരോടൊത്തു് അമേരിക്കയിലേക്കു മടങ്ങുവാനുള്ള അനുമതി അയാൾ നേടി. പക്ഷേ, ബാക്കി കുടുംബാംഗങ്ങൾക്കു യാത്രക്കൂലിക്കുവേണ്ട തുകയുണ്ടാക്കുവാൻ അയാൾക്കു് ഒരു മാൎഗ്ഗവുമുണ്ടായിരുന്നില്ല. അയാൾക്കു പ്രായവും അറുപത്തിഅഞ്ചായി. അയാളുടെ ചരിത്രം പത്രങ്ങളിൽ പുറത്തായതോടെ അവൎക്കു് അമേരിക്കായിലെത്തുവാൻ ആവശ്യമായ 2600 ഡോളർ ക്ഷണത്തിനുള്ളിൽ പിരിഞ്ഞുകഴിഞ്ഞു. മൈക്കിൻെറ കഴിവനുസരിച്ചു് ഒരു ചെറിയ വീടു വാങ്ങുവാൻ നാവികഉദ്യോഗസ്ഥന്മാരും മററുള്ളവരും സഹായിച്ചു. ചിത്രകാരന്മാർ സൗജന്യമായി ആ വീടു് അലങ്കരിച്ചു. വീട്ടിലേക്കു് ആവശ്യമായ ഉപകരണങ്ങൾ വ്യവസായശാലകൾ സംഭാവനചെയ്തു. ആവശ്യമായ വസ്തുങ്ങൾ നാട്ടുകാരു പെണ്ണുങ്ങളും കൊടുത്തു. അങ്ങനെ മൈക്കും കുടുംബവും അമേരിക്കായിലുറച്ചു. അയാൾ പറഞ്ഞു, ''അമേരിക്കായിൽ മാത്രമേ ഇങ്ങനെ കാര്യങ്ങൾ നടക്കു'' എന്നു്.

അമേരിക്കൻ ജീവിതത്തിൻെറ വിവിധ ശാഖകളിലും സേവനം ഒരാദർശമായി വ്യാപിച്ചിട്ടുണ്ടു്. സാമൂഹികസ്ഥാപനങ്ങൾ പൗരന്മാരുടെ ആവശ്യങ്ങളെ ഊഹിച്ചറിഞ്ഞു് അവരുടെ ജീവിതത്തെ ആരോഗ്യ,സൗഖ്യ,സമ്പത്തുകളോടുകൂടിയതാക്കും എന്നാണു പ്രതീക്ഷ (ഇതിനെപ്പററി കൂടുതൽ അടുത്ത അദ്ധ്യായത്തിൽ). അതിനിടയിൽ ഒരു വാണിജ്യ പ്രവൎത്തനമെന്ന നിലയ്ക്കു സേവനം മുന്നണിയിലെത്തിക്കഴിഞ്ഞു. 1870–നു ശേഷം സേവനോല്പാദനനിരതരായ പരിചയസമ്പന്നരുടെ സംഖ്യ 23%-ൽനിന്നും 53%മായി വൎദ്ധിപ്പിച്ചിട്ടുണ്ടു്. നിങ്ങൾക്കു പതിവായി ശിശുവിനെ കുളിപ്പിക്കുവാനോ, വണ്ടി കഴുകുവാനോ ആളിൻെറ ആവശ്യമുണ്ടെങ്കിൽ അതിനൊരു വിഷമവുമില്ല. ടെലഫോൺപുസ്തകങ്ങളുടെ മഞ്ഞച്ച പുറംചട്ടയിൽ അതുസംബന്ധിച്ച വിവരങ്ങൾ പരസ്യം ചെയ്തിരിക്കും.

താഴ്ന്നവിലയ്ക്കു സ്വയം സേവനം നൽകാൻ വൻവ്യാപാരങ്ങൾ ശ്രമിക്കുമ്പോൾ, ചില്ലറ സ്ഥാപനങ്ങൾ വീടുതോറും നടന്നുള്ള വ്യാപാരം ആവശ്യാനുസരണം നിൎവ്വഹിച്ചുവരുന്നു. നഗരപ്രാന്തങ്ങളിലും ഗ്രാമപ്രദേശങ്ങളിലും ആ

സേവനം സ്തുത്യർഹമായി വിജയിക്കുന്നുണ്ടു്. അവിടങ്ങളിൽ പതിവായി പച്ചക്കറിക്കാർ, റൊട്ടിക്കച്ചവടക്കാർ, മാംസവ്യാപാരികൾ, ഭക്ഷണസാധനവില്പനക്കാർ മുതലായവരും ഇടക്കിടക്കു് ജീവരക്ഷാഭോഗക്കാർ, മാസികാവ്യാപാരികൾ, മോട്ടോർകാർ കച്ചവടക്കാർ മുതലായവരും, ഒഴിക്കാൻ വയ്യാത്ത ഗ്രാമസ്ഥാപനമായ തപ്പാൽശിപായിയും വന്നുപോകുന്നുണ്ടു്.

സേവനവ്യഗ്രത രാഷ്ട്രീയസ്വഭാവത്തിൻെറ രണ്ടു വിഭിന്നശക്തികളെ—വ്യാപാരവിജയത്തിനുവേണ്ടിയുള്ള തീവ്രയത്നം, മൃദുലവും മതപ്രചോദിതവുമായ സേവനവാഞ്ഛ എന്നിവയെ—കോർത്തിണക്കുവാനുള്ള ശ്രമത്തെയാണു് സൂചിപ്പിക്കുന്നതു്. ആ സേവനങ്ങളുടെ ഉപഭോക്താക്കൾ എന്ന നിലക്കു് അവയെ എല്ലാം പ്രോത്സാഹിപ്പിക്കേണ്ടതു് നമ്മുടെ കടമയായിത്തീർന്നിരിക്കുന്നു. എന്തെന്നാൽ അവർ നമ്മൾക്കു് സേവനം ചെയ്യുവാൻ ബദ്ധപ്പെട്ടപ്പോൾ അവരുടെ വിജയത്തിനു നാമും സഹായിക്കേണ്ടതു് നീതി മാത്രമാണു്.

ആധുനികമാതാവു് തൻെറ കുട്ടികളെ സമുദായസേവനം, ക്ഷീണന്മാരോടും സ്ത്രീകളോടുമുള്ള കാരുണ്യം, നീതിപൂർവ്വകമായ പെരുമാററം, വേണ്ടപ്പെട്ട മററു മനോഗുണങ്ങൾ മുതലായ ആദർശങ്ങൾ പാഠിപ്പിക്കുവാൻ ശ്രമിക്കുന്നു. ശിശുപരിപാലനം സർവ്വസാധാരണമായി മാതാവുതന്നെ അമേരിക്കയിൽ ഏറെറടുത്തിരിക്കുന്നതിനാലാണു് സൽസ്വഭാവങ്ങളിൽ സ്ത്രീത്വം അവർ കാണുന്നതെന്നു് മനഃശാസ്ത്രജ്ഞന്മാർ വിശ്വസിക്കുന്നു. എങ്കിലും, ശിക്ഷകളുടെ വിധികർത്താവും നടത്തിപ്പുകാരനുമെന്ന നിലക്കു് ധർമ്മപരിപാലകൻ പിതാവാണെന്നുള്ള ബോദ്ധ്യം കുട്ടികളുടെ മനസ്സിൽ ഉറയ്ക്കുന്നു എന്നും, അതിനാൽ സൽഗുണങ്ങൾക്കു് ശക്തിയായ പുരുഷത്വമാണുള്ളതെന്നും അമേരിക്കാക്കാർ സമ്മതിക്കും.

### *ധർമ്മാനുസാരികളുടെ ഒരു രാഷ്ട്രമോ?*

സന്ദർശകന്മാരിൽ അധികംപേരും പൊതുവെ സമ്മതിച്ചിട്ടുള്ളതു് അമേരിക്കൻ ജീവിതത്തിൻെറ ഒരു ഭാവം അതിൻെറ പൊരുത്തമാണെന്നാണു്. തങ്ങൾക്കു് ഒരു പാര

ബവും സ്ഥാപിക്കേണ്ടിയിരുന്നതുകൊണ്ടും, വിവിധ സംസ്കാരങ്ങളിൽനിന്നും അനേകലക്ഷംപേരെ ഉൾക്കൊള്ളേണ്ടിയിരുന്നതുകൊണ്ടും മൗലിക തത്വങ്ങളിൽ സാരൂപ്യം വരുത്തുവാൻ അമേരിക്കാക്കാർക്ക് ഒരു പ്രവണതയുണ്ടായിരുന്നു. എങ്കിലും സന്ദർശകർ ഇവിടെക്കാണുന്ന പൊരുത്തം ബാഹ്യമാണ്; അതുതന്നെ ആസകലവുമല്ല. അമേരിക്കൻ വ്യവസായികൾക്കു് ഇഷ്ടപ്പെട്ടവിധം വസ്ത്രധാരണം ചെയ്യുവാൻ ഇംഗ്ലണ്ടിലുള്ള വ്യവസായികളേക്കാൾ സ്വാതന്ത്ര്യം കൂടുതലുണ്ട്. വലിയ അങ്ങാടികളിൽ കമ്പിളിഉടുപ്പുകൾ മുതൽ അർദ്ധനഗ്നവേഷംവരെയുള്ള ഏതു രീതിയിലും സ്ത്രീകളെക്കാണാം. രാത്രിയിൽ മിന്നിത്തിളങ്ങുന്ന ദീപാവലിയോടുകൂടിയ നഗരങ്ങൾ കാഴ്ചയിൽ ഒന്നുപോലെ തോന്നുമെങ്കിലും അവയെ അടുത്തറിയുമ്പോൾ ഓരോന്നിനും വ്യത്യസ്തമായ വ്യക്തിമുദ്രകളുണ്ടെന്നു കാണാം. നാട്ടിലുള്ള കൊട്ടകകളെല്ലാം ചലച്ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതു് ഒരുപോലെ തന്നെയാണെങ്കിലും, ഓരോ പട്ടണത്തിനും സ്വന്തം ഗാനകൃത്തും, ക്യാമറാസംഘവും, ചിത്രരചനാക്ലാസുകളുമുണ്ട്. 170,000,000 ജനങ്ങളുള്ള ഒരു രാഷ്ട്രത്തിൽ സ്വഭാവങ്ങൾക്കും വാസനകൾക്കും അതിവിപുലമായ വിവിധത്വം ഉണ്ടായിരിക്കും.

പുതിയ പുതിയ മതങ്ങൾ തലപൊക്കുന്നു; മനഃശാസ്ത്രപരവും, മനുഷ്യന്റെ പരസ്പരബന്ധങ്ങളെപ്പററിയുള്ളതുമായ പുതിയ സിദ്ധാന്തങ്ങൾ ഉദയം ചെയ്യുന്നു; ഭക്ഷണക്രമത്തിൽ നവീനപദ്ധതികൾ പുറത്തുവരുന്നു; ഇവയ്ക്കെല്ലാം അത്യുത്സുകരായ അനുയായികളുമുണ്ടാകുന്നു. പുതുമയും വ്യത്യസ്തതയും ജന്മസിദ്ധമെന്നപോലെ ദൃഢതരമാണ്.

എങ്കിലും ചില വ്യക്തീകരണ തത്വങ്ങളില്ലാതെ ഒരു സമുദായത്തിനും സ്വന്തലക്ഷ്യം നേടുന്നതിനു് ഏതു് അപ്രകാരം പ്രവർത്തിക്കുന്നതിനു് അതിലെ അംഗങ്ങളിൽ ആഗ്രഹം ജനിപ്പിക്കുന്ന ഏതെങ്കിലുമൊക്കെ ആവശ്യമാണ്. ഡേവിഡ് റെയിസ്മാന്റെ 'ഇതരലക്ഷ്യ വ്യക്തിത്വം' ഇതു് ഐക്യനാടുകളിൽ എങ്ങനെയാണ് സംഭവിക്കുന്നതെന്നു് നമ്മെ മനസ്സിലാക്കുവാൻ സഹായിക്കുന്നുണ്ട്. ഇതരലക്ഷ്യവ്യക്തിത്വം, പ്രത്യേകിച്ചും നഗരങ്ങളിൽ, അതിത്തിദേശ

പ്രയാണങ്ങളുടേയും വ്യവസായ പുരോഗതിയുടേയും കാലഘട്ടത്തിൽ അമേരിക്കയുടെ പ്രത്യേകതയായിരുന്ന അന്തർലക്ഷ്യ വ്യക്തിത്വത്തെ തള്ളിമാററുന്നു എന്നാണ് റെയിസ്മാൻ വിശ്വസിക്കുന്നത്. അന്തർലക്ഷ്യ വ്യക്തിത്വം അവൻെറ പ്രയത്നങ്ങളെ ഉൽപാദനസരണിയിലൂടെ നയിച്ചുവെങ്കിൽ ഇതരലക്ഷ്യ വ്യക്തിത്വം അവൻെറ ശക്തിയേയും കഴിവിനേയും വിനിയോഗപഥത്തിലേക്കു നയിച്ചു. എന്തെന്നാൽ നമ്മുടെ ഇന്നത്തെ സാമ്പത്തികസമൃദ്ധിയിൽ പ്രധാനപ്രശ്നം സമ്പാദനമല്ല; ആവശ്യമായ വിക്രയ പദ്ധതികൾ സൃഷ്ടിച്ച് എല്ലാവക്കും തൊഴിൽ നല്കുകയും സാമ്പത്തികനില പുരോഗമിപ്പിക്കുകയും ചെയ്യേണ്ടതെങ്ങനെ എന്നതാണ്.

ഇവയെല്ലാം സൂചിപ്പിക്കുന്നത് അപരിഷ്കൃത വ്യക്തിത്വത്തിൻെറ പഴയചിത്രം മാറിയെന്നും, മാറിക്കൊണ്ടിരിക്കുന്നുവെന്നുമാണ്. പ്രത്യത്ഥിവഗ്ഗത്തിൻെറ ഉടലിൽ ചവുട്ടി അത്യുന്നതിയിലെത്തിയവരെ നാം ഇപ്പോൾ ഒട്ടുംതന്നെ മാനിക്കുന്നില്ല. മത്സരിക്കുന്നവരോടും തൊഴിലാളികളോടും സഹപ്രവത്തകരോടും രമ്യതയിൽ കഴിയുന്നവനേയും, സ്വഭാവരീതി, സ്നേഹം, സഹൃദയഭാവം, സഹകരണവ്യക്തിത്വം മുതലായവയിൽ നമ്മുടെ തോതിലുള്ളവനേയുമാണ് നമ്മൾ ഇന്ന് ഇഷ്ടപ്പെടുന്നത്. ബോംബ് എറിയുന്നതിലും കടന്നൽക്കൂട്ട് ഇളക്കുന്നതിലും ഉത്സുകനായിരുന്ന ടെഡി റൂസ്വെൽട്ടിനുപകരം സമത്വസാഹോദര്യങ്ങൾ സ്ഫുരിക്കുന്ന ഐക്കിൻെറ മധുരസ്മിതമാണ് നാം പ്രിയപ്പെടുന്നത്. ജനസമൂഹത്തെ ആക്കെങ്കിലും നിയന്ത്രിക്കാമെങ്കിൽ അതദ്ദേഹത്തിനാണെന്ന് നമ്മൾക്കൊരു ബോധ്യം ജനിക്കുന്നു. നയതന്ത്രത്തിന് അത്ര വലിയ ഒരു വില നാം കല്പിക്കുന്നതിനാൽ അദ്ദേഹത്തെ നാം പൂണ്ണമായി വിശ്വസിക്കുന്നു.

മാത്സയ്യത്തിൻെറ ആവശ്യം കുറവായിട്ടുള്ള സാമ്പത്തികസമൃദ്ധിയാൽ അമേരിക്കയുടെ പരമ്പരാഗതമായ വ്യക്തിസ്വഭാവത്തിൻെറ ശക്തിയെ അതു ബലപ്പെടുത്തുന്നുണ്ട്. ഏറെ നാളുകൾക്കുമുമ്പ് പട്ടണത്തിലെ ധനാഢ്യനും, സമുദായത്തിലെ വമ്പനും, ഭാവത്തിലും വേഷത്തിലും പെരുമാററത്തിലും പ്രഭാഷണത്തിലും ഒരുകലിച്ച പാലിച്ചുവന്നു. അതു്

അവരിൽനിന്ന് പ്രതീക്ഷിക്കപ്പെട്ടിരുന്നതുമായിരുന്നു. എന്നാൽ ഇന്നാകട്ടെ വേഷത്തിലും പെരുമാറ്റത്തിലും വിദ്യാഭ്യാസത്തിലും വലിയവനും ചെറിയവനും തുല്യതയാണുള്ളതു്.

തൻെറ കുട്ടികളോടോ ഭൃത്യനോടോ സഹപ്രവൎത്തകനോടോ വിമാനയാത്രയിൽ അടുത്തിരിക്കുന്ന അപരിചിതനോടോ മററാരോടെങ്കിലുമോ ഉള്ള ബന്ധത്തിൽ അമേരിക്കാക്കാരൻ ഒരു സഹൃദയനാണെന്നുള്ള ബോധം ജനിപ്പിക്കണമെന്നാണു് അവൻെറ ആശ. പ്രത്യേകപരിഗണനയിൽപ്പെടണമെന്നുള്ളതു് അവനു പ്രധാനമാണു്. അവൻ അത്രവളരെ സംഘടനകളും, സുഹൃദ്സംഘങ്ങളും സ്ഥാപിക്കുന്നതിനു കാരണവും അതുതന്നെ. പരസ്പരം സ്നേഹിക്കുമെന്നുള്ളതിൻെറ ലക്ഷ്യമായ ആ സംഘടനകളിലെ അംഗത്വംമൂലം ഹിതകരമായ ഒരു സംഘവുമായി സ്നേഹിച്ചു കഴിയാമെന്നാണു് അവൻെറ വിശ്വാസം.

ഒരു സാധാരണ അമേരിക്കാക്കാരൻ തൊഴിലിനെ ആദരിക്കയും സ്വന്തമായി അതു ചെയ്യുവാൻ ഇഷ്ടപ്പെടുകയും ചെയ്യുന്നതിനാൽ, വിളമ്പിത്തരുന്ന പരിചാരികക്കും, ആജ്ഞകൾ നല്കുന്ന മേലധികാരിക്കും, തനിക്കും തമ്മിൽ അസമത്വങ്ങൾ ഉള്ളതായി അവൻ കരുതുന്നില്ല. തൊഴിലാളിയും മുതലാളിയും തമ്മിൽ പരസ്പരം പേരുപറഞ്ഞു വിളിക്കുന്നതു വിദേശത്തുനിന്നു വരുന്ന സന്ദർശകരെ അത്ഭുതപ്പെടുത്തിയിട്ടുണ്ടു്. അവരിൽ ചിലർ അതിഷ്ടപ്പെടുന്നുമില്ല. അതു് അനാദരവിൻെറ ലക്ഷണമായി അവർ കണക്കാക്കുന്നു. പക്ഷേ, അമേരിക്കാക്കാരനു് ആദരവു് ആവശ്യമില്ല; അവനുവേണ്ടതു് സ്നേഹമാണു്. ജാതിമതക്കോട്ടകളുടെ ഭിത്തിയിൽ സ്നേഹം ഇടിഞ്ഞു വീഴും; തന്മൂലം ഭിത്തിതന്നെ താഴോട്ടു വീഴുകയാണു്.

*ചലനാത്മകത്വം*

സമത്വത്തിനു് പൊതുനിലവാരത്തിലുള്ള തുല്യപദവി എന്നൎത്ഥമില്ല. അതു് ആശാവഹമെന്നു തോന്നിയാൽത്തന്നെയും, മനുഷ്യൻെറ കഴിവുകളുടെ വൈവിദ്ധ്യങ്ങളും പ്രത്യേകമായ തൊഴിൽ വിഭജനവും അതു് അസാദ്ധ്യമാക്കിത്തീക്കുന്നു. എന്നാൽ, കൂലിപ്പണിമുതൽ നഗരസഭാപ്രസിഡൻറു പദവിവ

രെയോ, കുടിയേറ്റക്കാരന്റെ പുത്രൻ എന്ന നിലമുതൽ സർവ്വ കലാശാലാ പ്രൊഫസർവരെയോ ഉള്ള സ്ഥാനങ്ങളിലേക്കു് ഉയരത്തക്ക സാർവ്വത്രികമായ സൗകര്യം നല്കുന്ന ആശയമാണതു്. അപ്രകാരമുള്ള കഥകൾ കണ്ടെത്താൻ ഹൊറേഷ്യോ ആൾജറുടെ നോവലുകൾ വായിക്കേണ്ട ആവശ്യമില്ല; ജീവിതവിജയം നേടിയ മഹാന്മാരുടെ ജീവചരിത്രങ്ങൾ വായിച്ചാൽമാത്രം മതി.

ഒരറപ്പുരയിൽ ജനിച്ചവനുമാത്രമേ പ്രസിഡന്റുപദവിക്കു് അർഹതയുള്ളു എന്നു് കരുതിയിരുന്നകാലം അമേരിക്കായ്ക്കുണ്ടായിരുന്നു. മി. സ്റ്റീവൻസന്റെമേൽ മി. ഈസൻഹോവർക്കു ലഭിച്ച നേട്ടത്തിന്റെ ഒരു കാരണം സ്റ്റീവൻസൺ ധനികനും ഈസൻഹോവർ ഏഴയും ആയി ജനിച്ചു എന്നുള്ളതാണു്. കൂലിപ്പണിയിൽനിന്നും നഗരസഭാപ്രസിഡന്റു പദവിയിലേക്കുള്ള പാത മുമ്പു കിടന്നിരുന്നതുപോലെ ഇന്നു തുറന്നല്ല കിടക്കുന്നതെന്നു് സമുദായശാസ്ത്രജ്ഞന്മാർ ചൂണ്ടിക്കാണിക്കുന്നു. എങ്കിലും, ഒരുകാലത്തു് കണക്കെഴുത്തുകാരനായിരുന്ന ഹാർലൊ കർട്ടിസ് ജനറൽമോട്ടോർകമ്പനിയുടെ തലവനാണിന്നു്. വെറുമൊരു സന്ദേശവാഹകനായിരുന്ന ഡേവിഡ് സാർനോഫ് ഇന്നു് ആർ. സി. എ. യുടെ ഉന്നതാധികാരിയാണു്. മാത്രമല്ല, ഇന്നു് ഒരു തൊഴിലാളിയുടെ പുത്രനു് ഉപരിപഠനങ്ങൾക്കുള്ള സാദ്ധ്യതകൾ വർദ്ധിച്ചിട്ടുള്ളതുമൂലം ഉന്നതസോപാനങ്ങളിലേക്കു് അവനു നിഷ്പ്രയാസം കയറുവാനുള്ള സൗകര്യങ്ങളുമുണ്ടു്. അതേസമയം വ്യവസായനേതാവിനും അയാളുടെ തൊഴിലാളികൾക്കും തമ്മിലുള്ള വിടവു്, ജീവിതത്തോതിന്റെ തുടർച്ചയായ ഉയർച്ചമൂലം കുറഞ്ഞുവരുകയാണു്. തൊഴിലാളിക്കു് സ്വന്തം കാറും ടെലിവിഷൻ ഉപകരണവും, അയാളുടെ ഭാര്യയ്ക്കു് റെഫ്രിജെറേറ്ററും വസ്ത്രം അലക്കുവാനും ശുചീകരിക്കുവാനും ഉള്ള യന്ത്രങ്ങളും ഇപ്പോൾ ഉണ്ടു്. കുട്ടികൾക്കു് വിദ്യാലയങ്ങളിലേക്കും കോളേജുകളിലേക്കും പോകുവാനുള്ള സൗകര്യങ്ങളും ലഭിക്കുന്നു. പുറമേ, അവനു് ആഴ്ചയിൽ മുപ്പത്തിയഞ്ചോ നാല്പതോ മണിക്കൂറുമാത്രം വേലചെയ്താൽ മതി. വ്യവസായം സംബന്ധിച്ച മുഴുവൻ മനഃക്ലേശങ്ങളും മുതലാളിയുടേതുമായി

രിക്കും. ഈ നിലയിൽ ഉയൎന്ന ഉദ്യോഗങ്ങളുടെ ആകൎഷകത ഏററവും വലിയ ആഗ്രഹക്കാരിലല്ലാതെ, മററുള്ളവരിൽ പ്രായേണ കുറഞ്ഞുവരുന്നതിൽ അത്ഭുതപ്പെട്ടുവാനില്ല.

സാമുദായിക ചലനാത്മകത്വത്തെ പരിഗണനയിൽ എടുക്കാതിരുന്നതാണു് മാർക്സിനു പററിയ വലിയ തെററുകളിൽ ഒന്നു്. വൎഗ്ഗീയവൈരം അടിസ്ഥാനമാക്കി ഇവിടെ രാഷ്ട്രീയചേരികൾ വളരാതിരിക്കുന്നതു് വിദേശികളായ സന്ദൎശകരെ പലപ്പോഴും അത്ഭുതപ്പെടുത്താറുണ്ടു്. അതിനു സമാധാനം സുഗമമാണു്. യൂറോപ്യൻ അൎത്ഥത്തിലുള്ള വൎഗ്ഗങ്ങൾ നമ്മൾക്കില്ല. ഓരോ തലമുറയും മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുന്നു എന്നതാണു് അതിനു കാരണം. ഒരു 'മേൽജാതി'യോടു പൊരുതുക എന്നതു് പുരോഗമനവാഞ്ഛയോടെ നീങ്ങുന്ന തൊഴിലാളിയുടെ അന്ത്യലക്ഷ്യത്തെത്തന്നെ തള്ളിക്കളയുകയായിരിക്കും. തൊഴിലാളിയുടെ കൂടിയ ശമ്പളവും, കുറഞ്ഞ ജോലിസമയവും, ഉത്തരവാദപ്പെട്ട വാൎഷികവേതനവും, ഒരു വ്യാവസായികോദ്യമിക്കോ സാങ്കേതിക തൊഴിൽക്കാരനോ അസൂയ ജനിപ്പിച്ചേക്കാം. സാമുദായികനിലകളും മാറിമാറിയാണു വരുന്നതു്. ഒരു ലോഹപ്പണിക്കാരനു് ഫ്ളോറിഡയിൽ ഒരു മാസം സുഖവാസത്തിനു പോകുവാൻ സാധിക്കുമ്പോൾ, ഒരു നിയമജ്ഞനു് തന്റെ കേസു പോകുമെന്ന ഭയത്താൽ വീട്ടിൽനിന്നും ഒരു ദിവസം വിട്ടുനില്ക്കുവാൻ സാദ്ധ്യമാകുന്നില്ല.

വ്യവസായികളെ പരുക്കൻ ഭൗതികവാദികളെന്നു പറവാനും ഇന്നു സാദ്ധ്യമല്ല. ഏതെങ്കിലും സംസ്കാരലക്ഷ്യത്തിലേക്കു് അവൎക്കു പണം കൂട്ടുതൽ കൂട്ടുതലായി ചെലവു ചെയ്യുവാനാണു് ആശ. ചിക്കാഗോയിലെ ഒരു മാംസവ്യാപാരി ഒരിക്കൽ കാഴ്ചബംഗ്ലാവു കാണാൻ ഇടയായതും അയാൾക്കു് അതുമുതൽ വൎണ്ണചിത്രങ്ങളിൽ താല്പൎയ്യം ജനിച്ചതും, തൽഫലമായി അയാൾ ആധുനികഫ്രഞ്ചുചിത്രങ്ങളുടെ ഒരു ലോകോത്തരസംഭാരകനായി തീൎന്നതും അലിസ്റ്റെയർ കുക്കു് വിവരിക്കുന്നുണ്ടു്. അതുമല്ലെങ്കിൽ ഹാണ്ടിങ്ടൺ ഹാർട്ട്ഫോർഡിന്റെ കഥയുണ്ടു്. ചലച്ചിത്രനിൎമ്മാതാവായും, കലാകാരന്മാൎക്കു സ്വച്ഛന്ദം സൃഷ്ടിപരമായ പ്രവൎത്തനങ്ങൾ നടത്തുന്ന

തിനുള്ള ഒരു കലാശാലയുടെ സ്ഥാപകനായും, മാതൃകാചിത്ര ങ്ങളുടെ സമാഹർത്താവായും, ന്യൂയോർക്കിലെ ഒരു കലാക്ഷേത്ര നിർമ്മാതാവായും, ഹോളിവുഡ്ഡിൽ ഒരു മാതൃകാപരമായ സി നിമാശാലയുടെ സ്ഥാപകനായും അദ്ദേഹം കലാപ്രോത്സാഹ നത്തിനുവേണ്ടി തൻെറ സ്വത്തു ചെലവാക്കി.

സൌഖപരമായ ഒരു വീടും, സ്നേഹവും, വിജയവും, മററെ ന്തുമുള്ള ജനങ്ങളെപ്പോലെതന്നെ ചങ്ങാതിത്തവുമാണ് അ മേരിക്കാക്കാരനു വിശപ്പടക്കുവാൻ വേണ്ടതു്. അവരിൽ വള രെപ്പേരും തങ്ങൾ എവിടേക്കു ചേർന്നവരാണെന്നും ആർക്കു ചേർന്നവരാണെന്നും പര്യടകന്മാരായാണു കണ്ടുപിടിക്കുന്നതു്. അവർ തേടി നടക്കുന്ന ഒരു പെണ്ണിനെ അഥവാ ആണിനെ വിമാനയാത്രയിലോ, നൃത്തശാലയിലോ, സല്ക്കാരസ്ഥലത്തോ കണ്ടെത്തുന്നു. വിദ്യാലയത്തിൽ അവർ വിവിധങ്ങളായ ജീ വിതമാതൃകകളെപ്പററിയും പരീക്ഷണാർത്ഥം പഠിച്ചു്, പല തരത്തിലുള്ളവരോടും മാറിമാറിക്കൂടി, ഒടുവിൽ ശരിയായ തൊഴിലിൽ എത്തിച്ചേരുന്നു. മത്സരിക്കുന്ന സംഘത്തിലാണ വൻ പെടുന്നതെങ്കിൽ ഒരിടത്തു് അനങ്ങാതിരിക്കുന്നതിനേ ക്കാൾ അതിശീഘ്രം പുരോഗതി കരസ്ഥമാക്കുന്നു. അങ്ങനെ ചലനത്തിനാണു സമ്മാനം; സ്ഥിരത്വത്തിനു ശിക്ഷയും.

അങ്ങനെ അവർ മേലോട്ടു മേലോട്ടു് ഉയരുമ്പോൾ നല്ല നല്ല അയൽപ്രദേശങ്ങളിലേക്കും നല്ല വീടുകളിലേക്കും മാറും.

അവർക്കു് സ്ഥലംമാററത്തിൽ ഭയമില്ല. നേരേമറിച്ചു് അതവർക്കു് ഇഷ്ടമാണ്. പ്രാഥമികപര്യടനത്തിലുള്ള കൊതി അവർക്കു ജന്മദത്തമാണ്. അവരുടെ പശ്ചിമാഭിമുഖയാനം ഇപ്പോൾ ഭൂമിശാസ്ത്രപരമായിട്ടുള്ളതല്ല; എങ്കിലും അതു് ഇന്നും ആദ്ധ്യാത്മികവും വികാരഭരിതവുമാണ്. അമേരിക്കാക്കാർ തങ്ങളുടെ സ്ഥായിയായ വിശ്വാസപ്രമാണമനുസരിച്ചു വിശ്വ സിക്കുന്നതു സൗഭാഗ്യം കാത്തിരുന്നു ലഭിക്കേണ്ട ഒന്നല്ലാ, തേടിപ്പിടിക്കേണ്ടതാണെന്നാണ്. ആ അന്വേഷണത്തിനും അതോടനുബന്ധിച്ചുണ്ടാകുന്ന അസുഖങ്ങൾക്കും അവർ കച്ച കെട്ടി പുറപ്പെട്ടവരുമാണ്.

തുടർച്ചയായ മാററവും, വ്യതിയാനവും നടന്നുകൊണ്ടി രിക്കുന്നിടത്തു് ഏതെങ്കിലും തരത്തിലുള്ള ഒരളവുകോലിൻെറ

ആവശ്യം ജനിക്കുന്നു. അതിനാൽ (നമ്മുടെ പ്രയോഗികതാ ശ്രദ്ധകൊണ്ടുകൂടി) സംഖ്യാക്രമം പ്രചാരത്തിലായി. വിദ്യാലയങ്ങളിൽ മാക്ക കൊടുക്കുന്നതും, ജോലികൾക്കും കലാവേലകൾക്കും ഡോളറിൻെറ നിരക്കനുസരിച്ച മൂല്യം നിശ്ചയിക്കുന്നതും, അങ്ങേയററമുള്ളവയിലെല്ലാം (ഉയരം, വലുപ്പം, ചൂട്, തണുപ്പ് ഒന്നാംസ്ഥാനം ഇവയുടെയെല്ലാം പാരമ്യത്തിൽ) പ്രിയം വയ്ക്കുന്നതും നമ്മുടെ പ്രകൃതമായിട്ടുണ്ട്.

ഈ ചഞ്ചലതയെ അമേരിക്കാക്കാർ അംഗീകരിക്കുന്നതു് അവക്കു സംഭവിക്കുന്ന ഏതോ ഒന്നു മാത്രമായിട്ടല്ലാ, അവരുടെ ചുറ്റുപാടുകളിലും അവർ വരുത്തുന്ന ഏതോ ഒന്നു കൂടി ആയിട്ടാണു്. ക്ലൈഡ് ക്ലൂക്ക്ഹോൻ പറയുമ്പോലെ ചുററുപാടുകൾക്കോ തങ്ങൾക്കുതന്നെയോ ഒരു മാററംവരുത്തി മനുഷ്യർ ഒരു ദുർഘടഘട്ടത്തെ എതിരിടുന്നു. പൂർവ്വദേശിയർ ഇതിൽ പൊതുവിൽ രണ്ടാമത്തെ മാർഗ്ഗവും പാശ്ചാത്യർ ഒന്നാമത്തെ മാർഗ്ഗവും കൈക്കൊള്ളുന്നു. അങ്ങനെയുള്ള വ്യതിചലനങ്ങളിൽ ഒരു പ്രത്യേക താല്പര്യം അമേരിക്കാക്കാർ പ്രദർശിപ്പിക്കുന്നുണ്ടു്. ഒരു റോഡ് നേരേ വരുത്തുവാൻ മല വെട്ടി മാററുന്നതിനും, മണലാരണ്യങ്ങൾ മലർവാടികളാക്കുവാൻ നദിയുടെ ഗതി തിരിച്ചുവിടുന്നതിനും, കായശക്തി വേണ്ടിടത്തു യന്ത്രശക്തി ഉപയോഗിക്കുന്നതിനും, വിശ്രമത്തിൽ നിന്നു വ്യവസായം സൃഷ്ടിക്കുന്നതിനും അവർ അതീവതല്പരരാണു്.

### *അതിർത്തിദേശങ്ങളുടെ പ്രേരണാബലം*

യൂറോപ്യൻസംസ്കാരത്തിൻെറ മഹിമയും ഭാരവും വഹിച്ചുകൊണ്ടുവന്ന ജനങ്ങളിൽ, അമേരിക്കൻഭൂമിയും കാലാവസ്ഥയും വരുത്തിക്കൂട്ടിയ മാററമാണു് അമേരിക്കൻ സംസ്കാരത്തിൻെറ പ്രത്യേക സ്വഭാവത്തിനു കാരണം. പതിനേഴാം ശതകത്തിലും നിലനിന്നിരുന്ന ജന്മിത്തത്തിൻെറ പിടിയിൽനിന്നു മോചനംലഭിച്ച ആ ജനങ്ങൾ സ്വന്തമായി ഒരടിമണ്ണു നേടാനുള്ള മോഹത്താൽ നാടുവിട്ടവരാണു്. കുടിയേററത്തിനു നേരിട്ട പ്രയാസങ്ങൾ—യുദ്ധം മൂലമോ, സന്ധിമൂലമോ ഇന്ത്യാക്കാരിൽനിന്നു ഭൂമി കൈവശമാക്കാൻ, ചവു

ട്ടടിപ്പാതകൾപോലുമില്ലാത്ത ഘോരാരണ്യങ്ങളിൽക്കൂടി അതും തിരക്കിയുള്ള നടപ്പ്, ആവശ്യമായ ഉപകരണങ്ങൾ ഒന്നും തന്നെ ഇല്ലാതെ മരംവെട്ടി വീട്ടവച്ച് കൃഷി ഇറക്കൽ, യുദ്ധങ്ങളിലോ കാലാവസ്ഥയുടെ അസഹനീയതയിലോ വിശപ്പിനാലോ മരണം—ഈവക ദുരിതങ്ങൾ അവയെ അതിജീവിച്ച യൂറോപ്യന്മാരെ അതിവേഗം അമേരിക്കാക്കാരാക്കി. അമേരിക്കൻപൗരുഷത്തിന്ന രൂപംകൊടുത്തത് ഈ പോരാട്ടങ്ങളാണ്.

ശക്തിയേറിയ ഒരാഘാതവും, കക്ശനായ ഒരദ്ധ്യാപകനുമായിരുന്ന ഈ അതിർത്തിപ്രദേശാനുഭവം നവംനവങ്ങളായ സ്വഭാവവിശേഷങ്ങളെ മുന്നോട്ട കൊണ്ടുവന്നു. നിത്യജീവിതത്തിൻെറ വിഷമപരിതഃസ്ഥിതികൾ സ്വഭാവത്തിന്ന പരുക്കത്തം വരുത്തി. ഹിതകരമായ ഭൂമിക്ക (പിന്നീട്ട സ്വർണ്ണത്തിനും) വേണ്ടിയുള്ള മത്സരം, ജീവിച്ചിരിക്കുവാൻ കൊന്നേമതിയാവൂ എന്നുള്ള പരിതഃസ്ഥിതി, നീതിന്യായങ്ങളുടെ അഭാവം, ഇവയെല്ലാം മനുഷ്യനെ നിഷ്ഠുരഹൃദയനും സമരാസക്തനുമാക്കി. ആ അക്രമം തുടൎന്നുവന്നു് ഇന്നും വിപ്ലവസംഘങ്ങൾ, വൎഗ്ഗീയവിപ്ലവങ്ങൾ, ദുഷിച്ച രാഷ്ട്രീയ നയങ്ങൾ, രാഷ്ട്രീയാക്രമണങ്ങൾ എന്നിവയുടെ രൂപത്തിൽ കാണ്മാനുണ്ട്.

ജീവിതം വിഷമകരമായിരുന്നുവെങ്കിലും സാമ്പത്തികമായി അതു വലിയ നേട്ടങ്ങളുണ്ടാക്കി; അതും പലപ്പോഴും നിസ്സാരമുടക്കുകൾകൊണ്ട്. അതിൽനിന്നാണ് 'വേഗത്തിൽ പണക്കാരനാവുക' എന്ന തത്വശാസ്ത്രം ഉടലെടുത്തതു്. കഠിനയത്നവും അല്പം ഭാഗ്യവും ഒന്നിച്ചു ചേൎന്നാൽ തൊടുന്നതെല്ലാം പൊന്നാകുമെന്നാണ് ഇതിലെ വിശ്വാസം. വെറും പളുങ്കുമണി കൊടുത്തു് ഇന്ത്യാക്കാരിൽനിന്നു വിലയേറിയ കമ്പിളിക്കുപ്പായങ്ങൾ വ്യാപാരികൾ വാങ്ങിവന്നു. സൎവ്വേശനായ സ്യൂയെസ്സ് സാനേയുടെമേൽ ചൊരിഞ്ഞ പൊൻമഴയേക്കാളും വിലപ്പിടിപ്പുള്ള സ്വൎണ്ണവും, വെള്ളിയും, എണ്ണയും ഭൂമിയിൽനിന്നു പൊന്തിവന്നു. അപ്പോഴാണ് തസ്കരപ്രഭുക്കന്മാരുടെ പുറപ്പാട്ട്. റെയിൽറോഡുകൾ നിൎമ്മിച്ച് ധനം വാരിക്കോരിക്കൂട്ടുവാനായിരുന്നു അവരുടെ ആശ. ഒടുവിൽ സ്റ്റോക്കുകളി

ന്മേൽ അവർ തുടങ്ങിയ ചൂതുകളി പരക്കെ എല്ലാവരേയും ബാധിക്കയും, ഒട്ടവിൽ 1929-ലെ വാൾസ്ട്രീററ് തകച്ച്ക്ക് അതു കാരണമാകയും ചെയ്തു.

എങ്കിലും അതിർത്തിപ്രദേശം ഉത്തമപ്രകൃതങ്ങൾക്കും നിദാനമായി. അതു പൗരുഷംനിറഞ്ഞ പ്രവൎത്തനങ്ങളേയും അന്തസ്സുള്ള കൈത്തൊഴിലുകളേയും പ്രോത്സാഹിപ്പിച്ചു. ആത്മവിശ്വാസവും സ്വാതന്ത്ര്യബോധവുമുള്ള കർഷകനെ അതു നമ്മുടെ രാഷ്ട്രീയജീവിതത്തിൽ ഇന്നും സ്വാധീനത ചെലുത്തുന്ന ഒരു ചിഹ്നമാക്കിയിട്ടുണ്ട്. എന്നുതന്നെയുമല്ല അതു്, ഏതു തൊഴിലിനും പ്രാപ്തിയുള്ളതും, ആത്മധൈര്യവും ജിജ്ഞാസയും പ്രായോഗികമനഃസ്ഥിതിയുമുള്ളതുമായ ഒരു ജനമാതൃകയെ സൃഷ്ടിച്ചു. നിഷ്പ്രയാസം നിയന്ത്രിക്കാവുന്ന ചെറുസമുദായങ്ങളിൽ ജീവിപ്പാനാണു് അതിൽ പെട്ടവൻ ഇഷ്ടപ്പെട്ടതു്. കണ്ടുപിടുത്തത്തിൽ സമൎത്ഥനും ഏതു ചുററുപാടോട്ടും അതിവേഗം ഇണങ്ങിച്ചേരുന്നവനുമായ അവൻ വൎഗ്ഗീയചിന്തകൾ വെടിഞ്ഞും, പൂൎണ്ണമായ ശുഭാപ്തിവിശ്വാസത്തോടുകൂടിയും, തനിക്കു് ഉചിതമായ പ്രതിഫലം നല്കിയ രാജ്യത്തെ പൂൎണ്ണമായി ആദരിച്ചുകൊണ്ടു്, തൻകാര്യങ്ങളും നോക്കിക്കഴിഞ്ഞുകൂടുന്നതിനു് താല്പര്യം പ്രദർശിപ്പിച്ചു.

ഈ സ്വഭാവവിശേഷങ്ങളെല്ലാം ഒരുവിധത്തിലല്ലെങ്കിൽ മറെറാരുവിധത്തിൽ ഇന്നത്തെ അമേരിക്കാക്കാരനിൽ നിലനിന്നുവരുന്നു. ആ ഭൂഖണ്ഡം അളന്നു തിരിക്കയും വീട്ടുപണികൾ അവസാനിക്കയും ചെയ്തിട്ടുണ്ടെങ്കിലും അതിർത്തിപ്രദേശങ്ങൾ മാഞ്ഞുമറഞ്ഞിട്ടില്ല. വാസ്തവത്തിൽ, ഗൃഹനിൎമ്മാണത്തിനാവശ്യമുള്ള ഭൂമി ഇപ്പോഴും സർക്കാരിൻെറ കൈവശമുണ്ടു്. ആണ്ടുതോറും നാലയ്യായിരം ഏക്കർവീതം സർക്കാർ അതു പതിച്ചുകൊടുക്കുന്നുമുണ്ടു്. അതിലൊക്കെ പ്രധാനമായി, അമേരിക്കാക്കാരൻെറ ആത്മബോധത്തിൽ ആദിജനനിവേശവീര്യം അടിയുറച്ചു കിടക്കുകയും ചെയ്യുന്നു.

തുടരെ നീണ്ടിക്കൊണ്ടിരിക്കുന്നതും, തുടൎച്ചയായി മാറിമാറി സംഘങ്ങൾകൂടി വ്യത്യസ്തജനങ്ങളുമായി സമ്പൎക്കത്തിലേപ്പെടുന്നതുമായ ജനങ്ങളാൽ വനാന്തരങ്ങളിൽനിന്നു വെട്ടിത്തെളിച്ചെടുത്ത ഒരു രാഷ്ട്രത്തിനു സൗഭ്രാതൃബോധം വ്യത്യാ

സമ്പ്രദായത്തിൽ തീരൂ. പരസ്പരം വേഗത്തിൽ അളക്കുവാനും, കീർത്തിയേയോ കുടുംബപാരമ്പര്യത്തേയോ ആസ്പദമാക്കാതെ കർമ്മത്തെ ആസ്പദമാക്കി ഒരുവനു വില കല്പിക്കുവാനും മനുഷ്യർ പഠിച്ചിരിക്കേണ്ടതാണ്. ഒരു പുതിയ സമുദായത്തിലേക്കു കാലുവയ്ക്കുന്നവൻ, സുഹൃത്തുക്കളെ കാംക്ഷിക്കുന്നു എങ്കിൽ സൗഹാർദ്ദമനോഭാവമുള്ളവനായിരിക്കണം. അവനു ജീവിതം മുന്നോട്ടു നയിക്കുവാൻ സുഹൃത്തുക്കൾ ആവശ്യവുമാണ്.

വൈദേശികർ വെറും പ്രകടനം മാത്രമായി കണക്കാക്കുന്ന ഈ ശീഘ്രസൗഹാർദ്ദം അമേരിക്കയിൽ സ്വാഭാവികമായി തീർന്നിട്ടുണ്ട്. നമ്മൾക്കു തോന്നുന്ന എല്ലാ ബന്ധങ്ങളിലും സ്നേഹമോ സൗഹാർദ്ദമോ കുറെയൊക്കെ ഉണ്ടായേ മതിയാകൂ. ചില രാജ്യങ്ങളിൽ സാധാരണയായിക്കാണുംപോലെ ഏതാനും ആത്മസുഹൃത്തുക്കളേയും, ബാക്കിയുള്ള മാനവസമുദായത്തേയും തമ്മിൽ നാം പ്രകടമായി വേർതിരിക്കാറില്ല. സ്നേഹിതന്മാരുടെ സംഖ്യ നമ്മൾക്കു വർദ്ധിക്കുന്തോറും നാം തെരുവിലും ബോർഡ്മീറ്റിംഗിലും പള്ളിയിലും സിനിമാമന്ദിരത്തിലും എല്ലാം അവരെ പേർവിളിച്ചു സ്നേഹം പ്രദർശിപ്പിക്കുന്നു. അതോടൊപ്പം നമ്മുടെ ചുററുപാടുകളിൽ കൂടുതൽ സുഖത്തോടെ നാം മുഴുകുകയും ചെയ്യുന്നു.

'അയാൾ എൻെറ ഒരു സ്നേഹിതനാണ്" എന്ന പ്രയോഗം രണ്ടോ മൂന്നോ ആത്മസ്നേഹിതന്മാരെ മാത്രം ഉദ്ദേശിച്ചുള്ള ഒന്നല്ല. അതു്, അയൽപക്കക്കാരേയും, സംഘങ്ങളിലേയും സംഘടനകളിലേയും സഹാംഗങ്ങളേയും, സഹപ്രവർത്തകരേയും, മുൻ അദ്ധ്യാപകന്മാരേയും, മതാചാര്യന്മാരേയും, പിടികക്കാരനേയും ഉൾക്കൊള്ളിച്ചുള്ളതാണു്. ഏതാനുംപേരിൽ മാത്രം ഒതുക്കിനിർത്തേണ്ട അമൂല്യനിധിയായാണു മററു സംസ്കാരങ്ങൾ സൗഹാർദ്ദത്തെ കണക്കാക്കുന്നതു്. എന്നാൽ നാം, അതു മറെറല്ലാവരുമായി പകുത്തനുഭവിക്കേണ്ട അമൂല്യനിധിയായി അതിനെ പരിഗണിക്കുന്നു. നമ്മുടെ ഉപഭോഗത്തിൻെറ തോതനുസരിച്ചു് ഉൽപാദനവും വർദ്ധിക്കുന്നു എന്നുള്ള സമ്പദ്വ്യവസ്ഥപോലെതന്നെ, നാം എത്ര ഏറെ സൗഹാർദ്ദം ചെലവാക്കുന്നുവോ അത്രയേറെ അതു നമുക്കു സിദ്ധിക്കുന്നുവെന്നാണു

45596

നമ്മുടെ മാനസികധനശാസ്ത്രം പഠിപ്പിക്കുന്നതു്. നമ്മുടെ കാർഷികവരുമാനമിച്ചത്തിൽനിന്നും ഒന്നാംലോകമഹായുദ്ധാനന്തരം പററിയ തെററിൽനിന്നും നാം പഠിച്ചുകഴിഞ്ഞു, പൂഴ്ത്തിവയ്പു് അഭിവൃദ്ധികരമല്ലാ എന്നു്. അതു രാജ്യത്തെ ക്ഷീണിപ്പിക്കുകയേ ചെയ്യൂ.

സുഹൃത്തുക്കളെ അന്വേഷിക്കൽ സ്വകാര്യവ്യക്തികൾക്കുമാത്രമായിട്ടുള്ളതല്ല. അതു സാർവ്വദേശീയമായിത്തീർന്നിട്ടുണ്ടു്. അമേരിക്കയുടെ ഉത്തമമായ അയൽപക്കനയം, പിന്നോക്കരാജ്യങ്ങൾക്കുള്ള സഹായം, കമ്മിപ്രദേശങ്ങളിലേക്കുള്ള ഭക്ഷ്യധാന്യങ്ങളുടെ കയററുമതി, വേൾഡ് ഫെഡറലിസ്റ്റ് മുതലായ സംഘടനകളുടെ സ്ഥാപനം മുതലായവ രാഷ്ട്രീയതാൽപര്യത്തെമാത്രം ആസ്പദമാക്കിയുള്ളവയല്ല. സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനുമുള്ള പ്രചോദനം, നിങ്ങൾ ജനങ്ങളെ വേണ്ടത്ര സ്നേഹിച്ചാൽ അവർ അതുപോലെതന്നെ നിങ്ങളേയും സ്നേഹിക്കും, അങ്ങനെ എല്ലാം സ്നേഹദീപ്തിയിൽ പ്രകാശിക്കും എന്നുള്ള വിശ്വാസം (ഇതാണ സ്റ്റാലിനുമായുള്ള ഇടപാടുകളിൽ റൂസ്‌വെൽട്ടിനെ അബദ്ധത്തിലേക്കു നയിച്ചതു്)—ഇതിൽ വേരുറച്ചാണ മുൻപറഞ്ഞ കാര്യങ്ങൾ നില്ക്കുന്നതു്. ഇതു നിസ്സാരമെങ്കിലും ശക്തിയെ അനുനയത്താൽ വശപ്പെടുത്തുവാനും മുഷ്ടിക്കു പകരം കൈ ചുമലിലിടുവാനും ഉള്ള ഒരു ശ്രമമെങ്കിലുമാണിതു്.

### *അമേരിക്കയുടെ വിശ്വാസപ്രമാണം*

അമേരിക്കയുടെ സ്വഭാവത്തെ രൂപീകരിക്കുന്ന ആശയങ്ങളും വിശ്വാസങ്ങളും എന്തൊക്കെയാണു്, പിന്നെ?

ജോർജ്ജ് സന്തായനൻ പറയുന്നു: "ഈ രാഷ്ട്രീയവിശ്വാസവും ധാർമ്മികബോധവും ആശയത്തിൽ അവ്യക്തമെങ്കിലും വീര്യത്തിൽ കഠിനമാണു്. അവയാണ തൊഴിലിന്റെ പ്രമാണസൂക്തങ്ങളും പുരോഗതിയിലുള്ള വിശ്വാസങ്ങളും."

ക്ലൈഡ് ക്ലൂക്ക്ഹോന്റെ പക്ഷത്തിൽ അമേരിക്കൻ ധർമ്മത്തിന്റെ ഘടകങ്ങൾ താഴെ ചേർത്തവയാണു്: യുക്തിയിലുള്ള വിശ്വാസം, യുക്തിപൂർവ്വമായ പ്രയത്നം ഗുണംചെയ്യുമെന്ന ശുഭപ്രതീക്ഷ, വ്യക്തിയിലും അവന്റെ അധികാരത്തിലും ഉള്ള

വിശ്വാസം, സാധാരണക്കാരനാണു ശ്രദ്ധേയൻ എന്ന പക്ഷം (ഇതു് അവൻെറ അവകാശത്തെ സംബന്ധിച്ചു മാത്രമല്ല സംഘടിതമായ രാഷ്ട്രീയജ്ഞാനത്തെ സംബന്ധിച്ചും ശരിയാണു്), മാററത്തിനും പുരോഗതിക്കും കല്പിക്കുന്ന ഉയൎന്നവില, ഒരു നന്മയെന്ന നിലയിലുള്ള ആനന്ദാന്വേഷണം.

തന്റെ സ്ഥാപനങ്ങളിലുള്ള വിശ്വാസവും അമേരിക്കാക്കാരനു് ഉറച്ചതാണു്. അമേരിക്കാക്കാരുടെ കണ്ടുപിടുത്തമെന്നോ അഥവാ നമ്മളുടെ പ്രത്യേകമായ സിദ്ധാന്തങ്ങളും അവകാശങ്ങളുമെന്നോ ഗണിക്കത്തക്കവിധം, അത്ര വ്യക്തമായും, അസന്നിഗ്ദ്ധമായുമാണു് സ്വയംഭരണത്തിന്റെ പ്രധാന തത്വങ്ങളെ സ്വാതന്ത്ര്യവിളംബരവും, ഭരണഘടനയും കുറിച്ചിട്ടുള്ളതു്. ഈ വിശുദ്ധ പ്രമാണങ്ങൾ അടിസ്ഥാനതത്വങ്ങളെ നമുക്കു നല്കിയിരിക്കുന്നതു്, അവ സൃഷ്ടിമുതല്ക്കേ ഉണ്ടെന്നും, മറിക്കുന്നതിനോ സംശയിക്കുന്നതിനോ പാടില്ലെന്നും ഉള്ള നിലയ്ക്കാണു്. അതിനാൽ അടിസ്ഥാനതത്വങ്ങളെ സംബന്ധിച്ചു നാം ഖേദിക്കേണ്ടതില്ല. എന്നെന്നേക്കുമായി അവ നമുക്കു ലഭിച്ചുകഴിഞ്ഞു.

നമ്മുടെ അന്ത്യലക്ഷ്യങ്ങൾ സ്ഥിരപ്പെട്ടുകഴിഞ്ഞു എന്നും, അവയെപ്പററി മേലിൽ തക്കിക്കേണ്ട ആവശ്യമില്ലാ എന്നും, ലക്ഷ്യസ്ഥാനത്തെത്തുവാൻ നാം ബുദ്ധിമുട്ടി ശ്രമിച്ചാൽമാത്രം മതിയെന്നും ഉള്ള വിശ്വാസംമൂലമാണു് നമ്മെ ചിന്താസ്വഭാവമില്ലാത്തവരായി നിരീക്ഷകർ ഗണിക്കുന്നതു്. അമേരിക്കാക്കാർ അഭിമാനിക്കുന്നതു് സൃഷ്ടിയും നിൎമ്മാണവുമാണു്. ഒരു വയൽ തെളിച്ചെടുക്കുന്നതിനും, ഖനി കുഴിച്ചെടുക്കുന്നതിനും, നാഗരികസംഘടന സ്ഥാപിക്കുന്നതിനും, പുതിയ വ്യവസായം പുരോഗമിപ്പിക്കുന്നതിനും അവൎക്കു വലിയ ഉത്സാഹമാണു്. അതാണു് അവരുടെ നിത്യസ്വപ്നവും. എല്ലാ ഉല്പാദകരേയുംപോലെ അവരും വിമൎശനഭീരുക്കളാണു്.

ഈ കാരണത്താലും, അവർ അലസനിരീക്ഷകരായിരിക്കുന്നതിനു പകരം പ്രവൎത്തനനിരതന്മാർ ആകയാലും, പുറമേനിന്നുള്ള വിമൎശനങ്ങളെ ശക്തിയായി എതിൎക്കുന്നതു് സ്വന്തകടമയായി അവർ കരുതുന്നു. അതിൽ അവൎക്കു നേരിടാവുന്ന കഷ്ടനഷ്ടങ്ങളെപ്പററി ചിന്തിക്കാറുമില്ല. ഐക്യനാടുകളെ

45596

വളരെ മതിപ്പുണ്ടായിരുന്ന ഡി. ടോകേവില്ലിനുപോലും ഈ സ്വരാജ്യസ്നേഹം അസുഖകരമായിത്തോന്നി. അവരെ പുകഴ്ത്തുന്നില്ലായെങ്കിൽ അവർ തന്നെത്താൻ പുകഴ്ത്തിത്തുടങ്ങുമെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. സ്നേഹിക്കയും സ്നേഹിക്കപ്പെടുകയും എന്ന സമ്പ്രദായത്തിന്റെ ഒരു ഭാഗമാണ് അദ്ദേഹത്തിന്റെ അഭിപ്രായം. മനുഷ്യചരിത്രത്തിന്റെ വിധി വളരെയേറെ നിർണ്ണയിച്ചിട്ടുള്ള 'വെറുക്കയും വെറുക്കപ്പെടുകയും' എന്ന തത്വത്തേക്കാൾ, വ്യക്തമായ പ്രയോജനങ്ങൾ, വളരെയേറെ നിഷ്ഫലമാണെങ്കിൽക്കൂടി 'സ്നേഹിക്കയും സ്നേഹിക്കപ്പെടുകയും ചെയ്ക' എന്നതിനുണ്ട്.

ഈ അമേരിക്കൻസമ്പ്രദായത്തിലെ അനേകസംഗതികൾ ആദിമജനനിവേശത്തിന്റെ ഫലമാണെങ്കിൽ, ചിലവ ക്രിസ്തുമതത്തിലെ തീവ്രവാദികളുടെ പാരമ്പര്യവുമായിരുന്നു. അവരുടെ സന്താനങ്ങൾ ആ ആശയങ്ങളെ ഇങ്ങോട്ടു കൂടെ കൊണ്ടുവന്നതാണ്. ദൈവം സ്വന്തരൂപത്തിൽത്തന്നെ സൃഷ്ടിച്ച വ്യക്തി എന്ന നിലയ്ക്ക്, മനുഷ്യനോടുള്ള പ്രേമം ഇതിലൊന്നാണ്. സംഘടനയോടും പൊതുസമ്മതത്തോടും കൂടിയ ഭരണരീതി പിൽഗ്രിം പിതാമഹന്മാർ കൊണ്ടുവന്നതാണ്. യുക്തിവാദാധികാരം പതിനേഴാംശതകത്തിലെ ധർമ്മശാസ്ത്രജ്ഞന്മാരുടെ മഹത്തരവും സങ്കീർണ്ണവുമായ വാദഗതികളിൽ നിന്നുത്ഭവിച്ചു. വ്യക്തികൾക്കു പകരം തത്വങ്ങളെ സ്വീകരിക്കണമെന്നും, രാജ്യഭരണത്തിന്റെ ഉറച്ച അടിത്തറ മതവിശ്വാസം മാത്രമായിരിക്കണമെന്നും ഉള്ളതാണ് പ്യൂരിട്ടൻ ആശയത്തിന്റെ കാതൽ.

കൽവാനിസ്റ്റ് ധാർമ്മികാദർശത്തിൽ അടിയുറപ്പിച്ചിരുന്ന ഒരു വേദിയിലാണ് അമേരിക്കാക്കാർ ആ അഭ്യുദ്ധാരണനാടകം അഭിനയിച്ചത്. അതിലെ കർക്കശനിയമങ്ങൾ ലംഘിച്ചാൽ ശിക്ഷിക്കപ്പെടുമെന്ന് അവർ പ്രതീക്ഷിച്ചു. ആ കുററം അറിയാതെപോകുന്നുവെങ്കിൽ അവർ പലപ്പോഴും തന്നെത്താൻ ശിക്ഷിക്കപ്പെടുകയും ചെയ്തു. മാംസത്തിന്റെ മോഹങ്ങളെ അവർ എതിർത്തു് കൂടുതൽ കൂടുതൽ കഠിനമായി ജോലിചെയ്തായിരുന്നു. അതിനാൽ വേലയ്ക്ക് ഇരട്ടിച്ച വിലയാണ് അവർക്കു കിട്ടിയതു്. ഇന്നുകൂടി അമേരിക്കാക്കാരിൽ

15596

മിക്കവക്കം ഇന്ദ്രിയങ്ങളോട്ട് ഒരു ദൈവതമനോഭാവമാണു ള്ളതു്. അവനവൻേറതായ ജോലി നിവ്വഹിച്ചാൽ മാത്രമേ അവക്കു് ഒരു സംതൃപ്തി ജനിക്കുന്നുള്ളു.

തൊഴിലിനെ സംബന്ധിച്ച മതപരമായ വീക്ഷണത്തി ന് അബ്രഹാം ഡെവൺപോട്ടിൻെറ കഥയെക്കാൾ ഉപരി യായി മറെറാന്നുമില്ല. 1780–ാമാണ്ടു് ഒരു ദിവസം, അന്ത്യ ന്യായവിസ്താരദിനം ആസന്നമെന്നു് ആളുകൾ വിശ്വസിച്ചു. ജനപ്രതിനിധിസഭ അന്നു കൂടിയിരിക്കയാണു്. ആകാശം ഇരുണ്ടുമൂടി. സഭ മാററിവെയ്ക്കേണമെന്നു് അഭിപ്രായമുയന്നു. അതിനെ എതിക്കുവാനായി ഡെവൺപോർട്ടു് എഴുന്നേറ്റു.

“അന്ത്യദിനം അടുത്തുവരുന്നു, അല്ലെങ്കിൽ ഇല്ല. അതു സമീപിക്കുന്നില്ലാ എങ്കിൽ അവധിവയ്ക്കേണ്ട ആവശ്യമില്ല. ആസന്നമാകുന്നു എങ്കിൽ ജോലിചെയ്തുകൊണ്ടിരിക്കുന്നതാ യി എന്നെ ആ നിമിഷത്തിൽ കാണപ്പെട്ടുവാനാണു് ഞാൻ ഇഷ്ടപ്പെടുന്നതു്. അതിനാൽ വിളക്കുകൾ കത്തിക്കുകയായി രിക്കും ഉത്തമം.”

*നമ്മബോധം*

ഒരു സംസ്കാരത്തിൻെറ സ്വഭാവത്തെ വ്യക്തമാക്കുന്ന തു് അതിൻെറ നമ്മബോധമാണു്. അമേരിക്കൻ സംസ്കാര ത്തിലെന്നപോലെ മറെറാരു സംസ്കാരത്തിലും നമ്മബോ ധത്തിനു് അത്ര വലിയ വില കല്പിച്ചിട്ടില്ലാ എന്നതു നിശ്ച യംതന്നെ. അമേരിക്കാക്കാരൻെറ കൊള്ളരുതായ്മകൾ അഥ വാ വിഡ്ഢിത്തങ്ങൾ അവനുതന്നെ മനസ്സിലാകത്തക്കവിധം അമേരിക്കൻരംഗങ്ങളെ ചുഴിഞ്ഞുകേറുംവിധം വണ്ണിക്കുക മൂലം വിൽ റോജേഴ്സ് നമ്മുടെ ഒരു രാഷ്ട്രീയവീരനായിത്തീ ന്നു. പലതരത്തിലും നമ്മുടെ മാതൃകാഗ്രന്ഥകാരനായ മാക്ക് ടൈൻ അമേരിക്കൻജീവിതം ചിത്രീകരിക്കുന്നതിൽ കാണി ച്ച പാടവംകൊണ്ടല്ല, തൻെറ നമ്മബോധംകൊണ്ടാണു് കൂടു തൽ അഭിനന്ദനം നേടിയിട്ടുള്ളതു്. നമ്മുടെ വീക്ഷണഗതിയി ലെ ശുഭാപ്തിവിശ്വാസത്തിൻെറ ഒരു ഭാഗമായിട്ടാണു് നാം ദുരന്തകഥകളേക്കാൾ ശുഭാന്തകഥകളെ ഇഷ്ടപ്പെടുന്നതും,

45596

ടെലിവിഷനിൽ ഹാസ്യരസികന്മാർ അത്യുന്നതപദവികളിലേറി വൻതുകകൾ ശമ്പളം വാങ്ങുന്നതും.

ഹാസ്യത്തിനു മനോഭാരം കുറയ്ക്കുന്നതിനുള്ള ശക്തിയുണ്ട്. യന്ത്രങ്ങളുടെ മുരൾച്ച, യാത്രക്കാരുടെ തിരക്ക്, സ്റ്റൂഡിയിങ്ങനെ ബഹളവും ആരവവും പെരുകി അതിശീഘ്രം പാഞ്ഞുകൊണ്ടിരിക്കുന്ന നമ്മുടെ വൈയവസായികജീവിതത്തിന്റെ സമത്വം പാലിക്കുവാൻ അത്യാവശ്യവുമാണ്. നമ്മൾക്കു ചിരിവരത്തക്കവിധം ഇപ്പറഞ്ഞവയെത്തന്നെയാണ് ഹാസ്യം പ്രകടിപ്പിക്കുന്നതും.

ഹാസ്യരൂപാന്തരത്തിന് പാറാത്തത്ര പരിപാവനത ഒന്നിനുമില്ല. യഥാർത്ഥത്തിൽ പാവനത വർദ്ധിക്കുന്തോറും ഹാസ്യത്തിൻെറ ആഹ്ലാദശക്തിയും വർദ്ധിക്കുന്നു. മതാധികാരികളെപ്പററിയുള്ള വിനോദങ്ങൾ സാധാരണമാണ്. മുഖക്ഷൗരത്തിനിടയിൽ മതപ്രസംഗത്തെപ്പററി ആലോചിക്കയാൽ താടിമുറിഞ്ഞു എന്നു നാട്ടുകാരനോടു പുരോഹിതൻ പറഞ്ഞു. അതിന് അയാൾ പറഞ്ഞ മറുപടി ഇതാണ്, "താടിയെപ്പററിച്ചിന്തിച്ച് പ്രസംഗം മുറിക്കയായിരുന്നു നല്ലതു്."

ദാമ്പത്യത്തിൻേറയും കുടുംബജീവിതത്തിൻേറയും പ്രാമാണ്യം, സ്ത്രീകൾക്കും കുട്ടികൾക്കും ഉള്ള ഉന്നതസ്ഥാനം, ജീവിതത്തിൻെറ ഗതിയും വലിയും, ഇവയെയാണ് അമേരിക്കൻ നമ്മബോധം ദൃഢീകരിക്കുന്നതു്. ഒരുപക്ഷേ, അതിലുമുപരിയായി, സമ്പത്തിനേക്കാൾ വിലയേറിയതും, പ്രോത്സാഹനാഭിനന്ദനങ്ങൾ അർഹിക്കുന്നതുമായ ഒരു ജീവിതതത്വമാണ് ഹാസ്യം എന്ന ആശയം നില്ക്കുന്നുണ്ട്. മതപ്രസംഗങ്ങളിൽ പുരോഹിതനും, ചികിത്സയിൽ വൈദ്യനും, വാദത്തിൽ നിയമജ്ഞനും, പഠിപ്പിക്കുന്നതിൽ അദ്ധ്യാപകനും ഇതു് ഉപയോഗപ്പെടുത്തുന്നു. ഒരുവനെപ്പററി അതിനികൃഷ്ടമായി നമ്മൾക്കു പറയാവുന്നതു് അവൻ നമ്മബോധമില്ലാത്തവനാണെന്നാണ്; എന്തെന്നാൽ ഹാസ്യം 'അമേരിക്കൻ രീതി'യുടെ പ്രധാനഭാഗമായിട്ടാണു കരുതപ്പെടുന്നതു്.

സമനില പാലിക്കുവാൻ അതു സഹായിക്കുന്നു. നാം സമത്വത്തിൽ വിശ്വസിക്കുന്നവരുമാണ്. ഹാസ്യം സ്വാതന്ത്ര്യത്തിൻെറ അടയാളമാണ്. സാധാരണക്കാരന് അവൻെ

നേതാവിനെപ്പററി സംസാരിക്കുവാനുള്ള സ്വാതന്ത്ര്യമുണ്ട്. അതു് നമ്മെത്തന്നെ കാണുവാൻ സഹായിക്കുന്നു. ഒരുവൻ തന്നെത്താനെ പരിഹസിക്കുന്നുവെങ്കിൽ അവൻെറ പോരായ്മ പരിഹരിച്ചു എന്നാണർത്ഥം. പുതിയ ആളുകളുമായി ദിവസംതോറും സമ്പക്കം വദ്ധിച്ചുവരുന്ന ഒരു നാട്ടിൽ ഒരു വൈകാരികൈക്യത്തിനു് ഹാസ്യം സാദ്ധ്യതയുണ്ടാക്കുന്നു. അതു വിശ്വാസത്തിൻെറ വ്യാകരണമാണു്; ശുഭാപ്തിചിന്തയുടെ വാഗ്വിലാസമാണു്; സൗഭ്രാത്രത്തിൻെറ ഗാനമാണു്.

***ഒരമേരിക്കൻ എന്നാൽ ആരു്?***

"എനിക്കു നിങ്ങളെപ്പററി ഒരു തുമ്പും കിട്ടുന്നില്ല. നിങ്ങൾ നിസ്സാരനാണോ ബുദ്ധിമാനാണോ എന്നെനിക്കു മനസ്സിലാകുന്നില്ല," എന്നു് അമേരിക്കാക്കാരനെപ്പററി മിസ്സിസ് ട്രിസ്സാം പറകയുണ്ടായി. യൂറോപ്യന്മാരെ പലപ്പോഴും വിഷമിപ്പിച്ചിട്ടുള്ള ഒരു ദുർഘടമാണിതു്. അമേരിക്കാക്കാക്കു് ബാലചാപല്യം മാറിയിട്ടില്ലാ എന്നു് അവർ തീരുമാനിക്കയാണു പതിവു്. പക്ഷേ, ഒരു സമുദായം പക്വമെന്നും മറെറാന്നു് അപക്വമെന്നും സൂക്ഷ്മമായിപ്പറയുക സാദ്ധ്യമല്ല. ഓരോന്നിനും അതിൻേറതായ ന്യായവാദമുണ്ട്.

പിന്നെ എങ്ങനെയാണു് ചെല്ലുന്നിടത്തെല്ലാം അമേരിക്കാക്കാരെ വേർതിരിച്ചറിവാൻകഴിയുന്നതു്? ആ ഒരു ജാതി സഞ്ചാരികൾ ശബ്ദകോലാഹലവും ആത്മപ്രശംസയും വിമർശനവും ധാരാളിത്വവും എത്തുന്നിടത്തെല്ലാം പ്രകടിപ്പിക്കുന്നു. പക്ഷേ, ഇതൊന്നുമല്ല മുൻപറഞ്ഞ തിരിച്ചറിയലിനു കാരണം. ശബ്ദകോലാഹലാദികൾക്കു സാധൂകരണമായി ഇത്രമാത്രമേ പറഞ്ഞുകൂട്ടു: നാട്ടിലാണെങ്കിൽ വ്യത്യസ്തമായ രീതിയിൽമാത്രം പെരുമാറുന്നതിനേ സാമുദായികനിയന്ത്രണങ്ങൾ ആളുകളെ അനുവദിക്കു. അവയുടെ പിടിയിൽനിന്നും താൽക്കാലികമായിക്കിട്ടിയ സ്വാതന്ത്ര്യം പരമാവധി പ്രയോജനപ്പെടുത്തുവാനുള്ള അവരുടെ വെമ്പലാണു് മുൻപറഞ്ഞ സ്വഭാവത്തിൽ കാണുന്നതു്.

അമേരിക്കാക്കാരനു് സ്വന്തമായ ഒരു പ്രകൃതമുണ്ടു്. വസ്ത്രാലങ്കാരങ്ങളിൽനിന്നു ജനിപ്പിച്ചതല്ല; ഒരു പ്രത്യേകതരം

ഭാവത്തിൽനിന്നു് ഉണ്ടായതാണു്. വർഗ്ഗവിവേചനരാഹിത്യത്തിൽനിന്നും ശുഭാപ്തിവിശ്വാസത്തിൽനിന്നും, ജിജ്ഞാസയിൽനിന്നും ഉണ്ടായിട്ടുള്ളതാണാ പ്രകൃതം. ഇവ സമ്മേളിച്ചു് നമ്മോല്ലാദ്കമായ നിഷ്കപടതയുടെ രൂപം പ്രാപിച്ചിട്ടുണ്ടെന്നു യൂറോപ്യന്മാർ വിശ്വസിക്കുന്നു. കണക്കുകളും വിവരങ്ങളും അറിവാനുള്ള ആഗ്രഹം, മാനസികജാഗ്രതയേക്കാൾ കായികജാഗ്രത, എല്ലാത്തിനുംമീതെ സൗഹൃദചിന്ത ഇവയാണു് അവൻെറ സ്വഭാവം.

രത്നച്ചുരുക്കമിതാണു്: അസാധാരണമായ മത്സരപരിതഃസ്ഥിതികൾ വരുത്തിയ ഉണർവ്വിൻേറയും, അസാധാരണമായ സൗകര്യങ്ങളുടേയും ഫലമായിട്ടുള്ളതാണു് അമേരിക്കൻ സ്വഭാവവിശേഷം.

ഒരു മാതൃകാ അമേരിക്കാക്കാരനെ കണ്ടെത്തുക വിഷമമാണു്. പക്ഷേ, നിങ്ങൾ അവരെ എല്ലാവരേയുംകൂട്ടി 170,000,000 കൊണ്ടു ഹരിച്ചാൽ, ഈ അദ്ധ്യായത്തിൽ ചിത്രീകരിക്കുവാൻ ശ്രമിച്ചിട്ടുള്ള രൂപം ഏറെക്കുറെ കിട്ടും.

## അദ്ധ്യായം ആറ്

# അമേരിക്കൻ സമുദായം

സ്വഭാവവിശേഷങ്ങളും കുടുംബജീവിതവും കണ്ടുകഴിഞ്ഞ നിലയ്ക്കു് അമേരിക്കാക്കാർ തങ്ങൾക്കായിത്തന്നെ നിർമ്മിക്കുന്ന സമുദായം ഏതുവിധമായിരിക്കുമെന്നു് നമ്മൾക്കു പരിശോധിക്കാം.

ആദ്യമായി ഒരു ചെറുസമുദായത്തെ നോക്കുകയാണു് എളുപ്പം. സ്ഥിതിവിവരക്കണക്കുകൾ തെളിയിക്കുന്നതിലുമധികം അമേരിക്കാക്കാർ, ചെറുസമുദായങ്ങളായി ജീവിക്കുന്നുണ്ടെന്നു കാണാം. 2500-ൽ കൂടുതൽ ജനങ്ങൾ ഒന്നിച്ചു വസിക്കുന്നിടമെല്ലാം സെൻസസ്സ് ബ്യൂറോ 'നഗര'മായി തരംതിരിക്കുന്നു. എന്നാൽ 2500 ജനസംഖ്യയുള്ള പട്ടണങ്ങൾക്കു് നാഗരികതയേക്കാൾ ഗ്രാമീണതയാണു് കൂടുതലായുള്ളതു്. ഇരുപത്തയ്യായിരത്തോളം ജനസംഖ്യയുള്ള ഒരു നഗരത്തിലോ അഥവാ അമ്പതിനായിരംതന്നെയുള്ള നഗരത്തിലോ വസിക്കുന്നവൻ അതിലൊരു ഘടകമായി സാത്മ്യം പ്രാപിക്കുന്നു. തുറന്നുവച്ച പുസ്തകംപോലെ അതു സുപരിചിതമെന്നു് അവനു തോന്നും. നമ്മുടെ ജനങ്ങളിൽ 37% നാട്ടിൻപുറങ്ങളിലാണു ജീവിക്കുന്നതു്. 25,000 വരെയുള്ള മററൊരു 22%, പട്ടണങ്ങളിലും ചെറുനഗരങ്ങളിലുമാണു്. 41% വൻനഗരങ്ങളിലുമുണ്ടു്. അമേരിക്കാക്കാരിൽ വൻഭൂരിപക്ഷവും സാർവ്വലൗകികത്വം അടിച്ചേല്പിച്ചാലും പ്രാദേശികമനോഭാവക്കാരാണു്. യുദ്ധാനന്തരം പുതുവീടുകൾ പണിയാവുന്നത്രവേഗത്തിൽ അവർ പ്രാന്തപ്രദേശസമുദായങ്ങളിലേക്കു പായുകയാണു്. സ്വന്തകാര്യങ്ങൾ നോക്കുവാനുള്ള താല്പര്യത്താൽ ജനപ്പെരുപ്പമേറിയ സമൂഹങ്ങളിൽനിന്നും അവർ രക്ഷപ്പെടുന്നു. സ്വകാര്യനിർവ്വഹണം അവിടെ അത്രവളരെ വിഷമകരമാണു്. കഴിവുള്ളപ്പോഴെല്ലാം വൻസമുദായങ്ങളെ ഏതുവിധേനയും ചെറുഘടകങ്ങളായിപ്പിരിക്കുന്നു.

റോട്ടറിസേവാസമാജമുദ്രകളോ, സിംഹമുദ്രകൾ തുടങ്ങിയ മററടയാളങ്ങളോ, ഒരു പട്ടണത്തിലേക്കാണു പ്രവേശിക്കുന്നതെന്നതിന് അടയാളമായിരിക്കും. വിശ്രമാരാമനിർമ്മാണം, ആവശ്യമായ കായികവിനോദസൗകര്യങ്ങൾ, സ്കൗട്ടുസംഘടനയ്ക്കു തുണനൽകൽ, അഗതികൾക്കു നയനരോഗചികിത്സ, വിദ്യാർത്ഥിസേവനം മുതലായ നിശ്ചിതസമുദായസേവനപരിപാടികൾക്കായിട്ടാണ് പ്രസ്തുത സമാജങ്ങൾ സ്ഥാപിച്ചിട്ടുള്ളത്.

ജനാലകൾ നിറഞ്ഞ, തിളങ്ങുന്ന ഉരുക്കിനാൽ നിർമ്മിച്ചിട്ടുള്ള തൊഴിൽശാലകളെക്കൊണ്ടും ലളിതസുന്ദരമായ ഭവനങ്ങളെക്കൊണ്ടും, മന്ദഗതിയിലും ചിലയിടങ്ങളിൽ ശീഘ്രഗതിയിലും അമേരിക്ക നവവീര്യം പ്രാപിച്ചുവരുന്നുണ്ട്. എങ്കിലും പരിഷ്കൃതഭവനങ്ങളേക്കാൾ പഴയ വീടുകൾ ഇന്നും വളരെയേറെയുണ്ട്. ഇടിഞ്ഞുതകന്ന കുടിലുകളിൽ പാവങ്ങൾ പൊറുക്കുന്ന വൃത്തിഹീനങ്ങളായ പ്രദേശങ്ങളും അവിടെയുണ്ട്. ചോലമരങ്ങളാലും വിസ്തൃതമായ പുൽത്തട്ടുകളാലും മോടിയേറിയ ഹർമ്മ്യങ്ങൾ പ്രധാനവീഥികൾക്ക് ഒരലങ്കാരം തന്നെ. ആ വിഭാഗങ്ങൾ സമ്പന്നരുടെ നിവാസസ്ഥലമാണ്. അടച്ചുകെട്ടിനകത്തു ജീവിക്കുക അമേരിക്കൻസമ്പ്രദായമല്ല. ധനവാന്മാരേ അങ്ങനെ ചെയ്യൂ; എല്ലാവരുമില്ല, കുറച്ചുപേർ മാത്രം. സൗഹാർദ്ദം നിറഞ്ഞ വീടുകളധികവും തെരുവിലേക്ക് ആഭിമുഖമായിരിക്കും.

സ്വാഭാവികമായി ഏതു പട്ടണവും ഒരു വ്യാപാരകേന്ദ്രമാണ്. അമേരിക്കായിലെ പ്രധാന തെരുവുകൾ ഇതിനെ മറയ്ക്കുവാൻ ശ്രമംചെയ്യുന്നില്ല. ശ്രദ്ധയെ ആകർഷിക്കത്തക്കവിധം വ്യാപാരശാലകളുടെ മുന്നിൽ പുതുതായി പുറത്തുവന്നിട്ടുള്ള പരസ്യചിഹ്നങ്ങൾ രാത്രികാലങ്ങളിൽ വിവിധവർണ്ണങ്ങളിലുള്ള വൈദ്യുതദീപങ്ങളാൽ തിളങ്ങിമിന്നും. ഏതാനും പടിവാതിലുകൾക്കപ്പുറത്തായി പട്ടണവും, അതിനെ അങ്ങോട്ടും അതിങ്ങോട്ടും ആശ്രയിക്കുന്ന പൊതുസേവനസ്ഥാപനങ്ങളും ഉണ്ടാകും. അവ പ്രധാനമായി ബാങ്കുകൾ, തപാലാപ്പീസ്, ടെലിഫോൺ ആപ്പീസ്, വിദ്യുച്ഛക്തിവിതരണാലയം, പോലീസ്സ്റ്റേഷൻ, അഗ്നിശമനസംഘമാ

പ്പീസ്, കോടതികൾ, നഗരസഭാമന്ദിരങ്ങൾ, തീവണ്ടിയാപ്പീസ്, ചലച്ചിത്രശാല, ചില്ലറവ്യാപാരശാലകൾ മുതലായവയായിരിക്കും. തുണിക്കടകളും, ഇരുമ്പുകടകളും, ആഹാരസാധനവ്യാപാരശാലകളുമായിരിക്കും ഏററിയക്കൂറും. വൈദ്യുതോപകരണശാലകളും അലക്കുകമ്പനികളും ഒട്ടുംതന്നെ കുറവല്ല. അതിനുംപുറമേ അമേരിക്കായിലെ പ്രത്യേക സ്ഥാപനമായ 'ഡ്രഗ്ഗ്' സ്റ്റോറുകളും അവിടെക്കാണാം. ആ സ്റ്റോറുകളിൽ, പലവിധത്തിലുള്ള ഐസ്ക്രീമുകളും, മധുരപലഹാരങ്ങളും, കൽക്കണ്ടവും, ആഡംബരത്തിനുള്ള സാധനങ്ങളും, വാസനദ്രവ്യങ്ങളും, പുസ്തകങ്ങളും, മാസികകളും, ഗൃഹോപകരണങ്ങളും, സിഗററു മുതലായവയും, കളിക്കോപ്പുകളും, ചിലപ്പോൾ 'ഡ്രഗ്ഗ്'(മരുന്നു)കളും കിട്ടും.

പട്ടണത്തിനുവേണ്ട ഇതര സേവനങ്ങൾ—ഡോക്ടർമാർ, നിയമജ്ഞർ, ദന്തവൈദ്യന്മാർ, ഫോട്ടോഗ്രാഫറന്മാർ, ക്ഷുരകന്മാർ, ശില്പികൾ, ഇൻഷ്വറൻസ് ഏജൻറന്മാർ, ഭൂവ്യാപാരികൾ എന്നിവരുടെ—കെട്ടിടങ്ങളുടെ മുകൾനിലകളിൽനിന്നു ലഭിക്കുന്നതാണ്.

പ്രധാന വീഥിക്കട്ടത്തും ചിലപ്പോൾ അതിനേക്കാൾ പ്രതാപമാന്ന പള്ളിയും, വായനശാലയും, വൈ. എം. സി. ഏ.യും കാണാവുന്നതാണ്. പട്ടണജീവിതത്തിൽ, മതത്തിനുള്ള പങ്കിനും, ജ്ഞാനസമ്പാദനത്തിനു് എല്ലാവക്കുമുള്ള സമത്വത്തിനും, കായികവിനോദത്തിൻെറ പ്രാധാന്യത്തിനും ഉള്ള ലക്ഷ്യങ്ങളാണവ.

ഇവയെല്ലാം ഉള്ളിലൊതുങ്ങി മുകൾനിലകളിലുള്ള മുറികളിലും, പഴയ മന്ദിരങ്ങളിലും വ്യാപാരത്തിരക്കുകളുടെ നടുവിലായി സമാജസ്ഥാപനങ്ങളും വിട്ടതിവീട്ടുകളും സ്ഥിതിചെയ്യുന്നു. മൂങ്ങകൾ, കഴുകുകൾ തുടങ്ങിയ പേരുകളാണ് ഇവയ്ക്കുള്ളതു്. ആദിമവർഗ്ഗങ്ങൾക്കുകൂടി ഇത്രയധികം 'ടോട്ടം'ജന്തുക്കളുടെ പേർ ഉപയോഗപ്പെട്ടുത്തിയിരിക്കുകയില്ല. ദിനംപ്രതി അംശിച്ചുവരുന്നതും വർദ്ധിച്ചുവരുന്നതുമായ ഒരു സമുദായത്തിൽ, ദൃഢഘടനയുള്ള ചെറുസംഘങ്ങളുടെ ബോധം ഈ ക്ലബ്ബുകളും താമസസ്ഥലങ്ങളും ജനിപ്പിക്കുന്നു. അവയുടെ പൊതുതാല്പര്യം സൗഹാർദ്ദം പരത്തുകയാണ്. അതിൽ

ആതുരസേവനവും ഉൾപ്പെട്ടുത്തിയിട്ടുണ്ടെന്നേയുള്ളു. എന്നാലും വീട്ടിൽനിന്നു് പുറത്തുപോകണമെന്നാശയുള്ളവനു് അവ അഭയകേന്ദ്രമായും തീരുന്നുണ്ടു്. തൊഴിലോ രാഷ്ട്രീയ ഏടപാടുകളോ പുരോഗമിക്കത്തക്കവിധമുള്ള സൗഹാർദ്ദബന്ധങ്ങളെ ഈ സങ്കേതങ്ങൾ വിജയിപ്പിക്കുകയും ചെയ്യുന്നു.

### *സമുദായത്തിലെ വ്യക്തി*

ഒരു ചെറുനഗരത്തിലേയോ പട്ടണത്തിലേയോ താമസക്കാരനെ അവൻെറ സമുദായവുമായി നൂറുനൂറുവിധത്തിലാണു് കൂട്ടിക്കെട്ടിയിട്ടുള്ളതു്. ന്യൂ ഇംഗ്ലണ്ടിൽ പതിനായിരത്തോളം ജനങ്ങളുള്ള ഒരു പട്ടണത്തിൽ താമസിക്കുന്ന ഇടത്തരത്തിൽപ്പെട്ട ഒരു ദമ്പതികളെ ഉദാഹരണമായി നമുക്കെടുക്കാം. ഒരു വൈദ്യുതോപകരണശാലയിലെ മേൽനോട്ടക്കാരനായ ജോണും അയാളുടെ ഭാര്യ മേരിയും, നാട്ടുമ്പുറത്തുള്ള ഒരു വിനോദസംഘത്തിലെ അംഗങ്ങളാണു്. ഇങ്ങനെയുള്ള സംഘടനകളിൽ ഒരു വലിയ ജനവിഭാഗം ഉൾപ്പെട്ടുന്നുണ്ടു്. അവർ പള്ളികളിൽ പോകുക മാത്രമല്ല, പുതുമണവാളസമ്മേളനങ്ങളിൽ പങ്കുകൊള്ളുകകൂടി ചെയ്യുന്നു.

ജോണിൻെറ മുതലാളി റോട്ടറിക്ലബ്ബിലെ അംഗമാണു്. പക്ഷേ, ജോൺ 'ലയൺ' ക്ലബ്ബിലാണു ചേർന്നിട്ടുള്ളതു്. വിദ്യാലയസംഘത്തിലെ അംഗമെന്ന നിലയ്ക്കു് ലയൻ ക്ലബ്ബിൽ ചേർന്നതു് ജോണിനു് ഉപകാരപ്രദമാണു്. വിദ്യാലയാധികാരികളോടു് ജോണിനു് നേരിട്ടു് അവിടെവച്ചു് സംസാരിക്കാം. സ്കൂളിനെപ്പററി മററുള്ളവരുടെ അഭിപ്രായമെന്തെന്നറിയുന്നതിനും വിദ്യാലയത്തിലെ ജീവിതപ്രശ്നങ്ങളെ സംബന്ധിച്ചു് മററുള്ളവക്കു താല്പര്യം ജനിപ്പിക്കുന്നതിനും അയാൾക്കു സാധിക്കും.

കോളേജിലെ ബിരുദധാരികളുടെ സംഘടന, കോളേജ് സുഹൃദ്സമാജം, ഹൈസ്കൂൾസമാജം ഇവയിലെല്ലാം ജോൺ അംഗമാണു്. ചില സായാഹ്നങ്ങളിൽ വിനോദിക്കുന്നതിനുവേണ്ടി അയാളും ഭാര്യയും ഒരു നൃത്തസഭയിലും ചേർന്നിട്ടുണ്ടു്. ഇവയ്ക്കെല്ലാം പുറമെ റോഡ് ആൻഡ് ഗൺ ക്ലബ്ബിലും,

പള്ളിയിലെ വാദ്യസംഘത്തിലും, തോട്ടമുടമസംഘത്തിലും, റിപ്പബ്ലിക്കൻകക്ഷിയിലും അയാൾ അംഗമാണു്.

വളരെ ജോലിത്തിരക്കുള്ള ഒരു ജീവിതമാണു് മേരിയുടേതു്. എല്ലാ വീട്ടുകാരികളേയുംപോലെ ഗൃഹകൃത്യങ്ങളെല്ലാം അവൾതന്നെയാണു് ചെയ്യുന്നതു്. സൈന്യാധിപൻ ഒരാക്രമണത്തിനു മുമ്പു് പരിപാടികൾ ആസൂത്രണം ചെയ്യുമ്പോലെ മേരിയും ഓരോ ദിവസത്തെ പരിപാടിയും കാലേകൂട്ടി തയ്യാർ ചെയ്യുന്നു. അതനുസരിച്ചു് അവളുടെ മററു കൃത്യങ്ങൾക്കിടയിൽ, പാചകവും, തുന്നലും, തോട്ടംപണിയും, തുത്തുവാരലും നിർവിഘ്നം നടന്നുപോന്നു.

അവളുടെ മേശപ്പുറത്തു് സംഭാവനലിസ്റ്റുകളുടെ ഒരു കുന്നു് കിടപ്പുണ്ടു്. അതു പിരിക്കുവാൻ അവളും കടമപ്പെട്ടവളാണു്. പട്ടണത്തിനു് പ്രയോജനകരമായ പലവിധ പ്രവർത്തനങ്ങൾ സ്വയമായി ചെയ്തുവരുന്ന വൈ. എം. സി. ഏ. യുടെ പണപ്പിരിവാണു് ഇപ്രാവശ്യം ഇവളുടേതിൽ പ്രധാനം. സ്കൗട്ട്സംഘടന, മനോരോഗചികിത്സാകേന്ദ്രം, ഗൃഹസേവനസംഘം, ആശുപത്രി, അനാഥശിശുസംരക്ഷണകേന്ദ്രം എന്നിങ്ങനെയുള്ള അനേകം സ്ഥാപനങ്ങളുടേതു് വേറെയുമുണ്ടു്. മററു ചില സമയങ്ങളിൽ റെഡ്ക്രോസ് സംഘടനയുടേയും, ശിശുനിധിയുടേയും മററും പേരിൽ അയൽവീടുകൾ സന്ദർശിക്കുവാൻ അവൾ നിയുക്തയായിരിക്കും. ഇടയ്ക്കിടയ്ക്കു് താൽക്കാലികാവശ്യങ്ങൾക്കുള്ള ആഹ്വാനങ്ങളും സാധാരണയാണു്. ഇങ്ങനെ മററു സ്ത്രീകളോടൊപ്പം മേരിയും കലാപ്രദർശനങ്ങൾ, ലേലങ്ങൾ മുതലായവകൊണ്ടു് പണമുണ്ടാക്കും.

ഈ സേവനങ്ങളെല്ലാം ഗവമ്മെണ്ടു് ഏറെറടുത്തു നടത്താത്തതെന്തു്? അതിനുള്ള സംഖ്യ നികുതിവദ്ധിപ്പിച്ചു് സംഭരിച്ചുകൂടെയോ? പക്ഷേ, അമേരിക്കാക്കാർ തങ്ങളുടെ ദീർഘചരിത്രത്തിൽനിന്നു പഠിച്ചിട്ടുള്ളതു്, ഗവമ്മെണ്ടിനെ ഏകാവലംബമായ ഒരു അനിയന്ത്രിതാധികാരസ്ഥാപനമാക്കുന്നതിലുള്ള വിമുഖതയാണു്. ഗവമ്മെണ്ടു് സേവനകാര്യങ്ങൾ ഏറെറടുക്കുന്നു എങ്കിൽ ഇന്നു സ്വതന്ത്രസംഘടനകൾക്കു് വേണ്ടിവരുന്നതിനേക്കാൾ ഭാരിച്ച ധനവ്യയവും വേണ്ടി

വരും. അതു് ജനങ്ങൾക്കു് താങ്ങാനാവാത്തതായും തീരും. മിക്കവാറും ചെറുപട്ടണങ്ങളിലെല്ലാം അഗ്നിശമനവകുപ്പിൽപ്പോലും പ്രവർത്തിക്കുന്നതു് പൗരന്മാരുടെ സന്നദ്ധസംഘമാണു്. അപകടകാഹളം മുഴങ്ങുമ്പോൾ അവർ ജോലിയെല്ലാം വലിച്ചെറിഞ്ഞു് കാറിൽകയറി ശബ്ദം കേൾക്കുന്നിടത്തേക്കു് പാഞ്ഞെത്തുന്നു. നിർബ്ബന്ധമായ സ്റ്റേറ്റ്വൈദ്യസഹായത്തെ എതിർത്തുകൊണ്ടു് അമേരിക്കാക്കാർ ഇഷ്ടംപോലെ ചേരാവുന്ന ആരോഗ്യഇൻഷൂറൻസ് പദ്ധതികളിൽ ചേരുന്നു. 110 മില്യൻ ആളുകൾക്കു് ഇത്തരം സംരക്ഷ ലഭിക്കുന്നുണ്ടു്.

തൻെറ പതിവുജോലികൾക്കു പുറമെ, വ്യക്തിപരമായ പല സംഭാവനകൾക്കും മേരി വിധേയയാകാറുണ്ടു്. ഏതെങ്കിലും ഭക്ഷണവില്പനക്കാരനു് ഒരു റൊട്ടി, ദുർഭിക്ഷപ്രദേശങ്ങളിലേക്കയയ്ക്കുവാൻ പഴയ വസ്ത്രങ്ങൾ, സ്കൂൾഗ്രന്ഥശാലകൾക്കു് പുസ്തകങ്ങൾ എന്നിവ നൽകണം. മത്സരക്കളികൾക്കു് ഒരു സംഘം ചെറുപ്പക്കാരെ അടുത്ത പട്ടണങ്ങളിലേക്കു കൊണ്ടുപോകുക, പൊതുവില്പനയ്ക്കുള്ള പരസ്യങ്ങൾ എഴുതുക, വില്പനസാധനങ്ങൾ ആകർഷകമായി ക്രമപ്പെടുത്തി വയ്ക്കുക മുതലായവയെല്ലാം അവൾ ചെയ്യേണ്ടതുണ്ടു്.

സാമ്പത്തികനിലയിൽ ഇടത്തരക്കാരായ ദമ്പതികളുടെ പൂർണ്ണവിവരചിത്രീകരണം ഇത്തരം സാമുദായികപ്രവർത്തനങ്ങൾകൊണ്ടുമാത്രം അവസാനിക്കുന്നില്ല. അവരെ സമുദായത്തോടു് നൂറുവിധത്തിലാണു് ബന്ധിച്ചിട്ടുള്ളതു്. അതവർ അംഗീകരിച്ചിട്ടുള്ളതുമാണു്. അവരുടെ സമയവും, പരിധിയും, വിശ്രമവുമെല്ലാം ഈവക പ്രവർത്തനങ്ങളുടെ കൈയേറ്റത്തിനു വിധേയമാകുന്നുവെങ്കിൽ അതുകൊണ്ടു് നന്മയുമുണ്ടാകുന്നുണ്ടു്. ആ പ്രവർത്തനങ്ങൾ അവരുടെ അഹംബുദ്ധിയെ സങ്കുചിതമണ്ഡലത്തിൽനിന്നുയർത്തി വ്യക്തിയെ സമുദായത്തിൽ ലയിപ്പിക്കുന്നതുകൊണ്ടുള്ള വളർച്ചയും വലുപ്പവും അതിനുണ്ടാക്കിത്തീർക്കുന്നുണ്ടു്. അങ്ങനെയുള്ള സാമൂഹികപ്രവർത്തനങ്ങളാൽ സമുദായവുമായി ശാരീരികബന്ധമുള്ള വ്യക്തിക്കു് ഏകാന്തതാബോധമില്ലാതെയാകയും, അയാൾ സമുദായത്തിൻെറ അവിഭാജ്യഘടകമാണെന്നുള്ള വിശ്വാസം ജനിക്കുകയുംചെയ്യുന്നു. 'തന്നെയും മറന്നു് സേവനം' എന്നാണു്

റോട്ടറിയുടെ ആപ്തവാക്യം. 'നിന്നെപ്പോലെ നിൻെറ അയൽക്കാരനേയും സ്നേഹിക്കുക' എന്നാണു് വേദവാക്യം. ജോണിനും മേരിക്കും ഇതൊരു നിസ്സാരതത്വശാസ്ത്രമാണു്. സമുദായവുമായി സാത്മ്യംപ്രാപിച്ച അവക്കു് ഈ തത്വത്തിൻെറ അത്ഥം എളുപ്പം മനസ്സിലാവുന്നതാണു്.

പ്രവത്തനനിരതനായ പൗരൻ, സമുദായത്തിൽ തൻെറ സ്ഥാനം മനസ്സിലാക്കുന്നതും, അമിതമായ ആഗ്രഹങ്ങൾക്കു് അറുതിവരുത്തുന്നതും, പരസ്പരബഹുമാനവും സുരക്ഷിതത്വവും വളത്തുന്നതും സ്വമേധയാ നടത്തുന്ന സേവനങ്ങളാണു്.

വളരെപ്പേർ, പ്രത്യേകിച്ചും നിസ്സാരവരുമാനമുള്ളവർ ഇതിൽ ഉൾപ്പെടുന്നില്ല എന്നുള്ളതാണു് ഈ സമ്പ്രദായത്തിനുള്ള ഒരു ദൂഷ്യം. സേവനങ്ങളിൽനിന്നുള്ള പ്രയോജനം അനുഭവിക്കുന്നുണ്ടെങ്കിലും അവയെ അവർ തുണയ്ക്കാറില്ല. സമയക്കുറവാണു് അതിനൊരു കാരണം. പിന്നൊന്നു്, സമുദായസേവകർ തങ്ങളുടെ വിശ്വസ്തതയ്ക്കു് പാത്രീഭവിച്ചിട്ടുള്ളവരെയാണു് സാധാരണയായി സഹായത്തിനു ക്ഷണിക്കുക. ഫണ്ടു് ഉണ്ടാക്കുന്നതിൻെറ ആവശ്യകത, മാഗ്ഗം ഇവയെപ്പറ്റി അറിവില്ലാത്തവരാണു് ചെറുവരുമാനക്കാർ. ഇതിലൊന്നും വിശ്വാസവും അവക്കില്ല. പ്രതിനിധിസമ്മേളനങ്ങളിൽ പങ്കുകൊള്ളേണ്ടതിന്റെ പ്രയോജനത്തെ സംബന്ധിച്ചും അവർ അജ്ഞരാണു്. ഈവക വ്യത്യാസങ്ങൾ അപ്രത്യക്ഷമാകുംവരെ വിദ്യാഭ്യാസനിലവാരം ഉയത്തുകയെന്നതുമാത്രമേ ഇതിനൊരു പോംവഴിയുള്ളു.

### *സ്വച്ഛന്ദസേവാസമാജങ്ങൾ*

ഐക്യനാടുകളെ അറിയേണമെന്നാശിക്കുന്നവർ ആദ്യമായി ചെറുസമുദായത്തേയും അവിടെയുള്ള സ്വച്ഛന്ദസേവാസമാജങ്ങളേയുമാണു പഠിക്കേണ്ടതു്. സ്വകാര്യപൗരന്മാരായും, സ്വതന്ത്രപൗരന്മാരായും, എന്നാൽ സമുദായത്തോടു ബന്ധപ്പെട്ടും തങ്ങളുടെ സ്വാധീനം സമുദായത്തിൽ ചെലുത്തിയും കഴിയുന്നതിനുള്ള ഉത്തമോപകരണങ്ങളാണു് ഈ സംഘങ്ങൾ. അതു് ആത്മീയദാശ്നികത്വത്തിന്റെ പ്രവത്തനസരണിയാണെന്നു് ജാക്വസ് ബാർസൺ ചൂണ്ടിക്കാണിക്കുന്നു.

"കുറ്റങ്ങളും ചുമതലകളും ദൈവത്തിനു വിട്ടുകൊടുക്കാതെ നാം തന്നെ ഏറെറടുക്കുന്നു."

സാമുദായികവും, സാമ്പത്തികവും, മതപരവും, നാഗരികവുമായി വ്യത്യസ്തനിലയിലുള്ള സ്ത്രീപുരുഷന്മാരെ പരസ്പരം പരിചിതരാക്കുന്നതിനും ഈ സംഘടനകൾ വഴിതെളിക്കുന്നു. സദ്യകൾ, പള്ളിയിലെ കൂട്ടങ്ങൾ, അങ്ങാടിയാത്ര എന്നിവകളിലുള്ള കൂട്ടുകെട്ടുകൾമൂലം അവർ ഉററസമ്പക്കം പുലത്തുകയും, അങ്ങനെ ജനായത്തം പുരോഗമിക്കയും ചെയ്യുന്നു. തങ്ങൾ ജീവിക്കുന്ന ചുററുപാടുകളുടെ സുസ്ഥിതിക്ക് തങ്ങളും സഹായികളാകണമെന്നുള്ള ചിന്തയാണവക്കുണ്ടാകുന്നതു്; പരിതഃസ്ഥിതികൾ തങ്ങളെ ഭരിക്കുന്നു എന്നുള്ള ചിന്ത അവരെ തീണ്ടുന്നുപോലുമില്ല. അങ്ങനെ അവക്കുതന്നെ വിശ്വാസമുണ്ടാകുന്നു, തങ്ങൾ അങ്ങനെയായതു് സ്വന്തം ഹിതാനുസരണമാണെന്നു്. അമേരിക്കാക്കാക്കു് അതു് ആശ്വാസകരമായ വിശ്വാസവുമാണു്. വിചിന്തനത്തേക്കാൾ പ്രവത്തനം, ആശയത്തേക്കാൾ അന്ത്യഫലം; അതാണവരുടെ മതം.

സമുദായത്തിൽ പന്തലിച്ചുകിടക്കുന്ന ഈ സന്നദ്ധസംഘടനാസ്വഭാവമാണു് രാഷ്ട്രത്തെ ഏകാധികാരഭരണത്തിനു് അപ്രാപ്യമാക്കുന്നതു്. മാത്രമല്ല, നാടിന്റെ നാശമായ ഏതു വിഭാഗക്കാരുടെ ആക്രമണത്തിനും അതൊരു സുരക്ഷിതദുർഗ്ഗവുമാണു്. വ്യക്തി ഒറ്റപ്പെട്ടപ്പോൾ അശക്തനാണു്. പക്ഷേ, സംഘടനയുടെ ഒരംഗമെന്ന നിലയിൽ സുശക്തനാണവൻ. സംഘടനകൾ വളരെയുണ്ടു്. അവയുടെ ഉദ്ദേശ്യങ്ങളും വിഭിന്നമാണു്. അതിനാൽ ഒന്നിനൊന്നു് മേല്ക്കോയ്മനേടുവാൻ സാധിക്കാതെ അവ പരസ്പരം നിയന്ത്രിക്കുകയും സമനില പാലിക്കുകയും ചെയ്യുന്നു. ആഭാസകരമോ ഭീകരമോ ആയ ഒരു കു ക്ലക്സ് ക്ലാനിനുപകരം നിർമ്മാണപരമായ സദുദ്ദേശങ്ങളോട്ടുകൂടിയ നൂറോ ആയിരമോ സംഘടനകളുണ്ടു്.

ലേബർയൂണിയൻപോലുള്ള തൊഴിലാളിസംഘടനകളും, ഭിഷഗ്വരസമാജം, കർഷകസമാജം മുതലായ തൊഴിൽ സംഘടനകളും, രോഗപ്രതിരോധം വിദ്യാഭ്യാസപുരോഗതി മുതലായവയെ ഉന്നംവച്ചുള്ള ജീവകാരുണ്യസഭകളും, പൂർവ്വകാലത്തുള്ള കുടിയേററക്കാരെ ആശ്രയിക്കുന്ന വിഭാഗങ്ങളും,

സഹാനുഭാവം നിലനിത്തിപ്പോരുന്ന 'ഡാട്ടേഴ്സ് ആഫ് അമേരിക്കൻ റവല്യൂഷൻ'പോലുള്ള സംഘടനകളും, കോളേജ്സമാജങ്ങളും, ഭടസംഘടനകളും, മേസൺസ്പോലുള്ള ലാക്ഷണികസഭകളും, കായികവിനോദപരമായും രാഷ്ട്രീയമായുമുള്ള മററു സംഘടനകളും, സ്ത്രീകൾക്കു വേറെയുള്ള സംഘടനകളും ഇന്നു് കാണ്മാനുണ്ടു്. എല്ലാ താൽപര്യങ്ങളേയും, തൊഴിലിനേയും, വിനോദത്തേയും, രോഗത്തേയും ആസ്പദമാക്കിയുള്ള സമാജങ്ങൾ കാണും. അശുദ്ധപ്രവത്തനത്തെ തടയാൻ ശ്രമിക്കുന്നവരുടെ ലീഗ് മുതൽ ക്ഷൗരക്കടക്കാരുടെ സംഗീതം സംരക്ഷിക്കാനുദ്യമിക്കുന്നവരുടെ സംഘംവരെയുള്ള സംഘടനകളെല്ലാം ഇവിടെയുണ്ടു്. ഒരമേരിക്കൻനഗരത്തിലെ നാല്പത്തൊന്നു ശതമാനം ജനങ്ങളും ഏതെങ്കിലും ഒരു സംഘടനയിലെ അംഗമായിരിക്കും. ഒരുവൻതന്നെ പലതിലും പങ്കുള്ളവനാകാം. അതിനാൽ പ്രവത്തനനിരതരായ വ്യക്തികളുടെ ഈ ബഹുമുഖപ്രയത്നങ്ങൾ ഒരു സങ്കീർണ്ണകർമ്മജാലമാണു് ചമയ്ക്കുന്നതു്.

പ്രയോജനകരമായ സമുദായസംഘടനകൾ രൂപീകരിക്കുന്ന സന്ദർഭങ്ങളിൽ സ്ത്രീകൾ പുരുഷന്മാരെ തോല്പിക്കുന്നു. എന്തെന്നാൽ ബുദ്ധിമുട്ടുകൾ നിറഞ്ഞ സാമൂഹ്യസേവനങ്ങൾ ഒട്ടുമുക്കാലും നടത്തുന്നതിനുപുറമേ അവർക്കു് സ്വന്തമായ പല സംഘടനകളും ഉണ്ടു്. 'ലീഗ് ഓഫ് മെൻ വോട്ടേഴ്സ്' എന്ന ഒരു സംഘടന പുരുഷന്മാക്കില്ല. എന്നാൽ 'ലീഗ് ഓഫ് വിമൻ വോട്ടേഴ്സ്' എന്ന സ്ത്രീസംഘടന അന്നന്നു നടക്കുന്ന സംഭവങ്ങളെ തിരക്കിപ്പിടിച്ചു പൊതുജനസമക്ഷം അവതരിപ്പിക്കുന്നതിൽ സ്തുത്യർഹമായ സേവനമാണു് അനുഷ്ഠിക്കുന്നതു്. ജനറൽ ഫെഡറേഷൻ ഓഫ് വിമൻസ് ക്ലബ്ബ് എന്ന സ്ഥാപനം പൊതുജനഗ്രന്ഥശാലകൾക്കായും യുവജനകോടതികൾക്കായും, വിഭവസംഭരണങ്ങൾക്കായും, മററും തീവ്രമായി യത്നിച്ചുവരുന്നു. കാർഷികരംഗത്തും സ്ത്രീസമാജങ്ങൾ അത്ഭുതാവഹമായ പുരോഗമനപ്രവത്തനങ്ങളാണു് നിവ്വഹിക്കുന്നതു്. അങ്ങനെയുള്ള ഒരു രംഗം സന്ദർശിക്കുവാനിടയായ ഒരു ഫ്രഞ്ചുവനിത അത്ഭുതസ്തബ്ധയായിപ്പോയി. മദ്ധ്യവയസ്കകളായ ആ സ്ത്രീകൾ അവിടെ സംസാരിച്ചതു്,

KOTTAYAM PUBLIC LIBRARY KOTTAYAM

സസ്യങ്ങളുടെ ആഹാരക്രമം, വിദേശനയങ്ങൾ, രാഷ്ട്രീയ നയം മുതലായവ സംബന്ധിച്ച പ്രശ്നങ്ങളായിരുന്നപ്പോൾ.

## *സേവനസന്നദ്ധതയുടെ ഉത്ഭവം*

സേവാസ്സാസേവനങ്ങൾ പ്രകടമെന്നതുപോലെ പ്രധാനവുമാണ്. അതു് എവിടെനിന്നു വന്നു?

നാം പിൽഗ്രിംസ് എന്നു വിളിക്കുന്ന സ്ത്രീപുരുഷസംഘം 1607-ൽ ഇംഗ്ലണ്ടു വെടിഞ്ഞു് ഹോളണ്ടിലേക്കു പുറപ്പെട്ടപ്പോൾ 'കർത്താവുമായുള്ള കരാർ' എന്നു് അവർ പേരിട്ട ഒരു ഉടമ്പടിയാൽ പരസ്പരബദ്ധരായിരുന്നു. ഒരേ മനഃസ്ഥിതിയുള്ള ജനങ്ങളുടെ ഒരു സേവാസമാജമായിരിക്കണം യഥാർത്ഥമായ പള്ളി എന്നായിരുന്നു അവരുടെ വിശ്വാസം. അക്കാലത്തു് ഇംഗ്ലണ്ടിൽ, രാജാവു സ്വീകരിക്കുന്ന മതം ജനങ്ങളും സ്വീകരിച്ചു് പതിവായി പള്ളിയിൽ പോകണമെന്നു് രാജശാസനമുണ്ടായിരുന്നു. അതു ധിക്കരിക്കുന്നവർ കഠിനശിക്ഷക്കു പാത്രമാകയും ചെയ്യും.

നെതർലാൻഡ്സിൽനിന്നും അമേരിക്കയിലേക്കു പോകുവാനുറച്ചു്, ഗവൺമെൻറും ഉദ്യോഗസ്ഥന്മാരുമില്ലാതെ ന്യൂ ഇംഗ്ലണ്ടു തീരത്തിനടുത്തായപ്പോൾ സംഘടനാപരമായ സമ്പ്രദായത്തിലേക്ക് അവർ വീണ്ടും തിരിഞ്ഞു. തങ്ങളെ അററ്ലാൻറിക്ക് മഹാസമുദ്രം കടത്തിയ ആ കപ്പലിൽവച്ചുതന്നെ എഴുതി ഒപ്പിട്ട 'മേ ഫ്ളവർ' ഉടമ്പടിമൂലം അവർ സ്വയം നിർമ്മിക്കുന്ന നിയമങ്ങൾ അനുസരിച്ചുകൊള്ളാമെന്നുള്ള സമ്മതം രേഖപ്പെടുത്തി. അവർ ഒരു ഗവർണ്ണറേയും ആവശ്യാനുസരണം മററുദ്യോഗസ്ഥന്മാരേയും തെരഞ്ഞെടുത്തു. അവർക്കു കടപ്പാടുള്ള രാജ്യത്തിൽനിന്നും മൂവ്വായിരം മൈൽ അകലെയായി, അസാമാന്യവിജയത്തോടെ അവർ സ്വയംഭരണം സ്ഥാപിച്ചു. ഒരു ആധുനികജനഭരണത്തിൽനിന്നും വളരെ ദൂരെയെങ്കിലും, അവർ സ്വന്തം കാര്യങ്ങൾ ബുദ്ധിയോടും സാമർത്ഥ്യത്തോടും നിർവ്വഹിച്ചു.

അങ്ങനെ ആദിമകാലംമുതൽതന്നെ, ന്യൂ ഇംഗ്ലണ്ട്കുടിയേററക്കാർ പ്രാദേശികഭരണം തന്നെത്താൻ നടത്തി. ഗവൺമെൻറന്നു പറയുന്നതു് ദേശീയാടിസ്ഥാനത്തിലുള്ള ഒരു

സേവനസംഘടനയായിരുന്നു. അതിനാൽ, ജനങ്ങളുടെ ആവശ്യകതകൾ കൂടുതൽ സങ്കീർണ്ണങ്ങളായപ്പോൾ അവയെ നിറവേററുവാൻ മററു സംഘടനകളും രൂപം പ്രാപിച്ചു എന്നുള്ളതു് സ്വാഭാവികം മാത്രമാണു്. ആദ്യമായുണ്ടായതു് പള്ളിയാണു്. കുടിയേററസംഘങ്ങൾ അധികവും പള്ളിസംഘങ്ങളായിരുന്നതാണു് അതിനു കാരണം.

ജീവിക്കുന്നതിനും, അതിൽ വിജയിക്കുന്നതിനും, സംഘം ചേരുന്നതിനും പ്രേരകമാക്കിയ അതിർത്തിപ്രദേശങ്ങളിലെ അപകടങ്ങളും, പ്രാദേശികസംഘടനയുടെ അനിഷേദ്ധ്യമായ സ്വയംഭരണാധികാരത്തിൽ പ്രോട്ടസ്റ്റൻറുമതക്കാർക്കുള്ള നിർബ്ബന്ധബുദ്ധിയുമൊന്നിച്ചു ചേർന്നതുമൂലമാണു് സേവാസംഘങ്ങൾ വളർന്നതും, ഇന്നും അമേരിക്കൻജീവിതത്തിൽ അവയ്ക്കുള്ള കേന്ദ്രപദവി കൈവന്നിട്ടുള്ളതും. നമ്മുടെ വലിപ്പത്തെപ്പററിയുള്ള ശങ്കയുടെ അടിത്തട്ടിലും, നമ്മുടെ ചലനാത്മകത്വത്തിലും, പുതു ബന്ധങ്ങളുടെ രൂപവത്കരണത്തിലും സേവാസംഘങ്ങൾ മർമ്മസ്ഥാനമായി നില്ക്കുന്നു.

ന്യൂ ഇംഗ്ലണ്ടിലെ ചെറുപട്ടണമോ അഥവാ ആ മാതൃകയിൽ നിർമ്മിച്ച മററൊരു പട്ടണമോ ഇന്നും ഔപചാരിക ഗവർമ്മെൻറിനേക്കാൾ ഒരു സേവാസംഘടനയുടെ രൂപത്തിലുള്ളതാണു്. രാഷ്ട്രീയതരുവിൽനിന്നും പറിച്ചെടുക്കുവാൻ മധുരഫലങ്ങളൊന്നുമില്ല. ജനങ്ങൾ മാറിമാറി അവിടെ ഉദ്യോഗം വഹിക്കുന്നു. ശമ്പളം പററാതെ പട്ടണത്തിനു വേണ്ടുന്ന കാര്യങ്ങൾ ചെയ്യുന്നതിന് അഭിനന്ദനത്തേക്കാൾ അവഹേളനമാണു് അവർ നേടുന്നതു്. കച്ചവടക്കാരും കർഷകരും അതിലുണ്ടാകും. രാഷ്ട്രീയരംഗങ്ങളിൽ അവർ ആദ്യമായിട്ടായിരിക്കും പ്രവേശിക്കുന്നതുതന്നെ. ചുമതലാബോധത്താലോ, പദവി മോഹിച്ചോ ആകാം അവർ ഉദ്യോഗം സ്വീകരിക്കുന്നതു്.

ഗവർമ്മെൻറുകൾ പ്രാദേശികനിലവാരത്തിലാണു് ആരംഭിച്ചതു്. അമേരിക്കൻപ്രകൃതത്തിൻെറ പല കടങ്കഥകളേയും അതു് വിശദീകരിക്കുന്നതിനാൽ ഈ കേന്ദ്രസത്യത്തെ മറക്കാവുന്നതല്ല.

അമേരിക്കൻ ചരിത്രത്തിലെ ഓരോ അപകടസന്ധിയിലും സേവാസംഘടന നിർണ്ണായകഘടകമായിട്ടുണ്ട്. 1756-ൽ സ്റ്റാമ്പ് ആക്ട് പ്രായോഗികമാക്കാൻ ബ്രിട്ടൻ മുതിന്നപ്പോൾ 'സ്വാതന്ത്ര്യത്തിൻെറ സന്താനങ്ങൾ' എന്നപേരിൽ അതിനെ എതിക്കാൻ നാട്ടനീളെ സംഘങ്ങൾ ഉയൎന്നു. പ്രാതിനിധ്യമവഹേളിച്ച് അനീതിപരമായ നികുതിഭാരം ജനങ്ങളിൽ ചുമത്തുകയാണതു് എന്നു് അവർ വിശ്വസിച്ചു. അവർ ഉദ്യോഗസ്ഥപ്രമുഖരുടെ കോലം കെട്ടിയുണ്ടാക്കി തീ കൊളുത്തുകയും, സ്വാതന്ത്ര്യസ്തംഭങ്ങൾ ഉയൎത്തുകയും, സ്റ്റാമ്പുകൾ ദഹിപ്പിക്കയും ചെയ്തു. ആ പ്രക്ഷോഭണം കോളനികളിൽ മുഴുവൻ വ്യാപിപ്പിക്കുവാൻ സഹായിച്ച എഴുത്തുകുത്തുകമ്മിററി വിപ്ലവാരംഭത്തിനു മുമ്പുണ്ടായ അത്തരം കമ്മിററികൾക്കുവേണ്ട പരിചയം പ്രദാനംചെയ്തു. "വിപ്ലവത്തിനു പൂൎണ്ണരൂപം കൊടുത്ത" കമ്മിററികളായിരുന്നു അവയെന്നു് ജോൺ ആഡംസ് തന്നെ പറയുകയുണ്ടായി. പത്തു കൊല്ലങ്ങളോളം ഈ 'സ്വാതന്ത്ര്യസന്താനങ്ങൾ' സ്വാതന്ത്ര്യകാഹളമൂതി പൊതുജനങ്ങൾക്കു് 'ഉശിരും ആവേശവും' കൊടുത്തുകൊണ്ടു നടന്നു. സ്വാതന്ത്ര്യപ്രഖ്യാപനത്തിനു് ഉപയോഗിച്ച ഭാഷ അന്നവർ ഉപയോഗിച്ചിരുന്നതുതന്നെയായിരുന്നു. അതിലുമുപരിയായി വൈകാരികസംസ്കാരവും അവരാണു് ഉണൎത്തിവിട്ടതു്. അതില്ലായിരുന്നെങ്കിൽ സ്വാതന്ത്ര്യസമരം ഉടലെടുക്കുമായിരുന്നില്ല.

അടിമകൾക്കു് സ്വാതന്ത്ര്യമനുവദിച്ച രണ്ടാമത്തെ വിപൽസന്ധിയും അതുപോലെതന്നെ അവർ കൈകാര്യം ചെയ്തു. ബഹിഷ്കരണസംഘടനകൾ പ്രവൎത്തിപ്പാൻ ആഹ്വാനം ചെയ്തു. സംഘടനയുടെ അസാമാന്യവും സാഹസികവുമായ 'രഹസ്യ റെയിൽവേകൾ' പ്രവൎത്തനനിരതമായി. രഹസ്യവും നീതിവിരുദ്ധവുമായ മാൎഗ്ഗങ്ങളിലൂടെ ഒളിച്ചോടിയ അനേകായിരം അടിമകൾക്കു് അമേരിക്കൻയുദ്ധം പൊട്ടിപ്പുറപ്പെട്ടുന്നതിനു വളരെ മുമ്പുതന്നെ സ്വാതന്ത്ര്യം സമ്പാദിച്ചുകൊടുത്തു.

നിയമാനുകൂല്യങ്ങൾക്കും, വോട്ടവകാശത്തിനും, മദ്യനിരോധത്തിനും നെട്ടനാൾ സ്ത്രീകൾ സമരം ചെയ്തതു് സേവാ

സമാജങ്ങൾ മുഖേനയാണ്. അതുവഴിക്കതന്നെയാണ് ലൈസിയം പ്രസ്ഥാനം എന്നു പറയുന്ന ശ്രദ്ധേയമായ വയോജനവിദ്യാഭ്യാസപരിപാടി നടപ്പിലായതു്. പൊതുവിദ്യാലയങ്ങളുടെ സമ്പ്രദായത്തിനു് അതു പുരോഗമനപരമായ പല മാറ്റങ്ങളും വരുത്തിയിട്ടുണ്ടു്. ഇതുപോലെതന്നെയുണ്ടായതാണു് തൊഴിലാളിപ്രസ്ഥാനവും. രാഷ്ട്രത്തിൻെറ അഭിവൃദ്ധിയുടെ ന്യായമായ പങ്കിനുവേണ്ടി കൃഷകർ വിപ്ലവത്തിനിറങ്ങിയതും ആ പ്രസ്ഥാനത്തിൻെറ ആഭിമുഖ്യത്തിലാണു്.

രാഷ്ട്രീയമായോ, സാമുദായികമായോ ഉള്ള ഈ പരീക്ഷണങ്ങളെല്ലാം സേവാസമാജപദ്ധതിയെ സുശക്തമാക്കി. അതിൻെറ ഓരോ വികസനവും വൈയവസായികസംസ്കാരത്തിൻെറ വദ്ധിച്ചുകൊണ്ടിരുന്ന സങ്കീർണ്ണതകൾക്കു് കൂടുതൽ ഉപകാരമായും തീൎന്നു.

സംഘടനകളുടെ ധാൎമ്മികവും മതപരവുമായ അടിസ്ഥാനം ഒരു പ്രധാന ഘടകമായി നിലനിന്നു. തുല്യാവകാശത്തിനുവേണ്ടിയുള്ള സ്ത്രീകളുടെ സമരത്തിലും മദ്യബഹിഷ്കരണസംരംഭത്തിലും, ഗൃഹങ്ങളും പൂന്തോട്ടങ്ങളും പുതുക്കുന്നതിലും ഒരു മാനസികപ്രചോദനം അവക്കുണ്ടായി. രാഷ്ട്രത്തിൻെറ സമ്പത്തിൽ ഒരു കൂടിയപങ്കിനുള്ള ആത്മീയാവകാശം അവക്കുണ്ടെന്നു് കൃഷകനും തൊഴിലാളിക്കും തോന്നി.

അംഗീകൃതമായ ധൎമ്മനീതി ക്രിസ്തുമതത്തിൻേറതാക്കുക എന്നതു് അമേരിക്കൻസ്വഭാവമായിരുന്നതിനാൽ മതത്തിൻ്റെ തന്നെ ഒരു ഉപഫലമായാണു് ജനങ്ങൾ ഗവൺമെൻറിനെ വീക്ഷിച്ചിരുന്നതു്. സ്വാതന്ത്ര്യവിളംബരത്തിൽ പറഞ്ഞിട്ടുണ്ടു്, ചില അവിച്ഛേദ്യാവകാശങ്ങൾ സ്രഷ്ടാവു് എല്ലാ ജനങ്ങൾക്കും നല്കിയിട്ടുണ്ടെന്നു്. തങ്ങളുടെ അവകാശങ്ങളുടെ നിദാനം ദൈവമായിരുന്നതിനാൽ അവയെ സംരക്ഷിക്കേണ്ടതു് മതപരവും രാഷ്ട്രീയവുമായ കടമയായി അമേരിക്കാക്കാർ കരുതിയതു് സ്വാഭാവികം മാത്രമാണു്. അതിനും പുറമെ, സ്വകീയമായ ആരാധനാക്രമങ്ങൾ പിൻതുടരുന്നതിനു് ഏതെങ്കിലുംവിധത്തിലുള്ള സ്വയംഭരണത്തോടുകൂടിയ സ്വതന്ത്രകോളനികൾ സ്ഥാപിക്കേണ്ടിവന്നതിനാൽ മതസ്വാതന്ത്ര്യവും രാഷ്ട്രീയസ്വാതന്ത്ര്യവും കൂടിപ്പിണഞ്ഞാണു് കിടക്കുന്നതെന്നു്

തങ്ങളുടെ ചുരുങ്ങിയ ചരിത്രത്തിൽനിന്നും അമേരിക്കാക്കാക്ക് വ്യക്തമായിരുന്നു.

ആരാധനാസ്വാതന്ത്ര്യം ഭരണസ്വാതന്ത്ര്യമാണ്. അതു് മറിച്ചും ശരിതന്നെ. ദേശീയകർത്തവ്യങ്ങളിൽ പങ്കുകൊള്ളാതിരിക്കുന്നവൻ ധർമ്മത്തിൽനിന്നും ഒഴിഞ്ഞുമാറുകയാണ്. നേരേമറിച്ച് കർത്തവ്യനിരതനായ മനുഷ്യൻ പരിഗണനയ്ക്ക് അർഹനാകുന്നു. അന്നും ഇന്നും ആത്മീയമൂല്യത്തിൻെറ ഒരു ഉരകല്ലാണ് സാമുദായികകാര്യങ്ങളിലുള്ള ഇടപെടൽ.

എങ്കിലും അസാധാരണമായ ഒരു വിരോധാഭാസത്താൽ, രാഷ്ട്രത്തിൻെറയും മതത്തിൻെറയും സങ്കലനത്തിന് സമാന്തരമായി മതത്തേയും രാഷ്ട്രത്തേയും കൂട്ടിക്കലർത്തരുതെന്നുള്ള ഒരു തീവ്രനിശ്ചയവും വളൎന്നു. മതവിശ്വാസികളായ നേതാക്കന്മാരാണ് നമ്മൾക്കു വേണ്ടതു്. അതായതു്, ഉച്ചനീചത്വങ്ങൾ കൂടാതെ മനുഷ്യരെ സൃഷ്ടിക്കുകയും, ആത്മീയനിയമങ്ങളാൽ പ്രപഞ്ചത്തെ ഭരിക്കയും ചെയ്യുന്ന ദൈവത്തിൽ അവർ വിശ്വസിക്കണം. പക്ഷേ, രാജ്യകാര്യ്യങ്ങളും മതകാര്യ്യങ്ങളും അവർ പ്രത്യേകം പ്രത്യേകം അറകളിൽ സൂക്ഷിക്കുകയും വേണം. വിഭജനസമ്പ്രദായത്തിൻെറ ഉത്ഭവമങ്ങനെയാണ്. ഓരോ പ്രത്യേകാവശ്യത്തിനും ഓരോ സംഘടന. നാം ഒരു പുതുപ്രശ്നത്തെ അഭിമുഖീകരിക്കുമ്പോൾ പുതുസംഘടനകൾ നാം രൂപവത്കരിക്കുന്നു. നാം ഓരോരുത്തരും അംഗത്വത്തിൻെറ ഒരു സങ്കീർണ്ണതയാണ്. പല കമ്മറ്റിയിലുംപെട്ടുന്നവർ, പലതിനും പണംപിരിക്കുന്നവരുമാണ്. അങ്ങനെ ഭയങ്കരമായി കുഴഞ്ഞ ഒരു ഭൂലോകത്തു്, നിയന്ത്രണാർഹമായ പല സംഘടനകളിലും അംഗമായിരുന്നും നേരിട്ടുള്ള സമ്പർക്കം പുലർത്തിയും, സമുദായത്തിൻെറ അർത്ഥവും പൗരുഷവും നിലനിർത്താൻ നാം പരിശ്രമിക്കുന്നു.

**മതം**

അമേരിക്കയിലെന്നപോലെ ലോകത്തു മറെറാരിടത്തും സന്താനസമ്പന്നതയും അയത്നസിദ്ധതയും ഇത്ര സ്വാഭാവികമായി മതം പ്രദർശിപ്പിച്ചിട്ടില്ല. ആധുനികരാഷ്ട്രങ്ങളിൽ മറെറങ്ങും ഇത്ര സജീവമായ ഒരു പങ്ക് അതു നിർവ്വഹിച്ചിട്ട

മില്ല. പല ശാഖയിലും വിശ്വാസത്തിലുംപെട്ടുന്ന 250-ൽ കൂട്ടതൽ മതസംഘടനകൾ അമേരിക്കയിലുണ്ട്. അവയിൽ ചിലതിന്ന് അനേകലക്ഷം അനുയായികളുമുണ്ട്. മററു ചിലതിന്ന് ഏതാനംപേർ മാത്രവും. യൂനിട്ടേറിയന്മാരുടേതുപോലുള്ള ചിലതു ബുദ്ധിജീവികളുടേതാണ്. ചിലതു മതവിശ്വാസത്തിൻെറ ലക്ഷ്യങ്ങളായി കൂക്കിവിളിയും ഉറച്ചിലും സ്വീകരിച്ചവയാണ്.

എല്ലാ വിഭാഗങ്ങളിലുമായി പള്ളിയിലെ അംഗങ്ങൾ പത്തുകോടിയോളം വരും. പണ്ടുമുതലേ അവരുടെ സംഖ്യ ക്രമേണ വദ്ധിച്ചുകൊണ്ടാണിരിക്കുന്നതു്. അടുത്തകാലങ്ങളിൽ അതിനു വേഗതയും വദ്ധിച്ചിട്ടുണ്ട്. 1950-നും '54-നുമിടക്കു പള്ളിയിലെ ഹാജർ ഒൻപതുകോടിയായി വദ്ധിച്ചു. തൊഴിലാളികളേക്കാൾ സ്വസ്ഥവൃത്തിക്കാരും, വിദ്യാലയങ്ങളിൽ പോകാത്തവരേക്കാൾ പോകുന്നവരുമാണ് പ്രായേണ മുടങ്ങാതെ പള്ളികളിൽ ഹാജരാകുന്നതു്.

മോർമൺസ്, ക്രിസ്ത്യൻ സയിൻറിസ്റ്റ്സ് മുതലായ തീവ്രവാദസഭകൾ വെറും ദേശീയങ്ങളാണ്. ബാപ്റ്റിസ്റ്റ്സ്, കോൺഗ്രിഗേഷനലിസ്റ്റ് മുതലായ മററു ചിലതുകൾക്ക് അവയുടെ സ്വാഭാവികമായ പുരോഗതി ഇവിടേയുമുണ്ടായിട്ടുണ്ട്. റോമൻകത്തോലിക്ക്, ലൂഥേറൻ, എപ്പിസ്കോപ്പാലിയൻ, ജൂതർ ആദിയായവ പൂണ്ണത പ്രാപിച്ചാണിവിടെ എത്തിയതു്. എന്നാലും ഏറെക്കുറെ അധികാരത്തിന്ന് അവർ കൊടുക്കുന്ന നിവ്വചനമനുസരിച്ചു്, നാട്ടിൽ പ്രചാരത്തിലിരിക്കുന്ന സന്നദ്ധസേവാസമാജങ്ങളുമായി അവർ ഇഴുകിച്ചേന്നിട്ടുമുണ്ട്.

സവ്വമതസഹിഷ്ണുത വളത്തുന്നതോടൊപ്പം മതവിശ്വാസങ്ങളുടേയും ആചാരങ്ങളുടേയും വൈവിധ്യം സമുദായത്തിന് ഓജസ്സു നല്കുന്നു. അത്ഭുതമെന്നു പറയട്ടെ, വൈവിധ്യമേറിയ പ്രദേശങ്ങളിൽ മതപരവും ആചാരപരവുമായ വ്യത്യാസങ്ങൾക്കു പ്രാധാന്യം കുറഞ്ഞാണ് കാണുന്നതു്. മതങ്ങളുടെ പ്രത്യേകരീതികളെ (കത്തോലിക്കൻെറ മീൻതീററവെള്ളിയാഴ്ച, യഹൂദൻെറ സുന്നത്തു് ആദിയായവ) പരിഹസിച്ചുകൊണ്ടുള്ള ഒരു സാഹിത്യശാഖതന്നെ ഉണ്ടായിട്ടുണ്ട്.

തന്മൂലം അത്തരം വ്യത്യാസങ്ങളെ നേരമ്പോക്കായി ആളുകൾ തള്ളിക്കളയുന്നു. ആത്മീയകാര്യങ്ങളിലുള്ള അഭിപ്രായഭിന്നതകളെ ആസ്പദമാക്കിയല്ല, പ്രത്യുത ഒരു പ്രത്യേക മതവിഭാഗത്തിന്റെ രാഷ്ട്രീയകയ്യാങ്കളിയെക്കരുതിയാണ് ചില കോളിളക്കങ്ങൾ ഉണ്ടാകാറുള്ളത്.

ഒരു പള്ളിയിലുമുൾപ്പെടാത്തവരായി ഏറെക്കുറെ ഏഴുനൂറുലക്ഷം അമേരിക്കാക്കാരുണ്ട്. അവരും പള്ളികളിൽചേർന്നിട്ടുള്ള മററു വിഭാഗക്കാരുമായി വ്യക്തമായ വേർപിരിവൊന്നും യൂറോപ്പിലെപ്പോലെ അമേരിക്കയിലില്ല. അവരിൽ പലരും എന്നെങ്കിലുമൊരിക്കൽ പള്ളിയിൽ കൂടിക്കഴിഞ്ഞവരായിരിക്കും. മനുഷ്യബന്ധങ്ങളെ അവ്യക്തമാക്കത്തക്കവിധം നിയന്ത്രണാതീതമായ വലിയ നഗരങ്ങളിലായിരിക്കാം അവരിൽ പലരും ജീവിക്കുന്നത്. ചിലർ വേദോപദേശങ്ങളും, ആചാരങ്ങളും, പള്ളിനയങ്ങളും വെറുക്കുന്നു. മററു ചിലർ മതവും ശാസ്ത്രവും അതിർത്തിവരമ്പിട്ടു മാററിനിർത്തുന്നു. ഇതേച്ചൊല്ലി ഗംഭീരമായ വിവാദങ്ങൾ ശാസ്ത്രജ്ഞന്മാരുടെയിടയിലും നടന്നിട്ടുണ്ട്. മുക്തിമാർഗ്ഗത്തിലേക്ക് അനേകം പാതകളുള്ളതിനാൽ നേരായ മാർഗ്ഗം തെരഞ്ഞെടുക്കുന്നതിനു പ്രാപ്തിയില്ലാ എന്നാണ് ചിലരുടെ മതം. ചിലർ കൂടുതൽ വ്യക്തിപ്രാധാന്യവാദികളായി ഒന്നിനോടും ചേരാതെ അകന്നുനില്ക്കുന്നു. അമേരിക്കൻജനായത്തത്തിന്റെ ഖേദകരമായ ഒരു ദുർവ്യാഖ്യാനമാണിതു്. അധികംപേരും അലക്ഷ്യഭാവക്കാരാണ്. അവർക്കു വെറുപ്പുമില്ല, ആലോചനയുമില്ല. ഒന്നിലും ഉൾപ്പെടാതിരിക്കയാണവർക്കിഷ്ടം.

നമ്മുടെ രാഷ്ട്രീയമായ ഐക്യത്തിനു മതം പ്രതിബന്ധമാകാതിരിക്കണമെന്നു നിർബ്ബന്ധമുള്ളതിനാൽ നാം, അനേകമതങ്ങൾ വരുത്തിവയ്ക്കുന്ന അനൈക്യഫലങ്ങളേക്കാൾ മതത്തിന്റെ ഏകീകരണസ്വഭാവത്തിലാണു മനമൂന്നിയിരിക്കുന്നതു്. എല്ലാ മതങ്ങളും കുറിക്കുന്ന മുദ്രാവാക്യം "മനുഷ്യന്റെ സഹോദരത്വവും ദൈവത്തിന്റെ പിതൃത്വവും" ആണ്. സർവ്വജനൈക്യത്തെക്കുറിക്കുന്ന ഒരു വിപുലാർത്ഥമാണു നാം ഇഷ്ടപ്പെടുന്നതു്. നിരർത്ഥകപ്രഭാഷണങ്ങളെ വിസ്മരിച്ച് ഏകഭാവന തിരയുകയെന്നതാണു നമ്മുടെ ചരിത്രത്തിന്റെ പഠന

ഫലമായി (വേറിട്ടുനിന്നിരുന്ന പതിമൂന്നു കോളനികൾ ആഭ്യന്തരയുദ്ധംകൊണ്ടു തകന്നു് ഒറ്റ രാഷ്ട്രമായിത്തീൎന്ന കഥയാണു നമ്മുടേതു്) നമുക്കു കിട്ടിയിട്ടുള്ള പൊതുവാസന.

ഇതിന്റെ ഫലമായി നമ്മൾക്കു് ആശയങ്ങളും ബുദ്ധിയുമില്ലെന്നു സന്ദർശകക്കു പലപ്പോഴും തോന്നാറുണ്ടു്. എല്ലാ ആശയങ്ങളേയും, എല്ലാ മതങ്ങളേയും, എല്ലാ സംസ്കാരങ്ങളേയും സമരസപ്പെടുത്തുന്നതിനും ഉൾപ്പെടുത്തുന്നതിനുമുള്ള നമ്മുടെ നിരന്തരയത്നം, നിസ്സാരകലഹങ്ങളിൽ നമ്മെ അക്ഷമരാക്കുകയും, വൻതോതിലുള്ള പ്രതിജ്ഞകൾക്കും ദൃഢൈകസ്യത്തിനും ആകാംക്ഷാഭരിതരാക്കുകയും ചെയ്യുന്നു. തിരുവത്താഴത്തിൽ വീഞ്ഞു രക്തമാകുന്നതോ, ദൈവസന്നിധിയിൽ മനുഷ്യരെല്ലാം ഏകോദരസഹോദരങ്ങളാകുന്നതോ, ഇതിൽ ഏതാണുത്തമം? പള്ളിയിലെ ഹാജർ വെറും മതചടങ്ങായിത്തീരുന്നുവെന്നതാണു് അതിൻെറ ഇരുണ്ട വശം. സാമുദായികസമ്മർദ്ദങ്ങളാലോ, സാമുദായികനേട്ടങ്ങൾ ആശിച്ചോ ആണു് അധികംപേരും അവിടെ ഹാജർകൊടുക്കുന്നതു്. യഥാർത്ഥമായ ഭക്തിമാർഗ്ഗചിന്തകളാൽ അവിടെ എത്തുന്നവർ വളരെ വിരളമാണു്.

മറെറല്ലാ കാൎയ്യങ്ങളിലുമെന്നപോലെ പരിണതഫലം അമേരിക്കാക്കാരനു മതപരമായ കാര്യങ്ങളിലും കണ്ടേ തീരൂ. മതം മനുഷ്യനെ നന്നാക്കുന്നുവെങ്കിൽ, അതു് അവനെ സൽപ്രവൃത്തികളിലേക്കു നയിക്കുന്നുവെങ്കിൽ, സദ്വിചാരങ്ങളും സൽസ്വഭാവവും അതു വളൎത്തുന്നുവെങ്കിൽ, അതു പ്രോത്സാഹനാൎഹംതന്നെ. അതിൻെറ അനുഭവഫലങ്ങളും അതു നല്ലണം. ആത്മബോധത്തിനും ശാന്തിക്കും നീതിക്കും മനുഷ്യന്റെ വ്യക്തിപരമായ വിജയത്തിനുപോലും അതു സഹായകമായേ തീരൂ.

കണക്കുകൾ തെളിയിക്കുന്നതു്, പള്ളിയിൽ പോകുന്ന ദമ്പതികൾക്കാണു കൂടുതൽ അനുരഞ്ജകമായ ഒരു കുടുംബജീവിതം അനുഭവപ്പെടുന്നതെന്നാണു്. മതപരമായ ചടങ്ങുകൾ കൂടാതെ നടക്കുന്ന വിവാഹങ്ങൾ മറ്റുള്ളവയേക്കാൾ മൂന്നിരട്ടി പരാജയത്തിലാണു പര്യവസാനിക്കുന്നതു്.

സാമുദായികപരിഷ്കാരത്തിനുള്ള പ്രചോദനവും പള്ളി

യിൽനിന്നാണുണ്ടായതു്. ഗൃഹനിർമ്മാണത്തിനും, സാമുദായികസമീക്ഷണത്തിനും സാധ്യമാക്കിയ സാമുദായികസവിശേഷമാണതു്. ന്യൂയോർക്കിൽ ഈസ്റ്റ്ഹാർലമിലെ ആരോഗ്യകേന്ദ്രം ഒരു ലക്ഷംപേർക്കുള്ള ഒരു ആരോഗ്യ വിദ്യാഭ്യാസപരിപാടി നടപ്പിലാക്കുകയും, രോഗകാരണം, നിരോധനം, ചികിത്സ മുതലായവ ഇരുപത്തിമൂന്നു് ശാഖകളുടെ സഹകരണത്തോടെ പ്രവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നുണ്ടു്. ഇതുപോലെ മഹത്തായ പല കേന്ദ്രങ്ങളും കാണും. ഒരു സാധാരണ നിരീക്ഷകൻ അവയിൽ മതപരമായ ഒന്നും തന്നെ കണ്ടില്ലെന്നു വരാം. പക്ഷേ, അവ വേദനകൾ അകറ്റുകയും, ജീവനെ രക്ഷിക്കുകയും ചെയ്തിട്ടുണ്ടു്. തന്മൂലം ഈ മാനുഷികമായ ഫലങ്ങൾക്കു് ആദ്ധ്യാത്മിക മൂല്യവുമുണ്ടു്. മതത്തോടു് കാര്യക്ഷമതാമനോഭാവമുള്ള ഐക്യനാടുകളിൽ അതിൻെറ പരീക്ഷ ആദർശത്തിൻെറ അടിസ്ഥാനത്തിലായിരിക്കും; അല്ലാതെ മതമണ്ഡലത്തിൻെറ അടിസ്ഥാനത്തിലായിരിക്കയില്ല.

മനുഷ്യനു് അവൻെറ നില ഉയർത്താമെന്നും, അതു ചെയ്യാതിരിക്കുന്നതു് അസാന്മാർഗ്ഗികമാണെന്നും കർമ്മസിദ്ധാന്തം ഘോഷിക്കുന്നു. മതത്തിനുള്ള സ്വാധീനത, അമേരിക്കയുടെ ശുഭാപ്തിവിശ്വാസത്തേയും, പൂർണ്ണതയേയും ബലപ്പെടുത്തുകയാണു് ചെയ്തിട്ടുള്ളതു്. കൽവനിസ്റ്റുവിഭാഗക്കാരുടെ ഇരുണ്ടവീക്ഷണഗതി ഒരു വശത്തു നിലനില്ക്കുന്നുവെങ്കിലും, മനുഷ്യൻെറ പൂർണ്ണതയിലുള്ള വിശ്വാസത്തെ ആസ്പദമാക്കി സാമുദായികവും വ്യക്തിപരവുമായ ക്ഷേമത്തിനു വേണ്ടി പള്ളികൾ നിലകൊള്ളുന്നു.

### ജാതിവ്യത്യാസം ഐക്യനാടുകളിലുണ്ടോ?

ഈ ചോദ്യത്തിൻെറ സമാധാനം ഓരോ സാമുദായികശാസ്ത്രജ്ഞനും ഓരോ വിധത്തിലാണു പറയുന്നതു്. യഥാർത്ഥമായി ജാതിവ്യത്യാസമില്ലാത്തതിനാൽ ജാതിയെപ്പറ്റി സൂചിപ്പിക്കാതെതന്നെ അമേരിക്കൻ സമ്പ്രദായത്തെ വിവരിക്കാമെന്നാണു് മാർഗ്ഗററ്റു് മീഡിൻെറ പക്ഷം. യാങ്കി (അമേരിക്കൻ) നഗരത്തെപ്പററി സൂക്ഷ്മപഠനം നടത്തിയ ലോയിഡു് വാർ

ണറും, പാൾ ലണ്ടും അനുമാനിക്കുന്നതു് ഇവിടെ ആറുജാതികൾ ഉണ്ടെന്നാണ്. അത്യുച്ചം മുതൽ അതിനീചംവരെ, കുടുംബം, കൂട്ടുകെട്ട്, സംഘടന, സാമ്പത്തികനില, വിദ്യാലയം, പള്ളി, രാഷ്ട്രീയബന്ധം ഇങ്ങനെയുള്ള ഏഴു ഘടകങ്ങളുടെ സങ്കരംമൂലം എൺപത്തിഒമ്പതു സ്ഥാനങ്ങളാണ് അവർ കണക്കാക്കുന്നതു്. ഓരോ ജാതിയും മുകളിലും താഴേയുമുള്ളവയുമായി സംയോജിക്കുന്നു. സൂക്ഷ്മമായ വിഭജനരേഖകൾ അവയ്ക്കില്ല, മേലോട്ടും കീഴോട്ടും അതു കയറുകയും ഇറങ്ങുകയും ചെയ്യും. അതിനാൽ അനേകം അട്ടക്കുകളുള്ള ഒന്നായി അമേരിക്കൻ സമുദായത്തെ സങ്കല്പിക്കുകയായിരിക്കും വളരെ ശരി. അതിനെ ഒരു ചുററുകോവണിയുടെ പടികളായും, സ്ത്രീപുരുഷന്മാരുൾപ്പെട്ട ജനാവലി സദാ അതിൽക്കൂടി കേറിയിറങ്ങുന്നതായും കരുതിയാൽ മതി.

മുകളിലുള്ള മദ്ധ്യവർഗ്ഗമാണ് പൗരസഞ്ചയത്തിൻെറ കാതൽ. പ്രവർത്തനനിരതരായ സമുദായനേതാക്കന്മാർ അതിൽപ്പെടുന്നു. പാരമ്പര്യേണ സിദ്ധിച്ച ഉന്നതനിലയോ സമ്പത്തോ ഉള്ളവരായി അവരുടെ മീതെ കുറെപ്പേരുണ്ടാകും. ധനസഹായം ചെയ്യുകയോ, സൽകാർയ്യങ്ങളിൽ തങ്ങളുടെ നാമധേയം ഫലപ്രദമായി ഉപയോഗിക്കുവാൻ അനുവദിക്കുകയോ അല്ലാതെ അവർ ഒന്നിലും നേരിട്ടു ചേരാറില്ല. വിഭജനപ്രകാരം അവരുടെ ഏററവും താഴെയുള്ള വിഭാഗം സാമുദായികജീവിതത്തിൽ പങ്കുവഹിക്കുന്നതേയില്ല. അവർ തൊഴിലില്ലാത്തവരും, നിയമവുമായി പോരടിക്കുന്നവരും, അജ്ഞരും, വീട്ടുംകുടിയുമില്ലാത്തവരുമാണ്. ഈ വൈകല്യങ്ങളെല്ലാം പരസ്പരം അസുഖം ജനിപ്പിക്കുകയും ഓരോ വർഗ്ഗത്തേയും കൂടുതൽ വേർപെടുത്തുന്ന വിവേചനം സൃഷ്ടിക്കുകയും ചെയ്യുന്നു. മേൽജാതികൾ താഴ്ന്നവരുടെ കൈകടത്തലുകൾ പ്രതിഷേധിക്കുകയും, സമത്വം പരിപാലിക്കേണ്ട പള്ളി പള്ളിക്കൂടം മുതലായവയിൽപ്പോലും അതു പ്രകടിപ്പിക്കുകയും ചെയ്യുന്നു. കാര്യങ്ങളുടെ ഈ നിലപാടിൻെറ പ്രതികരണമാണ് യുവാക്കളിൽ സാധാരണയായി കണ്ടുവരാറുള്ള ചുമതലാബോധക്കുറവ്.

ജനായത്തത്തിന്റെ പ്രവൎത്തനത്തിനു സമത്വവും പദവിയും, അവ വിരുദ്ധപ്രകൃതിയുള്ളവയാണെങ്കിലും, ആവശ്യമാണെന്നുള്ളതാണു് സാമൂഹ്യസമ്പ്രദായത്തിന്റെ അതിപ്രധാനമായ ഒരു വസ്തുത. സമീകരണപദ്ധതികളിലെല്ലാം നമ്മുടെ ആദർശങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. എങ്കിലും ജനങ്ങളെ വിജയത്തിനു വാശിപിടിപ്പിക്കുന്ന പ്രേരണാശക്തിയാകുന്നുണ്ടു് സ്ഥിതിയും പദവിയും. ദരിദ്രബാലനായി ജനിച്ച ലിങ്കൺ രാഷ്ട്രത്തിന്റെ നായകനായ ഉദാഹരണം വച്ചുകൊണ്ടു് അമേരിക്കാക്കാരൻ സ്വപ്നം കാണുന്നതു് സ്ഥിതിയും പദവിയും സംയോജിച്ചുള്ള ഒരു രൂപാന്തരമാണു്.

പൊതുവെ തുല്യനിലയുള്ളവർ തമ്മിലാണു് വിവാഹം നടക്കാറെങ്കിലും സാമുദായികചലനത്തെ നിലനിൎത്തുവാൻ പരിധിയുടെ പുറത്തുനിന്നുള്ള വിവാഹങ്ങളുമുണ്ടു്. പരിശോധനാൎത്ഥം നടത്തിയ ഒരു പഠനത്തിൽനിന്നു തെളിഞ്ഞതു് ചെറുകിടവ്യവസായികൾ വൻവരുമാനമുള്ള കുടുംബങ്ങളിൽ നിന്നാണു് മിക്കവാറും വിവാഹം കഴിച്ചിട്ടുള്ളതെന്നാണു്. നാല്പതു ശതമാനത്തോളം ആളുകൾ തൊഴിലാളികളുടെ പുത്രികളേയും വിവാഹം ചെയ്തിട്ടുണ്ടു്. യുവപ്രായത്തിൽ സ്വതന്ത്രസഞ്ചാരം കൂടുന്നതിനാൽ യുവമിഥുനങ്ങളുടെ പ്രത്യേകം പ്രത്യേകമായ സ്ഥിതിവിവരങ്ങൾ ശേഖരിക്കുന്നതിനു് രക്ഷാകൎത്താക്കൾക്കു സാധിക്കാതെവരുന്നു.

വൎഗ്ഗവിവേചനത്തെ കുറയ്ക്കുകയോ ദൂരീകരിക്കുകയോ ചെയ്യുന്ന മററു ചില പ്രേരകശക്തികളെക്കുറിച്ചു പറയാം. പ്രാദേശികമോ സാമുദായികമോ ആയ പ്രവൎത്തനങ്ങളിൽ പ്രശസ്തമായ പങ്കുവഹിക്കുന്നുവെങ്കിൽ നിസ്സാരമായ ഉദ്യോഗങ്ങളുടെ കുറവു് പരിഹരിക്കപ്പെടും. വൻനഗരങ്ങളും തുടൎച്ചയായുള്ള ചലനപ്രകൃതവും ശരിയായ ഒരു നിലപാടിനു സാദ്ധ്യതകൾ ഇല്ലാതാക്കുന്നു.

പന്തുകളിക്കാർ, തൊഴിലാളിനേതാക്കന്മാർ, മല്ലവിദഗ്ദ്ധന്മാർ, കലാവിനോദകന്മാർ മുതലായവൎക്കു ശമ്പളമായി വൻതുകകൾ കൊടുത്തുവരുന്നതുതന്നെ, ഉൽകൃഷ്ടകുടുംബജാതൎക്കും ഉന്നതവിദ്യാഭ്യാസമുള്ളവൎക്കും മാത്രമായിട്ടുള്ളതല്ല ഉയൎന്ന വേതനം എന്നുള്ളതിനു് വ്യക്തമായ തെളിവാണു്. വസ്തു

ധാരണവും, പെരുമാററവും, സംഭാഷണവും, വിനോദവും ഐകരൂപത്തിലെത്തിച്ചേരുവാനുള്ള ഒരു പ്രവണതയാണ് നാം കാണുന്നതു്.

ചില പ്രത്യേക പ്രദേശങ്ങളിലെല്ലാം ഇപ്പോൾത്തന്നെ എല്ലാവക്കും തുല്യാവകാശങ്ങളുണ്ടു്. പൊതുവിദ്യാഭ്യാസം, കായികവിനോദസൗകര്യങ്ങൾ, വോട്ടു്, സൈന്യസേവനം, സക്കാരുദ്യോഗം, സമാധാനപരിപാലനം, നിയമവകുപ്പു് മുതലായവയിലെല്ലാം അവിടങ്ങളിൽ സമാവകാശമാണുള്ളതു്.

ഈവക കാരണങ്ങളാൽ മാർക്സ് വിഭാവനം ചെയ്തിരുന്നതുപ്രകാരമുള്ള വർഗ്ഗീയസമരം നിലവിലില്ലാ എന്നുതന്നെ പറയാം. ഉടമസ്ഥന്മാരോടും മുതലാളിമാരോടും തൊഴിലാളികൾക്കു് അസുഖം ജനിച്ചുവെന്നുവരാം. പുരോഗമനമാർഗ്ഗങ്ങളെല്ലാം അടഞ്ഞുകണ്ടാൽ അവക്കു നൈരാശ്യം ജനിച്ചു എന്നു വരാം. ദാരിദ്ര്യം നേരിടേണ്ടിവരുമ്പോഴുള്ള മനസ്താപം, തൊഴിലില്ലായ്മ, അസുഖകരമായ ജോലി, കെട്ടുറപ്പില്ലാത്ത കുടുംബജീവിതം ഇവയെല്ലാം സമുദായചിത്രത്തിൻെറ ഒരു ഭാഗമാണ്. മാത്രമല്ല, ആളുകളുടെ അധികാരാവകാശങ്ങൾക്കുതമ്മിൽ വലിയ വ്യത്യാസങ്ങളുമുണ്ടു്. എങ്കിലും ശക്തിയായ ഒരു വർഗ്ഗഘടനാ കാണാനേയില്ല.

പക്ഷേ, തുല്യസാഹചര്യങ്ങൾ നീഗ്രോകൾക്കും നൽകുന്നതിൽ അമേരിക്കൻ സമുദായം ഗുരുതരമായി പരാജയപ്പെട്ടിട്ടുണ്ടു്. ആഫ്രിക്കായിലെ സ്വന്തംജാതിക്കാർ തന്നെ അടിമകളായി വിററനാൾമുതൽ, ദക്ഷിണദേശത്തു് ജിം ക്രോയിസം അവർക്കുവേണ്ടി പോരാടി രണ്ടാംതരം പൗരന്മാർ എന്ന സ്ഥാനം നേടിയതുവരെ, ഈ ജനങ്ങൾ സഹിച്ച യാതനകളുടെ ചരിത്രം ലോകമൊട്ടുക്കു് അറിവുള്ളതാണ്. അടുത്തകാലങ്ങളിലായി അതിനുവന്നിരിക്കുന്ന മാററങ്ങൾ പരക്കെ അറിയപ്പെട്ടിട്ടില്ല. ഉദാഹരണമായി:

1860-ൽ തൊണ്ണൂററിഏഴു ശതമാനമായിരുന്ന നിരക്ഷരതം 1952 ആയപ്പോഴേക്കു് പത്തുശതമാനം കുറഞ്ഞു.

ജമ്മനിയിലെ സവ്വകലാശാലകളിൽ പഠിക്കുന്ന മൊത്തമുള്ള ജമ്മൻ വിദ്യാത്ഥികളേക്കാൾ കൂടുതൽ നീഗ്രോകൾ

ഇന്നു് ഐക്യനാടുകളിലെ കോളേജുകളിൽ പഠിക്കുന്നുണ്ടു് (128,000).

216,000,000 വരുന്ന റഷ്യാക്കാരേക്കാളും, ആഫ്രിക്കായിൽ മൊത്തമുള്ള 193,000,000 നീഗ്രോകളേക്കാളും കൂടുതലായ ഒരു നീഗ്രോ ജനസംഖ്യയ്ക്കു് ഐക്യനാടുകളിൽ ഇന്നു് സ്വന്തമായി മോട്ടോർകാറുകളുണ്ടു്.

സൈനികവകുപ്പുകളിൽ നീഗ്രോഭേദം നിർത്തലാക്കിക്കഴിഞ്ഞു.

1940-നുശേഷം ശമ്പളത്തോതു് വെള്ളക്കാർക്കുള്ള 250% ത്തിനു് എതിരെ അവർക്കു് 400% ഉയർന്നിട്ടുണ്ടു്.

1930-നുശേഷം കോളേജുകളിൽ ചേരുന്ന നീഗ്രോവിദ്യാർത്ഥികളുടെ സംഖ്യ 25% വർദ്ധിച്ചിട്ടുണ്ടു്. 1900-നുശേഷം അതു് വെള്ളക്കാരുടെ കുട്ടികളുടേതിനേക്കാൾ ആറിരട്ടിയായി പെരുകിയിരിക്കുന്നു.

വിദ്യാലയങ്ങളിലെ വർഗ്ഗീയവിവേചനവും, പൊതുവാഹനങ്ങളിൽ വെള്ളക്കാർക്കായിട്ടുള്ള ഇരിപ്പിടസംവരണസമ്പ്രദായവും സുപ്രീംകോടതി നിയമംമൂലം ഇല്ലാതെയാക്കിയിട്ടുണ്ടു്.

ശരാശരി എഴുപത്തിയെട്ടു് ഏക്കർ വിസ്തീർണ്ണമുള്ള കൃഷിയിടങ്ങൾ ഉദ്ദേശം രണ്ടുലക്ഷം നീഗ്രോകൾക്കു് സ്വന്തമായുണ്ടു്.

1900-ൽ ഒരുശതമാനം നീഗ്രോകൾമാത്രമേ തൊഴിലാളികളായി വ്യവസായങ്ങളിൽ ഉൾപ്പെട്ടിരുന്നുള്ളു. ഇപ്പോൾ അതു് മുപ്പതു ശതമാനത്തിൽ എത്തിക്കഴിഞ്ഞു— 1,500,000 തൊഴിലാളികൾ. രാഷ്ട്രത്തിലെ ആകെയുള്ള 16,000,000 യൂണിയൻ അംഗങ്ങളിൽ 1,250,000 പേരും നീഗ്രോകളാണു്.

93 സർക്കാർ സ്ഥാപനങ്ങളും 345 ഇതര സംഘടനകളും ജാതിവ്യത്യാസം നശിപ്പിക്കുവാൻ യത്നിച്ചുവരുന്നു.

ദക്ഷിണസംസ്ഥാനങ്ങളിൽ വെള്ളക്കാർ വോട്ടുകൊടുത്തു് സഹായിച്ചു് നീഗ്രോകൾ നഗരസഭാംഗങ്ങളാകാറുണ്ടു്. നിയമസഭകളിലും, കോൺഗ്രസ്സിലും അവർ കടന്നുപററിയിട്ടുണ്ടു്. സർവ്വരാഷ്ട്രസഭയുടെ അണ്ടർ സെക്രട്ടറിയായ റാൽഫ്

ബൂഞ്ചെ ഒരു നീഗ്രോയാണ്. പലചരക്കുവ്യാപാരശാലകളിലും, ടെലഫോൺ കമ്പനികളിലും, ഫെഡറൽ ഗവമ്മെണ്ടിലും നിയമനകാര്യത്തിൽ ഇന്നു് ജാതിനോക്കാറില്ല. മറിയൻ ആൻഡേഴ്സൺ, ലൂയി ആംസ്ട്രോങ്ങ് മുതലായവരെപ്പോലുള്ള കലാപ്രേമികൾ രാഷ്ട്രീയാഭ്യുദയത്തിനുവേണ്ടി നല്കിയിട്ടുള്ള സംഭാവനകൾ ലോകപ്രസിദ്ധമാണ്. നീഗ്രോവോട്ടുകൾ അവഗണിക്കുന്നപക്ഷം ഒരു രാഷ്ട്രീയകക്ഷിക്കും അധികാരത്തിലിരുപ്പാൻ സാധ്യമല്ല.

എല്ലായിടത്തുമുള്ള ഒരു സുഖക്കേടാണ് മുൻവിധി അഥവാ കാരണമില്ലാത്ത അനിഷ്ടം. അപരിചിതർ മാലിന്യങ്ങൾ ഒപ്പം കൊണ്ടുവരുമെന്നും, അതു് സമുദായത്തിനു് അപായകരമായ ഭീഷണിയായിരിക്കുമെന്നും ജനങ്ങൾ കരുതിവന്ന അതിപ്രാചീനകാലംമുതല്ക്കുണ്ടായതാണതു്. അമേരിക്കയെ സൃഷ്ടിച്ച അപരിചിതരെയെല്ലാംകൂടി ഒരു ചരടിലാക്കിയതു് ഒരു വൻപിച്ച നേട്ടംതന്നെയാണ്. വിജയമോ, അന്തസ്സോ, സാഹോദര്യമോ നേടുവാൻ പരാജയപ്പെട്ടതിന്റെ ഫലമായി ആ വ്യക്തമായ വ്യത്യാസങ്ങളെ അടിസ്ഥാനമാക്കി നിശിതമായ വൈരാഗ്യം വച്ചുകൊണ്ടിരിക്കുക എന്നതു് ഖേദകരമാണ്.

സാർവ്വത്രികമായ ഈ മാനസികവികാരത്തിനു നീഗ്രോകളും വിഷയമായിട്ടുണ്ട്. അടുത്തകാലങ്ങളിലായി യാന്ത്രികവ്യവസായവരുമാനങ്ങളുടേയും തൊഴിൽശാലകളിലെ സ്വാഭാവിക ജനകീയതയുടേയും ഗുണഗണങ്ങൾ അവർ പ്രയോജനപ്പെടുത്തുവാൻ തുടങ്ങിയിട്ടുണ്ട്. ലോകമഹായുദ്ധങ്ങൾക്കിടയിലും അവസ്സുശേഷവും ഉത്തരദേശങ്ങളിലേക്കു് അവർ നടത്തിയ കൂട്ടംചേർന്ന കുടിമാററങ്ങൾ ഇതു സാധ്യവുമാക്കിയിരിക്കുന്നു. 1910-നും 1945-നും ഇടയ്ക്കു് ഇങ്ങനെ മാറിയവരുടെ സംഖ്യ മുപ്പതു ലക്ഷമാണ്. വളരെ അമാന്തിച്ചിട്ടാണെങ്കിലും ഇന്നു നടന്നുവരുന്ന ദക്ഷിണദേശവ്യവസായീകരണത്തിനു് അതിന്റേതായ ഫലങ്ങൾ ഉണ്ടായേ തീരു.

ഇപ്പോൾത്തന്നെ തെക്കൻ പ്രദേശങ്ങളിൽ പല നീഗ്രോകളും വെള്ളക്കാരേക്കാൾ ഉയന്നിട്ടുണ്ട്. നീഗ്രോവിഭാഗത്തിൽ ഒരു ഉപരിമദ്ധ്യവർഗ്ഗത്തിന്റെ ആവിർഭാവം വർഗ്ഗീയ

ബന്ധത്തിന്റെ ഒരു പ്രധാന ഘടകമായിത്തീർന്നിരിക്കുന്നു. കാലക്ഷേപമാർഗ്ഗവും വിദ്യാസമ്പന്നതയുമുള്ള ഈ വിഭാഗം തങ്ങളുടെ സാന്നിദ്ധ്യംകൊണ്ടുതന്നെ, നീഗ്രോകൾ അക്ഷരജ്ഞാനമില്ലാത്തവരും ഉയർച്ചയ്ക്ക് ആഗ്രഹമില്ലാത്തവരും ആണെന്നുള്ള പൂർവ്വികമായ ആ വിശ്വാസത്തെ ഇല്ലായ്മ ചെയ്യും. തുല്യാവകാശങ്ങൾക്കുവേണ്ടി തുടന്നുകൊണ്ടിരിക്കുന്ന സമരത്തിൽ ബുദ്ധിപൂർവ്വമായ നേതൃത്വം അവർ നല്കുകയും ചെയ്യും.

*വിശിഷ്ടസമുദായം*

ഗവൺമെണ്ടിനും നീതിന്യായത്തിനും സമുദായത്തിലുള്ള സ്ഥാനത്തെപ്പററിപ്പറവാൻ സ്ഥലം അധികമില്ല. കുറഞ്ഞ ശമ്പളത്തോടുകൂടിയോ ശമ്പളമില്ലാതെതന്നെയോ പ്രവത്തനാസക്തന്മാർ ചുമതലപ്പെട്ടു നടത്തുന്നതാണെങ്കിലും പ്രാദേശികഗവൺമെണ്ടുകളുടെ നിസ്വാത്ഥപ്രകൃതത്തെപ്പററി നാം വേണ്ടുവോളം പ്രസ്താവിച്ചുകഴിഞ്ഞു. പൂർണ്ണാധികാരം ഒരാളിൽ സമപ്പിക്കുന്നതിനുപകരം ഒരു സമിതിയുടേയോ, ന്യൂ ഇംഗ്ലണ്ടിലെപ്പോലെ പൊതുയോഗത്തിൽ വോട്ടുചെയ്തു തീരുമാനിക്കുന്ന ഒരു സമുദായത്തിന്റെതന്നെയോ അഭിപ്രായത്തിനു വിട്ടുകൊടുക്കുകയാണു് പതിവു്. ഒരാളെ പ്രതിനിധിയായി തെരഞ്ഞെടുക്കുന്നതിനും മടിയാണു്. എന്തെന്നാൽ അയാൾ അധികാരത്തിൽ വളന്നേക്കാം; അല്ലെങ്കിൽ ഒരു സാധാരണപൗരനു് ഒഴിവുസമയങ്ങളിൽ ചെയ്തുതീക്കാവുന്നതിലധികം ജോലി ആ ഉദ്യോഗത്തിനുണ്ടായേക്കാം. ജനസംഖ്യ ഇരുപത്തയ്യായിരമുള്ള ഒരു നഗരത്തിലെ മേയർപോലും അദ്ദേഹത്തിന്റെ സമയത്തിന്റെ ഒരു ഭാഗം മാത്രമേ ഈ ഉദ്യോഗത്തിനു് ചെലവഴിക്കുന്നുള്ളു. സാധാരണ ജോലിസമയത്തു് അദ്ദേഹത്തെ കാണണമെങ്കിൽ വല്ല പലചരക്കുകടയിലോ ഇൻഷ്വറൻസ് ആഫീസിലോ നിങ്ങൾക്കു തിരയേണ്ടിവരും. പകുതിയിലധികം സ്കൂൾഡിസ്ട്രിക്ടുകൾ അടങ്ങിയ 117,000 പ്രാദേശികഗവൺമെണ്ടുഘടകങ്ങളുള്ളിടത്തു് സ്വയംഭരണത്തിനു് ഇത്ര വില കല്പിക്കുന്നതിനു കാരണം വ്യക്തമാണല്ലോ.

5,000-ത്തിൽ കുറവുള്ള പല സമുദായങ്ങളിലും സമാ

ധാനപരിപാലനോദ്യോഗസ്ഥന്മാരേയില്ല. അവക്കതാവശ്യവുമില്ല. സമുദായത്തിൻെറ വലിപ്പം വർദ്ധിക്കുന്നതനുസരിച്ച് കുററങ്ങൾക്കുള്ള നിരോധനവും ശിക്ഷയും കൂടുതൽ ഗുരുതരമായ പ്രശ്നങ്ങളായിത്തീരുന്നു. തമ്മിൽ തമ്മിൽ പരിചയമുള്ള ചെറുനഗരങ്ങളിലെ നിയന്ത്രണശക്തി അപരിചിതരെക്കൊണ്ടു നിറഞ്ഞ വൻനഗരങ്ങളിൽ ഇല്ലാതെയാകുന്നുണ്ട്. ഒററയ്ക്കുള്ള വാസവും, അന്തസ്സുകുറവും, അപരിചിതത്വവും ധമ്മതലാരാഹിത്യത്തെ പ്രോത്സാഹിപ്പിക്കുന്നു. അപര്യാപ്തമായ വീട്, അജ്ഞരായ മാതാപിതാക്കൾ, മലിനത, രോഗം ഇവ ദുഷ്കർമ്മങ്ങൾ വളർത്തുന്നു. 'ചാള'കൾ ഇല്ലാതാക്കുകയും, ജീവിതത്തോതു് ഉയർത്തുകയും ചെയ്യുകയാണിതിനു പരിഹാരം. കുടുംബോപദേശസമിതികൾ ഏർപ്പെടുത്തി, കാര്യങ്ങൾ അപകടസന്ധിയിലെത്തുംമുമ്പ് തടയുകയാണ് മറെറാരു പ്രതിവിധി. അസമത്വമനുഭവിക്കുന്നവരെ സഹോദരഭാവത്തോടെ നന്നാക്കിക്കൊണ്ടുവരുവാൻ സേവനസംഘങ്ങൾ സ്ഥാപിക്കയാണ് മറെറാരു മാർഗ്ഗം.

അമേരിക്കൻ ജീവിതത്തിൽ ജന്മനഗരം ഒരു പ്രധാന പ്രതീകമാണ്. അതു മിക്കവാറും നിങ്ങൾ ജീവിക്കുന്ന പട്ടണമല്ലായിരിക്കും. താമസസ്ഥലമെന്ന മാത്രമുള്ള വിലയല്ലാ അതിനുള്ളതു്. പിതൃത്വത്തെ പ്രതിനിധാനം ചെയ്യുന്ന നായകന്മാർ, സഹോദരബന്ധങ്ങളെ അനുസ്മരിപ്പിക്കുന്ന സഹോദരത്വം, താരാട്ടിവളർത്തി ഉററ സമ്പർക്കം പുലർത്തിപ്പോരുന്ന മാതാവിനെപ്പററിയുള്ള സ്മരണ, ഇവയുടെയെല്ലാം പ്രതീകമാണതു്.

സമുദായം അഗോചരമായ ഒന്നല്ല. അതു സജീവമാണ്. വ്യക്തിപരവും സാമുദായികവുമായ ആവശ്യങ്ങളെ അതു് സംയോജിപ്പിക്കുന്നു. ആ സമൂഹത്തിൽ അംഗമായി സേവനം അനുഷ്ഠിക്കുന്ന വ്യക്തിയുടെ പ്രവർത്തനക്ഷമതയനുസരിച്ച് അതു് അവനെ വളർത്തുകയും ചെയ്യുന്നു. "വിവിധരീതിയിലുള്ള ധാരാളമാളുകളുമായി സമ്പർക്കം പുലർത്തുവാൻ സൗകര്യം നല്കുത്തക്കവിധം വലിപ്പമുള്ള ഒരു സമുദായത്തിലെ അംഗമായിരിക്കുകയാണ് മനുഷ്യവർഗ്ഗത്തിൽ ഭൂരിഭാഗത്തിനും സംതൃപ്തി

കരം. എന്നാൽ ആ സമുദായത്തിലെ ഭൂരിപക്ഷം ആളുകളുമായി വ്യക്തിപരമായ ബന്ധങ്ങൾ സ്ഥാപിക്കുവാൻ സൗകര്യപ്പെടത്തക്കവിധം അതു് ചെറുതുമായിരിക്കണം" എന്നാണു് നരവംശശാസ്ത്രപണ്ഡിതനായ റാൽഫ് ലിൻറൻ പറയുന്നതു്.

അമേരിക്കാക്കാരിൽ അധികംപേരുക്കും ഇതേ മനഃസ്ഥിതിയാണു്. കടമകളുടേയും ചേതോവികാരങ്ങളുടേയും ദൃഢബന്ധങ്ങളാൽ കുടുംബത്തോടും, പള്ളിയോടും, പട്ടണത്തോടും, സഹോദരസംഘങ്ങളോടും, അയൽപക്കത്തോടും, തൊഴിലിനോടും, തൊഴിൽസംഘടനകളോടും, സമുദായസംഘങ്ങളോടും, സംസ്ഥാനത്തോടും, ഭൂവിഭാഗത്തോടും, രാഷ്ട്രത്തോടും അവക്കുള്ള വികാരം അവരെ ആനന്ദംകൊള്ളിക്കുന്നു.

ഒരു ജനകീയസമുദായത്തിനു് അനുരൂപമായ ഐക്യം, ഏകത്വത്തേക്കാൾ വിവിധത്വത്തിൽനിന്നും, സംസർഗ്ഗബഹുലതയിൽനിന്നും, അനേകം സ്വയംഭരണ ഘടകങ്ങളിലായി വിഭജിക്കുന്ന അധികാരത്തിൽനിന്നുമാണു് ഉത്ഭവിക്കുന്നതെന്നു് അമേരിക്കാക്കാർ കരുതുന്നു. അങ്ങനെയുള്ള ഒരു സമ്പ്രദായം ഒഴിച്ചുകൂടാൻ പാടില്ലാത്തവിധം, മുറുക്കങ്ങളും വലികളും, ഭിന്നാഭിപ്രായങ്ങളും, സമരങ്ങളും നിറഞ്ഞതായിരിക്കും. പക്ഷേ, അതു് ചലനാത്മകമായിരിക്കും; നിത്യചലനംകൊണ്ടു് സുശക്തമായിരിക്കും; ഓരോ ബഹിർമർദ്ദനവും അതറിയും; മാററത്തിൻെറ ആവശ്യം മനസ്സിലാക്കും; തന്നെത്താൻ നിയന്ത്രിക്കും; സംഘടനയുടെ ആവശ്യമില്ലാതായിത്തീരുമ്പോൾ അതു് അനുഗ്രഹപൂർവ്വം തനിയേ തിരോധാനം ചെയ്യുകയും ചെയ്യും.

ഇത്തരം സാമൂഹ്യഘടന ഒരു ഗവമ്മെണ്ടിനുവേണ്ടി കാത്തിരിക്കുന്നില്ല. തൻെറ സംയുക്തശരീരത്തിൽനിന്നും അതു് പ്രവത്തനം ഉൽപാദിപ്പിക്കുന്നു. ചാളകൾ അമേരിക്കൻനഗരങ്ങൾക്കു് ഉപദ്രവകരങ്ങളാണോ? 'ആക്ഷൻ' (Action) എന്ന ഒരു സംഘടന ഉടൻ ഉത്ഭവിക്കുകയായി. അയൽപക്കങ്ങളെ പുരോഗമിപ്പിക്കുകയാണു് അതിൻെറ പ്രവൃത്തി. ഉത്തരവാദിത്വമില്ലായ്മ ഒരു പ്രശ്നമാണോ? ഒരു സംഘം അതിന്റെ മതപരവും, സാമുദായികവും, വിദ്യാഭ്യാസപരവും ആയ കഴിവുകളെ സംയോജിപ്പിച്ചു്, വിവിധ ശാഖകളിൽനിന്നാ

പ്രതിനിധികളെ വിളിച്ചുകൂട്ടി തൽപരിഹാരാർത്ഥം ഒരു പ്രവർത്തനപദ്ധതി രൂപവൽക്കരിക്കുന്നു.

സാമുദായികബോധം, ഒരു മനുഷ്യവിഭാഗത്തിൽപ്പെട്ടവരാണെന്നബോധം, അമേരിക്കൻ വ്യക്തിത്വത്തിൽ ചുഴിഞ്ഞിറങ്ങിയ ഒന്നാണു്. അതിൻെറ അടിസ്ഥാനം ആദ്ധ്യാത്മികവും ചരിത്രപരവുമാണു്. ഒരു സങ്കീർണ്ണഘടനയായ പ്രാദേശികസമുദായത്തിന്റെ ഉദ്ദേശ്യം മനസ്സിലായിത്തുടങ്ങും വരെ ഐക്യനാടുകളെപ്പററി ഒരുവനു് ഗ്രഹിക്കുവാൻ സാധ്യമല്ല.

## അദ്ധ്യായം ഏഴ്
## വിദ്യാഭ്യാസം

അമേരിക്കായുടെ മററു പല നിലപാട്ടുകൾക്കും സ്ഥാപനങ്ങൾക്കുമെന്നപോലെ വിദ്യാലയങ്ങൾക്കും മതപരമായ ഉല്പത്തിയാണുണ്ടായിരുന്നതു്. അപകടപരമായ പഠിത്തത്താൽ യുവാക്കളെ ദൂഷിപ്പിക്കുന്ന പൊതുവിദ്യാലയങ്ങൾ ഒന്നുംതന്നെ വെർജീനിയായിൽ ഇല്ലാ എന്നു് പതിനേഴാം ശതാബ്ദത്തിൽ ഗവണ്ണർ ബർക്ക്ലി വൻപുപറഞ്ഞുവെങ്കിലും പള്ളികളിൽ പാണ്ഡിത്യമുള്ള പുരോഹിതന്മാരുടെ അഭാവം പരിഹരിക്കാനും, ചൈത്താൻെറ മോഹവലയങ്ങളിൽനിന്നു രക്ഷപ്പെടാനും 1647-ൽത്തന്നെ ന്യൂ ഇംഗ്ലണ്ടിൽ വിദ്യാലയങ്ങൾ നിർബന്ധമാക്കിയിരുന്നു. പുതുപട്ടണങ്ങൾ സ്ഥാപിക്കുന്നതിനു സഹായധനം നല്കുന്ന സന്ദർഭങ്ങളിൽ ന്യൂ ഇംഗ്ലണ്ടിലും അവിടംമുതൽ പാശ്ചാത്യപ്രദേശങ്ങൾവരെയും, വിദ്യാലയാവശ്യങ്ങൾക്കായി ഭൂമികളും അളന്നുമാററുക പതിവായിരുന്നു. കുറെ അപരിഷ്കൃതസമ്പ്രദായത്തിലായിരുന്നു ആദിമവിദ്യാലയങ്ങളുടെ നടത്തിപ്പു്. ഭാഷ, കണക്കു് ഇവ സംബന്ധിച്ച പ്രാഥമികപാഠങ്ങൾ മാത്രമാണു് അവയിൽ പഠിപ്പിച്ചുവന്നതു്. അതും ആണ്ടിൽ ഏതാനും മാസങ്ങൾമാത്രം. പക്ഷേ, അതു വിദ്യാഭ്യാസപരമായ മൗലികതത്വങ്ങൾക്കു് വേരു പിടിപ്പിച്ചു. അതാണു് ഒന്നാമത്തെ സാർവ്വത്രികപൊതുവിദ്യാഭ്യാസസമ്പ്രദായത്തെ ലോകത്തിലേക്കു കൊണ്ടുവന്നതു്. (ഒന്നാമത്തെ പൊതുജനഗ്രന്ഥശാലയും, സ്ത്രീകൾക്കായുള്ള ഉന്നതവിദ്യാഭ്യാസപദ്ധതിയും ഐക്യനാട്ടുകളിലാണുണ്ടായതു്.)

സംസ്കാരസമ്പന്നമായ യൂറോപ്പിൽ തങ്ങൾക്കു നിരോധിക്കപ്പെട്ടിരുന്ന സംസ്കാരവും വിജ്ഞാനവും ദാഹിച്ചാണു് അനേകം കുടിയേററക്കാർ അമേരിക്കായിലെത്തിയതു്. അവരുടെ അതിദീർഘമായ ദാരിദ്ര്യം അമേരിക്കൻസമുദായത്തിൻെറമേൽ ഒരു വമ്പിച്ച ഭാരമായി; പ്രത്യേകിച്ചും വിദ്യാ

ഭ്യാസസമ്പ്രദായത്തിന്റെമേൽ കൂടുതൽ ആനുകൂല്യങ്ങൾ സിദ്ധിച്ച യൂറോപ്യന്മാർ ഇന്നു് കുറവും പറയുന്ന നമ്മുടെ ജനകീയസംസ്കാരത്തിന്റെ ചില പ്രത്യേക സ്വഭാവവിശേഷങ്ങൾക്കു് അതാണു കാരണം.

ഐക്യനാടുകളിൽ വിദ്യാഭ്യാസം ഒരു ക്രമവൽകൃതസമ്പ്രദായമേ അല്ല. ഫെഡറൽ ഗവണ്മെന്റിനു് അതിന്മേൽ നിയന്ത്രണമില്ല. നമ്മുടെ ജനകീയതയുടെ അതിശക്തമായ ആ ഉപകരണത്തിനു് ഒരു മേലാവില്ല; ഒരുപദേശകസമിതിയില്ല; സാർവ്വത്രികമായ പഠനപദ്ധതിയില്ല; അദ്ധ്യാപകന്മാർക്കു് യോഗ്യതാപത്രികയില്ല; ബിരുദധാരികൾക്കു് ഒരു പൊതുമാനദണ്ഡത്തിലുള്ള പഠനമില്ല; നിശ്ചിതപാഠപുസ്തകങ്ങളുമില്ല. വൈവിദ്ധ്യമാണു് അതിന്റെ മഹത്തരമായ മൂല്യം. ഒരു പ്രാദേശികവിദ്യാലയത്തിനും, ഒരു ചെറുകോളേജിനും, ഒരു വലിയ സർവ്വകലാശാലയ്ക്കും അതിന്റെ ലക്ഷ്യങ്ങൾ നിർണ്ണയിക്കുവാനുള്ള അധികാരമുണ്ടു്. ബഹുത്വവും, പ്രാദേശികനിയന്ത്രണവും അമേരിക്കയെ മനസ്സിലാക്കുവാനുള്ള ആണിക്കല്ലാണെന്നു വീണ്ടും ഓർക്കുക.

വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തിലും പ്രയോജനത്തിലുമുള്ള വിശ്വാസം അമേരിക്കൻസമ്പ്രദായത്തിന്റെ കേന്ദ്രമാണു്. ഇന്നു വിദ്യാഭ്യാസം മൂന്നു വയസ്സിലോ അതിനു താഴെയോവച്ചുതന്നെ തുടങ്ങി, വയോജനവിദ്യാഭ്യാസത്തോടുകൂടി ജീവാവസാനംവരെ പോകുന്നു. പ്രായംകൂടിയവർക്കു പരിപാടികളും വർദ്ധിച്ചുവരും.

### *വിദ്യാലയവും വീടും*

ജനങ്ങൾ ഇന്നു വിദ്യാലയങ്ങളോടു കാണിക്കുന്ന താല്പര്യമാണു് വിദ്യാഭ്യാസത്തിന്റെ സുശക്തലക്ഷണം. ഈ താല്പര്യം പലപ്പോഴും കഠിന വിമർശനത്തിന്റേയും സജീവവിവാദത്തിന്റേയും രൂപം കൈക്കൊള്ളുന്നു. ഒരു വിഭാഗക്കാർ പറയും, ജനകീയതയിൽ ജീവിക്കേണ്ടതെങ്ങനെയെന്നു് വിദ്യാലയങ്ങൾ നമ്മുടെ കുട്ടികളെ പഠിപ്പിക്കണമെന്നു്. എതിർകക്ഷി പറയും, അതു് വിഡ്ഢിത്തമാണു്; സാദ്ധ്യമല്ല; വായിക്കുവാനും ചിന്തിക്കുവാനും പഠിപ്പിച്ചാൽ മതി എന്നും.

വിദ്യാലയങ്ങൾക്കു് എന്തോ കുഴപ്പമുണ്ടെന്നു് രക്ഷാകർത്താക്കൾ സംശയിക്കുന്നു; സമുദായത്തിന്റെ ഈ അതൃപ്തിയെപ്പററി അദ്ധ്യാപകന്മാർക്കും അസുഖകരമായ ഒരു ബോദ്ധ്യമുണ്ടു്. ബുദ്ധിപൂർവ്വമായും അല്ലാതെയുമുള്ള നിരന്തര പരീക്ഷണങ്ങളുടെ ഫലമായി നാം വിദ്യാഭ്യാസസമ്പ്രദായത്തിൽ നവംനവങ്ങളായ പരിഷ്കാരങ്ങൾ വരുത്തിക്കൊണ്ടിരിക്കയാണു്. അവ പൂർണ്ണതയെ സമീപിക്കുന്നുണ്ടെങ്കിലും സജീവമായ സാമുദായികാവശ്യകതകൾക്കു പാകുന്നില്ല.

വിദ്യാഭ്യാസത്തെ സംബന്ധിച്ച ഭിന്നാഭിപ്രായങ്ങളിൽ ചിലതു വെറും സാങ്കേതികംമാത്രമാണു്. വായന പരിശീലിപ്പിക്കുന്നതിനു് ഏററവും പററിയ മാർഗ്ഗമെന്തെന്നും മറ്റുമുള്ള വിഷയങ്ങളാണവ. മററുചിലവയുണ്ടാകുന്നതു് അടിസ്ഥാനപരമായ സാംസ്കാരികഭിന്നതകളുടെ പേരിലാണു്. വ്യവസായം, തൊഴിൽ, പള്ളികൾ, സ്ത്രീസമാജങ്ങൾ, വിദഗ്ദ്ധസംഘടനകൾ, പൗരസ്വാതന്ത്ര്യസംഘടനകൾ മുതലായവയിൽ ബന്ധപ്പെട്ടവർ തങ്ങളുടെ വിഭിന്നങ്ങളായ ആശയങ്ങളും വിശ്വാസങ്ങളും പാഠപദ്ധതിയിൽ ചേർക്കാത്തതുമൂലം നടത്തുന്ന എതിർപ്പാണു് അതിനു കാരണം. ജനായത്തപരമായ ബഹുത്വസമ്പ്രദായത്തിൽ ഈ പിടിയും വലിയും അനിവാര്യവുമാണു്. സമുദായത്തിൽ സ്വഭാഗാഭിനയത്തിനു യുവഹൃദയങ്ങളെ പരിശീലിപ്പിക്കുന്നതിനുള്ള നിർണ്ണായകമായ ഉപകരണമായി വിദ്യാഭ്യാസത്തെ കണക്കാക്കിയിരിക്കുന്നതിനാൽ, എല്ലാവിധത്തിലുമുള്ള അഭിപ്രായരൂപവല്ക്കരണശക്തിയും സ്കൂളിന്റെമേൽ പതിക്കാതെ തരമില്ല. അടുത്തകാലത്തു റേഡിയോ കോർപ്പറേഷൻ ആഫ് അമേരിക്കാ എന്ന കമ്പനിയുടെ വിലനിരക്കു പ്രസിദ്ധംചെയ്ത സമയം ന്യൂയോർക്ക് സ്റ്റോക്ക് എക്സ്ചേഞ്ച് എന്ന ആ മഹാസ്ഥാപനം അടുത്തുണ്ടായിരുന്ന വിദ്യാലയത്തിലെ വിദ്യാർത്ഥികളുടെ ഹർഷാരവത്താൽ ഞെട്ടിപ്പോയി. പതിനൊന്നു വയസ്സുള്ള കുട്ടികൾ പഠിച്ചിരുന്ന ഒരു ക്ലാസ്സിൽ നിന്നാണു് അതുത്ഭവിച്ചതു്. സ്കൂളിൽവച്ചു് കമ്പനിസ്റ്റോക്കുകളെപ്പററി പഠിച്ചിരുന്ന അവർ ഓരോ പെനി വീതം ഓരോ കുട്ടിയിൽനിന്നും പിരിച്ചെടുത്തു് അതിൽ ഒരു ഓഹരി വാങ്ങി!

അദ്ധ്യാപകന്മാർ പൊതുവിൽ തങ്ങളെ വലയംചെയ്യുന്ന സാമുദായികസമ്മർദ്ദത്തേക്കാൾ സ്വാതന്ത്ര്യതാബോധമുള്ളവരാണ്. തന്മൂലം വിദ്യാലയവും ചുറ്റുമുള്ള സമുദായവുമായുള്ള ബന്ധത്തിനു കർക്കശമായ പിരിമുറുക്കം അപരിഹാര്യമായിത്തീരുന്നു. തങ്ങളുടെ മുന്നിൽ ചക്രവാളം സദാ വികസിച്ചുവരുന്നതു കണ്ടുകൊണ്ടിരിക്കുന്നതിനാലും, വർദ്ധിച്ചു ഉത്തരവാദിത്വവും ചുമതലയുമുണ്ടാവാൻപോകുന്ന പ്രായത്തിലേക്കു ചെറുപ്പക്കാരെ സന്നദ്ധരാക്കേണ്ട ആവശ്യം ബോധ്യപ്പെടുന്നതിനാലും, അദ്ധ്യാപകന്മാർ തങ്ങളുടെ ചുമതല വളരെ കാര്യമായിക്കരുതുന്നു. തന്മൂലമാണ് രക്ഷാകർത്താക്കന്മാരുമായി അവർക്കു മല്ലടിക്കേണ്ടിവരുന്നതു്.

അമേരിക്കാക്കാർക്കു വിദ്യാഭ്യാസത്തിന്റെ ശക്തിയിൽ അഗാധവും മിക്കവാറും അസമഞ്ജസവുമായ ഒരു വിശ്വാസമുണ്ടു്. അതേസമയം ആത്മവിസ്മൃതിയിലാണ്ടിരിക്കുന്ന ആ മുടിനീണ്ട ബുദ്ധിജീവിയെ—പ്രൊഫസറെ—പരിഹസിക്കുക അവരുടെ ശീലമാണെന്നുള്ള വസ്തുതയോടു് അദ്ധ്യാപകർ ഒത്തുപോയേ തീരൂ. ഒരേ സമയം ആദരവും പരിഹാസവും എങ്ങനെ സാധിക്കും? നമ്മുടെ പ്യൂരിട്ടൺമതത്തിൽനിന്നും അധിനിവേശപാരമ്പര്യത്തിൽനിന്നുമാണ് ആദരവു ജനിക്കുന്നതു്. പ്രായോഗികതയ്ക്കുമാത്രം വിലകല്പിച്ചിരുന്ന ആത്മവിശ്വാസമിയന്ന അതിർത്തിപ്രദേശങ്ങളിൽനിന്നാണു പരിഹാസം വരുന്നതു്.

പാണ്ഡിത്യത്തിന്റെ പേരിൽ പണ്ഡിതന്മാരെ ബഹുമാനിക്കുന്നു എങ്കിലും, അവർ പ്രാബല്യം സൃഷ്ടിക്കുമെന്നോ, അവരുടെ പാണ്ഡിത്യം, വിദ്യാഭ്യാസം കുറഞ്ഞവർ അതിപ്രയത്നേന സമ്പാദിച്ച പദവിയെ അപകടത്തിലാക്കുമെന്നോ, അയാളുടെ 'ഉച്ചക്കിറുക്കൻ' ആശയങ്ങൾ നികുതിവർദ്ധനവിനോ മററു കുഴപ്പങ്ങൾക്കോ ഇടയാക്കിയേക്കുമെന്നോ, അവർ ഭയപ്പെടുന്നു. രക്ഷാകർത്താക്കൾ അദ്ധ്യാപകന്റെ സ്വാധീനശക്തിയെ പ്രതിഷേധിക്കുവാൻ മറെറാരു കാരണവുമുണ്ടു്. രക്ഷാകർത്താക്കളുടെ നിയമങ്ങളേയും, വീട്ടിലെ പെരുമാററങ്ങളേയും, വ്യാകരണപ്പിശകുകളേയും തിരുത്തുവാൻ തുടങ്ങുമ്പോൾ കുട്ടികൾ രക്ഷാകർത്താക്കളോടു് എതിർപ്പു തുടങ്ങുന്നു

ഴ്യന്നതാണത്. ഒരു കുട്ടിയെ അദ്ധ്യാപകൻവശം ഏല്പിക്കുന്ന നിമിഷത്തിൽതന്നെ മാതാവിന്ന് ഒരാശ്വാസനിശ്വാസമുയരും. അദ്ധ്യാപകൻ തന്നേക്കാൾ വിവരമുള്ളവനായിരിക്കുമെന്നുള്ള ഭീതിയും അവൾക്കുണ്ടാകും. സാധാരണയായി, വീട്ടിൽ കണ്ടെത്തുവാൻ കഴിയാത്തതു് അദ്ധ്യാപകനിൽ കുട്ടി കണ്ടെത്തി എന്നുവരാം. അങ്ങനെ ആ ഭീതി ദൃഢതരമാകുകയും ചെയ്യുന്നു. കോളേജിലെത്തുമ്പോൾ കാര്യം കൂടുതൽ കുഴപ്പമാകും; അവൻ പള്ളിയിൽപോക്കു മുടക്കുകയും, പുകവലിയും മദ്യപാനവും തുടങ്ങുകയും, സമയത്തിന്നു വീട്ടിലെത്താതിരിക്കുകയും ചെയ്യുന്നു. വളർച്ചയുടെ ഈ അടയാളങ്ങളെല്ലാം അദ്ധ്യാപകന്റെ തലയിലാണു കെട്ടിവയ്ക്കാറു പതിവ്.

അമേരിക്കൻജീവിതം എപ്പോഴും ആഗ്രഹിക്കുന്ന ഭാവിയിലേക്കു വേണ്ടതെല്ലാം ഒരുക്കുന്നതിനാണു് കുട്ടികളെ പാഠശാലകളിലേക്കു രക്ഷാകർത്താവു് അയയ്ക്കുന്നതു്. തന്മൂലം അവ മാററത്തിന്നു സഹായിക്കുന്ന വിദ്യാഭ്യാസം നല്കണം. വിദ്യാശാലകളിൽനിന്നു പ്രതീക്ഷിക്കുന്നതു് അവയുടെ കഴിവുകൾക്കും അപ്പുറമാണു്. കൂടുതൽ കൂടുതൽ കുടുംബകർത്തവ്യങ്ങൾ വിദ്യാലയങ്ങളെ ചുമതലപ്പെടുത്തുന്നതോടെ (ലൈംഗികബോധം, ദിനചര്യ, പെരുമാററം, ശിശുപരിപാലനം മുതലായവ) തങ്ങളുടെ അവകാശം അടിയറവച്ചു എന്നുള്ള കുററബോധം അവർക്കുണ്ടാകുന്നു. അങ്ങനെ ആശ്വാസം നേടിയതിൽ മറ്റൊരു കുററബോധവും അവർക്കുണ്ടാകുന്നുണ്ടു്. അതെല്ലാം അദ്ധ്യാപകന്റെ തലയിൽ വച്ചുകെട്ടി അദ്ദേഹത്തെ അവർ കുററപ്പെടുത്തുന്നു.

ഇഷ്ടാനിഷ്ടപ്രകൃതത്തോടുകൂടിയ ഒരു നിലപാടാണു് അവർ അദ്ധ്യാപികയുടെ നേർക്കു കാണിക്കുന്നതു്. രക്ഷാകർത്താക്കന്മാരേക്കാൾ സുശിക്ഷിതമായ ഒരു സ്വകാര്യജീവിതത്തിന്നു് അവൾ നിർബ്ബന്ധിതയാകുന്നുണ്ടെങ്കിലും അതിനനുരൂപമായ സാമുദായികപദവി അവൾക്കു നല്കുന്നില്ല. പക്ഷപാതമില്ലാതെ എല്ലാ കുട്ടികളോടും തുല്യമായി അവൾ പെരുമാറും എന്നാണു് പ്രതീക്ഷിക്കപ്പെടുന്നതെങ്കിലും, ഉന്നതകുടുംബങ്ങൾ തങ്ങളുടെ കുട്ടികൾക്കു പ്രത്യേക പരിഗണന ആശിക്കുന്നുണ്ടു് (മിക്കപ്പോഴും അതു ലഭിക്കുകയും ചെയ്യുന്നു). അസമത്വമനുഭ

വികുന്നവക്കു്, അറിഞ്ഞോ അറിയാതെയോ, തങ്ങൾ ആക്കം വേണ്ടാത്തവരാണെന്ന തോന്നൽ ഉണ്ടാകുന്നു. അങ്ങനെയുള്ള വ്യത്യസ്തചിന്തകൾ തടയുവാൻ പ്രത്യേകമായ ശ്രദ്ധ അദ്ധ്യാപകന്മാരിൽ അധികമാളുകളും എടുക്കുന്നുണ്ടെന്നുള്ളതാണു് അവരെപ്പററിപ്പറവാനുള്ളതു്. ആശയും പ്രചോദനവും അങ്ങനെ ലഭിച്ചിട്ടുള്ളവർ ജീവകാലം മുഴവൻ അവരെപ്പററിയുള്ള മധുരസ്മരണകൾ നിലനിത്തുന്നു.

എല്ലാവിധ പശ്ചാത്തലത്തിലുമുള്ള ബാലന്മാരെയും ബാലികമാരെയും ഒരു നകത്തിൻകീഴെ കൊണ്ടുവരുന്നതിനാൽ വിദ്യാലയം സമുദായത്തിലെ ഏററവും വലിയ ജനകീയ ശക്തിയാണു്. വിദ്യാത്ഥികൾ പരസ്പരം ആത്മസുഹൃത്തുക്കളായിത്തീരുകയും മററുള്ളവരുമായി ഭാവിയിൽ ഇടപെടേണ്ട രീതികൾ പഠിക്കയും ചെയ്യുന്നു. പഠിത്തവും കളിയും തുല്യശക്തികളാണു്. അതിനാൽ ചുണയും സാമത്ഥ്യവുമുള്ള ഒരു ബാലനു് തന്റേതിനേക്കാൾ ഉയന്നനിലയുള്ളവരുടേയുംമീതെ കയറുന്നതിനു സൗകര്യമുണ്ടാക്കുന്നു. പ്രത്യേകിച്ചും കുടിയേററക്കാരുടെ കുട്ടികൾക്കു കളികളിൽ അതിവേഗം മുന്നണിയിലെത്തുവാൻ സാദ്ധ്യമാകുന്നുമുണ്ടു്.

### *ജനായത്തവും വിദ്യാഭ്യാസവും*

കുട്ടിയുടുപ്പും കമ്പിളിത്തൊപ്പിയുമായി ഒരു ശിശുവിനെ ശിശുവിദ്യാലയത്തിൽ ചേക്കുന്ന നാൾ മുതൽ, പതിനെട്ടു വഷങ്ങൾ കഴിഞ്ഞു കോളേജുബിരുദവുമായി പുറത്തുവരുന്നതുവരെ അവൻെറ വീടുകഴിഞ്ഞാൽ അടുത്ത പ്രധാന കേന്ദ്രവസ്തു വിദ്യാലയമാണു്. അദ്ധ്യാപകന്റെ വ്യക്തിത്വം അവന്റെ ഹൃദയത്തിൽ ആഞ്ഞുപതിയുന്നതുകൊണ്ടു് അനേകാണ്ടുകൾക്കുശേഷവും അദ്ദേഹത്തിൻെറ മുഖഭാവങ്ങളും, പ്രകൃതങ്ങളും, കാരുണ്യവും, മുൻകോപവും അവരുടെ സ്മരണകളിൽ നിലനില്ക്കുന്നു.

പാഠവിഷയങ്ങൾക്കു പുറമേ മററു കുട്ടികളുമായി പെരുമാറേണ്ട രീതികൾകൂടി പഠിക്കുന്നതിനാണു് കുട്ടികളെ വിദ്യാലയങ്ങളിലയക്കുന്നതു്. ശിശുവിദ്യാലയങ്ങളിലെ കുഞ്ഞുങ്ങൾക്കറിയാം, മററു കുട്ടികളിൽനിന്നും കളിക്കോപ്പുകൾ തട്ടി

പ്പററിക്കരുതെന്നും, അപകടകരമായ കുസൃതിയിൽ ചെന്നു ചാടരുതെന്നും. സ്ത്രീപുരുഷബന്ധങ്ങളെപ്പററിയും അവൻ മനസ്സിലാക്കിത്തുടങ്ങുന്നു. സ്ത്രീകൾ അബലകളാകയാൽ പ്രത്യേക പരിഗണന അർഹിക്കുന്നുവെങ്കിലും കളികളിലും പഠിത്തത്തിലും അവൾ അവനെ ചിലപ്പോൾ തോല്പിക്കത്തക്ക ശക്തിയുള്ളവളാണെന്നും അവൻ മനസ്സിലാക്കുന്നു. പെൺകുട്ടികൾക്കാണെങ്കിൽ കുറെ വിഷമകരമാണു് ഈ പഠിത്തം. ആൺകുട്ടികളുമായി ഒരു വലിയ അകൽച്ച ഉണ്ടാകത്തക്കവിധം അവൾ വിദ്യാഭ്യാസത്തിൽ മുന്നേറിക്കൂടാ എന്നതാണു അതിനു കാരണം. അങ്ങനെ സംഭവിച്ചാൽ മനുഷ്യശാസ്ത്രപരമായ കടമകൾക്കു് അതു വിഘാതം വരുത്തിയേക്കാം.

ഒരുകാലത്തു പ്രാബല്യത്തിലിരുന്ന മത്സരഭാവന ഇന്നു് വിദ്യാലയങ്ങളിൽ ഇല്ലാതായിട്ടുണ്ടു്. അതിനു പകരം പഠനത്തിലും കളിയിലും ഒരു സാമൂഹികസമ്പ്രദായമാണു് അധികം വിദ്യാലയങ്ങളിലും ഇന്നു കൈക്കൊണ്ടിരിക്കുന്നതു്. വിദ്യാർത്ഥികൾ ഒന്നിച്ചിരുന്നു പഠിക്കുന്നു. അതു് ആഫ്രിക്കായെപ്പററി ആണെന്നു് സങ്കല്പിക്കുക. അവർ ആഫ്രിക്കായുടെ ഭൂപടങ്ങൾ പലതും നിരത്തിവയ്ക്കും; ചിത്രങ്ങൾ വരയ്ക്കും; കഥകൾ പറയും; കളികൾ തുടങ്ങും; പക്ഷേ, എല്ലാം ആ വിഷയത്തെപ്പററിയുള്ളതായിരിക്കും. കൈയിൽ ചൂരലുമേന്തി നില്ക്കുന്ന ഒരു സർവ്വാധിപതിയല്ല അദ്ധ്യാപകൻ. അവരെ അടിച്ചുവിടുന്നതിനു പകരം അദ്ദേഹം നയിക്കുകയാണു് ചെയ്യുന്നതു്. അതാണു് വിദ്യാഭ്യാസത്തിന്റെ ശരിയായ രീതി. എന്താണു് പഠിക്കേണ്ടതെന്നും, എപ്പോഴാണതു വേണ്ടതെന്നും, ഏതുവിധത്തിൽ വേണമെന്നും മററുമുള്ള കാര്യങ്ങളെപ്പററി ആലോചിച്ചു പദ്ധതികൾ രൂപീകരിക്കുന്നതിനും, ചർച്ചകൾ നടത്തുന്നതിനും, തീരുമാനങ്ങൾ എടുക്കുന്നതിനും അദ്ധ്യാപികയോടൊത്തു വിദ്യാർത്ഥികളും സജീവമായി പ്രവർത്തിക്കുന്നു.

പുരോഗമനവിദ്യാഭ്യാസത്തിന്റെ ദാർശനികോല്പത്തി വെർമണ്ടിൽ ജനിച്ച ജോൺ ഡെവി(1859—1952)യിൽനിന്നാണെന്നു് ഇന്നെല്ലാവർക്കും അറിവുള്ളതാണല്ലോ. ഗ്രാമീണജീവിതത്തിന്റെ സാമൂഹ്യവും, സഹകരണപരവുമായ പ്രകൃതത്തെ ഓർമ്മവച്ചുകൊണ്ടു് അതിനെ അദ്ദേഹം വിദ്യാഭ്യാസ

രംഗത്തു് പ്രായോഗികമാക്കി. അതിൻെറ ഫലം ഇന്നു ലോകം മുഴുവൻ സ്വാധീനത ചെലുത്തിയിട്ടുണ്ടു്. ജീവിതത്തിലേക്കുള്ള ഒരു തയ്യാറെടുപ്പായിട്ടല്ല അദ്ദേഹം വിദ്യാലയത്തെ വീക്ഷിച്ചതു്. അതു ജീവിതത്തിൻെറ കാതൽതന്നെയെന്നദ്ദേഹം വിശ്വസിച്ചു. സമുദായത്തിൻെറ ഒരു ഹ്രസ്വരൂപമാണു് പാഠശാല. വായിച്ചുപഠിക്കുന്നതിലേറെ ചെയ്തുപഠിക്കുവാൻ വിദ്യാത്ഥികൾക്കു പ്രോത്സാഹനം നല്കണം. പഠിത്തത്തിൽത്തന്നെ ഒരു സജീവമായ പങ്കു് അവരെടുക്കണം. അതുമൂലം, നേരിട്ടുള്ള പരിചയത്താൽ ജീവിതത്തിലേക്കു വേണ്ട കാൎയ്യങ്ങൾ അവർ സ്വയമേവ ശേഖരിക്കുന്നു. പ്രവത്തനങ്ങൾമൂലം അവർ പഠിക്കുന്നു.

വിദ്യാലയങ്ങൾ ക്ലാസ്സുമുറികളിൽ മാത്രമായി ഒതുങ്ങേണ്ടവയല്ല. മററു പൊതുസ്ഥാപനങ്ങൾ സന്ദശിക്കുക, ജീവിക്കുന്ന ലോകവുമായി പരിചയപ്പെടുവാൻ വിനോദസഞ്ചാരങ്ങൾ ചെയ്യുക, പ്രകൃതിരമണീയതകൾ നടന്നുകാണുക മുതലായവയും വിദ്യാഭ്യാസത്തിൻെറ ഒരു ഭാഗമാണു്. സൎവ്വോപരി വിഷയത്തേക്കാൾ വിദ്യാത്ഥിയായിരിക്കണം പരിഗണനാകേന്ദ്രം. അവനെ ബന്ധപ്പെടുത്തി അനേകം മണിക്കൂറുകൾ എഴുത്തു്, വായന, കണക്കു് മുതലായവ പഠിപ്പിക്കുന്നതല്ല വിദ്യാലയത്തിൻെറ പ്രധാനകത്തവ്യം. ഒരു ജനകീയ സമുദായത്തിൽ സ്തുത്യർഹമാംവിധം അവനുള്ള പങ്കു നിവ്വഹിക്കുവാൻ പരിശീലിപ്പിക്കയാണു വിദ്യാലയത്തിൻെറ പ്രധാന കടമ.

പഠനവിഷയങ്ങളേക്കാൾ, വളന്നുവരുന്ന വിദ്യാത്ഥി പ്രധാനപരിഗണനക്കു പാത്രമായതോടെ, ജോൺ ഡെവിയോളംതന്നെ ബുദ്ധിപാകവും, കാര്യവിവരവുമില്ലാത്ത താഴ്ന്ന നിലയിലുള്ള അദ്ധ്യാപകന്മാർ അദ്ദേഹത്തിൻെറ ആദശങ്ങളെ മനസ്സിലാക്കാതെ ആശയക്കുഴപ്പം സൃഷ്ടിച്ചു. തൽഫലമായി പുരോഗമനവിദ്യാഭ്യാസത്തിൻെറപേരിൽ അനാവശ്യമായ ഒച്ചപ്പാടുകൾ വളരെയധികമുണ്ടായി. പക്ഷേ, ഡെവിയുടെ സിദ്ധാന്തങ്ങളിൽനിന്നു് അതിരുകവിഞ്ഞ ചില പ്രവത്തനങ്ങൾ മാററിയാൽ, നിത്യപുരോഗമനമുള്ള ഒരു

ജനകീയതയെ സാക്ഷാത്കരിക്കുന്നതിനു് അഴിച്ചുവിട്ട ഒരു വൻശക്തിയായി അദ്ദേഹം അവശേഷിക്കുന്നു.

യൗവനവുമായി ശുദ്ധ ജനായത്തത്തിനു് ബന്ധമില്ലാതിരിക്കുന്നതു്, പാതകങ്ങൾ, കൃത്യവിലോപം, അഹംബുദ്ധി, അനാരോഗ്യകരമായ മാത്സര്യം ഇവയെല്ലാം കാരണമാകുന്നുവെന്നു് തെളിഞ്ഞിട്ടുണ്ടു്. അതിനാൽ ശക്തിയായ മററു് എതിർഘടകങ്ങളില്ലെങ്കിൽ വിദ്യാലയങ്ങൾ ജനകീയമാക്കുന്നതു സാമുദായികജീവിതത്തിനു് ആരോഗ്യമേകുമെന്നു നിശ്ചയംതന്നെ.

ഒരു കണക്കു ചെയ്യുംപോലെയാണു് വിദ്യാഭ്യാസസമ്പ്രദായം എന്നുള്ളതു് ഡെവി പ്രാധാന്യം നല്കിവന്ന വീക്ഷണഗതികളിൽ ഒന്നായിരുന്നു. അതിനാൽ കുട്ടികൾക്കു് അർത്ഥഗർഭമായി തോന്നുന്ന പ്രശ്നങ്ങൾക്കു് ഉത്തരം കണ്ടുപിടിക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കണം. ഉദാഹരണമായി പട്ടണത്തിലെ ജലവിതരണത്തെപ്പററി അവർ ചോദിച്ചുവെന്നിരിക്കട്ടെ. പുരോഗമനശീലനായ അദ്ധ്യാപകൻ, ഏതാനും വാചകങ്ങളിൽ അതവർക്കു വിവരിച്ചുകൊടുക്കുകയല്ല വേണ്ടതു്. അവരെല്ലാവരും അതറിവാൻ ആകാംക്ഷയുള്ളവരെന്നുകണ്ടാൽ, പട്ടണത്തിലെ ജലസംഭരണകേന്ദ്രത്തിലേക്കും, ജലസേചനപദ്ധതികളിലേക്കും അദ്ദേഹം അവരെ കൂട്ടിക്കൊണ്ടുപോകണം. അതിനിടയിൽ, ബാഷ്പീകരണം, കാലാവസ്ഥാനിരീക്ഷണം, മഴയുണ്ടാവുന്ന വിധം, വെള്ളം സംഭരിക്കുന്നതു സംബന്ധിച്ച കണക്കുകൾ, മഴ, പുഴ, തടാകം മുതലായവയെപ്പററിയുള്ള പദ്യങ്ങൾ, ആദിയായ വിഷയങ്ങളെ സംബന്ധിച്ച പരീക്ഷണങ്ങളും പ്രഭാഷണങ്ങളും നടത്താവുന്നതുമാണു്. പ്രത്യക്ഷദർശനം, ചലച്ചിത്രം, ചിത്രഗ്രന്ഥം, ഭൂപടം മുതലായവയും ഉപയോഗപ്രദങ്ങളാണു്.

അതിനാൽ. ഒരു പ്രശ്നത്തെ സമീപിക്കേണ്ട മാർഗ്ഗവും, ശരിയായ ചോദ്യങ്ങൾ ഉന്നയിക്കുന്ന വിധങ്ങളും, തന്നത്താൻ സമാധാനം കണ്ടുപിടിക്കുന്നതിനുള്ള വഴികളും മനസ്സിലാക്കുന്നു. പഴയ പദ്ധതി നിർവ്വചിച്ചിരുന്നതു് വാദ്ധ്യാരുടെ ഓരോ ചോദ്യത്തിനും ഒരു ശരിയായ ഉത്തരമുണ്ടു് എന്നാണു്. ആധുനികപദ്ധതിയനുസരിച്ചു് ചില പ്രശ്നങ്ങൾക്കു സമാധാനമേ

ഇല്ല. ഒഴുക്കും തിരയുമായി മല്ലടിച്ചു തിരമാലകളുടെ മീതെ കയറാമെന്നാശിച്ച് ആ പ്രശ്നങ്ങളൊന്നിച്ചു ജീവിക്കാൻ നാം പഠിക്കണം. നമ്മുടെ കാലത്തിനു പററിയ വിദ്യാഭ്യാസം തന്നെ!

പൊതുവിദ്യാലയങ്ങളുടെ മററുചില ലക്ഷ്യങ്ങൾ പറയാം:

കായികവിനോദങ്ങളിലും സൃഷ്ടിപരമായ പ്രവർത്തനങ്ങളിലും താല്പര്യം വർദ്ധിക്കുന്നതിന് കുട്ടിക്കു പ്രോത്സാഹനം നല്കുക; അവൻെറ കഴിവും പ്രാപ്തിയുമനുസരിച്ചുള്ള തോതിൽമാത്രം വളരാൻ അനുവദിക്കുക; അവൻെറ ആരോഗ്യം പരിശോധിച്ചുകൊണ്ടിരിക്കുക; അതിൻെറ കുറവോ, ആവശ്യങ്ങളോ കണ്ടാൽ രക്ഷാകർത്താവിൻെറ ശ്രദ്ധയിൽ പെടുത്തുക; അതിനു രക്ഷാകർത്താവിനു പ്രാപ്തിയുണ്ടോ എന്നും അന്വേഷിക്കുക; കളികളും വിനോദങ്ങളും വ്യായാമങ്ങളുംമൂലം അവൻെറ ശരീരത്തിനു പുഷ്ടിവരുത്തുക; ആരോഗ്യരക്ഷാശാസ്ത്രം പഠിപ്പിക്കുക; സാമുദായികവും രാഷ്ട്രീയവുമായ പരിതഃസ്ഥിതികൾ മനസ്സിലാക്കുവാൻ അവൻെറ ബുദ്ധി വികസിപ്പിക്കുക; ജനായത്തസിദ്ധാന്തങ്ങളെപ്പറ്റി പ്രത്യേകിച്ചും അമേരിക്കയിലേതിനെപ്പറ്റി, ബോധവും ആവേശവും സൃഷ്ടിക്കുക; ഭാവിയിൽ നിസ്വാർത്ഥ പൊതുജനസേവനത്തിനു നയിക്കുംവിധം സാമുദായികബോധം വളർത്തിവിടുക; വ്യവസായത്തിനും കൃഷിക്കും ആവശ്യമായ സാങ്കേതികജ്ഞാനം നല്കുക; ഓരോ വിദ്യാർത്ഥിയിലും പ്രത്യേകം പ്രത്യേകം ശ്രദ്ധ പതിപ്പിക്കുകയും അവൻെറ പോരായ്മകൾ പരിഹരിക്കുകയും ചെയ്ക; വിദ്യാലയത്തെ സമുദായത്തിൻെറ ഒരവിഭാജ്യഘടകമാക്കുകയും സാമൂഹികജീവിതത്തിൻെറ കേന്ദ്രബിന്ദുവാക്കുകയും ചെയ്യുക; ആധുനികവിദ്യാഭ്യാസരീതിയുടെ ഉപദേശങ്ങളും ലക്ഷ്യങ്ങളും മനസ്സിലാക്കുവാൻ രക്ഷാകർത്താക്കളെ സഹായിക്കുക എന്നിവയാണു്.

അതിനുംപുറമേ, വായന, കണക്ക്, ചരിത്രം, ഭൂമിശാസ്ത്രം, രസതന്ത്രം, കലകൾ, ഭാഷകൾ തുടങ്ങിയ അനേകം വിഷയങ്ങളും പഠിപ്പിക്കേണ്ടതായുണ്ടു്. തന്മൂലം വിദ്യാലയങ്ങൾ ലക്ഷ്യങ്ങളിൽ എത്താതെപോകുന്നുവെങ്കിൽ അത്ഭുതപ്പെടാനൊന്നുമില്ല.

**ആരാണു് വിദ്യാലയങ്ങൾ നടത്തുന്നതു്**

മറെറാരു സമുദായവും ഇത്രയേറെ മുതലും പ്രയത്നവും വിദ്യാഭ്യാസത്തിനുവേണ്ടി വിനിയോഗിച്ചിട്ടില്ല. ജനസംഖ്യയിൽ കാൽഭാഗവും വിദ്യാഭ്യാസപരമായ കാൎയ്യങ്ങളിൽ നേരിട്ടു ബന്ധപ്പെട്ടവരാണു്. 165,000 പാഠശാലകളിലായി പഠിക്കുന്ന വിദ്യാൎത്ഥികളുടെ എണ്ണം മുന്നൂററി എഴുപതുലക്ഷത്തിൽപ്പരമാണു്. അദ്ധ്യാപകന്മാർ പത്തുലക്ഷത്തിൽ കൂടുതലുമുണ്ടു്. ഇതിലേക്കെല്ലാംകൂടിയുള്ള വൎഷാന്തച്ചെലവു് 900 കോടി ഡോളറിൽ അധികമാണു്. ജനസംഖ്യ വൎദ്ധിക്കുന്നതനുസരിച്ചു് വിദ്യാൎത്ഥികളുടെ എണ്ണവും വൎദ്ധിച്ചുവരുന്നു. അതിനും പുറമെ ഉപരിപഠനങ്ങൾക്കു പോകുന്ന വിദ്യാൎത്ഥികളുടെ സംഖ്യയും പെരുകിവരുന്നുണ്ടു്. ഐക്യനാടുകളിൽ പതിനാലിനും പതിനേഴിനും ഇടയ്ക്കു വയസ്സുള്ള കുട്ടികളിൽ എഴുപത്തഞ്ചു ശതമാനവും ഹൈസ്കൂളുകളിൽ പഠിക്കുന്നവരാണു്. മറെറാരു രാജ്യവും ഇതിനോടു കിടപിടിക്കുന്നില്ല. ഹൈസ്കൂൾവിദ്യാൎത്ഥികൾ നാല്പതു ശതമാനം ഉപരിപഠനത്തിനു പോകുന്നവരാണു്. പതിനാറു വയസ്സുവരെ നിൎബ്ബന്ധവിദ്യാഭ്യാസം വരും. അതു സൗജന്യവുമാണു്. താഴ്ന്ന ക്ലാസ്സുകളിലെ വിദ്യാൎത്ഥികളിൽ പന്ത്രണ്ടു ശതമാനത്തോളം സ്വകാൎയ്യവിദ്യാലയങ്ങളിൽ പഠിക്കുന്നു. ആ സ്ഥാപനങ്ങൾ അധികവും പള്ളികൾ നടത്തുന്നവയാണു്. എന്നാലും അമേരിക്കയിലെ ഹൈസ്കൂൾവിദ്യാഭ്യാസം പ്രധാനമായും സാമൂഹ്യംതന്നെ. എങ്ങനെയാണതു് നിയന്ത്രിക്കയും ഭരിക്കയും ചെയ്യുന്നതു്?

ഫെഡറൽ ഗവൎമ്മെണ്ടു് ഇതു നടത്തുന്നില്ല. കാരണം ഇതിനോടു സഹകരിച്ചു പ്രവൎത്തിപ്പാൻ ഭരണകൂടത്തിൽ പ്രത്യേകമായ ഒരു വിദ്യാഭ്യാസവകുപ്പില്ല. യൂ. എസ്സ്. ഓഫീസ് ഓഫ് എഡ്യൂക്കേഷൻ എന്ന സ്ഥാപനം, ആരോഗ്യം, വിദ്യാഭ്യാസം, പൊതുജനക്ഷേമം ഇവ മൂന്നുംകൂടിയ വകുപ്പിന്റെ ഒരു ഭാഗം മാത്രമാണു്. സംസ്ഥാനങ്ങൾക്കു സഹായധനം അനുവദിക്കുക, വിദ്യാഭ്യാസപരമായ ഗവേഷണപരിപാടികൾ ആസൂത്രണം ചെയ്യുക മുതലായവ മാത്രമേ അതിന്റെ പ്രവൎത്തനപരിധിയിൽപ്പെടുന്നുള്ളു. പൊതുവിദ്യാഭ്യാസത്തിനു

വേണ്ടി ചെലവാകുന്ന തുകയുടെ നാലു ശതമാനത്തിൽ താഴെ മാത്രമേ ഫെഡറൽഗവമെൻണ്ട് സംഭാവന ചെയ്യുന്നൊള്ളു.

ഐക്യനാടുകളിലെ ഭരണഘടന വിദ്യാഭ്യാസം സംസ്ഥാനങ്ങൾക്ക് അഥവാ ജനങ്ങൾക്കു വിട്ടുകൊടുത്തിട്ടുള്ളതിനാൽ ഇന്നു് ഒന്നല്ല അമ്പതു വ്യത്യസ്ത പാഠനപദ്ധതികളാണു് ഉള്ളതു്. കൊളംബിയാഡിസ്ത്രിക്ട്കൂടെ ഉൾപ്പെടുത്തിയാൽ അതു് അമ്പത്തിയൊന്നാകും. ഐക്യനാടുകൾക്കു് അറുപതിനായിരം പാഠനപദ്ധതികളുണ്ടെന്നു പറയുകയായിരിക്കും കുറേക്കൂടി പരമാൎത്ഥം. അത്രയുമാണു് അവിടത്തെ സ്ക്കൂൾ ഡിസ്ത്രിക്ടുകൾ. സംസ്ഥാനങ്ങൾക്കു വിവിധരീതിയിലുള്ള നിയന്ത്രണാധികാരങ്ങൾ ഉണ്ടെന്നുവരുകിലും, കൂടുതൽ അധികാരം കൈകാൎയ്യംചെയ്യുന്നതു് വിദ്യാലയസമിതിയെ തെരഞ്ഞെടുക്കുന്ന രക്ഷാകൎത്താക്കന്മാരാണു്. സ്ക്കൂളിന്റെ സഹായത്തിനുവേണ്ടിയുള്ള നികുതികൾക്കും അവർതന്നെയാണു് വോട്ടു ചെയ്യുന്നതു്. വിദ്യാലയങ്ങളും വീടുകളും തമ്മിലുള്ള അഭിപ്രായഭിന്നതകൾ ഇല്ലാതെയാക്കുന്നതിനും, ശ്രദ്ധയുള്ള നികുതിദായകൻ വോട്ടു ചെയ്യാതിരിക്കുന്ന അധികച്ചെലവുകൾക്കു് മൂലധനം ഉണ്ടാക്കുന്നതിനും, അവരാണു് അദ്ധ്യാപക-രക്ഷാകൎത്തൃസംഘടന നടത്തിക്കൊണ്ടുപോകുന്നതു്. പ്രാദേശികനികുതികൾമൂലം സ്ക്കൂൾഫണ്ടിന്റെ അറുപതു ശതമാനം ശേഖരിക്കുന്നു. ബാക്കി നാല്പതു ശതമാനം സംസ്ഥാനം നല്കുന്നു.

സാംസ്ഥാനികവിദ്യാഭ്യാസവകുപ്പിനു പ്രാദേശികസമിതികളെ നയിക്കുന്നതിന് ആ നാല്പതു ശതമാനം ഒരു കടിഞ്ഞാണാണു്. എങ്കിലും സാംസ്ഥാനികസമ്പ്രദായങ്ങളിലധികവും വികേന്ദ്രീകൃതങ്ങളത്രെ. ഓരോന്നിനുമുള്ള ആവശ്യങ്ങൾ തീരുമാനിക്കാനുള്ള അധികാരം അതതു സമുദായത്തിനു വിട്ടുകൊടുത്തിരിക്കുന്നു. പ്രാദേശികവിദ്യാലയസമിതികളിലെ അംഗങ്ങൾ സമുദായപ്രതിനിധികളാണു്. സാധാരണയായി ഗ്രാമപ്രദേശങ്ങൾ തെരഞ്ഞെടുക്കുന്നതു് കൎഷകരേയും, നഗരങ്ങളിൽനിന്നു തെരഞ്ഞെടുക്കുന്നതു വ്യവസായികളേയും തൊഴിൽക്കാരേയുമായിരിക്കും. പലപ്പോഴും സ്ത്രീകളേയും എടുക്കാറുണ്ടു്. പൊതുജനാഭിപ്രായത്തിന്റെ പ്രതിഫലനമായി പ്രസ്തുത സമിതികൾ സ്ക്കൂളിന്റെ ചില പരിഷ്കാരങ്ങൾക്കുവേണ്ടി

നികുതി വർദ്ധിപ്പിക്കുന്നതിൽ വിമുഖതയും, ഒരു പുതിയ വിദ്യാലയം നിർമ്മിക്കുന്നതിനു കടപ്പത്രമിറക്കുവാൻ വിസമ്മതവും പ്രകടിപ്പിച്ചേക്കാം. പക്ഷേ, സമുദായത്തിന്റെ സ്പന്ദനമനുസരിച്ചു് അവർ നിലകൊള്ളുന്നതിനാൽ, ബുദ്ധിപൂർവ്വമായ സേവനപ്രവർത്തനങ്ങളാൽ, ഒരു പുതിയ കെട്ടിടത്തിനോ, അദ്ധ്യാപകരുടെ ശമ്പളവർദ്ധനവിനോ ആവശ്യമായ മൂലധനമുണ്ടാക്കുവാൻ പൊതുജനങ്ങളിൽനിന്നുതന്നെ അവർക്കു സാധിക്കുന്നു.

സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസകമ്മീഷണർ സമിതിയുടെനേരെ ആജ്ഞാസ്വരം ഒരിക്കലും ഉയർത്താറില്ല. പ്രേരണയും നയവും മാത്രമാണു് അദ്ദേഹം പ്രയോഗിക്കുന്നതു്. ദൈനംദിനനടപടികളും അദ്ധ്യാപകപരിശീലനങ്ങളും സാംസ്ഥാനികമേലന്വേഷണോദ്യോഗസ്ഥനു വിട്ടുകൊടുക്കുന്നതിൽ ഭരണസമിതിക്കു് സന്തോഷമേയുള്ളു.

പ്രാദേശികസമിതികൾക്കു് ഇത്രവലിയ അധികാരം വിട്ടുകൊടുക്കുന്നതുമൂലം ഇന്നത്തെ വിദ്യാഭ്യാസത്തെ അതു് നിരുത്സാഹപ്പെടുത്തുന്നുവെന്നു വാദിക്കാം. സംസ്ഥാനങ്ങളോ, രാഷ്ട്രംതന്നെയോ ഉടലെടുക്കുന്നതിനു് വളരെക്കാലങ്ങൾക്കുമുമ്പുള്ള ഒരു പാരമ്പര്യമാണു് പ്രാദേശികവിദ്യാലയങ്ങൾക്കുള്ളതു്. കുട്ടികളെ പഠിപ്പിക്കേണ്ടതു് ഏതുവിധത്തിലെന്നു് തീരുമാനിക്കുന്നതിനുള്ള അധികാരം ഇന്നും അവയിൽ നിക്ഷിപ്തവുമാണു്. ശരിയായ വിദ്യാഭ്യാസസമ്പ്രദായം ഏതാണു്? കമ്മീഷണർ പഠിച്ച അദ്ധ്യാപകകോളേജിൽ ആസൂത്രണംചെയ്ത പദ്ധതിയോ, അതോ, വിദ്യാർത്ഥികളുടേയും സമുദായത്തിന്റേയും ആവശ്യകതകൾക്കുതകുന്ന പദ്ധതിയോ?

പാഠപദ്ധതികളേയും, മററു വിദ്യാലയപ്രശ്നങ്ങളേയുംപററി ചർച്ചചെയ്യുന്ന സമിതികളിൽ ചേരുന്നതിനും തീരുമാനമെടുക്കാൻ സഹായിക്കുന്നതിനും അടുത്തകാലങ്ങളിലായി രക്ഷാകർത്താക്കന്മാർ ആസക്തി പ്രകടിപ്പിക്കുന്നുണ്ടു്. ഓരോ സമുദായത്തിനും പ്രശ്നങ്ങൾക്കുള്ള സമാധാനങ്ങൾ വ്യത്യസ്തങ്ങളായിരിക്കും. ന്യൂയോർക്കിലെ സ്കാർസ്ഡേലിൽ ഹൈസ്കൂൾവിദ്യാർത്ഥികളിലധികവും കോളേജിൽ ചേരുന്നവരാണു്. അതിനാൽ ആ വിദ്യാശാലയ്ക്കു് ഒരു പ്രിയൂണിവേഴ്സിറ്റി

പരിപാടി വേണ്ടിയിരിക്കുന്നു. മിക്ക വിദ്യാൎത്ഥികളും തിരികെ കർഷകവൃത്തിയിലേക്കു പോകുന്ന ഗ്രാമപ്രദേശങ്ങളിൽ ആൺകുട്ടികൾക്കു ശാസ്ത്രീയമായ കൃഷിസംബന്ധിച്ചും ചുററുപാടുമുള്ള ലോകത്തെക്കുറിച്ചും, പെൺകുട്ടികൾക്കു പോഷകപദാൎത്ഥങ്ങൾ, ശിശുപരിപാലനം, ഗൃഹഭരണം മുതലായവയെക്കുറിച്ചും സാമാന്യപരിജ്ഞാനം നൽകേണ്ടതുണ്ട്.

### *തൊഴിൽപരമായ പരിശീലനം*

ക്രിയാത്മകതത്വത്തിനുവേണ്ടി ആത്മസമർപ്പണം ചെയ്തിട്ടുള്ള അമേരിക്കക്കാർ തൊഴിൽപരിശീലനത്തിനു പ്രാധാന്യം കല്പിച്ചിട്ടു നാളുകൾ വളരെയായി. ഒരുകാലത്ത് കോളേജ് പഠനത്തിനു മാത്രമായി വിദ്യാൎത്ഥികൾക്ക് ശിക്ഷണം കൊടുത്തുവന്ന ഹൈസ്കൂളുകളിൽ ഇന്ന് തടി, ലോഹം ഇവകൊണ്ടുള്ള പലവിധ വേലകൾ, ചുരുക്കെഴുത്ത്, കണക്കെഴുത്ത്, ടൈപ്പിങ്, ലേഖകവൃത്തി, കൃഷി മുതലായ പല വിഷയങ്ങൾക്കും പരിശീലനം നല്കിവരുന്നു. ഫെഡറൽ ഗവൺമെൻറിൻെറ തുണയോടെ ഹൈസ്കൂളുകൾ നടത്തിവരുന്ന തൊഴിൽ പരിശീലനപരിപാടികളിൽ പതിന്നാലുവയസ്സിനു മീതെയുള്ള കുട്ടികൾക്ക് ഏതെങ്കിലും തൊഴിലിൽ പ്രവേശിക്കണമെന്ന് ആഗ്രഹമുണ്ടെങ്കിലോ അഥവാ പ്രവേശിച്ചിട്ടുണ്ടെങ്കിലോ അവൎക്കു വേണ്ട പരിശീലനങ്ങൾ കൊടുപ്പാൻ സൗകൎയ്യമുണ്ട്.

കാർഷികവകുപ്പിൽ പ്രവേശിച്ച ഒരു കുട്ടി, കുടുംബത്തിലെ വയലിനുള്ള കാർഷികസാദ്ധ്യതകൾ അളന്നു തിട്ടപ്പെടുത്തി, അതിൽ പന്നിവളൎത്തു തുടങ്ങുകയും, നാലുവർഷംകൊണ്ട് അമിതമായ ലാഭം വരുത്തുകയും ചെയ്തു. അതിനുശേഷം ആ ആദായത്താൽ ധാന്യം കൃഷിചെയ്ത് വിലനിരക്കിൻെറ ആനുകൂല്യത്താൽ സ്വന്തമായി നിലം വാങ്ങി അച്ഛനുമായി പങ്കുചേൎന്നു. ഇത്തരം ഉദാഹരണങ്ങൾ സുലഭമാണു്.

'ഫ്യൂച്ചർ ഫാർമേഴ്സ് ഓഫ് അമേരിക്കാ'പോലെ രൂപീകരിച്ചിട്ടുള്ള രാഷ്ട്രീയസംഘടനയിൽ പെട്ട കാർഷികവിദ്യാൎത്ഥികൾക്ക് ആ തൊഴിലിലുള്ള പരിശീലനത്തിനു പുറമെ, ഭാവിയിൽ അവരെ ഗ്രാമീണസമുദായങ്ങളിലെ നേതാ

ക്കന്മാരാകുവാൻ പാത തെളിക്കുന്ന മിതവ്യയം, പൊതുസേവനം തുടങ്ങിയ വിഷയങ്ങളും പരിചയിക്കുവാൻ സൗകര്യങ്ങളുണ്ടാക്കുന്നു.

ഇടയ്ക്കു വിട്ടുപോകുന്ന പ്രശ്നത്തിനും തൊഴിൽപരിശീലനം ഭാഗികമായ ഒരു പരിഹാരമാണു്. ലോകത്തിൽവച്ച് ഐക്യനാട്ടുകളിലെ ഹൈസ്ക്കൂളുകളിലാണ് ഏററവും കൂടുതൽ കുട്ടികളുടെ ഹാജർ; എങ്കിലും അതിൽ കാൽഭാഗം കുട്ടികൾ ഉയൎന്ന ക്ലാസ്സിൽ എത്തുന്നില്ല. ബുദ്ധിക്കുറവും ഹാജർനിയമത്തിലുള്ള ശൈഥില്യവുമാണു കാരണം. വളരെക്കുട്ടികൾ ഇടയ്ക്കു കൊഴിഞ്ഞുപോകുന്നതു് പഠിച്ചുമുഷിഞ്ഞിട്ടാണ്. ആഴ്ചതോറും ഒരു ശമ്പളവും, അതോടൊന്നിച്ചുള്ള സ്വാതന്ത്ര്യവും, പുതുവസ്തുങ്ങളും, കാറും മോഹിച്ചാണ് മററു കുറേപ്പേർ പിരിഞ്ഞുപോകുന്നതു്.

വിജയപാതകൾ അടയാതെ സൂക്ഷിക്കുന്നതിനു് അടുത്തകാലത്തു തുടങ്ങിയിട്ടുള്ള പ്രവൎത്തനമാണ് മാൎഗ്ഗനിൎദ്ദേശപരിപാടികൾ. അവമൂലം സാമ്പത്തികമായി കഴിവുകുറഞ്ഞവനെങ്കിലും വാസനാവൈഭവമുള്ള ഒരു കുട്ടിക്ക് വിദ്യാലയത്തിൽത്തന്നെ കഴിക്കുന്നതിനും, അവിടെയുള്ള പരിശീലനപരിപാടികളിലൂടെ തൻെറ സാമൎത്ഥ്യം തെളിയിക്കുന്നതിനും സൗകൎയ്യമുണ്ടാകുന്നു. അങ്ങനെയുള്ള ഒരു പരിപാടി ഒരു കമ്പനിക്കുണ്ടെന്നുള്ള വസ്തുതതന്നെ, 'ഒരു തൊഴിൽക്കാരനു്, തൻെറ ആശയത്തിനനുസരിച്ചുള്ള സാമ്പത്തികസമ്പ്രദായമാണുള്ളതെന്ന വിശ്വാസം നല്കുന്നുണ്ടു്.

## *ഉന്നതവിദ്യാഭ്യാസം*

പൊതുവിദ്യാലയങ്ങൾക്കു് സ്വയംഭരണാധികാരം വളരെയുണ്ടെന്നുവരികിലും, സാംസ്ഥാനികവിദ്യാഭ്യാസവകുപ്പ്, അദ്ധ്യാപകകോളേജ്, പ്രാദേശികംമുതൽ രാഷ്ട്രീയംവരെയുള്ള കണക്കില്ലാത്ത ചർച്ചാസമ്മേളനങ്ങൾ മുതലായവയുടെ സ്വാധീനശക്തികൾമൂലം, അവയ്ക്കു് ഒരു ക്രമവൽകൃതമായ രൂപം ലഭിച്ചിട്ടുണ്ടു്. പക്ഷേ, ഉന്നതവിദ്യാഭ്യാസത്തിൽ ഓരോ വൻസൎവ്വകലാശാലയ്ക്കും ഓരോ പ്രാദേശികകോളേജിനും സ്വന്തം രീതികളും, പദ്ധതികളും, ലക്ഷ്യങ്ങളുമാണുള്ളതു്. ഉത്തമ

വിദ്യാത്ഥികളെ ലഭിക്കാൻവേണ്ടിയുള്ള മത്സരത്തിൽ അവ സ്വപരിപാടികൾ സദാ പരിഷ്കരിക്കുകയും, വിദ്യാഭ്യാസപരമായ പുതുതത്വങ്ങൾ കണ്ടുപിടിച്ചുവരികയും ചെയ്യുന്നുണ്ടു്. വല്ല പ്രത്യേകസേവനങ്ങൾമൂലമോ, അസാധാരണയോഗ്യത പ്രകടിപ്പിച്ചോ, അവ പ്രതിയോഗികളുടെമുന്നിൽ എത്തുവാൻ ശ്രമിക്കുന്നു. വിജ്ഞാനസമ്പാദനത്തിനു് നിർബ്ബന്ധിതമെന്നു കണക്കാക്കി തെരഞ്ഞെടുത്ത ഏതാനും ഉത്തമഗ്രന്ഥങ്ങൾ പാഠപുസ്തകങ്ങളായി ഒരു കോളേജ് നിർദ്ദേശിക്കും. മററാരു കോളേജ് സാഹിത്യപഠനവും തൊഴിൽപഠനവും ഇടവിട്ടു നൽകുന്ന പദ്ധതി തുടരും. മററു ചിലവയുടെ പ്രശസ്തി അവയിലെ ഫുട്ബോൾകളിസംഘത്തെമാത്രം ആശ്രയിച്ചതായിരിക്കും.

മാതൃകാപരമായ ഒരു അമേരിക്കൻ കോളേജെന്നോ സർവ്വകലാശാലയെന്നോ പറയാവുന്നതായി ഒന്നുപോലുമില്ല. ഉപരിപഠനത്തിനുമാത്രമായി ഐക്യനാടുകളിൽ ഉദ്ദേശം രണ്ടായിരത്തോളം സ്ഥാപനങ്ങളുണ്ടു്. അവയിൽ ഒന്നോടൊന്നു സാദൃശ്യമുള്ളതായി ഒന്നുംതന്നെയില്ല. ഈ സ്ഥാപനങ്ങളിലായി 3,000,000ത്തോളം വിദ്യാത്ഥികൾ പഠിക്കുന്നുണ്ടു്. പ്രസിഡന്റ് നിയമിച്ച കമ്മീഷൻെറ അഭിപ്രായത്തിൽ ജനസംഖ്യയുടെ ഏതാണ്ടു് മൂന്നിലൊരു ഭാഗത്തിനു് ഉപരിവിദ്യാഭ്യാസത്തിനു് ബുദ്ധിപരമായ അർഹതയുണ്ടു്. 1960-ലേക്കു് 46 ലക്ഷം കോളേജുകുട്ടികൾ ഉണ്ടാകണമെന്ന ഒരു ലക്ഷ്യവും അവർ സ്വീകരിച്ചിരിക്കുന്നു. എന്നാൽ ഇന്നുതന്നെ ലോകത്തിൽ കോളേജുകുട്ടികളുടെ ശതമാനം ഏററവും ഉയന്നു നില്ക്കുന്നതു് ഐക്യനാടുകളിലാണു്. ഹൈസ്കൂൾ ജയിച്ച വിദ്യാത്ഥികളിൽ കോളേജിൽ പോകുന്നവർ നാലിനൊന്നാണു് നമ്മുടെ ഇടയിലെങ്കിൽ യൂറോപ്പിൽ അതു് ഇരുപതിലൊന്നാണു്.

ഒന്നോരണ്ടോ വലിയ സർവ്വകലാശാലകൾ മാത്രമേ മറുനാടുകളിലേപ്പോലെ അത്യുത്തമവിദ്യാഭ്യാസപരിപാടികൾ നടപ്പിലാക്കിയിട്ടുള്ളു എന്നു കരുതുന്നതു് ഒരിക്കലും ശരിയല്ല. ആകെയുള്ള വലിപ്പവും, സംസ്ഥാനങ്ങളായുള്ള വിഭജനവും, മതത്തിലും വിശ്വാസത്തിലുമുള്ള വൈവിധ്യവും മൂലം ഐക്യ

നാട്ടുകൾക്കു് അനേകം വിജ്ഞാനകേന്ദ്രങ്ങളുണ്ടു്. നഗരത്തിൽ നിന്നും വളരെ അകന്നുള്ള ഒരു ഗ്രാമീണകോളേജിന്റേതായിരിക്കും പലപ്പോഴും ഉത്തമമായ അഭ്യസനരീതി. അടുത്തകാലത്തു നടത്തിയ സ്ഥിതിവിവരക്കണക്കുകൾ തെളിയിക്കുന്നതു്, ശാസ്ത്രപരമായ പരിശീലനത്തിനു് പ്രസിദ്ധിയാർജ്ജിച്ച അൻപതു സ്ഥാപനങ്ങളിൽ മുപ്പത്തിയൊൻപതും ചെറുകിട കോളേജുകളാണെന്നും, നാട്ടിലെ ഉന്നത ഉദ്യോഗസ്ഥന്മാരായ ബിരുദധാരികളിൽ എഴുപത്തിയൊന്നു ശതമാനവും ചെറു കോളേജുകളിൽനിന്നു വന്നവരാണെന്നുമാണു്.

പ്രതീക്ഷിക്കാവുന്നപോലെ, പരിഷ്കാരം നടപ്പിലാക്കിയ വിദ്യാലയങ്ങളിലധികവും സ്വകാര്യസ്ഥാപനങ്ങളാണു്. യൂറോപ്യൻ സമ്പ്രദായത്തിലുള്ള ബിരുദങ്ങൾ ആദ്യമായി പ്രചരിപ്പിച്ച ജോൺ ഹോപ്പ്കിൻസ് അമേരിക്കൻ രീതിയിൽ 'ഓണേഴ്സ്'സമ്പ്രദായം ഇംഗ്ലണ്ടിൽനിന്നു പകർത്തിയ സ്വാത്മോർ, ക്ലാസ്സിലെ ജോലികളും, കൂലിപ്പണികളും ഇടവിട്ടു നടത്തുന്ന ആൻറിയേക്കു്, ജോൺ ഡെവിയുടെ വിദ്യാഭ്യാസതത്വങ്ങളെ ആദ്യമായി പ്രായോഗികമാക്കിയ ബെന്നിങ്ടൺ, സാറാ ലാറൻസ് എന്നിവയെല്ലാം സ്വകാര്യസ്ഥാപനങ്ങളാണു്. ദാനങ്ങളുടേയും സംഭാവനകളുടേയും തുണയോടെ നടത്തിവരുന്ന സ്വകാര്യസ്ഥാപനങ്ങളാണു് മൂന്നിൽ രണ്ടുഭാഗവും. ബാക്കിയുള്ളവ ജനങ്ങളിൽ നിന്നും നികുതിപിരിച്ചു് നഗരങ്ങളോ സംസ്ഥാനങ്ങളോ നടത്തുന്നവയുമാണു്. അവയ്ക്കു് കുട്ടികളെ ആകർഷിക്കുവാൻ ഫീസ് എത്രവേണമെങ്കിലും ചുരുക്കാൻ സാധിക്കും. പക്ഷേ, വദ്ധിച്ചുവരുന്ന ജീവിതച്ചെലവിനാൽ സ്വകാര്യസ്ഥാപനങ്ങളിലെ ഫീസ് പ്രതിദിനം വദ്ധിച്ചുവരുന്നതു് അവരുടെ കുററമല്ല. ചില സ്ഥാപനങ്ങൾ ഭാഗികമായി സംസ്ഥാനങ്ങളുടേതാണു്. ചിലവ ഒരു പദ്ധതി മാത്രം സ്വീകരിച്ചിട്ടുള്ളവയായിരിക്കുമെങ്കിലും, അവയുടെ പൊതുവേയുള്ള പ്രവണത, എല്ലാവിധ സമ്പ്രദായങ്ങളും പാഠപദ്ധതിയിൽ ഉൾപ്പെടുത്തുവാനായിരിക്കും. മൃഗവൈദ്യശാസ്ത്രമോ, ശിശുപരിപാലനമോ, ദാർശനികശാസ്ത്രത്തിന്റെയോ, നിയമശാസ്ത്രത്തിന്റെയോ കൂടെ സർവ്വകലാശാലകളിൽ ഉൾപ്പെട്ട

ത്തുന്നതിൽ അസാധാരണത്വം ഒന്നുംതന്നെ അമേരിക്കാക്കാർ കാണുന്നില്ല. എല്ലാ തൊഴിലുകൾക്കും ഒരു പൊതുവായ സാമുദായിക ചുററുപാടുകൾ നല്കി, എല്ലാ പേരനും ഉയരുവാൻ അവകാശമുണ്ടെന്നു് സങ്കല്പിക്കപ്പെട്ടിരിക്കുന്ന സാമുദായികസോപാനം കെട്ടിപ്പടുക്കുവാൻ അമേരിക്കൻ സ്ഥാപനങ്ങൾ സഹായിക്കുന്നു.

കോളേജുകളിലെ താഴ്ന്ന ക്ലാസ്സുകളിലെ പഠനപദ്ധതിയുടെ സവിശേഷതകൾ ഇങ്ങനെ ചുരുക്കാം: ഓരോ വിദ്യാത്ഥിക്കും പ്രത്യേകം പ്രത്യേകമായ പാഠ്യനിദ്ദേശങ്ങൾക്കും ചച്ചായോഗങ്ങൾക്കും പ്രസംഗങ്ങളേക്കാൾ പ്രാധാന്യം കല്പിക്കുക; സാമ്പത്തികശാസ്ത്രം, രാജ്യഭരണം, സവ്വരാഷ്ട്രഘടന മുതലായവയെപ്പററി പൂണ്ണപരിജ്ഞാനം നല്കി സങ്കീണ്ണതകൾ നിറഞ്ഞ ഭാവിജീവിതത്തിനു് വിദ്യാത്ഥികളെ സുശക്തന്മാരാക്കി വിടുക; സമവൽകൃതമായ ജീവിതത്തിന്നു് അത്യാവശ്യമെന്നനിലയിൽ കലാപരിശീലനത്തിനു പ്രോത്സാഹനം നല്കുക; ഒരു ജോലിക്കോ, മാതൃത്വത്തിനോ, ശിശുപരിപാലനത്തിനോ വേണ്ട പരിജ്ഞാനമേകുക.

വിദ്യാത്ഥിയെ നയിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും പുറമെ, അവൻെറ അഭ്യുദയത്തിൽ ശ്രദ്ധിക്കുന്നതിനു് സാങ്കേതികനിപുണന്മാരുടെ ഒരു സമൂഹംതന്നെയുണ്ടു്. അമേരിക്കയിൽ ഒരു നിസ്സാരനായ വിദ്യാത്ഥിക്കിന്നു ലഭിക്കുന്ന സാങ്കേതികപരിചരണത്തിൻെറ പകുതിപോലും മദ്ധ്യകാലഘട്ടത്തിലെ ഒരു രാജകുമാരനു് ലഭിച്ചിരുന്നില്ല. ഒന്നാമതായി, കോളേജിൻെറ അനിഷേധ്യപിതാവായ ഡീൻ നില്ക്കുന്നു. ദൃഢനിഷ്ഠക്കും കാരുണ്യത്തിനുമുള്ള മാതൃകാപുരുഷനായി അദ്ദേഹം ആദരിക്കപ്പെടുന്നു. കുട്ടികൾ വല്ല കുസൃതികളുമുണ്ടാക്കി നഗരവാസികളുടെ പ്രതിഷേധത്തിനിടയാക്കുന്നു എങ്കിൽ അതിനു ശിക്ഷ വിധിക്കുന്നതു് അദ്ദേഹമാണു്. എങ്കിലും, കുററവാളികളെ കണക്കിനു ഭയപ്പെടുത്തുകയല്ലാതെ ശിക്ഷകൾ അദ്ദേഹം കഠിനതരമാക്കുന്നില്ല. താനും ഇതുപോലെ ഒരു വിദ്യാത്ഥിയായിരുന്നു എന്നും, വെറും നഗരജീവിയല്ലാ, ബുദ്ധിജീവിയാണെന്നും, ഈദൃശകുസൃതികൾ ഭാവിയിൽ അവർക്കുതന്നെ ചിരിക്കുവാനുള്ള വകയുണ്ടാക്കുമെന്നും

ആ ശിക്ഷയോടൊപ്പംതന്നെ അദ്ദേഹം അവരെ മനസ്സിലാക്കുന്നു. അദ്ദേഹത്തോടുള്ള സ്നേഹം അങ്ങനെ അവർക്കു വദ്ധിക്കുന്നു.

വ്യവസായങ്ങൾ മാനേജർമാർ ഏറ്റെടുത്തതുപോലെതന്നെ മാനേജർമാരെ സംബന്ധിച്ച വിപ്ലവം സർവ്വകലാശാലകളേയും ബാധിച്ചിട്ടുണ്ട്. ഉല്പാദകനായ അദ്ധ്യാപകൻേറയും ഉപഭോക്താവായ വിദ്യാത്ഥിയുടേയും ഇടയ്ക്കു് അനേകം വിദഗ്ദ്ധന്മാർ സേവനം നടത്തുന്നുണ്ട്. ഒരുകാലത്തു് ഋജുവും സരളവുമായ മാഗ്ഗത്തെ ഇതു പലഭാഗമായി തിരിക്കുന്നുണ്ടെങ്കിലും വിദ്യാത്ഥികളുടെ ലക്ഷ്യപ്രാപ്തിക്കു് ഇതു് ഏറെക്കുറെ സഹായിക്കുന്നുമുണ്ട്.

അമേരിക്കൻജീവിതത്തിലെ മററെല്ലാ തുറകളിലുമെന്നപോലെ വിദ്യാഭ്യാസകാര്യത്തിലും കഴിവിലും കൂടുതൽ കോളേജുകൾ നേടാൻ ശ്രമിച്ചുവരുന്നുവെന്നതാണു വിഷമം. അവയുടെ ആദർശങ്ങൾ കുററമററവയുമാണ്. വക്രതയുള്ള മനുഷ്യസ്വഭാവവുമായാണ് അവ ഇടപെടേണ്ടതും. കായികവിനോദങ്ങളുടേയും കളികളുടേയും പ്രാധാന്യത്തെപ്പററി അനേകതലമുറകളായി വിദ്യാഭ്യാസശാസ്ത്രജ്ഞന്മാർ പ്രചരണം നടത്തിവരാറുണ്ട്. ഇന്നാണെങ്കിൽ വിപുലമായ ചികിത്സാശാലകൾ, പരിചയസമ്പന്നരായ ഡോക്ടർമാർ, ശിശുവൈദ്യശാലകൾ മുതലായവയും ആരോഗ്യസംരക്ഷണത്തിന് അത്യന്താപേക്ഷിതങ്ങളാണെന്നു ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഇപ്പോൾ സ്ത്രീപുരുഷന്മാരെപ്പോലെയും രാപ്പകലുകളെപ്പോലെയും മനോദേഹങ്ങളെ വേർതിരിച്ചുനിത്തുവാൻ സാധ്യമല്ല. അതിനാൽ ഒരു മനോരോഗവിദഗ്ദ്ധനും രംഗത്തു വന്നിട്ടുണ്ട്. അപകടം പിണയാതെ ലൈംഗികപരിധികളുടെ അതിരുകളിൽ കളിയാട്ടമെന്നു പ്രതീക്ഷിക്കാവുന്ന യുവതിയുവാക്കന്മാരുടെ സ്ഫോടനപരമായ സമ്പക്കങ്ങൾക്കും പരിഹാരം കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. ഈ സന്ദർഭങ്ങളിൽ പ്രവത്തിച്ചുപഠിക്ക എന്ന ആദർശം അപകടം വരുത്തിവയ്ക്കുന്നു!

ആക്കും എന്തും പഠിക്കാമെന്നും, ശരിക്കു ദഹനയോഗ്യമായ എന്തും—അതു് ആഹാരമോ, തൊഴിലും കളിയുമോ, വ്യക്തിയും സമുദായവുമോ, നാട്ടും നഗരവുമോ, ജാതിയും

മതവുമോ, വേഗതയും വിശ്രമവുമോ, കളിയും കാര്യവുമോ, ശരീരവും മനസ്സുമോ ഏതായാലും ശരി—സമതുലിതമായുപയോഗിച്ചാൽ അതു വിജയവും സൗഖ്യവും കൈവരുത്തുമെന്നും നിലനില്ക്കുന്ന ഒരു നാടോടിവിശ്വാസമാണു്. അതിനാൽ കോളേജുപദ്ധതിയിൽ കുറച്ചു പഠിത്തം, കുറച്ചു കായികപ്രവൎത്തനം, കുറെ ചിന്താവിഷയം, അദ്ധ്യാപകന്മാരുമായി ചിലപ്പോഴെല്ലാം ചൎച്ച ഇവയെല്ലാം ഉൾപ്പെടുത്തി യോജിപ്പിച്ചിട്ടുണ്ടു്.

പ്രതിദിനപ്പത്രങ്ങളോ വാരികകളോ നടത്തുക, വിദ്യാലയങ്ങളുടെ വാൎഷികവിശേഷാൽപ്പതിപ്പുകൾ ഇറക്കുക, വിവാദങ്ങൾ നടത്തുക, കളികൾക്കു സംഘങ്ങൾ നയിക്കുകയും അവയെ നിയന്ത്രിക്കുകയും ചെയ്യുക, ക്ലാസ്സുകളിലെ ഉദ്യോഗസ്ഥന്മാരാകുക, നൃത്തങ്ങൾ തുടങ്ങിയ സാമൂഹികപരിപാടികൾ സംഘടിപ്പിക്കുക, നാടകങ്ങളിൽ അഭിനയിക്കുക, പലവിധേനയുള്ള സംഗീതസംഘങ്ങളിലും വാദ്യസംഗീതങ്ങളിലും പങ്കെടുക്കുക, സാഹിത്യപരമോ ശാസ്ത്രപരമോ ആയ പ്രവൎത്തനങ്ങളിൽ ഇടപെടുക, സാഹോദര്യം പുലൎത്തുവാൻ ഫ്രഞ്ചു്, ജൎമ്മൻ മുതലായ വൈദേശികസമാജങ്ങളിൽ ചേരുക, വീടിന്റെ സമ്പദ്വ്യവസ്ഥ സുരക്ഷിതമാക്കുക, അതിനുള്ള അററകുററപ്പണികൾ നിൎവ്വഹിക്കുക ആദിയായ പ്രവൎത്തനങ്ങളെല്ലാം വിദ്യാൎത്ഥികൾ നിൎവ്വഹിക്കുന്നുണ്ടു്.

ഈ പ്രവൎത്തനങ്ങളെല്ലാം സന്ദർശകരെ ആശ്ചര്യപ്പെടുത്തുന്നു. പുറംജീവിതവുമായി ഉപമിക്കുമ്പോഴാണു് അതിന്റെ യുക്തി വ്യക്തമാകുന്നതു്. ഒരു കുട്ടി മറെറാരു സംഘത്തിൽ പെട്ട കുട്ടിയോടു് "വിദ്യാൎത്ഥിഭരണകൂടത്തിന്റെ അദ്ധ്യക്ഷനായി ല്യൂബേക്കറെ തെരഞ്ഞെടുക്കുവാൻ നിന്റെ വീടിന്റെ മുഴുവൻ തുണയും ഏല്ക്കാമെങ്കിൽ, പന്തുകളിയുടെ നേതാവായി നിങ്ങളുടെ ആളെ എടുക്കുന്നതിനു ഞങ്ങളും സഹായിക്കാം" എന്നു പറയുമ്പോൾ, വ്യാവസായികമോ രാഷ്ട്രീയമോ ആയ ജീവിതത്തിലെ 'കൊടുത്തുവാങ്ങൽ'തത്വം അവൻ പഠിക്കയാണു്.

ഒരുപക്ഷേ, എല്ലാററിലും ഉപരിയായ സാമൎത്ഥ്യം, ജനങ്ങളെ വശത്താക്കുന്നതെങ്ങനെയെന്നു പഠിക്കുന്നതാണു്.

ഏററവും കൂടുതൽ പ്രതിഫലവും ഏററവും കൂടുതൽ പരിഗണനയും അതിനുണ്ട്. കോളേജുവിദ്യാർത്ഥികൾ അതു പഠിച്ച് തൊഴിലും വിശ്രമവുമായി സംയോജിപ്പിക്കുന്നു. സാധാരണക്കാരുമായി ഒപ്പമിരുന്നു ഭക്ഷണം കഴിക്കുവാനും, അവരൊന്നിച്ച് കിടക്കാനും, മറോരോവിധത്തിൽ അവരുമായി ഉററ സമ്പക്കം പുലത്താനും കഴിയുമ്പോൾ നിങ്ങൾക്കു ബോധ്യമാകും എന്തൊരു വിജയമാണ് നിങ്ങൾ നേടിയിട്ടുള്ളതെന്ന്. വിദ്യാഭ്യാസപരമായി ഈ കലകൾക്ക് വില കല്പിക്കുന്നില്ല: എങ്കിലും സമുദായത്തിൽ അതിനു വിലയുണ്ട്. വിദ്യാത്ഥികളുടെ ജ്ഞാനസമ്പാദ്യത്തിൻെറ ഒരു ഭാഗവുമാണിതു്. അമേരിക്കൻ വിദ്യാത്ഥികൾ ബുദ്ധിശൂന്യരായി വിദേശികൾ കാണുന്നുവെങ്കിൽ അതിൽ അത്ഭുതപ്പെടുവാനൊന്നുമില്ല. പണ്ഡിതന്മാരാകുവാനല്ല അവർ കോളേജുകളിൽ ചേന്നതു്; ജീവിതരംഗത്തു് ശരിയായ സ്ഥാനം സംരക്ഷിക്കുന്നതിനുള്ള മാന്ത്രികനിയമം പഠിക്കുന്നതിനാണ് അവർ വന്നതു്.

### സ്ത്രീകളും വിദ്യാഭ്യാസവും

ആ ജീവിതത്തിലെ വ്യക്തമായ ഒരു ഭാഗം സ്ത്രീകളാണ്. പൂർവ്വദേശങ്ങളിലൊഴികെ മറെറല്ലായിടത്തും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ഒരുപോലെ പ്രവേശനമുള്ളവയാണ് കോളേജുകൾ. അവർ ഒരേ ക്ലാസ്സുകളിലിരുന്നു പഠിക്കുകയും, ഒന്നിച്ചിരുന്നു ഭക്ഷണം കഴിക്കുകയും, ഒരേ താൽപര്യം വളത്തുകയും, ഒന്നിച്ച് വിനോദയാത്രകൾ നടത്തുകയും, ജീവിതത്തെപ്പററി പച്ചമൈതാനത്തിൽ ഒന്നിച്ചിരുന്ന് ഗൗരവമായി ചിന്തിക്കുകയും ചിലപ്പോൾ പരസ്പരം പരീക്ഷിക്കുകയും ചെയ്തുവരുന്നു. പരകുലവിവാഹത്തെ സമുദായം അനുശാസിക്കുന്നുണ്ട്. പക്ഷേ, ഈ വിഷയത്തിൽ യുവാക്കൾക്ക് ഒരു സഹായവും അതു ചെയ്യുന്നില്ല. കോളേജുകൾ നിർവഹിക്കുന്ന അതിപ്രധാനമായ ഒരു കത്തവ്യം അങ്ങനെയുള്ള യുവതീയുവാക്കളെത്തമ്മിൽ കൂട്ടിമുട്ടിക്കുക എന്നുള്ളതാണ്. പരസ്പരം അവർതമ്മിൽ ഇടപഴകി യോഗ്യതായോഗ്യതകൾ നിർണ്ണയിച്ച്, വിവാഹബന്ധത്തിൽ ഏപ്പെടുകയോ ഏപ്പെടാതിരിക്കുകയോ ചെയ്യുവാൻ അവക്ക് സൗകര്യം ലഭിക്കുന്നു.

ഇപ്പോൾ ധാരാളമായി കോളേജിൽനിന്നു പിരിയുംമുമ്പു തന്നെ വിദ്യാർത്ഥികൾ വിവാഹംകഴിച്ചുവരുന്നു. മററുവിധങ്ങളിലുള്ള മനശ്ശല്യങ്ങളിൽനിന്നൊഴിഞ്ഞു് ശാരീരികമായി തയ്യാറുള്ള ജീവിതഗതി അവർക്കു തുടരാം. ഇന്നുള്ള വിദ്യാർത്ഥികളിൽ പതിനാറു ശതമാനവും വിവാഹിതരാണു്. എങ്കിലും ചില കോളേജുകളും ചില രക്ഷാകർത്താക്കന്മാരും ഇതിനോടെതിരാണു്.

പെൺകുട്ടികളെ സംബന്ധിച്ചാണെങ്കിൽ, തിരഞ്ഞെടുക്കുന്ന പഠനവിഷയങ്ങൾ സങ്കീർണ്ണമായിരിക്കും. കാരണം അവർ കുറച്ചുകാലം ജോലിയെടുത്തു് (ബിരുദലബ്ധിയോടുകൂടി വിവാഹം കഴിക്കുന്ന വളരെ വിദ്യാർത്ഥിനികൾക്കു് തങ്ങളുടെ ഭർത്താക്കന്മാരുടെ നിയമവിദ്യാഭ്യാസവും വൈദ്യവിദ്യാഭ്യാസവും മുഴവനാക്കിക്കൊടുക്കേണ്ടതുണ്ടു്.) പിന്നെ ഭാര്യാപദവിയിലോ മാതൃപദവിയിലോ, സമുദായസേവികയുടെ നിലയിലോ ജീവിതം തുടരുന്നു. അതിനാൽ രണ്ടുതരം ജീവിതവൃത്തികൾ അവൾ പഠിക്കേണ്ടിയിരിക്കുന്നു. തൊഴിൽപരമായ വിദ്യാഭ്യാസം അവളുടെ സ്ത്രീധനവും ജീവരക്ഷാഭോഗപത്രികയുമാണു്. വിവാഹം കഴിക്കുന്നുവെങ്കിൽ അതു് അവൾക്കൊരു നല്ല വരനെ നേടിക്കൊടുക്കും. വല്ല ദുരന്തസംഭവങ്ങളാലും അവൾക്കൊരു ഭർത്താവിനെ കിട്ടുന്നില്ലെങ്കിൽ ദാരിദ്ര്യം കൂടാതെ ഒരു സ്വതന്ത്രജീവിതം നയിക്കാൻ അതു് അവളെ സഹായിക്കും.

അങ്ങനെ ഒരു ജീവിതപഥം തെരഞ്ഞെടുത്തു് അവൾ അതിനുവേണ്ടി പഠിക്കുന്നു. അതു മിക്കവാറും അദ്ധ്യാപകവൃത്തിയായിരിക്കും. പൊതുവിദ്യാലയങ്ങളിൽ ബഹുഭൂരിപക്ഷവും അവരാണു്. പക്ഷേ, ആ തൊഴിൽതന്നെ വേണമെന്നു് നിർബ്ബന്ധമില്ല. ഒരു പാതയിലും അവർക്കു തടസ്സമില്ല. എങ്കിലും ഉന്നതനിലകളിൽ എത്തിച്ചേരുക വിഷമകരമാണെന്നു് അവർക്കുതന്നെ ഒരു വിചാരമുണ്ടു്. മാത്രമല്ല, പുരുഷനോളം ശമ്പളം അപൂർവ്വമായേ അവർക്കു ലഭിക്കുന്നുമുള്ളു. പിടിപ്പുള്ള ഒരമ്മയായിത്തീരുവാൻ ശാരീരികശാസ്ത്രവും ശിശുപരിപാലനവും ആയിരിക്കും അവൾ തെരഞ്ഞെടുക്കുന്നതു്. ചില വിദ്യാലയങ്ങളിൽ ഗൃഹഭരണശാസ്ത്രവും ഉൾ

പ്പെട്ടുത്തിയിട്ടുണ്ട്. അവളുടെ വിദ്യാത്ഥിസ്നേഹിതൻ രാഷ്ട്രീയപാഠങ്ങളിൽ ബദ്ധശ്രദ്ധനായിരിക്കുംപോലെതന്നെ അവൾ തന്റെ പാഠങ്ങളിലും ശ്രദ്ധ ചെലുത്തുന്നു. ഭാവിയിൽ അവളും സുഹൃത്തുക്കളെ നേടി തെരഞ്ഞെടുപ്പുകളിൽ സ്വാധീനത പ്രയോഗിക്കേണ്ടവളാണ്.

### *ബിരുദാത്ഥപഠനം*

ഹൈസ്കൂളിൽനിന്നും കോളേജിലേക്കുള്ള ചാട്ടംപോലെതന്നെ പെട്ടെന്നുള്ള ഒന്നാണ് കോളേജിലെ താഴ്ന്ന ക്ലാസ്സുകളിൽനിന്നും ബിരുദക്ലാസ്സുകളിലേക്കുള്ളതു്. 278,000 വിദ്യാത്ഥികൾ, നിയമം, വൈദ്യം, തത്വശാസ്ത്രം, ഭരണം ആദിയായ വിഷയങ്ങളിലുള്ള മാത്സര്യപരീക്ഷയിൽ വിജയം നേടുവാൻ തയ്യാറെടുക്കുകയാണ്. ബിരുദക്ലാസ്സിൽ പ്രവേശനം കിട്ടുന്നതിനുതന്നെ ഒരു സാമത്ഥ്യപരീക്ഷയിൽ ജയിച്ചേ മതിയാകൂ. നല്ലപോലെ പഠിച്ചില്ലെങ്കിൽ പുറംതള്ളപ്പെട്ടുമെന്നു് അവക്കു നന്നായി അറിയാം.

രാഷ്ട്രീയപ്രവത്തനങ്ങൾക്കോ, കായികവിനോദങ്ങൾക്കോ, നിശാപരിപാടികൾക്കോ ഒന്നിനുംതന്നെ അവക്കു സമയമില്ല. ഒരുകൊല്ലത്തിനുമുമ്പു് എത്ര ആഹ്ലാദമായി അവകളിലൊക്കെ ഇടപെട്ടുവോ അത്ര ആവേശത്തോടുതന്നെ അതു് അവർ താല്ക്കാലികമായി കൈവെടിയുകയും ചെയ്യുന്നു. ഇപ്പോൾ അവൻ സുഹൃത്സംഘംവക വിട്ടുതിസ്ഥലങ്ങളിലേക്കോ കൂട്ടുകാരന്റെ മുറിയിലേക്കോ പോകുവാൻ താല്പര്യപ്പെടുന്നില്ല. അവനു് ഒററയ്ക്കു് ഒരു മുറിയാണാവശ്യം. പ്രസംഗങ്ങളും പ്രദശനങ്ങളും അവൻ ശ്രദ്ധിക്കും. അതുകഴിഞ്ഞുള്ള സമയമെല്ലാം ഗ്രന്ഥശാലകളിലും, പാഠപുസ്തകങ്ങളിലുമാണു് അവൻ ചെലവഴിക്കുന്നതു്. വിശ്രമാത്ഥം ഒരു ചലച്ചിത്രമോ, മത്സരക്കളിയോ കാണുവാൻതന്നെ വല്ലപ്പോഴുമേ പോകാറുള്ളു.

അദ്ധ്യാപകന്മാർ അവനു വായിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ള പുസ്തകങ്ങളുടെ സംഖ്യ, അവൻ ഹാജരാക്കേണ്ട പ്രസംഗങ്ങളുടെ തുക, പരിശോധനകളും പരീക്ഷകളും, ഗവേഷണഫലങ്ങൾ, അവയുടെ സാങ്കേതികമൂല്യം, അവ ചച്ചചെയ്യു

പ്പെടുന്ന യോഗങ്ങളുടെ സവിശേഷതകൾ ഇവയെല്ലാം സന്ദർശകരെ അമ്പരപ്പിക്കാറുണ്ട്.

അങ്ങനെ ഒരു വർഷം (ചിലപ്പോൾ രണ്ടും) ഏകാഗ്രമായി പഠിച്ചാൽ അവന് എം. എ.ക്കാരനാവാം. പിഎച്ച്. ഡി. ബിരുദത്തിനു കുറഞ്ഞതു് മൂന്നു സംവത്സരക്കാലത്തെ പഠനം നിർബ്ബന്ധമാണ്. മിക്ക വിദ്യാർത്ഥികളും തീസിസ് മുഴുവനാക്കാൻ കുറെ കൊല്ലംകൂടി എടുക്കും. പ്രസംഗങ്ങൾക്കും പരീക്ഷണശാലാപ്രവർത്തനങ്ങൾക്കും ശേഷം അനേകം വർഷത്തെ പരിശീലനവും കോളേജിലെ താമസവും വേണം ഒരു വൈദ്യശാസ്ത്രഡാക്ടറാകുവാൻ.

ഹൈസ്കൂളുകളിൽനിന്നും കോളേജുകളിലേക്കും, അവിടെയുള്ള താഴ്ന്ന ക്ലാസ്സുകളിൽനിന്നും ബിരുദക്ലാസ്സുകളിലേക്കും പെട്ടെന്നുണ്ടാകുന്ന ചാട്ടം അമേരിക്കൻ വിദ്യാഭ്യാസസമ്പ്രദായത്തിൽ വരുത്തിയിരിക്കുന്നതിന്റെ കാരണം ആരായുക രസാവഹമാണ്. ദീർഘവർഷങ്ങളായുള്ള മുഷിച്ചിലിന് ഒരു വ്യത്യസ്തതയാണ് അവമൂലം സംഭവിക്കുന്നതു്. ആദ്യത്തേതിൽ കുടുംബനിയന്ത്രണം നീക്കംചെയ്യുന്നതുൾപ്പെടെയുള്ള സാമുദായികസ്വാതന്ത്ര്യം അവനു പെട്ടെന്നു കൊടുക്കുകയാണ്. രണ്ടാമത്തേതിൽ അവനു ബുദ്ധിസ്വാതന്ത്ര്യം പെട്ടെന്നുനൽകുന്നു. പൊങ്ങുവാനോ താഴാനോ ഉള്ളതും, നശിക്കാനോ വളരാനോ ഉള്ളതുമായ സ്വാതന്ത്ര്യവും അന്തർഭവിക്കുന്നുണ്ടു്.

ഏതെങ്കിലും ഒരു മണ്ഡലത്തിലുള്ള പാകംവരാത്തതും അതിർകവിഞ്ഞതുമായ വിദഗ്ദ്ധജ്ഞാനം, യാന്ത്രികഗവേഷണം, ഭാവനാശൂന്യങ്ങളായ പ്രഭാഷണങ്ങൾ, അന്തർജ്ഞാനരാഹിത്യം മുതലായവയാണ് ബിരുദവിദ്യാലയങ്ങളുടെ പോരായ്മകൾ. ഒരു കോളേജദ്ധ്യാപകനാകാനുള്ള മാനദണ്ഡമായിട്ടുണ്ടു് പിഎച്ച്. ഡി. ബിരുദമെങ്കിലും, ആ ബിരുദം അഭ്യസനകലയ്ക്കു പറയത്തക്ക ആവശ്യമുള്ള ഒന്നല്ല. കൂടുതൽ ഗവേഷണാസക്തിയുള്ള വിദ്യാർത്ഥികളേയല്ലാതെ അദ്ധ്യാപകവൃത്തിക്കാശയുള്ളവരെ അഭ്യസിപ്പിക്കുവാൻ അതു പര്യാപ്തമല്ല.

*ജനകീയവിദ്യാഭ്യാസം*

സർവ്വകലാശാലകൾ കുറേക്കൂടി ഒരു വലിയ പങ്ക് നിർവ്വഹിക്കേണമെന്നാണ് പ്രസിഡന്റ് കമ്മീഷൻ അഭിപ്രായപ്പെടുന്നതു്. വിദ്യാഭ്യാസം ജനലക്ഷങ്ങളിൽ മുഴുവൻ നടപ്പിലാക്കുവാൻ വേണ്ട പരമാവധിസേവനത്തെ അവ ഉപയോഗിക്കേണമെന്നാണ് അവരുടെ ചിന്താഗതി.

വലിയ സാംസ്ഥാനികസർവ്വകലാശാലകൾ ഈ ലക്ഷ്യത്തോടു സമീപിച്ചുകഴിഞ്ഞിരിക്കുന്നു. അവർ ടെലിവിഷൻ മൂലവും, സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിലായി നടത്തിവരുന്ന പ്രസംഗപരമ്പരകൾമൂലവും, പൊതുസമ്മേളനങ്ങൾക്കും ചർച്ചകൾക്കും നല്കുന്ന പ്രോത്സാഹനങ്ങൾമൂലവുമാണ് ഇതു സാധിക്കുന്നതു്. പ്രായപൂർത്തിയായ എട്ടുലക്ഷം പേരോളം പ്രസംഗക്ലാസ്സുകളിലുണ്ടു്. തപാൽവഴിക്കും ടെലിവിഷൻ വഴിക്കും മററും കോഴ്സുകളിൽ ചേർന്നിട്ടുള്ളവരുടെ മൊത്തസംഖ്യ മുന്നൂറുലക്ഷവുമാണ്.

ഇതിനിടയിൽ വയോജനവിദ്യാഭ്യാസം നാടാകെ പൂർത്തകായ്ച്ചുതുടങ്ങിയിട്ടുണ്ടു്. 1826-ൽ ജോസിയാ ഹോൾബ്രൂക്ക്, ലിസിയം സമ്പ്രദായം മസാച്യുസെററ്സിൽ തുടങ്ങിയതു മുതൽ, വിദ്യാഭ്യാസം ജീവിതകാലം മുഴുവൻ തുടർന്നുപോകുന്ന ഒന്നാണെന്നുള്ള വിശ്വാസം സംസ്കാരത്തിൽ സുദൃഢമായി വേരൂന്നിയിട്ടുണ്ടു്. 1874-ൽ ചാടാകപ്രസ്ഥാനം ആരംഭിക്കുകയും അതു് 1904 ആയപ്പോഴേക്ക് രാജ്യത്തൊട്ടാകെ സഞ്ചാരസംഘങ്ങളെ അയയ്ക്കുകയും ചെയ്തു. ഒരു ഒഴിഞ്ഞ മൂലയിൽ ഒരു രാത്രികൊണ്ടു് ഒരു കൂടാരം ഉയരും. ആ വേനല്ക്കാലവാരങ്ങളിൽ ആ പട്ടണത്തിൽ പ്രസംഗം, സംഗീതം, വായന മുതലായ വിദ്യാഭ്യാസപരിപാടികൾ നടക്കും.

ഈയിടെയായി വയോജനവിദ്യാഭ്യാസം പ്രാദേശികമായി പൊതുവിദ്യാലയങ്ങളിലാണു കേന്ദ്രീകരിച്ചിരിക്കുന്നതു്. സ്കൂളിലെ സൗകര്യങ്ങൾ രാത്രി മുഴുവൻ പൊതുജനങ്ങൾക്കു വിധേയമാണ്. ഇങ്ങനെയുള്ള നിശാപാഠശാലകളിൽ മുപ്പതുലക്ഷത്തിലധികം പേർ ചേർന്നിട്ടുണ്ടു്. അവിടെ വീണവായന മുതൽ ഗണിതശാസ്ത്രംവരെയും, ലോഹവേല

മുതൽ സ്പാനിഷ്ഭാഷ വരെയും ഏതു വിഷയവും പഠിക്കാവുന്നതാണു്.

എല്ലാവിധസംഘടനകളും പ്രത്യേകപരിപാടികൾ നടത്തിവരുന്നുണ്ടു്. വൈ. എം. സി. എ.കളും, വൈ. ഡബ്ലിയു. സി. എ.കളും, തുടർച്ചയായി പ്രസംഗം, ഗ്രന്ഥപാരായണം, രാഷ്ട്രീയവിമർശം മുതലായവ നടത്തിവരുന്നു. കാർഷികവികസനപദ്ധതിയനുസരിച്ചു് എഴുപതുലക്ഷം ജനങ്ങൾക്കു ലഘുലേഖകൾ വിതരണം ചെയ്തുവരുന്നുണ്ടു്. ശാസ്ത്രീയകൃഷിസമ്പ്രദായങ്ങൾ പരീക്ഷണാർത്ഥം അവരെ പരിചയിപ്പിച്ചും തുടങ്ങിയിട്ടുണ്ടു്. കുഗ്രാമങ്ങളിൽപ്പോലും സഞ്ചാരവായനശാലകൾ ഗ്രാമീണർക്കു് ഉപകരിക്കത്തക്കവിധം പുസ്തകങ്ങൾ വീട്ടുവാതില്ക്കൽ എത്തിക്കുന്നു.

പൊതുജനഗ്രന്ഥാലയങ്ങൾ (അവ 7,000 ഉണ്ടു്) വിദ്യാഭ്യാസസ്ഥാപനങ്ങൾ മാത്രമാണു്. അവ ഗ്രന്ഥങ്ങൾ വീട്ടുകളിൽവച്ചു് വായിക്കുന്നതിനു നല്കുകയും, ആവശ്യപ്പെട്ടവ കണ്ടുപിടിക്കേണ്ടതെങ്ങനെയെന്നു് ഉപദേശിക്കുകയും ചെയ്യുന്നു. പുറമേ, ഗ്രന്ഥാവലോകനപ്രഭാഷണങ്ങൾ, സാമൂഹികചർച്ചകൾ, റെക്കാർഡ്സംഗീതം, ചലച്ചിത്രപരിപാടികൾ, പ്രദർശനങ്ങൾ, അന്ധജനവിദ്യാഭ്യാസസേവനങ്ങൾ, സാംസ്കാരികസമ്മേളനങ്ങൾ, കലാപരിപാടികൾ മുതലായവയും നടത്തുന്നുണ്ടു്.

കുടിയേററപ്രവാഹാരംഭദിനം മുതൽ വയോജനവിദ്യാഭ്യാസപ്രസ്ഥാനത്തിൻെറ ഒരടിസ്ഥാനഭാഗം അമേരിക്കൻ പൗരാവകാശദാനപരിപാടിയായിരുന്നു. പൊതുവിദ്യാലയങ്ങളിൽ അവർ സായാഹ്നംതോറും ഇംഗ്ലീഷ്, അമേരിക്കൻ ചരിത്രം, ഭൂമിശാസ്ത്രം, രാജ്യഭരണം മുതലായവ പഠിക്കും. ഇവ സേവനപദ്ധതിയനുസരിച്ചാണു് നടത്തിപ്പോരുന്നതു്.

വിദ്യാഭ്യാസത്തെ ജനകീയമാക്കിയതുമൂലം ഐക്യസംസ്ഥാനത്തിനുണ്ടായിട്ടുള്ള ഒരു വലിയ പരാജയം വിവിധസംസ്ഥാനങ്ങൾ തമ്മിലുള്ള സൗകര്യാസമത്വമാണു്. ചില സംസ്ഥാനങ്ങളിൽ മററു ചിലയിടങ്ങളിലേക്കാൾ വിദ്യാഭ്യാസസമ്പ്രദായം മെച്ചപ്പെട്ടതായിരിക്കും. പ്രത്യേകിച്ചും ദക്ഷിണദേശങ്ങളിൽ നീഗ്രോകളുടെ വിദ്യാഭ്യാസത്തിൽ ഇതു കാണു

KOTTAYAM PUBLIC LIBRARY KOTTAYAM

ന്നുണ്ടു്. 1954-ലും 1955-ലും ഉണ്ടായ സുപ്രീംകോടതിയു ത്തരവുകൾക്കു മുമ്പ് വെള്ളക്കാക്കും നീഗ്രോകൾക്കും പ്രത്യേകം പ്രത്യേകം പള്ളിക്കൂടങ്ങളാണ് അവിടെ ഉണ്ടായിരുന്നതു്. നിയമം ഇന്നതനുവദിക്കുന്നില്ല. എങ്കിലും ഒരു ദീർഘകാലത്തെ പരിശ്രമഫലമായി മാത്രമേ അവിടത്തെ വിദ്യാഭ്യാസം തുല്യാവസ്ഥയിൽ എത്തിക്കുവാൻ സാദ്ധ്യമാകുകയുള്ളു.

## *വിദ്യാഭ്യാസവും സ്വതന്ത്രലോകവും*

രണ്ടാംലോകമഹായുദ്ധാനന്തരം അന്താരാഷ്ട്രീയ വിദ്യാഭ്യാസത്തിലുണ്ടായ തള്ളലാണ് ആവേശകരമായ പുതുവികസനങ്ങളിലൊന്നു്. ഏകദേശം 35,000 വിദേശവിദ്യാത്ഥികൾക്കു പുറമേ 15,000 സാങ്കേതികപരിശീലനവിദ്യാത്ഥികളും ഐക്യനാടുകളിൽ പഠിക്കുന്നുണ്ടു്. പുറംരാജ്യങ്ങളിൽ പോയി പഠിക്കുന്ന അമേരിക്കാക്കാരുടെ എണ്ണം 10,000 മാത്രവുമാണ്. ഫുൾബ്രൈററ് ആക്ററ്, സ്മിത്ത്മണ്ട് ആക്റ്റ്, എഡ്യൂക്കേഷനൽ എക്സ്ചേഞ്ച് ആക്ററ് മുതലായ നിയമങ്ങൾ ഫെഡറൽ ഗവണ്മെൻറിൻെറ കഴിവുകളെയെല്ലാം ലോകചരിത്രത്തിൽ ഏററവും വിപുലമായ അന്താരാഷ്ട്രീയ വിനിമയപരിപാടിക്കു വിധേയമാക്കിയിട്ടുണ്ടു്. ഒരു സ്വതന്ത്രസ്ഥാപനമായ ഇൻറർനാഷണൽ എഡ്യൂക്കേഷൻ ഇൻസ്റ്റിട്യൂട്ട് അമേരിക്കൻ വിദ്യാത്ഥികൾക്കും, വിദേശവിദ്യാത്ഥികൾക്കും വേണ്ട വിദ്യാഭ്യാസസഹായങ്ങൾ നല്കിവരുന്നു. വിദ്യാഭ്യാസച്ചെലവിനു മതിയാകത്തക്ക വേതനങ്ങൾ സാധാരണയായി കോളേജുകളും സർവ്വകലാശാലകളും നല്കിവരുന്നുണ്ടു്.

സർവ്വകലാശാലയിലേയും കോളേജുകളിലേയും വിദ്യാത്ഥികളും അദ്ധ്യാപകന്മാരും മാത്രമല്ല, ഹൈസ്കൂളുകളിലെ വിദ്യാത്ഥികളും, തൊഴിൽ-വ്യവസായ-കൃഷിപ്രതിനിധികളും സാങ്കേതികവിദഗ്ദ്ധരും ഈ സംസ്കാരസങ്കീർണ്ണതയിൽ പങ്കെടുക്കുന്നുണ്ടു്. ഫെഡറൽ ഓഫീസ് ആഫ് എഡ്യൂക്കേഷൻ അദ്ധ്യാപകന്മാക്കും, നേതാക്കന്മാക്കും, വിദഗ്ദ്ധന്മാർക്കുമായി പ്രത്യേകപരിപാടികൾ നടത്തിവരുന്നു. അതിൽ ഒരു

പദ്ധതിയനുസരിച്ച് മറുരാജ്യങ്ങളിൽ പോയി പഠിപ്പിക്കുന്നതിന് ഏകദേശം മൂവ്വായിരം അദ്ധ്യാപകന്മാരെ അയക്കുകയും അമേരിക്കയിൽ പഠിപ്പിക്കുന്നതിന് വിദേശങ്ങളിൽനിന്നും അദ്ധ്യാപകന്മാരെ വരുത്തുകയും ചെയ്യുന്നുണ്ട്. വിദേശങ്ങളിലെ വിദ്യാഭ്യാസപ്രവണതകളെപ്പററിയുള്ള വിലപിടിച്ച അറിവുകൾ ലഭിക്കുന്നതിന് ഒരു അന്താരാഷ്ട്രീയ പദ്ധതിയും ആസൂത്രണം ചെയ്തിട്ടുണ്ടെന്നതു് എഡ്യൂക്കേഷൻ ആഫീസിന്റെ സ്തുത്യർഹമായ സേവനമാണ്.

ഒരു കോളേജിലോ സർവ്വകലാശാലയിലോ വിദേശവിദ്യാർത്ഥികൾ പഠിക്കുന്നുവെങ്കിൽ അതിനടുത്തുള്ള ജനസമുദായം അതിൽ താല്പര്യമെടുക്കുന്നു. ആ വിദ്യാർത്ഥികളുടെ നാടിനെപ്പററി അറിവാൻ ആ താല്പര്യം അവർ വിനിയോഗിക്കുന്നു. ഈ വിധത്തിൽ ഈ ഭൂഖണ്ഡത്തിന്റെ നടുഭാഗങ്ങളിൽ കിടക്കുന്ന ചില പട്ടണങ്ങൾ വിദേശരാഷ്ട്രങ്ങളുമായി ഇടപെടുവാൻ ഇടയായിട്ടുണ്ട്. വിദേശവിദ്യാർത്ഥികൾക്ക് അങ്ങനെ ഒരു രണ്ടാംവീട്ട് കണ്ടെത്തുവാനും സാധിച്ചിട്ടുണ്ട്.

ആ വിദ്യാർത്ഥികൾക്ക് അവിടത്തെ ഭാഷയുമായി പഴകുന്നതിനും, അവരുടെ മര്യാദകൾ പഠിക്കുന്നതിനും, അമേരിക്കൻ ജീവിതരീതിയെപ്പററി പ്രസംഗങ്ങൾ കേൾക്കുന്നതിനും, അമേരിക്കൻ വിദ്യാർത്ഥികളുമായി ചർച്ചായോഗങ്ങളിൽ പങ്കുകൊള്ളുന്നതിനും, ചുററുമുള്ള ജനസമുദായവുമായി ഒത്തിണങ്ങുന്നതിനും സൗകര്യപ്പെട്ടമാറു് വേനൽക്കാലങ്ങളിൽ പ്രത്യേക പരിശീലനക്ലാസ്സുകൾ നടന്നുവരുന്നുണ്ട്.

ആഭ്യന്തരപുരോഗമനത്തിലെന്നപോലെതന്നെ അന്താരാഷ്ട്രീയകാര്യങ്ങളിലും ഐക്യനാടുകൾ വിദ്യാഭ്യാസത്തെ പൂർണ്ണമായി വിശ്വസിക്കുന്നു. നന്മ എന്താണെന്നറിയുന്നതിനും പരിശീലിക്കുന്നതിനും മനുഷ്യനുള്ള ആഗ്രഹത്തിലും, അവൻ ഏതുവിധത്തിൽ ആയിത്തീരേണമോ അതിൽനിന്ന് അവനെ തട്ടിമാററുന്ന പ്രശ്നങ്ങൾ ദുശ്ശീലങ്ങൾ ഇവയെ വിജയിപ്പാനും, വിവരിപ്പാനും വിജ്ഞാനത്തിനുള്ള ശക്തിയിലും, അമേരിക്ക വിശ്വസിക്കുന്നു. പരീക്ഷണങ്ങളാലും ദേശീയനിയന്ത്രണങ്ങളാലും അമേരിക്കൻവിദ്യാഭ്യാസസമ്പ്രദായം വിശദീകരിക്കുന്നതു് അന്താരാഷ്ട്രീയമായിപ്പോലും വിവിധതപ

ത്തിൽനിന്നു് നമ്മൾക്കു് ഐക്യവും നിയന്ത്രണമില്ലാത്ത സഹകരണവും നേടുവാൻ സാധ്യതയുണ്ടെന്നാണു്. പക്ഷേ, തുടർച്ചയായ ആശയവിനിമയം ഐക്യവും വിവിധത്വവുമുണ്ടാകാൻ കൂടിയേതീരൂ. വിദ്യാഭ്യാസരംഗത്തിലെ പുതിയ അന്താരാഷ്ട്രീയത്വം അതായിരിക്കും നല്ലതു്.

എതിർതെളിവുകളെല്ലാമുണ്ടെങ്കിലും ഐക്യനാടുകൾ ഇന്നു് ഒരു സാംസ്കാരിക നവോത്ഥാനത്തിൻെറ മദ്ധ്യത്തിലാണു്; ചരിത്രത്തിലെ രോമാഞ്ചംകൊള്ളിക്കുന്ന ഘട്ടത്തിൽ ഇപ്രാവശ്യം കഴിഞ്ഞകാലങ്ങളിലെപ്പോലെ സംസ്കാരം ഉയന്നവക്കായി സംവരണം ചെയ്യപ്പെട്ടിട്ടില്ല. അതിപ്പോൾ എല്ലാവക്കമായി ദാനംചെയ്തിരിക്കയാണു്. അതിൻെറ ഫലം അടുത്ത അദ്ധ്യായത്തിൽ നമുക്കു് ചിന്തിക്കാം.

'ബുദ്ധിമാൻ' എന്ന പദം ലജ്ജയോടെയാണു് അമേരിക്കാക്കാരൻ വീക്ഷിക്കുന്നതു്. സമുദായമെന്നതു് ഒരു വർഗ്ഗീയപടനിലമാണെന്നുള്ള തലമുറിഞ്ഞ അഭിപ്രായത്തെ വളത്തിയെടുക്കുവാൻ മാർക്സ് ഉപയോഗിച്ച പദമാണതു്. അതൊരു വർഗ്ഗീയമേൽക്കോയ്മയെ സൂചിപ്പിക്കുന്നു. അമേരിക്കാക്കാരൻ അതു് അനുവദിക്കുകയില്ല. എങ്കിലും ഇന്നു് എന്നത്തേതിലും കൂടുതലായി ആശയമുള്ളവനെ ആദരിക്കുന്നുമുണ്ടു്. രാജ്യഭരണത്തിൽ ധനശാസ്ത്രജ്ഞൻ, സാമൂഹികശാസ്ത്രജ്ഞൻ മുതലായ ആശയവിദഗ്ദ്ധർ, മുൻകാലങ്ങളിലെ ഊഹാപോഹമാർഗ്ഗങ്ങൾക്കു പകരമായി ഒരു രാഷ്ട്രീയശാസ്ത്രം കെട്ടിപ്പടുക്കുകയാണു്. അതിൻെറ ഫലസിദ്ധിയാൽ അത്ഭുതംകൊണ്ടു് അമേരിക്കയിലെ ഭൂരിഭാഗംവരുന്ന മദ്ധ്യവത്തിവർഗ്ഗം അതിനെ സന്മാർഗ്ഗജീവിതംപോലെതന്നെ അത്യന്താപേക്ഷിതമായ ഒന്നായി ആദരിക്കുവാൻ തുടങ്ങിയിട്ടുണ്ടു്. ജ്ഞാനമാണു് ശക്തി. അതിപ്പോൾ മാനവസമുദായത്തെ നിശ്ശേഷം നശിപ്പിക്കത്തക്ക ആചാരശക്തിയിൽ എത്തിച്ചേന്നിരിക്കുന്നതിനാൽ, അതിനെ രക്ഷിക്കുന്നതിനുതകുന്ന ജ്ഞാനത്തിൻെറ ആവശ്യം തുടന്നുള്ള ജ്ഞാനസമ്പാദനപരിശ്രമത്തിനു് ഒരുഗ്രമായ പ്രേരണയാണു്.

അതിരില്ലാത്ത ചക്രവാളത്തോടുകൂടിയ ഒരു ഭൂലോകമാണു് അമേരിക്കാക്കാരൻ സ്വപ്നം കാണുന്നതു്. സാങ്കേതിക

ജ്ഞാനം ആ ലോകത്തേക്കുള്ള വാതിൽ തുറന്നു കഴിഞ്ഞു. തങ്ങളുടെ ജീവിതത്തിൽത്തന്നെ ആ സ്വപ്നം സഫലമായേക്കാമെന്നുള്ള ആശ്ചര്യത്തോടെ അവർ അവധാനപൂർവ്വം പടിവാതിലിലേക്കു കാൽവയ്ക്കുകയാണ്. അദ്ധ്യാപകൻേറയും, ശാസ്ത്രജ്ഞൻേറയും കലാകാരൻേറയും മുഖത്തേക്കവർ നോക്കുകയാണ് നേതൃത്വത്തിന്. സ്വന്തം അടിത്തറപോലും കുലുക്കിപ്പിഴുതുകളയുമെന്നുള്ള ഭീഷണി ജനിക്കുമാറു് സ്കൂളുകൾ വിദ്യാർത്ഥിപ്രവാഹത്തെ അഭിമുഖീകരിക്കുന്നു. എന്നാൽ ഈ നടപടികളിൽനിന്നും പിന്നോട്ടു നീങ്ങുവാൻ നിർവ്വാഹമില്ലാത്തവിധം സമുദായത്തിന് വിദ്യാഭ്യാസപരമായ ഒരനുഭവം സിദ്ധിക്കുവാൻപോകയാണ്.

## അദ്ധ്യായം എട്ട്
## രാഷ്ട്രീയജീവി.

അമേരിക്കൻ രാഷ്ട്രീയതയും കക്ഷിപിരിവുകളും ആശയങ്ങളെ അടിസ്ഥാനമാക്കിയുള്ളവയല്ല, താത്പര്യങ്ങളെ അടിസ്ഥാനമാക്കിയുള്ളവയാണ്. വമ്പിച്ച രാഷ്ട്രീയവിഭാഗങ്ങളെ യാഥാസ്ഥിതികരെന്നോ ഉത്പതിഷ്ണുക്കളെന്നോ തരംതിരിക്കുന്നതു തെററിദ്ധാരണ ജനിപ്പിക്കുകയായിരിക്കും. ഒരു വിധത്തിൽ അതു ശരിതന്നെ; പക്ഷേ, അങ്ങനെയല്ലതാനും. അവ ശരിയായ അർത്ഥത്തിലുള്ള കക്ഷികളല്ല. അവ താത്പര്യങ്ങളുടെ ഏകീകരണമാണ്. അതു മാറിയും മറിഞ്ഞും വരും. അതിനാൽ വ്യവസായം തൊഴിലിനു് എതിരാണെന്നു പറയുന്നതു തെററാണ്. എന്തെന്നാൽ അവ രണ്ടും അനേകം ചെറുഘടനകളാൽ നിർമ്മിക്കപ്പെട്ടവയാണ്. ചില വൻവ്യവസായങ്ങൾ ചെറിയവയുമായി ശണ്ഠകൂട്ടുന്നു. താഴ്ന്ന താരിപ്പുമൂലം ചില വ്യവസായങ്ങൾക്കു് ലാഭമുണ്ട്, മററുചിലതിനു് ഉയൎന്ന താരിപ്പാണാവശ്യം. വ്യവസായവും തൊഴിലും തൊഴിലിന്റെ ഉയരേണ്ട നിലവാരത്തിലും ഉത്പാദനത്തിലും ഒന്നുപോലെ യോജിക്കുന്നു. അഭിപ്രായവ്യത്യാസമുള്ളതു തൊഴിൽനിയമനിർമ്മാണങ്ങളിലാണ്.

സംഘട്ടനവും ശണ്ഠയും കൂടെപ്പിറപ്പായ ഒരതിസങ്കീർണ്ണജീവിയാണു് അതിൽനിന്നു് ഉടലെടുക്കുന്നതു്. തുടരെയുള്ള ഈ ഉരസൽ നമ്മെ മാംസക്കട്ടിയുള്ളവരും വഴങ്ങാത്ത പ്രകൃതക്കാരുമാക്കുന്നു. കായികശക്തിപ്രകടനം, ഒട്ടൊരു മെരുക്കമില്ലായ്മ, ഒത്തുതീർപ്പിനുള്ള പ്രാപ്തി, കാലതാമസം, ഒച്ചപ്പാട്, നമ്മുടെ അതിർകവിഞ്ഞ ആവശ്യങ്ങൾ വെട്ടിക്കുറയ്ക്കുമ്പോൾ വൻത്യാഗങ്ങൾ നടത്തിയ ഭാവന ഇവയിലെല്ലാം നാം വിരുതന്മാരാണ്. സാമുവെൽ ലൂബെൽ പറഞ്ഞതുപോലെ പരസ്പരം അടിപിടികൂടി ഐക്യം വളർത്തുന്ന സമ്പ്രദായമാണു് നമ്മുടെ ജനകീയതയുടെ കരുത്ത്. അനുദിനം

പെരുകിക്കൊണ്ടിരിക്കുന്ന ഒരു ജനതതിക്ക് അനുദിനം വളരുന്ന വികസനാനുകൂല്യങ്ങൾ ഈ സമ്പ്രദായം നല്കുന്നു എന്ന് അനുഭവം കാണിച്ചുതന്നിട്ടുണ്ട്.

ഈ വിഭിന്നാവകാശവാദങ്ങളെ വിചാരണചെയ്ത്, അനർഹമായ അധികാരങ്ങൾ ഒന്നിനും അനുവദിക്കാതെ, സർവ്വജനരമ്യമായ ഒരു തീരുമാനമുണ്ടാക്കുക എന്നതാണ് രാഷ്ട്രീയനേതാക്കന്മാരുടെ കടമ. നമ്മുടെ രാഷ്ട്രീയജീവിതത്തിന് ആശയരാഹിത്യമുണ്ടെന്ന് വിദേശനിരീക്ഷകർ അഭിപ്രായപ്പെടുന്നുണ്ട്. ഇത് രാഷ്ട്രമീമാംസയിൽ ചില പ്രത്യേകാശയസംഹിതകളുടെ ഇടുങ്ങിയ ചട്ടക്കൂടുകളുമായി അവർ പഴകിയതുമൂലമാണ്. ഓരോ പ്രശ്നത്തിനും സ്വന്തം പ്രത്യേകതകളുണ്ടെന്നും, ആ സാഹചര്യങ്ങളിലൂടെയാണ് അവയെ കൈകാര്യം ചെയ്യേണ്ടതെന്നും, എന്നാൽ അതിനുള്ള പരിഹാരബീജം അതിൽത്തന്നെ അടങ്ങിയിട്ടുണ്ടെന്നും, ശരിയായ രീതിയിൽ അതുമായി പെരുമാറിയാൽ തൃപ്തികരമായ അന്ത്യഫലം ജനിക്കുമെന്നുമാണ് അമേരിക്കക്കാരന്റെ അഭിപ്രായം.

എങ്കിലും, പ്രത്യക്ഷത്തിലുള്ള ഈ ആശയരാഹിത്യത്തിന്റെ പിന്നിൽ എല്ലാവരാലും ആദരിക്കപ്പെട്ടിട്ടുള്ള അനേകം അടിസ്ഥാനസിദ്ധാന്തങ്ങൾ കിടപ്പുണ്ട്:

1. ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ജനകീയഗവമ്മെന്റാണ് ഐക്യനാടുകളുടേത്. അതിന്റെ അധികാരം ജനങ്ങളിൽനിന്നു വരുന്നതും ജനങ്ങളിൽ നിക്ഷിപ്തവുമാണ്. തെരഞ്ഞെടുപ്പുമൂലം അവർക്കു യുക്തമെന്നു തോന്നുന്ന നേതാവിന് അതു നല്കുവാൻ അവർക്കധികാരമുള്ളതും, സ്വന്തം അധികാരം ഉപയോഗിച്ച് ചട്ടങ്ങളിൽ ഭേദഗതികൾ വരുത്താൻ കഴിവുള്ളതുമാണ്.

2. ഈ അധികാരം കൈവന്നിട്ടുള്ളത് അഭേദ്യമായ ഏതെങ്കിലും പുണ്യപുരാണങ്ങളിൽ നിന്നല്ല. ഒരു പ്രത്യേകമായ ആദർശത്തേയോ 'ഇസ'ത്തേയോ പരിഗണിക്കാതെ പുതുസാഹചര്യങ്ങളുമായി ഒത്തിണങ്ങുവാൻ കഴിവുള്ള മനുഷ്യന്റെ യുക്തിചിന്തയിൽ നിന്നുമാണതുണ്ടായത്.

3. പൊതുക്കാര്യങ്ങളെ മുന്നോട്ടു നയിക്കുവാൻ ഏറ്റവും

വിശ്വസനീയമായിട്ടുള്ളതു പൊതുജനങ്ങളുടെ ധാർമ്മികതീരുമാനമാണ്. പൊതുതെരഞ്ഞെടുപ്പുകളുടെ ഫലം ഈ ആദർശത്തെ ഈയിടെയായി അനുകൂലിക്കുന്നുമുണ്ട്.

4. ഗവർമ്മെന്റ് ആവശ്യമായ ഒരാപത്താണ്, സദാ വികസിച്ചുവരുവാനാണ് അതിന്റെ ശ്രമം. അതിനാൽ എപ്പോഴും സമരംചെയ്ത് അതിനെ നിയന്ത്രിക്കേണ്ടിയിരിക്കുന്നു. സ്വയമായോ, സേവനങ്ങളാലോ, പ്രാദേശികനിലയിലോ നാം എത്രമാത്രം പ്രവർത്തനങ്ങൾ നടത്തുന്നുവോ അത്രയ്ക്കു ഗവർമ്മെന്റിന്റെ അപകടകരമായ ശക്തി കുറയുകയും ചെയ്യും. മനുഷ്യന്റെ സൽഗുണങ്ങളിൽനിന്നു സമുദായം ഉത്ഭവിക്കുംപോലെതന്നെ, അവരുടെ ദുർഗ്ഗുണങ്ങളിൽനിന്ന് ഗവർമ്മെന്റും ഉണ്ടാകുന്നു എന്നു ടോം പെയ്ൻ പറഞ്ഞതിനോടു നമ്മൾക്കു യോജിക്കുകയേ തരമുള്ളു. തന്മൂലം രാഷ്ട്രീയമായി പര്യവസാനിക്കുമായിരുന്നതിനെ സാമുദായികമായി നിലനിർത്താൻ സേവനപരവും പ്രാദേശികവുമായ പ്രവർത്തനങ്ങളിൽ നാം ശ്രദ്ധ ഊന്നണം.

5. നിയമയോജിപ്പു നമ്മൾക്കു സമാധാനമേകുന്നു എങ്കിലും അടുത്തുണ്ടായ വിപ്ലവത്തിൽനിന്നും നാം പുതിയ യോജിപ്പുകൾ തുടരെ നിർമ്മിച്ചുവരുന്നു. നാം ഇപ്പോൾ അനുകൂലിക്കുന്ന എല്ലാ ഗവർമ്മെന്റ്പ്രവർത്തനങ്ങളും ഏതെങ്കിലുമൊരുകാലത്തു മൗലികപരിവർത്തനപരങ്ങളായിപ്പരിഗണിച്ചിരുന്നവയാണ്. ബാലന്മാരെ സംബന്ധിച്ച തൊഴിൽനിയമം, കനത്തകെട്ടുള്ള നികുതിനിയമം, തൊഴിൽരഹിതർക്കുള്ള രക്ഷാഭോഗം മുതലായവ ഇതിനുദാഹരണങ്ങളാണ്. ഏതെങ്കിലും ഒരു പരിപാടി, വ്യവസായത്തേയോ, തൊഴിലിനേയോ, കൃഷിയാദായത്തേയോ, ജോലിസമയത്തിനും ശമ്പളത്തിനുമുള്ള വർദ്ധനവിനേയോ, അന്താരാഷ്ട്രീയബന്ധത്തേയോ, നിയന്ത്രിക്കുന്നുണ്ടെങ്കിലും ഇല്ലെങ്കിലും ശരി, താത്കാലികകാര്യസാദ്ധ്യത്തിനുതകുന്നു എന്നു കണ്ടാൽ, രാഷ്ട്രീയാദർശനിയന്ത്രണപ്രതിരോധങ്ങൾ കൂടാതെതന്നെ അതു നാം സ്വീകരിക്കുന്നു.

6. സ്വാതന്ത്ര്യവിളംബരത്തിന്റേയും ഭരണഘടനയുടേയും വാഗ്ദത്തങ്ങളനുസരിച്ച് ഏതു പൗരനും ജന്മനാ തുല്യസ

മത്വമുള്ളതിനാൽ അമേരിക്കായിൽ വർഗ്ഗീയസമരം ഉണ്ടായി ട്ടേ ഇല്ല. അവരുടെ തത്വശാസ്ത്രം അവാന്തരവിഭാഗീയതകളെ നിഷേധിക്കുന്നു. അവകാശം നിലനില്ക്കുന്നിടത്തു് അതിനവർ അംഗീകാരം നല്കുന്നു എങ്കിലും, ഒരു വെല്ലുവിളിയായിട്ടാണു് അവരതു കരുതുന്നതു്. ഒരുകാലത്തു് അവർക്കുതന്നെ കേറി പ്ര വേശിക്കാവുന്ന സമ്പന്നൻെറ സൗധത്തെ എന്തിനു് ഇടി ച്ചുപൊളിക്കുന്നു? അങ്ങനെ പരിഷ്കാരം പുതുരൂപം കൈ ക്കൊള്ളുന്നു. വമ്പന്റെ പ്രതാപത്തെ നശിപ്പിക്കുകയല്ല, അതു് എല്ലാവർക്കുമായി പിടിച്ചെടുക്കുകയാണു് ചെയ്യുന്നതു്. സാമു ദായികവിപ്ലവത്തിനുപകരം നാം സാമുദായികരൂപാന്തര ത്തെയാണു് സ്വീകരിക്കുന്നതു്. മനുഷ്യൻെറയും പ്രകൃതിയുടേ യും കഴിവുകളാലും, പ്രകൃതം സേവനസന്നദ്ധത പൗരുഷം ഇവയുടെ ദൈവികമായ സങ്കീർണ്ണതയാലുമാണു് ഈ ഭാഗ്യാ നുഭവം കൈവരുന്നതു്. സാമുദായികപുരോഗമനത്തിൻെറ ഓരോ പടിയും ഒന്നിനുമേൽ ഒന്നായി കെട്ടിയുയർത്തുവാൻ സാദ്ധ്യതയുള്ളപ്പോൾ അവ നിലനിരപ്പിൽ തട്ടിത്തകർത്തു് വീ ണ്ടും ആദിമുതൽ പണിതുടങ്ങേണ്ട ആവശ്യമില്ല.

അതിനാൽ, ഈ വടംവലികളും സമരങ്ങളുമെല്ലാം നട ന്നുവരുന്നുവെങ്കിലും ഒരു സൗഭ്രാത്രമനഃസ്ഥിതി രാഷ്ട്രീയജീ വിതത്തിൽ ഒളിഞ്ഞുകിടക്കുന്നു. ഗവർണ്ണർ പട്ടണത്തിൽവന്നു് ഒരു പ്രസംഗം നടത്തുന്നു. അതിൽ അദ്ദേഹം പറയുകയാണു്: "നിങ്ങളേയും എന്നേയുംപോലുള്ള സാധാരണക്കാരനു പററു ന്ന പ്രവർത്തനങ്ങളാണു് നമ്മൾക്കാവശ്യ"മെന്നു്. അതു് ആ ത്മാർത്ഥതയോടുകൂടിത്തന്നെയാണു പറയുന്നതു്. വിദേശത്തു ജനിച്ചു്, കുടിയേററക്കാരൻെറ പുത്രനായി ഇവിടെ എത്തി, സ്വപരിശ്രമത്താൽ സാമ്പത്തികസോപാനത്തിൻെറ ഉച്ചനി ലയിലെത്തിയ അദ്ദേഹത്തിനു് എന്തുകൊണ്ടു രാഷ്ട്രീയപ്രവ ർത്തനവും പാടില്ല.

തങ്ങളുടെ സമരങ്ങളിലും, എതിർശക്തികൾ തമ്മിൽ മൗലികമായി യോജിപ്പാണുള്ളതു്. നാം എല്ലാം സമന്മാരാ ണെന്നു സമ്മതിച്ചുകഴിഞ്ഞു. സമത്വം എങ്ങനെയുള്ളതെന്നു മാത്രമാണു് പ്രശ്നം! മാർക്സിൻെറ വർഗ്ഗീയസമരം തികച്ചും ഒരു ചിത്തഭ്രമമമാണെന്നുള്ളതു വ്യക്തമാണു്. ഇൗ ദിവാ

സ്വപ്നം സാമുദായികനിയമത്തിന്റെ സ്വീകാര്യമായ വിവരണ മായി ചിന്താശക്തിയുള്ള മനുഷ്യൻ അംഗീകരിക്കുന്നതെങ്ങ നെയെന്നു നമ്മൾക്കു മനസ്സിലാകുന്നില്ല. മാത്രമല്ല, അതിനു പരിഹാരമായി നമ്മുടെ പൂർണ്ണതൃപ്തികരമായ ഈ സമ്പ്രദാ യം മററുള്ളവക്ക് എന്തുകൊണ്ടു പിൻതുടരാൻ പാടില്ലാ എ ന്നു കണ്ടുപിടിക്കുകയും വിഷമമമാണ്.

7. അധികാരം അപകടംപിടിച്ചതാകയാൽ അതു് അ നേകമായി വിഭജിക്കയായിരിക്കും ഉത്തമം. പ്രാദേശികമായും സാംസ്ഥാനികമായും രാഷ്ട്രീയമായും അതു വിഭജിക്കാം. ഗവ ൎമ്മെന്റുദ്യോഗസ്ഥന്മാരിലും, സേവനസംഘടനകളിലും, രാഷ്ട്രീ യകക്ഷികളിലുമായി അതു പകുക്കാം. പ്രായോഗികതയുള്ളേട ത്തെല്ലാം പ്രതിഫലമില്ലാത്ത സേവനമായിരിക്കണം അതു്. ഗവൎമ്മെന്റിൽതന്നെ അതു്, പരിശോധനകളും നീക്കിയിരുപ്പു കളുമായി വീണ്ടും വിഭജിക്കാവുന്നതാണ്.

ഗവൎമ്മെൻറിനെപ്പററിയുള്ള അമേരിക്കൻചിന്താഗതി ലിങ്കൺ അതിഭംഗിയായി സംക്ഷേപിച്ചിട്ടുണ്ടു്: “ഒരു സമുദാ യത്തിനു് ആവശ്യമായി ചെയ്യേണ്ടതും, എന്നാൽ അതിനവക്കു കഴിവില്ലാത്തതും അഥവാ ഉണ്ടെങ്കിൽത്തന്നെ അവരുടെ പ്ര ത്യേകവും വ്യക്തിപരവുമായ കഴിവുകളാൽ തൃപ്തികരമായി നിൎവ്വഹിക്കുവാൻ സാദ്ധ്യത കുറഞ്ഞതും, ആയ കാൎയ്യങ്ങൾ ചെയ്തുകൊടുക്ക എന്നതാണു് ഒരു ഗവൎമ്മെന്റിന്റെ യഥാൎത്ഥ മായ ധൎമ്മം.”

### *കക്ഷിപിരിവുകൾ*

ഭരണഘടനയിൽ രാഷ്ട്രീയകക്ഷികളെ സംബന്ധിച്ചു് യാതൊരു വ്യവസ്ഥയുമില്ലാതിരുന്നതിനാൽ സംസ്ഥാനനിയ മങ്ങൾക്കു വിധേയമായി അവസ്സു തനതായി ചട്ടങ്ങൾ ഉണ്ടാ ക്കേണ്ടിവന്നു. ഇങ്ങനെ വളൎന്നുവന്ന സമ്പ്രദായത്തിനു് ഒട്ടും തന്നെ കെട്ടുറപ്പുണ്ടായിരുന്നില്ല. ഉദാഹരണമായി, ആരാണു് ഒരു കക്ഷിയംഗം? പാൎട്ടിയംഗങ്ങളുടേതായി എഴുപതു ശത മാനം വോട്ടുകൾ കണക്കിൽപെടുത്തിയിട്ടുണ്ടെങ്കിലും അതിൽ അധികംപേരും, പ്രാഥമികവോട്ടുചെയ്യലിനു കൂടുന്നതിനോ തെരഞ്ഞെടുപ്പുകളിൽ വോട്ടുചെയ്യുന്നതിനോ, സ്ഥാനാൎത്ഥി

കളെ വിജയിപ്പിക്കുന്നതിനുള്ള പ്രചരണയോഗങ്ങളിൽ പങ്കു കൊള്ളുന്നതിനോ, പ്രസിഡൻററ്തിരഞ്ഞെടുപ്പുകാലത്തെ ആവേശഘട്ടങ്ങളിൽ നടത്തുന്ന പ്രചരണഘോഷയാത്രക ളിൽ ഉൾപ്പെടുന്നതിനോ അല്ലാതെ അതിൽ കൂടുതലായി ഒന്നി നും പങ്കുകൊള്ളാറില്ല.

ഗവണ്മെൻറുഘടകങ്ങളെന്നതുപോലെതന്നെ പാർട്ടികളും രൂപീകരിക്കുന്നതു താഴെനിന്നും മുകളിലേക്കാണ്; അല്ലാതെ മുകളിൽനിന്നും അടിയിലേക്കല്ല. പ്രാദേശികകക്ഷിഘടകം രൂ പീകരിക്കുന്നതു തന്നെത്താനാണ്. ഭരണസമിതി എത്ര വി പുലമായിരിക്കേണമെന്ന് അതു തീരുമാനിക്കുകയും തെര ഞ്ഞെടുപ്പുമൂലം അതിലേക്കുള്ള ഉദ്യോഗസ്ഥന്മാരെ നിയമിക്ക യും ചെയ്യുന്നു.

അതാതിനുള്ള പരിധിവരെ സ്വന്തകാര്യങ്ങൾ ഉപരി ഘടകങ്ങളിൽനിന്നുള്ള നിർദ്ദേശങ്ങൾകൂടാതെ നിർവ്വഹിക്കു വാൻ ഓരോ ചെറുഘടകത്തിനും അധികാരമുണ്ട്. സംസ്ഥാ നത്തെ ഓരോ കക്ഷിക്കും സ്വന്തമായ പ്രത്യേകം ചട്ടങ്ങളുണ്ട്. കോൺഗ്രസ്സിലേക്കും, ഗവണ്ണർസ്ഥാനത്തേക്കും മററുദ്യോഗങ്ങ ളിലേക്കും സ്വന്തം സ്ഥാനാർത്ഥികളെ അവർ നിശ്ചയിക്കുന്നു. രാഷ്ട്രീയസമിതിക്ക് സംസ്ഥാനങ്ങളുടെമേൽ നിയമാധികാര ങ്ങൾ ഒന്നുംതന്നെ ഇല്ല. പ്രസിഡൻറിന് ഇഷ്ടമുള്ളവരെ കോൺഗ്രസ്സിൽ നിയമിക്കുന്നതിന് അധികാരവുമില്ല. 1938-ൽ പ്രസിഡൻറ് റൂസ്വെൽട്ട് നടത്തിയ പരിശ്രമം ഇതിനുദാഹരണമാണ്. പ്രസിഡൻറിൻെറ പാർട്ടിയിൽ പെട്ട വനാണെങ്കിലും അദ്ദേഹത്തിൻെറ നയങ്ങളെ എതിർക്കുന്ന വൻ തെരഞ്ഞെടുപ്പിക്കപ്പെട്ടവാൻ അർഹനാണ്. അവനെ തെരഞ്ഞെടുക്കുകയും ചെയ്യും.

ഒരു കക്ഷിയിൽനിന്നും പിരിച്ചുവിടുക എന്ന നടപടി അവിടെ ഇല്ല. പിരിച്ചുവിടുകയല്ലാ, മെരുക്കി എടുക്കുക എ ന്നതാണ് അമേരിക്കൻകക്ഷിസമ്പ്രദായത്തിൻെറ സ്വാഭാവിക നയം. വിപുലമായ വിവിധ താൽപര്യങ്ങളുടെ സംയോജന മാണ് ഒരു കക്ഷി. തെരഞ്ഞെടുപ്പിൽ വിജയിക്കുന്നതിനും, അന്ത്യസമ്മാനമായി പ്രസിഡൻറുസ്ഥാനം ലഭിക്കുന്നതിനും ഉള്ളതാണ് അവരുടെ സംയോജനം. ഓരോ വൻപാർട്ടിയും

ഓരോ തരത്തിൽ പെട്ട ഏതാനും വോട്ടുകാരെയെങ്കിലും സമീപിക്കണം. തൊഴിലാളികൾ, കർഷകർ, കത്തോലിക്കർ, പ്രോട്ടസ്റ്റൻറുകാർ, നീഗ്രോകൾ, മററു ചെറുസമുദായങ്ങൾ, ദക്ഷിണദേശീയർ, ഉത്തരദേശീയർ, വ്യവസായികൾ, തൊഴിൽക്കാർ, സമ്പന്നർ, പാവപ്പെട്ടവർ, യാഥാസ്ഥിതികന്മാർ, ഉത്പതിഷ്ണുക്കൾ,അന്താരാഷ്ട്രീയമനഃസ്ഥിതിയുള്ളവർ,രാഷ്ട്രീയവാദികൾ ഇങ്ങനെ വോട്ടർമാർ പലതരത്തിൽ പെട്ടന്നവരുമാണ്.

നമ്മെ യുദ്ധത്തിൽനിന്നും ഒഴിവാക്കാമെന്നു് ഓരോ കക്ഷിയും പ്രതിജ്ഞ ചെയ്യണം. എന്നാൽ ഒരു യുദ്ധം ഉണ്ടാകുന്നവെങ്കിൽ വിജയം നേടാമെന്നും, വോട്ടുചെയ്യുന്നവക്ക് ആനുകൂല്യങ്ങൾ ചെയ്തുകൊടുക്കാമെന്നും, നികുതി കുറയ്ക്കാമെന്നും, സമ്പദ്‌വ്യവസ്ഥ പരിപൂർണ്ണതയിൽ നിലനിത്താമെന്നും, നാണയപ്പെരുപ്പം തടയാമെന്നും, ഭക്ഷ്യസാധനങ്ങളുടെ വില ഉയത്താതെ കാർഷികവരുമാനം വദ്ധിപ്പിക്കാമെന്നും, കമ്മ്യൂണിസം തുരത്താമെന്നും, നാട്ടിലെ അട്ടിമറിപ്രസ്ഥാനം തകക്കാമെന്നും, പൗരസ്വാതന്ത്ര്യം വദ്ധിപ്പിക്കാമെന്നും, മററു പാട്ടികൾ ചെയ്യുന്നതിനേക്കാൾ സ്തുത്യർഹമായ നിലയിൽ കാര്യങ്ങൾ ചെയ്യാമെന്നും ആ കക്ഷി വാക്കുകൊടുക്കണം.

വരുമാനക്കുറവുള്ള വോട്ടർമാർ ഡെമോക്രാററിക് കക്ഷിയെയാണ് അനുകൂലിക്കുന്നതെങ്കിലും, ആ കക്ഷിയോ റിപ്പബ്ലിക്കൻ കക്ഷിയോ ഏതെങ്കിലും ഒന്നു് തൊഴിലാളികൾക്കുവേണ്ടി നിലകൊള്ളുന്നു എന്നു പറയുന്നതു് തെററാണ്. സംഘടിതതൊഴിലാളികൾ ഒരു കക്ഷിക്ക് പിൻതുണ നല്കുവാൻ മുതിന്നപ്പോൾ മററു സംഘടനകൾക്കും അതു സാദ്ധ്യമാണെന്നും അതുമൂലം അവക്കു നേട്ടമുണ്ടാകുന്നില്ലെന്നും അവർ കണ്ടു. അതിനാൽ ഒരു പുതിയ ഉപായം അവർ കണ്ടെത്തി—ഇരുകക്ഷികളുമായി വിലപേശി തീരുമാനിക്കുക എന്നതു്.

ഡെമോക്രാറ്റുകൾ ഗവമ്മെൻറുനിയന്ത്രണത്തിനും, കൂടുതൽ ചെലവുകൾക്കും അനുകൂലിക്കുന്നു എന്നും, റിപ്പബ്ലിക്കുകാർ നിയന്ത്രണവും ചെലവും ചുരുക്കുന്നതിനുവേണ്ടി നിലകൊള്ളുന്നുവെന്നും ആണ് വോട്ടറന്മാരുടെ അഭിപ്രായം. പക്ഷേ, അടുത്തകാലത്തെ ബജററുകൾ ഈ വ്യത്യസ്തചിന്താഗതിയ

ഖണ്ഡിക്കുന്നു. അതിനാൽ സാമ്പത്തികാധഃപതനഭീതി ഡെമോക്രാററുകൾക്കും, ക്ഷേമകാലം റിപ്പബ്ലിക്കുകാക്കും അനുകൂലതരമാണ്. റിപ്പബ്ലിക്കുകാർ ഉൽപാദനത്തിൽ ശക്തി ഊന്നുമ്പോൾ ഡെമോക്രാററുകൾ വിതരണത്തിൽ ശ്രദ്ധിക്കുന്നു. എങ്കിലും ഒരു രാഷ്ട്രീയതെരഞ്ഞെടുപ്പിൽ വിജയിക്കുവാൻ, ഇടത്തരവരുമാനവും താഴ്ന്ന വരുമാനവും ഉള്ള വിഭാഗങ്ങളുടെ ഭൂരിപക്ഷം കൂടിയേ തീരു. അതിനാൽ, തത്വത്തിലേതിനേക്കാൾ സൂക്ഷ്മാംശത്തിലാണ് കൂടുതൽ അകലുന്നതു്. ഇരുഭാഗക്കാരും നടുവിൽ മാതൃകയിലുള്ള നിയമനിർമ്മാണം അനുകൂലിക്കുന്നവരാണ്. ഓരോ കക്ഷിയിലും പ്രാധാന്യം ഇപ്പോൾ ഉത്പതിഷ്ണുക്കൾക്കുമാണ്.

പ്രത്യയശാസ്ത്രമില്ലായ്മയാണ് അമേരിക്കൻകക്ഷികളെ സുസ്ഥിരമായി നിലനിർത്തുന്നതു്. അതുമൂലംതന്നെയാണ് ഉത്തരദേശത്തെ ഉത്പതിഷ്ണുക്കളുടെ അതേ കക്ഷിയിൽത്തന്നെ ദക്ഷിണദേശത്തെ യാഥാസ്ഥിതികഡെമോക്രാറ്റുകൾക്ക് നിൽക്കുവാൻ കഴിവുണ്ടാക്കുന്നതും. പോരെങ്കിൽ വൈവിദ്ധ്യങ്ങളെ ഏകീകരിക്ക എന്നതാണ് അമേരിക്കൻ സമ്പ്രദായവും. പ്രത്യയശാസ്ത്രങ്ങൾ മദ്ധ്യകാലദുർഗ്ഗങ്ങൾപോലെയോ മാന്ത്രികരേഖപോലെയോ ആണ്. സ്ഥാനത്തിനുവേണ്ടി അവർ പടവെട്ടുന്നു. അമേരിക്കായിലെ കക്ഷിസമ്പ്രദായം ജലരൂപമാണ്; സദാ ചഞ്ചലവും, ചുററുപാടുമുള്ള സമുദായസ്ഥിതിയനുസരിച്ച് രൂപം കൈക്കൊള്ളുന്നതും. ലോകം എങ്ങനെയായിത്തീരേണമെന്നുള്ള ഒരു ദാർശനികശാസ്ത്രജ്ഞൻെറ സ്വപ്നത്തിനേക്കാൾ ജനഹിതത്തിൻെറ ദർപ്പണമാണതു്.

അമേരിക്കൻരാഷ്ട്രീയതയിൽ സ്വാഭാവികമായ ഒരു ഇടതുപക്ഷവും വലതുപക്ഷവും ഇല്ലാത്തതെന്തുകൊണ്ടു്? രണ്ടിലും അമിതവാദികൾ ഇല്ലാ എന്നുള്ളതുകൊണ്ടുമാത്രം. വർഗ്ഗീയഭിന്നതകൾ ഇല്ലാതെയാക്കുന്നതിനും വിഗണിക്കുന്നതിനുമാണ് അമേരിക്ക സാമുദായികമായി ശ്രമിച്ചിട്ടുള്ളതു്. അതിനും പുറമേ സാമ്പത്തികനില പ്രതിദിനം വികസിച്ച് കൂടുതൽ കൂടുതൽ ജനങ്ങൾക്കു് ആനുകൂല്യങ്ങൾ പ്രദാനം ചെയ്യുന്നു.

## പ്രസിഡൻറിൻെറ തെരഞ്ഞെടുപ്പുസമ്മേളനം

ഒരുകാലത്തു വിദൂരവും നിഗൂഢവുമായിരുന്ന ദേശീയസമ്മേളനം ടെലിവിഷനിലൂടെ ഓരോ ഗൃഹങ്ങളിലും ഇന്നു ദൃശ്യമാകുന്നുണ്ട്. ജനങ്ങൾക്കും സമ്മേളനത്തിനും അതു പ്രയോജനകരമാകുന്നുമുണ്ട്. രാഷ്ട്രീയതകൾ തിണ്ണയിൽ കയറുമ്പോൾ, ഒരു സ്ഥാനാർത്ഥിയെ തെരഞ്ഞെടുക്കുന്നിടത്തു് എല്ലാ വോട്ടറന്മാരും ഉണ്ടെന്നുള്ള ഒരു ബോദ്ധ്യം വരുമ്പോൾ, പൊതുജനപരിഗണന രാഷ്ട്രീയൗചിത്യത്തെ ബാധിക്കാതിരിക്കാൻ നിർവ്വാഹമില്ല.

നാം സമ്മേളനമെന്നു പറയുന്ന ആ സർക്കസ്സ് ഒരു അസാധാരണപ്രതിഭാസമാണു്. അതു് ആധുനികയന്ത്രോപകരണങ്ങളെ അപരിഷ്കൃതവർഗ്ഗത്തിൻെറ പൗരാണികസമരനൃത്തത്തോടും, വിനോദസഖ്യത്തെ നിശിതമായ മഴപ്രവർത്തനത്തോടും, പ്രൗഢമായ വാചാലതയെ തീക്ഷ്ണമായ നയതന്ത്രങ്ങളോടും, മുഷിപ്പൻദീർഘയാനങ്ങളെ ആവേശം ജനിപ്പിക്കുന്ന വിശ്രമത്താവളങ്ങളോടും, കൂട്ടിക്കലർത്തുന്നു. ആ സമ്മേളനത്തറയിൽ ഇത്ര വലിയ ബഹളങ്ങൾ സൃഷ്ടിക്കുന്നതിനു് സമാധാനം വല്ലതുമുണ്ടോ?

കഴിഞ്ഞ റിപ്പബ്ലിക്കൻസമ്മേളനത്തിൽ 1323-ം ഡെമോക്രാററിക്കിൽ 2744-ം പ്രതിനിധികൾ ഉണ്ടായിരുന്നു. അവരെക്കൂടാതെയും ഒരു വലിയ ജനസംഖ്യയുണ്ടായിരിക്കും. അവർ അധികവും പരസ്പരം അപരിചിതരാണു്. നേരിട്ടുകണ്ടു മനസ്സിലാക്കണമെന്ന ആശയാണു് അവർക്കു്. അതിനാൽ കുട്ടികളെപ്പോലെ അവർ നിസ്സാരതകൾ പ്രവർത്തിക്കും. പഴയ തൊപ്പികളും വലിയ അടയാളമുദ്രകളും അവർക്കുണ്ടായിരിക്കും. ചില പ്രത്യേക ഉപകരണങ്ങളാൽ അവർ വികൃതസ്വരങ്ങൾ ഇടയ്ക്കിടെ പുറപ്പെടുവിക്കും. അവരുടെ സ്ഥാനാർത്ഥിയുടെ പേരോ പടമോ ഉള്ള വലിയ കൊടികളും പിടിച്ചു ഘോഷയാത്രകളുമുണ്ടാവും. ഒരു ഐക്യബോധം ജനിപ്പിച്ചു് സ്വപക്ഷത്തിലേക്കു് ആളുകളെ വശീകരിക്കാമെന്നാണവരുടെ ഉദ്ദേശം. വികാരങ്ങളെ ഇളക്കുവാനാണവരുടെ പരിശ്രമം.

ഈ പദ്ധതി ഉദ്ദിഷ്ടഫലം നല്കുന്നുമുണ്ടു്. പാർട്ടിയെ ഒരു ചരടിൽ നിർത്തി തെരഞ്ഞെടുപ്പിൽ ജയിക്കുന്നതിനു്

സ്ഥാനാൎത്ഥിക്കു് പൊതുജനാനുകൂല്യം ലഭിക്കുന്നു. രാഷ്ട്രീയ വ്യാപാരം നടന്നുകൊണ്ടിരിക്കുന്ന ആ പുകനിറഞ്ഞ മുറിയിലും പൊതുജനസഹിതത്തെ സമ്മേളനത്തിനു് അവഗണിക്കുവാൻ സാദ്ധ്യമല്ല. ജനങ്ങൾക്കു് തൃപ്തിയുള്ള ഒരുവനെ തെരഞ്ഞെടുക്കണം, അല്ലാത്തപക്ഷം തെരഞ്ഞെടുപ്പു് പരാജയപ്പെടും. സാധാരണയായി ജനനിബിഡമായ ഒരു സംസ്ഥാനത്തിൽനിന്നായിരിക്കും സ്ഥാനാൎത്ഥി. പ്രാരംഭവോട്ടുകൾ കൂട്ടുന്നതിനാണു് ആ പ്രയോഗം. മിക്കവാറും അദ്ദേഹം ഒരു സംസ്ഥാനത്തിലെ ഗവൎണ്ണരായിരിക്കും. അതിനാൽ ഗവൎമ്മെന്റു കൈകാര്യം ചെയ്യേണ്ട രാഷ്ട്രീയപ്രശ്നങ്ങൾ ഹ്രസ്വരൂപത്തിൽ അദ്ദേഹം കൈകാര്യം ചെയ്തു പരിചയം സമ്പാദിച്ചിട്ടുണ്ടാവും. ഇത്രനാൾ വിജയിച്ചിട്ടുള്ള ഓരോ സ്ഥാനാൎത്ഥിയും ഉത്തരയൂറോപ്യൻ വൎഗ്ഗത്തിൽപ്പെട്ട ഒരു പ്രോട്ടസ്റ്റന്റു പുരുഷനാണു്. എങ്കിലും കത്തോലിക്കൻമാരും, പൂൎവ്വയൂറോപ്പിലേയും ദക്ഷിണയൂറോപ്പിലേയും വൎഗ്ഗത്തിൽ പെട്ടവരും ഗവൎണ്ണർപദവിയിലേക്കു് ഉയൎന്നു തുടങ്ങിയിട്ടുണ്ടു്. അചിരേണ അവരും വൈററ്ഹൗസിൽ എത്തിച്ചേരുമെന്നു് വിശ്വസിക്കാം.

പ്രസിഡന്റുപദവി ഒരു വമ്പിച്ച സമ്മാനമായതിനാലാണു് ഓരോ പാൎട്ടിയുടേയും സ്ഥാനാൎത്ഥിയെ തെരഞ്ഞെടുപ്പിക്കുവാൻ സമ്മേളനത്തിൽ നടക്കുന്ന കോലാഹലങ്ങളെല്ലാം. അദ്ദേഹത്തിന്റെ സഹപ്രവൎത്തകനായ ഉപാദ്ധ്യക്ഷനെ തെരഞ്ഞെടുക്കുന്നതു് ദ്രുതഗതിയിലാണു്. പ്രതിനിധികൾ ക്ഷീണിച്ചു് വീട്ടിലെത്താൻ വെമ്പൽകൊള്ളുന്ന സമയമാണതു്. എങ്കിലും അതിലും പാൎട്ടി തെററാതിരിക്കുവാൻ അവർ ശ്രദ്ധിക്കുന്നുണ്ടു്. പാൎട്ടിയുടെ ഐക്യം ഭദ്രമാക്കുന്നതിനു മാത്രമല്ല, തെരഞ്ഞെടുത്ത പ്രസിഡന്റു് കാലാവധിക്കുമുമ്പു് ചരമം പ്രാപിക്കുന്നു എങ്കിൽ പ്രസിഡന്റുസ്ഥാനം കരസ്ഥമാക്കാൻ പരാജിതൎക്കും ഒരു ചെറിയ സന്ദൎഭം ലഭിക്കുമെന്നുള്ളതാണു് അതിന്റെ അസാധാരണമായ ഒരു വിശേഷം.

പ്രസിഡന്റുസ്ഥാനാൎത്ഥി ഒരു തികഞ്ഞ രാജ്യതന്ത്രജ്ഞനും, ബുദ്ധിതീക്ഷ്ണതയുള്ള രാഷ്ട്രീയചിന്തകനും, പാൎട്ടി ഐക്യത്തെ പുലൎത്തുന്നവനുമായിരിക്കണം. ആത്മവിശ്വാസം

പ്രകടിപ്പിക്കേണമെങ്കിലും അദ്ദേഹം വിനയസമ്പന്നനും, ആഹ്ലാദചിത്തനും എന്നാൽ അന്തസ്സുള്ളവനും, ആത്മാൎത്ഥതയുള്ളവനെങ്കിലും വക്രബുദ്ധി പ്രയോഗിക്കുവാൻ പ്രാപ്തിയുള്ളവനും, അതിബുദ്ധിമാനല്ലെങ്കിലും സൂക്ഷ്മപരിജ്ഞാനമുള്ളവനും, മൃദുലചിത്തനല്ലെങ്കിലും കരുണയുള്ളവനും, ഉന്നതപദവിയിലും സാധാരണ പൗരൻെറ മുമ്പിലും സ്വാഭാവികമായി പെരുമാറുവാൻ കഴിവുള്ളവനും ആയിരിക്കണം.

### *സംഘടിതപ്രവൎത്തനങ്ങളും തെരഞ്ഞെടുപ്പുകളും*

അമേരിക്കാക്കാരെല്ലാവരും പങ്കെടുത്ത ഒരു രാഷ്ട്രീയസന്ദൎഭമാണ് പ്രസിഡൻറുതെരഞ്ഞെടുപ്പ്. അതു ദേശീയാവശ്യങ്ങളെ മുന്നോട്ടു കൊണ്ടുവരുകയും ഒരു പുതിയ കൂട്ടുകെട്ട് അടിച്ചുറപ്പിക്കയും ചെയ്യുന്നു. അടുത്ത നാലു കൊല്ലത്തെ മൽപ്പിടുത്തത്തിനും, ക്രമീകരണത്തിനുമിടയിൽ രാജ്യത്തിൻെറ ഐക്യത്തിനു ക്ഷതംപററാതെ സൂക്ഷിച്ചുകൊള്ളാമെന്നും ആത്മാൎത്ഥതയോടെ ഏററുപറകയാണതു്. പൊതുജനങ്ങളുടെ ഭൂരിപക്ഷം കിട്ടുന്ന ആളിനു് ഒരു സംസ്ഥാനത്തെ എലക്ടൊറൽ വോട്ടുമുഴുവൻ കൊടുക്കേണമെന്നുള്ള എലക്ടൊറൽസമ്പ്രദായത്താൽ വൻസംസ്ഥാനങ്ങൾ ആ യുദ്ധത്തിലെ പ്രധാനപ്പെട്ട സമരാങ്കണങ്ങളാകുന്നു. അതിനാൽ 531 എലക്ടൊറൽ വോട്ടുകളുള്ളതിൽ ഭൂരിപക്ഷം നേടുന്നതിനുവേണ്ടി സ്ഥാനാർത്ഥി വൻനഗരങ്ങളുടെ തുണ അഭ്യൎത്ഥിച്ചേ മതിയാവൂ.

ഒരു തെരഞ്ഞെടുപ്പുവൎഷത്തിൽ മററനേകം സ്ഥാനാൎത്ഥികളും വിജയത്തിനുവേണ്ടി ഒരേസമയം സംഘടിതപ്രവൎത്തനങ്ങൾ നടത്തുന്നുണ്ടാവാം. അതിനാൽ പാർട്ടികൾ പല നിലവാരങ്ങളിലും പരിശ്രമം നടത്തും. സ്ഥാനാൎത്ഥിതന്നെ വോട്ടുകൾ പിടിപ്പാൻ നാടുനീളെ ചുററിത്തിരിയുന്നുണ്ടാവും. വാതിലിൽ മുട്ടുക, കുട്ടികളെ താലോലിക്കുക, വിദ്യാലയങ്ങളിൽ പ്രസംഗിക്കുക, മററു സമ്മേളനങ്ങളിൽ സംബന്ധിക്കുക, ഘോഷയാത്രകൾ നടത്തുക മുതലായവയെല്ലാം അയാൾ നിൎവ്വഹിച്ചേ തീരൂ.

തങ്ങൾ വോട്ടുചെയ്യേണ്ട സ്ഥാനാൎത്ഥിയെ ഒന്നു കാണുവാൻ ജനങ്ങൾക്കാകാംക്ഷയുണ്ടാവാം. അവർ ഒന്നും തീരുമാ

നിക്കാത്തവരാണെങ്കിൽ ഹസ്തദാനം ചെയ്യുന്ന സ്ഥാനാർത്ഥിക്കായിരിക്കും അവരുടെ വോട്ട്. പരസ്പരസംഭാഷണങ്ങൾക്കും ഒരു ശക്തിയായ പ്രേരണയുണ്ട്. അതിലെല്ലാം പ്രധാനം വോട്ടറുടെ സാമുദായികവും സാമ്പത്തികവുമായ പശ്ചാത്തലമാണ്.

ഉത്തരദേശങ്ങളിൽ, പഴയ യൂറോപ്യൻകുടുംബത്തിലുത്ഭവിച്ച പ്രോട്ടസ്റ്റൻറുകാർ റിപ്പബ്ലിക്കൻകക്ഷിക്കേ വോട്ടു കൊടുക്കൂ. കത്തോലിക്കരും അടുത്തകാലത്തു കുടിയേറിയ പശ്ചാത്തലമുള്ളവരും ഡെമോക്രാററുകക്ഷിക്കാണ് പിൻതുണ ഏകുന്നതു്. പാരമ്പര്യേണ റിപ്പബ്ലിക്കൻപാർട്ടിയെ അനുകൂലിച്ചിരുന്ന നീഗ്രോകൾ റൂസ്‌വെൽട്ട് പരിപാടിയുടെ ഫലമായി ഡെമോക്രാറ്റിക്‌വശത്തോടടുത്തുവെങ്കിലും ഐസൻഹോവർ നല്കിയ പൗരാവകാശലാഭത്താൽ വീണ്ടും റിപ്പബ്ലിക്കൻ കക്ഷിയിലോട്ടു ചാഞ്ഞുതുടങ്ങിയിട്ടുണ്ടു്. ഇപ്പോൾ പാർട്ടികൾ തുല്യബലത്തിൽ ഇരിക്കുന്നതിനാലും, ഒററപ്പെട്ടുള്ള സ്വതന്ത്ര വോട്ടുകൾ വർദ്ധിച്ചിരിക്കുന്നതിനാലും നീഗ്രോകളുടെ വോട്ടാണ് വിധി നിർണ്ണയിക്കുന്നതു്.

കുടിയേറ്റക്കാരുടെ കുട്ടികൾ ക്രമേണ ഉയന്നുവരുമ്പോൾ നഗരത്തിലെ ചാളകളിൽനിന്നും അയൽപ്രദേശങ്ങളിലേക്കു മാറുകയും, അവിടെ വ്യവസായികളും തൊഴിൽക്കാരുമായിത്തീന്ന് മദ്ധ്യവത്തിവർഗ്ഗത്തിൽ പെടുകയും ചെയ്യുന്നു. അവർ കൂടുതൽ കൂടുതൽ ദാരിദ്ര്യത്തിലേക്കാണു നീങ്ങുന്നതെന്നുള്ള മാർക്സിൻെറ നിയമം അവഗണിച്ചു് അവർ ഭേദപ്പെട്ട ഭവനങ്ങളിലേക്കും, മെച്ചപ്പെട്ട വരുമാനങ്ങളിലേക്കും, കൂടുതൽ വിദ്യാഭ്യാസസൗകര്യങ്ങളിലേക്കും ആണ് ഉയരുന്നതു്. ആദ്യമായി അവർ പൂർവ്വദേശനഗരങ്ങളിലേയും പിന്നീട് സംസ്ഥാനങ്ങളിലേയും രാഷ്ട്രീയകാര്യങ്ങൾ നിയന്ത്രിക്കുന്നു. റൂസ്‌വെൽട്ടിൻെറ ഭരണകാലത്തോടെ പ്രധാനപ്പെട്ട ഫെഡറൽ ഉദ്യോഗങ്ങളിലും അവർ പ്രത്യക്ഷപ്പെട്ടുതുടങ്ങി.

പാരമ്പര്യേണ ഡെമോക്രാററിക് ആയ ദക്ഷിണദേശത്തു് ഒരു റിപ്പബ്ലിക്കൻവോട്ട് വളരാൻ തുടങ്ങിയിട്ടുണ്ടു്. അതു കാലാന്തരത്തിൽ ആ ദേശത്തേയും രാഷ്ട്രീയമായി മററു പ്രദേശങ്ങളുടെ തുല്യതയിലെത്തിക്കും. അതുപോലെ പൂർവ്വിക

മായി റിപ്പബ്ലിക്കൻ അനുയായികളായിരുന്ന് കഷകർ (വടക്കും പടിഞ്ഞാറും) ന്യൂ ഡീലോട്ടുകൂടി കക്ഷിമറിയുകയും ഇപ്പോൾ രണ്ടായിത്തിരിഞ്ഞു് അനിശ്ചിതസ്വഭാവമായിത്തീരുകയും ചെയ്തിട്ടുണ്ട്.

ഡെമോക്രാററുകളോട്ട് ഇന്നും കൃതജ്ഞതയുള്ള തൊഴിലാളികളുടെ നില മെച്ചപ്പെട്ടുപോയതിനാൽ അവർ ഇടത്തരക്കാരായിത്തീന്നിരിക്കുന്നു. ഇന്നവക്കുള്ളതു് ഒരു വഴിമദ്ധ്യ നിലപാടാണു്. അവരിൽ വളരെപ്പേർ സ്വനേതാവിൻെറ പ്രേരണകൾ അവഗണിച്ചും റിപ്പബ്ലിക്കുകാരെ സഹായിക്കുന്നുണ്ടു്. തങ്ങൾക്കുണ്ടായ അഭിവൃദ്ധിമൂലം രാഷ്ട്രീയകാര്യങ്ങളിൽ അവർ വളരെ ജാഗ്രതയുള്ളവരായിട്ടുണ്ടു്. അവരുടെ ഇടയിൽത്തന്നെ, രാഷ്ട്രീയമായ കൂടുതൽ അധികാരാധിക്യത്തിലേക്കു് യൂനിയൻ വളരുന്നു എന്നൊരു ഭയവും ഉണ്ടായിട്ടുണ്ടു്.

ശമ്പളവദ്ധനവു തൊഴിലാളിക്കും മുതലാളിക്കും നടുവിലുണ്ടായിരുന്ന വിടവു ചുരുക്കിയിട്ടുണ്ടെന്നുള്ളതിനു് എല്ലായിടത്തും ലക്ഷ്യങ്ങൾ വ്യക്തമാണു്. അഭിവൃദ്ധിയും മദ്ധ്യവത്തിവർഗ്ഗവും, വദ്ധിച്ചുവരുന്ന ജനസംഖ്യയുടെ ഭൂരിഭാഗം അവകാശപ്പെടുന്നു. ആധുനിക രാജപാതകൾപോലെ മുഴവൻപാതയും മദ്ധ്യഭാഗംപോലെതന്നെ കേടുപാടില്ലാത്തതാണു്. നീർച്ചാലുകളോ നിമ്നോന്നതങ്ങളോ എങ്ങുമില്ല.

പിന്നെങ്ങനെ ഒരുവൻ തൻെറ വോട്ടു നിണ്ണയിക്കും?

1. ഭാഗികമായി പാരമ്പര്യത്തെ അടിസ്ഥാനപ്പെടുത്തി അവനു മുമ്പു് അച്ഛൻ ചെയ്തിട്ടുള്ള വിധവും, സാമുദായികമായോ മതപരമായോ ഉള്ള ഏതെങ്കിലും വിഭാഗത്തിൽപ്പെട്ടതുകൊണ്ടു താൻ ചെയ്യാൻ കടപ്പെട്ട വിധവും. 2. അയല്ക്കാരും സ്നേഹിതന്മാരും പറയുന്നതും, ചിലപ്പോൾ സ്ഥാനാത്ഥിതന്നെ പറയുന്നതും പ്രവത്തിക്കുന്നതും അനുസരിച്ചു്. 3. അവൻെറ വരുമാനം, അതിനു സ്ഥാനാത്ഥിയുടെ പരിപാടി പോഷണമാണോ ശോഷണമാണോ ജനിപ്പിക്കുന്നതെന്നതിനെ ആശ്രയിച്ചു്. 4. അവന്റെ വാസസ്ഥലം, ഗ്രാമമാണോ പട്ടണമാണോ അതോ ചാളയോ നഗരപ്രാന്തമോ എന്നതിനെ ആസ്പദമാക്കി. 5. സ്ഥാനാത്ഥി, അവകാശഭഞ്ജകൻ, മുൻനില

യുടെ സംരക്ഷകൻ, മാതൃകാപിതാവ്, വെറുക്കുന്ന ഉദ്യോഗസ്ഥമേധാവി ഇതിലേതിലെങ്കിലും പെടുന്ന ഒരു നേതാവിന്റെ ഛായ അവന്റെ (വോട്ടറുടെ) ഹൃദയത്തിൽ ഉദിപ്പിക്കുന്നുവോ എന്നതിനെ അടിസ്ഥാനമാക്കി. 6. സ്ഥാനാർത്ഥി നടപ്പിൽവരുത്തുമെന്നു പറയുന്ന ചില പ്രത്യേക പരിപാടികൾ അവനുള്ള (വോട്ടർക്കുള്ള) ആവേശമനുസരിച്ച്. ഉദാഹരണമായി വനവിഭവസംരക്ഷണം, പൗരാവകാശരക്ഷണം, കമ്മ്യൂണിസത്തോടുള്ള എതിർപ്പ്. 7. തന്റെ വോട്ടിനെ ഒരു പ്രതിഷേധമാക്കാൻ ആഗ്രഹിച്ച്. ഉദാഹരണമായി വൻകിട വ്യവസായങ്ങൾ, വമ്പിച്ച പ്രയത്നം, നികുതിഭാരം, അപര്യാപ്തഭരണം ഇവയെ എതിക്കാനുള്ള പരിപാടിയുള്ള സ്ഥാനാർത്ഥിക്ക് അവൻ വോട്ടു നല്കും.

അവസാനം, എല്ലാ സ്ഥാനാർത്ഥികളേയും ടെലിവിഷനിലൂടെ കാണുകയും, അവരുടെ പ്രസംഗങ്ങൾ പത്രദ്വാരാ വായിക്കയും ചെയ്തതിനുമേൽ, ചിന്തയിൽ മുഴുകി അവൻ ബൂത്തിൽ പ്രവേശിച്ച് വോട്ട് ഇരുകക്ഷികളിൽ ആർക്കെങ്കിലും കൊടുത്തുവെന്നും വരാം. താൻ വോട്ടുചെയ്ത പാർട്ടിയാണു തന്റേതെന്നുള്ള ആശ്വാസമാണ് അവന്റെ മുഖത്ത്.

നമ്മുടെ ചരിത്രവും, വർഗ്ഗീയോത്ഭവവും, മതവിശ്വാസവും, തൊഴിലുകളും, ഭൂമിശാസ്ത്രവും ഉല്പാദിപ്പിച്ചിട്ടുള്ള മുമ്പറഞ്ഞ രണ്ടു രാഷ്ട്രീയകക്ഷികളും, നമ്മുടെ ഹൃദയത്തിന്റെ ആഴത്തിൽ സൂക്ഷിക്കുന്ന ഒരമൂല്യസമ്പ്രദായത്തിന്റെ മുദ്രാവാഹകന്മാരാണ്. വിഭാഗീയമായും, തൊഴിൽപരമായും, മതപരമായും ഉള്ള വ്യത്യാസങ്ങൾ നമ്മെ വേർതിരിക്കുന്നുവെങ്കിലും മൗലികതത്വങ്ങളിൽ നാം ദൃഢബദ്ധരാണെന്നുള്ളതു് ഒരുപക്ഷേ, ഓർമ്മിപ്പിക്കുന്നതിനാവാം നന്നാലുവർഷം കൂടുമ്പോൾ ഉണ്ടാവുന്ന ഈ തീവ്രസമരം. അതാണതിന്റെ വമ്പിച്ച മൂല്യം. നമ്മൾക്കു വാദിക്കുവാനും ഭിന്നിക്കുവാനുമുള്ള സ്വാതന്ത്ര്യമുണ്ടെന്നുള്ളതാണ് ആ യുദ്ധത്തിന്റെ ഉഗ്രത വിളിച്ചുപറയുന്നതു്. അതിന്റെ ആഘാതം നമ്മുടെ മഹത്വത്തേയും വിവിധത്വത്തേയും നമ്മെ വീണ്ടും ബോധ്യപ്പെടുത്തുന്നു. നമ്മുടെ സമരവീര്യത്തേയും പാരദേശികാശയങ്ങളെ എതിർത്തുതോല്പിക്കുവാനുള്ള കഴിവിനേയും ആ ഏററുമുട്ടലിന്റെ കാഠിന്യം ഉറ

പ്പിക്കുന്നു. ഈ റിപ്പബ്ളിക്കിന്റെ അടിത്തറപോലും എതിർകക്ഷി പിടിച്ചു കുലുക്കുന്നു എന്ന മട്ടിലാണ് ഓരോ കക്ഷിയും പൊരുതുന്നതു്. നമ്മുടെ ജീവിതഗതിയോടുള്ള ഏതു് എതിർപ്പിനോടും, ആവശ്യം നേരിട്ടാൽ, നമുക്കു പൊരുതാം എന്നും അതു പഠിപ്പിക്കുന്നു.

അങ്ങനെ ആ യുദ്ധം അവസാനിച്ചു് വിജയി പുറത്തുവരുമ്പോൾ, അയാൾക്കു വേണ്ട പിൻതുണ പ്രതിജ്ഞചെയ്യുവാൻ പരാജിതൻ രാഷ്ട്രമുന്നണിയിൽ ഹാജരാകുന്നു. വിജയി ഇപ്പോളൊരു ശത്രുവല്ല. അദ്ദേഹം വിശ്വാസസംരക്ഷകനായിത്തീർന്നിരിക്കുന്നു.

അഡ്ലായ് സ്റ്റീവൻസൺ 1956-ൽ പറയുകയുണ്ടായി: ''നമ്മളെ ഐക്യത്തിൽ ബന്ധിക്കുന്നതെന്തോ അതു നമ്മളെ ഭിന്നിപ്പിക്കുന്നതിനേക്കാൾ ദൃഢതയേറിയതാണ്, ഈ രാത്രിയിൽ നാം റിപ്പബ്ളിക്കുകളും ഡെമോക്രാററുകാരും അല്ല. അമേരിക്കാക്കാർമാത്രം?''

അങ്ങനെ ആ അണിനീക്കങ്ങൾ അവസാനിച്ചു. യുദ്ധം കഴിഞ്ഞു. വ്രണങ്ങൾ കരിഞ്ഞു. മാലിന്യങ്ങൾ കളഞ്ഞു. വീണ്ടും ജോലികളിലേക്കു തിരിഞ്ഞു.

### *സംസ്ഥാനങ്ങളും ഭരണഘടനയും*

ഒരു ഫെഡറൽ ഗവമ്മെണ്ടുണ്ടാകുന്നതിനുമുമ്പു പതിനാലു സംസ്ഥാനങ്ങൾ നിലവിലുണ്ടായിരുന്നു. യൂനിയനിൽ ചേരുന്നതിനു മുമ്പു വെർമൊണ്ടും, ടെക്സാസും, കാലിഫോർണിയായും സ്വതന്ത്രജനായത്തരാജ്യങ്ങളായിരുന്നു. ഭരണഘടന ഒപ്പുവയ്ക്കുന്നതിനു 180 കൊല്ലം മുമ്പുമുതലുള്ള ചരിത്രം ആദിയിലുള്ള പതിമൂന്നു സംസ്ഥാനങ്ങൾക്കുണ്ടു്. അക്കാലങ്ങളിൽ ഭരണകാര്യങ്ങൾ പ്രാദേശികനിയമസഭകൾമൂലം അവ നിർവ്വഹിച്ചുവന്നു. ചിലപ്പോൾ രാജകീയഗവർണ്ണറുമായി ഗുരുതരമായ ഭിന്നതകൾ ഉണ്ടാകും. ചിലപ്പോൾ ബ്രിട്ടനിൽനിന്നു കാര്യമായ പ്രതിബന്ധങ്ങൾ ഒന്നും നേരിടുകയില്ല. ജെഫർസൺ, പാട്രിക്ക് ഹെൻട്രി, ജോൺ ആഡംസ്, മാഡിസൺ മുതലായവരുടെ പ്രവൃത്തികൾ നോക്കിയാൽ അവർ രാജ്യഭരണകല ആ സംസ്ഥാനങ്ങളിൽനിന്നാണു പഠിച്ചതെന്നും

അതു് ഉത്തമരീതിയിൽത്തന്നെ ആയിരുന്നു എന്നും കാണാവുന്നതാണു്.

സംസ്ഥാനങ്ങളാണു ഫെഡറൽ ഗവമ്മേണ്ടു സൃഷ്ടിച്ചതു്. അതു് അവരുടെ ശിശു ആയിരുന്നു. വളന്നുവരുന്ന ഒരു പുത്രൻ തൻെറ ബലം എങ്ങനെ ഉപയോഗിക്കേണ്ടു എന്നറിയാതെ സ്വതന്ത്രനായി പ്രവത്തിക്കുമ്പോൾ രക്ഷാകത്താക്കന്മാർ ഏതുവിധമോ, അതുപോലെ സംസ്ഥാനങ്ങളും സ്വന്തം കുട്ടിയെപ്പററി ഭീതിയും പശ്ചാത്താപവും പൂണ്ടു. അവരേക്കാൾ കരുത്തും വലിപ്പവും ഉണ്ടായതോടെ അവരോടുള്ള ആദരവും അവനു കുറഞ്ഞു. പാരിതോഷികങ്ങൾ അവൻ അവരിൽ വഷിച്ചുവെങ്കിലും അവർ ആജ്ഞപ്പടി നില്ക്കണമെന്നു് അവൻ പ്രതീക്ഷിച്ചു.

സുശക്തമായ ഫെഡറൽ ഗവമ്മേണ്ടു് ഒരുവശത്തും വളന്നുവരുന്ന വൻനഗരങ്ങൾ മറുവശത്തുമായതോടെ സംസ്ഥാനത്തിൻെറ പഴയപ്രാധാന്യം കുറഞ്ഞുപോയി. എങ്കിലും ഫെഡറൽ ഗവമ്മേണ്ടിനു നല്കാതിരുന്നിട്ടുള്ളതും, ഭരണഘടനയിൽ വ്യവസ്ഥചെയ്യാതിരുന്നിട്ടുള്ളതുമായ മറെറല്ലാ അധികാരങ്ങളും അതിനിന്നുമുണ്ടു്. പൗരന്മാക്കുള്ള വോട്ടവകാശവും സംസ്ഥാനമാണു് നല്കുന്നതു്; രാഷ്ട്രമല്ല. ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഗവമ്മെൻറധികാരങ്ങൾ എല്ലാം അതിൽനിന്നാണു് ഉത്ഭവിച്ചിട്ടുള്ളതു്.

ഒരു പൗരനു് ഉണ്ടായിരിക്കേണ്ട അനേകം ഭക്തികളിലൊന്നു് രാജ്യഭക്തിയാണു്. ആ വികാരം സുദൃഢവും പരിശുദ്ധവുമാണു്. കുടുംബപാരമ്പര്യം ജനനം എന്നിവമൂലമോ, ദത്തും പ്രീതിക്കുറവുമൂലമോ, രാജ്യകാര്യങ്ങളിൽ ഇടപെടുന്നതുമൂലമോ ആണു് അതുണ്ടാകുന്നതു്.

പല സംസ്ഥാനങ്ങൾക്കും കനത്ത വ്യത്യസ്തതകളുണ്ടു്. ഗ്രാമപ്രദേശമായ ന്യൂയോക്കും ന്യൂയോക്ക് നഗരവും തമ്മിലും, ഓറിഗണും വാഷിങ്ടണും തമ്മിലും വ്യത്യാസം കാണും. വാഷിങ്ടൻേറയും ഓറിഗണിൻേറയും മധ്യേക്കൂടി ഒരു പവ്വതനിര കിടക്കുന്നതിനാൽ പടിഞ്ഞാറെ പകുതി വ്യാവസായികദേശമായും കിഴക്കൻ പകുതി കാർഷികഭൂമിയായും തീന്നിരിക്കുന്നു. എങ്കിലും മതപരമായും, ഭൂമിശാസ്ത്രപരമായും,

തൊഴിൽപരമായും ഉള്ള വ്യത്യാസങ്ങൾ അവഗണിച്ചുകൊണ്ടുള്ള ഒരേ സാംസ്കാരികവികാരം ഓരോ വിഭാഗത്തേയും കൂട്ടിബന്ധിച്ച് ഐക്യം ഉറച്ചുപോയിട്ടുണ്ട്.

സാംസ്ഥാനിക നിയമസഭകൾ രണ്ടുകൊല്ലങ്ങളിലൊരിക്കൽ ഏതാനും മാസത്തേക്കു കൂടുന്നു. അതിനു സമ്മേളിക്കുന്ന പ്രതിനിധികൾ മററു ജോലിക്കാരാണ്. അവക്ക് കഷ്ടിച്ചുള്ള ചെലവിനു മാത്രമേ സമ്മേളനവേതനമായി ലഭിക്കുകയുള്ളു. ഈ സമ്പ്രദായം ദൂഷണത്തെ പ്രോത്സാഹിപ്പിക്കുന്നതാണ്. ഒരു വ്യാപാരത്തിനു നഷ്ടമുണ്ടാക്കുന്ന ബിൽ അവതരിപ്പിച്ച് ആ വ്യാപാരികളിൽനിന്നു കൈക്കൂലി വാങ്ങി ബിൽ പിൻവലിക്കാൻ ഒരു മെമ്പക്കു കഴിയും. എന്നാൽ സ്റ്റേയിററ് തലസ്ഥാനത്തിൽനിന്നു പുറപ്പെടുന്ന വാർത്തകൾ, വരവുചെലവുകളുടെ കണക്ക് ഗവമ്മെൻറിനെ ബോധ്യപ്പെടുത്തേണമെന്നുള്ള നിയമം, നിയമലംഘനത്തിനുള്ള ശിക്ഷ എന്നിവ ഈ ദൂഷിച്ച സമ്പ്രദായത്തെ കുറെയൊക്കെ നിരുത്സാഹപ്പെടുത്തുന്നുണ്ട്.

വിദ്യാലയങ്ങളിലെ പാഠപദ്ധതികൾ തീരുമാനിക്കുക, റോഡുനിർമ്മിക്കുക, നീതിന്യായവകുപ്പുകൾ പരിപാലിക്കുക, ജയിലുകൾ സന്മാർഗ്ഗപരിശീലനകേന്ദ്രങ്ങൾ അന്ധവിദ്യാലയങ്ങൾ മാനസികരോഗശുശ്രൂഷാകേന്ദ്രങ്ങൾ എന്നിവ നടത്തുക, തൊഴിലില്ലായ്മപ്രശ്നം കൈകാര്യംചെയ്യുക, പോലീസുസേന സർവ്വകലാശാലകൾ ഗ്രന്ഥാലയങ്ങൾ ഇവയുടെ മേൽനോട്ടം വഹിക്കുക, സഞ്ചാരികളെ പ്രോത്സാഹിപ്പിക്കുക, പുതുവ്യവസായങ്ങൾ ആരംഭിക്കുക, സക്കാർനിയമനങ്ങളെ നിയന്ത്രിക്കുക, വിദ്യുച്ഛക്തി വിതരണം നടത്തുക മുതലായവ സംസ്ഥാനഗവമ്മെൻറുകളുടെ ചുമതലയാണ്. ന്യൂയോക്കു പോലുള്ള വൻനഗരങ്ങൾക്കുള്ള ബജററ് അതിവിപുലമായിരിക്കും. വിദേശകാര്യങ്ങളിലൊഴികെ മറെറല്ലാററിലും ഒരു രാഷ്ട്രത്തേക്കാൾ കൂടുതലായി അതു ജനങ്ങൾക്ക് സേവനം നല്കുന്നുണ്ട്.

ഫെഡറൽ ഗവമ്മെൻറിൻെറ അധികാരം ക്ലിപ്തപ്പെടുത്തി ബാക്കി എല്ലാം സാംസ്ഥാനികഗവമ്മെൻറുകൾക്കു ഭരണഉടമ്പടിമൂലം വിട്ടുകൊടുത്തിരിക്കുന്ന ഉത്തമപദ്ധതി ഏററവും

സ്വീകാര്യമായ ഒന്നാകയാൽ, അതിനു മാററം വരുത്തേണമെന്നു് ആരും ആശിക്കുന്നില്ല. എന്തെന്നാൽ, ഭരണഘടന ഉറപ്പേറിയതാണെങ്കിലും ഏതുവിധത്തിലും അയവു വരുത്തുവാൻ സാദ്ധ്യമാകുന്ന രീതിയാണതു്. എന്തുമാത്രം കത്തവ്യങ്ങൾ ഫെഡറൽ ഗവമ്മെൻറിനുണ്ടായിരിക്കും എന്നതിനെപ്പററി ഭരണഘടനയുടെ നിമ്മാതാക്കൾക്കു് അക്കാലത്തു് ഒരറിവും ഉണ്ടായിരുന്നില്ലെങ്കിലും, എല്ലാവിധ കൃത്യങ്ങളും അതിൻെറ സംരക്ഷണയിൽ ഇന്നു പെട്ടുന്നുണ്ടു്.

ഭരണഘടന നിമ്മിച്ച നമ്മുടെ പിതാക്കന്മാർ ഭാവിയിൽ സംഭവിക്കാവുന്ന ഏതപകടസന്ധിയേയും കരുതിയിട്ടുണ്ടെന്നും, ഭരണഘടന ശരിയായി വ്യാഖ്യാനിച്ചു് അപൂവ്വമായ ഭേദഗതികളോടെ ഉപയോഗിക്കുന്നുവെങ്കിൽ നമുക്കു് സവ്വവിധ ആവശ്യങ്ങളേയും അതു നിറവേററുമെന്നുമാണു് അമേരിക്കാക്കാരൻെറ ഉറച്ച വിശ്വാസം. അതു പൊളിച്ചെഴുതുക എന്നതു വെറും ഭ്രാന്തജല്പനമായാണു കരുതപ്പെട്ടുന്നതു്. രാഷ്ട്രീയജ്ഞാനത്തിൻെറ ഭരതവാക്യമായി നാം അതിനെ കരുതുന്നു.

### *നാം ഭരണഘടനയെ ആദരിക്കുന്നതെന്തുകൊണ്ടു്?*

അതു വ്യക്തമാണു്. ആക്കും വായിച്ചു നോക്കാവുന്ന ഒരു പ്രമാണമാണു് നമ്മുടെ ഭരണഘടന. ഏതു പുതുപരിതഃസ്ഥിതികളേയും അഭിമുഖീകരിക്കുവാനുള്ള വ്യവസ്ഥകളതിലുണ്ടു്. 170 കൊല്ലക്കാലത്തെ പരീക്ഷണങ്ങളോടെ അതു പ്രവത്തിച്ചുവരുന്നു. വിവിധത്വം നിറഞ്ഞ ജനസഞ്ചയത്തെ മാന്ത്രികശക്തിയോടെ അതു സംയോജിപ്പിക്കുന്നു. പ്രത്യേകാധികാരങ്ങൾക്കുവേണ്ടി പൊരുതുന്ന ടോറി നേതാവു് അതിനെ ശരണംപ്രാപിക്കുന്നു. അട്ടിമറിപ്രസ്ഥാനത്തിനു് വിചാരണയിലിരിക്കുന്ന കമ്മ്യൂണിസ്റ്റുകാരനും ഒരു പടച്ചട്ടയിലെന്നപോലെ അതിനുള്ളിൽ സുരക്ഷിതത്വം കണ്ടെത്തുന്നു. തൻെറ സ്വാതന്ത്ര്യത്തിൻെറ നിദാനമായി വിദ്യാത്ഥി അതു ദർശിക്കുന്നു. പൗരാവകാശപ്രമാണമായി കുടിയേററക്കാരൻ അതിനെ ആദരിക്കുന്നു. ആടിക്കുലുങ്ങിക്കൊണ്ടിരിക്കുന്ന ഈ ഭൂമിയിൽ അതു നമ്മുടെ കാലടികൾക്കു് ഊന്നുനൽ

കുന്നു. സ്വാതന്ത്ര്യത്തെ നിയമവുമായി സംയോജിപ്പിക്കുന്ന പഴയപ്രശ്നം പരിഹരിക്കുവാൻ ഗവമ്മെൻറിൻെറ വരവു ചെലവു നിയന്ത്രണാധികാരം സഹായിക്കുന്നു. നിയമങ്ങളേക്കാൾ ഭരണഘടനയെ അടിസ്ഥാനമാക്കി നിയമപ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ അതു് നിയമാധിപന്മാക്കു് സൗകര്യം ഉണ്ടാക്കുന്നുണ്ടു്.

സംസ്ഥാനഗവമ്മെൻറുകൾക്കു് സമാന്തരമായും, എന്നാൽ പൂണ്ണസ്വാതന്ത്ര്യത്തോടും ഫെഡറൽ ഗവമ്മെൻറിനു് പൗരസഞ്ചയത്തിൻെറമേൽ നേരിട്ടുള്ള സവ്വാധികാരങ്ങളും നല്കുന്ന ഒരു രാഷ്ട്രീയോപാധി എന്ന നിലയാണു് ഭരണഘടനയ്ക്കുള്ള പ്രത്യേകമായ യോഗ്യത. അതുമൂലം എല്ലാവിധ ഭിന്നിപ്പുകളേയും ഒത്തുതീപ്പിൽ എത്തിക്കുന്നതിനും അന്ത്യതീരുമാനം ചെയ്യുന്നതിനും സുപ്രീംകോടതിക്കു് അധികാരം ലഭിക്കുന്നു.

## അദ്ധ്യായം ഒൻപതു്

### കൂടുതൽ അഭിവൃദ്ധികരമായ ജീവിതം

നാം ഒരു വിപ്ലവഘട്ടത്തിലാണു് ജീവിക്കുന്നതു്. ഉൽപാദനവും ഉപയോഗവും ഒരു നവീനദശയിലും, നമ്മുടെ പ്രാഥമികവിപ്ലവം പ്രതിജ്ഞചെയ്തതനുസരിച്ചു് സാമുദായികജനായത്തം സുദൃഢമായതുപോലെതന്നെ സാമ്പത്തിക ജനായത്തം സുസ്ഥിരതയിലും, എത്തിയ കാലമാണിതെന്നു് ഒരു ദൂരദർശിനിയിലൂടെ ഈ യുഗത്തെ ദർശിക്കുവാൻ സാധിക്കുന്നപക്ഷം തോന്നുന്നതാണു്.

ലോകത്തിലെ ജനസംഖ്യയിൽ ഏഴുശതമാനം മാത്രമുള്ള ഐക്യനാടുകളാണു് ലോകോപയോഗസാധനങ്ങളിൽ നാല്പതുശതമാനവും നിർമ്മിക്കുന്നതു്. ദേശീയോല്പാദനത്തെ ജനസംഖ്യകൊണ്ടു് വിഭജിച്ചാൽ അതു് ഏററവും കൂടുതൽ ഉൽപാദിപ്പിക്കുന്ന മറേറതു യൂറോപ്യൻരാജ്യങ്ങളുടേതിലും ഇരട്ടിയും, ഇൻഡോനേഷ്യയുടേതിനേക്കാൾ പത്തിരട്ടിയുമാണു്. 1940 മുതൽ 1950 വരെയുള്ള പത്തുകൊല്ലക്കാലത്തെ മൊത്തത്തിലുള്ള ദേശീയോൽപാദനത്തോതു് 1890 മുതലുള്ള പത്തുവർഷങ്ങളിലേതിൻെറ അഞ്ചിരട്ടിയായി വർദ്ധിച്ചു. കൂടുതൽ സാധനങ്ങളും സേവനവും ലഭ്യമാകുകമാത്രമല്ല, അവ വാങ്ങുവാനുള്ള വരുമാനവർദ്ധനവും വളർത്തിക്കൊണ്ടു് ഈ പുരോഗമനം തുടരുകയാണു്. ഒരു തൊഴിൽ യൂനിററിനു് ആണ്ടുതോറും രണ്ടുശതമാനക്രമത്തിൽ കഴിഞ്ഞ എൺപതു കൊല്ലങ്ങളായി ഉൽപാദനം പെരുകിയിട്ടുണ്ടു്.

1820-നും 1930-നുമിടയ്ക്കു്, ആളൊന്നുക്കു് ഉപയോഗിക്കാവുന്ന വൈദ്യുതശക്തി നാല്പതിരട്ടിയായിത്തീരത്തക്കവണ്ണം നാട്ടിൽ ശക്ത്യുൽപാദനം വർദ്ധിച്ചു. തൊഴിലാളി ജനസംഖ്യയിൽ 1910-ൽ തൊഴിൽക്കാരായി ഇരുപത്തിയൊന്നു ശതമാനമാണുണ്ടായിരുന്നതു്. 1940 ആയപ്പോഴേക്കു് അതു പതിനൊന്നു ശതമാനമായിക്കുറഞ്ഞു. ഉൽപാദനത്തോതു്

ക്രമേണ വർദ്ധിക്കുകയും, അതേസമയം മനുഷ്യപ്രയത്നം കുറഞ്ഞു കുറഞ്ഞു വരുകയും ചെയ്തു.

യുദ്ധാവസാനത്തിനു ശേഷംപോലും 233 ബില്യൻ (1 ബില്യൻ = 100 കോടി) ഡോളർ മുതൽമുടക്കോട്ടുകൂടി, തന്റെ ഉൽപാദനശക്തി ഇരട്ടിച്ചു കഴിഞ്ഞിരിക്കുന്നു. ഉരുക്ക്, വിദ്യുച്ഛക്തി എന്നിവയിലുള്ള വ്യവസായികൾ വർദ്ധിച്ചുവന്ന ആവശ്യത്തോതനുസരിച്ചു ഉൽപാദനവും വർദ്ധിപ്പിച്ചു. കാർഷികരംഗത്ത് അത്ഭുതകരമായ വിളവു വർദ്ധനവാണുണ്ടായിട്ടുള്ളതു്. 1820-ൽ രാജ്യത്തിനാവശ്യമായ ഭക്ഷ്യസാധനങ്ങൾ ഉൽപാദിപ്പിക്കുവാൻ തൊഴിലാളിസമുദായത്തിന്റെ എഴുപത്തിരണ്ടുശതമാനം പ്രയത്നിക്കേണ്ടിവന്നു. പക്ഷേ, 1950 ആയപ്പോഴേക്കു് തങ്ങൾക്കും രാജ്യത്തിനും ആവശ്യമായ കാർഷികവിഭവങ്ങൾ വിളയിക്കുവാൻ പതിനൊന്നുശതമാനം തൊഴിലാളികളേ കാർഷികവൃത്തിക്കു വേണ്ടിവന്നുള്ളു.

വിപ്ലവം സൃഷ്ടിച്ച സാങ്കേതികപരിജ്ഞാനം, മാൽത്തുസിന്റെ അശുഭാപ്തിവാദത്തെ തിരിച്ചടിച്ചു് ഭൂമിയുടെ ഉൽപാദനശക്തി, പ്രയത്നം, മുതൽമുടക്ക് ഇവയെ ഉയർത്തുകയും ലളിതവും ഫലപ്രദവുമായ സന്താനനിയന്ത്രണപദ്ധതികൾ പുരോഗമിപ്പിക്കയും ചെയ്തിട്ടുണ്ട്. ചരിത്രത്തിൽ ഇദംപ്രഥമമായി പട്ടിണിയേയും രോഗത്തേയും പരാജയപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ മനുഷ്യനു് കരഗതമായിക്കഴിഞ്ഞിരിക്കുന്നു.

മൂന്നു മൗലികസംഗതികളെ ആശ്രയിച്ചാണു് ഏതു സാമ്പത്തികതത്വവും നിലകൊള്ളുന്നതു്—പ്രകൃതിവിഭവങ്ങൾ, പ്രയത്നം, മൂലധനം, ഐക്യസംസ്ഥാനങ്ങളുടെ ഐശ്വര്യം വിഭവസമൃദ്ധിയുടെ ഫലമായിട്ടാണെന്നാണു് സാധാരണ വിശ്വസിക്കപ്പെടുന്നതു്. എന്നാൽ അവ ജനസംഖ്യാനുപാതികമായി നോക്കിയാൽ യു. എസ്സ്. എസ്സ്. ആറിനേക്കാളും ആശ്രിതപ്രദേശങ്ങൾ ഉൾപ്പെടെയുള്ള പശ്ചിമയൂറോപ്പിനേക്കാളും ഒട്ടുംതന്നെ കൂടുതലല്ല. അപര്യാപ്തോൽപാദനവും ക്ഷാമവും നാം കഷ്ടപ്പെട്ട ആ ദുരിതകാലഘട്ടമായ 1930—1940 കൊല്ലങ്ങളിൽ ഉണ്ടായിരുന്നതിൽ കൂടുതലായി പ്രകൃതിവിഭവങ്ങൾ ഒട്ടുംതന്നെ നമ്മൾക്കിന്നുമില്ല.

അതിനാൽ ഉൽപാദനത്തിൻെറ ആധുനികമാനദണ്ഡം വിഭവലഭ്യത ഒന്നുമാത്രമല്ല പ്രകൃതിവിഭവങ്ങളിൽ ഏററവും ദരിദ്രമായ ന്യൂ ഇംഗ്ലണ്ട്, വ്യവസായം പുരോഗമിപ്പിച്ച് 19-ാം നൂററാണ്ടിൽ, സാമ്പത്തികമായി നമ്മുടെ രാഷ്ട്രത്തിൽ പ്രഥമസ്ഥാനം നേടി. അതേസമയം വിഭവസമൃദ്ധമായ ദക്ഷിണപ്രദേശം അടിമകളെ പണിചെയ്യിച്ച് അസംസ്കൃത സാധനങ്ങൾ നിർമ്മിച്ച്, ദാരിദ്ര്യമടഞ്ഞു. ഒരർദ്ധഗോളം മുഴുവൻ സ്വാധീനതയിലുണ്ടായിരുന്നിട്ടും, സജീവവും നിർമ്മാണപരവുമായ സാമ്പത്തികശാസ്ത്രം വളർത്തിക്കൊണ്ടുവരുവാൻ സ്പെയിൻകാർക്ക് സാദ്ധ്യമായില്ല. വിഭവസമ്പന്നതയോടൊപ്പം ഉള്ള മനുഷ്യൻെറ ധീരയത്നങ്ങളാണ് ഉയർച്ചയുടെ പ്രേരണാശക്തി. ടാക്കോണൈററ് പോലുള്ള ഏററവും അസംസ്കൃതപദാർത്ഥങ്ങൾപോലും ഉപയോഗയോഗ്യമാക്കിയിരിക്കുന്നതുകൊണ്ടുതന്നെ മനുഷ്യൻെറ ബുദ്ധിശക്തിക്ക് വിഭവങ്ങളെ 'സൃഷ്ടിക്കാനുള്ള' ശക്തി എത്രയെന്നു തെളിയുന്നുണ്ട്.

കുടിയേററംമൂലം പണിയാളുകൾക്കുള്ള ആവശ്യം കുറെ നിറവേറിയെങ്കിലും താരതമ്യേന വിരളമായിരുന്നു അവരുടെ എണ്ണം. മൂലധനക്കാര്യവും അപ്രകാരംതന്നെ. അതും അന്യനാട്ടുകളിൽനിന്നും വന്നെത്തേണ്ടിയിരുന്നു. തൊഴിലാളിക്കുറവും ശമ്പളക്കൂടുതലും കൂടുതലായ മൂലധനം മുടക്കിനും യാന്ത്രികസഹായത്തിനും പ്രചോദനമേകി. കൂടുതൽ കാര്യക്ഷമങ്ങളായ യന്ത്രങ്ങളിൽ നീക്കിയിരുപ്പാദായങ്ങൾ വീണ്ടും മുടക്കുകയും, കണ്ടുപിടുത്തങ്ങൾ കൂടുതൽ കൂടുതൽ പ്രയോജനകരങ്ങളായ യന്ത്രങ്ങൾ മുന്നോട്ടു കൊണ്ടുവരുകയും ചെയ്തു. ഇപ്പോൾ നമ്മുടെ മൂലധനവർദ്ധനവു കുറഞ്ഞുവരുന്ന വേലസമയവുമായി സമനില പാലിച്ചുപോരുന്നു.

ഉല്പാദനാഭിവൃദ്ധി, ഉല്പാദനപദാർത്ഥങ്ങളുടെ തുകയും, വിവിധത്വവും, നിർമ്മാണവിധങ്ങൾ, ആൾച്ചെലവ്, ഉല്പാദകർക്ക് വിലയ്ക്കു വാങ്ങുവാനുള്ള പ്രാപ്തി: ഈ സംഗതികളെ സംബന്ധിച്ച ഒരു പ്രധാന ലക്ഷണമാണ് വളർച്ച.

*അഭിവൃദ്ധിയുടെ ഒരു സാമ്പത്തികവ്യവസ്ഥ*

നിർമ്മാണം കുറഞ്ഞതോതിൽ നിലനിർത്തുന്നതിലല്ല ഐക്യനാടുകൾ ലക്ഷ്യം ഊന്നിയതു്. അവക്കു നിർമ്മാണസമൃദ്ധിയായിരുന്ന ആവശ്യം. അതു ക്രമേണ വളർത്തിയെടുക്കുന്നതിനു യൂറോപ്പിനെന്നതുപോലെ അവൾക്കും സാധിച്ചു. ലോകത്തുള്ള മററു രാജ്യങ്ങളെ ഈ വിഷയത്തിൽ പരാജയപ്പെടുത്തുന്നതിനുള്ള ഭാഗികമായ കാരണവും ഇതുതന്നെയാണു്. അവിടെയുള്ള പ്രകൃതിവിഭവങ്ങളെ പൗരജനങ്ങൾ, ഒരു പ്രത്യേക മേൽജാതിക്കുവേണ്ടി മാത്രമല്ല ജനസമുദായത്തിനു പൊതുവായുള്ള ആവശ്യങ്ങൾക്കുവേണ്ടി, ഉണർവ്വോടും നിർദ്ദയമായും ചൂഷണം ചെയ്തു.

അതിൻെറ തുടർച്ചയായ സാധനോല്പാദനം മററുപല പ്രതീക്ഷകളേയും ആസ്പദമാക്കിയിരുന്നു. (1) ഉല്പാദനം, അനേകായിരം പ്രയത്നശാലികളായ വ്യത്യസ്തവ്യക്തികളുടേയും, വിപണിയിൽ നീങ്ങിക്കൊണ്ടിരിക്കുന്ന ആവശ്യങ്ങളുടേയും അധീനതയിൽത്തന്നെയിരിക്കയാണുത്തമമെങ്കിലും, അതിൻെറ സാമ്പത്തികനിയന്ത്രണത്തിൽ മേൽനോട്ടം വഹിപ്പാനുള്ള ചുമതലയും, ആവശ്യമനുസരിച്ചു തടഞ്ഞുനിർത്തുവാനും മുന്നോട്ടു നയിപ്പാനുള്ള കടമയും ഗവമ്മെൻറിനുണ്ടു്. (2) നികുതി ചുമത്തുവാനുള്ള അധികാരമുണ്ടെങ്കിലും സ്വകാര്യസ്വത്തിൽ കൈകടത്തുവാനുള്ള അധികാരം ഗവമ്മെൻറിനില്ല. (3) വ്യക്തികൾക്കും പൊതുസ്ഥാപനങ്ങൾക്കും സാധനങ്ങളും സേവനവും കരാറുപ്രകാരം വാങ്ങുന്നതിനു സ്വാതന്ത്ര്യമുണ്ടായിരിക്കണം. (4) ധനതത്വത്തിൻെറ മൂലഘടകങ്ങളായ, തൊഴിൽ, കൃഷി, പൊതുഘടകങ്ങൾ ഇവ തമ്മിൽ ഒരു പ്രായോഗികസമനില, സാമ്പത്തികനിലയെ സംതൃപ്തികരമായി നിലനിർത്തുവാൻ, പരിരക്ഷിക്കേണ്ടതാണു്.

ധനത്തെ ഒരു സജീവശക്തിയായി അമേരിക്കാക്കാർ സങ്കല്പിച്ചുപോരുന്നതായിരിക്കാം എല്ലാററിലുംവെച്ചു പ്രധാനം. കൂടുതൽ ധനമാർജ്ജിക്കുന്നതിനുപയോഗിക്കയല്ലാതെ തമ്മിൽ തമ്മിലടിക്കുന്നതിനുപകരം ഒത്തൊരുമിച്ചു പ്രയത്നിച്ചാൽ ഉള്ള ചുററുപാടുകളിൽനിന്നു മൂലധനവും പ്രയത്നവുംകൊണ്ടു കൂടുതൽ മുതലുണ്ടാക്കാമെന്നു പരിചയം അവരെ പഠിപ്പിച്ചി

ട്ടുണ്ടു്. പതിതഃസ്ഥിതികളനുസരിച്ചു്, കുത്തകയേപ്പാട്ട തട യുന്നതിനും (കമ്മോഡിററി ക്രെഡിററ് കോർപൊറേഷൻ) തൊഴിൽ ഘടനകളെ പ്രോത്സാഹിപ്പിക്കുന്നതിനും (വാഗ്നർ നിയമം) അതിൻെറ അധികാരങ്ങൾ തടയുന്നതിനും (ടാഫ്ട്-ഹാർട്ലി) നിയമങ്ങൾ നടപ്പാക്കിയിട്ടുണ്ടു്. നാം ടി. വി. എ. നിമ്മിച്ചു്, തപാൽവകുപ്പു നടത്തിക്കൊണ്ടുപോകു വാൻ ഗവമ്മെൻറിനെ ഏല്പിച്ചു. പശ്ചിമപ്രദേശങ്ങളിൽ അനേകലക്ഷം ഏക്കർ നീണ്ടുകിടക്കുന്ന തീവണ്ടിപ്പാതയുടെ പണികൾ സ്വകാര്യവ്യവസായസ്ഥാപനങ്ങൾക്കു നാം വിട്ടു കൊടുത്തു. കുത്തകക്കയ്യടക്കത്തിനെതിരായി, ടെലഫോൺ, ടെലഗ്രാഫ് ഇവ സംബന്ധിച്ച പ്രവത്തനങ്ങൾ പൊതുജന ക്ഷേമാടിസ്ഥാനത്തിൽ നടത്തുന്നതിനു നാം സ്വകാര്യസ്ഥാപ നങ്ങൾക്കു് അനുവാദം കൊടുത്തിട്ടുണ്ടു്. റെയിൽപ്പാതകളും വ്യോമവീഥികളും അതുപോലെതന്നെ നിയന്ത്രിക്കപ്പെട്ടിരി ക്കുന്നു.

അമേരിക്കൻ സാമ്പത്തികനയം ആഡംസ്മിത്ത്, റിക്കാർഡോ ഇവരിൽനിന്നും തുടന്നുപോന്നിട്ടുള്ള ഒരു പഴഞ്ചൻ അവശേഷമെന്നു കരുതുന്നതു് ഒട്ടൊക്കെ ഒരു പരിഷ്കാരമായിട്ടുണ്ടു്. എന്നാൽ, സ്വകാര്യസമാരംഭങ്ങളും ഗവമ്മെൻറുനിയന്ത്രണങ്ങളും സംയോജിച്ചു്, അവയ്ക്കു് ഒററയ്ക്കൊററയ്ക്കു കഴിയുന്നതിൽ കൂടുതലായ സേവനശക്തി പ്രദാനംചെയ്യുന്ന ഒരു സമ്പ്രദായമായി അതു സോഷ്യലിസത്തേയും വാസ്തവത്തിൽ മറികടന്നിരിക്കുന്നു എന്നു ഫ്രെഡറിക്ക് ലെവിസ്സ് അല്ലൻ സമത്ഥിക്കുന്നു. ശമ്പളനിരക്കു വദ്ധിപ്പിച്ചും, വൻവ്യവസായങ്ങളിൽ നികുതിഭാരം കൂട്ടിയും നാം മൂലധനത്തെയല്ല, വിതരണത്തെയാണു് ജനായത്തമാക്കിയിട്ടുള്ളതു്. താറാവിനെ കൊന്നതിന്നുന്നതല്ല അതിനെ വളത്തി കൂടുതൽ പൊൻമുട്ട ഇടീക്കുന്നതാണു് നമ്മുടെ സോഷ്യലിസരൂപം.

അമേരിക്കൻരീതിയിലുള്ള വ്യവസായനടപടി ഒരു പുതു സിദ്ധാന്തം കണ്ടുപിടിച്ചിട്ടുണ്ടു്—മത്സരസഹകരണം. ഒരേ മണ്ഡലത്തിലുള്ള നിമ്മാതാക്കൾ ഉപകാരപ്രദങ്ങളായ ആശയങ്ങളും, വ്യാപാരരഹസ്യങ്ങളും, കണ്ടുപിടുത്തങ്ങളും പരസ്പരം കൈമാറുന്നു. അതോടെ അവർ പുറത്തിറങ്ങി 'കുററിക്കാ

ക്കു'വേണ്ടി മത്സരിക്കുന്നു. പക്ഷേ, ഈ സമ്പ്രദായം ചെറുകിട സ്വതന്ത്രനിർമ്മാതാക്കളിൽ വളരെപ്പേരെ പുറത്താക്കിയിട്ടുമുണ്ട്.

നിയമം ആദരിക്കുന്ന പൗരാവലി, അതു സുശക്തമായി നടത്തുന്ന ഒരു ഗവമെണ്ട് (ഉദാ: ക്രാറുനിയമം) പണം കൈമാററം ചെയ്യുന്നതിനും വായ്പ എടുക്കുന്നതിനും സുഗമവും ഭദ്രവുമായ ബാങ്കിങ്ങ്'വ്യവസ്ഥയും സാമ്പത്തികവ്യവസ്ഥകളും, പ്രഭാതത്തിൽ ഹാജരായി അന്തിയിലെ കുഴലൂതുംവരെ നിന്നു വേലചെയ്യുമെന്ന് വിശ്വസിക്കാവുന്ന തൊഴിലാളിവർഗ്ഗം മുതലായി സാമ്പത്തികതത്വത്തെ ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതിനു പര്യാപ്തമായ ചില ആനുകൂല്യങ്ങൾ നമ്മൾക്കു ലഭിച്ചിട്ടുണ്ടെന്ന് സമ്മതിച്ചേതീരൂ. ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും ഇതു കണ്ടു എന്നു വരുന്നതല്ല.

വൻകിടനിർമ്മാണത്തിൻെറ ഗുണഗണങ്ങൾ എലിവിറ്റ്നിയുടെ കാലംമുതലേ അറിഞ്ഞിരുന്നു എങ്കിലും, അതിന്റെ പൂർണ്ണനിലയിലെത്തിച്ചതിനുള്ള പ്രശസ്തി ഹെൻട്രി ഫോർഡിനാണ്. വിലകുറവുള്ള സാധനത്തിനു് ആവശ്യക്കാർ അനേകലക്ഷമുണ്ടാവും. അതിൻെറ നിർമ്മാതാക്കൾക്കു കിട്ടുന്നതു് താരതമ്യേന കൂടിയ കൂലിയാണ്. വൻകിട നിർമ്മാണവും അതിനനുസരിച്ച വിററഴിവുംമൂലമാണ് അതു സാധ്യമായതു്. താഴ്ന്ന വില, ഉല്പാദനപ്പെരുപ്പം, ഉയൻ കൂലിനിരക്ക് ഇവ ആദായത്തേയും വിപണികളേയും വർദ്ധിപ്പിക്കുന്നു. ഇതാണ് അഭിവൃദ്ധിയുടെ ചരിത്രവൃത്തം.

ഇപ്രകാരമുള്ള പരിപാടി ഭീമമായ വ്യവസായസ്ഥാപനങ്ങൾക്കു് കാരണമായി. വിലയേക്കാൾ നിർമ്മാണത്തെ സംബന്ധിക്കുന്ന ഒരു മത്സരത്തിനു് അതു വഴിതെളിച്ചു. ഒരു ഫോർഡിൻേറയും, ഷെപ്രലോയുടേയും, പ്ലീമത്തിൻേറയും വിലകളിലുള്ള വ്യത്യാസം നിസ്സാരമാണ്. ഏതു കാർ വാങ്ങണമെന്നു് ഒരാൾ നിശ്ചയിക്കുന്നതു് യന്ത്രമേന്മയേയോ വാഹനത്തിൻെറ ആകാരഭംഗിയിൽ ഭാര്യയ്ക്കുള്ള പ്രിയത്തേയോ ആശ്രയിച്ചിരിക്കും. പരസ്പരം മത്സരിക്കുന്നതു് ഭീമവ്യവസായങ്ങളുടെ ഉടമകളാണ്. അലൂമിനിയം വെള്ളുരുക്കുമായി മത്സരിക്കുന്നു. വിലകൾ ഒതുക്കിനിർത്താത്തപക്ഷം ഉരുക്കുനിർമ്മാണം

തങ്ങൾ തുടങ്ങുമെന്നു് ജനറൽ മോട്ടോർക്കമ്പനി ഭീഷണി മുഴക്കുന്നു. ആവശ്യമുള്ള കാർഷികോത്പന്നങ്ങൾ നേരിട്ടു കൃഷി ചെയ്തുണ്ടാക്കുമെന്നു് പലചരക്കുവ്യാപാരികൾ പേടിപ്പെടുത്തുന്നു. ഇങ്ങനെയാണു് മത്സരത്തിൻെറ പോക്കു്.

ഇതു് കുത്തകാവകാശസ്ഥാപനത്തിൽ അവസാനിക്കുമോ?

ഇല്ലാ എന്നാണു് ചരിത്രം പറയുന്നതു്. അമേരിക്കാക്കാക്കു് ധർമ്മബോധപരമായിത്തന്നെ കുത്തകയോടു വെറുപ്പാണു്. യു. എസ്സ്. സ്റ്റീൽ ആൻഡ് ഓയിൽക്കമ്പനി ഒരിക്കൽ പ്രകടിപ്പിച്ച ഭീഷണി വളരെനാളുകൾക്കുമുമ്പായിരുന്നു. ഇന്നു് വൻകിടസ്ഥാപനങ്ങൾപോലും, ഏകാധിപത്യം കിട്ടാൻ സൗകര്യമുണ്ടെങ്കിൽത്തന്നെ അതു നിരസിക്കും. അവക്കു് ഉശിരേകുന്ന ഭക്ഷണം മത്സരമാണു്. അതാണു് അവരെ മുന്നോട്ടു നയിക്കുന്നതു്. കുത്തകാധിപത്യം ഗവൺമെൻറുനിയന്ത്രണത്തിലായിരിക്കുമെന്നു് അവക്കറിയാം. കുട്ടുക്കിട്ട ഒരു സമ്പദ്വ്യവസ്ഥയ്ക്കു 98 ലക്ഷം സ്വതന്ത്രപ്രവർത്തനകേന്ദ്രങ്ങളോടു മത്സരിപ്പാൻ സാധ്യമല്ലെന്നും അവക്കറിവുള്ളതാണു്.

മോട്ടോർവാഹനം, ഉരുക്കു്, എണ്ണ എന്നീ അഗ്നിപ്രധാനവ്യവസായങ്ങളിൽ ഓരോന്നും നാലുമുതൽ എട്ടുവരെ വൻസ്ഥാപനങ്ങൾ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു എങ്കിലും, അതേ വ്യവസായങ്ങളിൽ ചെറുകിടസ്ഥാപനങ്ങൾക്കും അഭിവൃദ്ധി പ്രാപിക്കുവാനുള്ള സൗകര്യങ്ങളുണ്ടു്. ഉഗ്രങ്ങളായ ഉരുക്കുവ്യവസായശാലകൾ നാലും അവയുടെ മൊത്തവേലയുടെ മൂന്നിലൊന്നു് എൺപതു ചെറുകമ്പനികളുടെ മത്സരത്തിനു വിട്ടുകൊടുത്തിരിക്കയാണു്. ഏററവും മുന്തിനില്ക്കുന്ന പെട്രോളിയംവ്യവസായശാലകളിൽ അഞ്ചെണ്ണം അഞ്ചിൽ മൂന്നു ഭാഗം വേലകൾ അവർ ചെയ്തിട്ടു്, അഞ്ഞൂറു ചെറുകമ്പനികൾക്കായി ബാക്കിയുള്ളതു വിട്ടുകൊടുത്തിരിക്കുന്നു.

തുല്യമായ എതിർപ്രവർത്തനമെന്നു് ജോൺ കെന്നത്ത് ഗാൽബ്രെയ്ത്ത് പേരിട്ടിരിക്കുന്ന ആ ശക്തി വൻകിടമുതലാളിമാർ വിപണിയെ സ്വായത്തമാക്കാതെ സംരക്ഷിക്കുന്നു. പലചരക്കുവ്യാപാരികളെപ്പോലെയുള്ള വൻവിതരണക്കാർ ഉൽപാദകപക്ഷത്തെ വില വർദ്ധിക്കാതെ എതിർശക്തി

യായി പ്രവർത്തിക്കുന്നു. വൻവ്യവസായങ്ങളോടു കിടപിടിക്കുവാൻ വലിയ യൂനിയൻസംഘടനകളുമുണ്ട്. അവ തൊഴിലാളിയുടെ അവകാശവാദങ്ങൾക്കുവേണ്ടി മല്ലടിച്ചു നിന്നില്ലായിരുന്നു എങ്കിൽ മുതലാളി തൊഴിലാളിയെ അടിമത്തത്തിൽ അമർത്തുമായിരുന്നു.

വിമർശകരിൽ അനേകംപേർ അത്ര കാര്യമായി ഗണിക്കുന്നില്ല എങ്കിലും വൻകിടവ്യവസായസ്ഥാപനങ്ങളാണെന്നുള്ളതിൽ ആർക്കും സംശയമില്ല. എന്നിട്ടും വർദ്ധിച്ച തോതിലും വിവിധരീതികളിലും വ്യവസായോൽപന്നങ്ങളെ സാമാന്യേന താഴ്ന്ന വിലയ്ക്കു് നാട്ടിൽ വിതരണം ചെയ്യുവാൻ തങ്ങൾക്കുള്ള അജയ്യശക്തി അവ തെളിയിച്ചിട്ടുണ്ട്. ഉൽപന്നങ്ങളുടെ മേന്മയും ഉൽപാദനവർദ്ധനവും സംബന്ധിച്ച ഗവേഷണങ്ങൾക്ക് വേണ്ട സജ്ജീകരണങ്ങൾ അവ കരുതിയിട്ടുണ്ട്. മിക്കവാറും ചെറുവ്യവസായങ്ങളേക്കാൾ അവരാണ് തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങളേയും, അവരുമായുള്ള സൗഹൃദബന്ധത്തേയും നയിച്ചുകൊണ്ടുപോകുന്നതു്.

നമ്മുടെ സമുദായത്തെപ്പോലെതന്നെ, അമേരിക്കൻ സാമ്പത്തികസമ്പ്രദായവും, അതിൻെറ അനേകത, പരീക്ഷണാത്മത, അനുഭവസ്വഭാവം എന്നിവകൊണ്ട് ലളിതമായി വിശദീകരിക്കുവാൻ സാധ്യമല്ല. സ്വകാര്യപ്രയത്നങ്ങൾക്കുവേണ്ടി നാം മുറവിളി കൂട്ടുന്നുണ്ടെങ്കിലും, കടം, കുത്തകാവകാശം, വ്യവസായസംഘടനകൾ, ഉല്പന്നവില ഇവയിൽ ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണം വേണമെന്ന് ഓരോരുത്തനും വാദിക്കുന്നുണ്ട്. കൂട്ടി അടിക്കുന്ന താല്പര്യങ്ങളിലും, ആവശ്യതകളിലും എല്ലാം ഗവമെൻറ് മദ്ധ്യസ്ഥത വഹിക്കണം. ഭിന്നശക്തികളെ തുല്യനിലയിൽ വരുത്തുക, അവയെല്ലാം ഉല്പാദനക്ഷമത അങ്ങേയററംവരെ വർദ്ധിപ്പിച്ചു ധാരാളം ഉപഭോഗസാധനങ്ങൾ ഉണ്ടാക്കുക—ഇതാണ് എല്ലാവർക്കും ഹിതകരമായ സാമ്പത്തികലക്ഷ്യം.

### ഉല്പാദനം

താരിഫ്നിയമങ്ങളാൽ സംരക്ഷിക്കപ്പെടുന്ന വ്യവസായരംഗം് വിശാലവും സ്വതന്ത്രവുമായ ആഭ്യന്തരവിപണി

ഐക്യരാജ്യങ്ങൾക്കു സഹായകമായിരിക്കുന്നുണ്ട്. മറ്റ് ഉല്പാദനരംഗങ്ങളിൽനിന്നു സാധനങ്ങൾ കൊണ്ടുവരാനുള്ള ചെലവുകുറവും കുറെയെല്ലാം ആനുകൂല്യം ചെയ്യുന്നു. സംസ്ഥാനങ്ങൾതമ്മിൽ വ്യാപാരതടസ്സം വരുത്തുന്ന ചുങ്കങ്ങൾ അവിടെ ഇല്ല. സാമാനങ്ങളുടെ ഗതാഗതത്തിനു് അതിവിശാലമായ യാന്ത്രികസജ്ജീകരണങ്ങൾ പുരോഗമിച്ചിട്ടുമുണ്ട്. തന്മൂലം ഉപഭോക്താക്കൾക്ക് വാങ്ങുവാൻ സൗകര്യപ്രദമായ രീതിയിൽ വിലകൾ കുറഞ്ഞനിരക്കിൽ നിലനിത്തുന്നതിനും, സാധനങ്ങളുടെ ഗുണക്കൂട്ടതലിൽ പ്രത്യേകം ശ്രദ്ധചെലുത്തുന്നതിനും കഴിയുന്നു.

ഒരു സ്വതന്ത്രവിപണിക്കുവേണ്ടി അമേരിക്കാക്കാർ എന്നാലും മുറവിളികൂട്ടിയിട്ടുണ്ടെങ്കിലും, സമുദായത്തിലെ വിഭിന്നഘടകങ്ങളുടെ ആവശ്യതകളെ സമതുലിതാവസ്ഥയിൽ സംരക്ഷിക്കുന്നതിനാവശ്യമായ നിയന്ത്രണങ്ങളും കൂടിയേ തീരൂ എന്നു് അവർ നിർബന്ധിച്ചിട്ടുണ്ട്. വൈദേശികമാത്സര്യത്തിൽ അടിപെടാതെ വ്യവസായങ്ങളെ സംരക്ഷിക്കുവാൻ താരിഫ്നിയമങ്ങളും, തൊഴിലാളികളെ സംരക്ഷിക്കുവാൻ ദേശീയജീവരക്ഷാഭോഗസ്ഥാപനങ്ങളും വേതനനിയമങ്ങളും ഉണ്ട്. കർഷകക്ക് സഹായത്തുകകൾ നല്കുന്നു. ഉപഭോക്താക്കളെ സംരക്ഷിക്കുവാൻ ഭക്ഷണസാധനങ്ങളേയും രാസപദാത്ഥങ്ങളേയും സംബന്ധിച്ചു പ്രത്യേക നിയമങ്ങളും ഉണ്ട്. നാണയപ്പെരുപ്പം തടയുവാനായി ഋണനിയന്ത്രണം നടത്തുന്നു. ജനക്ഷേമകരങ്ങളായ ഫെഡറൽ പരിപാടി നിർവഹിച്ചുപോകുന്നതിനു് ആദായനികുതി വദ്ധിപ്പിക്കാറുണ്ട്. തൊഴിലാളികളെ രക്ഷിക്കാൻ സംഘടിതമായ വിലപേശൽ അനുവദിക്കുന്നു. തീവണ്ടിക്കൂലിനിരക്കിൻേറയും മറ്റും മേൽ നിയന്ത്രണങ്ങളുണ്ട്. റേഡിയോ, ആകാശവിമാനം എന്നിവ നിയന്ത്രണാതീതമാണ്. നിക്ഷേപകരുടെ മുതലിനു് ഭദ്രതനല്കുന്ന നിയമങ്ങൾ നിമ്മിച്ചിട്ടുണ്ട്. വ്യവസായത്തേയും വിപണിയേയും ശരിക്കു നടത്താൻവേണ്ടി ഗവമ്മെൻറുതന്നെ നിർവഹിക്കണമെന്നു പൊതുജനഹിതം ആവശ്യപ്പെട്ടുകയും നിർബന്ധിക്കയും ചെയ്തിട്ടുള്ള ഏതാനും ചില കാര്യങ്ങളാണ് ഇതെല്ലാം. ഈ നിയന്ത്രണങ്ങൾ പലവിധത്തിലും

സാമ്പത്തികനിലയെ സുദൃഢമാക്കിയിട്ടുണ്ട്. എന്നാൽക്കൂടി ഈ അമേരിക്കൻസമ്പ്രദായം ഇത്ര വൻതോതിലുള്ള നിർമ്മാണത്തിന് വഴിയാക്കിയതെങ്ങനെയെന്നുള്ള പ്രശ്നം നിലനില്ക്കുന്നു.

ടോണിയും മററും കാണിച്ചുതന്നിട്ടുള്ളതുപോലെ പ്രൊട്ടസ്റ്റൻറുസിദ്ധാന്തം, മനുഷ്യനെ കഠിനയത്നം നടത്തുന്നതിനും ഉല്പാദനവർദ്ധനവിനെ ദൈവാനുഗ്രഹമായി സങ്കല്പിക്കുന്നതിനും, പ്രേരിപ്പിച്ചു. ഡി. ടോക്വേവിൽ സൂചിപ്പിക്കുംപോലെ സ്ഥിതിസമത്വവും, ചേരിതിരിവും ഇല്ലായ്മയും വ്യവസായ വാണിജ്യങ്ങളിൽ ഇടപെടുന്നതിന് മനുഷ്യനു പ്രചോദനം നല്കി. ഗ്രേററ്ബ്രിട്ടനിൽനിന്നുള്ള സ്വാതന്ത്ര്യം ദേശീയോൽപാദനങ്ങൾക്ക് ഒരു വലിയ ആവേശമുണ്ടാക്കി. പശ്ചിമാഭിമുഖമായ വികസനവും ജനപ്പെരുപ്പവും ഉല്പാദനങ്ങളുടെ ആവശ്യകതയും വർദ്ധിപ്പിച്ചു.

പ്രാപ്തി ഒരാവേശമായി. വേലക്കാരെ സ്ഥലംമാറ്റിനിർത്തിയും, യാന്ത്രികഭാഗങ്ങൾക്ക് ഭേദഗതി വരുത്തിയും, മനുഷ്യയത്നത്തെ കഴിയുന്നത്ര കുറച്ചും ഉള്ള പരീക്ഷണം തുടങ്ങി. ഇതിനു ശ്രമിക്കുന്ന സാങ്കേതികവിദഗ്ദ്ധന്മാരെക്കൊണ്ട് യന്ത്രശാലകൾ നിറഞ്ഞു. പ്രയത്നത്തിൽ അധികഭാഗവും പ്രവർത്തനരീതിയുടേയും പ്രവർത്തനഗതിയുടേയും, സ്ഥലസൗകര്യക്രമീകരണത്തിൻേറയും ദോഷത്താൽ നിരുപയോഗപ്പെടുകയാണെന്ന് അവർ തെളിയിച്ചു.

ഉല്പന്നങ്ങളുടെ വലിപ്പവും ആകൃതിയും ക്ലിപ്തരീതിയിൽ ആക്കിയതുമൂലം ലാഭം അനേകലക്ഷം വർദ്ധിച്ചു. നാല്പതു തരത്തിൽ കൂടുതൽ ഉണ്ടായിരുന്ന ആശുപത്രികട്ടിലുകൾ ഒന്നോ രണ്ടോ ആയി കുറഞ്ഞു. അടിസ്ഥാനപരമായി ഏതാനും മാതൃകകളിലുള്ള യാന്ത്രികവിഭാഗങ്ങൾ സൃഷ്ടിച്ചാൽ, അവയ്ക്കു നിസ്സാരഭേദഗതികൾ വരുത്തി അനേകവിധം മോട്ടോർവാഹനങ്ങൾ ഉപയോഗിക്കുവാൻ സാദ്ധ്യമാണെന്ന് മോട്ടോർകാർ നിർമ്മാതാക്കൾ പഠിച്ചു.

വരവുചെലവുകണക്ക്, സാമ്പത്തികഗവേഷണം, തൊഴിൽ വിശകലനം, ശാസ്ത്രപരീക്ഷണം, തൊഴിൽ പ്രവചനം, ഉപകരണനിയന്ത്രണം, തൊഴിൽശാല പരിഷ്കരണം,

സാധനങ്ങളുടെ ഗതാഗതസൗകര്യങ്ങൾ മുതലായവയെല്ലാം പ്രത്യേക പഠനവിഷയങ്ങളായി. അതുമൂലം അവ ഓരോന്നും കൂടുതൽ പ്രയോജനകരമായിത്തീർന്നു് ഉല്പാദനപുരോഗതിയെ സഹായിച്ചു.

കുറഞ്ഞ ചെലവും കൂടിയ ശമ്പളവും തമ്മിൽ സമ്മേളിപ്പിക്കുന്നതു് എങ്ങനെയെന്നു് അമേരിക്കൻ നിർമ്മാതാക്കൾ പഠിച്ചു. നിശ്ചയമായും പ്രാപ്തിയുടെ ഒരടയാളമാണതു്. റഷ്യയിൽ നാലു ജോലിക്കാർക്കു് ഒരു ക്ലാർക്കുവീതം വേണ്ടിവരുമ്പോൾ ഐക്യനാടുകളിൽ ഏഴിനൊന്നുവീതമേ വേണ്ടു. ഇതു് മറെറാരു പരീക്ഷയാണു്.

വേലയ്ക്കു വേഗം കൂട്ടുവാൻ തൊഴിലാളിയെ തിരക്കുകയാണു് പണ്ടു് പതിവു്. കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള ഇന്നത്തെ രീതി ഇതല്ല. തൻെറ സുഖസൗകര്യാദികൾ വർദ്ധിച്ചു എന്നുള്ള ബോധത്തോടെ സംതൃപ്തനായ തൊഴിലാളി ഉല്പാദനം വർദ്ധിപ്പിക്കയാണു ചെയ്യുന്നതു്.

രാജ്യമാകെയുള്ള ഓഫീസുകളിലും തൊഴിൽശാലകളിലും ഒരു സാങ്കേതികപ്രവർത്തനംമൂലം സംഗീതം പ്രവഹിച്ചു. തൊഴിൽദിവസങ്ങളിൽ അതാതു സമയത്തുള്ള മാനസികനിലകളെക്കൂടി ഇതു കണക്കിലെടുത്തിട്ടുണ്ടു്. ഫലമോ? തൊഴിലാളിക്കു് ഒരു മനോലാഘവവും രസവും, കേടുപാടുകളും അപകടങ്ങളും ആണെങ്കിൽ കുറവും. മുതലാളിമാർക്കു് കടധനപട്ടികയിൽ അതിൻെറ പ്രയോജനം പ്രത്യക്ഷത്തിൽ കാണാവുന്നതാണു്. അഞ്ഞൂറുലക്ഷം ജോലിക്കാർ ഒരു പാട്ടുകച്ചേരിതന്നെ കേട്ടുനിന്നു.

അതിനിടയിൽ വ്യാവസായികഗവേഷണങ്ങൾ, അത്ഭുതകരമായ നവീനോൽപന്നങ്ങളെ നിർമ്മിച്ചു പുറത്തിറക്കുന്നു. ഓരോ മണിക്കൂറിലും മോട്ടോർകാറിനുള്ള രണ്ടായിരം പിസ്റ്റൺ വീതം ഉണ്ടാക്കത്തക്ക ഒരു ഉല്പാദനനിലയാണു് ജനറൽ മോട്ടോർ കമ്പനിക്കുള്ളതു്. വൈദ്യുതവിളക്കുകളുടേയും വിദ്യുച്ഛക്തിസംബന്ധിച്ച മററു സ്ഫടികോപകരണങ്ങളുടേയും തൊണ്ണൂറുശതമാനം നിർമ്മാണവും പതിന്നാലു ഭീമാകാരസ്ഫടികനിർമ്മാണയന്ത്രങ്ങളാണു് നിർവഹിക്കുന്നതു്. ഇതിൽ ഓരോ യന്ത്രം നടത്തുന്നതിനും ഓരോ ആളിൽ കൂടുതലായി

ആവശ്യമില്ലാ എങ്കിലും നാല്പതു കൊല്ലങ്ങൾക്ക മുമ്പ് ആവശ്യമുണ്ടായിരുന്നത്ര തൊഴിലാളികൾ ആ വ്യവസായത്തിൽ ഇന്നുമുണ്ട്.

നൂറുനൂറുതരം സാധനങ്ങളെയാണ് ഗവേഷണം പരിഷ്കരിക്കുന്നതു്. വനത്തിലേയും വയലിലേയും പ്രകൃതിവിഭവങ്ങളെ മാത്രം ആശ്രയിച്ചിരുന്ന മനുഷ്യൻ, തുണിത്തരങ്ങൾ, ശുദ്ധീകരണസാധനങ്ങൾ, ഔഷധങ്ങൾ മുതലായവയിൽ വിപ്ലവംതന്നെ സൃഷ്ടിച്ചിരിക്കുന്നു. പഴയ ശാസ്ത്രകല്പിതകഥകളിലെ സ്വപ്നങ്ങൾക്ക തുല്യമായിത്തോന്നുന്ന അത്യുന്നതങ്ങളായ രസതന്ത്രശാലകൾ അനവധിസാധനങ്ങളെ രാസവളങ്ങൾ, കൃത്രിമറബ്ബർ, അച്ചടിമഷി, അനേകം പുതുസാധനങ്ങളുടെ നിർമ്മാണത്തിനുതകുന്ന പ്ലാസ്റ്റിക്ക്‌വ്യവസായത്തിനു വേണ്ട അസംസ്കൃതപദാർത്ഥങ്ങൾ ഇവയെയെല്ലാം അറുതി ഇല്ലാതെ നിർമ്മിച്ചിറക്കുന്നു.

രസതന്ത്രജ്ഞന്മാരും ഊർജ്ജതന്ത്രജ്ഞന്മാരും അവരുടെ പങ്കും അത്ഭുതകരമാംവണ്ണം നിർവഹിച്ചിട്ടുണ്ട്. അവരും പ്രകൃതിശാസ്ത്രജ്ഞന്മാരും ഒത്തുചേർന്നു പ്രവർത്തിക്കുന്ന പക്ഷം നിർമ്മിതിയിലും വ്യവസായത്തിലും ഒരു നവ്യപ്രസ്ഥാനംതന്നെ ഉണ്ടാവാൻ ഇടയുണ്ട്. പ്രകൃതിയെ അനുകരിച്ച്, വായു, വെള്ളം, വെളിച്ചം മുതലായവയിൽനിന്നു് ആഹാരപദാർത്ഥങ്ങൾപോലും അവര് പുതുതായി സൃഷ്ടിച്ചു എന്നു വരാം.

കണ്ടുപിടുത്തങ്ങൾ ആപ്പീസുജോലികൾക്കുപോലും അത്ഭുതാവഹമായ മാററങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്നു. ഇരുനൂറുലക്ഷം ഇടപാടുകാരുള്ള ഒരു വലിയ കമ്പനി കണക്കുകൂട്ടുന്നതിന് ഒരു വൈദ്യുതോപകരണം സ്ഥാപിച്ചിട്ടുണ്ട്. അതുമൂലം അഞ്ഞൂറു ഗുമസ്തന്മാർ ഒരാഴ്ചമുഴവൻ ചെയ്തുകൊണ്ടിരുന്ന ഗണിതക്രിയകൾ ഇരുനൂററിയെഴപതു പേർ രണ്ടുദിവസംകൊണ്ടു ചെയ്തു തീർക്കും. തുളച്ച ചില കാർഡുകൾ ഉപയോഗപ്പെടുത്തി മറെറാരു യന്ത്രം വ്യാപാരശാലസംബന്ധിച്ച സാധാരണ ചോദ്യങ്ങൾക്കും പരാതികൾക്കും കൃത്യമായി മറുപടി പറയും.

ഉൽപാദനശാലകളിൽ ഇന്നുള്ള യന്ത്രങ്ങൾ, അസംസ്കൃത

സാധനങ്ങളെ വലിച്ചെടുക്കയും, ആ പ്രവത്തനം നടന്നുകൊണ്ടിരിക്കുമ്പോൾ തകരാറുകൾ പിണയാതെ സൂക്ഷിക്കയും, തെററുകൾ തിരുത്തുകയും, ആവശ്യമുള്ളപ്പോൾ പ്രവത്തനം തനിയെ നിത്തുകയും വീണ്ടും നടത്തുകയും, സംസ്കരിച്ചു പുറത്താക്കുന്ന പദാത്ഥങ്ങൾ പരിശോധിക്കയും, അതൃപ്തികരമായവയെ കൂട്ടത്തിൽനിന്നു വേർതിരിച്ചുമാററുകയും, നിമ്മിതസാധനങ്ങൾ എണ്ണിത്തിട്ടപ്പെടുത്തുകയും, ആവശ്യമുള്ള കായ്യങ്ങളെല്ലാം അതിൻെറ വൈദ്യുതബുദ്ധികേന്ദ്രം സ്മരണതലത്തിൽ നിലനിത്തുകയും, ചെയ്യുന്നുണ്ടു്.

അവിശ്രാന്തമായി സ്വയം പ്രവത്തിക്കുന്ന യന്ത്രങ്ങൾ അനേകം വ്യവസായങ്ങളെ രൂപാന്തരപ്പെടുത്തുകയോ പാടേ മാററുകയോ ചെയ്തുകഴിഞ്ഞു. എങ്കിലും സ്വന്തം യുഗം ആരംഭിക്കുന്നതേയുള്ളു. അതു വിദ്യുച്ഛക്തിയുടെ വിലനിരക്കു് ഇപ്പോൾത്തന്നെ 1934-ലെ തോതിൽ വരുത്തിയിട്ടുണ്ടു്. ജീവിതച്ചെലവിൻെറ തോതു് മററുതരത്തിൽ 93 ശതമാനമായി വദ്ധിച്ചിട്ടുണ്ടെന്നുകൂടി സ്മരണീയമാണു്.

വായനക്കും ചുരുക്കെഴുത്തിനും യന്ത്രങ്ങൾ കണ്ടുപിടിച്ചതും, കണക്കെഴുത്തിനു ഗണിതതന്ത്രങ്ങൾ നടപ്പിൽ വരുത്തിയതും, നവീനയന്ത്രങ്ങൾമൂലം സ്റ്റുടികവേലക്കാക്കും മരപ്പണിക്കാക്കും തൊഴിൽ നഷ്ടപ്പെട്ടതു് ആപൽക്കരമായ അന്ത്യം വരുത്തിവയ്ക്കുമെന്നാണു് ചില നിരീക്ഷകരുടെ അഭിപ്രായം. എന്നാൽ മററുചിലർ സാങ്കേതികപരിജ്ഞാനവും യാന്ത്രികപരിശീലനവും സിദ്ധിച്ചവരെ കൂടുതൽ കൂടുതൽ ആവശ്യം വരുമെന്നും അതുമൂലം നട്ടെല്ലു പൊളിയുന്ന പണിയും, അനാരോഗ്യം വളത്തുന്ന തൊഴിലും ആളുകൾക്കു വേണ്ടിവരില്ലെന്നും അഭിപ്രായപ്പെടുന്നു. ജോലിസമയത്തിനുള്ള കുറവും, വിശ്രമസമയത്തിനുള്ള വദ്ധനവുംമൂലമായി സംസ്കാരനിലവാരം ഉയരുമെന്നും അവർ വിശ്വസിക്കുന്നു.

### *വ്യവസായസംഘടനകൾ*

ഈ സജീവമായ സാമ്പത്തികവ്യവസ്ഥയുടെ ഉത്തരവാദിത്വം വഹിക്കുന്ന കേന്ദ്രം കോർപറേഷൻ അഥവാ വ്യവസായസംഘടനയാണു്. ഇന്നും ആ വാക്കു് അശുഭോദ്ദീപക

മാണ്. അമേരിക്കാക്കാരന്റെ കണ്ണുകൾക്കുകൂടി ദുർഗ്രഹവും ദുരധികാരവും മുഴുത്ത ആവക സ്ഥാപനങ്ങൾ കുത്തക കൈയടക്കവും, അമിതസ്വത്തും, ദാരിദ്ര്യവും, കൃത്രിമമായ പണമിടപാടുകളും രാഷ്ട്രീയമാലിന്യങ്ങളും വളർത്തിക്കൊണ്ടിരുന്ന ദിനങ്ങൾ നമ്മുടെ സ്മരണയിൽനിന്നും മാഞ്ഞിട്ടില്ല.

കാലങ്ങൾ മാറിയ മാററം! ഇന്നുള്ള ഇത്തരം സ്ഥാപനങ്ങൾ സ്വന്തം പേരു നിലനിർത്തുവാൻ അതിതീവ്രമായ ആഗ്രഹം പ്രകടിപ്പിക്കുന്നുണ്ടു്. പൊതുജനമദ്ധ്യത്തിൽ തങ്ങളെപ്പററി നല്ല അഭിപ്രായങ്ങൾ പരത്തുവാൻ അവ സാമൂഹ്യപ്രവർത്തകരെ നിയമിക്കുന്നു; യന്ത്രശാലകളിലേക്കു സന്ദർശകരെ സ്വാഗതം ചെയ്യുന്നു; സ്ഥാപനത്തെപ്പററിയുള്ള ചോദ്യങ്ങൾക്കു്, ഒരു മാടമ്പിയോടും ഒരു വിദ്യാർത്ഥിയോടും ഒരേതരമായ വിനയത്തോടെ സമാധാനം പറയുന്നു; സ്വന്തം തൊഴിലാളികൾക്കു് പരോപകാരപ്രദമായി ജീവിക്കുന്നതിനു വേണ്ട പ്രോത്സാഹനോപദേശങ്ങൾ നല്കുന്നു.

വ്യവസായസംഘടനകളുൾപ്പെടെ വൻകിട മുതലാളിമാർ സാമാന്യേന ഇന്നും തുലോം ചുരുക്കമാണ്. അവരിൽ തൊണ്ണൂറുശതമാനവും മുപ്പത്തിയൊന്നു തൊഴിലാളികളിൽ കുറവായെ കൂലി കൊടുക്കുന്നുള്ളു. പക്ഷേ, അവയിൽ മുൻകിടയിലുള്ള അഞ്ചുശതമാനം തൊഴിലാളികളിൽ എഴുപതുശതമാനത്തെ ജോലിക്കു നിർത്തുന്നു. ഏതാണ്ടു വ്യക്തികളായും പങ്കുകാരായും വ്യവസായംചെയ്യുന്നവർ ഇരുപതുലക്ഷത്തോളം വരുമെങ്കിലും വ്യവസായസംഘടനകൾ അഞ്ചുലക്ഷത്തിൽ കൂടുതലില്ല. ഈ അഞ്ചുലക്ഷത്തിൽ ഏതാണ്ടു് ഇരുനൂറു സംഘടനകളാണ് ആകെയുള്ള വ്യവസായത്തിൻെറ പകുതി മുതലും മുടക്കിയിരിക്കുന്നതു്. പരസ്പരസംയോജനത്താലും, ഡയറക്ടറന്മാരുടെ സംയോജിച്ചുള്ള ഭരണത്താലും, മുടക്കുമുതലുകാരുടെ ഐക്യത്താലും ഈ ഭീമസംഘടനകൾ ഉത്തരോത്തരം വളൎന്നുവരികയാണെന്നു തോന്നുന്നു.

വിദ്യാലയങ്ങൾ, പള്ളികൾ മുതലായവപോലെ ആ സംഘടനകളും സാമുദായികസ്ഥാപനങ്ങളാണ്. ജീവിതത്തിന്റെ മാതൃകയിലും ഭാവത്തിലും അവയുടെ പ്രതികരണം സുശക്തമാണ്. അവ വാസ്തവത്തിൽ വിദ്യാലയത്തിലും പള്ളി

യിലും നിന്നു ലഭിച്ച അറിവിൻെറമേൽ സ്വാധീനത ചെലു ത്തുന്നുണ്ടു്. എന്തെന്നാൽ ആ ഘടനകളുടെ വൈയവസായിക മനഃസ്ഥിതി സമുദായത്തിൽ നിഴലിക്കുന്നു.

ഈ ഭീമസ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതാരു്, അവയു ടെ ഉടമകൾ ആരു്, അവകൊണ്ടുള്ള ഗുണങ്ങൾ ആർക്കു്?

മിക്കവാറും അതിൻെറ ഉടമാവകാശം അതിവിപുല മാണു്. തൊഴിൽക്കാരുടെ എണ്ണത്തിലധികം ഉടമസ്ഥന്മാർ ഉണ്ടായിരിക്കുക ഒരു സാധാരണസംഭവമാണു്. ഡ്യൂപോണ്ട് കമ്പനിക്കു് 166,000 ഉടമസ്ഥന്മാരുള്ളപ്പോൾ അതിലുള്ള തൊഴിലാളികൾ 89,000 മാത്രമാണു്. ജനറൽ മോട്ടോർ കമ്പനിക്കു് ഉടമകൾ 656,000; തൊഴിലാളികൾ 514,000. ജനറൽ എലക്ട്രിക് കമ്പനിക്കു് ഇതുക്രമത്തിൽ 296,000-ം 210,000-വുമാണു്. അമേരിക്കാക്കാരിൽ എൺപതുലക്ഷം മുതൽ തൊണ്ണൂറുലക്ഷംവരെ ആളുകൾക്കു് വ്യവസായമൂലധന ത്തിൽ പങ്കുണ്ടു്. അതിലധികംപേരും പഴയ ഛായയിലുള്ള മുതലാളിമാരല്ല; വെറും സാധാരണക്കാർ മാത്രമാണു്.

അതിനാൽ വൻവ്യവസായശാലയുടെ ഉടമസ്ഥന്മാരായി നാടാകെ ചിതറിക്കിടക്കുന്ന ആളുകൾക്കു കമ്പനിയുടെ നിയ ന്ത്രണത്തിൽ കാര്യമായ ഒരു സ്വാതന്ത്ര്യവുമില്ല. അതിൻെറ നിയന്ത്രണം ഡയറക്ടർ സമിതിക്കും, അങ്ങേയററത്തെ മാനേ ജർമാർക്കുമാണു്. പക്ഷേ, അതിൻെറ ബഹുശതം ഉടമസ്ഥ ന്മാർക്കു വാർഷികയോഗങ്ങളിൽ വിഷമതകൾ ഉണ്ടാക്കാമെ ന്നും, ഉണ്ടാക്കുമെന്നുമുള്ള ബോധത്താൽ ഭരണാധികാരികൾ ഉടമസ്ഥന്മാരുടെ താല്പര്യങ്ങളിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചു വരുന്നു. സാമ്പത്തികജനാധിപത്യം വികസിച്ചുവരുന്ന യുഗ ത്തിൽ സാമുദായികഗതിയുടെ നേരേ ഉത്തരവാദപരമായ ഒരു നിലപാടു് അംഗീകരിക്കാത്തപക്ഷം ഗവമ്മെണ്ടിൻെറ നിയ ന്ത്രണത്തിനു വിധേയമാകുമെന്നു് മാനേജർമാർക്കു ബോധ്യ മുണ്ടു്. അതിനാൽ അവർക്കുള്ളതു് ഒരു പഞ്ചമുഖോത്തരവാദി ത്വമാണു്. മുതൽമുടക്കുകാർക്കു ലാഭവീതം ന്യായമായി കൊടു ക്കണം; വദ്ധിച്ച ഉല്പാദനത്തെ പ്രതിഫലിക്കുംമട്ടിൽ തൊഴി ലാളികൾക്കു ശമ്പളം കൊടുക്കണം; ഗുണക്കൂടുതലോ വിലക്കുറ വോ അഥവാ രണ്ടുംതന്നെയോ ഉള്ള സാധനങ്ങൾ സമു

ദായത്തിനു നല്കണം; പൊതുനന്മയ്ക്കുവേണ്ടി വ്യയംചെയ്യുന്നതിനു ലാഭത്തിൻെറ ഒരു വീതം സക്കാരിനും കൊടുക്കണം. ഈ നാലിനേയും അഭിവൃദ്ധിപ്പെടുത്തുന്നതാണു് അഞ്ചാമത്തെ ചുമതല: ഉല്പാദനകേന്ദ്രം വിപുലീകരിക്കാനോ പുതുയന്ത്രങ്ങൾ സ്ഥാപിക്കാനോ ഉള്ളതാണതു്. അതുമൂലം ഉല്പാദനം ക്രമപ്രവൃദ്ധമായിത്തീരുന്നു.

ആ വൻകിടസ്ഥാപനങ്ങൾ എത്രമാത്രം സാമ്പത്തികമാണോ അത്രതന്നെ സാമുദായികവും രാഷ്ട്രീയവുമാണു്. ആരുടേയും ആസൂത്രണത്തിനു വിധേയമായി സംഭവിച്ച പരിണാമവുമല്ല അതു്. ഒരു ഗവമ്മെൻറിനുള്ള ചിന്താഗതിയും പ്രവത്തനരീതിയുമാണു് അവയ്ക്കുള്ളതു്. വലിപ്പത്തിലും വിഷമപ്രശ്നങ്ങളിലും, അതിൻെറ തീരുമാനങ്ങൾ സമുദായം എങ്ങനെ അംഗീകരിക്കും അല്ലെങ്കിൽ തിരസ്കരിക്കും എന്നുള്ള ചിന്തകളിലും, ഒരു ചെറിയ ഗവമ്മെണ്ടുതന്നെയാണതെന്നു പറയാം. എന്നാൽ അത്രതന്നെ ചെറുതുമല്ല.

ഈ വലിപ്പം ചിലക്കു സന്തോഷവും ചിലക്കു് ആപൽശങ്കയും ജനിപ്പിക്കുന്നു. വലിപ്പം ഒരു ദോഷമല്ല. ഉപഭോക്താക്കൾക്കു കൂടുതൽ ഗുണവും വൈവിധ്യവുമുള്ള സാധനങ്ങൾ ലഭിക്കുമാറു് ഉല്പാദനം വദ്ധിപ്പിക്കുന്ന വൻവ്യവസായസംഘടനകളുടെ വളർച്ച അപരിഹാര്യമാണു്. പരസ്പരം മാത്സര്യം പുലത്തിയും വൻതൊഴിലാളിസംഘങ്ങളുടേയും വൻഗവമ്മെൻറിൻേറയും നിയന്ത്രണത്തിനു വിധേയമായും കഴിയുന്ന ഈ സ്ഥാപനങ്ങളെ ഭയപ്പെടാനില്ല. തന്മൂലം ഇവയുടെ പ്രവത്തനം തൃപ്തികരമാണെന്നാണു പേരെടുത്ത ഒരു പൊതുകാര്യപ്രസക്തനായ ഡേവിഡ് ലിലിഎന്തൽ അഭിപ്രായപ്പെടുന്നതു്. എന്നാൽ, ഈ സ്ഥാപനങ്ങൾ സമുദായാധിപത്യം കൈക്കലാക്കുന്നു എന്നും, നമ്മളെ ചൂഷണം ചെയ്യാതെ പ്രചരണങ്ങളാലും നിദ്ദേശങ്ങളാലും തങ്ങൾക്കാവശ്യമുള്ളതു നമ്മെക്കൊണ്ടു ചെയ്യിക്കുമാറു് അവയുടെ ആജ്ഞാശക്തി അധികാരം പുലത്തുന്നു എന്നും സി. റൈറ്റ് മിൽസ് വാദിക്കുന്നു. എന്നാൽ അദ്ദേഹം തൊഴിലാളിസംഘടനകൾ, പള്ളികൾ മുതലായ എതിർശക്തികളെ കണക്കിലെടുക്കുന്നില്ല.

ഇന്നുള്ള വൻവ്യവസായങ്ങളെ, പത്തൊമ്പതാം ശതാ

ണ്ടത്തിൽ അവയുടെ മുന്നോടികളായിരുന്ന നിരുത്തരവാദപരമായ സ്ഥാപനങ്ങളുമായി ഉപമിക്കാൻ അത്തുഭാപ്തിവാദികൾ ബദ്ധപ്പെടുന്നില്ലാ എങ്കിലും, അവ ചെറുകിടവ്യവസായങ്ങളെ നശിപ്പിക്കുന്നുണ്ടെന്നും അവയുടെ സാമ്പത്തികസമ്മർദ്ദം ആ ചെറുവ്യവസായങ്ങളെ അസുഖകരമായി ബാധിക്കുന്നുണ്ടെന്നും അവർ സമത്ഥിക്കുന്നു.

അനേകലക്ഷം വരുന്ന ചെറുകിടവ്യവസായികൾക്കു സാമ്പത്തികവേലയിൽ തുറന്നുകിടക്കുന്ന വാതിലുകൾ ഇനിയും ധാരാളമുണ്ട്. വ്യാപാരികൾ, വാണിഭക്കാർ, ചെറുവ്യവസായികൾ മുതലായ തൊഴിൽജീവനക്കാരും അവരുടെ സഹധമ്മിണികളും, സമുദായത്തിൻെറ അഭിവൃദ്ധിക്കും ആരോഗ്യത്തിനും ആയുള്ള പല പ്രവത്തനങ്ങളിലും സന്നദ്ധസേവനം അനുഷ്ഠിച്ചുവരുന്നതു് ചെറുപട്ടണങ്ങളുടെ ഒരു സ്വഭാവവിശേഷമാണു്. മുൻപറഞ്ഞവരാണു് ആ പട്ടണങ്ങളിൽ നേതൃത്വം വഹിക്കുന്നതു്. അവിടെ ശാഖകളുള്ള വൻകിടവ്യവസായങ്ങളുടെ മാനേജരന്മാർ അവിടങ്ങളിൽ വന്നും പോയും ഇരിക്കും. ആ വലിയ ആളുകളുടെ പ്രശസ്തിയും മുന്തിയ ജീവിതത്തോതും ചെറിയകൂട്ടരെ ബാധിച്ചേക്കാമെങ്കിലും, ആ മുതലാളിമാക്കും സാമുദായികവും സാമൂഹ്യവുമായ സ്ഥാനം ലഭിക്കുന്നതിനു് ഒടുവിൽ പറഞ്ഞവരുടെ ആനുകൂല്യം കൂടിയേ കഴിയൂ. അങ്ങനെ പരസ്പരപ്രവത്തനമുള്ളവയാണു് ആ രണ്ടു ശക്തികളും.

“പൊതുജനതാല്പയ്യത്തെ അതിൻെറ സവ്വവശങ്ങളിലുംടെയും പരിരക്ഷിക്കുന്നില്ല എങ്കിൽ ഒരു വ്യവസായവും പുരോഗമിക്കുകയില്ലാ” എന്നാണു് ഡ്യൂപോണ്ടിലെ ക്രാഫോർഡ് ഗ്രീൻവാൾട്ട് അഭിപ്രായപ്പെടുന്നതു്. “ഒരു വ്യവസായം പുരോഗമിക്കുകയും, അതിൻെറ നയപരിപാടി നിമ്മാണം പ്രതിദിനം വദ്ധിച്ചുവരുന്ന ഒരു ജനസംഘത്തിൽ നിക്ഷിപ്തമായിത്തീരുകയും ചെയ്യുമ്പോൾ, അതിന്റെ വൈയവസായികസ്വഭാവംതന്നെ സ്ഥലകാലങ്ങളനുസരിച്ചു പൊതുജനതാല്പയ്യത്തെ പ്രതിഫലിപ്പിക്കും” എന്നു് അദ്ദേഹം തുടന്നു് അഭിപ്രായപ്പെടുന്നു.

രസതന്ത്രവ്യവസായത്തിലതിനുള്ള സുശക്തമായ പിടി

PUBLIC LIBRARY

മൂലം അനാശാസ്യനിരൂപണങ്ങൾക്കു വിധേയമായ ഒരു കമ്പനി അതിൻെറ എതിരാളികളെ ആത്മാത്ഥതയോടെ പ്രവത്തനോത്സുകരാക്കുന്നു. ആവശ്യമായ യന്ത്രസജ്ജീകരണങ്ങളും സാങ്കേതികസഹായങ്ങളും നല്കി എതിരാളികളെക്കൊണ്ടു പുതുതായി വ്യവസായശാലകൾ നടത്തിക്കുന്നു. ചൂഷണമനോഭാവത്തിൽനിന്നും എത്രമാത്രം ദൂരെയാണതെന്നു നോക്കു!

ഉദ്ധാരണയോഗ്യമായ മറെറാരു പ്രവണത പറയാം. വൻകിട സംഘടനകൾ, ചെറുകിട വ്യവസായങ്ങളുടെ രക്ഷയ്ക്കായി, അവയെ കൂട്ടപിടിച്ച് അവയുടെ നിർമ്മാണസാധനങ്ങളേയും തങ്ങളുടേതു ചേത്ത് ഉൽപാദനവിവിധത്വം വരുത്തുന്നു. വൈദ്യുതോപകരണനിർമ്മാണത്തിൽ ഇന്നു മുന്നണിയിൽ നില്ക്കുന്ന ജനറൽ എലക്ട്രിക്ക് കമ്പനി ജററ് യന്ത്രങ്ങളും ശീതോഷ്ണസമീകരണോപകരണങ്ങളും, കൂട്ടതലായി ഇന്ന് നിർമ്മിച്ചുവരുന്നതിനു പുറമെ അണുശക്തിവ്യവസായമണ്ഡലത്തിലും പ്രവേശിച്ചുകഴിഞ്ഞിരിക്കുന്നു. അഭംഗുരമായ പ്രവത്തനഭദ്രതയാണ്, ഹ്രസ്വകാലപ്രവത്തനംകൊണ്ടുണ്ടാക്കാവുന്ന ലാഭത്തേക്കാൾ ഇന്നുള്ള വൻസംഘടനകൾക്കു പ്രചോദനമേകുന്നത്. അവ ശരാശരി നാലു ശതമാനത്തിൽ കുറഞ്ഞ ഒരു ലാഭം മാത്രമെ എടുക്കുന്നുള്ളു.

ആദായത്തിന്മേൽ ചുമത്തുന്ന ഫെഡറൽനികുതി ഭയന്നു വൻകിട വ്യവസായസംഘടനകൾ തങ്ങളുടെ ലാഭവീതത്തിലൊരംശം സാമൂഹ്യരക്ഷാകേന്ദ്രങ്ങൾക്കു സംഭാവന ചെയ്യുന്നു. ഭാവിയിലെ വ്യവസായനേതാക്കന്മാർ കോളേജുകളിൽനിന്നും സവ്വകലാശാലകളിൽനിന്നും വരേണ്ടവരാണെന്ന് അറിയാവുന്നതുകൊണ്ടും, ആ സ്ഥാപനങ്ങളിൽ ഏറിയ ഭാഗത്തേയും നാണയപ്പെരുപ്പം വിഷമിപ്പിച്ചിട്ടുണ്ടെന്നു ബോധ്യമുള്ളതുകൊണ്ടും, വൻവ്യവസായങ്ങൾ ഉന്നതവിദ്യാഭ്യാസത്തിനുവേണ്ടിയുള്ള സംഭാവനകൾ വദ്ധിപ്പിച്ചുവരുന്നുണ്ട്.

ഈവക സംഭാവനകൾ ഹൃദയവിശാലതയോടുകൂടിയ ഒരു സ്വാത്ഥതല്പരതയുടെ ഫലമാകുന്നതോടുകൂടി, പൊതുജനമണ്ഡലത്തിൽ അവയ്ക്കുണ്ടാകുന്ന പ്രതികരണത്തേസംബന്ധിച്ചു വൻവ്യവസായസംഘടനകൾക്കു വലിയ ആകാംക്ഷയാണുള്ളത്. രാഷ്ട്രാഭിവൃദ്ധിക്കു നിദാനമായ ഉൽപാദനത്തിനും

ഉൽപന്നവിനിയോഗത്തിനും, ഉയന്ന കൂലിനിരക്കിനും ഉത്തരവാദിത്വം വഹിക്കുന്ന സ്ഥാപനങ്ങളായി, ഔദാര്യത്തിന്റെയും, പൊതുജനസേവനത്തിന്റെയും മൂർത്തീകരണങ്ങളായി തങ്ങളെ ചിത്രീകരിക്കുന്നതിനാണ് അവയുടെ തീവ്രശ്രമം.

ഹെൻട്രിഫോർഡും അദ്ദേഹത്തിന്റെ പൗത്രൻ ഹെൻട്രിയുമാണ് ഏററവും ഉൽബോധനപരമായ താരതമ്യപഠനത്തിനു സൗകര്യം നല്കുന്നതു്. ഹെൻട്രിഫോർഡ് അതിവിപുലമായ വ്യവസായത്തെ കുടുംബത്തിനുള്ളിൽത്തന്നെ ഒതുക്കിനിർത്തി. അദ്ദേഹം തൊഴിൽക്കാരുടെ ശമ്പളം ക്രമേണ ഉയർത്തിക്കൊണ്ടിരുന്നു എങ്കിലും തുടർച്ചയായ തരംതാഴ്ത്തലും പിരിച്ചുവിടലും മൂലം പ്രതീക്ഷയനുസരിച്ചു വേലക്കാർക്ക് ഉയരുവാൻ സാദ്ധ്യതയില്ലാതാക്കി. സ്വരക്ഷയ്ക്കുവേണ്ടി അംഗരക്ഷകർ അദ്ദേഹത്തെ സദാ വലയംചെയ്തിരുന്നു. വ്യവസായത്തിന്റെ സുസ്ഥിരത പാലിക്കുവാൻ തൊഴിലാളികളിൽ പരസ്പരം വഴക്കും മാത്സര്യവും അദ്ദേഹം വളർത്തി. പിതാമഹന്റെ ക്രൂരമായ ഈ തൊഴിലാളിനയത്തെ ഹെൻട്രി രണ്ടാമൻ പിൻതുടന്നതു് സൗഹാർദ്ദബന്ധങ്ങൾ സ്ഥാപിച്ചുകൊണ്ടാണ്. അദ്ദേഹം തൊഴിലും പൊതുജനസേവനവും ഐക്യരാഷ്ട്രഘടനയിലെ ഒരു പ്രതിനിധി എന്നവണ്ണം സംയോജിപ്പിച്ചു. ഫോർഡു സ്ഥാപനത്തിൽ വല്യച്ഛൻ നിക്ഷേപിച്ചിരുന്ന പണമുപയോഗിച്ച് വിശാലമായ സാമൂഹ്യഗവേഷണപരിപാടികൾ അദ്ദേഹം പ്രോത്സാഹിപ്പിച്ചു.

അമിതമായ സമ്പത്തിലും സ്വാധീനതയിലും ജനിച്ച ഒരുവൻ എന്ന നിലയിൽ ഹെൻട്രിഫോർഡ് രണ്ടാമൻ സാധാരണനിയമം വിട്ട് ഒരുദാഹരണമാണ്. സാമർത്ഥ്യമല്ലാതെ മറെറാന്നും കൂടാതെ ജനിച്ച ഒരു യുവാവിനു് ഒരധികാരപദവിയിൽ എത്തിച്ചേരുന്നതിന് അവന്റെ അച്ഛനോ അപ്പൂപ്പനോ ഉണ്ടായിരുന്നതിൽ കൂടുതൽ സൗകര്യങ്ങൾ ഇപ്പോൾ ഉണ്ടെന്നാണ് ഒൻപതിനായിരം വ്യവസായപ്രമുഖന്മാരുടെ ജീവചരിത്രപഠനംകൊണ്ടു വെളിവാകുന്നതു്. അവന്റെ സൗകര്യങ്ങൾ കൂടുതൽ പ്രയോജനകരമാകുന്നതു് വൻവ്യവസായങ്ങളിലുമാണ്. തൊഴിലാളിയുടെ മകനു് വ്യവസായഭരണകൂടത്തിൽ ലഭിച്ചിട്ടുള്ള സ്ഥാനത്തിന്റെ അനുപാതം കഴിഞ്ഞ

അൻപതു കൊല്ലങ്ങൾക്കിടയിൽ ഇരട്ടിയിൽ കവിഞ്ഞിട്ടുണ്ട്. എങ്കിലും തൊഴിൽപരമായ വിജയത്തിനു് ഒരു കോളേജുബിരുദമാണു് ഇന്നും വിശ്വാസയോഗ്യമായ ഉറപ്പു്. മുതലാളിയുടെ മകളെ കല്യാണംകഴിക്കുന്നതിലും ഉറപ്പു് അതിനാണു്!

തൊഴിൽ ഒരുവനെ വിജയിപ്പിക്കുന്നതെന്തു്? അവൻ സ്വന്ത വികാരങ്ങൾക്കധീനനാണു്. മാതാപിതാക്കന്മാരോടുള്ള ആശ്രയഭാവത്തിൽനിന്നും അവൻ സ്വാതന്ത്ര്യം നേടിക്കഴിഞ്ഞു. പരാജയം അവനെ ഭയപ്പെടുത്തുന്നു. അതു നേരിടാതിരിപ്പാൻ അവൻ തുടർച്ചയായി ജോലിചെയ്യുന്നു. മേലുദ്യോഗസ്ഥന്മാരുമായി അവനൊരു തുല്യഭാവന വരുന്നു. അവൻ പുറത്തിറങ്ങി, മററുള്ളവരോടൊപ്പം ജോലിചെയ്യുന്നതിൽ രസിക്കുന്നു. അലസത വെടിഞ്ഞു, പ്രവർത്തനങ്ങളിലേർപ്പെടുന്നതു് അവൻ ഇഷ്ടപ്പെടുന്നു. അവനുവേണ്ടി ജോലിചെയ്യുന്നതു് ആശാവഹമായ കാര്യമാണെന്നു മറ്റുള്ളവരിൽ അവൻ ബോധം ജനിപ്പിക്കുന്നു. കമ്പനിക്കും, അതിലെ ഉല്പന്നങ്ങൾക്കും, നയങ്ങൾക്കും പ്രയോജനകരമാംവണ്ണം അവൻ സൃഷ്ടിപരമായ ബുദ്ധിയെ തിരിച്ചുവിടുന്നു. ജ്ഞാനത്തേക്കാൾ പ്രായോഗികബുദ്ധിയാണവനധികമുള്ളതു്.

## അദ്ധ്യായം പത്ത്

## സുവ്യക്തമായ വിതരണം

മാർക്സിൻെറ ഭീതികരമായ മുതലാളിത്തസിദ്ധാന്തപ്രവചനങ്ങളെല്ലാം കീഴ്മേൽ മറിഞ്ഞിരിക്കുന്നു. തൊഴിലാളിയുടെ ജീവിതത്തോതു് ഉയൎന്നുകഴിഞ്ഞു. കുറെക്കൂടി രമ്യമായ ഒരു തുല്യവിഭജനത്തോതിൽ ആദായവിതരണം നടന്നും വരുന്നു. മാത്രമല്ല മാർക്സിൻെറ പ്രതീക്ഷകൾക്ക് വിപരീതമായി സാമ്രാജ്യങ്ങൾ തകരുകയോ സ്വമനസ്സാലെ ഉപേക്ഷിക്കപ്പെടുകയോ ആണ് ഇന്ന്. കൃഷിയെ ചൂഷണംചെയ്തുവരുന്നതിനു പകരം ഇന്നതിന് സഹായങ്ങൾ നൽകിവരുകയാണ്.

യന്ത്രങ്ങളുടെ ഉൽപാദനശക്തി വർദ്ധിപ്പിച്ച് തൊഴിൽസമയക്കുറവിൻെറ ദോഷം പരിഹരിക്കപ്പെടുന്നു. ദീർഘസമയം വേലചെയ്യേണ്ടുന്ന ഒരു ദിവസത്തേക്കാൾ വേലസമയം കുറഞ്ഞ ഒരു ദിവസമാണ് തൊഴിലാളി കൂടുതൽ വേഗത്തിലും ശ്രദ്ധയോടും ജോലിചെയ്യുന്നതെന്നുള്ളതു് ഒരു വെറും പരമാൎത്ഥം മാത്രമാണ്.

മണിക്കൂറുകൾ കുറച്ചുവരുന്ന ക്രമത്തിന് ശമ്പളം ഉയരുകയാണ്. മുഴുവേലയുള്ള ഒരു തൊഴിലാളിയുടെ ശരാശരി വരുമാനം പ്രതിവർഷം പുരുഷനു് 4,200 ഡോളറും സ്ത്രീക്ക് 2,700 ഡോളറുമായി അത്ഭുതകരമാംവണ്ണം വളൎന്നുകഴിഞ്ഞു. തൊഴിലാളിക്കു ചെല്ലുന്ന രാഷ്ട്രീയവരുമാനത്തിൻെറ ശരാശരിത്തുകയും ഈ ക്രമത്തിനു് ഉയരുന്നുണ്ടു്. മനുഷ്യൻെറ ക്രയശക്തിയും ഇവയോടൊപ്പം വളൎന്നുവരുന്നു.

ഉൽപാദനവസ്തുക്കളുടെ ന്യായമായ ഒരാദായവീതം തൊഴിലാളിക്കു ലഭിക്കുന്നതിനുപയുക്തമായ അനേകം നിയമങ്ങൾ ഗവൺമെൻറ് നടപ്പിലാക്കിയിട്ടുണ്ടു്. തൊഴിലാളിയുടെ താൽപര്യങ്ങളെ മുൻനിൎത്തി യൂനിയൻമുഖാന്തരം മൊത്തക്കച്ചവടം നടത്തുന്നതിനും, സ്ത്രീകളുടേയും കുട്ടികളുടേയും

സംരക്ഷണത്തിനും, തൊഴിൽസമയം ക്ലിപ്തപ്പെടുത്തുന്നതിനും ചുരുങ്ങിയ കൂലി നിജപ്പെടുത്തുന്നതിനും, ജോലിയിൽനിന്നു വിരമിച്ചവർക്കോ അവരെ ആശ്രയിച്ചു കഴിയുന്നവർക്കോ പെൻഷൻ കൊടുക്കുന്നതിനും, തൊഴിലില്ലാത്തവരെ സംരക്ഷിക്കുന്നതിനും സുരക്ഷിതത്വം സുദൃഢമാക്കുന്നതിനും തൊഴിലാളികൾക്കു് തൊഴിൽശാലകളിൽ സംഭവിക്കാവുന്ന അപകടങ്ങൾക്കു് നഷ്ടപരിഹാരം നല്കുന്നതിനും പ്രത്യേകം പ്രത്യേകം നിയമവ്യവസ്ഥകളുണ്ടു്.

ലോകത്തിലെ ഏററവും വലിയ അമേരിക്കൻ തൊഴിലാളിസംഘടനയുടെ പരിശ്രമഫലമായിട്ടാണു് ഇവയിലൊട്ടുമുക്കാലും നടപ്പിലായിട്ടുള്ളതു്. കർഷകത്തൊഴിലാളികളെ ഒഴിച്ചു് നാട്ടിലെ മൂന്നിലൊന്നു ജനസംഖ്യവരുന്ന 180 ലക്ഷം സ്ത്രീകളും പുരുഷന്മാരും തൊഴിലാളിസംഘടനകളിലെ അംഗങ്ങളാണു്. മുതലാളിമാർ അവരുടെമേൽ ഒരുകാലത്തു നടത്തിയ നിഷ്ഠുരമായ യുദ്ധം സമന്മാർ തമ്മിലുള്ള സമാധാനപരമായ ഒത്തുതീർപ്പുപര്യാലോചനകളായി ഇന്നു രൂപാന്തരം പ്രാപിച്ചുകഴിഞ്ഞു. പ്രാദേശികാടിസ്ഥാനത്തിലാണെങ്കിലും പലപ്പോഴും ഈ ഒത്തുതീർപ്പാലോചനകൾ ഒരു വ്യവസായവിഭാഗത്തെ മുഴവൻ ബാധിക്കുന്ന വിധത്തിലുള്ളവയാണു്.

'അമേരിക്കൻ ഫെഡറേഷൻ ഓഫ് ലേബർ' എന്ന സംഘടനയും 'കോൺഗ്രസ്സ് ഓഫ് ഇൻഡസ്റ്റ്രിയൽ ഓർഗനൈസേഷൻസ്" എന്ന സംഘടനയും തമ്മിൽ 1955-ൽ സംയോജിച്ചതോടെ യൂനിയനിൽ പെട്ട ബഹുഭൂരിപക്ഷം അംഗങ്ങളും ഒരു നേതൃത്വത്തിൻകീഴിലായി. സാധാരണയായി ഒരു തൊഴിലാളി തൊഴിലിന്നുവേണ്ടി ഒരു ദേശീയ യൂനിയനിലെ 'ലോക്കൽ' ആയി ചേരുന്നു. ഇപ്രകാരമുള്ള എഴുപതിനായിരത്തിൽപരം ലോക്കൽ അംഗങ്ങൾ നാട്ടിൽ നെടുനീളെയുണ്ടു്. ഒരു പ്രത്യേക തൊഴിലിലേയോ വ്യവസായത്തിലേയോ ലോക്കൽ അംഗങ്ങളെല്ലാവരും ചേർന്നു് ഒരു ദേശീയയൂനിയൻ സൃഷ്ടിക്കുന്നു. അവ ഫെഡറൽ ഗവമ്മെന്റിനു കീഴിലുള്ള സാംസ്ഥാനികഗവമ്മെന്റുകൾപോലെയും സാംസ്ഥാനികരാഷ്ട്രീയകക്ഷികൾപോലെയും സ്വതന്ത്രമായ

സ്വയംഭരണസ്ഥാപനങ്ങളാണ്. ഏകകേന്ദ്രീയമായ നിയന്ത്രണത്തോടുള്ള വെറുപ്പ് രാഷ്ട്രീയരംഗത്തിൽ മാത്രമല്ല ഉള്ളൂ.

യൂനിയൻെറ പ്രധാന കത്തവ്യം കൂട്ടച്ചേന്ന വിലപേശലാണ്. അവയിൽ പ്രധാനഘടകങ്ങൾ താഴെ ചേക്കാം: (1) കരാറുകളുടെ സ്വഭാവം; കാലാവധി; പുതുക്കൽവ്യവസ്ഥകൾ; സ്റ്റ്രൈക്കുകളും അടച്ചുപൂട്ടലുകളും തടയൽ; (2) യൂനിയൻേറയും മാനേജ്മെൻറിൻേറയും അവകാശങ്ങൾ; യൂനിയൻെറ അംഗീകരണം, ആളുകളുടെ നിയമനത്തിൽ അതിനുള്ള പങ്ക്; (3) ശമ്പളമുൾപ്പെടെ പരിഹാരവേതനങ്ങൾ, നിരക്കുനിണ്ണയം, ശമ്പളവദ്ധനവ്, പെൻഷൻ, ആരോഗ്യനിധി, ശമ്പളത്തോടുകൂടിയുള്ള ഒഴിവുദിവസങ്ങൾ മുതലായ അനുബന്ധവേതനങ്ങൾ; (4) ജോലിക്കാലം, നിയമനം, ഉദ്യോഗക്കയറ്റം, പിരിച്ചുവിടൽ, പുനർനിയമനം; (5) ശുചീകരണം, സംരക്ഷണം, വേലനീക്കം, പ്രതിദിനവും പ്രതിവാരവുമുള്ള തൊഴിൽസമയം—ഇവ ഉൾപ്പെടുന്ന തൊഴിൽപരിതഃസ്ഥിതികൾ.

ഈവിധ യൂനിയൻസംഘടനകൾക്ക് പൊതുജനാംഗീകരണം ഈ അടുത്തകാലം മുതലാണ് ലഭിച്ചിട്ടുള്ളതെങ്കിലും അമേരിക്കൻജീവിതത്തിൻെറ ഒരു ഭാഗമായിത്തീന്നിട്ടുള്ളതു്. മുതലാളിമാർ രഹസ്യമായി അതിനെതിരെ മുറുമുറുക്കുന്നു എന്നതും പ്രസ്താവ്യമാണ്. തൊഴിലാളിശക്തി അതു പുതുതായിക്കണ്ടെത്തിയ അധികാരത്തിൽ കൂടുതൽ ആനുകൂല്യങ്ങൾക്കു നിർബന്ധിക്കുമെന്നും, അപകടകരമായ പണപ്പെരുപ്പത്തിലേക്ക് അതു വഴിതെളിക്കുമെന്നും, അതേ സമയം യൂനിയൻഘടനകളുടെ അധികാരങ്ങളെ അംഗീകരിക്കുന്ന മുതലാളിമാർ കൂടിവരുന്ന നിമ്മാണച്ചെലവുകൾ പൊതുജനങ്ങളുടെ തലയിൽ തള്ളിവിടുമെന്നും ഒരു ചിന്താഗതി ഉയന്നിട്ടുണ്ട്.

തൊഴിലാളിക്ഷേമം മുതലാളിയിലും പൊതുജനങ്ങളിലും കെട്ടുപിണഞ്ഞുകിടക്കയാണെന്നുള്ള വാസ്തവം യൂനിയൻഘടനകളിൽ പലതിനും ബോധ്യമായിട്ടുണ്ട്. ഉദാഹരണമായി 'അമാൽഗമേറഡ് ക്ലോത്തിങ് വക്കേഴ്സ് യൂനി

യൻ' (സംയുക്ത വസ്ത്രത്തൊഴിലാളിസംഘം) ജോലി വേഗത്തിലാക്കുക, ലക്ഷ്യത്തിൽ മുട്ടിക്കത്തക്കവിധം ഉല്പാദിപ്പിക്കുക, ആൾവേലയ്ക്കുപകരം യന്ത്രങ്ങൾ സ്ഥാപിക്കുക, തൊഴിലാളികളെ മറ്റു പണികൾക്കു വിടാതിരിക്കുക, മൂലധനം പെരുക്കുന്നതിനു വായ്പകൾ നല്കുക എന്നിവയാൽ തൊഴിലുടമകളെ സഹായിക്കുന്നു. ഉല്പാദനവർദ്ധനവിന്ന് ഉടമസ്ഥന്മാരെ സഹായിപ്പാൻ 'ഇൻറർ നാഷനൽ ലേഡീസ് ഗാർമെൻറ് വർക്കേഴ്സ് യൂനിയൻ' (സ്ത്രീകളുടെ ഉടുപ്പുണ്ടാക്കുന്ന സംഘം) സ്വന്തമായി യാന്ത്രികവിദഗ്ദ്ധന്മാരെ നിയമിച്ചിട്ടുണ്ട്. ശമ്പളവും മററാനുകൂല്യങ്ങളും വർദ്ധിപ്പിക്കുന്നതിന്ന് ഉത്പാദനക്ഷമത മാത്രമേ പററൂ എന്ന് പ്രവർത്തനവിജയം നേടിയിട്ടുള്ള യൂനിയൻ സംഘടനകൾക്കറിയാം. അതിനാൽ മൂലധനം വർദ്ധിക്കുന്നതിനോടൊപ്പം അത്തോതിലുള്ള ആദായവും തൊഴിലാളികൾക്കു കിട്ടേണമെന്നതിൽ അവയ്ക്കു നിർബ്ബന്ധമുണ്ട്. തങ്ങളുടെ ആവശ്യങ്ങൾ അളക്കുന്നതിനും വികസിക്കുന്ന സാമ്പത്തികനിലയിൽനിന്നു തങ്ങൾക്കു സാമുദായികാനുകൂല്യങ്ങൾ കൈവരുത്തുന്നതിനും, കമ്പനിയുടെ കണക്കുകളും മററും നോക്കാൻ തൊഴിലാളികൾക്ക് അവകാശമുണ്ടാകണമെന്നാണ് വാൾട്ടർ റൂതറിനേപ്പോലുള്ള നേതാക്കന്മാർ വിശ്വസിക്കുന്നതു്.

കാര്യങ്ങൾ ഒത്തുതീർപ്പിൽ കലാശിപ്പിക്കുന്നതിന്ന് ഗവർമ്മെൻറുമുഖാന്തരം പണിപ്പെടുന്നതിനേക്കാൾ ഉത്തമം നേരിട്ടു മുതലാളിയെ സമീപിക്കയാണെന്നും തൊഴിലാളികൾ തീരുമാനിച്ചുകഴിഞ്ഞു. അവർക്കു രാഷ്ട്രീയപ്രവർത്തനസമിതിയുണ്ട്; ജനഹിതം നേടുവാൻ പ്രചരണങ്ങളുണ്ട്; അനുകൂലസ്വഭാവികളായ കോൺഗ്രസ്സുകാരെ തെരഞ്ഞെടുപ്പിൽ വിജയിപ്പിക്കുവാൻ പ്രയത്നങ്ങളും അവർ ചെയ്യുന്നുണ്ട്; എങ്കിലും രാഷ്ട്രീയ മനഃസ്ഥിതിയാണ്.

തൊഴിലാളിവർഗ്ഗത്തിന്നു ഈ സമ്പ്രദായം വളരെ നന്മ ചെയ്തിട്ടുണ്ട്. അടുത്തകാലത്തു വൻകിടവ്യവസായങ്ങളിലെ യൂനിയൻഷാപ്പുകളുടേയും (1941), ആരോഗ്യക്ഷേമപദ്ധതികളുടേയും (1946), സാമൂഹ്യരക്ഷകൾക്കുപുറമേ പെൻഷൻേറയും* (1949), ജീവിതത്തോടനുബന്ധിച്ചുള്ള ശമ്പള

നിരക്കിൻേറയും (1950), ഫെഡറൽപദ്ധതിയുടെ പോരായ്മ നികത്താനുള്ള തൊഴിൽരഹിതവേതനത്തിൻേറയും (1955) അംഗീകരണം തൊഴിലാളികൾ നേടിയിട്ടുണ്ട്. തങ്ങളുടെ ക്ഷേമം കമ്പനിഭരണത്തിൻെറ ചുമതലയാണെന്നുള്ള ആശയത്തേയും അംഗീകരിപ്പിക്കുവാൻ അവക്കു സാധിച്ചിട്ടുണ്ട്.

സക്കാർ കടപ്പത്രങ്ങളിലും മറ്റുറപ്പുകളിലും വൻതുകകൾ നിക്ഷേപിച്ച് യൂനിയൻ സംഘടനകൾതന്നെ ഇപ്പോൾ വലിയ ധനാഢ്യന്മാരായിത്തീന്നിരിക്കുന്നു, 'യുണൈറഡ് ആട്ടോമോബൈൽ വക്കേഴ്സ്' (മോട്ടോർ തൊഴിലാളി യൂണിയൻ) എന്ന സംഘടനയ്ക്കു് ഇന്നു് 40,000,000 ഡോളർ വിലപിടിപ്പുണ്ട്. 'എ. എഫ്. എൽ–സി. ഐ. ഒ.'യുടെ പ്രധാന ആപ്പീസിലെ വാർഷിക ബജററു് 8,000,000 ഡോളറാണ്. യൂനിയൻ ഘടനകൾ അവരുടെ നേതാക്കന്മാക്കു ഗണ്യമായ തുകകളാണ് ശമ്പളം നല്കുന്നതു്. 'എ. എഫ്. എൽ–സി. ഐ. ഒ.'യുടെ പ്രസിഡൻറായ ജോർജ്ജ് മിനിക്കു കിട്ടുന്നതു് 35,000 ഡോളറാണ്. ദേശീയയൂനിയൻസംഘടനകളിലെ ചില നേതാക്കന്മാക്ക് ഇതിലും കൂടിയ തുകകൾ കൊടുക്കാറുണ്ട്. ഉരുക്കുതൊഴിലാളികളുടെ പ്രസിഡൻറായ ഡേവിഡ് മാക് ഡൊനാൾഡിനു കിട്ടിവരുന്നതു 40,000 ഡോളറാണ്.

ആദ്യമായി ഒരു സക്കാരിൻെറ സ്നേഹപൂണ്ണമായ പിൻതുണയോടും, പിന്നീടു സ്വശക്തി ബുദ്ധിപൂവ്വമായി പ്രകടിപ്പിച്ചും ക്രമേണ വളന്നുവന്നു് യൂനിയൻ പ്രസ്ഥാനം സാമ്പത്തികവ്യവസ്ഥയെ ഉണർവ്വും ഉശിരുമുള്ളതാക്കിത്തീത്തിരിക്കുന്നു. അതു തൊഴിലാളിയുടെ പ്രയത്നത്തിൻെറ ഫലം കൂടുതൽ വിസ്തൃതമായി വിതരണംചെയ്യിക്കുന്ന ഒരെതിർശക്തിയായി പ്രവത്തിക്കുന്നുണ്ട്.

യൂനിയനും കമ്പനിയുടമകളും ഒരു കരാറു പുതുക്കുന്ന കാര്യത്തിൽ യോജിക്കുന്നു എങ്കിൽ ഫെഡറൽ മദ്ധ്യസ്ഥകോടതിയെ സഹായത്തിനു വിളിക്കാവുന്നതാണ്. പക്ഷേ, അതിന് ഇരുഭാഗക്കാരും സമ്മതിച്ചിരിക്കണം. പണിമുടക്കിൽ പര്യവസാനിക്കാവുന്ന അനേകായിരം കേസ്സുകൾ പ്രസ്തുത സ്ഥാപനം ആണ്ടുതോറും ഒത്തുതീപ്പിൽ എത്തിക്കുന്നുണ്ട്. പണിമുടക്കു പ്രായേണ വളരെ കുറവായിട്ടുണ്ടെന്നുമാത്രമല്ല, ഉണ്ടാ

യാൽത്തന്നെ അതിന്റെ ഇന്നത്തെ അന്തരീക്ഷം 1930—1940 കൊല്ലങ്ങളിലെ രക്തക്കളങ്ങൾ നിർമ്മിക്കുന്ന അന്തരീക്ഷത്തിൽ നിന്നും വളരെ വ്യത്യസ്തവുമാണ്. 1956-ലെ ഉരുക്കുതൊഴിലാളികളുടെ പണിമുടക്കിൽ വേലക്കാർ ചൂളകളു കേടുപാടു പിണയാതെ വളരെ ഭദ്രമായി സൂക്ഷിച്ചുവന്നു. സുഹൃത്തുക്കളായ ഏതാനും പണിമുടക്കുകാർ കമ്പനിവാതില്ക്കൽ ചാരിനിന്ന് അകത്തോട്ടു പോകാൻ അനുവദിച്ചിരുന്ന യന്ത്രമേൽനോട്ടക്കാരുടെ എണ്ണം ഒത്തുനോക്കുകയും. മററുചിലർ മുതലാളിമാരോട്ട് ഒഴിവുകാലശമ്പളം വാങ്ങി കുടുംബസമേതം വിനോദയാത്രയ്ക്കു തിരിക്കയുംചെയ്തു.

വ്യവസായത്തിൽ പഴഞ്ചൻമുതലാളിമാക്കുപകരം സാങ്കേതികജ്ഞാനം സിദ്ധിച്ച മാനേജർമാർ വന്നതുപോലെതന്നെ, തൊഴിൽരംഗത്തും പരിശീലനം സിദ്ധിക്കാത്തവരും കടിപിടി മുറുക്കുന്നവരുമായ യൂനിയൻനേതാക്കന്മാക്കു പകരം നിയമജ്ഞന്മാർ, സാമ്പത്തികശാസ്ത്രജ്ഞന്മാർ, പൊതുജനനേതാക്കൾ ആദിയായ വിജ്ഞാനസമ്പന്നരായ തൊഴിലാളിനേതാക്കൾ എന്നിവർ വന്നിരിക്കുന്നു. ദിനപ്പത്രങ്ങളും വാരികകളുമായി തൊഴിലാളിസംഘടന പ്രസിദ്ധീകരിക്കുന്നവയുടെ എണ്ണം അറുനൂറാണ്. യൂനിയൻ പ്രവൎത്തനങ്ങൾ തൊഴിലായി സ്വീകരിക്കുവാൻ ഇച്ഛയുള്ളവക്കു പരിശീലനം നല്കുന്നതിന് 1950-ൽ 'ഇൻററർ നാഷ്ണൽ ലേഡീസ് ഗാർമെൻറ് വക്കേഴ്സ് യൂനിയൻ' ഒരു സ്കൂൾ സ്ഥാപിച്ചു. വെളിയിലിറങ്ങിയുള്ള ജോലികൾക്കു പരിശീലനം നല്കുന്നതിനായി വിസ് കോൺസിൽ സവ്വകലാശാല ഒരു ഗ്രീഷ്മകാലവിദ്യാലയം സ്ഥാപിച്ചു. ഭരണകൂടത്തെപ്പോലെ തൊഴിലാളിസംഘടനകളും സാമുദായികരംഗങ്ങളിൽ മുന്നോട്ടു വന്നിട്ടുണ്ട്. നഗരോദ്ധാരണസംഘങ്ങൾപോലുള്ള പ്രാദേശികസമിതികളിലും നിക്ഷേപഭരണനടപടികളിലും അവർ ഇന്നു സജീവമായി പ്രവൎത്തിക്കുന്നു.

തൊഴിലാളിയുടെ ഉഗ്രശക്തി പല പുതുപ്രശ്നങ്ങളും മുൻപോട്ടു കൊണ്ടുവരുന്നുണ്ട്. വൻകിടവ്യവസായങ്ങളിലെ സംഘടിതമായ വിലപേശൽ സാമ്പത്തികനിലയിൽ വ്യക്തമായ പ്രതികരണങ്ങൾ വരുത്തിയേ തീരൂ. വില, ഉദ്യോഗനിയ

മനം, പുതിയ യന്ത്രശാല സ്ഥാപിക്കേണ്ട സ്ഥലം, ഇവയെ സംബന്ധിച്ച കാര്യങ്ങളിൽ ഇതു സ്പഷ്ടമാണു്. നിയമപരിധിയിൽപ്പെട്ട തക്കങ്ങളിൽ വോട്ടുചെയ്യുന്നതിനെ നിയന്ത്രിക്കുവാനും അംഗങ്ങൾക്കു വലിയ ഫീസ് ചുമത്തുവാനും അധികാരത്തിലുള്ളവരുടെ നിർദ്ദേശങ്ങളെ അനാദരിക്കുന്നവരെ ജോലിയിൽനിന്നു നീക്കുവാനും യൂനിയനു് ആയുധമായി പണിമുടക്കുപാധിയുണ്ടു്.

ചില യൂനിയനുകളിൽ ദുരധികാരപ്രവർത്തനവും ജനായത്തതത്വങ്ങളുടെ വീർപ്പുമുട്ടിക്കലും വളരെ അധികമാണു്. തന്മൂലം 'മ്യൂസിഷ്യൻസ് ആൻഡ് ടീംസ്റ്റേഴ്സ് യൂനിയൻസ്'പോലുള്ള ഘടനകൾ പൊതുപരിഹാസത്തിനു പാത്രമായിട്ടുണ്ടു്. ലാഭക്കൊതിയന്മാരുടെ ശക്തി നിയന്ത്രണാതീതമായപ്പോൾ എ. എഫ്. എൽ—സി. ഐ. ഒ. സംഘടന 'ലോങ്ഷോർ മെൻസ് അസോസിയേഷനെ സംഘടനയിൽനിന്നു പിരിച്ചുവിട്ടു. വൻനഗരങ്ങളിൽ ഗൃഹനിർമ്മാണവ്യാപാരികൾ തങ്ങളെ നിയമിക്കുന്ന കൺട്രാക്ടർമാരുടെ പിൻതുണയോടെ ആ തൊഴിൽ മുഴുവൻ കൈയടക്കിയിട്ടുണ്ടു്. യൂനിയനിൽ ചേരുന്നതിനു പരിധി നിർണ്ണയിക്കുക, ജോലി മന്ദഗതിയിലാക്കുക, നിയന്ത്രണനിയമങ്ങളെ നടപ്പിൽ വരുത്തുക, പരിഷ്കാരങ്ങൾ തടയുക, വില ഉയർത്തിനിർത്തുക ഇങ്ങനെ പലതും ചെയ്തു ഭവനനിർമ്മാണവ്യവസായത്തെ മററു സാമ്പത്തികവകുപ്പുകളേക്കാൾ അവർ പിന്നണിയിൽ നിർത്തിയിരിക്കുന്നു. മുതലാളികളും വാദക്കൊതിയരും തമ്മിലുള്ള വടംവലികൾ പൊതുജനദൃഷ്ടിയിൽ കൊണ്ടുവരാറുണ്ടു്.

ഉപജീവനത്തിനു തൊഴിലിനെമാത്രം ആശ്രയിക്കേണ്ടിവരികയും, മററു യാതൊരു പിൻബലവും ഇല്ലാതിരിക്കയും ചെയ്യുന്ന അന്തരീക്ഷത്തിൽ സുരക്ഷിതത്വബോധം തൊഴിലാളിക്കു് അത്യാവശ്യമാണു്. അതിൻെറ പ്രതിഫലനമാണു് ആധുനിക തൊഴിലാളിപ്രസ്ഥാനം. പരാശ്രയം വേണ്ടിവരുന്ന ഈ തൊഴിലാളികളുടെ സംരക്ഷകരായി യൂനിയൻസംഘടനകൾ മുന്നോട്ടുവരുന്നു. എന്നിട്ടും ആ വിഭാഗത്തിൽ മൂന്നിൽ ഒരു ഭാഗത്തെ മാത്രമേ സംഘടിപ്പിക്കുന്നതിനു് ഇന്നു സാധിച്ചിട്ടുള്ളു. ദക്ഷിണദേശീയരും, രസതന്ത്രവ്യവസായത്തിൽ

പെട്ടവരും, ആഫീസ്ജോലിക്കാരും സംഘടനകളിൽ പെട്ടിട്ടില്ല. അവരേയും സംഘടിപ്പിക്കുവാനുള്ള പരിശ്രമങ്ങൾ നടന്നുവരുന്നു.

ഒരു ദേശീയസ്ഥാപനമെന്ന നിലയിൽ തൊഴിലാളിപ്രസ്ഥാനത്തിനു വളർച്ച എത്തിയിരിക്കുന്നു എന്നതിനു തെളിവ്, അതു വിദേശങ്ങളിലും തൊഴിലാളിപ്രസ്ഥാനത്തെ പ്രോത്സാഹിപ്പിക്കുവാൻ ചെയ്തുവരുന്ന പങ്കുകളാണ്. വിദേശങ്ങളുമായുള്ള സമ്പർക്കം പുലർത്തുന്നതിനും വ്യവസായപരമായ വാരികകൾ മറുനാടൻപതിപ്പുകളായി പ്രസിദ്ധീകരിക്കുന്നതിനും, യൂറോപ്പിലെ തൊഴിലാളിസംഘടനകളെ സഹായിക്കുന്നതിനു ബ്രസൽസിൽ ഒരു ശാഖ നടത്തിക്കൊണ്ടുപോകുന്നതിനും, തൊഴിലാളികളുടെ ജീവിതത്തോതു് ഉയർത്തിപ്പിടിക്കുന്നതിനും മറ്റുമായി എ. എഫ്. എൽ-സി. ഐ. ഒ. രണ്ടരലക്ഷം ഡോളറാണ് പ്രതിവർഷം ചെലവാക്കുന്നതു്. വിദേശങ്ങളിൽനിന്നും തൊഴിലാളിനേതാക്കന്മാർ അമേരിക്ക സന്ദർശിക്കയും അമേക്കൻസംഘടനകൾ എങ്ങനെ നടക്കുന്നു എന്നു നേരിട്ടുകണ്ടു മനസ്സിലാക്കുകയും ചെയ്തുവരുന്നു.

### *ഓഹരി ഉടമസ്ഥന്മാർ*

ഉല്പാദനാഭിവൃദ്ധിയോടെ വികസിച്ചുവരുന്ന സാമ്പത്തികനിലയ്ക്കു് അടിസ്ഥാനമായ വ്യവസായങ്ങൾ ആരുടെ വകയാണ്?

പട്ടുതൊപ്പിയും പരിഷ്ക്കാരക്കോട്ടും ധരിച്ചു പാവപ്പെട്ടവരെ മെതിച്ചുനടക്കുന്ന വൾസ്ട്രീറ്റ് മുതലാളിമാരുടെ പഴയ രൂപമാണ് കമ്മ്യൂണിസ്റ്റ്പ്രചരണം അനുസ്മരിപ്പിക്കുന്നതു്. ഒരിക്കൽ ഒരു സ്റ്റേററ്ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥനെ സന്ദർശിക്കുവാൻ റഷ്യാക്കാരായ രണ്ടുപേർ വന്നു. അദ്ദേഹം അവരൊന്നിച്ചു ന്യൂയോർക്കിലെ ഫിഫ്ത്ത് അവന്യൂവഴി പോയി. അതൊരു ഞായറാഴ്ചദിവസമായിരുന്നു. അതും ഉയർത്തെഴുന്നേല്പുദിനം. പള്ളിയിൽനിന്നും ആളുകൾ ഇറങ്ങിത്തുടങ്ങി. പട്ടുതൊപ്പിയും പരിഷ്കൃതകോട്ടും ധരിച്ച ഏതാനുംപേർ ആ വഴിയെ പള്ളിയിൽനിന്നും വരുന്നുണ്ടായിരുന്നു. ഒരുപക്ഷേ, അക്കൊല്ലത്തിൽ അവർ ആദ്യമായി ആ വിധം വസ്ത്രധാരണം

ചെയ്യുതാവാം. എന്തെന്നാൽ വിശേഷസന്ദർഭത്തിൽ മാത്രമേ നാട്ടനടപ്പിനു വിരുദ്ധമായ രീതിയിൽ അവർ അണിഞ്ഞൊരുങ്ങാറുള്ളു. റഷ്യാക്കാർ വണ്ടിയിൽനിന്നും പുറത്തുചാടി മുറവിളികൂട്ടി, "ഇതാ, മുതലാളിമാർ" എന്നു്.

ഒരു യഥാർത്ഥ മുതലാളിയെ കണ്ടിരുന്നു എങ്കിൽ അവർ നിശ്ചയമായും അവളെ തിരിച്ചറിയുമായിരുന്നില്ല. നാട്ടിലുള്ള 8,600,000 ഓഹരി ഉടമസ്ഥന്മാരിൽ പകുതിയിലേറെയും സ്ത്രീകളാണു്. നിക്ഷേപകരുടെ മൊത്തസംഖ്യയിൽ മുപ്പത്തിനാലു ശതമാനവും കുടുംബിനികളാണു്. ഒരു ശരാശരികല്പിത നിക്ഷേപകനു നാല്പത്തിയെട്ടു വയസ്സു പ്രായമാണു്, ഇരുപത്തിയയ്യായിരം ജനസംഖ്യ വരുന്ന ഒരു ചെറുനഗരത്തിലാണു് അയാളുടെ താമസം. 7,500 ഡോളറിനടുത്ത കുടുംബവരുമാനമാണു് അയാൾക്കുള്ളതു്. ഈ നിക്ഷേപകരിൽ പത്തുലക്ഷം പേർക്കും 3,000 ഡോളറിൽ കുറവായ വരുമാനമേയുള്ളു. ഇന്നു പ്രായപൂർത്തിയായവരിൽ പന്ത്രണ്ടിലൊന്നിനു വീതം പൊതുവൻവ്യവസായസ്ഥാപനങ്ങളിൽ പങ്കുള്ളവരാണു്. പതിനഞ്ചുലക്ഷം പേർക്കു സ്വകാര്യഉടമകൾ നടത്തുന്ന കമ്പനികളിൽ പങ്കുണ്ടു്. ജീവരക്ഷാഭോഗങ്ങൾ മുഖേനയോ പെൻഷൻനിധികൾ വഴിയോ പത്തുകോടിപ്പേർ ഭാഗിക ഉടമകളാണു്. സുരക്ഷിതമായ ഓഹരികൾ വാങ്ങുന്നതിൻെറ തത്വങ്ങൾ ജനങ്ങളെ മനസ്സിലാക്കുന്നതിനായി ദല്ലാളന്മാർ പൊതുപ്രസംഗങ്ങൾപോലും നടത്താറുണ്ടു്. അത്രയ്ക്കു പ്രചാരത്തിൽ വന്നിട്ടുണ്ടു് നിക്ഷേപങ്ങൾ. ചെറുതരം ഓഹരികൾ വാങ്ങുന്നവർക്കു പണം ഒരുമിച്ചുകൂട്ടുന്നതിനും സ്ഥിരക്രമത്തിൽ അവ വാങ്ങുന്നതിനും സഹായകരമാംവിധം നിക്ഷേപസംഘങ്ങൾ ഉടലെടുത്തു തുടങ്ങിയിട്ടുണ്ടു്. ന്യൂയോർക്ക് സ്റ്റോക്ക് എക്സ്ചേഞ്ചിൻെറ പ്രതിമാസനിക്ഷേപപദ്ധതി, ചെറുനിക്ഷേപകനു നിക്ഷേപം മാറിയെടുക്കുന്നതിനു സൗകര്യപ്പെടുംവിധമുള്ള പരസ്പരനിക്ഷേപങ്ങൾ തൊഴിലാളികളെ അവർ പണിചെയ്യുന്ന കമ്പനികളുടെ ഉടമകളാക്കിത്തീർക്കുന്നതിനു സഹായിക്കുന്ന ഓഹരിക്രയപദ്ധതികൾ മുതലായവ മറ്റു പദ്ധതികളാണു്. അമേരിക്കൻ ടെലഫോൺ ആൻഡ് ടെലഗ്രാഫ് കമ്പനിയിൽ അഞ്ചുലക്ഷത്തോളം തൊഴിലാളികൾ കമ്പനി

യുടമകൾ കൂടിയാണു്. സൊക്കോണി മോബിൽ കമ്പനിയി ലെ എൺപതു ശതമാനം വേലക്കാൎക്കും അതിൽ ഓഹരികൾ ഉണ്ടു്.

യു. എസ്. സ്റ്റീൽ കമ്പനിയിലെ ബഞ്ചമിൻ ഫെയർ ലസ്സ് ചോദിച്ചു: "നമ്മുടെ ജോലിക്കാർ കമ്പനിയുടെ ഉടമ സ്ഥന്മാർ ആയിത്തീൎന്നാൽ എന്തു സംഭവിക്കും?" ഇതു് സംഭ വിക്കാവുന്നതാണെന്നു് ചൂണ്ടിക്കാണിച്ചുകൊണ്ടു് അദ്ദേഹം പറഞ്ഞു: "ശല്യകരമായ പണിമുടക്കൽ പിന്നീടു് ഉണ്ടാക യില്ല; എന്തുകൊണ്ടെന്നാൽ ഉടമസ്ഥൻ പണിമുടക്കുന്നതെ ങ്ങനെ?"

ഇതു് ഉടനടി സംഭവിക്കാൻ പോകുന്നില്ല എങ്കിലും വ്യ വസായങ്ങളിൽ താഴ്ന്നനിലക്കാർ കൂടുതൽ കൂടുതൽ ഓഹരി കൾ സമ്പാദിച്ചു വരുന്നുണ്ടു്. വൻതുകകൾ മുടക്കിയിട്ടുള്ള ഉടമകളായിട്ടുള്ളതു് വളരെ കുറച്ചുപേർ മാത്രമാണു്. പ്രസി ദ്ധിപെററ വൻപിച്ച കമ്പനികൾ ചില്ലറ നിക്ഷേപകരെ പ്രോത്സാഹിപ്പിച്ചു ക്ഷണിച്ചുവരുന്നു. മൊത്തത്തിലുള്ള വൻ തുകകളെ ചെറിയ ഓഹരികളായി തിരിച്ചു് സാധാരണക്കാ രനു വാങ്ങുവാൻ സാദ്ധ്യമാകുംമട്ടിൽ ആകൎഷകമായ നിസ്സാര തുകകളാക്കിയിട്ടുണ്ടു്. വാർഷികസമ്മേളനങ്ങളിൽ കമ്പ നിസംബന്ധിച്ച കാര്യങ്ങളെല്ലാം അതുമൂലം സാധാരണ ക്കാരനും ബോദ്ധ്യമാകുന്നു. 150,000 ഡോളർ പ്രതിവൎഷം ശമ്പളമുള്ള ഒരു മാനേജർ പൊതുയോഗത്തിൽ തുച്ഛകാര നായ ഒരു ഓഹരിഉടമസ്ഥന്റെ ചോദ്യങ്ങൾക്കും സമാധാ നം പറവാൻ ബാദ്ധ്യസ്ഥനാണു്.

തൊഴിലാളികളേയും ഉടമകളേയും ഉപഭോക്താക്കളേ യും വേർതിരിക്കുന്ന അതിർവരമ്പുകൾ പൊളിഞ്ഞു തുടങ്ങി യിട്ടുണ്ടു്. മുൻ ഉടമകൾക്കു് അവരുടെ ലാഭവീതത്തോടെ ഒരു വിവരപത്രികയും ലഭിക്കുന്നു. അതിൽ വ്യവസായശാലയിൽ നിർമ്മിക്കുന്ന സാധനങ്ങളുടെ വിവരണങ്ങളും, ആ സാധന ങ്ങൾക്കു് സ്നേഹിതന്മാരുടെ ഇടയിൽ വേണ്ട പ്രചരണം നൽകി അവർക്കു തന്നെ ലഭിക്കാവുന്ന ആദായം വർദ്ധി പ്പിക്കുവാനുള്ള മാൎഗ്ഗങ്ങളും വിവരിച്ചിരിക്കും. ഉടമസ്ഥാവ കാശം ഇത്ര വിപുലമായി വ്യാപിച്ചിരിക്കുമ്പോൾ ഈ സാമ്പ

ത്തിക നിലയുടെ മാതിരി എന്തു്? വ്യവസായത്തെ ദേശ വൽക്കരിച്ചു് രാഷ്ട്രീയശക്തിയേയും സാമ്പത്തികശക്തിയേയും യോജിപ്പിക്കുന്നതിനുപകരം, ഉടമസ്ഥാവകാശം അനേകം പേർക്കാക്കി അതു ജനായത്തമാക്കുന്നതിനുള്ള പ്രവണതയാണു് അമേരിക്കൻ സമ്പ്രദായത്തിനുള്ളതു്.

അട്ടത്തകാലങ്ങളായി ഓഹരിവിപണിയുടെ സുദൃഢത, ലാഭവീതമുൾപ്പെടെ പതിവായുള്ള ആദായത്തിന്റെ വർദ്ധന, എല്ലാററിനുമുപരിയായി പണത്തിനുള്ള ക്രയമൂല്യം (ഇരുപതുകൊല്ലത്തിനുള്ളിൽ) പാതിയായി കുറഞ്ഞിട്ടുണ്ടെങ്കിലും ഓഹരിവില മൂന്നിരട്ടിയായി വർദ്ധിച്ചിട്ടുണ്ടെന്നുള്ള ബോദ്ധ്യം—ഇതെല്ലാം ചെറുകിട നിക്ഷേപകർക്കു് പ്രോത്സാഹനമേകുന്നുണ്ടു്. അങ്ങനെ വ്യവസായ നിക്ഷേപങ്ങൾ പണപ്പെരുപ്പത്തെ തടയുവാനുള്ള ഒരു കോട്ടമതിലായിപ്പൊങ്ങുന്നു. 4,000 ഡോളർ ആയി വർദ്ധിച്ചതു കണ്ടപ്പോഴും നിക്ഷേപങ്ങളിൽ വിശ്വാസമുണ്ടായിരുന്ന ഒരു ചെറുപ്പക്കാരി തന്റെ മുടക്കുസംഖ്യ 80,000 ഡോളറായി പെരുകിയതറിഞ്ഞപ്പോഴും ഓഹരി ഉടമസ്ഥന്മാർ വൻകിടവ്യവസായങ്ങളുടെ ഉൽപാദനത്തിൽ പങ്കുകാരാവാനുള്ള മാർഗ്ഗം നേരിൽ കണ്ടെത്തി.

ഈ ചെറുനിക്ഷേപകരുടെ കൈയിലുള്ള ഡോളറുകൾ വൾസ്റ്റ്രീററിന്റെ മുഖഭാവംപോലും മാററുകയും, അതിന്റെ സ്വാധീനത കുറയ്ക്കുകയും ചെയ്തിട്ടുണ്ടു്. സാമ്പത്തിക സഹായത്തിനു് മുൻകാലങ്ങളിൽ വൾസ്റ്റ്രീററിനെ അഭയം പ്രാപിച്ചിരുന്ന വ്യവസായസംഘടനകൾ ഇന്നവരുടെ സ്വന്തം മുതലുകൾ കൊണ്ടുതന്നെ കാര്യങ്ങൾ സാധിച്ചുവരുന്നു. ജനറൽ മോട്ടോർ കമ്പനിക്കു് പ്രവർത്തകമൂലധനമായി ഇന്നുള്ളതു് 2,183,000,000 ഡോളറും, മോർഗൻ കമ്പനിക്കു് 667,000,000 ഡോളറുമാണു്.

### *വരവും ചെലവും*

ഉപഭോക്താക്കളില്ലായെങ്കിൽ ഈ വൻതോതിലുള്ള നിർമ്മാണങ്ങളെല്ലാം നിഷ്പ്രയോജനമാണു്. ഇത്ര സമൃദ്ധമായ സാമ്പത്തികവ്യവസ്ഥയുടെ പൂർവ്വാപരവൈരുദ്ധ്യം, 'ഉല്പാദ

നത്തെപ്പററി അതിനു ഒട്ടുംതന്നെ വേവലാതിപ്പെടേണ്ട ആവശ്യമില്ലാ എന്നുള്ളതാണ്; നിർമ്മാണത്തോതനുസരിച്ച വിക്രയത്തോതും ഉയർത്തുന്ന കാര്യമാണ് സുനിശ്ചിതമാക്കേണ്ടതു്.

ഡോളർ ഉൽപാദനത്തിനും അതുമൂലം വാസ്തുകൾക്കും അസാമാന്യമായ കഴിവുകൾ സാമ്പത്തികവ്യവസ്ഥയ്ക്കുള്ളതുകൊണ്ട്, വരുമാനത്തോതിനെ വിനിയോഗത്തോതു് ആശ്രയിക്കുന്നില്ലെന്നുതന്നെ പറയാം. ഈ ദർപ്പണതുല്യമായ സാമ്പത്തികവ്യവസ്ഥയിൽ ചെലവിനോടൊപ്പം വരവും ഉയരുന്നു.

അതിനാൽ തവണകൾ അടച്ചുള്ള വാങ്ങൽ പ്രചാരത്തിലായിട്ടുണ്ട്. ഫെഡറൽ റിസർവ്ബോർഡിനു് കടവാസ്തുകൾ നിയന്ത്രിക്കാൻ സാദ്ധ്യമാകാത്തവണ്ണം അതു വദ്ധിച്ചു കഴിഞ്ഞു. ചെലവഴിക്കുവാനുള്ള ഉത്സാഹം വർദ്ധിച്ചിട്ടുണ്ടെങ്കിലും, നാട്ടിൽ പാതി വീട്ടുകാരും തവണക്കടങ്ങളില്ലാത്തവരാണ്. ഉപഭോക്താക്കൾ 1956-ൽ ലാഭപ്പെട്ടുത്തിയതു് രണ്ടു ലക്ഷത്തി അമ്പതിനായിരം ഡോളറാണ്.

ചെലവു വർദ്ധിപ്പിക്കുവാൻ സകല വിദ്യകളും പ്രയോഗിക്കുന്നുണ്ട്. വാങ്ങുന്നവക്കു പുതുസാധനങ്ങളിൽ പ്രിയമേറുമെന്നുള്ള കാരണത്താൽ വിപണികളിലേക്കു് തുടർച്ചയായി പുതിയവകളാണ് അയച്ചുവരുന്നതു്. അതിനാൽ ഇഷ്ടപ്രകാരം തെരഞ്ഞെടുക്കുവാൻ അവർക്കു സൗകര്യം കിട്ടുന്നു. ഉപഭോക്താവു താൻ വാങ്ങിവന്നിരുന്ന പഴയ രീതിയിലുള്ള സാധനങ്ങളെ പരിത്യജിച്ചു് സൂത്രശാലിയായ ഒരു നിർമ്മാതാവു് പുതുതായി നിമ്മിച്ച കൂട്ടുതൽ പരിഷ്കൃതമായ സാധനങ്ങൾ വാങ്ങാൻ തുടങ്ങുമ്പോഴാണ് കുഴപ്പമുണ്ടാകുന്നതു്. അങ്ങനെ മുറിയുടെ വർണ്ണത്തിനനുയോജ്യമായതും, തിരിക്കാവുന്ന തട്ടുകളുള്ളതും, ശീതജലക്കുഴലുകളോട്ടു കൂടിയതുമായ ഒരു പുതിയ റഫ്രിജറേറ്റർ മോഹിച്ചു്, കേട്ടുപാട്ടുകളൊന്നുമില്ലാത്തതും നിത്യം ഉപയോഗിച്ചുകൊണ്ടിരിക്കുന്നതുമായ പഴയ ഒന്നിനെ ഒരുവൻ ഉപേക്ഷിച്ചു എന്നുവരാം.

വില്പനയിലുള്ള മാത്സര്യം വിലക്കുറവിനും സാധനമേന്മയ്ക്കും വഴിതെളിക്കുന്നു. വൈദ്യുത റഫ്രിജറേറ്ററുകൾക്കു് ചതു

രയടിക്കു് 1922-ൽ 78 ഡോളറായിരുന്നതു് 1955-ൽ 34 ഡോളറായി. പുതുതായി ഇറങ്ങിയവ കൂടുതൽ മെച്ചവുമാണു്. റേഡിയോയുടെ വിലയും സാരമായിക്കുറഞ്ഞിട്ടുണ്ടു്. തൽഫലമായി ഇന്നു് റേഡിയോ ഇല്ലാത്ത വീട്ടു് വെറും മൂന്നു ശതമാനം മാത്രമാണു്.

ലേബർ സ്ഥിതിവിവരക്കണക്കിന്റെ ബ്യൂറോ ഇടത്തരം കുടുംബങ്ങളുടെ ആവശ്യത്തിലേക്കു് ഒരു വിലവിവരപ്പട്ടിക പ്രസിദ്ധപ്പെടുത്തുന്നുണ്ടു്. റേഡിയോ ഇലക്ട്രിക് തുന്നൽ യന്ത്രം തുടങ്ങിയവ ആദ്യം തന്നെ ഉള്ള ഈ ലിസ്റ്റിൽ പുതിയ ഇനങ്ങൾ വർദ്ധിച്ചുകൊണ്ടേ വരുന്നു. ഐസിലിട്ടു തണുപ്പിച്ച ഭക്ഷണപദാർത്ഥങ്ങൾ, ടെലിവിഷൻ സെററുകൾ തുടങ്ങിയതെല്ലാം ഇപ്പോൾ ഇതിൽ ചേർത്തുകഴിഞ്ഞിട്ടുണ്ടു്.

വളരുന്ന വിപണി 'ആളുവലിപ്പം' ഇല്ലാതാക്കിക്കഴിഞ്ഞു. കടകളിൽനിന്നും ഇഷ്ടമുള്ള വസ്തുങ്ങൾ ആക്കും വാങ്ങാം. ഒരു ഉരുക്കുവ്യവസായത്തൊഴിലാളിക്കും, തകരപ്പണിക്കാരനും, വസ്ത്രധാരണത്തിൽ ഒരു ഡോക്ടറെപ്പോലെയോ ധനാഢ്യനെപ്പോലെയോ ആകാം. കുബേരകുചേലഭേദമെന്യേ വലിക്കുന്ന സിഗരറ്റും വാങ്ങുന്ന ഭക്ഷണസാധനങ്ങളും ജനങ്ങൾ വായിക്കുന്ന വാരികകളും കാണുന്ന ചലച്ചിത്രങ്ങളും സഞ്ചരിക്കുന്ന വണ്ടികളും ഒരേതരത്തിലുള്ളവതന്നെയാണു്.

ഏതെങ്കിലും ഒരു പ്രവർത്തനശേഷിയെത്തിയ സ്വകാര്യ സാമ്പത്തികവ്യവസ്ഥയിലെന്നപോലെ വരുമാനത്തിലും ഏകീകരണം സംഭവിക്കുന്നുണ്ടു്. 1935–നും 50-നും ഇടയ്ക്കു് അമേരിക്കൻകുടുംബങ്ങളിൽ ഏറ്റവും അധഃപതിച്ച അഞ്ചിലൊന്നിനു്, അവരുടെ ആദായം നികുതികൾ തള്ളി നാല്പത്തിരണ്ടു ശതമാനം വർദ്ധിച്ചിരുന്നു. ഒന്നാംകിടയിലുള്ള അഞ്ചിലൊന്നിനു് അതേസമയം വരുമാനം അല്പം നഷ്ടത്തിലുമായിരുന്നു. കൈത്തൊഴിൽവ്യവസായത്തിൽപ്പെട്ട അഞ്ചുകുടുംബങ്ങളിൽ ഒന്നിനുവീതം പ്രതിവർഷം 7,000 ഡോളർ ആദായം കിട്ടിവരുന്നുണ്ടു്. സാങ്കേതികപരിജ്ഞാനം ലഭിച്ച തൊഴിലാളിക്കാണെങ്കിൽ ഈ തോതു് ആറിനൊന്നുവീതം മാത്രമാണു്. അങ്ങനെ തൊഴിൽപരമായ അതിരുകളും അപ്രത്യക്ഷങ്ങളായി വരുന്നു. വസ്തുവിൽനിന്നുള്ള ആദായം കൂടിയുമാണു വരു

ന്നതു്. എല്ലാത്തുറകളിലുമുള്ള പ്രത്യേകതൊഴിലുകൾ വർദ്ധിച്ചു വരുന്നതിനോടൊപ്പം സാധാരണ കൂലിവേല നിശ്ചലമായി നില്ക്കുകയോ കുറയുകയോ ആണു്.

മുന്നൂററിയറുപതുലക്ഷം ജനങ്ങൾ, ജീവരക്ഷാഭോഗങ്ങളിൽ ചേർന്നവരാണു്. മുന്നൂറുലക്ഷത്തിനു് ബാങ്കുകളിൽ നിക്ഷേപങ്ങളുണ്ടു്. നാല്പതുലക്ഷം പേരും സ്വന്തമായി വീടുള്ളവരാണു്. 1956-ൽ അനേകലക്ഷം യാത്രികൾ സമ്പാദിച്ചതു് ഏതാണ്ടു് ആറുകോടി ഡോളറായിരുന്നു. ഈ പുതുസാങ്കേതികവശം വളരെക്കാര്യങ്ങൾ സൂചിപ്പിക്കുന്നുണ്ടു്. ഒരു ചെറുകുടുംബത്തിനു് പുറമേനിന്നു വേണ്ടിവരുന്ന ആവശ്യങ്ങൾ നല്കുന്ന പുതുകർത്തവ്യങ്ങൾ, ആ ആവശ്യങ്ങൾക്കുള്ള സാമ്പത്തികക്കഴിവു്, സേവനങ്ങൾ വേഗത്തിൽ ഒരു തൊഴിലായി മാറുന്നവിധം എന്നിവയാണവ. ഹോളിവുഡ്ഡിൽ 4,800 അംഗങ്ങളുള്ള 'ബേബി സിസ്റ്റേഴ്സ് ഗിൽഡ്' അതിൽപ്പെട്ടവരെ അതിശ്രദ്ധയോടെ പരിശോധിക്കുന്നു. ഡെട്രായിറ്റിൽ ഒരു പ്രാഥമികപാഠശാല അവിടെ അഞ്ചാംക്ലാസ്സിലുള്ള വിദ്യാർത്ഥികൾക്കു് കുട്ടികളെ നോക്കുന്നതിനുള്ള പരിശീലനം നല്കിവരുന്നു. ശിശുക്കൾക്കു് ഇതുമാതിരി ഒരഭ്യസനം ഇതിനു മുമ്പായി ആരുംതന്നെ നല്കിയിട്ടില്ല. അതു സംഭവിക്കുമെന്നു തീർച്ചയാണു്.

വസ്ത്രം അലക്കിനുള്ള യന്ത്രങ്ങൾ, ശുചീകരണോപകരണങ്ങൾ, മരവിപ്പിച്ച ഭക്ഷണസാധനങ്ങൾ മുതലായവ സ്ത്രീകളുടെ ഗൃഹജോലികൾ വളരെ ലഘൂകരിച്ചിട്ടുണ്ടു്. മുൻകാലങ്ങളിൽ ആണെങ്കിൽ അതിനൊക്കെ ഭൃത്യന്മാരെ നിയമിച്ചുവന്നു. അതിനു കഴിവില്ലാത്ത അനേകായിരംപേർക്കും യന്ത്രങ്ങൾ ഒരനുഗ്രഹംതന്നെയാണു്; പ്രത്യേകിച്ചും കാർഷികകുടുംബത്തിൽപ്പെട്ടവർക്കു്. പണ്ടൊക്കെ അവർക്കു വെള്ളം ചുമന്നുകൊണ്ടു പോകണം. അടിച്ചുവാരലും തുത്തുതളിയും കൈകൊണ്ടുതന്നെ ചെയ്യണം. ഭക്ഷണസാധനങ്ങൾ ഉപ്പിലിട്ടുവയ്ക്കണം. എന്നാൽ ഇന്നു് യന്ത്രങ്ങൾ അവയെല്ലാം ചെയ്തു് അവർക്കു് ആശ്വാസം നൽകുന്നു.

*ചില്ലറവ്യാപാരികൾ*

ജീവചൈതന്യത്തിനു ശീഘ്രഗതിയിലുള്ള വിറ്റഴിവിനെ ആശ്രയിക്കുന്ന ഒരു സാമ്പത്തികവ്യവസ്ഥയ്ക്കു് ആവശ്യക്കാരെയുംകാത്തു കുത്തിയിരിക്ക സാദ്ധ്യമല്ല. ജനങ്ങളെ ഇല്ലായ്മയിൽനിന്നും പൂഴ്ത്തിവയ്പിൽനിന്നും വ്യയത്തിൽക്കൂടിയുള്ള അഭിവൃദ്ധിയിലേക്കു് മാറേറണമെങ്കിൽ, നമ്മുടെ സന്ദർശകരിൽ വളരെയാളുകൾക്കും ചിലപ്പോൾ നമ്മൾക്കുതന്നെയും ശല്യകരമായിത്തോന്നുന്ന പരസ്യങ്ങളും പ്രചരണങ്ങളും ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരാവശ്യംതന്നെയാണു്. മനഃശാസ്ത്രവിദഗ്ദ്ധന്മാരുടെ സഹായത്തോടെ ഭൂരിപക്ഷം നോക്കിയും വിപണി പരിശോധിച്ചുമുള്ള പരസ്യങ്ങൾ ജനങ്ങൾക്കു് സാധനങ്ങൾ വാങ്ങാൻ ആശയും പ്രേരണയും നല്കുന്നു.

പരസ്യങ്ങൾക്കും അതിനുവേണ്ടിയുള്ള സാധനങ്ങൾക്കുമായി വ്യയംചെയ്യുന്ന തുക ആവശ്യമായ വിദ്യാശാലകൾക്കും, ആശുപത്രികൾക്കുമായി ഉപയോഗിക്കുകയായിരിക്കും നല്ലതെന്നു് ചിലർ വാദിച്ചേക്കാം. ഈ വിമർശനം അറിഞ്ഞുകൊണ്ടുതന്നെ, ഒരു സ്വതന്ത്രസംഘടനയായ 'അഡ്വർടൈസിങ്ങ് കൗൺസിൽ' സാമൂഹ്യാവശ്യങ്ങൾക്കുതകത്തക്കവണ്ണം ശക്തിയേറിയ ദേശീയ പ്രചരണങ്ങൾ സംഘടിപ്പിച്ചിരിക്കുന്നു. വിദ്യാലയത്തിലെ സ്ഥലസൗകര്യക്കുറവു്, അദ്ധ്യാപകരുടെ കുറവു് മുതലായ അപാകടങ്ങളെപ്പറ്റി രാഷ്ട്രത്തെ ഉപദേശിക്കയെന്നതാണു് അതിന്റെ നയം. അമേരിക്കൻ പാരമ്പര്യരീതിയനുസരിച്ചു് ആ പ്രശ്നങ്ങൾ അപ്പോൾ സ്വതന്ത്രമായ പ്രാദേശികസംഘടനകൾക്കു കൈകാര്യം ചെയ്യാവുന്നതുമാണു്.

സ്ഥാപനപരമായ സമീപനവിശേഷതയാണു് ശല്യകരമായ പരസ്യങ്ങൾക്കുള്ള മറെറാരു സമാധാനം. ഡ്യു പോണ്ടു് കമ്പനി, അമേരിക്കൻ ചരിത്രത്തെ ആസ്പദമാക്കി റേഡിയോ നാടകങ്ങളും ടെലിവിഷൻ നാടകങ്ങളും തുടർച്ചയായി നടത്തുന്നുണ്ടു്. ചരക്കിനെ സംബന്ധിച്ച ഒരുപ്രചരണവും അതിൽ ഉണ്ടാവുന്നില്ല. രസതന്ത്രശാസ്ത്രപരമായ സാധനങ്ങൾ, കൂടുതൽ സുഖകരമായ ജീവിതത്തെ ലാക്കാക്കി നിർമ്മിച്ചുവരുന്ന ഒരു കമ്പനിയാണതെന്നുള്ളതുമാത്രമേ അവർ പ്രത്യക്ഷപ്പെടുത്തുന്നുള്ളു. ടെക്സാ കമ്പനി ആഴ്ചതോറും ഒരു സംഗീ

തസഭ നടത്തുന്നുണ്ട്. അവരും വ്യാപാരസംബന്ധമായ യാതൊരു സൂചനകളും അതിൽ ഉൾപ്പെടുത്തുന്നില്ല.

സാമുദായികപ്രാധാന്യമുള്ള ഒന്നായിത്തീർന്നിട്ടുണ്ട് പരസ്യപ്രസ്ഥാനം. ആഭാസവും ശല്യകരവുമായതിൽ തുടങ്ങി സുന്ദരവും സാമൂഹ്യപ്രധാനവുമായതുവരെ അതിന്റെ മണ്ഡലം വ്യാപിക്കുന്നു. ശല്യകരമായ അപരിഷ്കൃതത്വം, അതിനെ സൃഷ്ടിച്ച ഉല്പാദകശക്തികളുടെ അതായതു പണം മോഹിച്ച് ഉപഭോക്താക്കളെ പിടിക്കുന്നതിനുള്ള പരസ്പരമത്സരം, വൻനിർമ്മാണശാലകൾ സജീവമായിത്തുടന്നുപോകുന്നതിനു വിപണികൾ വിസ്തൃതമാക്കേണ്ടതിന്റെ ആവശ്യകത മുതലായവയുടെ ഫലമാണ്.

ഈ ആവശ്യം നമ്മുടെ സന്ദർശകന്മാരെ അത്ഭുതാധീനരാക്കുമാറു്, ഉപഭോക്താക്കളെ സംബന്ധിച്ച പരിഗണനയിലേക്കു നീങ്ങുന്ന ഒരു നയമായിത്തീർന്നിട്ടുണ്ട്. തപാലിൽ അയയ്ക്കുന്ന സാധനങ്ങളും പലചരക്കുകടകളിൽനിന്നു വാങ്ങിക്കുന്ന സാധനങ്ങളും, അവ തിരിച്ചേല്പിക്കുന്നു എങ്കിൽ ചോദ്യമൊന്നും കൂടാതെതന്നെ മടക്കി എടുക്കുന്നു. ഒരു ഉപഭോക്താവിനെ സഹായിപ്പാൻ സൗഹൃദവും, മര്യാദയും, ആത്മാർത്ഥതയും പ്രകടിപ്പിക്കേണ്ട വിധങ്ങൾ വ്യാപാരികളെ ഇപ്പോൾ പ്രത്യേകമായി പഠിപ്പിച്ചുവരുന്നുണ്ട്. സാധനങ്ങൾക്കു് അംഗീകൃതരൂപവും പേരും കൊടുക്കുന്നതുമൂലം കൃത്രിമോല്പന്നങ്ങളിൽനിന്നും ഉപഭോക്താവിനു രക്ഷനേടാൻ സാദ്ധ്യമായിരിക്കുന്നു. അയാൾക്കു പേരും അടയാളവും നോക്കി പൂർണ്ണവിശ്വാസത്തോടെ ഏതു സാധനവും വാങ്ങാവുന്നതാണ്. തവണപദ്ധതി, ടെലഫോൺ ഓർഡറുകൾ, വീട്ടുതോറും നടന്നുള്ള കച്ചവടം, തപാലിലയപ്പ് മുതലായ സമ്പ്രദായങ്ങളാൽ ഉപഭോക്താവിനു പണം ചെലവഴിക്കാൻ സൗകര്യം വർദ്ധിച്ചിട്ടുണ്ട്. അവന്റെ വ്യയമനോഭാവത്തെ ആശ്രയിച്ചാണ് രാഷ്ട്രത്തിന്റെ സാമ്പത്തികനിലയുടെ ആരോഗ്യം സ്ഥിതിചെയ്യുന്നതു്.

*പ്രശ്നങ്ങൾ*

ഈ പ്രഭാപൂരിതമായ സാമ്പത്തികവ്യവസ്ഥയിലും കുരിരുളോ സംശയമോ നിറഞ്ഞ ഉള്ളറകളുണ്ട്. മുററിത്തഴ

ച്ചുള്ള ഈ വളർച്ച നമുക്കെങ്ങനെ നിലനിത്താൻ കഴിയും? പ്രതിവഷം 4,000 കോടി ഡോളർ വരുന്ന ഭീകരസംഖ്യ സൈനികാവശ്യങ്ങൾക്ക നാം ചെലവുചെയ്യുന്നു. യഥാൎത്ഥമായ ഒരു നിരായുധീകരണംമൂലം ആ വൻതുക വെട്ടിക്കുറയ്ക്കുവാൻ നമ്മൾക്ക കഴിഞ്ഞാൽ സംഭവിക്കുന്നതെന്താണ്? വൻതോതിലുള്ള ഉപയോഗംമൂലം ഉൽപാദിപ്പിച്ചുകൊണ്ടിരിക്കുന്ന ഉൽപന്നങ്ങൾ നാം പിന്നെന്തു ചെയ്യും? ധനത്തിൻേറയും ദേശീയഭണ്ഡാരത്തിൻേറയും സുസ്ഥിരത നിലനിർത്തുവാൻ ഇന്നു നമ്മുടെ പക്കലുള്ള ആയുധങ്ങൾ ഉപയോഗിച്ച് ഗുരുതരമായ ഒരു യഥാൎത്ഥ സാമ്പത്തികാധപ്പതനം കൂടാതെ കഴിപ്പാൻ നമ്മൾക്ക് ധൈൎയ്യമുണ്ടാകുമോ? അതോ അതിനു കഴിവില്ലാതേയും സമയം വൈകിയും പോകുമോ? ഇന്നും നിലനിൽക്കുന്ന ദാരിദ്ര്യരേഖകൾ മാച്ചുകളയത്തക്കവണ്ണം നമ്മുടെ ഉൽപാദനഫലത്തെ തുടൎന്ന് വിപുലീകരിക്കുവാൻ നമ്മൾക്ക കഴിയുമോ? കാർഷികാവശ്യങ്ങൾ നിറവേററാൻ നാം എന്തു ചെയ്യും? നിലവിലുള്ള പണപ്പെരുപ്പപ്രവണത അപകടമായ നിലയിൽ എത്തുമോ? അതു നമുക്കെങ്ങനെ നിയന്ത്രിക്കാം?

സാമ്പത്തികനിലയെ ഇന്നും അഭിമുഖീകരിക്കുന്ന ഏതാനും പ്രശ്നങ്ങളാണിവ.

ഇന്നുള്ള പ്രകടമായ അപകടം പണപ്പെരുപ്പമാണ്. ഉപഭോക്താക്കളുടെ ആവശ്യം വർദ്ധിച്ചുവരുമ്പോൾ വിലപ്പെരുപ്പം അയാളുടെ തലയിൽ കെട്ടിവയ്ക്കുവാൻ വ്യവസായത്തിനും തൊഴിലാളിക്കും എളുപ്പമാണ്. ഗവൺമെൻറ് ഇടപെട്ടുള്ള വിലനിയന്ത്രണമായിരിക്കും കുതിച്ചു കയറുന്ന വിലപ്പെരുപ്പത്തിനുള്ള ഏക പോംവഴി.

ചരക്കുനിൎമ്മാണം സുസ്ഥിരമായി തുടരുന്നതിനും ഉപഭോക്താക്കളുടെ വ്യയം കുറക്കത്തക്കവണ്ണം സ്വകാൎയ്യ ബാങ്കുകളുടെ വായ്പകൾ നിയന്ത്രിച്ച് സാമ്പത്തികനില ഭദ്രമാക്കുന്നതിനും വ്യവസായത്തിന് പ്രോത്സാഹനബലം കൊടുത്തേ തീരു.

സാമ്പത്തികനിലയിലെ മററൊരു പ്രശ്നമണ്ഡലം കൂടി താമസമാണ്. അമേരിക്കയിൽ ഒരു വലിയ ജനവിഭാഗം

ഇന്നും നഗരത്തിലും ഗ്രാമത്തിലുമുള്ള ചെററപ്പുരകളിലും താമസിക്കുന്നു. ഇത്തരം സ്ഥലങ്ങൾ ജന്മിക്ക് ആദായകരംതന്നെ. അവ നന്നാക്കി എടുക്കുക വൻപിച്ച പണിയാണ്. ഗവമ്മെൻറിനോ അല്ലാത്തപക്ഷം പൊതുപ്പിരിവുമൂലം സ്ഥാപനങ്ങൾക്കോ മാത്രമെ അതു കൈയേൽക്കുവാൻ സാധ്യമാകയുള്ളു.

ഫെഡറൽ ഗവമ്മെൻറ് നഗരങ്ങളോട്ട് സഹകരിച്ച് ചതുപ്പുസ്ഥലങ്ങൾ നികത്തി ഭവനനിർമ്മാണപരിപാടികൾ 750 നഗരസ്ഥലങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. ഒരു ക്ണപ്തവരുമാനമുള്ള കുടുംബങ്ങൾക്കേ അവിടെ വീടു കിട്ടു. ആകെ വരുമാനത്തിൻെറ അഞ്ചിലൊന്നാണ് സാധാരണയായി വാടക. കുടുംബത്തിൻെറ വലിപ്പമനുസരിച്ചാണ് അവർക്ക് മുറികൾ കിട്ടുന്നതു്. കുഴപ്പങ്ങൾക്കിടയാകുന്ന ജനത്തിരക്ക് അതുമൂലം ഒഴിവാക്കിയിട്ടുണ്ട്. ചിക്കാഗോയിൽ മൂന്നു പഴഞ്ചൻ സങ്കേതങ്ങളിൽനിന്നു് അഞ്ചിൽ നാലുഭാഗം കുടികിടപ്പുകാരും വേണ്ടപ്പെട്ട തനതു വീടുകളിലേക്കു മാറിക്കഴിഞ്ഞിരിക്കുന്നു. അങ്ങനെ ഭവനനിർമ്മാണപദ്ധതി കുടുംബത്തിൻെറ ജീവിതത്തോതുയർത്തി സ്വന്തം ഭവനസമ്പാദനത്തിനു് വഴിതെളിക്കുന്നു.

വ്യവസായത്തിൽ നേടിയിട്ടുള്ള അഭിവൃദ്ധി അതിലെ തൊഴിലാളികൾക്കു് ക്ഷേമം വദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും കാർഷികയത്നം നേടിയിട്ടുള്ള സമൃദ്ധി കർഷകനു് താരതമ്യേന കുറഞ്ഞ വരുമാനമാണു് ഉണ്ടാക്കിയിട്ടുള്ളതു്. വ്യവസായോല്പന്നങ്ങൾ എത്രയായാലും നമ്മൾക്കു മതിവരുകയില്ല. പക്ഷേ, നമ്മൾക്കു് അത്രയേറെ ഭക്ഷിക്കുവാൻ സാധ്യമല്ല. പരിഷ്ക്കരിച്ച ഭക്ഷണരീതികൾ, ഉയന്നുവരുന്ന ജനസംഖ്യ ഇവയ്ക്കുപോലും ഒതുക്കുവാൻ സാധിക്കാത്തവിധമാണ് കർഷകൻ ഇന്നു് യന്ത്രോപകരണങ്ങളോടെ ശാസ്ത്രീയമായി കൃഷിചെയ്തു് ഉൽപാദിപ്പിക്കുന്നതു്.

ഭക്ഷണസാധനങ്ങൾ കമ്മിയായിട്ടുള്ള വിദേശരാജ്യങ്ങളിലേക്കു് ധാന്യങ്ങൾ കയററി അയയ്ക്കുന്നുണ്ട്. പാവപ്പെട്ടവക്കു് സൗജന്യമായും വിലകുറച്ചും വിതരണങ്ങൾ നടത്തുന്നുണ്ട്; വിദ്യാലയങ്ങൾക്കും നാട്ടിലുള്ള പൊതുസ്ഥാപന

ങ്ങൾക്കും വേണ്ടുവോളം നല്ലതുമുണ്ട്. ഇത്രയൊക്കെയായിട്ടും അധികംവരുന്നതു തീക്കുവാൻ സാധിക്കുന്നില്ല. ഓരോ കർഷകനും കൃഷിചെയ്യാവുന്ന ഭൂമിക്കു ഗവമ്മെൻറ് ക്ണപ്ത പരിധി ഏർപ്പെടുത്തിയിരിക്കുന്നു. പക്ഷേ, ബാക്കിയുള്ള ഭൂമിയിൽനിന്നും മുൻപു മൊത്തത്തിൽ കിട്ടിയതിലേറെയാണു് അവൻ വിളയിക്കുന്നതു്.

ഉത്തരസമതലങ്ങളിൽ നോക്കെത്താതെ കിടക്കുന്ന ഗോതമ്പുവയലുകൾ, നടുക്കു് മററു ധാന്യവയലുകൾ, തെക്കു പഞ്ഞിവയലുകളും പുകയില വയലുകളും—ഇങ്ങനെ, കാലിഫോർണിയായിലെ ജലസമൃദ്ധിയുള്ള താഴ്വരപ്രദേശങ്ങൾ മുതൽ വെർമണ്ടു്, ന്യൂഹാമ്പ്ഷയർ എന്നിവിടങ്ങളിലെ പുൽപ്രദേശങ്ങൾവരേയും, ടെക്സാസിലെ 920,000 ഏക്കർ റാഞ്ചുപ്രദേശം മുതൽ അലബാമാവരേയും നീണ്ടുകിടക്കുന്ന കാർഷികഭൂമി വൈവിദ്ധ്യങ്ങളുടെ നിവാസകേന്ദ്രമാണു്. അതിനാൽ ഏതെങ്കിലും ഒരു പരിപാടിമുഖേന എല്ലാവരുടെ ആവശ്യങ്ങളും നിറവേററാൻ സാധ്യവുമല്ല.

എന്നിരുന്നാലും, കർഷകവരുമാനം മററു സാമ്പത്തികനിലകളോടു് ഒത്തുപോകുന്നില്ല. ഭൂമി വളരെക്കൂടുതൽ കൈവശമുള്ള വൻകർഷകരേയും കാർഷികസംഘടനകളേയുമാണു് വിലസ്ഥിരതാങ്ങുനൽകുന്ന പരിപാടികൾ സഹായിക്കുന്നതു്. എന്നാൽ സഹായത്തിൻെറ ആവശ്യമില്ലാത്തവരും അവരാണു്. നടുവു പിളക്കുന്ന വേലകളുംചെയ്തു്, നനഞ്ഞൊലിക്കുന്ന കുടിലുകളിലും പാത്തു്, വൈദ്യസഹായങ്ങളുംകൂടാതെ അവരവക്കുള്ള വിളവുകളും ചുമന്നു് വടക്കോട്ടു നീങ്ങുന്ന പതിനഞ്ചു ലക്ഷം നാടോടിത്തൊഴിലാളികളെ ആ പരിപാടികൾ സ്പശിക്കുന്നതേ ഇല്ല. പ്രയാണസ്വഭാവക്കാരാകയാൽ, വോട്ടിനർഹത കിട്ടുന്ന ഒരു സ്ഥിരതാമസത്തിനോ, കുട്ടികളുടെ അഭംഗുരമായ വിദ്യാഭ്യാസത്തിനോ അവക്കു സൗകയ്യമില്ല.

അയോവാ സ്റ്റേററ് കോളേജിൽ കാർഷികധനതത്വശാസ്ത്രജ്ഞനായ ജ്യോഫ്രിഷെപ്പേർഡിൻെറ അഭിപ്രായത്തിൽ, "കാർഷികാദായവദ്ധനവിനെ അടിസ്ഥാനമാക്കി വിലകൾക്കു നൽകുന്ന പിൻതുണ, അധികരിച്ചു് ഉല്പാദനം തടയൽ

നിത്തലാക്കേണ്ടതാണ്. അഞ്ചുലക്ഷം കൃഷിക്കാർ ഉല്പാദിപ്പിക്കുന്ന വൻപിച്ച വിളവുനിരക്കാണ്, ആണ്ടുകാലം വിളവു മിച്ചം വരുത്തി കാർഷികവരുമാനക്കുറവുണ്ടാക്കുന്നതെന്ന് അദ്ദേഹം കരുതുന്നു. സൽഭൂമിയുള്ള ഒരു സാധാരണ ഗോതമ്പുകൃഷിക്കാരനോ ക്ഷീരോല്പന്നകർഷകനോ കിട്ടുന്ന അസ്സൽ ആദായം 2,000 ഡോളറിനടുത്തു മാത്രമാണ്. ഇതു വർദ്ധിപ്പിക്കുന്നതിന് ഒരു മാർഗ്ഗമേയുള്ളു. കുറയ്ക്കേണ്ടതു ഭൂമിയല്ല, കൃഷിക്കാരെയാണ്. അങ്ങനെ കുറച്ചിട്ട് ഓരോരുത്തരുടേയും വിളവ് വർദ്ധിപ്പിക്കണം. എന്നാൽ കർഷകരുടെ വോട്ടു കുറയ്ക്കുന്നതിനു പകരം വർദ്ധിപ്പിക്കേണ്ടതാണെന്നും കർഷകവൃത്തി ആവശ്യംതോന്നുന്നവർക്കെല്ലാം പ്രവേശിക്കാവുന്ന ഒരു തൊഴിലായിരിക്കണം എന്നും കരുതുന്നവർക്ക്, അകൃത്രിമവും യുക്തിയുക്തവുമായ മുൻസമാധാനം ഇഷ്ടപ്പെട്ടിട്ടില്ല എന്നു വരാം. ഗ്രാമീണജീവിതത്തിലും അതിനുള്ള മേന്മയിലും വികാരപ്രധാനമായിത്തോന്നുന്ന താല്പര്യം ശക്തിയേറിയ ഘടകങ്ങളാണ്.

*വിദേശവ്യാപാരം*

ലോകത്തുള്ളതിൽ നാല്പതുശതമാനം സാധനങ്ങളും നിർമ്മിക്കുന്നതു് ഐക്യനാടുകളാണെങ്കിലും ലോകവിപണിയുടെ പത്തിലൊന്നേ അതിനുള്ളു. താരിപ്പാനുകൂല്യങ്ങൾമുഖേനയും, സംഭാവനകളും വായ്പകളും വഴിയായും ലോകത്തിലെ മൊത്തം ഉൽപാദനത്തേയും വ്യാപാരത്തേയും പുനരുദ്ധരിക്കുന്നതിൽ കഴിയുംവണ്ണം ഉള്ള ഒരു പങ്ക് അമേരിക്ക വഹിച്ചിട്ടുണ്ട്. വിദേശങ്ങളിലെ പ്രാദേശികസാമ്പത്തികസംഘടനകളേയും അതു വിജയപൂർവ്വം പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. പരസ്പരബാദ്ധ്യതകളോടുകൂടിയ ധാരാളം വ്യാപാര ഉടമ്പടികൾ നേടിയിട്ടുള്ളതിനു പുറമെ, ഇൻറർ നാഷണൽ ബാങ്ക് ഫോർ റീകൺസ്ട്രക്ഷൻ ആൻഡ് ഡവലപ്പ്മെൻറ്, ഇൻറർ നാഷണൽ മോണിട്ടറി ഫണ്ട് എന്നീ സ്ഥാപനങ്ങളുടെ ഉത്ഭവത്തിനും അമേരിക്ക നേതൃത്വം നല്കിയിരിക്കുന്നു. വ്യാപാര ഉടമ്പടിപരിപാടി നമ്മുടെ താരിപ്പുകളെ 1930—33-ലെ ശരാശരി 53 ശതമാനത്തിൽനിന്നും, 1951-ലേക്കു് 15 ശതമാന

ത്തിൽ താഴെയായി കുറച്ചിട്ടുണ്ട്. വൻതാരിപ്പുകൾ ദീർഘകാലമായി തുടന്നുവന്ന ഒരു രാഷ്ട്രത്തിനു് ഇതു വളരെ അധികമാണു്. വിദേശങ്ങളിൽനിന്നുമുള്ള ഇറക്കുമതി ദോഷകരമായി ബാധിച്ചിട്ടുള്ള വ്യവസായങ്ങൾ ഈ പരിപാടിക്കു ക്ഷതപ്പം വരുത്തുവാൻ തങ്ങളുടെ സ്വാധീനതകൾ ഉപയോഗിക്കുന്നുണ്ട്. ഈ ഇറക്കുമതിമൂലം തൊഴിൽരഹിതരായിത്തീന്നേക്കാവുന്ന സ്ത്രീപുരുഷന്മാർ അമേരിക്കൻവ്യവസായങ്ങളെ രക്ഷിക്കുന്നതിനു കോൺഗ്രസ്സ്കാരിൽ ശക്തിയായ സമ്മർദ്ദം ചെലുത്തുന്നു. ആ സ്ത്രീപുരുഷന്മാരുടെ ഭൂരിപക്ഷം കൊണ്ടാണല്ലൊ കോൺഗ്രസ്സുകാർ വിജയിക്കുന്നതും.

ചെമ്പ്, ഈയം, തുത്തനാകം, പെട്രോളിയം മുതലായ പ്രധാന വിഭവങ്ങളെ ഐക്യനാടുകൾ അതിവേഗം ഉപയോഗപ്പെടുത്തിവരുന്നു. അവയിൽ പകുതി വിദേശങ്ങളിൽനിന്നു വിലയ്ക്കു വാങ്ങേണ്ടവയാണു്. അക്കാര്യത്തിലും പ്രാദേശികതാല്പര്യങ്ങൾ ഇടയ്ക്കു ചാടുന്നു. വേല ഇല്ലാതായിത്തീന്നാൽ ഖനിത്തൊഴിലാളികൾ എന്തു ചെയ്യും? ശമ്പളത്തെ ആശ്രയിച്ചാണു് ആ സമുദായം കഴിഞ്ഞുകൂടുന്നതു്.

അമേരിക്കയിലെ കൂലികളും, ഉൽപാദനവും ജീവിതത്തോതും ലോകത്തിലെ ശരാശരിത്തോതിനു മീതേ നില്ക്കുന്നിടത്തോളം കാലം ലോകത്തിലെ മററു ഭാഗങ്ങളുമായുള്ള ഇടപാടുകളിൽ നാം വിഷമിച്ചുകൊണ്ടിരിക്കും. ഔദാര്യചിന്തകൾപോലും ഉപദ്രവകരമായി നമ്മൾക്കു തോന്നും. വല്ല സൈനികനേട്ടങ്ങൾക്കുമല്ലാതെ നാം നമ്മുടെ സാധനങ്ങൾ വളരെ പിശുക്കിയേ ചെലവഴിക്കൂ എന്നു് നാട്ടിൽ നമ്മൾക്കു് അഭിനയിക്കേണ്ടിവരുന്നു എങ്കിലും വിദേശങ്ങളിൽ നമ്മൾക്കു് ഒരു കുററബോധമാണുള്ളതു്. എന്നാൽ ലോകത്തിൽ പൊതുവായുള്ള ഉല്പാദനവർദ്ധനവുമൂലം നമ്മൾക്കും ഗുണകരമായ ഫലം സിദ്ധിക്കുമെന്നുള്ളതു സ്പഷ്ടമാണു്.

***തൊഴിലും ഗവമ്മെൻറും***

ഐശ്വര്യസംരക്ഷണത്തിനു് സമ്പദ്‌വ്യവസ്ഥയെ നിയന്ത്രിക്കുന്ന കടമ ഗവമ്മെൻറിൻേറതാണെന്ന ആശയം ഐക്യനാടുകളിൽ പ്രായേണ ഒരു പുതുമയാണു്. മാദ്ധ്യസ്ഥ

താച്ചുമതലയുള്ളതുകൊണ്ടും, വൻതുകകൾ ചെലവുചെയ്യുന്നതുകൊണ്ടും സാമ്പത്തികനില സംബന്ധിച്ച് ഗവമ്മെൻറ് ഒരതിപ്രധാനഘടകംതന്നെ. വ്യവസായസംഘടനകളുടെ ലാഭത്തിൽ മുപ്പത്തിയെട്ടുശതമാനം ഗവമ്മെൻറിലേക്കു പോകുന്നു. അതു കൂടാതെ മുതലുടമകൾ തങ്ങൾക്കു കിട്ടുന്ന ആദായത്തിന്റെ ഒരു വിതവും നികുതിയായി കൊട്ടുക്കേണ്ടതുണ്ട്.

ഉൽപാദനശക്തിയെ ഭീമാകാരമായി വർദ്ധിപ്പിക്കുകയും പരീക്ഷണങ്ങൾക്കും തിരഞ്ഞെടുപ്പുകൾക്കും ധാരാളം സ്വാതന്ത്ര്യം നൽകുകയും ചെയ്യുന്ന ഒരു വിപ്ലവമാണ് നാം നമ്മുടെ ജീവിതത്തിൽ കാണുന്നതു്. വിദ്യുച്ഛക്തി പല ഉപനിലയങ്ങളും മററും കടന്നു് ഉപഭോക്താവിങ്കൽ എത്തുന്നതുപോലെ, നമ്മുടെ ഉൽപാദനവസ്തുക്കളും തൊഴിൽ, വ്യവസായം, കൃഷി മുതലായ ഉപനിലയങ്ങൾ കടന്നു് ഉപഭോക്താവിനു് ലഭ്യമാകുന്നു. ദീർഘകാലത്തെ പരസ്യമായ എതിർപ്പുകളുടേയും രഹസ്യപ്രവത്തനങ്ങളുടേയും ഫലമായി മുതലാളിത്തം ഇപ്പോൾ ഗവമ്മെൻറുമായി സഖ്യത്തിലെത്തിയിട്ടുണ്ട്. ആകക്കെങ്കിലും പ്രയോജനകരമായിത്തീരണമെങ്കിൽ ഒരു സമ്പദ്വ്യവസ്ഥ എല്ലാ പൗരന്മാക്കും ഒരുപോലെ ഗുണകരമായ ഒന്നായിരിക്കണം എന്നുള്ള അഭിപ്രായം അംഗീകരിക്കപ്പെട്ടുകഴിഞ്ഞു. തൊഴിലിനും ഗവമ്മെൻറിനും, സമ്പദ്വ്യവസ്ഥക്കും രാഷ്ട്രീയത്തിനും ഇടയിലുണ്ടായിരുന്ന ഭിത്തികൾ പൊളിഞ്ഞുപോയിക്കഴിഞ്ഞു. അവയെല്ലാം ഇന്നു ജനങ്ങളുടെ ക്ഷേമത്തെ മാത്രം ലാക്കാക്കിയുള്ള ഒരു ദേശീയ വ്യവസ്ഥയുടെ വിവിധവശങ്ങൾ മാത്രമായാണ് ദർശിക്കപ്പെടുന്നതു്. ജനായത്തപരമാക്കപ്പെട്ട മുതലാളിത്തം പ്രയോജനങ്ങൾ വിശാലമാക്കുകയും, തൊഴിലാളിയും മുതലാളിയും തമ്മിലുള്ള വിടവു്, മറേറതു സോഷ്യലിസ്റ്റ് രാജ്യത്തിലേക്കാളും കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. വൻപിച്ച കുടുംബഭൂസ്വത്തു് ഭൂനികുതികൾ മുഖേന ഇല്ലാതായിട്ടുണ്ട്.

നമ്മുടെ സമ്പ്രദായം പൂണ്ണമായും കുററമററതെന്നു പറഞ്ഞുകൂടാ എങ്കിലും അതു മുന്നോട്ടുതന്നെ നേർവഴിയെ ഗമിക്കുകയാണു്. സമൃദ്ധിയും സ്വാതന്ത്ര്യവും: ഇവ അഭേദ്യമായി നിലകൊള്ളുന്നു. വ്യക്തിപ്രാധാന്യവും സ്വാതന്ത്ര്യവും ഇടക

ലന്ന ഒരു സാമൂഹ്യക്രമംകൊണ്ടാണ് ഐക്യരാജ്യങ്ങളിൽ ഇതു സാധിച്ചിട്ടുള്ളതു്. ഇതുകൊണ്ടു സ്വാതന്ത്ര്യമനസ്ഥിതയും പ്രയത്നത്തിൽ മുൻകൈ എടുക്കുവാനുള്ള വാസനയും വർദ്ധിച്ചുവരുന്ന സമൃദ്ധിയും ദിനംപ്രതി കൂടുതൽ ആളുകൾക്കു് ഉപയോഗപ്രദമായും തീർന്നിട്ടുണ്ടു്.

സമൃദ്ധി സുരക്ഷിതമായതോടെ അമേരിക്കാക്കാർ വാണിജ്യേതരമൂല്യങ്ങളിൽ ശ്രദ്ധിച്ചുവരുന്നു. ഭൗതികവസ്തുക്കളുമായി ബന്ധമില്ലാത്ത മററു പ്രവർത്തനങ്ങളിൽ നാശകരപ്രവർത്തനങ്ങൾക്കു പുറമേ വ്യക്തിത്വത്തേയും സാമുദായികസ്ഥാനത്തേയും ശക്തിപ്പെടുത്തുന്ന കാര്യങ്ങളിൽക്കൂടി അവർ ശ്രദ്ധ ചെലുത്തിവരുന്നു.

പ്രാപ്തികരമായ ഒരു ജീവിതത്തിനു് അത്യാവശ്യമായ സാധനങ്ങൾ തീരെ ഇല്ലാത്തവർക്കാണു് ഭൗതികമൂല്യങ്ങൾ അതിപ്രധാനമായിത്തീരുന്നതു്. സമൃദ്ധിയുടെ ഉദയം ഇവയിൽനിന്നും മററു മൂല്യങ്ങളിലേക്കു ശ്രദ്ധതിരിക്കുമെന്നുള്ളതിനു ധാരാളം തെളിവുകളുണ്ടു്. മനുഷ്യസ്വഭാവത്തെപ്പററിയുള്ള വിവരണത്തിൽ സാമ്പത്തികവിദഗ്ദ്ധൻ ഒന്നാംസ്ഥാനം കൊടുക്കുന്നതു ലാഭചിന്തയ്ക്കാണു്. പക്ഷേ, മററു ചിന്തകളും കൂടുതൽ പ്രബലമായി വരുമെന്നുള്ളതു് സ്പഷ്ടമാണു്.

വിഭവസമൃദ്ധി ഭൗതികവാദമായി പലപ്പോഴും തെററിദ്ധരിക്കാറുണ്ടു്. ഐക്യനാടുകളിൽ വിഭവസമൃദ്ധിയുടെ അടയാളങ്ങൾ വളരെ വ്യക്തമായി കാണാവുന്നതാണു്. അതിന്റെ പ്രാധാന്യം നമ്മളെക്കാൾ സന്ദർശകരാണു് മനസ്സിലാക്കുന്നതു്. മിന്നിത്തിളങ്ങുന്ന നമ്മുടെ യന്ത്രങ്ങളെ ചിലപ്പോൾ ശിശുസഹജമായ ആഹ്ലാദത്തോടും, മററു ചിലപ്പോൾ അവ നല്കുന്ന സുഖസൗകര്യാദികൾ ആസ്വദിച്ചും നാം ഇഷ്ടപ്പെടുന്നു. എന്നാൽ അവയുടെ അന്ത്യഫലം നമ്മെ ഭൗതികത്വത്തിൽനിന്നു വിടുത്തുകയാണു്. അഭൗതികമായ വസ്തുക്കൾ സമ്പാദിപ്പാൻ നമുക്കു് അങ്ങനെ കൂടുതൽ സമയം കിട്ടും.

വിദേശങ്ങളിൽ ഇനിയും ഉണ്ടായിക്കഴിയാത്ത പ്രശ്നങ്ങളോടു നാം ഇപ്പോൾത്തന്നെ ദ്വന്ദ്വയുദ്ധം തുടങ്ങിയിട്ടുണ്ടു്. വർഗ്ഗീയമായ അസമത്വങ്ങൾ തീരെ അടിച്ചുനീക്കുകയും ജനങ്ങൾക്കു വിശ്രമം, പണം എന്നിവ വേണ്ടത്ര ഉണ്ടാവുകയും

ചെയ്യുമ്പോൾ സംസ്കാരത്തിനു സംഭവിക്കുന്നതെന്തു്? യന്ത്ര പ്രധാനമായ സമ്പദ്വ്യവസ്ഥയിൽ ഒരു വ്യക്തി അനുഭവിക്കുന്ന സംതൃപ്തികളും ഇച്ഛാഭംഗങ്ങളുമെന്തു്? ശുദ്ധ സാമ്പത്തികത്തിൽ പെടാത്ത അന്ത്യഫലങ്ങൾ കൈവരുത്തുവാൻ ഉല്പാദനപരമായ സമ്പദ്വ്യവസ്ഥ എങ്ങനെ വിനിയോഗിക്കാം? അഭിരുചി, ബോധം, സമ്പ്രദായം ഇവമേൽ ആ ഉല്പാദനവ്യവസ്ഥയ്ക്കുള്ള പ്രതികരണമെന്തായിരിക്കും? സുകുമാരകലകളേയും ജനകീയകലകളേയും അതെങ്ങനെ ബാധിക്കും?

## അദ്ധ്യായം പതിനൊന്നു്

## കലകൾ

അസമത്വബോധമില്ലാത്തതും ചൈതന്യം തുളുമ്പുന്നതുമായ ഒരു സമുദായത്തിനു പ്രത്യേകമായി യോജിച്ച ഏതെങ്കിലുംവിധത്തിലുള്ള ഒരു കലയുണ്ടോ?

അങ്ങനെ ഒന്നുണ്ടെന്നാണു് ഡി ടോക്കേവിൽ വിചാരിച്ചതു്. എളുപ്പം ലഭിക്കാവുന്നതും, വേഗത്തിൽ വായിക്കാവുന്നതുമായിരിക്കണം അതിൻെറ സാഹിത്യം. ശക്തിയായ വികാരങ്ങൾ അതു പ്രദർശിപ്പിക്കണം. ആഹ്ലാദത്തിലേറെ ആശ്ചര്യമുളവാക്കുന്നതും, അഭിരുചിയെ പ്രീതിപ്പെടുത്തുന്നതിലേറെ വികാരങ്ങളെ ഇളക്കിവിടുന്നതും ആയിരിക്കണം അതു്. നവീനവും അപ്രതീക്ഷിതവുമായ കാര്യങ്ങളെ വിവരിക്കുന്ന അതിൻെറ ശൈലി ആവേശഭരിതവും ലളിതവുമായിരിക്കണം. ഇവയായിരുന്നു അദ്ദേഹത്തിൻെറ അഭിപ്രായങ്ങൾ.

പൊതുപ്രചാരം സംബന്ധിച്ചു് ഡി ടോക്കേവില്ലിൻെറ വിമർശനം വളരെ ശരിയാണെങ്കിലും, വിദ്യാഭ്യാസവും സമൃദ്ധിയുംമൂലം ഉണ്ടായിട്ടുള്ള വിപുലവൈവിദ്ധ്യംനിറഞ്ഞ സദസ്സിൻെറ കാര്യം അതു പരിഗണനയിൽപ്പെടുത്തുന്നില്ലാ എന്നൊരു ദോഷമുണ്ടു്. എങ്കിലും ഒരു വൈയവസായികപരിഷ്കാരത്തിൽ കലയ്ക്കു സംഭവിച്ചേക്കാവുന്ന അപകടങ്ങളെ അതു വ്യക്തമാക്കുന്നുണ്ടു്.

മനുഷ്യൻ ഒരുകാലത്തു പ്രയത്നങ്ങളിൽനിന്നു മുക്തിനേടി അവൻെറ വാസനകൾ വികസിപ്പിക്കുമെന്നും, ഹിതകരമെന്നു തോന്നുന്നപക്ഷം അവനൊരു കലാകാരനായിപ്പോലും തീരുമെന്നും ഡി ടോക്കേവില്ലിനു ഭൂതോദയമുണ്ടായിരുന്നിരിക്കയില്ല. പ്രതിവഷം 100,000,000 ഡോളർ വിലയ്ക്കുള്ള സംഗീതറിക്കാർഡുകൾ ചെലവുവരത്തക്കവിധം സാധാരണക്കാരൻെറ സംഗീതവാസന അത്ഭുതാവഹമായി പുരോഗമിക്കുമെന്നും സംഗീതജ്ഞാനത്തിനു പുറമെ വിദഗ്ദ്ധന്മാരുടെ ഗാന

ങ്ങളെ താരതമ്യവിമർശനം നടത്തുന്നതിനു് അവർ സമർത്ഥന്മാരായിത്തീരുമെന്നും അവർ ദീർഘദർശനം ചെയ്തിരിക്കയില്ല.

ലൗകികനേട്ടങ്ങളെപ്പററി അസഹ്യമായ ആത്മപ്രശംസ അമേരിക്കാക്കാർ സാധാരണയായി ചെയ്യാറുണ്ടു്. എന്നാൽ യൂറോപ്യന്മാരുടെ ദൃഷ്ടിയിൽ പരിഹാസ്യമായിത്തീരുമെന്നുള്ള ഭയത്താൽ സാംസ്കാരികനേട്ടങ്ങളെ എടുത്തുകാട്ടുവാൻ അവക്കു വലിയ ലജ്ജയായിരുന്നു. സാംസ്കാരികനേട്ടങ്ങളെല്ലാം യൂറോപ്പിന്നു വിട്ടുകൊടുത്തിട്ടു്, ജനായത്തത്തിനും, സ്വാതന്ത്ര്യത്തിനും, അഭിവൃദ്ധിക്കും ക്ഷേമത്തിനും, സ്വന്താവശ്യങ്ങൾക്കായുള്ള യന്ത്രവൈദഗ്ദ്ധ്യങ്ങൾക്കും വേണ്ടി നിലകൊള്ളുവാനായിരുന്നു നമ്മൾക്കാശ. പുതുമയും പൗരുഷവും നിറഞ്ഞ ഒന്നല്ല, പഴമയും വാദ്ധക്യവും ചേന്ന ഒരു രൂപമായിരുന്നു യൂറോപ്പു നമ്മൾക്കു്. അതിനാൽ കലയുടെ പരിപോഷണം നാം സ്ത്രീകൾക്കു വിട്ടുകൊടുത്തു. അങ്ങനെ നമ്മുടെ ദൃഷ്ടിയിൽ കലക്കു കൂടുതൽ കൂടുതൽ സ്ത്രീത്വവും വളന്നു.

അതിന്നു മാറിവരുന്നു എങ്കിലും ദുഷ്പേർ നിലനില്ക്കുന്നു. ഡി ടോകേവിൽ ശരിക്കു മനസ്സിലാക്കിയപോലെ ഭൂതത്തിൽനിന്നു ഭാവിയിലേക്കു നമുക്കുണ്ടായ വ്യതിയാനം, കലയുടെ മണ്ഡലമായ ലാക്ഷണികരൂപങ്ങളിൽനിന്നും ഭാഗികമായ ഒരു വ്യതിചലനമായിരുന്നു. എന്തെന്നാൽ, ജീവിതത്തിന്റെ ദുരന്തപര്യവസാനബോധം പ്രചരിപ്പിക്കുന്നതിന്നും, മനുഷ്യന്റെ പരിതസ്ഥിതികളേയും, വിധിയേയും പററിയുള്ള സത്യങ്ങൾ ആഖ്യാനരീതിയിൽ പറയുന്നതിന്നുമാണു് ഇതിഹാസങ്ങളോടും ചിഹ്നങ്ങളോടുമുള്ള തന്റെ ബന്ധങ്ങൾമൂലം കല ശ്രമിക്കുന്നതു്. പക്ഷേ, അമേരിക്ക ഒരു പുതുനാടായിരുന്നു. ദുരന്തഭാവിയിൽ അതു് വിശ്വസിച്ചില്ല. അതിന്റെ ഐതിഹ്യങ്ങളായിരുന്നു അമേരിക്കയുടെ ഒരേയൊരു ആശ.

ഈ ഫലം വാത്തെടുക്കുന്നതിനു് കാവ്യാത്മകത്വം മാത്രം പോരാ. വൃത്തികേടും ദാരിദ്ര്യവും അധഃപതനവും കണ്ടു കണ്ടു സഹികെട്ട അമേരിക്കാക്കാർ, എന്തെങ്കിലുമൊക്കെ തങ്ങൾക്കുവേണ്ടിത്തന്നെ ചെയ്യേണമെന്നുറച്ചു. കലകളിൽക്കൂടി ദോഷങ്ങൾ ബോധ്യപ്പെട്ടുക മാത്രമല്ല, ഒരു പിടിവലിതന്നെ

നടത്തി. അവ പരിഹരിക്കേണ്ടതു് ആവശ്യമെന്നു് നമ്മൾക്കു തോന്നി. അതുകൊണ്ടു് നാം സാമുദായികപരീക്ഷണങ്ങളിലേക്കും, സാമുദായികശാസ്ത്രങ്ങളിലേക്കും തിരിഞ്ഞു.

കലാകാരന്മാരെ പ്രേരിപ്പിച്ചിട്ടുള്ള അതേ ആവേശങ്ങളും ആശയങ്ങളുംതന്നെ ആയിരിക്കണം മനുഷ്യനെപ്പററി പഠിക്കുവാൻ സമുദായശാസ്ത്രജ്ഞന്മാർക്കും മനശ്ശാസ്ത്രപണ്ഡിതന്മാർക്കും പ്രേരണനല്കിയിട്ടുള്ളതു്. മാനുഷികാവശ്യങ്ങളേയും ഉദ്ദേശങ്ങളേയും മനസ്സിലാക്കുവാനുള്ള ക്ഷമാപൂർവ്വമായ അതേ ആഗ്രഹം, മനുഷ്യസ്വഭാവത്തിൻെറ അർത്ഥം വിശദീകരിക്കുന്നതിനുള്ള അതേ പരിശ്രമംതന്നെയാണു്. അന്ത്യഫലം മാത്രമാണു് പാഠപുസ്തകം; കുടുംബക്ഷേമസേവനപരമോ, മനോരോഗചികിത്സാപരമോ ആയ ഒന്നു്.

അതിനാൽ മുന്നോട്ടു തുഴഞ്ഞുപോകുന്നതിനു് നാം കലാകാരൻെറ സമ്പ്രദായം സ്വീകരിച്ചു. അതായതു പരിചയംമൂലം ഉടനടിയുണ്ടാകുന്ന പ്രതികരണം. ഒതുങ്ങാത്ത ഉൽക്കണ്ഠയാൽ പ്രേരിതരായി കടൽക്കരയിലെ ചെറുദ്വാരത്തിൽ ഒരു കുട്ടി എന്നപോലെയും, ഒരു ഭാവനയേയോ, പ്രകൃതിയിലെ നിമിഷത്തേയോ ഒരു കവി എന്നപോലെയും, നാം നമ്മുടെ ലോകം ചികഞ്ഞു പരിശോധിച്ചുകഴിഞ്ഞു. കലയുടെ അന്ത്യഫലം അസ്തിത്വത്തെ വിശദീകരിക്കുന്ന ഒരു പണിയാണെങ്കിൽ നമ്മുടെ അന്ത്യഫലം പലപ്പോഴും സ്ഥിതിവ്യതിയാനങ്ങൾ വരുത്തുന്ന ഒരു പണിയാണു്.

യോഗ്യതകളെ കലാപരമായി തിരിച്ചപ്പോൾ, പരിതഃസ്ഥിതികൾ ഭേദപ്പെടുത്തുന്നതിനോ അല്ലെങ്കിൽ അമേരിക്കയെ അതിൻെറ സൗന്ദര്യത്തിലും പ്രതാപത്തിലും ദർശിച്ചു്, ആ നാട്ടിന്നൊരു പ്രത്യേകാർത്ഥം കണ്ടുപിടിക്കുന്നതിനോ ആണു് ആവേശം. അതിനാൽ ഗ്രാൻറ്വുഡ്ഡു് പരന്നുകിടക്കുന്ന പ്രയറിപ്രദേശങ്ങളെ തൻെറ കൃഷിക്കാരുടെ മുഖങ്ങളിൽ കാണുന്നതായി ചിത്രീകരിക്കുന്നു. തുടിപ്പോടെ മൂച്ചുപിടിച്ചു് നിരങ്ങുന്ന രാഷ്ട്രത്തെ മുഴവൻ ഉൾക്കൊണ്ട പത്രലേഖകവൃത്തി നോവലുകളിലും നാടകങ്ങളിലുംകൂടി വ്യാപിച്ചിട്ടുണ്ടു്. മാംസവ്യാപാരികളുടേയും, വൻകിട എണ്ണമുതലാളിമാരുടേയും കൃത്രിമങ്ങൾ വെളിപ്പെടുത്തുന്നതിനായി വഞ്ചനനിറഞ്ഞ ആ

കാലങ്ങളിൽ അപ്ടൺ സിൻക്ലെയർ തന്റെ നോവലുകൾ എഴുതി.

ഇക്കാലത്തെ നോവൽസാഹിത്യകാരന്മാർ, ഹോളിവുഡ്ഡിലെ കൊള്ളരുതായ്മകൾ, പ്രചരണപ്രസ്ഥാനം, നാവികജീവിതം മുതലായവയെ വിശദീകരിച്ചുകാണിക്കുന്നു. താല്ക്കാലികസംഭവങ്ങൾ, രുചികരവും, സ്മരണീയവുമാക്കിത്തീർക്കുന്നതിന് മാസികകളും, വാരികകളും, കായികകല ഉപയോഗിച്ചുവരുമ്പോൾ, ആധുനികജീവിതത്തിന്റെ ചിത്രീകരണം വിശ്വസനീയമാക്കുന്നതിന് ലേഖകന്മാരും, കഥാപ്രസ്ഥാനം ഉപയോഗിക്കുന്നുണ്ട്. പ്രത്യേകകഥകളെ ആസ്പദമാക്കിയുള്ളവയാണ് ഇന്ന് ചലച്ചിത്രവും. മനുഷ്യന്റെ പരസ്പരബന്ധങ്ങളെ അടിസ്ഥാനമാക്കിയുള്ള ചിത്രീകരണകഥകൾക്കുപകരം, വർഗ്ഗീയബന്ധങ്ങൾ, മദ്യപാനം, കൃത്യലോപം മുതലായ പ്രശ്നങ്ങളെ പരാമർശിക്കുന്നവയാണ് ഇന്നുള്ള കഥകൾ.

ലേഖകവൃത്തിക്ക് പ്രേരണനല്കുന്ന യാന്ത്രികലോകം ചിത്രീകരിക്കുകയും, എഴുതുകയും, രചിക്കുകയും, ചെയ്തിട്ടുള്ളവയെ വിദേശങ്ങളിൽ പ്രചരിപ്പിക്കുന്നതിനുള്ള ഉപകരണങ്ങളേയും നമുക്കു നല്കുന്നുണ്ട്. ജനസമ്മതിയുള്ള സംഗീതറിക്കാർഡുകൾ, പുസ്തകങ്ങൾ, ചലച്ചിത്രങ്ങൾ, സുന്ദരങ്ങളായ വർണ്ണചിത്രങ്ങൾ മുതലായവ വൻതോതിൽ പുറത്തിറങ്ങുന്നതിന് കാരണമായിട്ടുള്ളതു് നമ്മുടെ 'ഭൗതികത്വമാണ്'. പ്രചാരമുള്ള മാസികകളിലൊന്നായ 'ലൈഫ്', ടി. എസ്. എലിയട്ടിന്റെ വിഷമംപിടിച്ച പദ്യങ്ങളും, ഹെമിങ്‌വേയുടെ 'ഓൾഡ് മാൻ ഓഫ് ദി സി' എന്ന കൃതിയും, മുൻകാലങ്ങളിലെ സുപ്രസിദ്ധ കലാകാരന്മാരുടെ കൃതികളുടെ അനന്തരമുദ്രണങ്ങളും വിവിധ മതങ്ങളേപ്പററിയുള്ള വിവരണങ്ങളും അച്ചടിച്ചിരിക്കുന്നു. അതിൽത്തന്നെ പാചകക്കുറിപ്പുകളും, പാതകചിത്രങ്ങളും കാണാം. എന്നാൽ ഉത്തമസംസ്കാരവുമായി മുമ്പു പരിചയമില്ലാത്തവർക്ക് അതു ലഭിപ്പാൻ ഇതു വഴിയുണ്ടാക്കുന്നു. അങ്ങനെ ഏതെല്ലാം തായ്‌വേരുകളെ അതു നനയ്ക്കുമെന്നും ഏതെല്ലാം വളർച്ചയെ പോഷിപ്പിക്കുമെന്നും ആരുകണ്ടു.

ആധുനിക സാങ്കേതികജ്ഞാനവും, കലാപ്രചോദനവും, ഇണക്കിച്ചേർത്തതിന്റെ ഫലമാണ് ശബ്ദഗ്രഹണം,

ടെലിവിഷൻ, ചിത്രങ്ങളുടെ പുനർമുദ്രണം മുതലായവ. ധന വാന്മാർക്ക് അവയുടെമേലുള്ള അധികാരശക്തിമൂലം അവ സ്ഥാവരണം ചെയ്യേണ്ടവയാണെന്ന് ഒരു നിസ്സാര ന്യൂന പക്ഷമേ വാദിക്കുന്നുള്ളു. യഥാർത്ഥമായ ഉത്തമകല സഹൃദയ ലോകത്തിനു മുഴുവൻ, ആനന്ദം ജനിപ്പിക്കുന്ന എന്നു് നമ്മൾ ക്കറിയാം.

കലയുടെ ജനകീയമായ ഈ പ്രചാരമാണ് വിദേശങ്ങ ളിൽനിന്നുവരുന്ന ചില സന്ദർശകരെ ഞെട്ടിപ്പിക്കുന്നതു്. ആ പ്രചാരത്തോടൊപ്പം അതു് ദൂഷിക്കുകയും ചെയ്യുമെന്നാണ് അവരുടെ വിശ്വാസമെന്നുതോന്നും.

*സാഹിത്യം*

വിററ്മാനെ പിൻതുടന്നുണ്ടായ നമ്മുടെ സാഹിത്യം, അതിൻെറ അപരിഷ്കൃതനാദംകൊണ്ടു് ലോകത്തെ മാറെറാ ലിക്കൊള്ളിച്ചേക്കുമെന്നും, ആദികാലത്തെ സംസ്കാരശൂന്യ തയും, സജീവമായ ശുഭാപ്തിചിന്തയും ചുററുമുള്ള സംസ്കാ രങ്ങളുടെ ചൈതന്യംതുളുമ്പുന്ന കാര്യക്ഷമതയും അതു് പ്രതി ഫലിപ്പിച്ചേക്കുമെന്നും ഒരാൾ ശങ്കിച്ചേക്കാം.

എന്നാൽ അതങ്ങനെയല്ല. "ഏതുകാലത്തും ഏതുരാജ്യ ത്തും ഉണ്ടായിട്ടുള്ള സാഹിത്യം ക്രമാനുഗതമായി ഇത്ര അധഃ പതിക്കുന്നില്ലാ എന്നാണ് യൂറോപ്പിൽനിന്നുവന്ന എനിക്ക് ആദ്യമായി തോന്നുന്ന ശക്തിയായ അഭിപ്രായം" എന്നാണ് ഡബ്ല്യൂ. എച്ച്. ഔഡൻ പറഞ്ഞതു്. ലോകത്തിലെ ഏററവും വലിയ ശുഭാപ്തിവിശ്വാസികളെന്നും, ഏററവുമധികം സ്വാ തന്ത്ര്യം അനുഭവിക്കുന്നവരെന്നും കീർത്തിനേടിയ ഒരു ജനത "തങ്ങളെ നിസ്സഹായരും, ചതിയരും, നാടുവിട്ടവരുമായി" ഗണിക്കുന്നതെന്തുകൊണ്ടു്? "യാതനകൾ ധൈര്യംസഹിക്ക ത്തക്ക ത്യാഗസമ്പന്നതമാത്രമുള്ള വീരന്മാരേ തങ്ങൾക്കുള്ളു" വെന്ന് ധരിക്കുന്നതെന്തുകൊണ്ടു്? ഔഡൻ ഇക്കാര്യത്തിൽ അത്ഭുതം പ്രദർശിപ്പിച്ചു.

അമേരിക്കൻ സാഹിത്യകാരന്മാരിൽ പലരും അമേരി ക്കൻ ജീവിതത്തിൻെറ ശുഭഭാവിയെ കാര്യമായിക്കരുതുന്നവ രും തങ്ങളുടെ ആദർശത്തിന് അണുമാത്രഭേദം കണ്ടാൽ വിപ്ല

45596

വപരമായ പ്രതിഷേധം മുഴക്കുന്നവരുമായ സ്ഥൂലപ്രകൃതി വിശ്വാസികളായിരുന്നു. ജനങ്ങൾ നരകതുല്യം വസിച്ചുവരുന്ന കുപ്പപ്പുരകളിലേക്ക് ദൃഷ്ടിപതിപ്പിക്കേണ്ടതു് എഴുത്തുകാരൻെറ കടമയായി. ഒരുപക്ഷേ, പ്രചരണക്കാരൻെറ അപര്യാപ്തത സാഹിത്യകാരൻ പരിഹരിപ്പാൻ ശ്രമിക്കുന്നതാവാം. ഡി. ഡബ്ല്യു. ബ്രോഗൺ പ്രസ്താവിക്കുംപോലെ ഇവിടെ നാം ജീവിച്ചതുപോലുള്ള മാത്സര്യംനിറഞ്ഞ ജീവിതക്ലേശങ്ങളിൽനിന്നാണ് അശുഭാപ്തിവിശ്വാസം ജനിക്കുന്നതു്.

ഈ രീതിയിൽ സുശക്തമായ ഭാഷയിൽ നോവലുകൾ രചിച്ചിട്ടുള്ള അനേകം സുപ്രസിദ്ധഗ്രന്ഥകാരന്മാർ നമ്മുടെ മണ്ണിൽ പിറന്നിട്ടുണ്ടു്. ഗാർലൻ്റ്, ഡ്രെയിസർ, നോറിസ്സ് മുതലായവരും, പിന്നീട്ട് സിൻക്ലെയർ ലെവിസ്സ്, അപ്ടൻ സിൻക്ലെയർ മുതലായവരും അതിനുശേഷം ഡോസ് പാസോസ്, ഹെമിങ്ങ്വെ, ഫാൾക്ക്നർ, സ്റ്റെയിൻബെക്ക് ആദിയായവരും ഇതിൽപ്പെട്ടും. അന്ത്യമായി ഒരു യുദ്ധാനന്തരയുവസാഹിത്യലോകവും നമുക്കുണ്ടായിട്ടുണ്ടു്. 1925 മുതൽ 1940 വരെ പാശ്ചാത്യരാജ്യങ്ങളിൽ പ്രാധാന്യം കൂടുതലായി നേടിയിരുന്നതു് അമേരിക്കൻ നോവലുകളാണു്. ഹെമിങ്ങ്വേയുടെ ലളിതവും നഗ്നവുമായ ശൈലിയും, അനുഭവജ്ഞാനം—അതെങ്ങനെ ജനിച്ചു എന്നതല്ല; അതെങ്ങനെ അനുഭവപ്പെട്ടുന്നുവെന്നതു് പ്രകടമാക്കേണമെന്നുള്ള ദൃഢനിശ്ചയവും, മറെറല്ലാവരിലും കൂടുതലായി ജനങ്ങളിൽ സ്വാധീനതചെലുത്തി. ലോകത്തിന്മേൽ മനുഷ്യനുള്ള പിടി വിട്ടുപോയേക്കാമെന്നുള്ള അദ്ദേഹത്തിൻെറ നിസ്സംശയവിവരണങ്ങൾമൂലം ആധുനികമനുഷ്യൻ ഭയന്നു വിറച്ചു. ആത്മനിയന്ത്രണംപോലും നഷ്ടപ്പെട്ടുമെന്നുള്ള ഭീതിയാൽ അവർ സ്വരംതാഴ്ത്തി സാവധാനത്തിൽമാത്രമായി സംഭാഷണം. ഹെമിങ്ങ്വേയുടെ നായകന്മാർ കായികമായി പരാജയപ്പെട്ടവരാണു്. അവർക്കേതെങ്കിലും വിജയമുണ്ടായിട്ടുണ്ടെങ്കിൽ അതു് അവരുടെ ആത്മീയശക്തിമൂലമാണു്. അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങളിലും, കഥാപാത്രങ്ങളിലും വിനാശവും, മരണവുമാണു് മുന്തിനില്ക്കുന്നതു്.

ജഫർസൻെറ ഭൂവ്യവസ്ഥ ജനായത്തം വൻകിടവ്യവസായികൾക്ക് മുൻകൈ നല്കുന്ന ഹാമിൽട്ടോണിയൻ സമ്പദ് വ്യവസ്ഥയിലേക്ക് വ്യതിയാനം ചെയ്തതിൽ മററമേരിക്കരോടൊപ്പം രോഷാകുലനായ ജോൺ ഡോസ് പാസോസിൻെറ ഭാവനയിൽ, മുപ്പതുകാരായ ചെറുപ്പക്കാർ സ്വന്തനാട്ടിൽ നാട്ടം മൂട്ടം വെടിഞ്ഞു് നടക്കുന്നവരാണ്. ഛായാഗ്രഹണം, ചലച്ചിത്രം, ജീവചരിത്രം മുതലായ സാങ്കേതിക പരിജ്ഞാനങ്ങളോടെ, ശമ്പളക്കുറവിൻേറയും, തൊഴിലില്ലായ്മയുടേയും നേരെ അദ്ദേഹം വാളെടുത്തു. ഹെമിങ്ങ്വേയുടെ കഥാപാത്രങ്ങളേപ്പോലെ യുദ്ധംചെയ്യുന്നതിന് അദ്ദേഹത്തിൻെറ പാത്രങ്ങൾക്ക് സന്ദർഭം ലഭിക്കുന്നില്ല. അവർ നേരത്തേതന്നെ തോറേറാടിയവരാണ്. അരൂപമായ മഹാനഗരം അവരെ നിസ്സഹായരാക്കിവിട്ടു.

വില്യം ഫാൾക്ക്നർ ദക്ഷിണദേശപഠനത്തിൽ കണ്ടതു് അക്രമവും, അപമാനവും, അസാധാരണത്വങ്ങളുമാണ്. ഇവിടെ ഭൂതകാലം വത്തമാനകാലത്തെ ദൂഷിപ്പിച്ചു. അഹങ്കാരം മാനഹാനിയുമായി സമ്മേളിച്ചു. വർഗ്ഗീയമായ അസഹിഷ്ണുതാഭാരത്തോടെ ശപിക്കപ്പെട്ട ഗ്രാമീണകുഴപ്പങ്ങൾ വ്യവസായങ്ങൾ ജനിപ്പിക്കുന്ന ദുഃസ്വപ്നങ്ങളേക്കാൾ ഭയാനകമായി കാണപ്പെട്ടു. അദ്ദേഹത്തിൻെറ കഥകൾക്ക് ദുഃസ്വപ്നങ്ങളുടെ സ്വഭാവമാണുണ്ടായിരുന്നതു്. അവ്യക്തഘടകങ്ങൾ ഗ്രന്ഥത്തിലാകെ പൊങ്ങിയൊഴുകും. ഈ സജീഷ്ണാവസ്ഥയിലും അദ്ദേഹം കണ്ടെത്തുന്നതു് ശോകാന്തങ്ങളാണ്. അർത്ഥമില്ലായ്മയേക്കാൾ അല്പം ഭേദംതന്നെയാണതു്.

മററനേകം ഉത്തമഗ്രന്ഥകാരന്മാരും, ഒരു വീക്ഷണകോണത്തിലല്ലെങ്കിൽ മറെറാന്നിൽക്കൂടി അമേരിക്കൻ രംഗങ്ങളേപ്പററി ഇതേമാതിരിയുള്ള അവ്യക്ത ചിത്രീകരണങ്ങളാണ് നല്കിയതു്. ജോർജ്ജിയായിലെ എർസ്കിൻ കാൾഡ്വെൽ, ചിക്കാഗോയിലെ ജെയിംസ് ഫാറലും മേയർ ലെവിനും, ഈദൃശഗ്രന്ഥകാരന്മാരാണ്. പരിഷ്കൃതരുടെ ഇടയിലുള്ള ജീവിതം മുൻപു പറഞ്ഞതുപോലെതന്നെ ശൂന്യമായിട്ടാണ് ജോൺ ഒഹെരയും കണ്ടതു്. ബെഡ്ഷുൾബർഗ്ഗ് മര്യാദകെട്ട സ്വാത്ഥോദ്ദേശത്തേയാണ് ഹോളിവുഡ്ഡിൽ

45596

കണ്ടെത്തു്. അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ സാമുദായികാചാരങ്ങളെ വിസ്മരിക്കുവാൻ അധികാരം മനുഷ്യനെ പ്രേരിപ്പിക്കുന്നിടത്തെല്ലാം അധർമ്മമാണു് നടമാടിയിരുന്നതു്.

പ്രാദേശികമായി ഭൂമിയുടെ വ്യത്യസ്തതയനുസരിച്ചു കുറേക്കൂടി ആശാവഹമായ ഒരു സാഹിത്യം ജനിച്ചിട്ടുണ്ടു്. അതു് ജീവിതത്തെ അതിൻെറ യാഥാർത്ഥ്യത്തിലും തരംതാഴ്ത്താത്ത നിലയിലും കൈകാര്യം ചെയ്യുന്നു. ഡോറോത്തി കാൻഫീൽഡ് ഫിഷർ വെർമണ്ടിലെ ഗ്രാമീണജീവിതം ചിത്രീകരിക്കമാത്രമല്ല, യങ്കിസാംസ്കാരത്തെപ്പററിയുള്ള നമ്മുടെ ബോധത്തിനു രൂപംകൊടുക്കുകയും ചെയ്തിട്ടുണ്ടു്. വാൾട്ടർ ഡി. എഡ്മണ്ഡ്സും, സാമുവേൽ ഹോപ്കിൻസും ന്യൂയോർക്കിലെ ഉത്തരഭാഗങ്ങളെപ്പററി വർണ്ണിച്ചിട്ടുണ്ടു്. ഉത്തര സമതലങ്ങളിലെ കർഷകജനതയ്ക്കുവേണ്ടി മാർത്താ ഓസ്റ്റെൻസോ പേന എടുത്തിട്ടുണ്ടു്. അതിദൂരെയുള്ള വടക്കുപടിഞ്ഞാറൻ പ്രദേശങ്ങളിലെ പർവ്വതനിവാസികൾക്കുവേണ്ടി എ. ബി. ഗുത്രിയും പെൻസിൽവേനിയയിലും തെക്കുപടിഞ്ഞാറൻദേശങ്ങളിലും മുൻതലമുറക്കാർ കഴിച്ചുകൂട്ടിയ ജീവിതത്തേപ്പറ്റി കോൺറാഡ് റിച്ചറ്റും പല പ്രദേശങ്ങളെ സംബന്ധിച്ചും പ്രത്യേകിച്ചു മിസൂറി, കൊളോറാഡോ എന്നിവയെപ്പററി ക്ലൈഡ് ബ്രിയോൺ ഡേവിസും ഫ്ളോറിഡോയിലെ ഉൾനാടൻജനതയെപ്പററി മാർജോറി കിന്നൻ റാലിങ്സും വിശദചിത്രങ്ങൾ നല്കിയിട്ടുണ്ടു്. നദീസഞ്ചാരസംസ്കാരത്തെ വിവരിച്ചു ബെൻ ലൂഷിയൻ ബർമാൻ പ്രത്യേകമായ പ്രശസ്തി ആർജ്ജിച്ചു.

നാം തെക്കൻപ്രദേശങ്ങളിലേക്കു മടങ്ങുമ്പോൾ അക്രമവും അധഃപതനവും ആണു വീണ്ടും കാണുന്നതു്. എങ്കിലും കാർസൺ മാക്‌കല്ലേഴ്സ്, ലിലിയൻ സ്മിത്ത്, യൂഡോറാ വെൽട്ടി മുതലായ അനവധി അനുഗൃഹീതകഥാകൃത്തുകൾ അവിടെയാണുണ്ടായതു്.

അമേരിക്കാക്കാർ മുഴുവനും കുടിയേററക്കാരാണു്. ചോരത്തിളപ്പുള്ള യുവാക്കളുടെ അനുഭവങ്ങൾ നാട്ടിൽ വന്നുചേർന്ന പുതുപ്പുള്ളികൾ അവർ യൂറോപ്പിലും മററു ഭൂഖണ്ഡങ്ങളിലും

കഴിച്ചുകൂട്ടിയ കാലങ്ങൾ അവരുടെ ജീവിതസമരങ്ങൾ ക്രമേണ ഇവിടത്തെ സംസ്കാരവുമായുള്ള അവരുടെ സാത്മ്യസമ്പാദനം മുതലായവയെപ്പററി വിവരിക്കുന്ന ഒരുത്തമ സാഹിത്യസരണി അമേരിക്ക നിമ്മിച്ചു. ജൂതന്മാരുടെ പഴയ ജീവിതത്തേപ്പററി ഹൃദയസ്പൃക്കായി ഇർവിങ് ഫൈൻമാനും അവരുടെ ഇന്നത്തെ ജീവിതത്തെപ്പററി കുറേക്കൂടി സജീവമായി ഹെർമാൻവാൾക്കും വിവരിച്ചിട്ടുണ്ട്. പുതുസംസ്കാരവുമായി ഉണ്ടായ ഏററുമുട്ടലിൽ തങ്ങളുടെ സംസ്കാരം രക്ഷിപ്പാൻ ഇൻഡ്യാക്കാർ നടത്തിയ ധീരസാഹസം അനുകമ്പയോടെ ഒലിവർ ലാ ഫാർജ് തൻെറ 'ലാഫിങ് ബോയ്' എന്ന ഗ്രന്ഥത്തിൽ വിശദീകരിക്കുന്നു. റിച്ചാർഡു റൈറ്റും പല നിഗ്രോസാഹിത്യകാരന്മാരും നീഗ്രോകളോടു കാണിക്കുന്ന പക്ഷപാതനയത്തിൻെറ ഫലങ്ങളേയും ചിത്രീകരിച്ചിട്ടുണ്ട്. നമ്മുടെ സങ്കീർണ്ണസാമുദായികചിത്രത്തെ നിറച്ചിട്ടുള്ളവരുടെ പേരുകൾ പ്രാത്യകംപ്രത്യേകം പ്രസ്താവിക്കുന്നതിനു പേജുകൾതന്നെ വേണ്ടിവരും.

തങ്ങളുടെ സങ്കീർണ്ണസംസ്കാരത്തിൽനിന്നും പുറത്തുകടന്ന് അന്താരാഷ്ട്രീയലോകത്തിലേക്ക് അമേരിക്ക ഇറങ്ങിയതോടെ നോവൽസാഹിത്യം വീണ്ടും അവയേ കൂട്ടിബന്ധിക്കുവാൻ തുടങ്ങി. പേൾബക്ക് ചൈനയെപ്പററി ഹൃദയാവജ്ജകമായി എഴുതി. ജോസ്മിഷണർ ഏഷ്യൻ സംസ്കാരങ്ങളെ വീണ്ടും കണ്ടുപിടിച്ചു. യൂറോപ്പിനെ അടിസ്ഥാനമാക്കിയാണ് അമേരിക്കാക്കാർ നോവലെഴുതിവന്നതു്. ആഫ്രിക്കയേപ്പററിയുള്ള താല്പര്യങ്ങൾ വദ്ധിച്ചപ്പോൾ ആ ഭൂഖണ്ഡത്തിൻെറ ദുരന്തകഥകളും, പ്രശ്നങ്ങളുമറിവാനുള്ള പരിശ്രമത്തിൽ ആഫ്രിക്കായെ സംബന്ധിച്ച പുസ്തകങ്ങളായി വായന.

നോവലുകളിൽ കാണുന്ന ഐക്യനാടുകളുടെ ചിത്രം കുറെ ഇരുളടഞ്ഞതാണ്. എന്നാൽ കുറേക്കൂടി സമതുലിതരീതിയിൽ നാടിനെ വീക്ഷിക്കുന്ന പല ഉത്തമഗ്രന്ഥകാരന്മാരും ഇപ്പോഴുണ്ട്. പ്രകൃതിശക്തികളും സാമൂഹ്യകൃത്യവിലോപവും മനുഷ്യനു വരുത്തിക്കൂട്ടാവുന്ന ദുരിതങ്ങളിൽ സ്റ്റെയിൻബക്ക് കോപം പ്രദർശിപ്പിക്കുന്നു. എന്നാൽ അതോടൊപ്പം ബലവത്താണ് ജീവിതത്തോടുള്ള അദ്ദേഹത്തിൻെറ ആദ

45596

രവും അതു പോരാടി ജയിക്കേണ്ടതുതന്നെയാണെന്നുള്ള വിശ്വാസവും. കഴിഞ്ഞ തലമുറയിലെ ജീവിതനിലവാരം മുറുകെപ്പിടിച്ചു മനുഷ്യശക്തികൾ ദുർവ്വ്യയംചെയ്യുന്നതെങ്ങനെയെന്നും, പണത്തിൻെറ തള്ളിച്ചയാൽ അതുമായി ഒത്തിണങ്ങിപ്പോകുന്നതെങ്ങനെയെന്നും സുപ്രസിദ്ധ നിരൂപകനും ഉറച്ച മതവിശ്വാസിയുമായ ജെ. പി. മാർകച്ാൻഡ് വിശദീകരിക്കുന്നുണ്ടു്. എങ്കിലും അദ്ദേഹത്തിൻെറ ശൈലി അനുകമ്പയും ആത്മാർത്ഥതയും നിറഞ്ഞതാണു്. അല്ലാതെ വെറുപ്പും അർത്ഥശൂന്യതയും നിറഞ്ഞതല്ല.

സദുദ്ദേശങ്ങൾ തിക്തഫലങ്ങളിൽ പര്യവസാനിക്കുന്ന പ്രത്യേക രീതിയിൽ ദുരന്തബോധത്തെ ജീവിതത്തിൽ കലത്തുവാൻ റോബർട്ട് പെൻ വാറനു സാധിച്ചിട്ടുണ്ടു്, സൽഫലങ്ങളെ പ്രദാനംചെയ്യുന്ന പലതും ദുഷ്ടതകളിൽനിന്നും പൊങ്ങിവന്നിട്ടുള്ളവയാണെന്നുള്ള വിരുദ്ധവാദക്കാരനായിരുന്നു അദ്ദേഹം. നീതി തന്നിൽനിന്നു് അപഹരിക്കപ്പെട്ടാലും താൻതന്നെ അതിനെ ദുഷിപ്പിച്ചാലും മനുഷ്യൻ നീതി കാംക്ഷിക്കുന്നു എന്നുള്ളതിലാണു് ആശ സ്ഥിതിചെയ്യുന്നതു്.

ജെയിംസ് ഗോൾഡ് കൊസൻസ് വിവിധ വിഷയങ്ങളേപ്പററിയും എഴുതിയിട്ടുണ്ടു്. തിന്മയിൽനിന്നു് നന്മയെ വേർതിരിച്ചെടുക്കുവാനും അവയിൽ ഏതു തിരഞ്ഞെടുക്കുന്നതാണുത്തമമെന്നു കണ്ടുപിടിക്കുവാനും ഉള്ള പരിശ്രമത്തിൽ മനുഷ്യൻ ഒരു ആദ്ധ്യാത്മികവലയത്തിൽ കിടന്നു പാടുപെടുന്ന കാഴ്ചയാണു് അദ്ദേഹത്തിന്റെ പ്രധാനമായ ഭാവന. അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങൾ തിന്മയെ നേരിടുന്നുവെങ്കിലും അതിനു കീഴ്പ്പെടുന്നില്ല.

എഡ്നാ ഫെർബർ, ജെറാൾഡ് വാർനർ ബ്രേസ്, ഹാമിൽടൺ ബാസോ എന്നിവരും തിന്മയുടെ പ്രവാഹത്തിൽ അടിപറിഞ്ഞവരല്ല. പൊതുജീവിതം ഉത്സാഹഭരിതമാക്കിത്തീർക്കുന്നതിനായിരുന്നു അവരുടെ പരിശ്രമം. വ്യക്തികളും, സമുദായവുമായുള്ള പരസ്പരബന്ധങ്ങളിൽ അവർ താത്പര്യം പ്രദർശിപ്പിച്ചു.

ശുഭഭാവിയുള്ള മററനേകം എഴുത്തുകാരുടെ പട്ടികയിൽനിന്നും ഏതാനും പേരുകൾ മാത്രം എടുത്തെഴുതുന്നതു്

അനീതിയായിത്തോന്നാം. എങ്കിലും സാധാരണക്കാരന്റേയും അതിൽ താഴ്ന്നവൻേറയും ജീവിതത്തിൽ താൽപര്യം പ്രദശിപ്പിച്ച നെൽസൺ അൽഗ്രൺ, സാൾബല്ലോ എന്നിവരുടെ പേരുകൾ പ്രത്യേകം പറയേണ്ടതായിട്ടുണ്ട്. അവരുടെ കഥാപാത്രങ്ങൾ തികഞ്ഞ യാഥാത്ഥ്യത്തോടെ വായനക്കാരുടെ മുന്നിൽ പ്രത്യക്ഷപ്പെടുന്നു.

ചരിത്രത്തിൽനിന്നു് അഭിമാനം കൊള്ളാവുന്ന നമ്മുടെ നാട്ടിൽ ചരിത്രാഖ്യായികകളും പ്രചാരത്തിലെത്തി. കെന്നത്ത് റോബർട്ട്സ്, സാമുവെൽ ഷെല്ലാബാർജർ, തോമ്മസ് ബി. കൊസ്റ്റെയൻ, ബ്രൂസ് ലെങ്കാസ്റ്റെയർ, വാൻ വിക്ക് മേസൺ എന്നിവർ ആ ശാഖയിലെ വിദഗ്ദ്ധതൂലികാകാരന്മാരായിരുന്നു. ആ സാഹിത്യവിഭാഗത്തെ പ്രതിനിധാനം ചെയ്യാൻ അവർ മാനിക്കുന്നവരാണു്.

രണ്ടാം ലോകമഹായുദ്ധത്തെ ചിത്രീകരിക്കുന്ന ആഖ്യായികകൾ, അവയുടെ ഘടനക്കു് ഡോസ്പാസ്സോസിനേയും, ഭാവങ്ങൾക്കു് സ്കോട്ട്ഫീററ്സ് ജെറാൾഡിനേയും, ഹാസ്യത്തിനു് സ്റ്റെയിൻബെക്കിനേയും, പ്രകടനത്തിനും സംഭാഷണത്തിനും ഹെമിങ്ങ്വേയേയുമാണു് അവലംബമാക്കിയിട്ടുള്ളതു്. വിവിധവർഗ്ഗക്കാർ സമ്മേളിപ്പിക്കുന്ന സൈന്യദളങ്ങളെയാണു് മാതൃകാപരമായി അവർ തെരഞ്ഞെടുക്കുന്നതു്. പക്ഷപാതം ചീറിപ്പൊങ്ങുമെങ്കിലും, പുച്ഛിച്ചു തള്ളിയിട്ടുള്ള വർഗ്ഗത്തിൽപ്പെട്ട പാത്രമായിരിക്കും ഒടുവിൽ കഥാനായകനായി ഉയരുന്നതു്. അസഹിഷ്ണുതപ്രദശിപ്പിക്കുന്നവർ ഒന്നുകിൽ മരിക്കും, അല്ലെങ്കിൽ പഴയ അഭിപ്രായം മാററും. ഈ അഗ്നിപരീക്ഷാനന്തരം പ്രസ്തുത സംഘം ഏകോദരഭാവനയോടെ വത്തിക്കുന്നു. അസഹിഷ്ണുതക്കുപുറമേ ഉദ്യോഗസ്ഥലോകത്തോടുള്ള വെറുപ്പും, വീട്ടിലെ ദുരാചാരയായ സ്ത്രീയോടുള്ള ക്രോധവും അസാധാരണമായ പ്രതിപാദനവിഷയമാണു്. ആജ്ഞയും ചട്ടവും അവർ വെറുക്കുന്നു എങ്കിലും, യുദ്ധം അനിവാര്യമായ ഒന്നായി പുരുഷന്മാർ അംഗീകരിക്കുന്നു. അവരുടെ ജീവിതത്തിലെ ഒരു ഭാഗമായി അവർ കരുതുന്നു. ആശാവഹമായ രീതിയിൽ, ഉത്തമപാത്രങ്ങളേക്കൊണ്ടു് നിറഞ്ഞവയാണു് ആ ഗ്രന്ഥങ്ങൾ. സാധാരണ

ക്കാർ ദുർഘടമുഹൂത്തങ്ങളിൽ പ്രകടിപ്പിക്കുന്ന ധീരോദാത്തതയാൽ മറ്റിതർക്കുവേണ്ടി നിലകൊള്ളുന്നവരാണ് ആ പാത്രങ്ങൾ എന്നുതോന്നും.

ഒരു ചെറുനഗരത്തിലെ, വിദ്യാലയങ്ങളുടേയോ, പള്ളികളുടേയോ, തൊഴിലുകളുടേയോ ചുററുമായി പററിനില്ക്കുന്ന ജനവിഭാഗക്കൂട്ടങ്ങൾ, പന്തുകളികൾ, കവാത്തുകൾ, നൃത്തങ്ങൾ രാഷ്ട്രീയസമരങ്ങൾ, സാമ്പത്തികമായ താഴ്ചയുയച്ച്കൾ, വഴികളുടെ ഇരുവശങ്ങളിലുമായിക്കാണുന്ന അധഃപതിച്ചതും അല്ലാത്തതുമായ ഗൃഹങ്ങൾ, ക്രിസ്തുമസ്സ്‌രാത്രികളിൽ വണ്ണശബളിമപൂണ്ട ദീപങ്ങളാൽ മിന്നുന്ന തെരുവുകൾ, ആക്ഷേപാഹമായ അഹങ്കാരം, സഹൃദയത്വം, വെള്ളപ്പൊക്കം തീപിടുത്തം മുതലായ അപായങ്ങളിൽ കാണിക്കുന്ന ബഹളം, നിസ്സാരന്മാരുടെ ധീരതകൾ, വലിയവരുടെ അധഃപതനം ചെറുപ്പക്കാക്ക് ലഭിക്കുന്ന സുരക്ഷിതബോധം അല്ലെങ്കിൽ അപകടശങ്ക എന്നിവ ഉൾക്കൊള്ളുന്ന ജീവിതചിത്രീകരണം ഇന്നുവരെ ആരും രചിച്ചിട്ടില്ല.

അമേരിക്ക സംസ്കാരങ്ങളുടെ ഒരു ഉരുക്കുമൂശയാകയാൽ, ആശയത്തിലുള്ള നിസ്സാരവ്യതിയാനങ്ങൾ വായനക്കാർ മനസ്സിലാക്കുമെന്ന് അമേരിക്കൻ ഗ്രന്ഥകാരന്മാക്ക് പ്രതീക്ഷിക്കാവുന്നതല്ല. ഇതുകൊണ്ടായിരിക്കണം ഹാസ്യാനുകരണം, ഹാസ്യചിത്രീകരണം മുതലായവയിലേക്ക് അവർ പ്രവേശിച്ചിട്ടുള്ളത്.

കവിതാശാഖ ജനാവലിയുടെ ഇടയിൽ പ്രചരിക്കാതിരിക്കാനുള്ള ഒരു കാരണവും ഇതാണ്. അതു ബുദ്ധിസമ്പന്നക്ക് ഒരു വ്യായാമം മാത്രമാണ്. നാല്പതുവഷങ്ങൾക്കു മുമ്പ് കവിതയ്ക്കു് പുനഃപ്രതിഷ്ഠ ലഭിച്ച ആ പ്രശസ്ത തലമുറയിൽ, സാവ്വദേശീയമായ ശൈലിയിൽ ലൗകികമായി രചിച്ചിട്ടുള്ളത് റോബർട്ട് ഫ്രോസ്ററു മാത്രമാണ്. അതിനാൽ അതിനു പ്രചുരപ്രചാരം സിദ്ധിച്ചിട്ടുമുണ്ട്. എങ്കിലും കാതുള്ളവക്കു കേൾക്കുവാൻ യുവകവികളും മുതിന്നവരും സൽകവിതകൾ ധാരാളം എഴുതിയിട്ടുണ്ട്. എഴുതുന്നുമുണ്ട്.

ലോകത്തെ മനസ്സിലാക്കുവാൻ ജ്ഞാനോപകരണങ്ങൾ കൂടുന്നതനുസരിച്ച്, അതു കൂടുതൽ കൂടുതൽ സങ്കീണ്ണമാകുക

യാണ്. എങ്കിലും അതിനേപ്പററി ബോധമുണ്ടാവാൻ വായനക്കാർ ആഖ്യായികകൾ ഉപേക്ഷിച്ച് മററുള്ള ജ്ഞാനസമ്പാദനഗ്രന്ഥങ്ങളിലേക്കു മാറിവരുന്നു. രാഷ്ട്രത്തിനു ക്ഷതകരമായിത്തീന്ന അമേരിക്കൻ വിപ്ലവത്തെപ്പററിയുള്ള ഗ്രന്ഥങ്ങളാണ് അത്യാത്തിയോടെ അവരിന്നു വായിക്കുന്നതു്. ജീവചരിത്രങ്ങൾ, ശാന്തസമുദ്രലിഖിതങ്ങൾ എന്നിവ മുതൽ ശൂന്യാകാശയാനംവരെയുള്ള വിവരണങ്ങൾ, രാജ്യതന്ത്രജ്ഞന്മാരുടേയും സൈന്യാധിപതികളുടേയും സ്മരണകൾ, നയതന്ത്രപരമായ ഉടമ്പടികൾ, ആദ്ധ്യാത്മികമായ ആഹ്വാനം ഇവയെല്ലാമാണ് ഇന്നു പ്രചാരത്തിലിരിക്കുന്നതു്.

കുറഞ്ഞവിലയ്ക്കുള്ള പുസ്തകങ്ങളുടെ നിമ്മാണം തുടങ്ങിയതോടെ ഗ്രന്ഥപാരായണം വളരെ വദ്ധിച്ചിട്ടുണ്ടു്. പുസ്തകങ്ങളുടെ വിലക്കൂടുതൽ പരിഹരിക്കുവാൻ സാങ്കേതികജ്ഞാനത്തിനു സാദ്ധ്യമായി. മററു സാധനങ്ങളോടൊപ്പം പുതുഗ്രന്ഥങ്ങൾക്കും വില വദ്ധിക്കുന്നുണ്ടെങ്കിലും അവയുടെ അനന്തരപ്പതിപ്പുകൾ നിസ്സാരവിലയ്ക്കു വില്ക്കത്തക്കവണ്ണം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടു്. അതിനാൽ നാട്ടുമുഴുവൻ പുസ്തകങ്ങൾ ഒഴുകിനടക്കുന്നു. വെറും അഞ്ഞൂറുപുസ്തകവ്യാപാരശാലകൾക്കുപകരം ഇന്നു് അൻപതിനായിരത്തിലേറെയുണ്ടു്. 1956-ൽ വിററ പുസ്തകങ്ങളുടെ എണ്ണം 300,000,000 ആണു്. വായന കഴിഞ്ഞു ദൂരെ എറിയാവുന്നവിധം വില കുറവുള്ളതിനാലും സാധാരണക്കാരന്റെ മടിശ്ശീലയ്ക്കു താങ്ങാവുന്നതാകയാലും ലക്ഷക്കണക്കിനാണ് അവയുടെ ചെലവു്.

പുറംചട്ട സൂചിപ്പിക്കുംമാതിരി ചിലവയെല്ലാം വെറും പൊട്ടക്കഥകളാണു്. എങ്കിലും ആധുനികവും പൗരാണികവുമായ ഉത്തമസാഹിത്യകൃതികൾ വളരെ ഏറെയുണ്ടു്. വിജ്ഞാനലോകത്തേക്കു് ഇത്ര സുഗമമായ പ്രവേശനം മുൻപൊരിക്കലുമുണ്ടായിട്ടില്ല.

കടലാസുചട്ടയുള്ള പുസ്തകങ്ങൾ കൂടാതെ 115,000,000 കട്ടിത്താൾ പുസ്തകങ്ങൾ പ്രതിവർഷം വിററഴിയുന്നുണ്ടു്. യുവാക്കൾക്കുവേണ്ടിയുള്ള 95,000,000, പുസ്തകങ്ങൾ ആണു് ചെലവാകുന്നതു്. വേദഗ്രന്ഥങ്ങൾ, നിഘണ്ടുക്കൾ, പാഠ

പുസ്തകങ്ങൾ, സാങ്കേതികഗ്രന്ഥങ്ങൾ മുതലായവയിലുൾപ്പെടെ 800,000,000—ത്തോളം പുസ്തകങ്ങൾ വേറെയും ചെലവാകുന്നുണ്ട്.

അനേകലക്ഷം അംഗങ്ങളോടുകൂടിയ ഗ്രന്ഥശാലകളും പുസ്തകവ്യാപാരത്തെ പ്രോത്സാഹിപ്പിക്കുന്നു. ചലച്ചിത്രകഥകൾ എഴുതുക ഒരു ഭാഗ്യപ്രശ്നമാണെങ്കിലും ബ്രോഡ്‌വേയിലെ സാമ്പത്തികനിലയെ അതു സാരമായി ബാധിക്കുന്നുണ്ട്. ടെന്നാസി വില്യംസും, ആർതർ മില്ലറും ആ ശാഖയിൽ പേരെടുത്ത എഴുത്തുകാരാണ്.

സർവ്വകലാശാലകളിലെ നാടകശാലകളിലുൾപ്പെടെ എല്ലായിടത്തും പഴയതും പുതിയതുമായ കഥകൾ അഭിനയിച്ചു വരുന്നു. അഭിനയരീതിയിലും, രംഗസംവിധാനത്തിലും രചനയിലും ഉള്ള പരീക്ഷണങ്ങൾ പലപ്പോഴും വികാരഭരിതങ്ങളാണ്. വേനല്ക്കാലനാടകശാലകൾ ഒരു പ്രത്യേക സ്ഥാപനംതന്നെയായിട്ടുണ്ട്. വലിയ കളപ്പുരകളിലും, ടൗൺഹാളുകളിലും, പ്രത്യേകമായുള്ള നാടകശാലകളിലും എന്നുവേണ്ട ഒരു നല്ല സദസ്സു കിട്ടുന്നേടത്തെല്ലാം ബ്രോഡ്‌വേയിലെ അഭിനയവിരുതന്മാർ തലപൊക്കിവരുന്ന യുവകലാകാരന്മാരുമൊത്ത് ഷേക്സ്പീയരുടേതു മുതൽ ഇന്നുവരെയുണ്ടായിട്ടുള്ള കൃതികൾ അഭിനയിക്കാറുണ്ട്.

### *വാദ്യസംഗീതം*

ബെന്നി ഗുഡ്മാന്റെ ഒരു വമ്പിച്ച സംഗീതസദസ്സിൽ തായ്‌ലൻഡിലെ രാജാവു സംബന്ധിച്ച് രാജോചിതമായ ഒരു സമ്മാനം നല്കുകയോ, ലണ്ടനിലെ റോയൽ ഫിൽഹാർമോണിക് നൃത്തശാലയിൽ ലൂയി ആംസ്ട്രോങ്ങ് തന്റെ കുഴൽവാദ്യം നടത്തുകയോ, മുമ്പു വാദ്യസംഗീതം കേട്ടിട്ടില്ലാത്ത മദ്ധ്യപൂർവ്വദേശത്തെ ജനങ്ങൾ ഡിസി ഗില്ലസ്പിയുടെ കച്ചേരി കേട്ടു രോമാഞ്ചപുളകിതരാകുകയോ ചെയ്യുമ്പോഴാണ് വാദ്യസംഗീതം സംസ്കാരത്തിന് എന്തു പുതുമയുള്ളതും ആവേശം കൊള്ളിക്കുന്നതുമായ സംഭാവനയാണു നൽകിയിട്ടുള്ളതെന്നു വ്യക്തമാകുന്നതു്. ലൂയി ആംസ്ട്രോങ്ങ് ജർമ്മനിയിൽ നടത്തിയ ഒരു സദസ്സു കഴിഞ്ഞു പറഞ്ഞു: "അഭിനന്ദനം സൂചിപ്പിക്കു

വാൻ കരഘോഷങ്ങൾ മുഴക്കി അവർ കുഴഞ്ഞു. ഒടുവിൽ കസേരകൾ ഇട്ടടിച്ചുതുടങ്ങി.'' അതു തടയുവാൻ പോലീസു കാർ തോക്കെടുക്കേണ്ടിവന്നു.

ഗില്ലസ്പിയും അദ്ദേഹത്തിന്റെ സംഘവും അമേരിക്കാ പ്രതിഷേധകാലത്താണു് ആഥെൻസിൽ എത്തിയതു്. എന്നാൽ അമേരിക്കൻ നയതന്ത്രാലയത്തെ കല്ലെറിഞ്ഞ അതേ ചെറുപ്പക്കാർ സംഗീതം കേൾക്കാൻ വരികയും അതിൽപ്പെട്ട നൃത്തം ചെയ്യുവാൻ കാത്തുനില്ക്കുകയുമുണ്ടായി. അവർ ഗില്ലസ്പിയെ തോളിൽ കയറ്റിയാണു വീട്ടിലേക്കു കൊണ്ടുപോയതു്.

വാദ്യസംഗീതത്തിൻെറ ജനനവും വളർച്ചയും അമേരിക്കായിലാണു്. പ്രാകൃതാവസ്ഥയിൽനിന്നും ഉത്തമസാങ്കേതിക പരിഷ്കാരങ്ങളാൽ അഭിവൃദ്ധിപ്പെടുത്തിയിട്ടുള്ള ആ സംഗീതം എല്ലാവിധ കലകളിലും പരന്നിട്ടുണ്ടു്. രണ്ടുവിധം പാരമ്പര്യങ്ങളുടെ സംയോഗമാണതു്. സ്വരമാധുരി ചേർന്ന യൂറോപ്യൻ സമ്പ്രദായവും, താളനിഷ്ഠയുള്ള ആഫ്രിക്കൻസമ്പ്രദായവുമാണു് ഒന്നിച്ചു ചേർന്നിട്ടുള്ളതു്. നീഗ്രോകളുടെ സംഭാവനയായ അതു് കൊയ്ത്തുപാട്ടുകളിൽനിന്നും, തൊഴിൽഗാനങ്ങളിൽനിന്നും, സ്തുതിഗാനങ്ങളിൽനിന്നും വെള്ളക്കാർ രൂപാന്തരപ്പെടുത്തി മിനുക്കിപ്പകിട്ടേററിയതാണു്. മററുവിധത്തിൽ പറഞ്ഞാൽ അതും സാത്മീകരണത്തിന്റെ ഫലങ്ങളിലൊന്നാണു്. ഫ്രഞ്ച്-സ്പാനിഷ് സംയോജനഫലമായി അതു് ന്യൂ ഓർലിയൻസിൽ പുരോഗമിച്ചതും പ്രസ്താവ്യമാണു്.

നീഗ്രോയെ പൂർണ്ണമായി കൂട്ടത്തിൽച്ചേർക്കുകയോ അല്ലെങ്കിൽ അവനെ പ്രത്യേകമായി മാററിനിർത്തുകയോ ചെയ്തിരുന്നു എങ്കിൽ വാദ്യസംഗീതം ഒരിക്കലും പുരോഗമിക്കയില്ലായിരുന്നു. അവൻെറ ഉത്തമഗുണങ്ങളെ സമുദായം അഭിനന്ദിക്കുന്നുണ്ടു്. എന്നാൽ ക്രൈസ്തവവും ജനായത്തപരവുമായ പ്രഖ്യാപിതവിശ്വാസങ്ങളനുസരിച്ചു് അതു് അവനു തുല്യപദവി നല്കുന്നുമില്ല. ഇത്തരം ഒരു വൈരുദ്ധ്യത്തിൻെറ സന്താനമാണു് ആ വാദ്യസംഗീതം. പക്ഷേ, തൻെറ കരുത്തേറിയ സഹോദരനെ ശാന്തമായി അടിപ്പെടുത്തുവാൻ നീഗ്രോവിനു് കഴിവായിട്ടുണ്ടു്. എന്തെന്നാൽ അവൻെറ സംഗീതം

കേൾക്കുന്ന ലോകരെല്ലാം കരുതുന്നതു് അതു് ഐക്യനാടുകളിൽ ഉയരേണ്ട അർത്ഥഗർഭമായ കലയാണെന്നാണു്.

വാദ്യസംഗീതത്തിൻെറ ഇന്നുള്ള നില പല പരിവർത്തനങ്ങളിലൂടെ ഉണ്ടായിട്ടുള്ളതാണു്. അതുംകൂടി ഉൾപ്പെടുന്ന ആ സമുദായത്തെപ്പോലെതന്നെ ആ സംഗീതവും മാറിക്കൊണ്ടിരിക്കുന്നു. പുതിയ താളമേളങ്ങളുടെ കണ്ടുപിടുത്തം വിവിധവാദ്യങ്ങളുടെ പുതുസംയോജനം, പുതിയ രാഗങ്ങളുടെ പ്രചാരം ഇവകൊണ്ടു് ഇതു ദൈനംദിനം വ്യത്യാസപ്പെട്ടുവരുന്നുണ്ടു്.

വാദ്യസംഗീതം മുൻപു് ഒരിക്കലും കേട്ടിട്ടില്ലാത്ത ഒരു സദസ്സിനെപ്പോലും അതെങ്ങനെ ഇത്ര ആവേശം കൊള്ളിക്കുന്നു? ഹാംബർഗ്ഗ് ഹോട്ട് ക്ലബ്ബിൻെറ പ്രസിഡൻ്റു് അതിനു സമാധാനം പറയുന്നു: ''ഒരു തിങ്ങിയ സദസ്സു് ഒരു ചെറിയ ജനായത്തഘടകമാണു്. ഓരോ വാദ്യോപകരണത്തിനും അതിൻേറതായ സ്വാതന്ത്ര്യവും സമത്വവുമുണ്ടു്. മററു പ്രകടനക്കാരോടുള്ള സഹനതയും പരിഗണനയുമാണു് ഒത്തിണക്കുന്ന ഘടകം.'' അതിന്റെ സ്വാതന്ത്ര്യവും കലാചാതുരിയും, വ്യക്തിഗതമായ മനോധർമ്മവും, ആവേശംപൂണ്ടുള്ള മേളഘടനയും എല്ലാം ഒരു പുതു ശ്രോതാവിനും എളുപ്പം മനസ്സിലാകുന്നതാണു്. കലാവൈദഗ്ദ്ധ്യവും, വിശ്വാസവും, പരസ്പരധാരണയും മാത്രമേ ഒരു വാദ്യസംഗീതസമൂഹത്തെ ഉത്തമപ്രകടനത്തിനു ശക്തമാക്കുകയുള്ളു.

മനശ്ശാസ്ത്രവിദഗ്ദ്ധൻെറ വിശദീകരണം മറെറാന്നാണു്. അധികാരത്തോടുള്ള വെല്ലുവിളിയാണു് വാദ്യസംഗീതമെന്നാണു് ആ അഭിപ്രായം. അതിനു് യുവാക്കളേയും, ബുദ്ധിമാന്മാരേയും, നീഗ്രോകളേയും വശീകരിക്കാനുള്ള ശക്തി ലഭിച്ചതു്, അവരെ സമുദായം വിഗണിച്ചിരിക്കുന്നതിനു് അതൊരു പ്രതിവിധിയായതുകൊണ്ടാണെന്നു് അവർ പറയുന്നു.

ഒരു കലയിലുള്ള സൂക്ഷ്മബോധം മറെറാന്നിലേക്കും നിഷ്പ്രയാസം വ്യതിചലിക്കുന്നു. ഒരുകാലത്തു് വേശ്യാലയങ്ങളിലെ സംഗീതമായി വെറുക്കപ്പെട്ടിരുന്ന വാദ്യസംഗീതം ജനസമുദായത്തിനു് മറ്റു കലകളിലേക്കുള്ള ആഹ്വാനമായി വഴി തുറന്നേക്കാം.

എന്നാൽ വാദ്യസംഗീതമെന്നാലെന്തു്? മാഷൽ സ്റ്റേൺസ് ഇങ്ങനെയാണു് അതു വിവരിക്കുന്നതു്: അമേരിക്കാ ഭാഗികമായി രചിച്ച സംഗീതമാണതു്. ഝടിതിയിൽ ധാരണ ജനിപ്പിക്കുന്നതും, മനുഷ്യശബ്ദത്തിന്റെ സ്വാതന്ത്ര്യഗതിയാലും, സങ്കീർണ്ണമായ താളവ്യവസ്ഥയാലും പ്രത്യേകമായ ഒരു ദൃഢത ജനിപ്പിക്കുന്നതുമാണതിൻെറ സ്വഭാവവിശേഷം. യൂറോപ്പിലേയും, പശ്ചിമാഫ്രിക്കയിലേയും സംഗീതപാരമ്പര്യങ്ങളെ ഐക്യനാടുകളിൽ മുന്നൂറിൽപരം കൊല്ലങ്ങളോളം കൂട്ടിക്കലർത്തി യോജിപ്പിച്ചതിൻെറ ഫലമായുണ്ടായതാണതു്. യൂറോപ്യൻലയവും, യൂറോ-ആഫ്രിക്കൻസ്വരവും, ആഫ്രിക്കൻ താളവുമാണു് അതിൻെറ പ്രധാന ഘടകങ്ങൾ.

പ്രചാരത്തിലിരിക്കുന്ന നാടോടിപ്പാട്ടുകളുമായി അതിനെ തെററിദ്ധരിക്കരുതു്. അവ ചിലപ്പോൾ ഇമ്പമുള്ളതും, മനഃപാഠമാക്കുവാൻ എളുപ്പമുള്ളതുമാവാം. അവയിലധികവും നിയമവ്യവസ്ഥിതമാണെങ്കിലും ഭാവനയിൽനിന്നു ജനിച്ചിട്ടുള്ളവയല്ല. എങ്കിലും അവ തുടർച്ചയായി ധാരാളം പുറത്തുവരുന്നുണ്ടു്.

*മററു സംഗീതങ്ങൾ*

നീഗ്രോകളുടെ മതപരമായ സംഗീതകൃതികൾ ഇന്നും പുറത്തിറങ്ങുന്നുണ്ടു്. ലാളിത്യവും, സന്തോഷസന്താപങ്ങളെ ശക്തിയായി നേരിട്ടു പ്രകടിപ്പിക്കുവാനുള്ള കഴിവും നിമിത്തം അമേരിക്കൻസംഗീതത്തിലെ വികാരാത്മകത്വത്തിൻെറ ഉച്ചകോടിയിൽ അവ എത്തിയിട്ടുണ്ടു്. ദേശീയമായ മററു നാടോടിസംഗീതവും നമ്മുടെ ഇടയിൽ ഇന്നുണ്ടു്. ലെഡ്ബെല്ലിയുടെ വേലപ്പാട്ടുകളും, ഉഡിഗത്രിയുടെയും സിസ്കോ ഹ്യൂസ്റ്റന്റേയും ആധുനികഗീതങ്ങളും, ജോൺ ജേക്കബ്ബ് നൈൽസിന്റെ പഴയ ഇംഗ്ലീഷ്ഗീതങ്ങളും, ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നു കൊണ്ടുവന്നു പുതിയ രീതിയിൽ രൂപീകരിച്ച സംഗീതധ്വനിയെ മാറെറാലിക്കൊള്ളിക്കുന്നു.

ജീവിതകാലത്തു പേരും പെരുമയും നേടാതെ കഴിഞ്ഞുവെങ്കിലും, ചാറത്സ്ഐവ്സ് (1874—1954) ഒരു പ്രധാനപ്പെട്ട ഗാനരചയിതാവായി ഇപ്പോൾ പ്രശസ്തി ആർജ്ജിച്ചുവ

YAM PUBLIC LIBRARY KOTTAYAM

രുന്നു. നാടോടിക്കഥകളാണു് അദ്ദേഹത്തിന്റെ അവലംബം. പള്ളിയിലെ മതപരയോഗങ്ങൾ, നീഗ്രോസമ്മേളനം, ന്യൂ ഇംഗ്ലണ്ടിലെ ഒരു പട്ടണം ആദിയായ വിഷയങ്ങളെ അടിസ്ഥാനമാക്കിയും ഹൃദയാവജ്ജകമായി വർണ്ണിക്കുവാൻ അദ്ദേഹം അതിചതുരനായിരുന്നു.

ആരൺ കോപ്പ്ലാൻഡ് സാമൂഹ്യസംഗീതത്തിനു് ഒരു പുതുചൈതന്യം നല്കിയിട്ടുണ്ട്. ചലച്ചിത്രങ്ങൾക്കും, റേഡിയോ പരിപാടികൾക്കുമായി അദ്ദേഹം രചിച്ചിട്ടുള്ള ഗാനങ്ങൾ, നാടോടിവിഷയങ്ങളേയും, അതിനൊത്ത വികാരങ്ങളേയും നവീനസംഗീതത്തിൽ സമ്മേളിപ്പിച്ച് ശ്രോതാക്കളുടെ പ്രശംസനേടി.

വാൾട്ട്വിററ്മാൻെറ ആശയങ്ങളെ അനുകരിച്ച ഗാനങ്ങൾ രചിച്ച റോയി ഹാരിസ്സും ഭാവനാസമ്പന്നനായ ഒരു ഗാനകൃത്തായിരുന്നു.

അമേരിക്കൻ ആശയങ്ങളേയും, അമേരിക്കൻ പശ്ചാത്തലത്തേയും ചിത്രീകരിച്ച് എത്രയെത്ര ഉത്തമകൃതികളാണുണ്ടായിട്ടുള്ളതെന്നു് ഒരു സംഗീതജ്ഞനുപോലും അറിവുണ്ടായിരിക്കയില്ല. ആർതർ ഹാർവെൽ ആശയമന്വേഷിച്ച നീഗ്രോകളേയും, ഇൻഡ്യാക്കാരേയും, ഇടയന്മാരേയും സമീപിച്ചു. ഡഗ്ലസ് മൂർ, ജോൺ ആൽഡൺ കാർപെൻറർ, മേരി ഹോ, വെർജിൽ, തോംസൺ മുതലായ മററനേകം പേരും ഈ സരണിയിൽ പ്രയാണംചെയ്തു് പ്രസിദ്ധിനേടിയവരാണു്.

### *സംഗീതാത്മകമായ സംസ്കാരം*

1955-ൽ സംഗീതാസ്വാദനത്തിനായി 350 ലക്ഷം ജനങ്ങളാണു പണം ചെലവാക്കിയതു്. അതേസമയം പന്തുകളി കാണുവാൻ പണംമുടക്കിയവർ 150 ലക്ഷം മാത്രമായിരുന്നു. ലോകത്തുള്ള സവ്വജനങ്ങളുംകൂടി മൊത്തത്തിൽ ചെലവാക്കുന്ന സംഖ്യയിൽ കൂടുതലാണു് അമേരിക്ക സംഗീതവിഷയത്തിൽ ചെലവുചെയ്യുന്നതു്.

പൊതുജനഗ്രന്ഥാലയങ്ങളിൽ പുതുതായി വരുത്തിയ പരിഷ്കാരമനുസരിച്ച വായനക്കാക്കു സൗകര്യമായി ഇരുന്നു സംഗീതം ശ്രവിപ്പാനായി പ്രത്യേകം മുറികൾ സ്ഥാപിച്ചി

ട്ടുണ്ട്. അതിനും പുറമെ, പുസ്തകങ്ങളെന്നപോലെ സംഗീതറിക്കാർഡുകളും നമ്മൾക്കു വീട്ടിൽ കൊണ്ടുപോകുവാൻ അവിടെ കിട്ടും. അനേകം റേഡിയോനിലയങ്ങൾ സംഗീതത്തിനു പ്രത്യേകം പ്രാധാന്യം നല്കിവരുന്നുണ്ട്. അവിടെ പകൽ മുഴുവൻ ക്ലാസിക് ഗാനങ്ങളും, ആധുനികഗാനങ്ങളും, നാടോടിപ്പാട്ടുകളുംമററും നമ്മൾക്ക് ആസ്വദിക്കാം. പുസ്തകസംഘങ്ങൾപോലെ റിക്കാർഡുസംഘങ്ങളും പ്രചാരത്തിൽ വന്നുകൊണ്ടിരിക്കുന്നു. സംഗീതാഭ്യസനത്തിനു സൗകര്യമില്ലാതിരുന്ന അനേകലക്ഷം സംഗീതപ്രേമികൾ വിവാൽഡിയുടേയും, ബാച്ചിൻേറയും, മോസോട്ടിൻേറയും ബ്രാംസിൻേറയും കൃതികൾ ആസ്വദിച്ചുതുടങ്ങിയിട്ടുണ്ട്. മെട്രോപോളിററൻ ഒപ്പേറായിലെ ശനിയാഴ്ചപരിപാടി ഒരു ദേശീയസ്ഥാപനമായിത്തീൎന്നിട്ടുണ്ട്. ഇരുപതുലക്ഷം ജനങ്ങളാണ് റേഡിയോകളിൽക്കൂടി അന്നത്തെ സംഗീതം ശ്രവിക്കുന്നതു്.

സംഗീതം ശ്രവിക്കമാത്രമല്ല, അതു പഠിക്കുന്നതിനും ആളുകൾ കൂടുതൽ ആകാംക്ഷ പ്രദർശിപ്പിക്കുന്നു. വാദ്യസംഗീതപ്രകടനത്തിനു കഴിയുന്ന ഇരുപതുലക്ഷം ജനങ്ങളോളം ഇന്ന് അമേരിക്കായിലുണ്ട്. ചെറുഗ്രാമങ്ങളിൽ പള്ളികളാണ് പാരമ്പര്യേണയുള്ള സംഗീതകേന്ദ്രം. ഇപ്പോൾ വിദ്യാലയപരിപാടികളിലും സംഗീതം ഉൾപ്പെടുത്തിവരുന്നു.

മറെറല്ലാത്തിലുമെന്നപോലെ, സംഗീതത്തിൻെറ പുരോഗമനത്തിനും ഗവമ്മെൻറല്ലാ, സന്നദ്ധസേവനസംഘങ്ങളാണ് മാൎഗ്ഗനിർദ്ദേശം ചെയ്തിട്ടുള്ളതു്. നാടകാഭിനയത്തിനും, സംഗീതസദസ്സുകൾക്കുമായി അനേകായിരം ചെറുസംഘങ്ങൾ നാടാകെ രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത വിഷയങ്ങളിൽ വാസനയുള്ള യുവാക്കൾ വിദഗ്ദ്ധന്മാരുടെ ശിക്ഷണത്തിൽ അതിപ്രശസ്തി നേടിവരുന്നുമുണ്ട്.

കോളേജുകളും, സൎവ്വകലാശാലകളും സംഗീതകേന്ദ്രങ്ങൾ തന്നെയാണ്. പുരോഗമനവിദ്യാഭ്യാസപദ്ധതി അനുസരിച്ച് വിദ്വാന്മാരുടെ സംഗീതസദസ്സുകൾ അവിടെ ഏർപ്പെടുത്തുകയും, ചുററുപാടുമുള്ള പ്രദേശങ്ങളിൽനിന്നു വിദ്യാൎത്ഥികൾ പോയി പ്രകടനങ്ങളും, അഭിനയങ്ങളും സൗജന്യമായി നടത്തിവരികയും പതിവാണ്. സംഗീതരചനയിലും, അഭി

നയങ്ങളിലും വിദ്യാൎത്ഥികൾക്കു് വിദ്യാലയങ്ങളിൽവെച്ചു വിദഗ്ദ്ധശിക്ഷണം നല്കിവരുന്നുമുണ്ടു്.

വേനൽക്കാലംതോറും സംഗീതത്തിൻെറ മഹോത്സവമാണു്. എവിടേയും സംഗീതസദസ്സുകളും, സംഗീതസമ്മേളനങ്ങളും, നാടകാഭിനയങ്ങളും മററും തിക്കിത്തിരക്കുന്നു. പുതുനടന്മാരുടെ രംഗപ്രവേശവും സംഗീതവിദ്യാൎത്ഥികളുടെ അരങ്ങേററവും അക്കാലത്താണു്. വാദ്യസംഗീതവും, പാട്ടുകച്ചേരികളും ഒരു കേന്ദ്രസംഗീതസംഘത്തിൻെറ ആഭിമുഖ്യത്തിലും, നിയന്ത്രണത്തിലുമായിരിക്കും നടക്കുന്നതു്.

യൂറോപ്പിനെ ആശ്രയിക്കാതെതന്നെ ഐക്യനാട്ടുകൾ അവിടെയുള്ള സംഗീതാസക്തന്മാൎക്കു് പരിശീലനം നല്കുന്നുണ്ടു്. സംഗീതസംഘങ്ങളിൽ ഇപ്പോൾ നാലിനു മൂന്നും അവിടെയുള്ളവർതന്നെയാണു്. യൂറോപ്പിലേപ്പോലെതന്നെ ഇവിടെയും സംഗീതം അത്യുന്നതനിലവാരത്തിലെത്തിയിട്ടുണ്ടെന്നു് പൊതുവെ സമ്മതിക്കപ്പെട്ടിട്ടുണ്ടു്. ഒന്നാംകിടവിദഗ്ദ്ധന്മാരിൽ പലക്കും തങ്ങളുടെ പാടവം പ്രദർശിപ്പിക്കുവാൻ പോലും സൗകൎയ്യം ലഭിക്കുന്നില്ല. അമേരിക്കൻ ഫെഡറേഷൻ ഓഫ് മ്യൂസിക്ക് എന്ന സ്ഥാപനം സംഗീതത്തിൻെറ സ്വാഭാവികമായ വളർച്ചയ്ക്കു ദോഷമുണ്ടാക്കുന്ന അതിൻെറ പ്രകടനങ്ങളുടെമേൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടു്.

സംഗീതശ്രോതാക്കൾ അധികമായതു്, ആ കലയെ വാണിജ്യവസ്തുവാക്കിയിരിക്കുന്നു. ശ്രോതാക്കൾ അധികമായാൽ അവരുടെയെല്ലാം അഭിരുചി നോക്കണം. തന്മൂലം ഗാനനിൎമ്മിതാവിനു സ്വന്തമായി പരീക്ഷണം നടത്താൻ സാധിക്കുന്നില്ല. സ്വതന്ത്രമായ ആത്മാവിഷ്കരണം തടയപ്പെടുന്നു. അതേ അവസരത്തിൽ അയാൾ കച്ചേരിനടത്തിപ്പുകാരൻേറയും (റേഡിയോ സ്റ്റേഷൻ മുതലായവ) മററും ആജ്ഞാനുകാരനായിരിക്കയും വേണം. ഇനി ചിട്ടപ്പെടുത്തിയ ഒരു ഗാനപരിപാടിയാണു് ഉപയോഗിക്കുന്നതെങ്കിൽ ആവൎത്തനംകൊണ്ടു് ആളുകൾ മുഷിയുകയും ചെയ്യും.

ഈ വിഷമവും തരണം ചെയ്യാൻ എതിർശക്തി പ്രവൎത്തിക്കുന്നുണ്ടു്. വാണിജ്യതാല്പൎയ്യങ്ങളോ, സൎക്കാർനിയന്ത്ര

ണമോ ഇല്ലാത്ത സർവ്വകലാശാലകൾ ഗാനരചയിതാവിനും, സദസ്സിനും അനുകൂലമായ പരിസരങ്ങൾ നല്കുന്നുണ്ട്.

*നൃത്തം*

അമേരിക്കാക്കാർ തങ്ങളുടെ കലാന്വേഷണത്തിൽ വീണ്ടും നൃത്തം കണ്ടെത്തി. പഴയ കാലങ്ങളിൽ ഗ്രാമീണജീവിതത്തിന് നിറപ്പകിട്ടു കൊടുത്തുവന്ന ആ കല അവരുടെ ജീവിതത്തിൻെറ ഒരു ഭാഗമായിരുന്നു. അവർ അതു വീണ്ടും പുതിയ ആവശ്യകതകൾക്കായി രൂപാന്തരപ്പെടുത്തി എടുത്തുകഴിഞ്ഞു. ഇസാഡോറാ ഡങ്കൻെറയും, റത്ത് സെൻറ് ഡെന്നിസിൻെറയും ടെഡ്ഷാണിൻെറയും കാലടികളെ തുടന്നതിന്റെ ഫലമായി സ്വാതന്ത്ര്യമാതൃകയിലുള്ള നൃത്തങ്ങളും ദേശീയനൃത്തങ്ങളും അമേരിക്കൻ സദസ്സിൽ പ്രകടിപ്പിക്കത്തക്കവിധം വളന്നുവന്നിട്ടുണ്ട്. അവരുടെ രീതിയിൽ ആത്മീയസ്വഭാവം ഏറിയിരുന്നതിനാൽ പള്ളികളിൽപോലും അവ പ്രകടിപ്പിച്ചുവന്നു. അവയുടെ വിഷയങ്ങളിൽ അധികവും അമേരിക്കൻ പാരമ്പര്യത്തിൽനിന്നും എടുത്തതുമായിരുന്നു.

മാത്താ ഗ്രഹാം, ഡോറിസ്സ് ഹംഫറി, ചാറത്സ് വെയ്ഡ്മാൻ, ജോസ് ലിമൺ എന്നിവർ അമേരിക്കായിലെ പ്രശസ്തതാരങ്ങളിൽ ഏതാനുംപേർ മാത്രമാണ്. ആംഗ്യവും, അഭിനയവും സംഗീതവുമായി സംയോജിപ്പിച്ച് മനുഷ്യൻെറ വികാരങ്ങളെ തട്ടിയുണത്തുക മാത്രമല്ല, സാമുദായിക അനീതികളേയും വ്യക്തിയുടെ ജയാപജയങ്ങളേയും, പ്രകൃതിയുടെ പ്രകൃതങ്ങളേയും പ്രകടിപ്പിക്കുകൂടി ചെയ്യുന്ന ഒരു നവീനപദ്ധതി അവർ വളത്തിയെടുത്തു.

യൂറോപ്യൻെറ പൂർണ്ണാവകാശത്തിൽപ്പെട്ടതെന്ന് ഒരു കാലം സങ്കല്പിച്ചിരുന്ന സമൂഹനൃത്തം അമേരിക്കാക്കാർ ദേശീയമായി സ്വീകരിച്ച് അനേകം നൃത്തസംഘങ്ങൾ സംഘടിപ്പിച്ചു. നൃത്തത്തെ സംഗീതവുമായി സംയോജിപ്പിക്കുകയും, സാമൂഹ്യനൃത്തത്തേയും, ദേശീയനൃത്തത്തേയും ഇതിനുപയോഗിക്കുകയും ചെയ്തതോടെ ഐക്യനാടുകളിൽ ഒരു പുതിയ സമ്പ്രദായത്തിലുള്ള നൃത്തം പരിപുഷ്ടിപ്രാപിച്ചു. കൗതുകത്തിനു മാത്രമായി ഉപയോഗിച്ചുവന്ന നൃത്തത്തിന് നാടക

ങ്ങളിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ചു. ഫ്രെഡ് അസ്റ്റെയറിന്റേയും, ജിയൻ കെല്ലിയുടേയും സ്തുത്യർഹമായ പ്രകടനത്തോടെ നൃത്തത്തിനു് ചലച്ചിത്രത്തിലും സ്ഥിരമായ സ്ഥാനം കിട്ടി.

സാമൂഹ്യനൃത്തസംവിധാനത്തിനു് ടെലിവിഷനിൽ പ്രാധാന്യം വളരെ വദ്ധിച്ചിട്ടുണ്ടു്. ചെറുപ്പക്കാരായ ഉത്തമനത്തകർ സ്വസാമത്ഥ്യം പ്രകടിപ്പിക്കുന്നതു് ഇപ്പോൾ അതിലൂടെയാണു്.

നൃത്തം ആദ്യമായി അഭ്യസിച്ചുതുടങ്ങിയതു് മാത്താഹില്ലും മാർഗ്ഗരറ്റ് എച്ച്'ഡബ്ളറുമാണു്. അതു മുതൽ നത്തകക്കും സദസ്യക്കും അവരെ സഹായിക്കുന്ന നൃത്തവിദ്യാലയത്തിനും ബഹുമാനം ലഭിച്ചുതുടങ്ങിയിട്ടുണ്ടു്.

## *ചിത്രരചനയും ശില്പവിദ്യയും*

അമേരിക്കൻ ചിത്രങ്ങളേപ്പററി നിഷ്പക്ഷമായി അഭിപ്രായം പറയുകയാണെങ്കിൽ ഇത്രകാലത്തിനിടയിൽ ഫ്രാൻസിനെ ഒഴിച്ചു് മറേറതു രാജ്യങ്ങളുടേതിനോട്ടം കിടപിടിക്കുന്നതാണതെന്നു കാണാം. ഫ്രാൻസിനാണു് ലോകോത്തരയശസ്സു്. അമേരിക്കൻചിത്രങ്ങൾക്കും തന്മയീഭാവമാണു് മുന്തിനില്ക്കുന്നതു്. ഒരു വീരജ്യോതിസ്സോടെ വെട്ടിത്തിളങ്ങുന്ന തന്മയീഭാവമാണതു്. ജോർജ്ജ് ഇൻസിനേയും, തോമ്മസ് ഈക്കിൻസിനേയുംപോലുള്ള സുപ്രസിദ്ധ പ്രകൃതിദൃശ്യചിത്രകാരന്മാരും, സമുദ്രവൎണ്ണനാവിദഗ്ദ്ധനായ വിൻസ്ലോഹോമറും അദ്ദേഹത്തിൻെറ അനുയായികളും, ഗൂഢാത്ഥദ്യോതകവും ഭാവനാസമ്പന്നവുമായി മൃദുവൎണ്ണങ്ങളിൽ വ്യക്തിത്വം പുലർത്തുന്ന ജെംസ് എ. മാക്നെയലും, ആൽബർട്ട് റൈഡറും അന്തഃസ്സ്റേറിയ രൂപചിത്രങ്ങൾക്കു് പ്രശസ്തിപെററ ജോൺ സിംഗർ സാർജൻറും, മററനേകം ചിത്രകാരന്മാരുമാണു് ഈ ശതാബ്ദത്തിലെ ചിത്രകലയ്ക്കു് സ്ഥായിയായി അടിത്തറ പാകിയതു്.

റോബർട്ട് ഹെൻടി, ജോൺ സ്ലേവൻ, ജോർജ്ജ് ബല്ലോസ് എന്നിവരുൾപ്പെട്ട 'അഷ്ടപ്രധാനി'കളുടെ നേതൃത്വത്തിൽ പൂവ്വാചാരരീതിയും യൂറോപ്യൻ മേധാവിത്വവും ഉപേക്ഷിച്ചു് സ്വതന്ത്രമായ വിഷയവും, വിധവും സ്വീകരിച്ചും

അതിൽ അമേരിക്കൻരംഗങ്ങൾക്കു പ്രാധാന്യം നല്കിയും ഒരു സ്വാതന്ത്ര്യനവീനസരണി തുറന്നു. (ആഷ് കാൻ സ്ക്കൂളിന്റെ ഉത്ഭവം ഇങ്ങനെയാണ്. കണ്ടതു് അതേപടി ചിത്രീകരിക്കുവാൻ അതിലെ അംഗങ്ങൾക്കു് ഭയമുണ്ടായിരുന്നില്ല.

ആധുനിക ചിത്രരചനയുടെ നിർണ്ണായക ഘട്ടം 1913 ആയിരുന്നു. അന്നു് ന്യൂയോക്കിലെ ആർമറി പ്രദർശനത്തിനു് ആദ്യമായി ഫ്രാൻസിലെ ചിത്രരചനാസമ്രാട്ടുകളുടെ ചിത്രങ്ങൾ ഐക്യനാടുകളിലേക്കു കൊണ്ടുവരപ്പെട്ടു. അതു മുതൽ ആധുനികപ്രസ്ഥാനം നമ്മുടെയിടയിലും തഴയ്ക്കുവാൻ തുടങ്ങി. ഫാവിസം, ക്യൂബിസം, എക്സ്പ്രഷനിസം, ഡാഡാ, സറീയാലിസം തുടങ്ങി അനേകം പ്രസ്ഥാനങ്ങൾ പരന്നു. ലോകത്തെ ഏതോ നവ്യവസ്തുവായി വീക്ഷിച്ചു പാരമ്പര്യനിയന്ത്രണങ്ങളിൽനിന്നു സ്വാതന്ത്ര്യം നേടി ആത്മപ്രചോദനത്തോടെ ചിത്രീകരിക്കുന്ന സമ്പ്രദായം കലാകാരൻ സ്വീകരിച്ചതാണു്. അതിൽ ഏററവും പ്രധാനമായുള്ളതു് വൈയവസായിക ചിത്രനിർമ്മാണം, വസ്ത്രധാരണം, ഗൃഹാലങ്കാരം ഇവയിലെല്ലാം ആർമറിപ്രസ്ഥാനം ഒരു വിപ്ലവംതന്നെ സൃഷ്ടിച്ചു. സ്വകാര്യസമ്പാദകർ ഈ 'പുതുകല' വിലയ്ക്കെടുത്തുതുടങ്ങി. അവയിൽ ഭൂരിഭാഗവും പിൽക്കാലത്തു് പ്രദർശനശാലകൾക്കു് നല്കപ്പെട്ടിട്ടുണ്ടു്.

മാക്സ് വെബർ, ചാറത്സ് ഡെമത്ത്, ജോൺ മാറിൻ, സ്ററുവർട്ട് ഡേവിസ്, അർഷിലെ ഗോക്കി എന്നിവർ ഭാവനാത്മകത്വത്തിന്റെ ആദ്യശിഷ്യന്മാരാണു്. ഈ കലാകാരന്മാരുടെ കൃതികളിൽനിന്നും അവസാനമായി രൂപംപ്രാപിച്ചതാണു് അമേരിക്കൻ ഇംപ്രഷണിസം. അതിലെ പ്രധാനികൾ ജാക്സൺ പൊള്ളാക്ക്, റോബർട്ട് മതർവെൽ, വില്യം ബാസിയോട്ടസ്, മാർക്ക് റോത്കോ എന്നിവരായിരുന്നു. അവരുടെ ചിത്രങ്ങൾ വസ്തുനിർദ്ദിഷ്ടങ്ങളായിരുന്നു. 1948-ൽ പൊള്ളാക്ക് ഒരു വലിയ ശില തറയിൽ വിരിച്ച് അതിൽ കുറേ വർണ്ണച്ചായങ്ങൾ വാരി വിതറാൻ തുടങ്ങിയപ്പോൾ, 'സൃഷ്ടിയുടെ സ്ഫോടനചലനത്തെ തുണിയിലേക്കു പകർത്തുക'യെന്ന പരിശ്രമം അവസാനമായി സാധിച്ചു എന്നദ്ദേഹത്തിനു തോന്നി. ചിത്രകാരന്മാരുടെ ഒരു നീണ്ട പട്ടിക

അഭിമാനപുരസ്സരം അമേരിക്കാക്കാർക്കു് എടുത്തുകാണിക്കു വാനുണ്ടു്.

ഒരു സാധാരണക്കാരനോടു് അയാൾക്കു് ഏറ്റവും ഇഷ്ട പ്പെട്ട ചിത്രം ആരുടേതെന്നു ചോദിച്ചാൽ അതിനു മിക്കവാറും കിട്ടുന്ന ഉത്തരം നോർമാൻ റോക്ക്‌വെല്ലിൻേറതെന്നായിരി ക്കും. കലാഗ്രന്ഥങ്ങളിൽ അദ്ദേഹത്തിൻെറ പേർ അപൂർവ്വ മായേ കണ്ടെത്തുകയുള്ളു. എന്നാൽ, അദ്ദേഹത്തിൻെറ സാങ്കേ തികപരിജ്ഞാനവും ഛായാഗ്രഹണസമ്പ്രദായവും ആകർഷ കമാണു്. വികാരഭാരമാന്ന ഗാർഹികനാടകങ്ങളുടെ ചിത്ര ങ്ങൾ സർവ്വജനാരാദ്ധ്യമായിത്തീർന്നിട്ടുണ്ടു്. കലയോടൊപ്പം ഒരു കഥയും ഇച്ഛിക്കുന്നവർ അതിനു പ്രാധാന്യം നല്കി വാങ്ങു വാൻ കൊതിക്കും.

കഴിഞ്ഞ ഇരുപതു കൊല്ലങ്ങളായിട്ടു് എല്ലാ പടവുകളി ലും ഒരുഗ്രമായ താല്പര്യപ്രവാഹം വ്യക്തമായിക്കാണ്മാനുണ്ടു്. തൊഴിലില്ലായ്മ അനുഭവിക്കുന്ന മോട്ടോർഡ്രൈവറോളംതന്നെ ഗവൺമെൻറിൻെറമേൽ അവകാശം തൊഴിലില്ലാത്ത കലാകാ രനുമുണ്ടെന്നുള്ളതു് അംഗീകരിക്കയാൽ സാമ്പത്തികാധഃപ തനം കലകൾക്കു് അന്തസ്സുനല്കി. അവർ വരച്ച ചുവർച്ചിത്ര ങ്ങൾ കലകളിൽ പൊതുജനതാല്പര്യം ഉണർത്തി. ട്രഷറിഡി പ്പാർട്ടുമെൻറിലെ ചിത്രങ്ങളും, ശില്പങ്ങളും എന്ന വകുപ്പുമൂലം യൂ. എസ്സ്. ഗവൺമെൻറു് ആ കലകളുടെ രക്ഷാധികാരിയായി ട്ടുണ്ടു്.

കാഴ്ചബംഗ്ലാവുകൾ പ്രത്യേകിച്ചു ന്യൂയോർക്കിലെ മ്യൂസി യം ഓഫ് മോഡേൺ ആർട്ട്സ്, ആധുനികചിത്രങ്ങളെ സംരക്ഷിക്കുന്നതിനും, പ്രോത്സാഹിപ്പിക്കുന്നതിനുമായി ഉണ്ടാ യി. വിവാദവിഷയമായ കലകളെ തങ്ങളുടെ അടുത്തുവരുത്തു വാൻ ചെറുസമുദായങ്ങൾപോലും പണം പിരിച്ചു പ്രദർശന ങ്ങൾ നടത്തി. ആദ്യമായി സംസ്ഥാനവ്യാപകമായ ദൃശ്യ കലാസമ്പ്രദായം വെർജ്ജീനിയായിലെ കാഴ്ചബംഗ്ലാവാണാ രംഭിച്ചതു്. പ്രദർശനവസ്തുക്കൾ കുഗ്രാമമൂലകളിൽപ്പോലും എത്തിക്കുവാനായി ഒരു സഞ്ചാരവണ്ടി അവർ ഉപയോ ഗിച്ചു. കുട്ടികളെ പ്രോത്സാഹിപ്പിച്ചുവരുത്തി വിരലുകൾ കൊണ്ടു ചായപ്പണി ചെയ്യുന്നതിനും ഇഷ്ടംപോലെ കളിക്കു

ന്നതിനും അതേസമയം പ്രായമായവക്ക പാത്രനിമ്മാണം, നെയ്ത്ത്, കലാഭ്യസനം മുതലായവ നല്കുന്നതിനും തീരുമാനിച്ചതോടെ നാട്ടുനിളെ കലകൾക്കു ജീവൻവെച്ചു. ഇന്ന് അഞ്ചുലക്ഷം ജനങ്ങൾ എണ്ണച്ചായച്ചിത്രങ്ങൾ രചിക്കുന്നുണ്ട്.

ശില്പകലയും, അതിനാദ്യമുണ്ടായിരുന്ന അംഗപ്രത്യംഗഭാവനാത്മകതത്തിൽനിന്നും വ്യതിചലിച്ചിട്ടുണ്ട്. ജേക്കബ് എബ്സ്റ്റെയിൻ, അമേരിക്കായിൽ ജനിച്ചവനെങ്കിലും തന്റെ ശില്പങ്ങളുമായി ഇംഗ്ലണ്ടിലേക്കു പോയി. റൂഡി ബ്ലഷ് പറയുംപോലെ അവിടെ അദ്ദേഹം, "തൻെറ ശില്പകലാവൈദഗ്ദ്ധ്യത്താൽ ഇംഗ്ലീഷുകാരെ സംഭ്രാന്തരാക്കുകയും ഒടുവിൽ അവർ അദ്ദേഹത്തിനു പ്രഭുപദവി നല്കുകയും ചെയ്തു." പ്രസിദ്ധനായ പാൾ മാൻഷിപ്പ് യശസ്തംഭങ്ങൾതന്നെ നിമ്മിച്ചിട്ടുണ്ട്. ജോ ഡേവിഡിൻെറ ഛായാരൂപങ്ങളും, ഗെർട്രൂഡ് വാൻഡർബിൽററ് വിറ്റ്നി, ഗുഡ്സൺ ബോർഗ്ലം, മാൽവിന ഹോഫ്മാൻ എന്നിവരുടെ കലാസൃഷ്ടികളും പ്രസ്താവയോഗ്യങ്ങളാണ്. പഴഞ്ചൻരീതികൾ പരിത്യജിക്കുന്നതിനുള്ള ധൈര്യം, നേരിട്ടു കല്ലിലും മരത്തിലും ഉള്ള വേല സർ റിയാലിസ്റ്റ് ആശയങ്ങളുടെ സ്വീകരണം എന്നിവ ഒരു വലിയ സംഘം ശില്പികളുടെ നിമ്മാണത്തിൽക്കാണുന്ന പ്രത്യേകതകളാണ്. കഴിഞ്ഞ ഇരുപതുവഷക്കാലത്തിനിടയിൽ പ്രസിദ്ധി നേടിയിട്ടുള്ള കലാകാരന്മാർ അനവധിയാണ്. അതിൽ ഏതാനുംപേരുടെ പേരുകൾമാത്രം എടുത്തുപറയുന്നതു് മററു് നൂറുനൂറുപേരോട്ട് അനീതി പ്രവത്തിക്കയായിരിക്കും.

അലക്സാണ്ഡർ കാൽഡറും ശിഷ്യന്മാരും പല വസ്തുക്കളുമുപയോഗപ്പെടുത്തി നടത്തുന്ന ശില്പവേലയിൽ തുറന്ന സ്ഥലത്തിനു പ്രാധാന്യം കൊടുക്കുന്നു. ഈ സമ്പ്രദായം അമേരിക്കാക്കാക്ക് ജെയിംസ് ഏർണസ്റ്റിൻെറ ടെലിവിഷൻ പ്രദശ്നം വഴിക്കു സുപരിചിതമായിത്തീന്നിട്ടുണ്ട്.

*വാസ്തുവിദ്യ*

കാര്യനിർവ്വഹണത്തിൻെറ വേരു് ഐക്യനാടുകളിൽ ദൃഢമായി അടിയുറച്ചതാണ്. പൗരാണികകുടിയേററക്കാർ

സ്വയം നിർമ്മിച്ചതായ ഗൃഹോപകരണങ്ങളും, ആയുധങ്ങളും, പണിക്കോപ്പുകളും ആകൃതിയിലും, സൗന്ദര്യത്തിലും അദ്വിതീയങ്ങളായിരുന്നതിൻെറ ഫലമായി അക്കാലത്തെ മരക്കുടങ്ങൾ, കളിമൺപാത്രങ്ങൾ, ഇരുമ്പുസാധനങ്ങൾ മുതലായവ ഇന്നും കാഴ്ചബംഗ്ലാവുകളിൽ കൗതുകവസ്തുക്കളായി സൂക്ഷിച്ചുവരുന്നു. സ്വീഡുകൾ ഡെലാവെയറിൽ ആദ്യമായി പ്രചാരത്തിൽവരുത്തിയ ന്യൂഇംഗ്ലണ്ടിലെ വീഞ്ഞപ്പലകവീട്ടുകളും, പടിപ്പുരകളും, ലാളിത്യത്തേയും ഉപയോഗയോഗ്യതയേയും ഒരുപോലെ സമ്മേളിപ്പിക്കുന്നു.

1840-ൽ വ്യാവസായികഘട്ടത്തിൻെറ പടിവാതിലിൽ നിന്നുകൊണ്ട് കാര്യനിർവ്വഹണത്തെ ഹൊറേഷ്യോ ഗ്രീനോ ഇങ്ങനെ നിർവ്വചിച്ചു: "കാര്യനിർവ്വഹണത്തിന്റെ പ്രതിജ്ഞയാണ് സൗന്ദര്യം." ആവശ്യവും പരിതസ്ഥിതിയുമനുസരിച്ച് സ്ഥലവും രൂപവും ശാസ്ത്രീയമായി ക്രമപ്പെടുത്തുന്നതാണ് നിർമ്മാണമെന്ന് അദ്ദേഹം വ്യാഖ്യാനിച്ചു. ജനകീയതയും, ശാസ്ത്രവും വ്യവസായവുമാണ് സുന്ദരമാതൃകകൾക്ക് അടിസ്ഥാനം.

ജോൺ റോബ്ലിങ്ങിന്റെ രൂപസംവിധാനത്തിൽ ഗ്രീനോയുടെ തത്വങ്ങൾ പ്രകടമാക്കുന്നുണ്ട്. 1869-ൽ ആരംഭിച്ച ബ്രൂക്ക്ലിൻപാലം ഇന്നും അതിനൊരു മാനദണ്ഡമായി ഉപയോഗപ്പെടുത്തുന്നു.

ഈ വിശുദ്ധമായ കാര്യനിർവ്വഹണബോധമുണ്ടെങ്കിലും ഐക്യനാടുകൾ യൂറോപ്പിനെ അനുകരിച്ച് മോടിപ്പകിട്ടിലും ബാഹ്യസൗന്ദര്യത്തിലും ആകൃഷ്ടരായി. ഗൃഹപ്പിഴസ്സ് നാടിൻെറ നിർമ്മാണകാലഘട്ടമായിരുന്നു അതു്. തൽഫലമായി നമ്മൾക്കും നമ്മുടെ പങ്കിൽ കൂട്ടതലായി ഭീമാകാരരൂപങ്ങളുമൊത്ത് ജീവിക്കേണ്ടിവന്നു.

എന്നാൽ ഹെൻട്രി ഹോബ്സൺ റിച്ചാർഡ്സണും (1838—1886) ലൂയി സള്ളിവനും (1856—1924) കൂടി ആരംഭിച്ച ചിക്കാഗോ വാസ്തുവിദ്യാവിദ്യാലയത്തിൻെറ പ്രവർത്തനഫലമായി അമേരിക്കൻനിർമ്മാണം തൻെറ പഴയ കാര്യനിർവ്വഹണദശയിലേക്ക് തിരിഞ്ഞിട്ടുണ്ട്. സാമ്പത്തികമനസ്ഥിതിയുള്ള ന്യൂയോക്കിരിക്കെ കാർഷികമനസ്ഥിതിയുള്ള

ചിക്കാഗോയിൽ ജനായത്താവശ്യതകളെ അടിസ്ഥാനമാക്കി യുള്ള ഒരു കാര്യനിർവ്വഹണബോധം ഫലപ്രാപ്തിയിലെത്തി യതു് ആകസ്മികസംഭവമല്ല. അനാവശ്യമായ അലങ്കാരങ്ങ ളാൽ കുഴയ്ക്കാതെ അന്തർഘടനയെ പ്രതിഫലിപ്പിക്കത്തക്കവ ണ്ണമാണു് റിച്ചാർഡ്സൺ കെട്ടിടങ്ങളുടെ മുകപ്പുകൾ വിധാ നംചെയ്തതു്. സള്ളിവാൻ ഉരുക്കുചട്ടങ്ങളും, ഉയരംകൂടിയ കെട്ടിടങ്ങളുംമററും കണ്ടുപിടിച്ചില്ല എങ്കിലും അദ്ദേഹത്തി ൻെറ കെട്ടിടങ്ങൾ അരശതാബ്ദത്തോളം മാതൃകാസ്ഥാനം വഹിച്ചിരുന്നു. 1880 ആയതോടെയാണു് സള്ളിവാൻ സുപ്ര സിദ്ധമായ തൻെറ സിദ്ധാന്തം പ്രഖ്യാപിച്ചതു്: ആകൃതി ആവശ്യത്തെ പ്രതിഫലിപ്പിക്കയും ആവശ്യം ആകൃതി തീരു മാനിക്കുകയും ചെയ്യുന്നു. സാമുദായികബോധത്തോടെ സമു ദായത്തിൻെറ ആവശ്യങ്ങൾക്കനുരൂപമായതും, പുരോഗമന ത്തിനുപകരണമായിത്തീരുന്നതുമായ ഒരു നിർമ്മാണപദ്ധതി ക്കുവേണ്ടി അദ്ദേഹം നിലകൊണ്ടു.

അദ്ദേഹത്തിന്റെ ശിഷ്യനായ ഫ്രാങ്ക് ലോയിഡ് റൈറ്റ് (1869— ) ഗുരുവിന്റെ ആശയങ്ങൾ കെട്ടിടനിർമ്മാണത്തിൽ ഫലപ്രദമായി പ്രയോഗിച്ചു. കെട്ടിടത്തിൻെറ ബാഹ്യമോടി കൾ അദ്ദേഹം അവഗണിച്ചു. താമസക്കാർക്കു് ഉള്ളിൽവേ ണ്ടുന്ന ആവശ്യങ്ങളെ നിറവേററുന്ന രീതിയിൽ നിർമ്മിക്കുന്ന തിലാണു് അദ്ദേഹം ശ്രദ്ധചെലുത്തിയതു്. സംവിധാനാശയ സമ്പന്നനായിരുന്നു റൈററ്. അദ്ദേഹത്തിൻെറ നിർമ്മാണവും നിർമ്മാണപദ്ധതികളും അസാധാരണങ്ങളും നവംനവങ്ങളു മായിരുന്നു. ഗഗ്ഗൻഹെയ്മ് മ്യൂസിയം അതിനുദാഹരണമാ യി ഇന്നും നിലനില്ക്കുന്നുണ്ടു്.

പൗരാണികപാരമ്പര്യേണ കൈത്തൊഴിൽനിർമ്മാണ ത്തിനുണ്ടായിരുന്ന ലാളിത്യവും കാര്യക്ഷമതയും ഈ വൈയ വ്യവസായികകാലഘട്ടത്തിലേക്കും പാറിയതാണെന്നു സ്ഥാ പിച്ചുകഴിഞ്ഞു. റൈറ്റ്സ് ഗവേഷണശാലയും, ജനറൽ മോട്ടോഴ്സ് റിസെച്ച് സെൻററർ കെട്ടിടവും, ആൽബർട്ട് കാൻ തൊഴിൽശാലകളും കാര്യക്ഷമതാവീക്ഷണഗതിയുടെ മാതൃകാപരമായ നിർമ്മാണങ്ങളാണു്.

വ്യാവസായികനിലയനങ്ങളാണ് ആദ്യമായി കാര്യനിർവ്വഹണയുദ്ധത്തിൽ വിജയംപ്രാപിച്ചതു്. ആകാശഭേദികളായ ഉന്നതസൗധങ്ങളും, വിസ്തൃതതൊഴിൽശാലകളും ലളിതവും, കാര്യക്ഷമവുമായ സംവിധാനവുമാണ് ഏറ്റവും പറ്റിയതെന്നു തെളിയിക്കുന്നു. പിന്നീടതു് പാരമ്പര്യത്തിനു പിടിപാടുള്ള ഭവനങ്ങൾ, വിദ്യാലയങ്ങൾ, വായനശാലകൾ മുതലായവയിലേക്കും പടന്നു. ചുരുങ്ങിയ സ്ഥലംകൊണ്ടു് ഏററവും കൂടുതൽ ആവശ്യങ്ങൾ നിറവേററുന്ന സമ്പ്രദായം ഇന്നു ഗൃഹങ്ങളിൽ സർവ്വസാധാരണമാണ്. സല്ക്കാരമുറിയും ഒരു ചുററളവിനുള്ളിൽ ഒതുക്കുന്ന സമ്പ്രദായം ഇന്നു് നടപ്പിലായിട്ടുണ്ടു്. പ്രധാനമുറിയുടെ ഒരുവശം അടച്ചെടുത്തു് അടുക്കളയായും ഉപയോഗിച്ചുവരുന്നു.

റൈററിന് യൂറോപ്പിൽ സ്വാധീനതചെലുത്തുവാൻ കഴിഞ്ഞതുപോലെതന്നെ ധാരാളം യൂറോപ്യൻനിർമ്മാണതന്ത്രജ്ഞരും അമേരിക്കായെ സമ്പന്നമാക്കിയിട്ടുണ്ടു്. ഈ സ്വാധീനതകളും സാധനങ്ങളുടെ വിലക്കുറവും അമേരിക്കായുടെ ഭൂമുഖംതന്നെ മാററിക്കൊണ്ടിരിക്കുന്നു. ഉന്നതസൗധങ്ങളുടെ നിരകൾ കാര്യക്ഷമതക്കുപുറമെ ഒരു പ്രൗഢിയും നാടിനു നല്കുന്നുണ്ടു്. വൻതോതിലുള്ള ഗൃഹനിർമ്മാണപദ്ധതികളും, വിശ്രമാരാമങ്ങളും, വ്യാപാരകേന്ദ്രങ്ങളും അവക്കു ചുററുമായുള്ള വിസ്തൃതവെളിമ്പുറങ്ങളും ഒരു നവയുഗത്തെ പ്രഖ്യാപിക്കുന്നു. സുഖവാസത്തിനുവേണ്ടി പുതിയ പുതിയ മാതൃകകൾ പരീക്ഷിച്ചുവരുന്നുണ്ടു്. ആ വിഷയത്തിൽ ഒരു നവോത്ഥാനം നമ്മൾക്കു് അടുത്തുതന്നെ പ്രതീക്ഷിക്കാം.

## അദ്ധ്യായം പന്ത്രണ്ട്

## പൊതുജനോപാധി

കലകളുടെ ആശയവിനിമയത്തിൽനിന്ന് നാം ആശയവിനിമയകലയിലേക്കു കടക്കുമ്പോൾ അവതമ്മിലുള്ള ഒരസുഖകരമായ ബന്ധം ബോദ്ധ്യപ്പെടുന്നു. എല്ലാ കലകളുടേയും സാമത്ഥ്യത്തെ പൊതുജനോപാധി ഉപയോഗപ്പെടുത്തുന്നു. പക്ഷേ, കലാപരമല്ലാത്ത പ്രവൎത്തനങ്ങളേയും അതുപയോഗപ്പെടുത്താറുണ്ട്. സൃഷ്ടിപരമായ ഉദ്ദേശങ്ങളേക്കാൾ അവയ്ക്കുള്ളതു് ലാഭേച്ഛയാണ്.

പൊതുജനോപാധികളായ ടെലിവിഷൻ, റേഡിയോ, വൎത്തമാനവിതരണപത്രങ്ങൾ, മാസികകൾ എന്നിവയിലൂടെ പ്രസിദ്ധീകരണക്കാർ 1956-ൽ ആയിരംകോടി ഡോളറാണ് ചെലവഴിച്ചതു്. പ്രചരണം ഈ 626 മാസികകളേയും, 1,700 പ്രതിദിനപത്രങ്ങളേയും, 9,000 വാരികകളേയും, 2,947 റേഡിയോനിലയങ്ങളേയും 465 ടെലിവിഷൻനിലയങ്ങളേയും പുലൎത്തിവരുന്നു. ലേഖനത്തേയോ, പത്രപ്രസ്താവനയേയോ, നാടകത്തേയോ ബാധിക്കത്തക്കവിധം പ്രചാരകന്റെ ആശയം പരസ്യത്തിലൂടെ സ്ഫുരിക്കുന്നു. പരസ്യക്കാർ പതിവുകാരെത്തേടുന്നു. അതിനാൽ കൂടുതൽ വ്യാപാരം ലഭിക്കുന്നതിന് എല്ലാ സിഗരറ്റുവ്യാപാരികളും, സോപ്പുനിൎമ്മാതാക്കളും അതിപ്രചാരമുള്ള റേഡിയോപരിപാടികളേയും ടെലിവിഷൻപരിപാടികളേയും സഹായിക്കുകയും, പ്രചാരക്കൂടുതലുള്ള മാസികകളിലും മററും പരസ്യം ചെയ്യുകയും ചെയ്യുന്നു. ഏററവും കൂടുതൽ ജനങ്ങളെ ആകൎഷിക്കുക എന്നതാണ് പരമലക്ഷ്യം.

### *ടെലിവിഷൻ*

പക്ഷേ, ഏററവും കൂടുതൽ സദസ്യരെ ആകൎഷിക്കുന്നതെന്താണ്?

ഫ്ളെണ്ടർമാസ് എന്ന കഥ ടെലിവിഷനിൽ ദർശിച്ചവർ നൂററിമുപ്പതുലക്ഷവും, ലാ ബോഹേം ദർശിച്ചവർ 150 ലക്ഷവുമാണ്. 500,000 ഡോളർ ചെലവുചെയ്തു് നാഷനൽ ബ്രോഡ്കാസ്റ്റിങ്കമ്പനി, 'റിച്ചാർഡ് മൂന്നാമൻ' ടെലിവിഷനിൽ എട്ടത്തപ്പോൾ ചരിത്രത്തിലേക്ക് ഏററവും വമ്പിച്ച ഒരു സദസ്സാണ് അതിനെ സ്വാഗതം ചെയ്തതു്. 500 ലക്ഷം ജനങ്ങൾ അതു കാണുവാൻ കൂടി.

ടെലിവിഷൻ തുടർച്ചയായി ഏതാനും ദിവസം ശ്രദ്ധിച്ചാൽ അനേകകാര്യങ്ങൾ വ്യക്തമാകുന്നു. ശുദ്ധവിനോദത്തിനും, ഹൃദയവശീകരണത്തിനും,മനുഷ്യത്വപ്രകടനത്തിനും ഒരു ജനതതിയുടെ സാംസ്കാരികോന്നമനത്തിനും അതിനു വൻപിച്ച കഴിവുണ്ടെന്നുള്ളതാണ് അവയിൽ ഒന്നു്. ന്യൂയോർക്കിലുള്ള ഐക്യരാഷ്ട്രസഭാതലസ്ഥാനത്തുനിന്നും, സൂയസ്സ്കനാലിൽ മുങ്ങുന്ന കപ്പലുകളിലേക്കും, കാലിഫോർണിയായിലെ ഒരു തീപിടുത്തത്തിലേക്കും നമ്മളേയുംകൊണ്ടു് അതു ശീഘ്രഗമനം ചെയ്യുന്നു. ലോകത്തേപ്പററി ഒരു ബോധവുമില്ലാതിരുന്ന ഗൃഹങ്ങളിലേക്ക് ഉത്തമസാമൂഹ്യനൃത്തങ്ങൾ അതു കൊണ്ടുവരുന്നു. അതു നമ്മളെ ചിരിപ്പിച്ചു് ശ്വാസംമുട്ടിക്കുകയും, ഭയംകൊണ്ടു് വിറപ്പിക്കുകയും, അതിൻെറ ക്യാമറായുടെ മുന്നിൽ വരുന്നവരുമായി നമ്മളെ പരിചയിപ്പിക്കുകയും, ലോകപരിജ്ഞാനങ്ങൾ ഏകി നമ്മളെ സഹോദരങ്ങൾ ആക്കുകയും, ലോകത്തിലുള്ള മനുഷ്യസമുദായത്തെ ഐകമത്യത്താൽ ബന്ധിക്കയും ചെയ്യുന്നു.

അങ്ങേയററംമുതൽ ഇങ്ങേയററംവരെയുള്ള കാര്യങ്ങളെ ടെലിവിഷന്റെ പരിധിയിൽപ്പെടുത്താമെന്നുള്ളതാണ് മറ്റൊരുകാര്യം. ദിവസംപ്രതി പതിനെട്ടുമണിക്കൂർവീതം മാസങ്ങൾതോറും തുടർച്ചയായ പരിപാടികൾ നടത്തിവരുന്നതിനാൽ അവയിൽ അധികവും ഇടത്തരത്തിൽപ്പെട്ടതാകാതിരിപ്പാൻ സാധ്യതയില്ല. നന്മതിന്മകൾ മുൻപേറായി അറിയുന്നതിനു് ഇന്നുവരെ ഒരു പദ്ധതി കണ്ടുപിടിച്ചിട്ടില്ല. അനേകായിരം കൊല്ലത്തെ തഴക്കവും പഴക്കവുമുള്ള നാടകകലയ്ക്കുപോലും ഒരഭിനയം കഴിയാതെ അതിൻെറ ഗുണദോഷങ്ങൾ പ്രവചിക്കുവാൻ സാധ്യമായിട്ടില്ല.

കുടുംബജീവിതത്തിൽ തുടർച്ചയായ താല്പര്യം ജനിപ്പിക്കുന്നതാണ് മറെറാരു പ്രധാനസംഗതി. കുട്ടികളുടെ നൈസർഗ്ഗികഭാവങ്ങൾ പ്രദർശിപ്പിക്കുന്നതിൽ ടെലിവിഷൻ പ്രാധാന്യം കല്പിച്ചിട്ടുണ്ട്. നമ്മുടെ കുട്ടികൾ എത്രമാത്രം പ്രൗണയും സാമർത്ഥ്യവുമുള്ളവരാണെന്ന് അത് നമ്മെ സദാ അനുസ്മരിപ്പിക്കുന്നു. ആ ശിശുപ്രേമം നമ്മെ വിശുദ്ധരാക്കുന്നു.

അമേരിക്കാക്കാർ ഇന്നു പരിഹസിച്ചു തള്ളുന്നതിനെ പത്തുദിവസം കഴിയുമ്പോൾ അംഗീകരിക്കും.

ഡുച്ചാമ്പിന്റെ "നഗ്നൻ കോണിപ്പടി ഇറങ്ങുന്നു" എന്ന കലാരൂപത്തെ അവർ കൂക്കിവിളിച്ചു. പിന്നീട് അത്തരം കലാരൂപങ്ങൾകൊണ്ട് ഇന്നത്തെ ഏററവും നല്ല കലാശേഖരണങ്ങൾ നിറയ്ക്കുകയും ചെയ്തു. അവരുടെ ചിരി വെറും ബാലിശമല്ല. ചിലപ്പോൾ അവ അപകടങ്ങളോടടുക്കുന്നു. ഭിന്നിപ്പുകളെ സന്മനോഭാവത്താൽ പരിഹരിക്കാമെന്നാണ് അതു സൂചിപ്പിക്കുന്നതു്. ഒന്നിൻെറ കാതൽ അതിൽ അടങ്ങിയിരിക്കുന്ന വിനോദഭാവമാണ്. വിജയമാണു ചിരി.

സന്ദർശകർ പരാതിപറയാറുണ്ട് നമ്മൾക്ക് ശുഭാപ്തിവിശ്വാസമില്ലെന്ന്. അതു പരമാർത്ഥവുമാണ്. ആറ്റാദചിന്തയ്ക്കുള്ളതിലേറെ എന്തെങ്കിലും അപായചിന്തയ്ക്കുണ്ടോ? അടിമത്തം, പ്രത്യേകാധികാരം, ക്രൗര്യം, ചൂഷണം, സാമൂഹ്യമായ പട്ടിണി ഇവയുടെമേൽ വളർത്തി എടുത്ത സംസ്കാരത്തിനാണ് അപായവിശ്വാസം യോജിച്ചതു്. എന്തെല്ലാം കുററങ്ങളുണ്ടായാലും അമേരിക്കൻസംസ്കാരം അത്തരത്തിലുള്ളതല്ല. സർവ്വരാഷ്ട്രവിദ്യാഭ്യാസവും, സാർവ്വത്രികമായ ഭൗതികസാംസ്കാരികക്ഷേമവും ക്ഷിപ്രസാദ്ധ്യമാണെന്ന് അമേരിക്കാ വിശ്വസിക്കുന്നു. അതിനാൽ സ്വാഭാവികമായി അതിൻെറ ഗുണം ഹാസ്യപരമാണ്. ഹാസ്യത്തിൽക്കൂടെയാണ് അതു് ജീവിതത്തെ നോക്കുന്നതു്.

നാടകീയതയെ യഥാർത്ഥസംഭവങ്ങളുമായി യോജിപ്പിക്കുന്നു എന്നതാണു മറെറാരു സംഗതി. അൻഡ്രിയ ഡോറിയ എന്ന കപ്പൽ മുങ്ങുന്ന ദൃശ്യം യഥാർത്ഥചിത്രത്തിൻെറ കൂടെ ഇടയ്ക്കിടെ അഭിനയരംഗങ്ങളും കൂട്ടിച്ചേർത്തു പ്രത്യേകമായി എടുത്തതാണ്. ഒരു തടവുഗൃഹത്തെ ആധാരമാക്കി നിർമ്മിച്ച

ടെലിനാടകം അഭിനയത്തിൻെറ സ്വാഭാവികതയോടുകൂടി ഈ സന്ദേശം വെളിവാക്കുന്നു: കുററങ്ങൾ ഇല്ലാതാക്കണമെങ്കിൽ ആശ്രയമില്ലാത്തവക്ക് അതു നല്കുക. ആഡംബരമില്ലാത്ത ഒരു കരീബിയൻസമുദായത്തിൽ ജീവിക്കുന്ന ഡോക്ടരെ സംബന്ധിച്ച നാടകം തെളിയിക്കുന്നതു് ഇതാണു്. ഓരോ സംസ്കാരത്തിനും സ്വന്തം സമ്പ്രദായവും ലക്ഷ്യവും ഉണ്ടു്. എല്ലാം ബഹുമാനാർഹവുമാണു്.

ഇരുപത്തിയാറു വിദ്യാഭ്യാസകേന്ദ്രങ്ങൾ മാത്രമല്ല, മററനേകം വ്യാപാരനിലയങ്ങളും, വിദ്യാഭ്യാസസംബന്ധമായ വിവിധശാഖകളിലും പരിപാടികൾ നടത്തുന്നുണ്ടു്. ഇതിൽ ഒന്നിൽ പതിവായി ശ്രദ്ധിച്ചു് നോട്ടുകൾ എടുത്താൽ വീട്ടിലിരുന്നുതന്നെ വിദ്യാഭ്യാസം നടത്താം. വിദ്യാഭ്യാസാവശ്യങ്ങൾക്കായി ടെലിവിഷൻ ഉപയോഗിച്ചുതുടങ്ങിയിട്ടേയുള്ളു. ടെലിവിഷൻെറ നിലവാരം ഉയത്തുവാൻ പല സ്വതന്ത്രപൗരസ്ഥാപനങ്ങളും പരിശ്രമം തുടങ്ങിയിട്ടുണ്ടു്. ഏതായാലും വിദ്യാഭ്യാസപരമായി അതിൽ ശ്രദ്ധിക്കുന്നവർ ഇന്നു് 500 ലക്ഷമാണു്.

ടെലിവിഷനു് എന്തെല്ലാം കുറവുണ്ടെങ്കിലും അഭിനയത്തിലും, ശിക്ഷണത്തിലും, സംവിധാനത്തിലും, ഭാവനയിലും അതു് ഉന്നതസ്ഥാനം നേടിയിട്ടുണ്ടു്. വാത്താസംവിനിമയത്തിനും അതു് ഒരു ഉത്തമോപാധിയാണു്. പൊതുജനോപാധികളുടെ എല്ലാം സമ്മേളനരംഗമാണതു്.

വ്യാപാരോദ്ദേശത്തെ മുൻനിത്തി അതു ദുരുപയോഗപ്പെടുത്തുന്നതാണു കാഴ്ചക്കാരെ മടുപ്പിക്കുന്നതു്. ഒരേ പരിപാടി വീണ്ടുംവീണ്ടും പ്രദശിപ്പിച്ചും, മുഷിച്ചിലുണ്ടാകുമാറു് അവക്കു് ദൈർഘ്യം വദ്ധിപ്പിച്ചും, ചിലപ്പോൾ ആഭാസകരമായും അവ നടത്താറുണ്ടെന്നുള്ളതാണു് അതിനുള്ള ദൂഷ്യം. ഒരു പെട്ടി സിഗററ്റോ, ഒരു പുതിയയിനം സോപ്പോ വില്ക്കുന്നതിനായി യുവത്വം, സൗന്ദയ്യം, കുടുംബസുഖം, ക്രിസ്തുമതാദശം മുതലായവയെ നഗ്നമായി അവഹേളിക്കുന്ന രീതിയിൽ പ്രചരണപരിപാടികൾ ആസൂത്രണം ചെയ്തിട്ടുള്ളതാണു് ഏററവും അധികം കോപം തോന്നിക്കുന്നതു്.

നാഷണൽ അസോസിയേഷൻ ഓഫ് റേഡിയോ ആൻഡ് ബ്രോഡ്കാസ്റ്റിങ്ങ് സ്ഥാപനത്തിൻെറ ചട്ടമനുസരിച്ച് ഉത്തമമായ വിദ്യാഭ്യാസം, വാൎത്താപ്രചരണം, വിനോദം എന്നിവ മാത്രമേ ടെലിവിഷനിൽ നൽകൂ എന്നു് അതിലെ അംഗങ്ങൾ പ്രതിജ്ഞ ചെയ്യണം. പൊതുജനസേവനകൃത്യം അനുസ്മരിച്ചു് അതു സൗജന്യമായി വാൎത്തകൾ പ്രക്ഷേപണം ചെയ്യുകയും, കാണികളെ മതാനുഷ്ഠാനത്തിൽ പ്രേരിപ്പിക്കുകയും ആരോഗ്യരക്ഷയെപ്പററി വിശദീകരിക്കയും ചെയ്യുന്നുണ്ടു്. ഗവൺമെൻറിനു പ്രത്യേകം ടെലിവിഷൻ ഏൎപ്പാടില്ലാത്തതിനാൽ അതിൻെറ ആവശ്യങ്ങൾക്കും സമയം കൊടുക്കണം. വ്യാപാരസ്ഥാപനമാകയാൽ ലാഭമുണ്ടെങ്കിലേ പ്രവൎത്തിക്കാൻ കഴിയൂ എന്നതുകൊണ്ടു് ടെലിവിഷൻ, റേഡിയോ തുടങ്ങിയവക്കു് എല്ലാം പണത്തിൻെറ കാൎയ്യം ആദ്യം നോക്കേണ്ടിവരുന്നു. എന്നാൽ എല്ലാ പരിപാടിയും എല്ലാവൎക്കും പററുന്നതാകണമെന്നുണ്ടോ? ഒരു ചെറിയ ടെലിവിഷൻ സദസ്സുതന്നെ ലക്ഷക്കണക്കിനാളുകൾ ഉള്ളതാണു്. അലസന്മാൎക്കും അതുപോലെ ബുദ്ധിപരമായ ഉണൎവ്വുള്ളവൎക്കും ഒരുപോലെ ഉപയോഗപ്രദമായിത്തീരേണ്ടതല്ലേ പരിപാടികൾ എന്ന ഒരു ചോദ്യം ഉത്ഭവിക്കുന്നുണ്ടു്.

എന്നാൽ പൊതുജനോപാധിയുടെ താണനിലവാരത്തിൽ നില്ക്കുക എന്ന ദോഷത്തിനു ചില ഗുണങ്ങളും കാണും. പല തരക്കാരും രുചിക്കാരുമായ ആളുകളെ ഉദ്ദേശിച്ചാകയാൽ പ്രദൎശനം സഹിഷ്ണുത ഉണ്ടാക്കാൻ ഉപകരിക്കും. ദൗൎബ്ബല്യത്തിനുപകരം ഉശിർ ഉണ്ടാകാൻ ഇടവരുന്നുണ്ടു്. നാടകം സംഗീതം മുതലായവയിൽ നല്ലതിനോടെല്ലാം ആളുകൾ പ്രദൎശിപ്പിച്ചുവരുന്ന അവിചാരിതമായ ആവേശം ഉയൎന്ന നിലവാരം അവരുടെ ത്രപ്തികൾക്കുണ്ടെന്നു കാണിക്കുന്നു. സാംസ്കാരികനിലവാരമുയൎത്തലിനു് ഇങ്ങനെ ജനത വാണിജ്യപരമായ പ്രോത്സാഹനം നല്കുന്നുണ്ടു്.

*റേഡിയോ*

ടെലിവിഷൻെറ ആഗമനത്തോടെ റേഡിയോയുടെ സ്ഥാനം അല്പം പിന്നോട്ടു മാറിയിട്ടുണ്ടു്. എങ്കിലും പൊതു

ജനങ്ങളുടെയിടയിൽ അതു് ഇന്നും പ്രചാരത്തിലാണു്. ടെലിവിഷൻ പ്രായോഗികമല്ലാത്ത ചില സന്ദർഭങ്ങളിലും റേഡിയോ ഉപയോഗപ്രദമാണു്. ഒരു ടെലിവിഷനു മുന്നിൽ ദീർഘസമയം ഇരിക്കുവാൻ സൗകര്യമില്ലാത്ത സ്ത്രീകൾക്കു റേഡിയോ വളരെ സൗകര്യപ്രദമാണു്. അടുക്കള, കുളിമുറി, കിടക്കമുറി മുതലായവയിലെല്ലാം റേഡിയോ സ്വാധീനത ചെലുത്തുന്നുണ്ടു്. കൈയും കണ്ണും ജോലിത്തിരക്കിലായിരിക്കയും ചെവിമാത്രം ഒഴിഞ്ഞിരിക്കയും ചെയ്യുമ്പോഴെല്ലാം പ്രാധാന്യം റേഡിയോയ്ക്കാണു്. ഒരു ഉല്ലാസസവാരിയിലോ, രണ്ടുമൂന്നു ദിവസങ്ങളിലേക്കുള്ള വിനോദയാത്രയിലോ അതു് ഒരുത്തമ സുഹൃത്താണു്. പോക്കററിൽ ഇട്ടുകൊണ്ടു നടക്കാവുന്നത്ര സൗകര്യത്തിനായി അവ ഇപ്പോൾ നിർമ്മിച്ചുവരുന്നു.

## ചലച്ചിത്രങ്ങൾ

ടെലിവിഷൻ ചലച്ചിത്രങ്ങൾക്കു നല്കിയതു് ഒരുഗ്രപ്രഹരംതന്നെയാണു്. പ്രതിവാരം ചലച്ചിത്രങ്ങൾക്കു പൊയ്ക്കൊണ്ടിരുന്നവരുടെ സംഖ്യ 900 ലക്ഷത്തിൽനിന്നും 500 ലക്ഷമായി കുറഞ്ഞു. അതിനു പൂർണ്ണമായും ടെലിവിഷനല്ല ഉത്തരവാദി എങ്കിലും അതിനും ഒരു പ്രധാനപങ്കുണ്ടു്. ചലച്ചിത്രങ്ങളുടെ ടിക്കററുവില കൂടിയതും അതിനൊരു കാരണമാണു്.

ടെലിവിഷനെ പൂർണ്ണമായി അവഗണിക്കാമെന്നു് ആദ്യം നിശ്ചയിച്ചു എങ്കിലും അതിൽ വിജയസാദ്ധ്യതയില്ലാ എന്നു ബോദ്ധ്യപ്പെട്ടതുമൂലം ഹോളിവുഡ്ഡ് അതോടു യോജിച്ചു് ഇപ്പോൾ ടെലിനാടകങ്ങളിൽ പങ്കെടുക്കുകയും പഴയ കഥകൾ ഈ രീതിയിൽത്തന്നെ ആവിഷ്കരിക്കയും ചെയ്തുവരുന്നു.

നവീനപദ്ധതികൾ ഹോളിവുഡ്ഡിൽ സുലഭങ്ങളാണു്. മന്ദചലനം, വെള്ളത്തിനടിയിലുള്ള പടമെടുപ്പു്, കപ്പലുകൾക്കും തീവണ്ടികൾക്കും പററുന്ന അപകടങ്ങൾ, നഗരങ്ങളിലെ തീപിടുത്തം, വിനോദപ്രദങ്ങളായ ഹാസ്യചിത്രങ്ങൾ ഇവയ്ക്കെല്ലാം ലോകം ഇന്നും ആശ്രയിക്കുന്നതു ഹോളിവുഡ്ഡിനെയാണു്. ഒരു ചലച്ചിത്രനിർമ്മാണത്തിനു് 276 പ്രധാന കലാവിഭാഗങ്ങൾ ആവശ്യമാണു്.

മാനുഷികാവശ്യകതകളേയും ആശങ്കകളേയും അടിസ്ഥാനമാക്കി സർവ്വലോകപ്രീതികരമായ പശ്ചാത്തലങ്ങളും വരുത്തേണ്ടതെങ്ങനെയാണെന്നറിയാം എന്നുള്ളതാണു ഹോളിവുഡ്ഡിനുള്ള വിജയത്തിനു കാരണം.. കൈയേററങ്ങളും അടിപിടികളും നിറഞ്ഞ ആദിമകുടിയേററകാലങ്ങളും, കൊള്ളക്കാരും പോലീസുകാരും തമ്മിലുള്ള സമരങ്ങളും, കാമോദ്ദീപകങ്ങളായ വൈകാരികസംഭവങ്ങളും തന്മയത്വത്തോടെ നാടകീയമായി അഭിനയിച്ചിട്ടുള്ളതു കാണികളെ ആകർഷിക്കാതിരിക്കയില്ല.

അമേരിക്കയുടെ നിർഭാഗ്യമെന്നേ പറയേണ്ടു, ആ നാട്ടുകാർ കൊള്ളക്കാരും വിടന്മാരും മാത്രമാണെന്ന് ഈ ചിത്രങ്ങൾ കാണികൾക്കു സംശയം ജനിപ്പിക്കുന്നു. കഥകളിലെ നീചപാത്രമായി ഒരു അറബിയേയോ മെക്സിക്കോക്കാരനേയോ പ്രദർശിപ്പിച്ചാൽ, കൂവും കുറുക്കുവിളിയും സർവ്വത്ര മുഴങ്ങും. അതിനാൽ, നീചപാത്രമായി അമേരിക്കാക്കാർതന്നെ വേണമെന്ന് ഒരു തീരുമാനവും ഹോളിവുഡ്ഡ് എടുത്തു.

അങ്ങനെ അമേരിക്കാക്കാർ ലോകത്തിലെ നീചപാത്രങ്ങളുമായി. ഐക്യനാട്ടുകളിൽ ലോകത്തു നേടിവരുന്ന സമുന്നതപദവിയിൽ കണ്ണുകടിയുള്ളവക്കു നമ്മെ വെറുക്കുവാൻ ഇതൊരു നല്ല സൗകര്യവുമായി. നാം കൊള്ളക്കാരും, കുടിയന്മാരും, അലസതപൂണ്ട ധനവാന്മാരുമാണെന്നു നാംതന്നെ പ്രസിദ്ധംചെയ്തിട്ടില്ലേ?

അമേരിക്കൻ കുടുംബജീവിതമാണ് ചിലതിൻെറ കഥാതന്തു. ഹിതകരമെന്നു തോന്നുന്ന ജീവിതസരണി സ്വീകരിക്കുവാനുള്ള സ്വാതന്ത്ര്യം, രക്ഷാകർത്താക്കന്മാരെ അവഗണിച്ചും നായകൻ പ്രയോഗിക്കുന്നു. അവൻ സ്വതന്ത്രമായി രൂപീകരിക്കുന്ന കുടുംബത്തിനാണു വിട്ടുപോന്ന കുടുംബത്തിനേക്കാൾ പ്രാധാന്യം കല്പിക്കുന്നതു്. യുവത്വത്തെ പൊക്കിപ്പിടിക്കുന്നു. പിതാവു മിക്കവാറും കഷണ്ടിത്തലയനും, പ്രാപ്തി കുറഞ്ഞവനും, അപഹാസ്യനുമാണ്. അച്ഛൻ അപകടകാരിയായ നായകനെ ജയിക്കുവാൻ പാടുപെടുന്നു.

ചലച്ചിത്രങ്ങൾ കുട്ടികൾക്കു വലിയ ഭ്രമമാണ്. ശാരീരികാപകടങ്ങളും മററും പ്രദർശിപ്പിക്കുന്നതിൽ ഒൻപതു വയ

സ്സിനടുത്ത കുട്ടികൾക്കു വലിയ താല്പര്യം കാണുന്നുണ്ടു്. പതിനാറു വയസ്സിന്നടുത്താൽ ലൈംഗികവിഷയങ്ങളിലേക്കാണു ശ്രദ്ധ. പക്ഷേ, വിവാഹിതക്കും അവിവാഹിതക്കും നിയന്ത്രണം ചലച്ചിത്രരംഗത്തു് ഏർപ്പെട്ടുത്തിയിട്ടുണ്ടു്. എന്നാൽ ഇതു ശരിയായ വിവാഹജീവിതത്തിൻെറ ഭംഗിയെ നശിപ്പിക്കുകയും അന്യായബന്ധങ്ങളുടെ മേന്മ പൊക്കിപ്പിടിക്കുകയും ചെയ്യുന്നു. കുററവും അക്രമവും സിനിമയിൽ ധാരാളം കാണും. സെൻസർമാർ സിനിമയുടെ രൂപം മാററി മനുഷ്യസമുദായത്തെ പരിഷ്കരിപ്പാൻ ശ്രമിക്കയാണു്. കുററങ്ങളുടെ യഥാർത്ഥ കാരണങ്ങൾ—ചാളജീവിതം, രക്ഷിതാക്കന്മാരുടെ ദോഷം, സമുദായത്തിൻെറ പണക്കൊതി തുടങ്ങിയവ അവരുടെ ശ്രദ്ധയിൽപ്പെടുന്നില്ല.

അടുത്തകാലത്തുണ്ടായ സുപ്രീംകോടതി വിധിമൂലം ചിത്രങ്ങളുടെ ഗവമ്മെൻറു പരിശോധന ദുർബ്ബലപ്പെട്ടിട്ടുണ്ടു്. സ്വകാര്യനിർമ്മാതാക്കൾക്കും ഗവമ്മെൻറനുമതി കൂടാതെ ചിത്രങ്ങൾ പ്രദർശിപ്പിക്കാം.

*ദിനപത്രങ്ങൾ*

ലോകത്തിലെ ആകെയുള്ള അച്ചടിക്കടലാസിൽ 60 ശതമാനവും അമേരിക്കൻപത്രങ്ങൾ ഉപയോഗിക്കുന്നു. അവയിലുള്ള വിവരങ്ങൾ ഭിന്നരീതികളിലുമാണു്. സാധാരണക്കാരുടെ പത്രമായ ന്യൂയോക്ക് ഡെയിലിന്യൂസ്, ഞായറാഴ്ചപ്പതിപ്പു് 3,694,851 കോപ്പിമുതൽ ക്രിസ്ത്യൻ സൈൻസ് മോണിട്ടോർ തുടങ്ങി, വാൾസ്റ്റീററുജർണൽ, ന്യൂയോക്ക് ടൈംസ് മുതലായവവരെയുള്ള പ്രസിദ്ധീകരണങ്ങളിൽ, ലോകത്തിൽ നടക്കുന്ന സർവ്വ വാർത്തകളും ഉൾപ്പെടുന്നുണ്ടു്. പുറമെ അവയുടെ ഞായറാഴ്ചപ്പതിപ്പിൻെറ കടലാസുനിർമ്മാണത്തിനു മാത്രമായി ഇരുനൂറു് ഏക്കർ വനവും വേണ്ടിവരുന്നു. വ്യക്തിപരവാർത്തകളും സാമുദായികപ്രശ്നങ്ങളും കൈകാര്യംചെയ്യുന്ന ചെറു പ്രസിദ്ധീകരണങ്ങളും ധാരാളമുണ്ടു്.

കുടിയേററസമുദായമാണു് അമേരിക്കൻ പ്രസിദ്ധീകരണങ്ങളുടെ സ്വഭാവം വാർത്തെടുത്തതു്. ജോസഫ് പുളിററ്സർ ആദ്യമായി ജർമ്മൻഭാഷയിൽ പത്രപ്രവർത്തനം തുടങ്ങി.

അദ്ദേഹത്തിൻെറ ന്യൂയോക്ക് വേൾഡിൽ ജമ്മൻ വിഭാഗക്കാരുടെ ആവശ്യകതകൾ ഊന്നിപ്പറഞ്ഞിരുന്നു. ഒരു തലമുറക്കുടി അതു് വലിയ പ്രചാരത്തിൽ നിലനിന്നു. അതുപോലെ ഐറിഷ് ആനുകൂല്യത്തോടെ ഹേർസ്റ്റു് അദ്ദേഹത്തിൻെറ പത്രങ്ങളും നടത്തി. വിനോദവീഥി, സാമുദായികവാത്തകൾ, വിനോദലേഖനങ്ങൾ, ഗ്രന്ഥനിരീക്ഷണം, കലാവീഥി, ഗാഹികശാസ്ത്രം, വ്യക്തിപരവും ആരോഗ്യസംരക്ഷണപരവുമായ നിർദ്ദേശങ്ങൾ മുതലായവയാൽ പത്രലോകം യുവാക്കൾക്കും, പ്രായമായവക്കും ഒന്നുപോലെ ഉപകാരപ്രദമായി. പ്രസിദ്ധീകരണങ്ങൾമൂലം അവ വരുമാനവും ഉണ്ടാക്കി.

അസ്സോഷിയേറ്റഡ് പ്രസ്സ്, യുണൈറ്റഡ് പ്രസ്സ്, ഇൻറർനാഷനൽ ന്യൂസ് സവ്വീസ് മുതലായ വാത്താവിതരണ ഏജൻസികൾ കമ്പിത്തപാലിൻെറ സഹായത്താൽ വാത്തകൾ നാടിൻെറ നാനാഭാഗങ്ങളിലും വിതരണം ചെയ്യുവരുന്നു.

*മാസികകൾ*

പ്രചാരത്തിലിരിക്കുന്ന 500 മാസികകളിൽ അൻപതോളം എണ്ണം 700,000 മുതൽ 11,000,000 വരെയാണു വില്പന. ഐക്യനാട്ടുകളിൽ മാത്രമല്ല, വിദേശങ്ങളിലും പ്രചാരമുള്ള റീഡേഴ്സ് ഡൈജസ്റ്റാണു് അവയിൽ മുന്നണിയിൽ നില്ക്കുന്നതു്. വ്യാപാരസംബന്ധമായും, വിജ്ഞാനപരമായുമുള്ള മാസികകൾക്കു പുറമെ കമ്പനി പ്രസിദ്ധീകരണങ്ങളായും വിദ്യാലയമാസികകളായും പ്രചാരത്തിലിരിക്കുന്നവ അനേകായിരമുണ്ടു്.

വിജ്ഞാനപ്രദമായ അമേരിക്കൻ സ്കോളർമുതൽ വെറും വിനോദപ്രദമായവവരെയുണ്ടു് മാസികകൾ. അവയുടെ ഇടയ്ക്കായി ചാളക്കുടിലുകളിലെ ജീവിതം, സിനിമാതാരങ്ങളുടെ രഹസ്യചരിത്രങ്ങൾ മുതലായ അനേകം വൃത്തികെട്ട പരമാത്ഥങ്ങൾ നഗ്നമായി പുറപ്പെട്ടുവിക്കുന്ന മാസികകളും ധാരാളമുണ്ടു്.

അശ്ലീലവാത്തകളെ നിരോധിക്കേണ്ടതാണെന്നു് ഒരു പക്ഷമുണ്ടു്. പക്ഷേ, പ്രസംഗസ്വാതന്ത്ര്യത്തിനു് അതു് നിയന്ത്രണങ്ങൾ വരുത്തിയേക്കുമെന്നുള്ള ആശങ്കയാൽ ഒരു വൻപക്ഷം അതിനെതിരുമുണ്ടു്. അശ്ലീലതയോടു പൊരുതേണ്ടതു്

വിദ്യാഭ്യാസം മൂലമാണെന്നും അല്ലാതെ ഭദ്രനം കൊണ്ടല്ലെന്നും അവർ വാദിക്കുന്നു.

*വിമർശം*

പൊതുജനോപാധികൾ അധഃപതിക്കുന്നു എങ്കിൽ അതു തുറന്നുപറയുവാൻ വിമർശകന്മാരുമുണ്ടു്. ചലച്ചിത്രങ്ങൾ, റേഡിയോ, ടെലിവിഷൻ, അച്ചടി, സംഗീതം, നൃത്തം, സാഹിത്യം മുതലായവയെല്ലാം ആ വേലിക്കെട്ടിന്നകത്താണു്. സംസ്കാരത്തെ ശുദ്ധീകരിച്ചെടുക്കുവാൻ ഇത്രയേറെ നിരൂപകർ മററൊരു കാലത്തുമുണ്ടായിട്ടില്ല.

അവർ പൊതുവേ നിർഭയന്മാരാണു്. രാഷ്ട്രത്തിൻെറ കുറവുകളെ അമേരിക്കൻ ആഖ്യായികാകാരന്മാർ ശക്തിയായി വിമർശിച്ചിട്ടുണ്ടു്. അതു മറിഞ്ഞു് ഇപ്പോൾ നിരൂപകന്മാർ സാഹിത്യകാരന്മാരെ പിടികൂടിയിരിക്കയാണു്. സാഹിത്യകൃതികളെ അവയുടെ എല്ലാ വീക്ഷണകോണങ്ങളിലൂടെയും പ്രത്യേകമായി പരിശോധിച്ചുവരുന്നു.

സാഹിത്യത്രൈമാസികകളും നാൾക്കുനാൾ അഭിവൃദ്ധിപ്പെട്ടുന്നുണ്ടു്. എഡ്മൺഡ് വിൽസൺ, കെന്നത്ത് ബർക്ക്, ലയോണൽ ട്രില്ലിങ്, ജോസഫ് വുഡ് ക്രച്ച് മുതലായവർ പ്രസിദ്ധി നേടിയതു് നിരൂപണങ്ങൾ മുഖേനയാണു്. മാർക്ക് വാൻ ഡോറെനേപ്പോലുള്ള സാഹിത്യകാരന്മാരും, കവികളും അനേകം ഉത്തമനിരൂപണങ്ങൾ എഴുതിയിട്ടുണ്ടു്.

നോവൽ സാഹിത്യകാരന്മാർ രാഷ്ട്രത്തെ വിമർശിക്കുന്നതും അവരെ നിരൂപകർ വിമർശിക്കുന്നതുമായ ഈ സമ്പ്രദായം അസുഖകരമായ ഒന്നായി വിദേശികൾ ചിന്തിച്ചേക്കാം. പക്ഷേ, അവർ രണ്ടു കൂട്ടരും ആദർശപരമായ ദണ്ഡത്തെയാണു് മുറുകെ പിടിച്ചിട്ടുള്ളതു് എന്നതാണു് വാസ്തവം. നന്മയെമാത്രം എല്ലാത്തിൽനിന്നും പ്രതീക്ഷിക്കുന്ന അമേരിക്കായുടെ ശുഭാപ്തിവിശ്വാസത്തിന്റെ മറുവശമാണിതു്.

അമേരിക്കൻ നിരൂപകർ തൻനാടിനെ മാത്രമല്ല കാണുന്നുള്ളൂ. ഇംഗ്ലീഷ് സാഹിത്യത്തെപ്പററിയുള്ള ചില സുപ്രസിദ്ധനിരൂപണങ്ങളും അവർ എഴുതിയതാണു്. ഒരു ഫ്രഞ്ച് നിരീക്ഷകൻെറ അഭിപ്രായത്തിൽ ഫ്രഞ്ചുസാഹിത്യത്തെ

പ്പററി ഫ്രാൻസിനു വെളിയിൽ ഉണ്ടായിട്ടുള്ളതിൽ ഏററവും സ്തുത്യർഹമായ നിരൂപണങ്ങൾ ഐക്യനാടുകളിൽ ആണ് ഉണ്ടായിട്ടുള്ളതു്.

പുതിയ മനശ്ശാസ്ത്രം സാമൂഹ്യശാസ്ത്രം നരവംശശാസ്ത്രം ഇവയാലും, പഴയ ഭാഷാപ്രയോഗശാസ്ത്രം ചരിത്രം ദാർശനികശാസ്ത്രം ഇവയാലും പോഷിപ്പിക്കപ്പെടുന്ന അമേരിക്കൻ വിമർശനകല നാൾക്കുനാൾ അഭിവൃദ്ധിപ്പെട്ടുവരുന്നു.

*അഭിരുചികൾ*

അമേരിക്കൻ അഭിരുചികൾ അല്പമെങ്കിലും വികസിച്ചിട്ടുണ്ടോ? അതോ അവ ചലിച്ചുകൊണ്ടിരിക്കുന്നതേയുള്ളോ?

പത്തുപതിനഞ്ചുകൊല്ലത്തെ പഴക്കമുള്ള ചലച്ചിത്രങ്ങൾ ടെലിവിഷനിൽക്കൂടി വന്നുതുടങ്ങിയതു് ഇതിനൊരു സമാധാനമാണ്. അന്ന് എല്ലാവിധേനയും തൃപ്തികരമായിരുന്ന ചിത്രങ്ങൾ ഇന്നു വളരെ അപര്യാപ്തങ്ങളായിരിക്കുന്നു. സാങ്കേതികവശവും, സംഭാഷണവും, കഥാവസ്തുവും ആശയ പുഷ്ടിയും ഇന്ന് വളരെ പഴഞ്ചനായിത്തോന്നും. ഇന്നുള്ള ടെലിവിഷനും, ആ പഴയ ചലച്ചിത്രങ്ങളുമായുള്ള താരതമ്യ വിവേചനം ഉയർന്നുവരുന്ന മാനദണ്ഡത്തിൻെറ ലക്ഷ്യമാണ്.

വമ്പിച്ച സദസ്സിനുവേണ്ടിയുള്ള മാത്സര്യവും, ജനലക്ഷങ്ങൾക്കു രുചിക്കുന്നതെന്തെന്നുള്ള അന്വേഷണവും ഈ മാനദണ്ഡത്തെ ഖേദകരമാംവണ്ണം താഴ്ത്തുന്നുണ്ടു്. പക്ഷേ, ഉത്തമകലാകാരന്മാരുടെ കൃതികൾ ഈ താഴ്ചയ്ക്കുള്ള എതിർശക്തികളാണ്. കലാമൂല്യം പ്രതീക്ഷിക്കുന്ന യൂറോപ്യൻ ഈ നിസ്സാരതകൾ കണ്ടു മുഖം ചുളുക്കിയേക്കാം.

പൊതുജനോപാധിയുടെ വിശപ്പുമാററത്തക്കവിധം അത്രയേറെ ഉത്തമസാധനങ്ങൾ എവിടെനിന്നുണ്ടാകും എന്നതാണ് യഥാർത്ഥപ്രശ്നം. ഏററവും നല്ലതിനു പ്രകാശകരെ കിട്ടുന്നതും ഒരു പ്രശ്നമാണ്. സൃഷ്ടിപരമായ വാസന ഈ കുഴപ്പം പരിഹരിച്ചേക്കാം. വിദേശങ്ങളിൽ പോകാതെ നാട്ടിൽത്തന്നെ കഴിഞ്ഞുകൂട്ടുകയാണ് ഇന്നു വാസനക്കാർ. സൃഷ്ടി

പരമായ പ്രവത്ത്നനങ്ങളിൽ ഏർപ്പെട്ടുന്ന കലാകാരന്ന് അമേരിക്കൻ വിസ്തൃതിത്തരങ്ങളിൽ അല്പതയിൽനിന്നും പോയി രക്ഷനേടത്തക്കതായി മറെറാരു സാംസ്കാരികസ്വർഗ്ഗവും ഇല്ലതന്നെ. തന്മൂലം ലയോണൽ ട്രില്ലിങ്ങ് പറയുമ്പോലെ ഗണ്യമായ ഒരു സാംസ്കാരികാഭിവൃദ്ധി നമുക്കു കൈവന്നിട്ടുണ്ട്. ഭാവനയുടേയും, ഹൃദയത്തിൻേറയും ആശയഗതി അനുസരിച്ച് ധനം വാരിക്കോരിച്ചെലവുചെയ്യാം. പ്രതിദിനം വികസിച്ചുകൊണ്ടിരിക്കുന്ന ബുദ്ധിജീവികൾ കലാസൃഷ്ടിക്ക് പ്രചോദനമേകുന്നുണ്ട്. ചിന്തയ്ക്ക് എന്നത്തേക്കാളും കൂടുതലായ സ്വീകരണവും മൂല്യവും ഇന്നുണ്ട്.

അമേരിക്കാക്കാർ അവരുടെ ശാസ്ത്രീയവീക്ഷണത്തെ പ്രാദേശികതയിൽനിന്നും സവ്വദേശീയതയിലേക്ക് ഉയത്തിയപോലെ അവരുടെ കലാകാരന്മാർ സാവ്വലൗകികമായ ഒരു സന്ദേശം ലോകത്തിനു നൽകുമെന്നാശിക്കാം.

# അദ്ധ്യായം പതിമൂന്നു്

## വിനോദം

സൗത്ത് പസഫിക്ക് വനാന്തരങ്ങളിൽ കൂട്ടംവിട്ടു പോകുമെന്നു് പ്രതീക്ഷിക്കപ്പെട്ടിരുന്ന അമേരിക്കൻ ഭടന്മാരെ പഠിപ്പിച്ചിരുന്നു, ഒരുതുണ്ടു ചരടുകൂടി പോക്കറ്റിൽ സൂക്ഷിക്കുവാൻ. ശത്രുവർഗ്ഗത്തിൽപ്പെട്ട നാട്ടുകാരിൽ ആരെങ്കിലും സമീപിക്കുന്നതായി സംശയം തോന്നിയാൽ ആ ചരടെടുത്തു് 'ക്യാററ്സ് ക്രേഡിൽ' എന്ന കളി തുടങ്ങുവാൻ ഭടന്മാക്കു നിർദ്ദേശവുമുണ്ടായിരുന്നു. സാധാരണയായി നാട്ടുകാരും ആ കളിയിൽ പങ്കുചേരും. കളിയുടെ മുദ്ര ശത്രുതയെ അകററാനും പൊതുഭാഷയുടെ കുറവുമൂലമുള്ള വിടവു നികത്താനും ഫലപ്രദമാണു്.

പൗരാണികകാലത്തെ കളികളും ആഘോഷങ്ങളുംമുതൽ ആധുനികകാലത്തെ ഒളിമ്പിക്കു കളികൾവരെ, പണ്ടുകാലത്തു ദേവാലയങ്ങളിൽ നടപ്പുണ്ടായിരുന്ന ദാസിയാട്ടം മുതൽ ആധുനികകാലത്തെ പരിഷ്കൃതനൃത്തംവരെ, ആശകളുടേയും വാസനകളുടേയും സങ്കീർണ്ണതകൾക്കു ദേഹചലനരൂപങ്ങൾ ഉപയോഗിച്ചുവന്നു. കളിയുടെ രൂപം കലയുടെ രൂപംപോലെ, സങ്കീർണ്ണതയിൽനിന്നു് സമ്മേളനവുമാണു നൃത്തത്തിനു സൗന്ദര്യം ഏകുന്നതു്.

സമുദായത്തിലെ മനുഷ്യൻെറ ഒരു സൂക്ഷ്മോദാഹരണമാണു് ആ നൃത്തം. ഓരോ വ്യക്തിക്കും തൻേറതായ പങ്കുണ്ടു്. ഓരോരുത്തരുടേയും വ്യക്തിപരമായ പ്രവർത്തനം ഒരു പൂർണ്ണിമ ആയി സമ്മേളിക്കുന്നു. ഇതേ മാതൃകതന്നെയാണു് നമ്മുടെ പ്രധാനപ്പെട്ട വിനോദങ്ങൾക്കെല്ലാം.

അമേരിക്കൻ കളിയെ പ്രതിനിധാനം ചെയ്യുന്ന ബേസ്ബാൾ സമൂഹപ്രവർത്തനത്തെയാണു് ആശ്രയിച്ചിരിക്കുന്നതു്. എന്നാൽ അവനവൻെറ കഴിവുകൾ പരമാവധി പ്രകടിപ്പിക്കുന്നതിനും ഓരോരുത്തർക്കും സൗകര്യമുണ്ടു്. സൂക്ഷ്മത, വേഗം, ദൃഷ്ടിസൂക്ഷ്മത, കരശക്തി ഇവയെല്ലാമാണു് പ്രതി

ഫലം സിദ്ധിക്കുന്നതു്. അപ്രതീക്ഷിതങ്ങളായ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിനു കളിക്കാരനു കഴിവുണ്ടാവണം. കളിക്കളത്തിന്റെ ഇതരഭാഗങ്ങളിൽ നടക്കുന്നവയെല്ലാം ഉടനുടൻ മനസ്സിൽ കുറിക്കുവാനും, ഏതു പ്രയോഗമാണു് ഉത്തമമായിട്ടുള്ളതെന്നു് അതിശീഘ്രം തീരുമാനിക്കുവാനും അവനു കഴിവുണ്ടാകണം. ആജ്ഞകൾ കൂടാതെതന്നെ കളിസംഘം സഹകരിച്ചു പ്രവർത്തിക്കേണ്ടതുമാണു്. പരസ്പരധാരണയും പരസ്പരസഹായവും അത്യന്താപേക്ഷിതമാണു് ഇതിൽ.

ബാസ്കെറ്റു ബാൾ കളിക്കും സംഘടിതപ്രവർത്തനവും, ക്ഷിപ്രചിന്തയും, സൗകര്യങ്ങൾ ഉടനുടൻ പ്രായോഗികമാക്കുവാനുള്ള പ്രാപ്തിയും നിർബ്ബന്ധമാണു്.

1867-ൽ അമേരിക്കൻ രീതിയിൽ രൂപാന്തരംപ്രാപിച്ച ഫുട്ട്ബാളിനും കാലിന്റേയും തലയുടേയും ശീഘ്രചലനം കൂടിയേ കഴിയൂ. ശരീരങ്ങൾതമ്മിലുള്ള സംഘട്ടനവും അതിനൊരു മൃഗീയത്വം നൽകുന്നു.

കളിക്കാരോളംതന്നെ രസം കാണികൾക്കും ജനിക്കുന്നുണ്ടു്. പണ്ടുപണ്ടുള്ള അതിർത്തികാലഘട്ടം മുതലേ നീതിന്യായത്തിന്റെ ഹസ്തങ്ങളേക്കാൾ സംഘങ്ങളെയാണു നാം നമ്പിവന്നിട്ടുള്ളതു്. ഈ വികാരം ഇന്നു കളികളിലും നമ്മൾക്കു് പാരമ്പര്യേണ സിദ്ധിച്ചിട്ടുണ്ടു്. നാം സാമർത്ഥ്യമുള്ള നിയമത്തേയും ബഹളത്തിൽനിന്നു് വ്യാഖ്യാനത്തേയും സൃഷ്ടിക്കുവാൻ ശ്രമിക്കുന്നു. ഒരു ജനാവലിയുടെ വിനോദപരിപാടികളിൽനിന്നു് അവരുടെ ലക്ഷ്യങ്ങളും, ജീവിതത്തെപ്പററിയുള്ള വ്യാഖ്യാനവും കലയിൽനിന്നെന്നപോലെ വ്യക്തമായി കാണുവാൻ കഴിയും.

അമേരിക്കൻ കളികളിൽനിന്നും, വിശ്രമോപയോഗങ്ങളിൽനിന്നും നമുക്കെന്തു പഠിക്കാം?

### *കളികളും വിനോദങ്ങളും*

സ്കൊയർ ഡാൻസ് എന്നു പറയുന്ന ദേശീയനൃത്തം യൂറോപ്യൻനാടോടിനൃത്തത്തിൽനിന്നുത്ഭവിച്ചതാണെങ്കിലും, ബഹുപ്രകാരേണ അതു് അമേരിക്കനാണു്. ഗ്രാമീണോല്പത്തികൾ യോജിച്ചപ്രകാരംതന്നെ അതു സ്വഭാവത്തിൽ ഗ്രാമീണ

മാണ്. ഒരു ചതുരത്തിനു നാലു സ്ത്രീപുരുഷദ്വന്ദ്വങ്ങളായുള്ള അതിൻെറ രീതി ജന്തുശാസ്ത്രാനുസൃതദ്വന്ദ്വങ്ങളെ ഘടകങ്ങൾ ആയി സങ്കല്പിക്കയും, ആ സംഘത്തിൻെറ സഹകരണസാമ ൎത്ഥ്യത്തെ അനുവദിക്കയും ചെയ്യുന്നു. ചിന്തയുടേയും, ചലന ത്തിൻേറയും വേഗതയും ഒരു സംഘത്തിൽ ഉൾപ്പെടുകയും ചു റവുമുള്ള അനേകായിരം കാണികളുടെ ആനുകൂല്യം പ്രതീക്ഷി ക്കുകയും അങ്ങനെ സമുദായത്തിന്റെതന്നെ രക്ഷാഹസ്തത്തിൽ പെടുകയും ചെയ്യുന്നു.

### *വിശ്രമവേലകൾ*

വൎദ്ധിച്ചുവരുന്ന വിശ്രമവേളകളെ വിശ്രമവേലകൾ പ്രയോജനപ്പെടുത്തുന്നു. പൂൎവ്വകാലങ്ങളിലെ കൈത്തൊഴിലു കളിലേക്ക് ജനങ്ങൾ തിരിഞ്ഞുകൊണ്ടിരിക്കുകയാണ്. ആരാ മസംഘങ്ങളും പുഷ്പപ്രദർശനങ്ങളും നാൾക്കുനാൾ വൎദ്ധിക്കു ന്നുണ്ട്. സ്റ്റാമ്പുമുതൽ ബട്ടൺവരെയും ചെറുപാവകൾമുതൽ കൈയൊപ്പുവരെയും ശേഖരിച്ചുവയ്ക്കുന്നതിന് ആളുകൾ ഔ ത്സുക്യം പ്രദർശിപ്പിച്ചുവരുന്നു. സയാമീസ്പൂച്ചകളേയും ചി ഞ്ചില്ലാകളേയും വളൎത്തുന്നതും ഒരു വിനോദമായിത്തീൎന്നിട്ടു ണ്ട്. തന്നത്താൻ ചെയ്യുക എന്ന സിദ്ധാന്തവും വളരെ വേല കൾക്ക് വഴിതെളിച്ചിട്ടുണ്ട്. മുൻപ് ഒരു വേലയും ചെയ്ത് ശീലമില്ലാത്തവർ ഈ സിദ്ധാന്തപ്രകാരം, പുസ്തകങ്ങൾ ആയും പണിയായുധങ്ങൾ ആയും മററുപകരണങ്ങൾ ആയും 6,000,000,000 ഡോളറിനുള്ള സാധനങ്ങൾ നിൎമ്മിച്ചു വരുന്നു.

ഓരോ തൊഴിലിനും അതു സംബന്ധിച്ച ഘടനയുണ്ട്. ഈവക തൊഴിലുകളിലൂടെ പുതിയപുതിയ ആളുകളെ സുഹൃ ദ്വൃന്ദത്തിൽ ലഭിച്ചുവരുന്നുമുണ്ട്. പക്ഷികളുടെ ജീവിത രീതി കണ്ടുപഠിക്കുക തൊഴിലായിട്ടുള്ളവർ അതേ വൃത്തി യിൽ പെട്ടിട്ടുള്ളവരുമായി ഏകാന്തതകളിൽ കണ്ടുമുട്ടുന്നു. അതുപോലെതന്നെ അപൂൎവ്വങ്ങളായ തൊഴിലുകളിൽ പ്രവേ ശിച്ചിട്ടുള്ളവർ അതേ പാതകളിൽക്കൂടി സഞ്ചരിച്ചിരുന്നവ രുമായി സ്നേഹബന്ധം പുലൎത്തുന്നു.

നാടകാഭിനയവാസനയുള്ളവരെ ദേശീയനാഷനൽസംഘങ്ങൾ ആകർഷിക്കുന്നു. അഭിനയചാതുര്യം ഇല്ലാത്തവരെ രാഗസംപ്പിധാനത്തിനും, വേഷനിർമ്മാണത്തിനും ഉപയോഗപ്പെടുത്തും. നാടിൻെറ സാംസ്കാരികനില ഉയർത്തുവാൻ കഠിനാദ്ധ്വാനംചെയ്യ ഇവരെല്ലാം അതിൽനിന്നു ലഭിച്ച വിശ്രമവേളകളെ ഇവവഴി തികച്ചും ആസ്വദിക്കുകയാണ്.

ഗ്രാമീണവിദ്യാലയങ്ങളെ സാമൂഹ്യകേന്ദ്രങ്ങളാക്കുക ഒരു പഴയ പതിവാണ്. സാമ്പത്തികാധഃപതനത്താൽ പുനർജ്ജീവിക്കപ്പെട്ട ആ സമ്പ്രദായം ഇന്നു് പല വിദ്യാലയങ്ങളും പ്രായോഗികമാക്കിയിട്ടുണ്ട്. ഗൃഹോപകരണനിർമ്മാണപരിശീലനത്തിനു പൊതുജനങ്ങളും, പൊതുസമ്മേളനത്തിനു രക്ഷാകർത്താക്കന്മാരും, നൃത്തപ്രദർശനത്തിനു ചെറുപ്പക്കാരും, ചർച്ചാസമ്മേളനത്തിനു ഗ്രന്ഥാലയക്കാരും വിദ്യാലയത്തെ പ്രയോജനപ്പെടുത്താത്ത നിശകളില്ല.

ചെറുപ്പക്കാർക്കായി പൊതുകളിസ്ഥലങ്ങൾ പത്തൊമ്പതാം ശതാബ്ദത്തോടെയാണ് ഉണ്ടായിത്തുടങ്ങിയതു്. സമുദായത്തിനു് അതിനുള്ള സൗകര്യം ഇല്ലാത്തപക്ഷം സേവാസമാജങ്ങൾ അതേററുനടത്തുന്നു. ആ പരിപാടികളുടെ നിർവ്വഹണത്തിനായി 1956 ആയപ്പോഴേക്കു് എഴുപത്തിആറായിരം ജോലിക്കാരാണു് ശമ്പളത്തോടുകൂടി പ്രവർത്തിച്ചുവന്നതു്.

നഗരാരാമങ്ങളും ദേശീയാരാമങ്ങളും ഇന്നു് പൊതുജനോപയോഗങ്ങൾക്കായി മുന്നേതിലേറെ കാര്യക്ഷമങ്ങൾ ആക്കിയിട്ടുണ്ടു്. വാഷിംഗ്ടണിലെ നാഷനൽ പാർക്കാണു് ഇതിൽ മികച്ചുനില്ക്കുന്നതു്. ആധുനികരീതിയിലുള്ള പരിഷ്ക്കാരങ്ങളാലും മോട്ടോർ ഗതാഗതത്തിനുള്ള റോഡുകളാലും അതിനുള്ളിലുള്ള സൗകര്യങ്ങൾ വളരെ വർദ്ധിപ്പിച്ചിരിക്കുന്നു. ഏററവും വലുതും ഒന്നാമത്തേതും ആയ യെല്ലോ സ്റ്റോൺ പാർക്കിനു് ഏകദേശം 3,500 ചതുരശ്രമൈൽ വിസ്തീർണ്ണമുണ്ടു്. അതിനുള്ളിൽ ഉഷ്ണജലപ്രവാഹങ്ങളും, ശീതളതടിനികളും, പല നിറങ്ങളിലുള്ള മണ്ണും, പർവ്വതങ്ങളും, കുങ്കവനങ്ങളും ഉണ്ടു്. ചരിത്രപ്രാധാന്യം ഉള്ള സ്ഥലങ്ങളും യുദ്ധക്കളങ്ങളും ഇന്നു് പാർക്കുകൾ ആയി സംരക്ഷിച്ചുപോരുന്നുണ്ടു്. ലിങ്കൺ

ജനിച്ച മരക്കുടിലും, ഗെററിസ്ബർഗ്ഗ് യുദ്ധക്കളവും, പ്രഥമ കുടിയേററസ്ഥലവും ഇന്നും സംരക്ഷിച്ചുപോരുന്നു.

പൊതുജനങ്ങൾക്കു് വിനോദയാത്രകൾക്കും മററും ആയി 150 സക്കാർവനങ്ങൾ നീക്കി ഇട്ടിട്ടുണ്ടു്. നായാട്ടിനും, മീൻപിടുത്തത്തിനും വള്ളംകളിക്കും മററും അവയിൽ വേണ്ട സൗകര്യങ്ങളും ഉണ്ടു്. ഈ വനാന്തരങ്ങളിൽ നിസ്സാരമായ വാടകയ്ക്കു് താല്ക്കാലികവസതികൾ നിമ്മിച്ചു താമസിക്കുന്നതിനും ഏർപ്പാടുകൾ ചെയ്യാവുന്നതാണു്. ഓരോ സംസ്ഥാനത്തിനും സ്വന്തം ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളും, ദേവാലയങ്ങളും, ആരാമങ്ങളും ഉണ്ടു്.

അവധിക്കാലങ്ങളിൽ ഈ വിശ്രമകേന്ദ്രങ്ങളിലേക്കു് പ്രവഹിക്കുന്ന അമേരിക്കാക്കാരുടെ പെരുപ്പംമൂലം ഗതാഗതതടസ്സംപോലും സംഭവിക്കുന്നു. ചരിത്രത്തിൻെറ ഉത്ഭവം കാണാനുള്ള ആകാംക്ഷയാൽ പ്ലീമത്ത് റോക്ക്, ജഫേർസൺസ് മോണ്ടിസെല്ലോ, അലാമോ മുതലായ സ്ഥലങ്ങളിലേക്കു് അവർ കുടുംബസമേതം തിക്കിത്തിരക്കുന്നു. കഴിഞ്ഞകാലങ്ങളെക്കുറിച്ചു് ഇത്രവലിയ താല്പര്യം ഇതിനുമുമ്പു് ഉണ്ടായിട്ടേ ഇല്ല. പഴയ ചരിത്രപ്രധാനമായ നഗരങ്ങൾ കേടുപാടുകൾ പോക്കി പുതുക്കി അവയുടെ ചരിത്രമൂല്യം സംരക്ഷിക്കപ്പെട്ടുവരുന്നു.

വേനൽ അവധിയുടെ ആരംഭത്തോടെ അനേകം തൊഴിലാളികൾ നാടിൻെറ നാനാഭാഗങ്ങളിലേക്കും കുടുംബസമേതം പുറപ്പെടുകയായി. വിവിധ ദൃശ്യങ്ങൾ ആസ്വദിച്ചും വിവിധ ജനങ്ങളുമായി പരിചയിച്ചും വിവിധ രീതിയിൽ ജീവിച്ചും അവർ ആ കാലമത്രയും കഴിക്കുന്നു. സാമ്പത്തികമായി അവശതയുള്ള രക്ഷാകത്താക്കന്മാരുടെ കുട്ടികളെ ഉദ്ദേശിച്ചു ദേശീയസംഘങ്ങൾ വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ടു്.

തുടർച്ചയായ യാത്രയും കായികപ്രവത്തനങ്ങളും സങ്കീണ്ണമായ വസ്ത്രധാരണത്തെ സ്വാഭാവികമായി നിരുത്സാഹപ്പെടുത്തുന്നു. വളരെദൂരം കുതിരസവാരി ചെയ്യേണ്ടവക്കും മോട്ടോർ ഓടിക്കേണ്ടവക്കും മററും ആയി സാധാരണരീതിയിലുള്ള വേഷം അസൗകര്യപ്രദമാകയാൽ അതിനും വേണ്ട

കുറവുകൾ വരുത്തുന്നുണ്ടു്. അത്യാവശ്യത്തെമാത്രം അടിസ്ഥാനമാക്കിയാണു വസ്ത്രധാരണം. അദ്ധ്നഗ്നകളായ സ്ത്രീകളും പുരുഷന്മാരും ഇന്നു് ധാരാളമാണു്. തൽഫലമായി 'നിങ്ങൾക്കുള്ളതുപോലെ വരിക' എന്ന പരസ്യം ഒന്നാന്തരം ഹോട്ടലുകളിൽക്കൂടി പതിച്ചുതുടങ്ങിയിരിക്കുന്നു.

ഒന്നിച്ചുകഴിയാൻ കൂടുതൽ വിശ്രമസമയമുള്ള വീട്ടുകളിൽ പുതിയ സാധനങ്ങൾ നിർമ്മിച്ചുവരുന്നു. വീട്ടുകളിൽ പ്രത്യേകമായ ഒരു പണിപ്പുര നാട്ടുരീതി ആയിട്ടുണ്ടു്. അവിടെയും കളിക്കോപ്പുകൾ നിർമ്മിക്കുവാൻ കുട്ടികളെ പരിശീലിപ്പിക്കും. തന്മൂലം കളിയോടുള്ള ആസക്തിയും, വേലയും, വിശ്രമവും അവർക്കു് ഒന്നിച്ചു ലഭിക്കുന്നു.

ജോലിയിൽനിന്നു പിരിഞ്ഞ വൃദ്ധന്മാർക്കു പുതിയ പ്രവൎത്തനങ്ങളിൽ ഏർപ്പെടുവാനും സമപ്രായക്കാരുമായി കൂടിച്ചേരാനും ഉള്ള സൗകര്യങ്ങൾ ഉണ്ടാക്കിവരുന്നുണ്ടു്. നാട്ടിൽ എല്ലായിടത്തും 'വൃദ്ധപൗരന്മാരുടെ സംഘടനകൾ' സ്ഥാപിക്കപ്പെട്ടിരിക്കുന്നു. അംഗങ്ങൾ രുചിക്കനുസരിച്ചു പരിപാടികൾ സ്വീകരിക്കുന്നു. വൃദ്ധന്മാർ വിദ്യാലയബോർഡിലെ അംഗങ്ങളായിച്ചേൎന്നു് സമുദായസേവനം നടത്തിവരുന്നുണ്ടു്. അങ്ങനെ ആ വാർദ്ധക്യത്തെത്തന്നെയും സമുദായം പ്രയോജനപ്പെടുത്തുന്നു.

നാം പറഞ്ഞ വിനോദപരിപാടികൾ നിർഭാഗ്യവശാൽ ആദായം വരുത്തുന്നവയല്ലാ എന്നുള്ളതും പ്രസ്താവ്യമാണു്. ചൂതുകളികേന്ദ്രമായ നേവഡ 1955-ൽ ആ ഇനത്തിൽത്തന്നെ തകത്തതു് 60,320,000 ഡോളറാണു്. അതു് പ്രതിദിനം 3,861 ഡോളർ എന്നു വരുന്നു. ആ തുക നിരുപയോഗമായി എറിഞ്ഞുകളയുകയാണു്. പുകയില ഇനത്തിൽ പ്രതിവൎഷം ചെലവാക്കുന്നതു് ഉദ്ദേശം 500 ലക്ഷം ഡോളറത്രേ. അതിന്റെ ഇരട്ടി വിവിധ മദ്യങ്ങൾക്കും ചെലവഴിക്കുന്നുണ്ടു്.

### *എന്തിനുവേണ്ടി വിശ്രമം?*

വിശ്രമത്തിന്റെ വിവിധോപയോഗങ്ങളും, ആഹ്ലാദകരമായി ചെലവഴിക്കണമെന്നുള്ള ചിന്തയും, അമേരിക്കാക്കാരെ ഒരു് ദൃഢനിശ്ചയത്തിൽ എത്തിച്ചിട്ടുണ്ടു്. തങ്ങളുടെ കഠി

നയത്തങ്ങളുടെ ഫലങ്ങൾ തങ്ങൾക്കാസ്വദിക്കണം എന്നതാണിതു്. അതിനാൽ മറെറാരു വനാന്തരത്തെ കീഴടക്കുന്ന ആവേശത്തോടെ അവരതിൽ സ്വാഭാവികമായ ചുറുചുറുക്കോടെ പ്രവേശിക്കുന്നു.

അതിനെല്ലാം അടിയിലായി സൃഷ്ടിപരപ്രവൎത്തനങ്ങളും നടക്കുന്നുണ്ടു്. ഈ ആശയത്തെ കഴിഞ്ഞകാലങ്ങളിൽ അമേരിക്കാക്കാർ തങ്ങളുടെ തൊഴിലിനോടും കരകൗശലത്തോടും ബന്ധപ്പെടുത്തിയിരുന്നു. അവൎക്കു് ഊണും കുടിയുംപോലെ തന്നെ തൊഴിലും ആവേശകരമാണു്. ഉണ്ടാക്കുന്ന വസ്തുക്കളുടെ വൎദ്ധനവനുസരിച്ചു് അതു് ചെലവാക്കേണ്ട ആവശ്യവും അവൎക്കു് നേരിട്ടു. നിൎമ്മാണത്തിനുള്ള സമയം കുറച്ചു; ഉപഭോഗത്തിനുള്ളതു് അധികമാക്കി. ഈ പ്രധാനമായ വ്യതിയാനം അവരുടെ നിലപാടിനുതന്നെ മാററം വരുത്തി. ഒരു കാലത്തു് അമേരിക്കാക്കാരനു് പ്രവൎത്തനങ്ങളിലുണ്ടായിരുന്ന ഉത്സാഹം ഇന്നു് വിനോദത്തിലായി. അതിലവൻ ഗൗരവബുദ്ധിയും ചെലുത്തുന്നു. മററുള്ളവയിൽ എന്നപോലെ, അവയിലും വിവിധ മാതൃകകൾ സ്വീകരിച്ചേ തീരൂ.

വ്യവസായവൽക്കരണം കൈത്തൊഴിലിനും കലകൾക്കും ഏല്പിച്ച ആഘാതത്തിൽനിന്നു് അമേരിക്കാക്കാർ നിവൎന്നുതുടങ്ങിയിട്ടുണ്ടു്. നാടകകലയെ അനേകലക്ഷംപേരുടെ ഇടയിൽ പരത്തുവാൻ സാങ്കേതികജ്ഞാനം പരത്തുന്നതോടുകൂടി കലയും വ്യവസായവും അനിവാൎയ്യമായി സംയോജിക്കുന്നു. യാന്ത്രികോപകരണങ്ങൾ മനുഷ്യനെ നീണ്ട അടിമത്തത്തിൽനിന്നു മോചിപ്പിക്കുന്നതോടുകൂടി, പാരമ്പൎയ്യേണയുള്ള വിനോദങ്ങളിലേക്കും വ്യക്തിപരമായ സൃഷ്ടിപ്രവൎത്തനങ്ങളിലേക്കും അവൻ മടങ്ങുകയാണു്. ഇതാണു് സാങ്കേതികജ്ഞാനത്തിൻെറ ആവേശോദ്ദീപകമായ പ്രതിജ്ഞ. വൎദ്ധിച്ചുവരുന്ന ഭൗതികനന്മകൾ നമുക്കു് ഭൗതികവും സൃഷ്ടിപരവുമായ ജീവിതം നയിപ്പാൻ ഉള്ള സൗകൎയ്യം ഉണ്ടാക്കും.

ഒരു വലിയ വൃത്തവീഥിയിലൂടെ നാം വീണ്ടും ഈഡൻ തോട്ടത്തിൽ എത്തുന്നു എങ്കിൽ ആ യാത്ര ഫലശൂന്യമെന്നു് ആരുതന്നെ പറയും?

## അദ്ധ്യായം പതിന്നാല്

## ശാസ്ത്രവും മനുഷ്യനും

ശാസ്ത്രവും ശാസ്ത്രീയസമ്പ്രദായങ്ങളും ഒരു പുതുജീവിതത്തെ പ്രദാനംചെയ്യുമെന്നു് പ്രതീക്ഷിക്കാവുന്ന യുക്തിയുടെ ഈ കാലഘട്ടത്തിൽ ജനിച്ച അമേരിക്കൻജനായത്തം സമുദായബലത്തിനു് സർവ്വാശകളേയും ശാസ്ത്രത്തിൽ സമർപ്പിച്ചു. ബെൽ ഫ്രാൻക്ലിൻെറ പരീക്ഷണങ്ങളും തോമസ് ജഫർസൻെറ കണ്ടുപിടിത്തങ്ങളും മുതൽ ഇന്നത്തെ വ്യാവസായികോല്പന്നങ്ങൾവരെയുള്ള അമേരിക്കൻ പദ്ധതികളിൽ എല്ലാം ശാസ്ത്രത്തെ മെടഞ്ഞുചേർത്തിട്ടുണ്ടു്. ദുർഗ്രഹമോ അത്ഭുതം തോന്നിക്കുന്നതോ ആയ ഒരു വസ്തു ആയിട്ടല്ലാ; സാധാരണക്കാരൻെറ സേവകൻ എന്ന നിലയ്ക്കും ഉല്പാദനവും പ്രയോജനങ്ങളും വർദ്ധിപ്പിക്കുന്ന ജനായത്തനടപടിക്കു് അത്യന്താപേക്ഷിതമായ ഒരു സൃഷ്ടിശക്തി എന്ന നിലയ്ക്കും ആണതു്. കാര്യക്ഷമമായ കയററിയിറക്കുകളാലും വിനിമയങ്ങളാലും താല്പര്യങ്ങളേയും ചുമതലകളേയും വിപുലീകരിച്ചു് പ്രയോജനകലകളെ ഗൃഹത്തിൽ എത്തിച്ചു്, സ്ത്രീപുരുഷന്മാരുടെ കർത്തവ്യങ്ങളെ മാററിമറിച്ചു് ജീവിക്കുവാൻ ശാസ്ത്രം നമുക്കു് കൂടുതൽ വിസ്തൃതമായ ലോകം നൽകുന്നു. അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന പരിവർത്തനങ്ങളുടെ ശീഘ്രതയാൽ നമ്മുടെ കുട്ടികൾ വേണ്ടിയിരിക്കുന്നു അവ നമ്മെ പറഞ്ഞു മനസ്സിലാക്കുവാൻ.

ശാസ്ത്രം ആയുസ്സു വർദ്ധിപ്പിക്കുകയും ശിശുമരണം കുറയ്ക്കുകയും ചെയ്യുന്നതിനാൽ നമ്മുടെ ഇടയ്ക്കുള്ള വൃദ്ധന്മാരുടേയും ശിശുക്കളുടേയും അനുപാതക്രമം മാറിവരുന്നു. പ്രസവം ഇഷ്ടാനുസരണം നിയന്ത്രിക്കുവാൻ സാദ്ധ്യമായിട്ടുള്ളതിനാൽ ശിശുക്കൾ ഒരു ഭാരമായിത്തീരാതെ കുടുംബത്തിനു് ആഹ്ലാദം പരത്തുന്നു. അനേകവിധരോഗങ്ങളെ നിശ്ശേഷം നശിപ്പിക്കുകയും, മററു ചിലതുകൾക്കു് ചികിത്സ കണ്ടുപിടിക്കുകയും

യാതനകൾക്ക് നിവാരണം കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഭക്ഷ്യദൗർലഭ്യം പരിഹരിക്കുവാനും ഒററയടിക്ക് മനുഷ്യ രാശിയെ സമൂലം നശിപ്പിക്കുവാനും ഇന്നു സാദ്ധ്യമായിട്ടുണ്ട്.

ശാസ്ത്രത്തെ ഒരു പണിയായുധമാക്കി മാററിയതിൻെറ ഫലമാണ് ഇന്നു നാം കാണുന്ന പരിഷ്കാരം. വെറും താത്വി കസിദ്ധാന്തങ്ങൾ ആയി പരീക്ഷണശാലകളിൽനടന്നുവന്ന ഗവേഷണങ്ങൾ ഇന്ന് പ്രായോഗികമായി വിക്രയോല്പന്ന നിർമ്മാണത്തിന് പ്രയോജനപ്പെടുത്തുന്നു. ഗവേഷണംകൊണ്ടുമാത്രം വൻകിടവ്യവസായങ്ങൾ പൊങ്ങിവരികയും നൈലോൺ, പ്ലാസ്റ്റിക്ക് മുതലായ പുതുവസ്തുക്കൾ വിപണിയിൽ ഇറങ്ങുകയും ചെയ്തിട്ടുണ്ട്.

പ്രശ്നങ്ങളെ സമീപിക്കുന്നതിനും പരിഹാരങ്ങൾ കണ്ടു പിടിക്കുന്നതിനുമുള്ള ശരിയായ ഒരു മാർഗ്ഗം അഥവാ സ്വഭാവ മെന്ന നിലയിൽ ശാസ്ത്രത്തിൻെറ പ്രാധാന്യം പൊതുജനം അംഗീകരിച്ചിട്ടുണ്ട്. അജ്ഞതയ്ക്കും അന്ധവിശ്വാസത്തി നും ഒരു പ്രതിവിധി ആകുന്നുണ്ട് അതിൻെറ സമ്പ്രദായ ങ്ങൾ. പ്രചരണക്കാർക്ക് ഒരു സുശക്തോപകരണം ആയി ഉപയോഗിക്കത്തക്കവിധം ശാസ്ത്രീയപരീക്ഷണങ്ങൾ വിശ്വാ സയോഗ്യമായിട്ടുണ്ട്. "അഞ്ചിൽ നാലു ഡോക്ടർമാരും സമ്മ തിക്കുന്നു" "എഞ്ചിനീയർമാർ സംതൃപ്തി സൂചിപ്പിക്കുന്ന കാർ" എന്നെല്ലാമുള്ള വാചകങ്ങൾ അവർ പ്രചരണാർത്ഥം സൂചിപ്പിക്കുന്നു.

ആധുനികലോകത്ത് ശാസ്ത്രത്തിനുള്ള കേന്ദ്രസ്ഥാനത്തെ അംഗീകരിച്ച് "ശാസ്ത്രസംബന്ധമായ ഗവേഷണങ്ങളേയും വിദ്യാഭ്യാസത്തേയും പുരോഗമിപ്പിക്കുന്നതിനും പ്രോത്സാഹി പ്പിക്കുന്നതിനും" "പൊതുജനക്ഷേമത്തിൽ...ഗവേഷണങ്ങ ളുടെ സ്വാധീനതകളെ പ്രചരിപ്പിക്കുന്നതിനും" 1950-ൽ കോൺഗ്രസ്സ് നാഷണൽ സൈൻസ് ഫൗണ്ടേഷൻ സ്ഥാപി ച്ചു. ആ സ്ഥാപനത്തെ സംബന്ധിച്ച് നിശിതനിരൂപണ ങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും അതു് സ്തുത്യർഹങ്ങൾ ആയ പല പരിപാടികളുമുണ്ടാക്കി നടപ്പിൽവരുത്തിയിട്ടുണ്ട്. അടിസ്ഥാ നശാസ്ത്രങ്ങൾക്ക് ഉപയോഗശാസ്ത്രത്തേക്കാൾ പ്രാമാണ്യം നല്കു ക, ശാസ്ത്രജ്ഞന്മാരുടെ എണ്ണം വർദ്ധിപ്പിക്കുവാൻ സെക്കണ്ടറി

സ്കൂൾ ശാസ്ത്രപാഠം പരിഷ്ക്കരിക്കുക, രഹസ്യജോലികൾ കുറയ്ക്കുക ഇങ്ങനെ പലതും.

## *ശാസ്ത്രവും സമുദായപരിഷ്കാരവും*

അമേരിക്കാക്കാരനു് എപ്പോഴുമുള്ള ഒരു ചിന്ത സമുദായം നന്നാക്കണമെന്നു മാത്രമാണു്. ഒരു സംസ്കാരത്തിനു് പ്രോത്സാഹനകരമായിത്തീരുന്നതു്, അതിലുൾപ്പെട്ട അംഗങ്ങൾ സഹിക്കേണ്ടിവരുന്ന ഉന്നതനിലവാരത്തിലുള്ള വിമർശങ്ങളാണു്. സ്വാതന്ത്ര്യപരവും ഇടുങ്ങിയതുമാണെങ്കിലും താല്പര്യങ്ങൾ വിജയിച്ചേക്കാം. പക്ഷേ, ശാസ്ത്രപരമായ തെളിവുകൾക്കാണു് മുൻതൂക്കമെന്നു് പൊതുവെ അംഗീകരിച്ചിട്ടുണ്ടു്.

എതിർപ്പിൽനിന്നാണു്, പതിനേഴാംശതകത്തിൽ യൂറോപ്പിന്റെ നിലയിൽനിന്നു് നമ്മുടെ രാഷ്ട്രം ഉയർന്നതു്. അമേരിക്കൻസമുദായത്തിന്റെ ജന്മവാസനതന്നെ, വിപ്ലവത്തിൽക്കൂടിയുള്ള പരിഷ്കാരം ആണു്. ആദ്യമായി ദൈവത്തിലും പിന്നെ മനുഷ്യപുരോഗതിയിലുമുള്ള വിശ്വാസത്തിൽ അടിയുറപ്പാണിതു്. ധാർമ്മികമായ അഥവാ മതപരമായ സ്വഭാവം അമേരിക്കൻപ്രകൃതത്തിൽ ഇന്നും നിലനില്ക്കുന്നു. അതിനാലാണു് മാർക്സിന്റേയും ലെനിന്റേയും സിദ്ധാന്തങ്ങൾകേട്ടു തഴമ്പിച്ചവർ അമേരിക്കൻസമ്പ്രദായത്തിൽ പരിഷ്കാരം കാണാത്തതും കണ്ടാൽത്തന്നെ അതിൽ സംശയം പ്രദർശിപ്പിക്കുന്നതും.

പ്രതിഷേധരൂപത്തിലും പരിഷ്കാരരൂപത്തിലും അമേരിക്കയിൽ ഉണ്ടായിട്ടുള്ള വിപുലസാഹിത്യത്തെപ്പററി വിദേശങ്ങളിൽ അറിവില്ല. അമേരിക്കായുടെ ആരംഭംമുതലേ തുടങ്ങിയതാണു് ഇത്തരം സാഹിത്യനിർമ്മാണം. വില്യം ബ്രാഡ്ഫോർഡ്, 'പ്ലിമത്ത് പ്ലാന്റേഷനെപ്പററി' എഴുതിയ ഗ്രന്ഥമാണു് ആദ്യകൃതി. കോളനികാലഘട്ടങ്ങളിലൂടെ ആ രീതി ജെഫർസൺന്റെ ഘട്ടംവരെ എത്തുന്നു. ആ സരണിയിലൂടെ സഞ്ചരിച്ചവരിൽ പ്രധാനികൾ വില്യം ലോയിഡ് ഗാരിസൺ, സൂസൻ ബി. ആൻറണി, ലോയിഡ് എന്നിവരും 1840—50 കൊല്ലങ്ങളിലെ വേദപ്രചാരകന്മാരുമായിരുന്നു.

ബ്രെയൻ, ടെഡി റൂസ്‌വെൽട്ട് എന്നിവർമുതൽ വിത്സൺ, ലാ ഫോളററ് എന്നിവർവരെയും അവിടെനിന്ന് ന്യൂഡീൽ, ഐസൻഹോവർവരെ എന്നിവർവരെയും രാഷ്ട്രമീമാംസയെ പരിഷ്കാരങ്ങൾ മയപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ സാമൂഹ്യപരിഷ്കാരപ്രമാണത്തെ യാഥാസ്ഥിതിക കക്ഷി സ്വന്തമായി സ്വീകരിച്ചിരിക്കുകയാണ്. പുരോഗമന കക്ഷിയുടെ പരിഷ്കാരനിർദ്ദേശങ്ങൾ എന്നെങ്കിലും ഒരിക്കൽ നിയമമാവുകതന്നെചെയ്യുന്നു.

പ്രതിഷേധ-പരിഷ്കാരപ്രസ്ഥാനത്തിന് ആധാരമായി രണ്ടു തത്വങ്ങൾ ആണുള്ളത്. പ്രതിദിനം ഉയരുന്ന ഒരു ജീവിതത്തോതുണ്ടാക്കാൻ മനുഷ്യബുദ്ധിക്കും ശാസ്ത്രജ്ഞാനത്തിനും കഴിയുമെന്നുള്ളതാണ് ഒന്ന്. ഉല്പന്നങ്ങൾ തുല്യമായി വിതരണം നടത്തണമെന്നത് രണ്ടാമത്തേത്. ഇതുരണ്ടും അമേരിക്കൻ തത്വസംഹിതയായിട്ടുണ്ടെന്ന് പ്രധാന കക്ഷികൾ എല്ലാം സമ്മതിച്ചുകഴിഞ്ഞിട്ടുണ്ട്. ഒരു അഖിലലോകപദ്ധതിയിലൂടെ മാത്രമേ സ്വക്ഷേമം നിലനിൽക്കു എന്ന് അടുത്തകാലത്ത് എല്ലാ കക്ഷികളും ജനങ്ങളും മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ട്.

യുക്തിയുടെ കാലഘട്ടത്തിന്റേയും പ്യൂരിട്ടൻ പ്രതിഷേധത്തിന്റേയും സംയോജനവും, ശാസ്ത്രീയപദ്ധതികളുടെ വളർച്ചയോടൊപ്പം ക്രിസ്തുമതസന്ദേശങ്ങളും, ഐക്യനാടുകളിലെ ജനങ്ങളുടെ ഉന്നതിക്കായുള്ള ഉപകരണങ്ങളായി സ്വീകരിക്കപ്പെട്ടു. ഈ സാമുദായികപരീക്ഷണങ്ങളുടെ പരീക്ഷണശാലകൾ ആയിത്തീർന്നു നാട്ടുമുഴവൻ. വനപ്രദേശങ്ങളിലുള്ള കുടിയേററക്കോളനികൾ പുതുപരിപാടികൾ രൂപവൽക്കരിച്ചു. മതപാഠശാലകളും സുവിശേഷക്ലാസ്സുകളും അവ ആരംഭിച്ചു.

ഇവ സാമുദായികപരീക്ഷണശാലകളായിരുന്നു. പിൽക്കാലങ്ങളിൽ സാമുദായികശാസ്ത്രജ്ഞന്മാർ അവയുടെ വിജയപരാജയങ്ങളെപ്പറ്റി പഠിക്കുകയും അവയ്ക്കു പററിയ പ്രതിവിധികൾ കണ്ടുപിടിക്കയും ചെയ്തു.

വൻതോതിലുള്ള തെളിവുകളിൽനിന്നും ശാസ്ത്രജ്ഞന്മാർ സാമുദായികസ്ഥാപനങ്ങളെപ്പററിയും വേണ്ട പരിജ്ഞാനം സമ്പാദിച്ച് അതിൽനിന്നും അവർ സാമുദായികപ്രകൃത

ങ്ങളെ പ്രവചിക്കുന്നതിനും സാമുദായികദൂഷ്യങ്ങളെ പരിഹരിക്കുന്നതിനും പരിചയം നേടി.

ഡാർവിൻേറയോ ഫ്രൂഡിൻേറയോ തത്വങ്ങൾ എന്നവണ്ണംതന്നെ അവരുടെ തത്വങ്ങളും ജനഹൃദയങ്ങളിൽ പതിച്ചു. സാമൂഹ്യശാസ്ത്രസിദ്ധാന്തങ്ങൾ ശാസ്ത്രത്തിൻെറ ഒരു ഭാഗമായിത്തീന്നതോടെ സാമുദായികരീതിയിലേക്കുള്ള അതിൻെറ പുരോഗമനവും സുനിശ്ചിതമായി. പക്ഷേ, സമുദായത്തിലെ ദുഷിച്ച പാട്ടുകൾ മുറിച്ചുനീക്കേണ്ടവയാണു്. ശാരീരികമായ രോഗങ്ങളെ ഒരു ഡോക്ടർ എന്നപോലെ, വർഗ്ഗീയ ഭിന്നത, യുവാക്കളുടെ നിരുത്തരവാദിത്വം, ഗൃഹത്തകർച്ചകൾ മുതലായ സാമുദായികരോഗങ്ങളെ സുഖപ്പെടുത്തുവാനുള്ള പരിപാടികൾ സാമുദായികഡോക്ടർ ശുപാർശ ചെയ്യേണ്ടതാണു്.

സാമുദായികാവശ്യകതകളുടെ കണക്കെടുത്തപ്പോഴാണു് ഈ ജോലി ആരംഭിച്ചതു്. ഏററവും വലിയ പ്രശ്നം അഭിമുഖീകരിക്കേണ്ടിവന്നതു് ഗ്രീൻവില്ലിലും ദക്ഷിണകരോളിനായിലുമായിരുന്നു. അവിടത്തെ നീഗ്രോകളുടെ ആവശ്യങ്ങൾ മനസ്സിലാക്കലായിരുന്നു വിഷമം. ഇതിനെ ഒരു സവ്വജന പ്രശ്നമായി പരിഗണിച്ചു് കമ്യൂണിറ്റികൗൺസിൽ ഒരു സമിതി രൂപീകരിച്ചു. അതിൽ പ്രശ്നങ്ങളുടെ എല്ലാ വീക്ഷണഗതികളേയും പ്രാതിനിധ്യം ചെയ്യുന്ന വെള്ളക്കാരും നീഗ്രോകളും ഉൾപ്പെടുകയും ചെയ്തു. പന്ത്രണ്ടു സത്യാന്വേഷണക്കമ്മിററികൾ എല്ലാ പ്രശ്നങ്ങളും സംബന്ധിച്ചുള്ള തെളിവുകൾ തെരക്കി ശേഖരിച്ചു. ഓരോ കമ്മിററിക്കും നായകന്മാരായി ഒരു വെള്ളക്കാരനും ഒരു നീഗ്രോവും ആണുണ്ടായിരുന്നതു്. ഇതിൽ സഹകരിച്ചു് കണക്കെടുക്കുന്നതിനു് ഇരുനൂറുപേർ സഹായിച്ചു.

ഈ കണക്കുകൾ ഗ്രീൻവില്ലിലെ ജനങ്ങൾക്കു ബോദ്ധ്യപ്പെട്ടപ്പോൾ ഭവനപദ്ധതികളും ചാളക്കുടിൽപരിഷ്കരണങ്ങളും നടപടിയിലായി. വൈദ്യസംഘങ്ങളിലേക്കു് നീഗ്രോ ഡോക്ടറന്മാരും തെരഞ്ഞെടുക്കപ്പെട്ടു. അങ്ങനെ തുടങ്ങിയ സഹപ്രവത്തനംതന്നെ പുരോഗമനപരമായ കാൽവയ്പിനെയാണു കുറിക്കുന്നതു്.

ഈവിധം ഒരു ഉത്തമസമുദായം നിമ്മിക്കുക എന്ന ആശയം അമേരിക്കാക്കാരെ ആദ്യം മുതല്ക്കേ ആകഷിച്ചുവന്ന ഒന്നാണ്. ഈ സ്വപ്നം ഫലപ്രാപ്തിയിൽ എത്തിക്കുവാൻ എല്ലാവിധ സമുദായ സേവനങ്ങളും ഉപയോഗിക്കപ്പെട്ടു. വിനോദ പരിപാടികൾ, കുടുംബസേവനകേന്ദ്രങ്ങൾ, മാനസികരോഗ വൈദ്യശാലകൾ, ശിശുപരിപാലനസ്ഥാപനങ്ങൾ, സ്കൗട്ട് പ്രസ്ഥാനം, വൃദ്ധജനക്ഷേമകേന്ദ്രം, അനാഥശിശുമന്ദിരം മുതലായവയെല്ലാം ഇതിന്റെ ഫലമായി ഉത്ഭവിച്ചു. ഈ വമ്പിച്ച പരിപാടികൾക്കു വേണ്ടിവരുന്ന ചെലവുകൾക്കായി പണം പിരിച്ചുനടന്നതു് ഇരുപതുലക്ഷം ജനങ്ങളാണ്. അവർ പിരിച്ച സംഖ്യ ഏകദേശം 300,000,000 ഡോളറുമാണ്. ഈവക പ്രവത്തനങ്ങൾക്കായി വിനിയോഗിച്ച മണിക്കൂറുകളും അനേകായിരം. ഒരു സമുദായത്തെ ഉദ്ധരിക്കുക എന്നതു് ഗവമ്മെൻറിനെക്കൊണ്ടു സാദ്ധ്യമാകുന്ന ഒന്നല്ല. വ്യക്തിപരമായ സന്നദ്ധത സമുദായത്തിൽ ഉണരുന്നതു മാത്രമാണ് അതിനുള്ള പരിഹാരം.

സാമൂഹ്യശാസ്ത്രത്തിലെ നിഗമനങ്ങൾ സമുദായത്തിന്റെ വിവിധവശങ്ങളിലും പ്രായോഗികമാക്കുന്നുണ്ടു്. പള്ളികളിലും വിദ്യാലയങ്ങളിലും വ്യവസായങ്ങളിലും കലാലോകത്തും അതിന്നു നാൾക്കുനാൾ വദ്ധിച്ചുവരുന്നു. മനുഷ്യർ തമ്മിലുള്ള പരസ്പരബന്ധങ്ങളെപ്പറ്റി സാങ്കേതികമായ പരിജ്ഞാനം സാമുദായികപ്രവത്തനങ്ങൾമൂലം ഉണ്ടാകുന്നു. അതു് തൊഴിലാളികളെ മുതലാളികളുമായി രഞ്ജിപ്പിക്കുന്നതിനും, പൊതുജനാഭിപ്രായത്തിൽ സ്വാധീനത ചെലുത്തുന്നതിനും സഹായിക്കുന്നു. ആളുകൾക്കു് ആവശ്യമുള്ളതെന്തെന്നറിവാൻ പരസ്യക്കാർ വോട്ടെടുപ്പു നടത്തുക പതിവുണ്ടു്.

മനുഷ്യനന്മയ്ക്കുവേണ്ടി ശാസ്ത്രീയനേട്ടങ്ങളെ പ്രായോഗികമാക്കിയിട്ടുള്ളതിൽ അതിപ്രധാനമായതു് ടി. വി. എ. ആണ്. അതിൻെറ സാങ്കേതികനേട്ടങ്ങളെ നേരത്തെതന്നെ സൂചിപ്പിച്ചിട്ടുണ്ടു്. അതിൻെറ സാമുദായികനേട്ടങ്ങളാണു കൂടുതൽ പ്രധാനം. വിമുഖതയുള്ള സമുദായങ്ങളിൽ അടിച്ചേല്പിക്കാതെ, അതു ക്ഷമാപൂവ്വം, പരിപാടികളിലുള്ള താല്പയ്യത്തെ സമുദായത്തിൽ ജനിപ്പിക്കുന്നു. ഉദ്യോഗസ്ഥന്മാർ കർഷക

ഗൃഹങ്ങൾ സന്ദർശിച്ച് ഗ്രാമീണവിദ്യാലയങ്ങളിൽ അവരെ സമ്മേളിപ്പിച്ച്, സഹകരണംമൂലം എന്തു കൈവരുത്തുവാൻ സാധിക്കുമെന്ന് അവരെ പഠിപ്പിക്കുന്നു. അങ്ങനെ ക്രമേണ വിശ്വാസം ഉറയ്ക്കുന്നു. കൃഷിസമ്പ്രദായങ്ങൾ മാറുകയും വിളവുകൾ അഭിവൃദ്ധിപ്പെടുകയും ചെയ്യുന്നു. സാമൂഹ്യബോധം ശക്തിപ്പെട്ടു. ശുചീകരണം, താമസം, വിദ്യാഭ്യാസം, വിനോദം ഇവയെല്ലാം അഭിവൃദ്ധിപ്പെടുന്നുണ്ട്. അതിന്റെ ഗുണങ്ങൾ പൊതുജനങ്ങൾക്കു ലഭ്യമാകത്തക്കവിധം സർക്കാർ ഉപയോഗപ്പെടുത്തുന്നു. കാര്യമായ മാറ്റം ആത്മാർത്ഥസേവനത്താലേ ലഭ്യമാകുവെന്നു വിശ്വസിക്കുന്ന ഗവമ്മെന്റ് നിസ്വാർത്ഥസേവനങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.

*പുതിയ അതിർത്തികൾ*

ഒരു വയററിൽവേദന മാററുന്നതിനോ തളർന്ന കാൽ ശരിയാക്കുന്നതിനോ വൈദ്യശാസ്ത്രത്തിന് സാധിച്ചേക്കാം. വിലകുറഞ്ഞ ഭക്ഷ്യസാധനങ്ങൾ വൻതോതിൽ നിർമ്മിക്കുന്നതിനും മനുഷ്യൻെറ വിശപ്പടക്കുന്നതിനും കാർഷികശാസ്ത്രത്തിനു കഴിവുണ്ടാകാം. പക്ഷേ, അതു സമരത്തിൻെറ അർദ്ധഭാഗം മാത്രമേ ആകുന്നുള്ളു. തങ്ങളുടെ സ്ഥാപനങ്ങൾ വരുത്തിവയ്ക്കുന്ന സമ്മർദ്ദങ്ങളാൽ മനുഷ്യൻ രോഗങ്ങളിൽനിന്നുള്ളതിനേക്കാൾ കൂടുതൽ കെടുതികൾ അനുഭവിക്കുന്നു. രോഗാണുക്കളും പകർച്ചവ്യാധികളും വരുത്തിവയ്ക്കുന്നതിലേറെ വിപത്ത് ശണ്ഠ, മാത്സര്യം, പരധനേച്ഛ മുതലായവ വരുത്തുന്നുണ്ട്.

അതിനാൽ പ്രകൃതിശാസ്ത്രവും സമുദായശാസ്ത്രവും ഒന്നിച്ചുചേർന്ന് ഇതിനൊരു പരിഹാരം ആരായുന്നു. ഡോക്ടർ മനശ്ശാസ്ത്രവിദഗ്ദ്ധനെ സമീപിക്കുന്നു. ഇൻഡ്യയിലോ തായ്‌ലാൻഡിലോ പുതിയ സമ്പ്രദായം പ്രചരിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന കാർഷികവിദഗ്ദ്ധൻ, അതു് അവരുടെ ആചാരമര്യാദകളെ അതിലംഘിച്ച് തൻെറ പരിപാലനങ്ങൾക്കു പ്രതിഷേധം ജനിപ്പിക്കുകയില്ലാ എന്നു ബോദ്ധ്യം വരുത്തുന്നതിന് നരവംശശാസ്ത്രജ്ഞനെ സമീപിക്കുന്നു. അതുപോലെതന്നെ ഒരു പുതിയതരം യന്ത്രം പ്രചരിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന വ്യവസായി ആദ്യമായി പൊതുജനങ്ങളോടും പിന്നീടു തന്റെ ഭരണ

കൂടത്തോടും ഒടുവിൽ യൂണിയൻ പ്രതിനിധികളോടും ശ്രദ്ധാപൂർവ്വം ആലോചിക്കുന്നു.

ഈ പ്രശ്നങ്ങളുടെ പരിഹാരത്തിനായി ഒരു സംയുക്താക്രമണം നടത്തുന്നതിന് സാമൂഹ്യശാസ്ത്രവും പ്രകൃതിശാസ്ത്രവും മാത്രമല്ല സംയോജിക്കുന്നത്. ജീവശാസ്ത്രത്തെ ഒരിക്കൽ ഒഴിച്ചുമാറ്റിയിരുന്ന ഊർജ്ജതന്ത്രവും, രസതന്ത്രവും വിടവുകൾ നികത്തുവാനായി പ്രവേശിച്ചിട്ടുണ്ട്. അതുപോലെ സാമൂഹ്യശാസ്ത്രത്തിനും ജീവശാസ്ത്രത്തിനും ഇടയിലുള്ള വിടവും നികന്നുവരുന്നു. ജീവശാസ്ത്രപരമായ പ്രവർത്തനങ്ങളെപ്പറ്റിയുള്ള രസതന്ത്രജ്ഞാനം വർദ്ധിച്ചുവരുംപോലെതന്നെ സാമുദായികരീതികളുടെ ജന്തുശാസ്ത്രാടിസ്ഥാനവും കൂടുതൽ വ്യക്തമായിവരുന്നുണ്ട്. ആ കണ്ണികളെല്ലാം ഒന്നിച്ചുചേരുമ്പോൾ രസതന്ത്രപരിജ്ഞാനത്താൽ മനുഷ്യപ്രകൃതത്തേയും സാമുദായികപുരോഗതിയേയും നിയന്ത്രണവിധേയമാക്കാൻ കഴിഞ്ഞേക്കാം.

യന്ത്രവിശേഷങ്ങളേയും സമുദായത്തേയും നിയന്ത്രിക്കുന്നതിനുള്ള ഒരു ഉപാധിയായിട്ടുണ്ട്, സന്ദേശപാനം അഥവാ "സൈബർനെററിക്" ശാസ്ത്രം. ഈ ശാസ്ത്രത്തിൽ ഭാഷ, വിനിമയോപാധി, കണക്കുകൂട്ടൽയന്ത്രങ്ങൾ മാത്രമല്ല, സമുദായത്തെ നിയന്ത്രിക്കുന്ന ചിഹ്നവിനിമയത്തെ സംബന്ധിക്കുന്ന എല്ലാററിനേയും നോർബർട്ട് വൈനർ ഉൾപ്പെടുത്തുന്നു.

'എലക്ട്രിക്ക് ബ്രെയിൻ' എന്നു പറയുന്ന കണക്കുകൂട്ടൽയന്ത്രം അനേകവർഷങ്ങൾ വേണ്ടിവരുന്ന വേല ഏതാനും നിമിഷങ്ങൾക്കകം ചെയ്തുതീർക്കുന്നു. ഒരു ഭാഷയിൽനിന്നു മറുഭാഷയിലേക്കു ഗ്രന്ഥങ്ങൾ വിവർത്തനം ചെയ്യുന്നതിനുള്ള യന്ത്രങ്ങളും കണ്ടുപിടിച്ചുവരുന്നുണ്ട്. ജീവിതകാലം മുഴുവൻ തലപുണ്ണാക്കിയിരുന്ന കഠിനയത്നങ്ങളിൽനിന്നും യന്ത്രങ്ങൾ മൂലം മനുഷ്യനു മുക്തി ലഭിക്കുന്നു. അവന്റെ സൃഷ്ടിപരപ്രവർത്തനങ്ങൾ പൂർണ്ണമായി പ്രകാശിക്കുന്ന കാലം ആസന്നമാണു്.

***ജനായത്തത്തിന്റെ ശാസ്ത്രം***

ഒരു ജനായത്തസമുദായത്തിന് പ്രയോജനകരമായിതീരത്തക്കവിധം ശാസ്ത്രത്തേയും ശാസ്ത്രസമ്പ്രദായങ്ങളേയും

വിനിയോഗിച്ചിട്ടുള്ള ദാൎശനികസിദ്ധാന്തമാണു് പ്രയോജന തത്വശാസ്ത്രം (പ്രഗ്മാററിസം). അടങ്ങുകിടക്കുന്ന തത്വ സിദ്ധാന്തങ്ങളെ മുറുകെ പിടിച്ചല്ല ഒരു പ്രവൎത്തനത്തി ന്റെ അനന്തരഫലങ്ങളെ പരിശോധിച്ചാണു് നന്മതിന്മക ളേയും, സത്യാസത്യങ്ങളേയും തിരഞ്ഞെടുക്കുവാൻ സാദ്ധ്യമാ കുന്നതെന്നു് അതു സമൎത്ഥിക്കുന്നു. ഒരു അചഞ്ചല തത്വസമ്പ്ര ദായത്തിന്റെ ഭാഗമാണു് ലോകമെന്നും അതൊരിക്കൽ കണ്ടു പിടിച്ചാൽ സൎവ്വപ്രശ്നങ്ങളും പരിഹരിക്കപ്പെട്ടുമെന്നും ഉള്ള ആശയത്താൽ ദാൎശനികശാസ്ത്രമെല്ലാം മിക്കവാറും തെററിദ്ധ രിക്കപ്പെട്ടിരുന്നു. പ്രയോജന തത്വശാസ്ത്രം ലോകത്തെ നിത്യ ചഞ്ചലവസ്തുവായി ദൎശിക്കുന്നു. വിശ്വാസപ്രമാണവും പൂൎണ്ണ താഭിമാനവും ഇതിന്റെ പക്ഷത്തിൽ നിരൎത്ഥകമാണു്.

പ്രയോജനതത്വശാസ്ത്രത്തിനു് ആ നാമധേയം നല്കി അ തിനൊരു നിൎവ്വചനമെഴുതിയ വില്യം ജേംസ് ദാർശനികസി ദ്ധാന്തങ്ങളെ ഖണ്ഡിച്ചു. ഏതെങ്കിലും ഒരു പ്രശ്നത്തിന്റെ ഉ രകല്ലു് അതിനു മനുഷ്യലോകത്തിലുള്ള പ്രായോഗികഫലങ്ങ ളാണെന്നു് ഊന്നിപ്പറഞ്ഞു. അററമില്ലാത്ത ഭൗതികാതീതവാ ദങ്ങളുടെ സത്യം പരീക്ഷിക്കാൻ പ്രയോജനത്തെ അദ്ദേഹം ഉ പയോഗപ്പെടുത്തി. ജേംസ് പറഞ്ഞു, "വിശ്വാസംവഴിക്കും വ്യക്തമായ കാരണങ്ങൾവഴിക്കും നല്ലതാണെന്നു തെളിയുന്ന തെന്തോ അതാണു സത്യം."

തത്വശാസ്ത്രത്തെ ശാസ്ത്രീയപദ്ധതികളുമായി കൂട്ടിയിണ ക്കിയതും സാധാരണ ലോകവ്യവഹാരങ്ങളുടെ സേവനത്തിനാ യി അതിനെ പ്രയോജനപ്പെടുത്തിയതും ജോൺ ഡേവിയാണു്. അന്ത്യഫലങ്ങളുടെ മൂല്യം കണക്കാക്കുന്നതിനുള്ള ഏക വിധി അതിലേക്കുള്ള മാൎഗ്ഗങ്ങൾ എന്തുചെയ്യുമെന്നു നോക്കിയാണെ ന്നു് അദ്ദേഹം ശഠിച്ചു. മാൎഗ്ഗം ഫലത്തിന്റെ ഒരു ഭാഗമാണു്. നാം തെരഞ്ഞെടുത്ത വഴി ശരിയാണോ എന്നു ഫലം കാണു ന്നതുവരെ നമുക്കറിഞ്ഞുകൂടാ. ആദർശഭക്തി ഫലങ്ങളെ ആസ്പദമാക്കി വിധി നിൎണ്ണയിക്കുന്നതിൽനിന്നും നമ്മെ വിമു ക്തരാക്കുന്നില്ല.

ശാസ്ത്രീയപദ്ധതികളിലൂടെ സമുദായ പുനർനിൎമ്മാണ ത്തിനുള്ള താത്വികാടിസ്ഥാനം ജോൺ ഡേവി നിൎമ്മിച്ചുവരു

മ്പോൾ ഒളിവർ വെൻഡൽ ഹോംസ് എന്ന പണ്ഡിതൻ യഥാതഥമെന്നു വിളിക്കുന്ന ഒരു നിയമപ്രസ്ഥാനം നയിക്കുന്നുണ്ടായിരുന്നു. നിയമം അവ്യക്തമായ ഒരു വസ്തുവായി ഗണിക്കപ്പെടേണ്ടതല്ല. അതു മനുഷ്യനെ മാററിക്കൊണ്ടിരിക്കുന്ന ആവശ്യതകളെ പുരോഗമിപ്പിക്കുന്നതിനുള്ള ഒരു ഉപകരണമാണ്. സാമുദായികമാററങ്ങൾക്കു് ഉത്തരവാദിയുമാണതു്—ഇതാണ് ഹോംസിൻെറ മതം.

പൂർവ്വകാലങ്ങളുടെ ഒരു വിവരണം മാത്രമല്ല ചരിത്രമെന്നും വർത്തമാനകാലത്തെ മനസ്സിലാക്കുന്നതിനും ഭാവിയെ സ്വാധീനപ്പെടുത്തുന്നതിനും ഉള്ള ഒരുപകരണമാണതെന്നും ജോസ് ഹാർവ്വേ റോബിൻസൻ പഠിപ്പിച്ചു. അങ്ങനെ ചരിത്രം സമുദായശാസ്ത്രത്തിൻെറ ബന്ധുവായി. വ്യാവസായിക വിപ്ലവത്താൽ വളർത്തപ്പെട്ട ശാസ്ത്രീയവീക്ഷണഗതി രാഷ്ട്രീയ കാര്യങ്ങളിലേക്കും പടരുന്ന ഒരു കാലം ഉണ്ടാകുമെന്ന് ഡേവിയും റോബിൻസണും അവരുടെ അനുയായികളും വിശ്വസിച്ചിരുന്നു. ശാസ്ത്രസമ്പ്രദായങ്ങളെ കയറിപ്പിടിച്ചു വ്യവസായം ലോകത്തെത്തന്നെ മാററിയിട്ടുണ്ടു്. വ്യവസായവൽകരണത്തെ സാദ്ധ്യമാക്കുവാൻ സഹായിച്ച പദ്ധതികളെ പരിത്യജിക്കുന്നതിനുപകരം അതിൻെറ തത്വങ്ങളെ ദാരിദ്ര്യം, അജ്ഞത, അസമത്വം എന്നിവയോടെതിർക്കുന്നതിനായി ഡേവി പ്രയോഗിച്ചു.

ജെയിംസ് ബ്രയൻറ് കോനൻറ് ചൂണ്ടിക്കാണിക്കുംപോലെ കഴിഞ്ഞ ശതാബ്ദത്തിലെ ശാസ്ത്രീയസിദ്ധാന്തങ്ങൾ മദ്ധ്യകാല പള്ളികളെപ്പോലെ മനുഷ്യബുദ്ധിയുടെ വിജയസ്തംഭങ്ങളാണ്. സൃഷ്ടിപരമായ മനുഷ്യവാസനകളുടെ വികസനങ്ങളുമാണ്. അമേരിക്കാക്കാർ ശാസ്ത്രത്തെ തങ്ങളുടേതായി അംഗീകരിക്കുന്നു. തങ്ങളുടെ വൈവിദ്ധ്യപൂർണ്ണമായും, ചഞ്ചലാത്മകമായും, ശുഭാപ്തിവിശ്വാസപൂർണ്ണമായും ഉള്ള ചിന്താഗതിയുടെ ഉത്തമപ്രകടനമായി അവർ അതിനെ കരുതുന്നു. അതാണ് അവരുടെ അതിരില്ലാത്ത അതിരു്, വളർച്ചയുടേയും പുരോഗമനത്തിൻേറയും പാത.

*നിധിസ്ഥാപനങ്ങൾ*

മനുഷ്യനന്മയെ ലാക്കാക്കിയുള്ള ഗവേഷണപരിപാടികളെ പോഷിപ്പിക്കുവാൻ സാങ്കേതികജ്ഞാനം മൂലം സംഭരിക്കുവാൻ സാദ്ധ്യമായ വൻ മൂലധനങ്ങളുടെ സഹായത്താൽ ഉടലെടുത്ത നിധിസ്ഥാപനങ്ങളാണു് മുൻപറഞ്ഞ ശാസ്ത്രവിശ്വാസത്തിൻെറ ഉത്തമോദാഹരണങ്ങൾ. ഉദാഹരണത്തിനു് ഇന്നിപ്പോൾ പ്രവത്തനത്തിലിരിക്കുന്ന അനേകായിരം സ്ഥാപനങ്ങളിൽ ചിലതുമാത്രം മതിയാകും. ജ്ഞാനാഭിവൃദ്ധിക്കുവേണ്ടി ഉടലെടുത്ത കാൎണ്ണേജി കോർപൊറേഷൻ ഇപ്പോൾ മനുഷ്യനന്മയെ ലാക്കാക്കിയുള്ള പുരോഗമനപരിപാടികൾ നടത്തുന്ന സ്ഥാപനങ്ങൾക്കു് ധനസഹായം ചെയ്യുവരുന്നു. സാമുദായികശാസ്ത്രഗവേഷണഫലങ്ങളെ സാമുദായികപ്രവത്തനങ്ങൾക്കായി വിനിയോഗിക്കുവാൻ സ്വന്തം ഫണ്ടിൽ അധികവും റസ്സൽ സേജ് ഫൗണ്ടേഷൻ ചെലവാക്കിവരുന്നുണ്ടു്. സാമ്പത്തികമായും സാമൂഹ്യമായുമുള്ള പ്രശ്നങ്ങളിൽ ഗവേഷണം നടത്താനും പൊതുവിദ്യാഭ്യാസപരിപാടികൾ ആവിഷ്കരിക്കാനും ബോസ്റ്റൺകച്ചവടക്കാരനായ എഡ്വേർഡ് ഫിലനിൻെറ ഇരുപതാം ശതാബ്ദഫണ്ടു് ഉപയോഗപ്പെടുത്തിവരുന്നു.

റോക്ക്ഫെല്ലർ ഫൗണ്ടേഷൻ സ്ഥാപിച്ചതു് ലോകക്ഷേമത്തെ അഭിവൃദ്ധിപ്പെടുത്തുവാനാണു്. കണ്ടുപിടിത്തങ്ങളും ഗവേഷണങ്ങളും മനുഷ്യാഭ്യുന്നതിക്കായി അതു വിനിയോഗിക്കുന്നു. വൈദ്യം, ജന്തുശാസ്ത്രം, കൃഷി, സമുദായശാസ്ത്രം മുതലായവയും അതിൻെറ പരിധിയിൽപ്പെടും.

ജോൺ സൈമൻ ഗഗ്ഗൻഹെയ്ം മെമ്മോറിയൽ ഫൗണ്ടേഷൻ ശാസ്ത്രപരമായും ഗവേഷണപരമായും പ്രോത്സാഹനങ്ങൾ നല്കുന്നുണ്ടു്. വാസനാസമ്പന്നരായ വ്യക്തികളെ അതു തെരഞ്ഞെടുത്തു വേണ്ട ആനുകൂല്യങ്ങൾ ചെയ്തു് അവരുടെ കലാവാസനകളെ സൃഷ്ടിപരപ്രവത്തനങ്ങൾ പോഷിപ്പിക്കുന്നു.

എല്ലാററിലും വലിയതു് ഫോർഡു സ്ഥാപനമാണു്. "ഒരു പണക്കുന്നും അതിനുചുററും നിറയെ ആവശ്യക്കാരും" എന്നാണു് ഒരു ജീവചരിത്രകാരൻ അതിനെപ്പററി എഴുതി

യതു്. 1955-ൽ അതിൻെറ വരുമാനം 50 കോടി ഡോളറായിരുന്നു. സവ്വകലാശാലകൾ, വിദ്യാലയങ്ങൾ, ആശുപത്രികൾ മുതലായ നാലായിരം പൊതുസ്ഥാപനങ്ങൾക്കായി ആതുക മുഴുവൻ അവർ ഒന്നിച്ചു സംഭാവനചെയ്തു. മോട്ടോർവ്യവസായത്തിൽനിന്നുള്ള ലാഭമായിരുന്നു അതു്. പൊതുനന്മയ്ക്കു സ്വകാര്യസ്ഥാപനങ്ങൾ എത്രമാത്രം സഹായിക്കുന്നുണ്ടെന്നു് ഈ സന്ദർഭം തെളിയിക്കുന്നു.

ഫോർഡ്ഫൗണ്ടേഷൻെറ നയവും പരിപാടികളും നിർണ്ണയിക്കുന്നതിനുള്ള പഠനങ്ങൾ താഴെ ചേർത്ത അഞ്ചു കാര്യങ്ങളാണു് അതിശ്രദ്ധേയങ്ങൾ എന്നു വ്യക്തമാക്കി: സമാധാനപാലനം, ജനായത്തസുഭദ്രത, സാമ്പത്തികപുഷ്ടി, ജനകീയസമുദായത്തിൻെറ വിദ്യാഭ്യാസം, മനുഷ്യൻെറ പരസ്പരബന്ധങ്ങളെസംബന്ധിച്ച പഠനം. അത്രയും പണമുണ്ടാക്കാൻ സഹായിച്ച ശാസ്ത്രീയവും സാങ്കേതികവുമായ കണ്ടുപിടിത്തങ്ങളെ പ്രോത്സാഹിപ്പിക്കാൻ ഇതിൽ സംഖ്യ നീക്കിവെച്ചതും ശ്രദ്ധേയമാണു്. അർബ്ബുദം, പിള്ളവാതം തുടങ്ങിയവയിൽ ഗവേഷണസ്ഥാപനങ്ങളും അമേരിക്കയിലുണ്ടു്. ബുദ്ധിസമ്പന്നതയോടു് അമേരിക്കാക്കാക്കുള്ള ആത്മീയമായ കടപ്പാടിനെ സ്ഥാപനങ്ങൾ വ്യക്തമാക്കുന്നു. അവ മനുഷ്യൻെറ പ്രശ്നങ്ങൾക്കു പരിഹാരം കണ്ടുപിടിക്കുമെന്നാണു് അവരുടെ വിശ്വാസം. ആ പ്രവത്തനങ്ങളിൽ തങ്ങൾക്കുള്ള ഉത്തരവാദിത്വത്തെപ്പററിയും അവക്കു ബോധമുണ്ടു്. കൂടുതൽ പ്രകാശപൂർണ്ണമായ ഭാവിയിലും അവർ വിശ്വസിക്കുന്നു.

# അദ്ധ്യായം പതിനഞ്ച്

## നമ്മുടെ പോക്കു് എങ്ങോട്ടു്?

വ്യക്തിയുടേയും സമുദായത്തിൻേറയും പ്രാധാന്യപ്രശ്ന ത്തെ ഓരോ സംസ്കാരവും പരിശോധിക്കയും അവതമ്മിലു ള്ള അന്തരത്തെ ഓരോ കാലഘട്ടത്തിലും പുതുക്കി കണക്കെടു ക്കയും വേണം. ഐക്യനാടുകൾ വ്യക്തിപരദശയിൽ നടപ ടികൾ തീൎത്തുകഴിഞ്ഞു. അഭിമാനം കൊള്ളാവുന്ന സ്വതന്ത്ര കലാകാരന്മാരും തൊഴിൽക്കാരും അവിടെ ഉണ്ടായിട്ടുണ്ടു്. അവിടെത്തന്നെ തസ്കരപ്രഭുക്കളെയും, വൻപിച്ച ധനികരെ യും കാണാം. ദരിദ്രസങ്കേതങ്ങളും ദുഷിച്ച സമ്പ്രദായങ്ങളും ലജ്ജാകരമായ രാഷ്ട്രീയചൂഷണങ്ങളും അവിടെ ഉണ്ടു്. പ്രാ ധാന്യത്തിൻെറ ഗുണവും ദോഷവും ഐക്യനാടുകൾ അനുഭ വിച്ചിട്ടുണ്ടു്. വ്യക്തിയേയും സമുദായത്തേയും ഓരോ തട്ടിലും വച്ചു് ആയിരമായിരം വിധങ്ങളിൽ അതു തൂക്കിനോക്കി ക്കഴിഞ്ഞിരിക്കുന്നു.

അമേരിക്കൻസ്ഥാപനങ്ങൾ നിൎമ്മിച്ചിട്ടുള്ളതു് വ്യക്തി സ്വാതന്ത്ര്യത്തിൽ ശക്തി ഊന്നിയാണു്. ഇതിൻെറ നന്മതിന്മ കൾ നാം അനുഭവിച്ചിട്ടുണ്ടു്. അടുത്തകാലങ്ങളിൽ ഇതിനെ വിഭാഗങ്ങളിലേക്കും സമൂഹങ്ങളിലേക്കും നാം മാററിവരുന്നു ണ്ടു്. നാം ആവശ്യത്തിലധികം മുന്നോട്ടു പോയിരിക്കുന്നു എ ന്നാണു് വില്യം എച്ച്. വൈററിൻെറ അഭിപ്രായം. വ്യവ സായസംഘടനകളിൽ, ഏകരൂപതയ്ക്കു് പ്രാധാന്യം വന്നതാ യി അദ്ദേഹം പറയുന്നു. വ്യക്തിപരമായ കഠിനചിന്തയ്ക്കു പകരം സമൂഹനടപടികളാണു് കാണുന്നതു്. പഴയതിനെ നിലനിൎത്താനുള്ള ശ്രമവുമുണ്ടു്. ഇതു മുരടിപ്പുണ്ടാക്കുമെന്നാണു് അദ്ദേഹത്തിൻെറ പക്ഷം. സംഘടിതമനുഷ്യൻെറ സാമുദാ യികജീവിതത്തിൽ രഹസ്യതയും വ്യക്തിത്വവും ഭഞ്ജിക്കപ്പെ ടുന്നു. ഉപനഗരസമുദായങ്ങൾ എല്ലാ പ്രവൎത്തനവും സംഘ ടിതരൂപത്തിലും പങ്കാളിത്തത്തിലും നടത്തുന്നു. കൊയ്ത്തു

യന്ത്രം വാങ്ങുന്നതിനു് പുരുഷന്മാരും, തയ്യൽയന്ത്രത്തിനു് സ്ത്രീകളും സംഘം ചേരുന്നു. വെള്ളിപ്പാത്രങ്ങൾ, തളികകൾ, ഗ്രന്ഥങ്ങൾ, സംഗീതറിക്കാർഡുകൾ ഇവയും പരസ്പരം കൈമാറി ഉപയോഗിക്കുന്നു.

ഈ ഉപനഗരവാസികളിലധികവും നഗരങ്ങളിൽനിന്നു വന്നവരാണു്. അവർക്കവിടെ സാമൂഹ്യജീവിതം ഉണ്ടായിരുന്നുമില്ല. ഈ ചെറുനഗരങ്ങളിൽക്കൂടി ഒരു പഴയ അമേരിക്കായെ അവർ വീണ്ടും കണ്ടുപിടിക്കയാണു ചെയ്തതു്. വനാന്തരങ്ങളിലെ പുതുമയുള്ള ആദിമ കുടിയേററ പാരമ്പര്യത്തോടും, സ്വാതന്ത്ര്യത്തോടും, പരസ്പരസഹകരണാവശ്യത്തോടും കൂടിയ പഴയ അമേരിക്കാ അതാണു് ചെറുപട്ടണങ്ങളിൽ നിലനില്ക്കുന്നതു്. സമൂഹത്തിനു് ഇന്നു കൊടുക്കുന്ന പ്രാധാന്യം മററു പലതിനെയുംപോലെ, പഴയതിൻെറ ഒരു രണ്ടാം കണ്ടുപിടുത്തം മാത്രമാണു്.

ഗവേഷണങ്ങളിലും ഭരണങ്ങളിലുമുള്ള സംഘടിതപ്രവർത്തനങ്ങൾ നമ്മെ കുത്തി മറിച്ചുകളയുമെന്നുള്ള ഭീതി അസ്ഥാനത്താണു്. കാരണം അതു് അനേകലക്ഷം ചെറുസംഘടനകളും, നാഗരികവും, സാമ്പത്തികവും, സാമുദായികവും, രാഷ്ട്രീയവും, സാംസ്കാരികവുമായ മററു ചെറുസംഘങ്ങളും ഉൾപ്പെടെയുള്ള നമ്മുടെ സമുദായത്തിൻെറ ശക്തിയെ വിസ്മരിക്കയുമായിരിക്കും.

പ്രയത്നഭാരം കുറയുന്നതോടെ ഹിതകരമായി തെരഞ്ഞെടുക്കുവാൻ ഉള്ള മണ്ഡലങ്ങളും വിസ്തൃതമാകുന്നു. വ്യവസായരംഗത്തു് ഒരു ജോലിക്കാരനെ നിയമിക്കുവാൻ ഈ അടുത്തകാലത്തു് ഒരു തെരഞ്ഞെടുപ്പു നടന്നു. മുതിന്ന വിദ്യാർത്ഥികളിൽ മുന്നൂറുപേരുടെ കൂടിക്കാഴ്ച നടന്നു. പക്ഷേ, ആ മുന്നൂറുപേരിൽ ഒരുവൻപോലും ശമ്പളമെന്തായിരിക്കുമെന്നുള്ള പ്രശ്നം ഉന്നയിച്ചില്ല. സമൃദ്ധി അത്ര വിസ്തൃതമായാണു് പരന്നിട്ടുള്ളതു്. ആരോഗ്യവും ആനന്ദവും നശിപ്പിച്ചു പട വെട്ടി മുന്നേറുവാനുള്ള ഒരു ആവേശം എങ്ങും കാണാനില്ല. പ്രയത്നത്തിൻെറ ആവശ്യം കുറഞ്ഞുകുറഞ്ഞു വരുന്നു. മററു മൂല്യങ്ങൾക്കു് മനഃസമാധാനം, കുടുംബജീവിതം, ചില്ലറ വേലകൾ, വിനോദങ്ങൾ മുതലായവയ്ക്കു് പ്രാധാന്യം കൂടിവ

രികയാണു്. തൊഴിൽപരമായ ചിന്ത പ്രായേണ കുറഞ്ഞും വരുന്നുണ്ടു്.

വിശ്രമവേളയെ ഫലപ്രദമായി വിനിയോഗിക്കുന്നതിനെ ആശ്രയിച്ചാണു് ഇപ്പോൾ വിജയം. കളികളിൽ ജയിക്കുന്നവർ, ദൂരസഞ്ചാരക്കാർ, തങ്ങളുടെ നേട്ടം വൎണ്ണിക്കുന്നവർ, സമുദായത്തിൽ ഭേദപ്പെട്ട ആളാണെന്നു തോന്നിക്കുന്നവർ—ഇവൎക്കായിട്ടുണ്ടു് ഇപ്പോൾ ജീവിതവിജയം. ചുരുക്കത്തിൽ വ്യക്തിക്കും, വീടിനും, സമുദായത്തിനും, ഉപകാരപ്രദമായ രീതിയിൽ സമയം ചെലവാക്കുന്ന രീതിയായിട്ടുണ്ടു് വിജയപരീക്ഷ.

*നേട്ടങ്ങൾ*

ലോകമെല്ലാം കുഴഞ്ഞുമറിഞ്ഞു കിടക്കുമ്പോഴും വിവിധതപങ്ങളിൽനിന്നു് സജീവമായ ഒരു സമുദായം സൃഷ്ടിക്കുന്നതിനും ഐക്യനാട്ടുകൾക്കു സാധ്യമായിട്ടുണ്ടു്. പരിഷ്കൃതജീവിതത്തിലേക്കുള്ള സുഗമമാൎഗ്ഗം ചൎച്ചകളാലും വിഭജനത്താലും നടത്തുന്ന ഒരു ഗവൺമെൻറാണെന്നും അതു തെളിയിച്ചിട്ടുണ്ടു്. നമ്മൾക്കു് ഇപ്പോഴും സ്വാതന്ത്ര്യമുണ്ടു്. ഇഷ്ടാനുസരണം സഞ്ചരിക്കുന്നതിനും, ഗവൺമെൻറിനെ വിമർശിക്കുന്നതിനും അനീതിപരമായ ചട്ടങ്ങളെ അനുകൂലിക്കുന്നതിനും എതിൎക്കുന്നതിനും എല്ലാം നമ്മൾക്കു് അധികാരമുണ്ടു്.

അമേരിക്കൻ നേട്ടങ്ങളെപ്പററി അന്ത്യതീരുമാനം ചെയ്യുന്നതിനു് അല്പംകൂടി കാത്തിരിക്കണം. എങ്കിലും ഒരു വലിയ ബുദ്ധിപ്രസരവും, ആത്മനിരൂപണത്തിൻെറ ഒരു ഉയൎന്ന നിലവാരവും, സാമൂഹ്യശാസ്ത്രം, സാങ്കേതികജ്ഞാനം ഇവയുടെ തള്ളലും പ്രത്യക്ഷമാണു്. അതുപോലെ, വൎഗ്ഗീയതയുടെ അവശിഷ്ടങ്ങളെ പരിപൂൎണ്ണമായി നിൎമ്മാൎജ്ജനംചെയ്യുവാനുള്ള പ്രയത്നങ്ങളും, ജനായത്തസ്വപ്നത്തെ സാക്ഷാൽക്കരിക്കുവാൻ ഈ അറോമിക് യുഗത്തെ ഉപയോഗപ്പെടുത്തുവാനുള്ള ദൃഢനിശ്ചയവും ദൃഷ്ടിപഥത്തിൽ പെടുന്നുണ്ടെന്നു് ആൎക്കും പറയാറായിട്ടുണ്ടു്.

ഇത്ര വിപുലവും വിഭിന്നവുമായ ഒരു സമുദായത്തിൻെറ നേട്ടങ്ങളെ വിവരിക്കുക അസാധ്യമാണെങ്കിലും ഒരു വ്യക്തി

യുടെ ലഘുചരിത്രത്തിലേക്കു് നമ്മൾക്കു് ഒന്നു എത്തിനോക്കാം. മററു പല കാരണവും ഉണ്ടാകാമെങ്കിലും സുപ്രീംകോടതി ജഡ്ജിയായി വില്യം ഒ. ഡഗ്ലാസിനെ തെരഞ്ഞെടുത്തതിന് ഒരു കാരണം അദ്ദേഹം വിദേശങ്ങളിലും സുപരിചിതനാണെന്നതാണു്. മിനെസോട്ടായിലാണു് അദ്ദേഹം ജനിച്ചതു്. ഒരു പാതിരിയുടെ മകനാണു്. കുട്ടിക്കു് ആറു വയസ്സായപ്പോൾ പിതാവു മരിച്ചു. കുടുംബത്തോടൊന്നിച്ചു് ആ ബാലൻ വാഷിങ്ടൺസംസ്ഥാനത്തേക്കു മാറിത്താമസിച്ചു. പഠിത്തത്തിൽ സമത്ഥനായിരുന്നതിനാൽ വിററ്മാൻ കോളേജിൽ ചേരുന്നതിനുള്ള വിദ്യാത്ഥിവേതനം ഡഗ്ലാസ് നേടി. മണിക്കൂറിനു പത്തു സെൻറ് പ്രതിഫലത്തിന്മേൽ ജനാലകൾ തുടയ്ക്കുന്നതിനും, കടകളിൽ ഭൃത്യവേല നടത്തുന്നതിനും ആ ബാലൻ മുതിന്നു. ആഹാരത്തിനുവേണ്ടി ഹോട്ടൽ പണികളിലും ഒഴിവുള്ള സമയം വിനിയോഗിച്ചു. കോളേജിൽ പഠിക്കുമ്പോൾ ഒടുവിലത്തെ മൂന്നുവഷക്കാലം മുഴുവൻ ആ യുവാവിനു് വിജനപ്രദേശത്തു് ഒരു കുടിൽ കെട്ടി ഒററയ്ക്കു ജീവിക്കേണ്ടിവന്നു. വേനൽക്കാലങ്ങളിൽ മരത്തിലേറി പഴം പറിച്ചുകൊടുക്കുക, വിറകു കീറുക മുതലായ കൂലിപ്പണികളും ഉണ്ടായിരുന്നു. ഒന്നാം ലോകമഹായുദ്ധം അവസാനിച്ചതോടെ ചരിത്രപുരുഷൻ കോളേജ്‌വിദ്യാഭ്യാസവും പൂത്തിയാക്കി ബിരുദം നേടി പുറത്തുവന്നു.

രണ്ടുകൊല്ലം മുഴുവൻ ഹൈസ്‌കൂൾവിദ്യാത്ഥികളെ വീട്ടിലിരുത്തി പഠിപ്പിച്ചു. അതിനുശേഷം ഒരു ആട്ടടമയായി ചരക്കുവണ്ടിയിൽ കിഴക്കൻദേശങ്ങളിലേക്കു പോയി. ചിക്കാഗോയിൽ എത്തിയപ്പോൾ അവിടെനിന്നും ഒരു ടിക്കററു വാങ്ങി ന്യൂയോക്കിനു തിരിച്ചു. അങ്ങനെ ആറു സെൻറോടെ അദ്ദേഹം ന്യൂയോക്കിലെത്തി. അവിടെ കൊളംബിയാനിയമവിദ്യാലയത്തിൽ ചേന്നു പഠിത്തം തുടന്നു. ഫീസിനും മററു ചെലവുകൾക്കുംവേണ്ടി പുസ്തകമെഴുതിയും കുട്ടികളെ പഠിപ്പിച്ചും പണമുണ്ടാക്കി. അങ്ങനെ കഷ്ടപ്പെട്ടു് ഒടുവിൽ ആ കോളേജിൽനിന്നും രണ്ടാമതായി ജയിച്ചിറങ്ങി. താമസിയാതെ കൊളംബിയായിലും നിയമം പഠിപ്പിക്കുവാൻ ഡഗ്ലാസ് നിയമിതനായി. നിയമസംബന്ധമായ ഫൌണ്ടി

ത്യത്താൽ വ്യവസായവകുപ്പിൽ അദ്ദേഹത്തിനു ജോലി കിട്ടി; എങ്കിലും അവിടെനിന്നും സെക്യൂറിട്ടീസ് ആൻഡ് എക്സ്ചേഞ്ച്കമ്മീഷനിലേക്കു മാററപ്പെട്ടു. ആ കമ്മിഷനിൽ സുപ്രധാനങ്ങളായ പല പരിഷ്കാരങ്ങൾ വരുത്തുകയുംചെയ്തു. 1939-ൽ സുപ്രീംകോടതിയിലേക്കു് അദ്ദേഹത്തെ എടുത്തു. മദ്ധ്യവേനൽക്കാലങ്ങളിലെല്ലാം ദൂരദേശങ്ങളിലേക്കു യാത്രചെയ്യുകയും, ആ പ്രദേശങ്ങളിലെ പ്രത്യേക പ്രശ്നങ്ങളെപ്പററിയും സംസ്കാരങ്ങളെപ്പററിയും പഠിക്കയും ചെയ്യുന്നതു് അദ്ദേഹത്തിൻെറ പതിവായിരുന്നു.

ഇന്നു് നിലം ഉഴുതും പാമ്പു കിളച്ചും കഴിയുന്ന യുവാക്കന്മാരിൽ ധാരാളം ഡഗ്ലാസുകളെ കണ്ടെത്തുവാൻ കഴിഞ്ഞേക്കുമെന്നാണു് അമേരിക്കാക്കാരൻെറ വിശ്വാസം. തങ്ങളുടെ തലമുറയിലെ പ്രശ്നങ്ങൾ പരിഹരിക്കുവാനും അവക്കു് ഒരുപക്ഷേ, അറിവുണ്ടായിരിക്കും.

ഇന്നു രാഷ്ട്രത്തെ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ഗുരുതരങ്ങളും ഹൃദയഭേദകങ്ങളുമാണു്. ചുമതലരാഹിത്യം, മദ്യപാനം, മാനസികാസ്വാസ്ഥ്യം, പാതകം, അസൂയ മുതലായവയാണവ. എന്നാൽ പ്രേരണകളെ നേരിട്ടുനോക്കുവാൻ നാം പഠിച്ചുകഴിഞ്ഞു. മനുഷ്യനു ജന്മസിദ്ധമാണു തിന്മ. ഈ വക പ്രശ്നങ്ങളിലോരോന്നിലും ഗവമ്മെൻറ് ഏജൻസികളും സാമൂഹ്യപ്രവത്തകരും പ്രവത്തനങ്ങൾ നടത്തിവരുന്നുണ്ടു്. ഫലം പ്രോത്സാഹകമാണു്. പ്രജായത്ത മാഗ്ഗങ്ങളിൽക്കൂടിയാണു നാം പ്രവത്തിക്കുന്നതു് എന്നതു് ഇതിൻെറ മെച്ചം വദ്ധിപ്പിക്കുന്നു.

ഒരു ഗംഭീരമായ സാമ്പത്തികവികസനം 1980-ഓടെ കൈവരുമെന്നാണു നമ്മുടെ പ്രതീക്ഷ. തൊഴിലാളികൾക്കു് ഉത്തരവാദപ്പെട്ട പ്രതിവഷവരുമാനവും 30 മണിക്കൂർ ജോലിയും അതനുസരിച്ചു നടപ്പിലാകും. അടുത്ത പത്തുപതിനഞ്ചു കൊല്ലങ്ങളിൽ ഇന്നുള്ളതിന്റെ ഇരട്ടിയായി കോളേജ് അദ്ധ്യാപകന്മാരെ വദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. അത്രയേറെയാണു് കോളേജുകളിൽ ചേരുവാനുള്ള വിദ്യാത്ഥികൾ. അവർ ജയിച്ചുവന്നാൽ തൊഴിലേകുന്നതിനു കഴിഞ്ഞ മുന്നൂറുകൊല്ലങ്ങ

ളിലെ പ്രവത്തനങ്ങൾ ഈ കാലഘട്ടത്തിനിടയിൽ ചെയ്യേണ്ടതായുമുണ്ട്.

നമ്മൾക്കു ലഭിച്ചിട്ടുള്ള സാമ്പത്തിക സമൃദ്ധി ലോകമൊട്ടുക്കുണ്ടാവാൻ നാം ആശിക്കുന്നു. അതു വരുന്നതു നമ്മൾമുഖേനയുമായിരിക്കണം. പരസ്പരസഹായപദ്ധതികളെ അനുകൂലിക്കുന്ന രാഷ്ട്രങ്ങളുമായിച്ചേർന്ന് നമുക്ക് ഈ പരിപാടിയെ വിജയിപ്പിക്കാം.

*അമേരിക്കൻ കെട്ടുകഥ*

ഓരോ രാഷ്ട്രത്തിനും അതാതിൻെറ ആശകളേയും പ്രതീക്ഷകളേയും അതിലുമുപരി അതിൻെറ കുറവുകളേയും നേട്ടങ്ങളേയും വെളിവാക്കുന്ന കെട്ടുകഥകളുണ്ട്. തൻെറ തന്നെയായ ഒരു ലാക്ഷണികചിത്രമാണതു്. അതിൽ എത്തിച്ചേരാൻ ആ രാഷ്ട്രം പാട്ടപെടുകയും ചെയ്യുന്നു. യൂറോപ്പിൽനിന്നും പുറപ്പെട്ട സ്വതന്ത്രേച്ഛുവായ ഒരു സഞ്ചാരിയുടെ കഥയാണ് അമേരിക്കയുടേതിൽ പ്രധാനം. അയാൾ ഏനിയസ്സിനെപ്പോലെ ഒരു പുതുലോകം കണ്ടെത്തുകയും, കിരാതവർഗ്ഗങ്ങളിൽനിന്ന് അതു പിടിച്ചടക്കുകയും, അവിടെ പരിഷ്കാരവും നീതിന്യായവും നടപ്പിലാക്കുകയും ചെയ്യുന്നു. സകല ജനങ്ങളും തുല്യരും സ്വതന്ത്രരുമായിരിക്കണം. ആ പുതുലോകത്തിലെ വിഭവസമൃദ്ധിമുഴുവൻ അവക്കു മുന്നിലുണ്ട്. ദൃഢഹൃദയത്തോടും ധീരതയോടുംകൂടി ആ കൊടുംകാടുകളിൽനിന്ന് അവർ സ്വപരിഷ്കാരം വെട്ടിത്തെളിച്ചെടുത്തു. ആ കെട്ടുകഥപ്രകാരം, സ്വഭാവശുദ്ധി, മതവിശ്വാസം, കലാവാസന ഇവയിൽ നാട്ടുകാരേക്കാൾ മേന്മ ഏറിയിരുന്ന ഇവർ, നാടിനെ അടക്കിപ്പിടിച്ച് അഭിവൃദ്ധിപ്പെടുത്തുവാൻ വിധിക്കപ്പെട്ടിരുന്നവർതന്നെ എന്നാണ്.

ലോഹപ്പണി, കണ്ടുപിടുത്തം, ശാസ്ത്രം, വ്യവസായം ഇവയാലെല്ലാം നാടിനെ ഒരു ഗംഭീരോൽപാദകയന്ത്രമായി മാറ്റിക്കഴിഞ്ഞിട്ടുണ്ട്. അവർ സ്വപ്നംകണ്ട സർവ്വജനസമൃദ്ധിയോട് അതു സമീപിക്കയാണ്. വിദ്യാഭ്യാസവും സൗകര്യസമത്വവും ആ സ്വപ്നത്തിൻെറ ഒരു ഭാഗമായിരുന്നു. അതും ഇന്നു നിറവേററാൻ ഭാവിക്കയാണ്.

പൂർവ്വികന്മാരുടെ ജന്മനാടായ യൂറോപ്പിനെ ഉപേക്ഷിച്ചു് അമേരിക്കായിലെത്തിയ അവൻ സദാ ആദരിക്കുന്നതു് യുവത്വത്തിനേയാണു്. അധികാരം അവനെ സംശയാലുവാക്കും; അവൻ അതിനെ എതിർക്കും. ഒരു യുവാവിനു് ആഹ്ലാദം ജനിപ്പിക്കുന്നവയാണു് അവനിഷ്ടം. അധികാരപ്രതിഷേധം, തടിച്ചുവീർത്ത യുവതികൾ, പുരുഷോചിതമായ കായികവിനോദങ്ങൾ, സുഖലോലുപത്വം, ശുഭാപ്തിവിശ്വാസം, ആകസ്മികങ്ങളായ മനോവേദനകൾ, കായശക്തിയിലുള്ള അഭിമാനം, ജ്ഞാനതൃഷ്ണ, യൗവനബോധം ഭയം ആദിയായവ.

അമേരിക്ക സ്വപ്രതിഫലനം ദർശിക്കുന്നതു കുരുന്നുപൈതങ്ങളിലാണു്. ഒരുപക്ഷേ, അതെന്നാലും അങ്ങനെതന്നെ ആവാം. അച്ഛന്റെ നിയന്ത്രണത്തേയും അധികാരത്തേയും വലിച്ചെറിഞ്ഞു ജീവിച്ച ആ പഴയകാലത്തെ അതിർത്തിദേശക്കാരന്റെ സ്വഭാവത്തിനനുസരിച്ചാണു ചരിത്രം അവനെ പാകപ്പെടുത്തിയിട്ടുള്ളതു്. അതിനാൽ അമേരിക്കക്കൊക്കു സർവ്വാധിപത്യമോഹമുണ്ടെന്നു് ആരും ഭയപ്പെടേണ്ടതില്ല. കണ്ടുപിടുത്തത്തിലുള്ള മോഹം നിമിത്തം ഉള്ളിലേക്കു വലിയുവാനാവാം അവക്കാശ. അവരുടെ പഴയ ലോകത്തിന്റെ സ്മരണപോലും തുത്തുകളയണമെന്നാവാം അവർ ഇച്ഛിക്കുന്നതു്. വിപ്ലവമാണു് അവരുടെ വിധി. ലോകത്തെ നീതിനിയമങ്ങളിൽക്കൂടി ക്രമപ്പെടുത്താൻ അവർ ആഗ്രഹിക്കുന്നു. അതു മിക്കവാറും അധികാരത്തിൽക്കൂടിയല്ല, സഹകരണത്തിൽക്കൂടിയാണു്. സാമൂഹ്യശാസ്ത്രത്തിനു കൊടുക്കുന്ന പ്രാധാന്യം വർഗ്ഗീയവാദത്തിന്റെ നിർമ്മാജ്ജനം, തൊഴിലാളി-മുതലാളിസമത്വവാദം എന്നിവയെല്ലാം ഇതിൽനിന്നും ജനിക്കുന്നു.

*ഷഡ്വിധപ്രവർത്തനം*

വ്യക്തിത്വം, സ്വകാര്യസ്ഥാപനം, മുതലാളിത്തം, ജനായത്തം ഈ വാക്കുകളുടെ പഴയ വ്യാഖ്യാനരീതി അനുസരിച്ചുള്ള ഒരു സമുദായ വ്യവസ്ഥ അമേരിക്ക കെട്ടിപ്പടുക്കുകയാണെന്നു് ആരും തന്നെ മേലിൽ കുററപ്പെടുത്തുകയില്ല. നിശിതവും അതിസൂക്ഷ്മവുമായ പരിശോധനയ്ക്കു നമ്മുടെ സാമുദായിക വ്യവസ്ഥയുടെ ഓരോ കണ്ണിയും വിധേയമാക്കിയിട്ടുണ്ടു്.

അമേരിക്കൻസമുദായം വ്യക്തിത്വം, സേവനം, ഫെഡറലിസം, സമതുലനം, പരസ്പരസമ്മേളനം, സംയോജനം എന്നീ ആറു പ്രത്യേകസമ്പ്രദായങ്ങളുടെ പ്രവൎത്തനങ്ങൾ ഉൾക്കൊള്ളുന്നതാണ്. ഈ സാമുദായികവ്യവസ്ഥ പരിണാമദശയിലാണെങ്കിലും അതിനുള്ള പ്രായോഗികയുക്തിയാൽ ഒരുകാലത്തു് ലോകംമുഴുവൻ പ്രചരിക്കുന്ന ഒന്നാണ്.

ഉദാഹരണമായി ഒരു വ്യക്തിയെ എടുക്കാം, ഗവണ്ണർ വില്യം ബ്രാഡ്ഫോർഡിനെ. സ്വാതന്ത്ര്യശീലനായ ആ യുവാവു് പിൽഗ്രിംസ് എന്നറിയപ്പെട്ടുന്ന സംഘത്തിൽ സ്വമനസ്സാലെ ചേൎന്നു. അക്കാലത്തു് ഒരേ മനഃസ്ഥിതിയുള്ള ജനങ്ങൾ ഒത്തുചേൎന്നു് ചെറുസംഘങ്ങൾ രൂപവത്കരിക്കുകയും വ്യക്തിത്വം വളൎത്തുന്നതിനു് അങ്ങനെയുള്ള സംഘങ്ങളിൽ ചേരുകയും പതിവായിരുന്നു. ആദ്യകാലങ്ങളിൽ അങ്ങനെയുള്ള സംഘടനകൾ മതപരകാര്യങ്ങളിലാണു് ശ്രദ്ധപതിപ്പിച്ചിരുന്നതെങ്കിലും, പിൽഗ്രിംസ് വടക്കേ അമേരിക്കയിൽ വന്നതോടെ പ്ലിമത്തിലെ ചെറു കോമൺവെൽത്ത് രൂപീകരിക്കുന്നതിനു് ആരംഭിച്ചു. വ്യാപാരപരങ്ങളായി അവക്കുള്ള കാര്യങ്ങൾ സ്വയം കൈകാര്യം ചെയ്യുന്നതിനും ആ സ്ഥാപനത്തെ അവർ ഉപയോഗിച്ചു. ന്യൂ ഇംഗ്ലണ്ടിലെ സംഘടന ഫെഡറലിസസിദ്ധാന്തങ്ങളെ സജീവമാക്കി. ദുർബ്ബലങ്ങളായ ഏതാനും ഗ്രാമീണജനായത്തസംഘങ്ങൾ സൈനികാവശ്യങ്ങൾക്കും സംഘടിച്ചു.

കുറച്ചുനാളത്തേക്കു് അവർ സമതുലനം നിലനിൎത്താൻ പരസ്പരം മത്സരിച്ചു. ഉദാഹരണത്തിനു് കണക്ടിക്കട്ട് താഴ്വരയ്ക്കുവേണ്ടി പ്ലിമത്തും, ബോസ്റ്റണും തമ്മിൽ കലഹം നടന്നു. അടുത്തപടി പരസ്പരസമ്മേളനമായിരുന്നു. ചെറു തോട്ടമുടമകൾ സമ്മേളിച്ചു് ഒരു പ്രാദേശികഗവമ്മെൻറ് രൂപവത്കരിച്ചു. മേൽപ്രസ്താവിച്ചതിന്റെ പരിധിയിൽത്തന്നെ കണക്ടിക്കട്ട് ഒരു സംസ്ഥാനമായതോടെ സംയോജനദശയുമെത്തിച്ചേൎന്നു.

ഫെഡറൽ ഗവമ്മെൻറിൻെറ രൂപീകരണത്തിനും ഇതേ നടപടിക്രമങ്ങൾ നമുക്കു പിൻതുടരാവുന്നതാണ്.

വിദ്യാഭ്യാസത്തെ മാതൃകയായെടുത്തു് ആ സിദ്ധാന്ത

ങ്ങൾ ഏതുവിധേനയാണു് സമുദായത്തിൽ പ്രവൎത്തിക്കുന്നതെന്നു് നമുക്കു പരിശോധിക്കാം. എല്ലാ പൗരനും തുല്യസൗകൎയ്യങ്ങൾക്കു് അവകാശമുള്ളവരാണെന്നും, ആ സൗകൎയ്യങ്ങൾ കരസ്ഥമാക്കുന്നതിനു് വിദ്യാഭ്യാസംകൊണ്ടു മാത്രമേ സാദ്ധ്യമാകൂ എന്നുമുള്ള വ്യക്തിപരസിദ്ധാന്തത്തെ അടിസ്ഥാനമാക്കിയുള്ളതാണു് വിദ്യാഭ്യാസം. എല്ലാ പട്ടണങ്ങളും അവയ്ക്കുവേണ്ട വിദ്യാലയസമ്പ്രദായത്തെ സ്വന്തമായി നടപ്പിൽവരുത്തുകയും അതിനുള്ള ചെലവുകൾ നികുതിയിനത്തിൽ പൗരന്മാർതന്നെ പിരിച്ചെടുക്കുകയും സ്കൂളിലേക്കുവേണ്ട ഉപകരണങ്ങൾ സ്വപ്രയത്നത്താൽ അവർതന്നെ നിൎമ്മിക്കുകയുമാണു് പതിവു്. ഈ ഉൽപത്തിയിൽനിന്നുതന്നെ വിദ്യാലയസമ്പ്രദായത്തിന്റെ സേവനസ്വഭാവം വ്യക്തമാണല്ലോ.

സേവനവൃത്തി മററു രണ്ടുവിധങ്ങളിലൂടെ രംഗപ്രവേശം ചെയ്യുന്നുണ്ടു്. സമുദായത്തിൻെറ പ്രവൎത്തനം എങ്ങനെയെന്നു മനസ്സിലാക്കുന്നതിനു് ഇവിടെ അതിന്റെ പ്രത്യേകതകളെ വിവരിക്കേണ്ടിയിരിക്കുന്നു. സാമുദായികവും തൊഴിൽപരവുമായുള്ള ആവശ്യങ്ങളെ പുരസ്കരിച്ചു് മിശ്രമായ ഒരു സേവാസംഘടന അദ്ധ്യാപകന്മാർ രൂപീകരിക്കുന്നു. അതിനു് ദേശീയവും രാഷ്ട്രീയവുമായ സംഘടനകളോടു ബന്ധമുണ്ടാകും. ഈ സംഘടനാസമ്പ്രദായത്തെ പ്രാവൎത്തികമെന്നു നമുക്കു വിളിക്കാം. എന്തെന്നാൽ അദ്ധ്യാപകന്മാർ സ്വപ്രവൎത്തനത്തെ ത്വരിതപ്പെടുത്തുന്നതിനും, തൊഴിൽപരമായി ശക്തി വൎദ്ധിപ്പിക്കുന്നതിനും ആണു് ഇതു രൂപീകരിച്ചതു്.

രക്ഷാകൎത്താക്കന്മാരും അദ്ധ്യാപകരും ചേൎന്നു് അദ്ധ്യാപകരക്ഷാകൎത്തൃസംഘടനയും സൃഷ്ടിച്ചിട്ടുണ്ടു്. ഇതിനെ സാമുദായികമെന്നു് നമുക്കു വിളിക്കാം. വിദ്യാലയത്തിനു് സമുദായത്തിലുള്ള സ്ഥാനവുമായാണു് ഇതിനു ബന്ധം. രണ്ടു് അടിസ്ഥാനസ്ഥാപനങ്ങളെ—വിദ്യാലയത്തേയും വീടിനേയും—അതു് അടുപ്പിക്കുന്നു. അതുമൂലം സമുദായത്തിനു് ഫലപ്രദമായ പല കാൎയ്യങ്ങളും സാധിക്കുന്നുമുണ്ടു്.

ഈ ഇരുശാഖയുടേയും പ്രവൎത്തനങ്ങൾ ഫെഡറൽ സിദ്ധാന്തങ്ങൾ വ്യക്തമാക്കുന്നുണ്ടു്. ദുൎബ്ബലങ്ങളായ പ്രാദേശിക ചെറുഘടകങ്ങളെ ഫെഡറലിസതത്വമനുസരിച്ചു് ബന്ധി

പ്പിച്ചാൽ അവയുടെ ശക്തി അപാരമായി വദ്ധിക്കുന്നു. അവ നല്ല വിദ്യാലയങ്ങൾക്കുവേണ്ടി നിലകൊള്ളുകയും, കാർഷിക സഹായം, തൊഴിൽനിയമങ്ങളിൽ അയവ്, വനസംരക്ഷണം മുതലായവയ്ക്കുവേണ്ടി യത്നിക്കുന്ന മററു സംഘടിതശക്തികളോടൊപ്പം തുല്യബലത്തിൽ പ്രവത്തിക്കയും ചെയ്യുന്നു. അമേരിക്കൻസമുദായം സ്വതന്ത്രമായ അനേകം പ്രാദേശിക ഘടകങ്ങൾ ചേന്നതാണ്. ദേശീയതലസ്ഥാനങ്ങൾവഴി അവ വാഷിങ്ടണിലെ സക്കാർതീരുമാനങ്ങളെ രൂപപ്പെടുത്തുന്നു.

ഇത്രയുമേയുള്ളു എങ്കിൽ അതു് സമരത്തിന് വഴിതെളിക്കുകയായിരിക്കും. പക്ഷേ, ഇവിടെയാണ് സമ്മേളനദശയുടെ ആവിർഭാവം. ഒരു കാലത്തു് വിദ്യാലയങ്ങളുടേയും അദ്ധ്യാപകന്മാരുടേയും മാത്രമായിക്കരുതിയിരുന്ന വിദ്യാഭ്യാസം ഇന്നു് സമുദായത്തിൻെറ മററു വശങ്ങളിലും പ്രവേശിച്ചുതുടങ്ങിയിട്ടുണ്ട്. തൊഴിലാളിസംഘങ്ങൾ തനതായ ക്ലാസ്സുകളും വിദ്യാലയങ്ങളും നടത്തുന്നു. തങ്ങൾ തെരഞ്ഞെടുക്കുന്ന വിദ്യാത്ഥികൾക്ക് പരിശീലനം നല്കുന്നതിനുള്ള പരിപാടികൾ വ്യവസായസ്ഥാപനങ്ങളും തയ്യാറാക്കുന്നുണ്ട്. കഷകസംഘങ്ങൾ, ചർച്ചായോഗങ്ങളും പ്രസംഗങ്ങളും ഉപന്യാസമത്സരങ്ങളും നടത്തുന്നു.

നമ്മുടെ സമുദായത്തിൻെറ ഏതു വിഭാഗങ്ങളിലും ഈ നടപടി കാണുവാനുണ്ട്. പ്രാദേശിക ബാർ അസോസ്സിയേഷനിലെ അംഗമായ നിയമജ്ഞൻ സമുദായത്തിൻെറയും സേവകനാണ്. ഒരുകാലത്തു് എതിർശക്തികളായി കരുതപ്പെട്ടിരുന്ന തൊഴിലും വ്യവസായവും സമ്മേളനദശയിൽ എത്തിച്ചേരുന്നു. ഭരണപ്രശ്നങ്ങളിൽ ബുദ്ധിപൂവ്വമായ താത്പര്യം യൂണിയൻ പ്രദർശിപ്പിക്കുകയും, യൂണിയനുമായി രമ്യതയിൽ കഴിയുവാൻ ഭരണകൂടങ്ങൾ പഠിക്കയും ചെയ്തുകഴിഞ്ഞു.

ഈ ഷഡ്വിധപ്രവത്തനത്തെ എടുത്തു കാണിപ്പാൻ ഇനിയും അസംഖ്യം ഉദാഹരണങ്ങളുണ്ട്. മതപരകാര്യങ്ങളിൽ മാത്രം ഇടപെടുന്ന പള്ളികളിൽ രാഷ്ട്രീയവും സാമുദായികവുമായി ഇപ്പോൾ തുടങ്ങിയിട്ടുള്ള പ്രവത്തനങ്ങൾ ഇതിനു് മറെറാരുദാഹരണമാണ്. രാഷ്ട്രീയകക്ഷികളുടെ ചരിത്രവും ഇതു തെളിയിക്കുന്നു. നിസ്സാരമായ അഭിപ്രായവ്യത്യാസങ്ങ

ളുള്ള പല സംഘടനകളും ഒന്നിച്ചുകൂടി രാഷ്ട്രീയാധികാരം കൈവശപ്പെടുത്തുകയോ നിലനിർത്തുകയോ ചെയ്യുന്നതു് പതിവാണു്.

പരിണാമദശയിലിരിക്കുന്ന മറ്റൊരുദാഹരണമെടുത്തു് അതിൻെറ സിദ്ധാന്തങ്ങളുപയോഗിച്ചു്, ഗതി പ്രവചിക്കാം.

അടുത്തകാലത്തായി, ഭൂമി ഉടമകളായ ആളുകൾ ചെറു സംഘങ്ങൾ നാടൊട്ടുക്കു് രൂപീകരിച്ചുവരുന്നുണ്ടു്. അവരുടെ സമ്പാദ്യം തൊഴിലിൽ മുടക്കുവാനാണവക്കാശ. അതിനായി കരുതൽധനസംഘങ്ങൾ ഉണ്ടാക്കി പണം ഒന്നിച്ചുകൂട്ടി, സ്റ്റോക്കുകളുടെ ഈടുകൾ ചർച്ചചെയ്തു്, മാസംതോറും ഒന്നിച്ചു് മുതൽ നിക്ഷേപിക്കുന്നു.

ഇവ ഫെഡറൽസമ്പ്രദായത്തിൽ ഒന്നിച്ചു ചേന്നേ തീരൂ. അവയ്ക്കു് സാംസ്ഥാനികമായും, രാഷ്ട്രീയമായും സംഘടനകളുണ്ടാകും. വാഷിങ്ടണിലോ ന്യൂയോക്കിലോ അവർ ഹെഡ്ഡാഫീസും സ്ഥാപിക്കും. അവ വലിയ മുതലുമുടക്കുകാരോടും ബാങ്കുകളോടും കോർപറേഷനുകളോടും തുല്യശക്തിയിൽ നില്ക്കുവാനായി വേണ്ട സമ്മർദ്ദം പ്രയോഗിക്കും. ചെറു നിക്ഷേപകക്കു് നികുതിയിളവിനുവേണ്ടി അവർ വാദിക്കും. ഈ നടപടികളിൽ അവരുടെ താത്പര്യങ്ങൾ തന്നെ സംയോജിക്കുകയാണു ചെയ്യുന്നതു്. വ്യക്തികളെന്നനിലയിൽ അവർ തൊഴിലാളികളും ഉപഭോക്താക്കളുമാണു്. സംഘടനാംഗങ്ങൾ എന്ന നിലയിൽ അവർ മുതൽമുടക്കുകാരാണു്. രാഷ്ട്രീയ സംഘടനാംഗങ്ങൾ എന്ന നിലയിൽ അവക്കു് രാഷ്ട്രത്തിൽ സ്വാധീനതയുമുണ്ടു്. ഇവയെല്ലാം സംഭാവനചെയ്യുന്നതുമൂലം സംയോജനത്തെ അവർ ത്വരിതപ്പെടുത്തുന്നു. എന്തെന്നാൽ ഈ വിവിധരംഗങ്ങളിലെ പ്രവർത്തനങ്ങൾ വേർതിരിച്ചെടുപ്പാൻ കൂടുതൽ കൂടുതൽ വിഷമമായി വരുന്നുണ്ടു്.

സംയോജനമെന്നതിനു് സുദൃഢമായ അചഞ്ചലതയെന്ന അത്ഥം ഞാൻ സൂചിപ്പിക്കുന്നില്ല. മിക്കവാറും ഒരു പ്രവണത എന്ന അത്ഥമാണു് ഞാൻ ഉദ്ദേശിക്കുന്നതു്. നമ്മുടെ സമുദായം മാറിക്കൊണ്ടിരിക്കുന്ന ഒന്നാണു്; അതാണതിൻെറ ബലം. പക്ഷേ, അതിൻെറ അടിസ്ഥാനഘടകങ്ങൾ—സമൃദ്ധിയും പൂണ്ണോല്പാദനവും, വിപുലമായിവരുന്ന വിതരണം,

ആദായവ്യത്യാസങ്ങളുടെ നിർമ്മാർജ്ജനം, വിദ്യാഭ്യാസം, വർഗ്ഗനില എന്നിവ വിക്ഷണകോണങ്ങളെ കൂടുതൽകൂടുതൽ പരസ്പരം കോർക്കുമെന്നുള്ളതു് അനിവാര്യമാണു്. തൊഴിലാളികളുടേയും പുരോഹിതൻേറയും വ്യാവസായികന്റേയും പുത്രന്മാർ ഒന്നിച്ചു വിദ്യാലയത്തിലേക്കു പോകുന്നു; ഒരുപക്ഷേ, കോളേജിലേക്കും. സാദ്ധ്യതയുള്ളവരെല്ലാം കോളേജ്‌വിദ്യാഭ്യാസത്തിനു പോകുന്നു എങ്കിൽ വിദ്യാഭ്യാസം വ്യത്യസ്തത വരുത്തുന്ന ഘടകമാണെന്ന നില മാറും. മതപരമായും ഇതു സംഭവിക്കുന്നുണ്ടു്. പ്രോട്ടസ്റ്റൻറുവിഭാഗങ്ങൾ സംഘടിക്കുന്നു. ഒരുപക്ഷേ, ഒടുവിൽ അവരും സംയോജിക്കും.

സമുദായത്തെ ഒരടഞ്ഞ സമ്പ്രദായമായി കണക്കാക്കുന്നവർ, സമുദായം അതിൻെറ വിഭിന്ന വിഭാഗങ്ങളോടും താല്പര്യങ്ങളോടുംകൂടി പ്രവൎത്തനം നടത്തിവരുന്നല്ലോ എന്നു് അത്ഭുതപ്പെട്ടേക്കാം. സന്ദർശകർ പരാതിപ്പെടുന്ന ബാഹ്യരൂപം പരസ്പരവിരുദ്ധങ്ങൾ ആയ താല്പര്യങ്ങളെ രഞ്ജിപ്പിക്കുവാനുള്ള നിരന്തരപരിശ്രമഫലത്തിൽനിന്നുത്ഭവിച്ചതാണു്. നാം അഭിപ്രായങ്ങൾ വിടവുകളിൽനിന്നും, യോജിപ്പിച്ചു് ഭിന്നിപ്പിൽനിന്നും സൃഷ്ടിച്ചു. ബാഹ്യരൂപത്തിനു നാം ഇത്രയേറെ വിലവെയ്ക്കുന്നതിൽ അത്ഭുതമൊന്നുമില്ല. സമാധാനമായി ഒത്തുജീവിക്കുവാൻ നാം അവയെ കുഴിച്ചുമൂടിയിരിക്കുകയാണു്. നമ്മുടെ യോജിപ്പിന്റെ ചിഹ്നം അവ്യക്തമായി കാണുന്നു എങ്കിൽ നമ്മൾക്കു് പാവാനുള്ള സമാധാനം, അതു നമ്മെ ഒന്നിച്ചു കൂട്ടുവാൻ അങ്ങനെ ആയതാണെന്നാണു്.

നമ്മുടെ സംസ്കാരത്തിൽ മതപരവും രാഷ്ട്രീയവുമായ ചിന്തകൾ ഒന്നായി പ്രവഹിക്കുന്നു. സ്വകാര്യവും പൊതുക്കാര്യവും ഒന്നാകുന്നു. രാഷ്ട്രീയവും അന്തർരാഷ്ട്രീയവും അഭേദ്യമായിത്തീരുന്നു. ജോൺ ഡ്യൂവിയുടെ കൈയിൽ രാഷ്ട്രീയസിദ്ധാന്തം പ്രശസ്തമായ ഒരു വിദ്യാഭ്യാസസിദ്ധാന്തമായിത്തീരുന്നുണ്ടു്. സമൃദ്ധിയും സമത്വവുമുള്ള ഈ രാജ്യത്തിൽ ആദർശവാദികൾ യാഥാർത്ഥ്യവാദികളുമായി ലക്ഷ്യത്തിൽ ഒന്നുചേരുന്നതായി കാണാം. അതു് ഒരു യാഥാർത്ഥ്യവും ആദർശവുമാകും. നിർബ്ബന്ധിതമായ ആത്മീയാവശ്യവും സാമുദായികപരമാ

ത്വവുമാകും. ഡാനിയൽ ബുർസ്റ്റിൻ പറയുംപോലെ മനഃശാസ്ത്രംമുതൽ മതശാസ്ത്രംവരെ സമത്വം ആണു് അമേരിക്കായുടെ ഏകീകരണഘടകം.

ഈ സമ്മേളനങ്ങൾ വളരുംതോറും ഒരു പുതിയ സംയോജനവും രൂപംപ്രാപിക്കും. താല്പര്യങ്ങൾ മേൽക്കുമേൽ കൂട്ടുമ്പോൾ ഉദ്ദേശങ്ങളും കൂട്ടും. ഈ ആശയത്തെ ജോൺ ഡ്യൂവി സംക്ഷേപിച്ചിട്ടുണ്ടു്.

"സംഭവഗതികളുമായി ദാർശനികശാസ്ത്രം സഹകരിക്കുകയും നിത്യകർമ്മങ്ങളുടെ യുക്തിപരമായ വ്യാഖ്യാനങ്ങൾ വ്യക്തമാവുകയും ചെയ്യുമ്പോൾ ശാസ്ത്രവും വികാരവുംതമ്മിൽ ഒന്നിക്കും. കവിതയും മതവികാരങ്ങളും ജീവിതത്തിന്റെ അയത്നകുസുമങ്ങൾ ആകും. നൂതനസംഭവഗതികളുടെ ഈ പ്രകടനത്തേയും പ്രകാശത്തേയും ത്വരിതപ്പെടുത്തുക എന്നതാണു് ഈ പരിണാമഘട്ടത്തിലെ ദാർശനികശാസ്ത്രത്തിന്റെ പ്രശ്നവും പ്രയത്നവും."

സമത്വബോധം സമുദായത്തിന്റേയും പരിണാമത്തിന്റേയും പ്രവർത്തനശക്തിയെ തുല്യനിലയിൽ നിർത്തുവാൻ ആവശ്യമായ ശക്തി ഫെഡറലിസത്താൽ നേടിയ സേവാവാസന താല്പര്യങ്ങളുടേയും മാനദണ്ഡങ്ങളുടേയും നിലപാടുകളുടേയും പരസ്പരസമ്മേളനം ഇവയാണു് പ്രവർത്തനക്ഷമതയുള്ള സമുദായത്തിന്റെ ചിത്രം. അതു ഭാവിയിലേക്കുള്ള ഒരു ചിത്രവുമാണു്.

### *സാംസ്കാരികപാരമ്പര്യം*

അമേരിക്കൻ പരിഷ്കാരത്തിനു ദീർഘമായ ഒരു പാരമ്പര്യമുണ്ടു്. എന്തെന്നാൽ പരിഷ്കാരം ഇടയ്ക്കിടയ്ക്കു തടസ്സപ്പെടുന്നു എങ്കിലും ജീവിതഗതി തുടർന്നുപോകുന്നു. യൂറോപ്പിനെന്നപോലെ അമേരിക്കായ്ക്കും ഗ്രീക്കുജനായത്തത്തിന്റേയും അചിന്ത്യവാദത്തിന്റേയും സൗന്ദര്യപ്രേമത്തിന്റേയും ശാരീരികസിദ്ധാന്തത്തിന്റേയും പാരമ്പര്യമാണുള്ളതു്. ലൈംഗികമായ തുറന്ന മനഃസ്ഥിതിയിലും മതഭ്രാന്തിലും കടൽജീവിതത്തിലും അതു പഴയ താഴ്വേരിനെ അനുസ്മരിപ്പിക്കുന്നു. ധാർമ്മികനിയന്ത്രണത്തിലുള്ള പ്രപഞ്ചം ക്രമവൽകൃതവും ദൈവനിയന്ത്രിതവു

മാണെന്ന വിശ്വാസം, തെരഞ്ഞെടുക്കപ്പെട്ട മനുഷ്യവർഗ്ഗമാണ് നാം എന്ന ബോധം—ഇവയിൽ ജൂതപാരമ്പര്യമാണു നമ്മൾക്കുള്ളതു്. സ്നേഹസിദ്ധാന്തങ്ങളും അയൽസ്നേഹവും അനാഥരക്ഷയും വ്യക്തിയുടെ ദൈവികത്വവും ക്രിസ്തുമത പാരമ്പര്യം നമ്മൾക്കു നല്കിയതാണ്.

നീതിനിയമങ്ങളോട്ടു് റോമാക്കാരൻെറ സ്നേഹവും, ഇന്ത്യയിൽ നിന്നുവന്ന അദ്ധ്യാത്മികസിദ്ധാന്തങ്ങളും ആഫ്രിക്കയിൽ നിന്നു വന്ന സംഗീതവാസനയും ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നുവന്ന കുടിയേററക്കാർ കൊണ്ടുവന്ന ചങ്കൂററവും പ്രയത്നശീലവും ഇവയെല്ലാം കൂട്ടി കോർത്തിട്ടുള്ളതാണ് നമ്മുടെ പാരമ്പര്യം. ഇതിനെയാണ് ഭാവിയിൽ വളർത്തി എടുക്കുന്നതും.

അററ്ലാൻറിക്തീരങ്ങളിൽ ആദിമകോളനി നിർമ്മിച്ചവനു് അറിയാമായിരുന്നു താൻ ചെയ്യുന്ന പണി എന്താണെന്നു്. അവരുടെ ആ പ്രയത്നം ഒരു പരീക്ഷണമായിരുന്നു. അമേരിക്കാക്കാർ സ്വരാഷ്ട്രത്തെ ഒരു പരീക്ഷണമായാണ് വീക്ഷിക്കുന്നതു്. ആഭ്യന്തരയുദ്ധത്തിൻെറ അർത്ഥത്തെപ്പററി ലിങ്ക്കൺ തൻെറ ഗെററിസ് ബർഗ്ഗ് പ്രസംഗത്തിൽ പറയുകയുണ്ടായി, ജനങ്ങൾക്കുവേണ്ടി ജനങ്ങൾ നടത്തുന്ന ജനകീയഗവമ്മേൻറിനു് നില്ക്കുവാൻ കെല്പുണ്ടോ എന്നുള്ള പരീക്ഷണമാണ് അതെന്നു്. തങ്ങളുടെ രാഷ്ട്രത്തെപ്പററി അമേരിക്കാക്കാരനുള്ള അഭിപ്രായവും ഇതുതന്നെയാണ്.

മനുഷ്യനെ, മണ്ണിൽനിന്നും സ്ഥിരമായ ഒരു ഭവനത്തിൽനിന്നും പൂർണ്ണതാബോധമുണ്ടാക്കിയ ഒരു തൊഴിലിൽ നിന്നും വേർപെടുത്തിയ വ്യവസായം, അവനെ ജീവിതത്തോടു് ബന്ധിച്ചിരുന്ന ചങ്ങല മുറിച്ചുകളഞ്ഞു. കുടുംബം ഋതുക്കൾ, പ്രകൃതി, ഫലവത്തായ ഭൂമി മുതലായ ചിഹ്നങ്ങളിൽ നിന്നും അവൻ ഗ്രഹിച്ചുവന്ന അർത്ഥത്തെ മാച്ചുകളഞ്ഞു.

പക്ഷേ, ആ അർത്ഥങ്ങൾ അടുത്തകാലങ്ങളിൽ നാം ആ വസ്തുക്കളിൽ വീണ്ടും ആരോപിക്കാൻ തുടങ്ങിയിരിക്കുന്നു. സാമൂഹ്യശാസ്ത്രങ്ങളുടെ വളർച്ച, ജോൺ ഡ്യൂവിയുടെ ശ്രമങ്ങൾ, വ്യവസായങ്ങളുടെ സാമൂഹ്യബോധം മുതലായവയിൽ മത

പ്രവത്തനത്തിനു് പുതിയ അത്ഥം ലഭിച്ചിരിക്കുന്നു. പഴയ സഹകരണപരിശ്രമം പുനർജ്ജീവിച്ചുവരികയാണിപ്പോൾ.

കൂട്ടപണിയാണു് അമേരിക്കയ്ക്കു് എന്നും ഇഷ്ടം. ഉല്പത്തിയിൽ കൂട്ടു് എന്നതിൻെറ അർത്ഥം കുടുംബമെന്നാണു്. ആ കുടുംബമാതൃകയെ പുറത്തേക്കു വികസിപ്പിച്ചിട്ടുള്ള സാമൂഹ്യസംഘടനകളെല്ലാം അമേരിക്കർ കൂട്ടിനു് അർത്ഥംകല്പിക്കുന്നു. എല്ലാ സമുദായവും വൈകാരികസംസ്കാരത്തിലാണു് നിലകൊള്ളുന്നതു്. ശൈശവബന്ധങ്ങളിൽനിന്നാണു് വികാരങ്ങളുടെ ജനനം. അതിനാൽ കുടുംബബന്ധങ്ങളെ അടിസ്ഥാനമാക്കി ആയിരിക്കണം സംസ്കാരം. കുടുംബപരമായ സംസ്കാരത്തിൻെറ വികസിതരൂപമാണു് സമൂഹം. നാം പള്ളിയെ മാതാവെന്നും സ്വരാജ്യത്തെ പിതൃനാടെന്നും മററും പറഞ്ഞുവരുന്നതു് ആകസ്മികസംഭവങ്ങളല്ല. കുടുംബവികാരങ്ങളേയും ചിഹ്നങ്ങളേയും സമുദായത്തിലേക്കും രാഷ്ട്രത്തിലേക്കും ലോകമൊട്ടുക്കും പരത്തുക എന്നതു ജനായത്തത്തിൻെറ യുക്തിപരമായ ഭവിഷ്യത്തുമാത്രമാണു്. ജനായത്തം ഗവമ്മേൻറിൻെറ ഒരു രൂപം മാത്രമായിട്ടുള്ളതല്ല; അതു് ഒരു ജീവിതപദ്ധതിയാണു്.

സ്കോട്ടു് ഫിററ്സ് ജറാൾഡ് പറഞ്ഞു, "ഹൃദയത്തിൻെറ സമ്മതമാണു് അമേരിക്ക." ഇതു് കൂടുതൽ വൈകാരികമായി തോന്നുന്നു എങ്കിൽ അമേരിക്കയും അങ്ങനെതന്നെ എന്നു് നമ്മൾക്കു് സമ്മതിക്കുക.

# അദ്ധ്യായം പതിനാറ്

## ലോകസമുദായവും ഐക്യനാട്ടുകളും

അനേകവർഷങ്ങളോളം അമേരിക്ക മറ്റുനഭരണത്തിനെതിരായ വിപ്ലവത്തിനും, ജനസഞ്ചയത്തിൻെറ സ്വയം നിണ്ണയാവകാശത്തിനും വ്യക്തിസ്വാതന്ത്ര്യത്തിനും, ജനകീയഭരണത്തിനും, സമത്വത്തിനും വേണ്ടി നിലനിന്നു. ദുരധികാരത്തെ എതിത്തും സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരത്തെ എല്ലായിടത്തും പ്രോത്സാഹിപ്പിച്ചും, രാജ്യഭ്രഷ്ടരായ രാജ്യാഭിമാനികൾക്ക് സങ്കേതം നല്കിയും അമേരിക്കൻ ഡോളർ ചെലവുചെയ്ത് സ്വയംഭരണപ്രസ്ഥാനത്തിന് പിൻതുണ ഏകിയും നാം ലോകത്തിൻെറ മനഃസാക്ഷിയായിരുന്നു. അതേസമയം വാഷിങ്ടൺെറ ഉപദേശങ്ങളേയും, മൺറോസിദ്ധാന്തങ്ങളേയും ആശ്രയിച്ച് ലോകസമരങ്ങളിൽ ഇടപെടാതെ ഒഴിഞ്ഞുമാറുവാനും ശ്രമിച്ചുകൊണ്ടിരുന്നു.

നോട്ടക്കുറവുമൂലം സ്പെയിനുമായി നാം യുദ്ധത്തിലിറങ്ങുകയും പെസഫിക്കിലൂടെ ഫിലിപ്പൈൻസുവരെ പ്രവത്തനപരിധി വളത്തേണ്ടിവരികയും ചെയ്തുവെങ്കിലും ഏകാധിപത്യത്തിലേക്കുള്ള ഈ വ്യതിയാനത്തിൽ നാം ഇന്നും ലജ്ജിക്കുന്നുണ്ട്. നമ്മുടെ നേട്ടങ്ങളെ നാം കോളനികൾ എന്നു വിളിച്ചില്ല എന്നു മാത്രമല്ല ഫിലിപ്പൈൻസിന് സ്വാതന്ത്ര്യം നല്കുന്നതിന് അവരെ തയ്യാറാക്കുന്ന കാര്യത്തിൽ നാം ശ്രദ്ധ ചെലുത്തുകയും ചെയ്തു. ചൈനയിലെ ബോക്സർവിപ്ലവംമാതിരിയുള്ള യൂറോപ്യൻ സ്വേച്ഛാഭരണമാതൃകയിൽ നാം കുടുങ്ങിയപ്പോൾ നമുക്കു കിട്ടിയ നഷ്ടപരിഹാരസംഖ്യ ഐക്യനാട്ടുകളിൽ പഠിക്കുന്ന ചൈനീസ്‌വിദ്യാത്ഥികളുടെ ആവശ്യങ്ങൾക്കായി കൊടുത്തുതീക്കയും ചെയ്തു.

അമേരിക്കയിലെ മററു രാജ്യങ്ങളുമായി കരാറുടമ്പടികളിലും സഖ്യങ്ങളിലും ഏർപ്പെട്ടു. ഫിലിപ്പൈൻസിന് സ്വാതന്ത്ര്യം നല്കുന്ന പദ്ധതി നടപ്പിലാക്കി. കോളനിജീവിതം

സുപരിചിതമാകയാൽ കോളനിക്കാരോട്ട് അനുകമ്പകാണിച്ചു. 1920-ലും 21-ലും സമാധാനേച്ഛയുടെ ലക്ഷ്യങ്ങളായി നാവികശക്തി കുറച്ചും നമ്മുടെ താല്പര്യങ്ങളെ സംരക്ഷിക്കുവാൻപോലും ബലം ഉപയോഗിക്കയില്ലെന്നു് പ്രതിജ്ഞചെയ്തു. ഉദാ: 1933-ലെ മോണ്ടവിഡോ കോൺഫറൻസ്, 1936-ലെ ബ്യുവനസ് ആരീസ് കോൺഫറൻസ്; ഗ്വാമോ, ഫിലിപ്പൈൻസോ സൈന്യസങ്കേതങ്ങളാക്കയില്ലെന്നു് സമ്മതിച്ചു (1922-ലും 30-ലും); ഇങ്ങനെ പല പ്രകാരേണയും നാം നമ്മുടെ സമാധാനവാഞ്ഛയെ പ്രത്യക്ഷപ്പെടുത്തിയിട്ടുണ്ട്. ചെറുരാഷ്ട്രങ്ങളുടെ സ്വാതന്ത്ര്യസംരക്ഷണത്തിനു് നാം നിലകൊള്ളുകയും, അതിൻെറ ഉറപ്പിനായി നമ്മുടെ ശക്തിയുടെ ഗണ്യമായ ഭാഗം വെട്ടിക്കുറയ്ക്കാമെന്നു് സമ്മതിക്കയും ചെയ്തിട്ടുണ്ട്.

ലോകസമ്പദ്‌വ്യവസ്ഥ ക്ഷതംകൂടാതെ സംരക്ഷിക്കുന്നതിനു് അന്യരാജ്യങ്ങളുമായി പരസ്പരസഹായവ്യാപാരകരാറുകൾ നാം 1930—40 കൊല്ലങ്ങളിൽ നടത്തുവാൻ ശ്രമിച്ചു. 1939 ആയതോടെ പത്തൊൻപതു രാജ്യങ്ങൾ ലോകവിപണിയുടെ അഞ്ചിൽ മൂന്നുഭാഗം—നമ്മളുമായി കരാറിൽ ഏർപ്പെട്ടതായി കോർഡൽഹാൾ പ്രഖ്യാപിച്ചു. അതു് ഉയന്ന താരിപ്പുവ്യവസ്ഥയെ പ്രതിരോധിച്ചില്ലെങ്കിൽക്കൂടി അതിനെ വളരുവാൻ അനുവദിച്ചില്ല.

അതിനിടയിൽ സമാധാനം സുസ്ഥാപിക്കുന്നതിനു് പലപല പദ്ധതികളിലും നാം പ്രവേശിച്ചിട്ടുണ്ട്. ആ പ്രവർത്തനങ്ങൾ നിഷ്ഫലങ്ങളും, ആപത്തു വരുത്തിവയ്ക്കത്തക്കവണ്ണം വിഡ്ഢിത്തം ഉൾക്കൊണ്ടവയും ആയിരുന്നുവെന്നു് ഇന്നു തോന്നാമെങ്കിലും നമ്മുടെ അടിസ്ഥാനസ്വാതന്ത്ര്യത്തേയും ഭരണമാതൃകയേയും ഒഴിച്ചു ബാക്കി എന്തു ബലികഴിച്ചും ഒഴിവാക്കേണ്ട ഒരു മഹാപാതകമാണു് യുദ്ധം എന്ന വിശ്വാസം അമേരിക്കാക്കാരൻെറ ഹൃദയത്തിൽ എത്ര സുദൃഢമായി വേരൂന്നിയിട്ടുണ്ടെന്നുള്ളതിനു് അതെല്ലാം തെളിവായിരിക്കുന്നുണ്ട്. യുദ്ധം എന്തെങ്കിലും നന്മ ചെയ്യുകയോ, സമാധാനം തിന്മ ചെയ്യുകയോ ഉണ്ടായിട്ടില്ല എന്നതു് അമേരിക്കയിലെ ഒരു മുദ്രാവാക്യമാണു്.

അമേരിക്കൻ സമാധാനപ്രസ്ഥാനത്തിൽനിന്നുമുടലെടുത്ത കെല്ലോഗ് ബ്രിയാണ്ട് ഉടമ്പടിയിൽ യുദ്ധനിഷ്കാസനത്തിനുവേണ്ടി മററു് അൻപത്തിയൊൻപതു രാഷ്ട്രങ്ങളുമായി നാം ഒപ്പുവച്ചു. ആക്രമണോദ്ദേശക്കാർ വീണ്ടും സൈന്യസന്നാഹങ്ങൾ വർദ്ധിപ്പിച്ചുകൊണ്ടിരുന്നപ്പോൾ നാം ഒന്നാം ലോകമഹായുദ്ധത്തിൽ നമ്മുടെ ആയുധനിർമ്മാതാക്കളുടെ പേരിൽ കുററം ചുമത്തി. നിഷ്പക്ഷതാനിയമസഭമൂലം ഉള്ളിൽ പ്രവർത്തനസ്വാതന്ത്ര്യത്തെ ഒതുക്കിനിർത്തി നാം തൃപ്തിപ്പെട്ടു. അതു് ഹിററ്ലർക്കും ജപ്പാനും പ്രോത്സാഹനമേകി. അവർ കണ്ണുവച്ചിട്ടുള്ള രാഷ്ട്രങ്ങൾക്കു് സൈന്യസഹായം ചെയ്യുവാൻ നമ്മൾക്കു് പ്രാപ്തിയുണ്ടാകയില്ലെന്നു് അവർ വിശ്വസിച്ചു. മഞ്ചൂറിയ പിടിച്ചടക്കിയതു മുതൽ പോളണ്ട് ആക്രമണംവരെ, യുദ്ധത്തിൽനിന്നും ഒഴിഞ്ഞുനില്ക്കണമെന്നുള്ള അമേരിക്കൻദൃഢപ്രതിജ്ഞ ആക്രമണകാരികളെ ഒരു ലോകമഹായുദ്ധത്തിലേക്കു നയിക്കുന്നതിനു് ധൈര്യപ്പെടുത്തി.

ലോകമഹായുദ്ധങ്ങൾക്കിടയിലുള്ള കാലംമുഴുവൻ, ഭൗതികശക്തിയുടെ യാഥാർത്ഥ്യങ്ങളെ സമീപിക്കുവാൻ ധാർമ്മികവും, ന്യായാനുസൃതവുമായ ചില പോംവഴികളിൽക്കൂടി നാം ശ്രമിച്ചു. സാമ്പത്തികഘടകങ്ങൾ നിർവ്വഹിച്ച പ്രധാന പങ്കിനെ നാം അംഗീകരിച്ചില്ല. നാം താരിഫുയർത്തുകയും തന്മൂലം നമ്മുടെ പഴയ ബന്ധുക്കൾക്കു് തങ്ങളുടെ പഴയ കടം കൊടുത്തുതീർക്കുവാൻ നിർവ്വാഹമില്ലാതാക്കുകയുംചെയ്തു. ജപ്പാൻകാരുടെ കൈയേററത്തെ പ്രതിഷേധിക്കുവാൻ നാം അവരുടെ കുടിയേററക്കാരെ പുറത്താക്കുകയും, അവരുടെ ചരക്കുകൾ ബഹിഷ്കരിക്കുകയും ചെയ്തു. അതുമൂലം ജപ്പാനു് മററു വിപണികളും അസംസ്കൃതപദാർത്ഥങ്ങൾ കിട്ടാൻ വേറെ സ്ഥലങ്ങളും തേടിപ്പിടിക്കേണ്ടതു് അത്യാവശ്യമായിത്തീർന്നു.

സൈനികശക്തിയാൽ കുഴഞ്ഞ നമ്മൾ അന്തർരാഷ്ട്രീയമായ ചുമതലകളിൽനിന്നും ഒഴിഞ്ഞുമാറി. മദ്യം നിരോധിച്ചു് മദ്യപാനം തടയുന്നതിനും, ആയുധങ്ങൾ നിരോധിച്ചു് യുദ്ധം ഒഴിവാക്കുന്നതിനും, നമ്മൾക്കുദിച്ച ബോധം പാപത്തെ ആത്മീയബോധത്തിൽ പരാജയപ്പെടുത്താമെന്നുള്ള

കൽവനിസ്ററുതത്വത്തിൽനിന്നുത്ഭവിച്ചതായിരുന്നു. നമ്മുടെ ധാർമ്മികസമീപനത്തെ വിമർശിക്കുന്നവർ ഓർക്കണം, ആ കൈയേററ വൈരാഗ്യം പ്രകടിപ്പിച്ചിരുന്നില്ലായെങ്കിൽ ഒടുവിൽ സംഭവിച്ചപോലെ കൈയേറ്റക്കാർക്കെതിരായി സൈന്യസന്നാഹം നടത്താൻ, പൊതുജനാഭിപ്രായം സമ്മതിക്കുമായിരുന്നില്ലെന്നു്.

മറ്റു രാജ്യങ്ങളിലുള്ളതിൽ വളരെയേറെ അമേരിക്കയിൽ നയതന്ത്രം പൊതുജനങ്ങളുടെ പിന്തുണയെ ആശ്രയിച്ചാണിരിക്കുന്നതു്. ഭരണക്കാർ എന്നൊരു വർഗ്ഗമോ, നയതന്ത്രക്കാർ എന്നൊരു വിഭാഗമോ അവിടെ ഇല്ല. അതിവിപുലമായ സർവ്വരാഷ്ട്രബന്ധങ്ങളുടെ എല്ലാ സങ്കീർണ്ണതകളും ജനങ്ങൾ അറിഞ്ഞിരിക്കാൻ ഇടയില്ലാത്തതിനാൽ ആ വിവരങ്ങൾ അവർക്കു് പെട്ടെന്നു മനസ്സിലാകത്തക്കവിധം പ്രചരിപ്പിക്കേണ്ടിയിരിക്കുന്നു. അതിനാലാണു് ആദർശപരമായ ഉച്ചശബ്ദം നാം മുഴക്കുന്നതു്. അതു് നമ്മുടെ വിദേശസുഹൃത്തുക്കൾക്കു് അസുഖം ജനിപ്പിക്കുന്നുമുണ്ടു്. ദുർബ്ബലരുടേയും, ചെറുരാഷ്ട്രങ്ങളുടേയും, സ്വാതന്ത്ര്യാർത്ഥികളുടേയും, സമാധാനേച്ഛുക്കളുടേയും പക്ഷം ചേർന്നു്, അവർക്കു് അന്ത്യഫലത്തിൽ തുല്യാവകാശം ലഭിക്കുന്നതിനായി നിലകൊള്ളുന്നതാണു് നയം.

### *രണ്ടാംലോകമഹായുദ്ധവും അതിനുശേഷവും*

യൂറോപ്പിൽ യുദ്ധം പൊട്ടിപ്പുറപ്പെട്ടു് ഫ്രാൻസ് അടിപ്പെട്ടതോടെ നാം നമ്മുടെ സ്വാഭാവികബന്ധുവായ ഗ്രേററ് ബ്രിട്ടന്റെ ഭാഗം ചേർന്നു. നമ്മളെ എന്നാളും മുന്നോട്ടു നയിച്ചിട്ടുള്ളതും പക്ഷേ, എത്രകണ്ടു നാം ഫലപ്രാപ്തിയിൽ എത്തിയിട്ടുണ്ടെന്നു് സംശയാസ്പദമായിട്ടുള്ളതുമായ സ്വാതന്ത്ര്യം, സമത്വം, സാമ്പത്തികവും സാമുദായികവുമായ അവകാശാധികാരങ്ങൾ എന്നീ അററ്ലാന്റിക് ചാർട്ടറിലെ മൂലതത്വങ്ങളെ ഉറപ്പിക്കുന്നതിനാണു നാം അങ്ങനെ ചെയ്തതു്.

യുദ്ധാവസാനത്തോടെ നമ്മുടെ സൈന്യങ്ങളുടെ സംരക്ഷണച്ചെലവുകൾക്കു പുറമെ സഹായവായ്പയായി 9,000 കോടി ഡോളർ നാം സംഭാവന ചെയ്തിട്ടുണ്ടു്. റഷ്യയുമായി സൗഹാർദ്ദം സ്ഥാപിക്കുന്നതിനും ആ രാജ്യത്തെ രാഷ്ട്രകുടുംബ

ത്തിലേക്ക് സങ്കുരിച്ചു സ്വീകരിക്കുന്നതിനുമുള്ള പ്രയത്നത്തിൽ ബാൾട്ടിക്ക്‌രാജ്യങ്ങൾ, പോളണ്ടിന്റെ പൂൎവ്വാതിൎത്തികൾ എന്നിവയുടെ കാൎയ്യത്തിലും ബാൾക്കൻരാജ്യങ്ങൾ മഞ്ചൂറിയ എന്നിവിടങ്ങളിൽ റഷ്യയുടെ സ്വാധീനശക്തി വൎദ്ധിക്കുന്ന കാൎയ്യത്തിലും വിട്ടുവീഴ്ച ചെയ്തു. നാം നമ്മുടെ ആദൎശങ്ങളേയും, അററ്ലാൻറിക് ചാർട്ടറിനേയും അനാദരിച്ചിട്ടുണ്ട്. ഹിററ്ലറുടെ സൈന്യം റഷ്യയെ സ്വന്തം അതിരുകൾക്കപ്പുറം ഓടിച്ചപ്പോൾ സഹായം അഭ്യൎത്ഥിക്കുംവരെ നമ്മൾക്കു വേണമെങ്കിൽ അടങ്ങിയിരിക്കാമായിരുന്നു. നമ്മുടെ നിൎദ്ദേശാനുസരണമുള്ള വ്യവസ്ഥകൾ റഷ്യയെക്കൊണ്ട് അംഗീകരിപ്പിക്കയും ചെയ്യാമായിരുന്നു. എന്നാൽ കുറേക്കൂടി അഭിമാനകരമെന്നു തോന്നിയ മഹാമനസ്കതയാണു നാം സ്വീകരിച്ചതു്.

യുദ്ധം അവസാനിച്ചപ്പോൾ നാം ധൃതഗതിയിൽ സേനകളെ പിരിച്ചുവിടുകയും, നിയന്ത്രണങ്ങൾ പിൻവലിക്കയും, യുദ്ധകാര്യാലയങ്ങൾ നിൎത്തലാക്കുകയും ചെയ്തു. പൂൎണ്ണമായി അൎഹിച്ച ഒരു സമാധാനയുഗമെന്നു സങ്കല്പിച്ചതിലേക്കു തിരിഞ്ഞു. ആററംശക്തിയെ സൎവ്വരാഷ്ട്രങ്ങളുമായി പങ്കുവയ്ക്കുന്നതിനും നാം സമ്മതിച്ചു. ആറോമിക്ക് യുദ്ധത്തിന് നിയമസാധുത്വമില്ലാതാക്കുന്ന അച്ചിസൺ-ലിലി എന്നതിൽ നിൎദ്ദേശങ്ങൾക്കു സമ്മതം മൂളിയതുതന്നെ നമ്മുടെ സമാധാനകാംക്ഷയെ സ്ഥിരീകരിക്കയായിരുന്നു. പക്ഷേ, റഷ്യൻ ഗവൺമെന്റ് അതു നിരസിക്കുകയും പകരം വെറും തമാശയായ മറ്റൊന്നു നിൎദ്ദേശിക്കയുമാണുണ്ടായതു്.

അതിനിടയിൽ സാമ്രാജ്യത്തെ വിസ്തൃതമാക്കുവാനുള്ള പരിപാടിയിൽ റഷ്യക്കാർ ബദ്ധശ്രദ്ധരായിരുന്നു. ബാൾട്ടിക്ക് രാജ്യങ്ങളെ അവർ ഗ്രസിച്ചു. പൂൎവ്വജൎമ്മനിയെ സോവിയററുനാടാക്കി. പോളണ്ട്, ചെക്കോസ്ലൊവാക്കിയ, ഹംഗറി, ബൾഗേറിയ, റുമാനിയ, അൽബാനിയാ എന്നീ രാജ്യങ്ങളുടെ നിയന്ത്രണം തട്ടിയെടുക്കയും അങ്ങനെ രാജ്യവിസ്തൃതി 3,92,000 ചതുരശ്രമൈൽകൂടി വൎദ്ധിപ്പിക്കുകയും 90,000,000 ജനങ്ങളേക്കൂടി അവരുടെ അധീനതയിൽപ്പെടുത്തുകയും ചെയ്തു. എന്നാൽ ആ സമയത്തു് ഫിലിപ്പൈൻസിനു് പൂൎണ്ണ സ്വാതന്ത്ര്യം കൊടുത്തുകൊള്ളാമെന്നുള്ള വാഗ്ദാനത്തെ

ഐക്യനാടുകളും, ഇൻഡ്യാ, പാക്കിസ്ഥാൻ, സിലോൺ, ബർമ്മ എന്നീ രാജ്യങ്ങളോടു ചെയ്ത പ്രതിജ്ഞയെ ഗ്രേററ്ബ്രിട്ടനും പാലിക്കയായിരുന്നു. നെതർലാൻഡിൽനിന്നു് ഇൻഡോനേഷ്യയ്ക്കും സ്വാതന്ത്ര്യം ലഭിച്ചു. ഈ മാററങ്ങൾമൂലം 555,000,000 ജനങ്ങൾക്കും 2,894,000 ചതുരശ്രമൈൽ ഭൂമിക്കു സ്വാതന്ത്ര്യം ലഭിച്ചു.

സർവ്വരാഷ്ട്രസംഘടന രൂപീകരിക്കുന്നതിനു പ്രാരംഭസമ്മേളനങ്ങൾ വിളിച്ചുകൂട്ടി മുൻകൈ എടുത്തു പ്രവർത്തിച്ചതു് ഐക്യനാടുകളാണു്. സർവ്വരാഷ്ട്രസമാധാനവും, സുരക്ഷിതത്വവും നിലനിർത്തുന്നതിനു ലീഗ് ഓഫ് നേഷൻസിനു പററിയ പരാജയത്തെ പരിഹരിച്ചു് ഈ സംഘടന വിജയിക്കുമെന്നായിരുന്നു, അമേരിക്കയുടെ വിശ്വാസം. പക്ഷേ, അയൽരാജ്യങ്ങളെ ഗ്രസിക്കുവാനും ദൂരദേശഗവമ്മെൻറുകളെ തകിടംമറിക്കുവാനുമുള്ള റഷ്യയുടെ ദൃഢനിശ്ചയം അതു് അസാദ്ധ്യമാക്കി. അതിനും പുറമെ, രാഷ്ട്രീയകാര്യങ്ങളിൽ ഉള്ളതിലേറെ സാമ്പത്തികകാര്യങ്ങളിലും യു. എൻ. ഏജൻസികൾവഴി സഹകരിക്കുന്നതിനു റഷ്യയ്ക്കു് ഉദ്ദേശമില്ലെന്നും വ്യക്തമായി.

ടർക്കിക്കും ഗ്രീസിനും സാമ്പത്തികമായും സൈനികമായും മേലാൽ സഹായം തുടരുവാൻ സാദ്ധ്യമല്ലാ എന്നു് 1947-ൽ ഗ്രേററ്ബ്രിട്ടൺ പ്രഖ്യാപിച്ചു. അതുമൂലം ഒഴിഞ്ഞുമാറുവാൻ നിവൃത്തിയില്ലാത്ത ഉത്തരവാദിത്വം ശക്തിയെ ആസ്പദമാക്കി നമുക്കു് ഏറെറടുക്കേണ്ടിവന്നു. ട്രൂമാൻസിദ്ധാന്തത്തോടെ അമേരിക്കയുടെ വിദേശനയം പാടേ മാറി. അതിർത്തികൾക്കുള്ളിൽ സസുഖം കഴിച്ചുകൂട്ടാമെന്നുള്ള നമ്മുടെ സ്വപ്നം വ്യർത്ഥമായി. ഗ്രേററ്ബ്രിട്ടൺ കടലുകൾക്കു കാവൽ നിന്നു ശക്തിസമീകരണം നിലനിർത്തുമെന്നോ, എല്ലാ അടിയന്തിരാവശ്യങ്ങളേയും ഐക്യരാഷ്ട്രസംഘടന നേരിടുമെന്നോ നമ്മൾക്കു മേലിൽ ആശിപ്പാൻ നിർവ്വാഹമില്ലാതായി. റഷ്യയുടെ ശക്തി സ്വേച്ഛാപരമായ രാജ്യവികസനനയത്തിനും, സമാധാനഭഞ്ജനവും വിപ്ലവവും സൃഷ്ടിക്കുന്നതിനും വിനിയോഗിക്കുന്നേടത്തോളം കാലം അതിനെ എതിർത്തുനില്പാൻ പ്രാപ്തിയുള്ളതു നമ്മൾക്കു മാത്രമാണു്.

"സായുധന്യൂനപക്ഷത്താലോ ബാഹ്യസമ്മർദ്ദങ്ങളാലോ

കീഴടക്കുവാനുള്ള ശ്രമങ്ങളെ എതിക്കുന്ന സ്വതന്ത്രജനങ്ങളെ സഹായിക്കുക എന്നതായിരിക്കണം ഐക്യസംസ്ഥാനങ്ങളുടെ നയം.'' ഇതാണു് ട്രൂമാൻസിദ്ധാന്തത്തിൻെറ കാതൽ.

യൂറോപ്പിലെ സാമ്പത്തികത്തകച്ചയെ നേരിടുവാൻ നാം മാഷൽപ്ലാനുമായി മുമ്പോട്ടുവന്നു. ഒരു രാജ്യം മറ്റു രാജ്യങ്ങൾക്കു് ഇതുവരെ നല്കിയിട്ടുള്ള സാമ്പത്തികസഹായങ്ങളിൽ ഏററവും മികച്ചതായിരുന്നു അതു്. പ്രയോജനം സിദ്ധിക്കുന്ന നാട്ടുകൾക്കു കടപ്പാടുകൾ ഉണ്ടാകുകയല്ലാ അതു ചെയ്തതു്. അവരവരുടെ തങ്ങളുടെ ഉത്തമതാല്പര്യങ്ങൾ പിന്തുടരുന്നതിനുള്ള കഴിവുകൾ വർദ്ധിപ്പിക്കുകയായിരുന്നു ആ പദ്ധതിയുടെ ലക്ഷ്യം. ലോകമൊട്ടുക്കുള്ള ഒരു സാമ്പത്തികഭദ്രത നമ്മുടെ രക്ഷയ്ക്കും അത്യന്താപേക്ഷിതമാണെന്നു ബോദ്ധ്യമുണ്ടായിരുന്നതിനാൽ അതിൽ നമ്മുടെ താല്പര്യങ്ങളും ഉൾപ്പെട്ടിരുന്നു.

1947-ലും പശ്ചിമാർദ്ധഗോളത്തിലെ മററു രാജ്യങ്ങളുമായി ഒരു പ്രതിനിരോധസഖ്യത്തിൽ നാം ചേർന്നു.

ഒരു പ്രതിരോധവകുപ്പു സൃഷ്ടിച്ചു നമ്മുടെ സായുധസേനയെ ബലപ്പെടുത്തുകയും ചെയ്തു. അടുത്ത വർഷം യൂറോപ്പിനേയും പസഫിക്ക് രാജ്യങ്ങളേയും നാം ഉൾപ്പെടുത്തി സഖ്യശക്തി വർദ്ധിപ്പിച്ചു.

അതിർത്തിപ്രദേശങ്ങൾക്കു് അടുത്തുതന്നെ റഷ്യൻസേനയ്ക്കു താവളമടിക്കുവാൻ സൗകര്യം ലഭിച്ചതുമൂലം 1948-ൽ ചെക്കോസ്ലവാക്കിയായിൽ നടന്ന കമ്മ്യൂണിസ്റ്റ് അക്രമത്തിനുശേഷം പ്രതിരോധനിരകൾ നമ്മൾക്കും അനിവാര്യമാണെന്നു നാം മനസ്സിലാക്കി. ജനസംഖ്യാനുപാതമായി റഷ്യയ്ക്കു നമ്മളേക്കാൾ മൂന്നര ഇരട്ടി കൂടുതൽ ആണു് സൈന്യബലം.

അങ്ങനെയിരിക്കവെ, കൊറിയാ ആക്രമണം പൊട്ടിപ്പുറപ്പെട്ടു. തങ്ങളുടെ ആധിപത്യസമ്പാദനനയമനുസരിച്ചു ലോകത്തെവിടേയും യുദ്ധപരീക്ഷണം നടത്തുന്നതിനു് കമ്മ്യൂണിസ്റ്റുനേതാക്കന്മാർ തയ്യാറാണെന്നുള്ളതു് അതോടെ വെളിവായി. ഉടനടി ഉണ്ടായ ഐക്യരാഷ്ട്രപിന്തുണയോടുകൂടിയ അമേരിക്കൻപ്രവർത്തനങ്ങൾ ആ ഭീഷണിയെ എതിർത്തു.

തങ്ങളുടെ കോളനിപദവിയെ അവസാനിപ്പിക്കുന്നതിനായുള്ള ഒരു യുദ്ധത്തിൽ ജനിച്ചതാണു് ഐക്യനാടുകൾ.

തെക്കേ അമേരിക്കയിലും, ഫിലിപ്പൈൻസിലും മററു പലയിടങ്ങളിലും സ്വാതന്ത്ര്യലബ്ധിക്കു പരിശ്രമിക്കുന്നവരുടെ ഭാഗത്തു നാം നിന്നിട്ടുണ്ട്. എങ്കിലും അയൽരാജ്യങ്ങളെപ്പിടിച്ചു വിഴുങ്ങിക്കൊണ്ടിരിക്കുന്ന റഷ്യ കഠിനയത്നം ചെയ്യുകയാണ്. അമേരിക്ക കോളനിസമ്പ്രദായത്തെ അനുകൂലിക്കുന്നുവെന്നു ലോകത്തെ തെററിദ്ധരിപ്പിക്കുവാൻ നാം യൂറോപ്പിൽ നമ്മുടെ സഖ്യശക്തിയെ ഉറപ്പിക്കുവാൻ ശ്രമിച്ച സ്ഥലങ്ങളിൽ എല്ലാം, അൾജീറിയായിലെന്നപോലെ നാം കാര്യമായി അന്നാട്ടുകാരുടെ പ്രശ്നങ്ങളെ പരിഗണിച്ചില്ലാ എന്നുള്ളതു സത്യംതന്നെ. എന്നാൽക്കൂടി ശക്തികൾ ജനങ്ങളുടെ സ്വാതന്ത്ര്യലബ്ധിക്കു വേണ്ട പിൻതുണകൾ നല്കിവരവേ, റഷ്യ അവരെ അടിമത്തത്തിലേക്കു വലിക്കുകയായിരുന്നു എന്നും എതിർത്തവരെ നശിപ്പിക്കയായിരുന്നു എന്നും കഴിഞ്ഞ പത്തു വർഷങ്ങളിലേക്കു തിരിഞ്ഞുനോക്കുന്നപക്ഷം ആക്കും കാണാവുന്നതാണ്.

എതിരാളികളുടെ നിരായുധീകരണംപോലും അക്രമകാരികളെ സമാധാനചിത്തരാക്കയില്ലെന്നു വിഷമിച്ചു പഠിച്ചതിനാൽ എതിർശക്തിയെ തട്ടുത്തുനില്പാൻ അമേരിക്ക തൻേറയും ബന്ധുരാജ്യങ്ങളുടേയും സൈന്യബലം ആവശ്യാനുസരണം വർദ്ധിപ്പിക്കുവാൻ നിശ്ചയിച്ചു. ലോകാധിപത്യത്തിനു വേണ്ടിയുള്ള സോവിയററുതന്ത്രങ്ങളെ എതിർത്തു് സ്വാതന്ത്ര്യത്തിനുവേണ്ടി നിലകൊള്ളുന്ന ഏതു രാഷ്ട്രത്തേയും ആൾകൊണ്ടും, പണംകൊണ്ടും സഹായിപ്പാനും അവർ ഉറച്ചു. വിഷമമേറിയതും ചെലവു വർദ്ധിക്കുന്നതുമായ ഈ തീരുമാനം എടുത്തതിനുശേഷവും അവരുടെ ആശയശുദ്ധിയെ മററുള്ളവർ സംശയിക്കുന്നു എന്നുള്ളതാണ് ആശ്ചര്യകരം. ഇതരരാജ്യങ്ങളെ സംരക്ഷിച്ചു യുദ്ധം തടയേണ്ട കടമ തങ്ങൾക്കുണ്ടെന്നു് അമേരിക്ക കരുതി (ലോകമഹായുദ്ധങ്ങൾക്കിടയിൽ ഈ സംരക്ഷ നല്കുന്നില്ലെന്നായിരുന്നു കുററം). ഇപ്പോൾ അവക്കുതന്നെ ലഭിച്ചു പ്രതിഫലം. യുദ്ധക്കൊതിയന്മാരെന്നുള്ള കരിമുദ്ര!

യുദ്ധരഹിതമായ ഒരു ഭൂമണ്ഡലത്തേപ്പററി തങ്ങൾ കണ്ട സ്വപ്നത്തെ അപ്പോഴും മുറുകെപ്പിടിച്ചുകൊണ്ടു് അമേരിക്കൻജനത നിരായുധീകരണത്തിനു വീണ്ടുംവീണ്ടും പരിശ്ര

മിച്ചു. ആദ്യമായി അറ്റോമിക്ക്‌യുദ്ധം നിയമവിരുദ്ധമാക്കുന്നതിനും പിന്നീട്ട് സൈനികസങ്കേതങ്ങളിൽ പരിശോധനക്കുള്ള ഒരു പരിപാടി തയ്യാറാക്കുന്നതിനും അവർ നിർദ്ദേശിച്ചു. അവ കൂടാതെയുള്ള ഏതു നിരായുധീകരണവും ബുദ്ധിശ്ശൂന്യമായിരിക്കുമെന്നു് അവർ ശക്തിയായി വാദിച്ചു. ദീർഘകാലം നീണ്ടുനിന്ന കൂടിയാലോചനകൾമൂലം സിദ്ധിച്ച ഫലം ഇതൊന്നുമാത്രമാണു്: നിയമാനുസൃതമായ ഒരു പരിശോധനയ്ക്കും റഷ്യ വഴിപ്പെട്ടുകയില്ലെന്നു്.

ഐക്യനാടുകൾക്കു് ലജ്ജിക്കാതെ തല ഉയർത്തിത്തന്നെ നില്ക്കാം. എന്തെന്നാൽ ഫിൻലന്റിന്റെയും, പോളന്റിന്റെയും നേർക്കു് സോവിയറ്റുകാർ എടുത്ത ആക്രമണസൂത്രങ്ങൾ പോലുള്ള ഗൂഢാലോചനകൾ ഒന്നുംതന്നെ ഐക്യനാടുകൾ എടുത്തിട്ടില്ല. മൂന്നാമത്തെ കഴവേറ്റുന്ന നടപടികളിലൊന്നും അമേരിക്ക ഉൾപ്പെട്ടിട്ടില്ല. (മഞ്ചൂറിയായിലെ റഷ്യൻ സ്വാധീനതയെ സംബന്ധിക്കുന്ന യാൾടാ ഉടമ്പടിയിലും ഐക്യനാടുകൾ ശുപാർശചെയ്തതിലും കൂടുതൽ ആണു് ചൈന വിട്ടുകൊടുത്തതു്. അതു് അഭിമാനക്ഷതമായി അനേകം അമേരിക്കാക്കാർക്കു് തോന്നുകപോലുമുണ്ടായി.)

ഉല്പാദനവർദ്ധനവിൽ വിലകല്പിക്കുന്ന ഒരു സംസ്കാരത്തിനു യുദ്ധം വരുത്തിവയ്ക്കുന്ന രീതിയിലുള്ള സൈന്യശേഖരണവും, ഋണഭാരവും നികുതിവർദ്ധനവും ഭൗതികസമ്പത്തിന്റെ വിനാശവും, കുറ്റകരമായിത്തോന്നും. യുദ്ധം വരുത്തുന്ന വൻപിച്ച ലാഭത്തെ കണക്കാക്കി വ്യവസായം യുദ്ധമനഃസ്ഥിതിയുള്ളതാണെന്നു വാദിച്ചേക്കാം. പക്ഷേ, അമേരിക്കയിലെ സാമ്പത്തിക കണക്കുകൾ അതു നിഷേധിക്കുന്നു. അമേരിക്കൻസമ്പ്രദായത്തിൽ യുദ്ധക്കരാറുകൾ പുതുക്കിയതനുസരിച്ചു് വ്യവസായങ്ങൾ 10,431,637,000 ഡോളർ ഗവണ്മെന്റിലേക്കു രണ്ടാംലോകമഹായുദ്ധത്തിനിടയിലും അതു കഴിഞ്ഞും തിരിച്ചടച്ചിട്ടുണ്ടു്. ബാക്കി വരവേണ്ടും ആദായത്തിനു സാധാരണ സമാധാനകാലങ്ങളിലുള്ളതിൽ 90% കൂടുതൽ ആദായനികുതിയാണു ചുമത്തിയിട്ടുള്ളതു്. വ്യക്തികൾക്കു ലഭിക്കുന്ന ആദായത്തിനു് വീണ്ടും ഒരു നികുതികൂടി കൊള്ളിച്ചിട്ടുണ്ടു്.

സായുധകൈയേറ്റം ഒരു രാഷ്ട്രീയായുധമായി കരുതുന്ന ഒരു ശത്രുവുമായുള്ള ഇടപാടിൽ അമേരിക്കാക്കാക്കായിരിക്കും എന്നും നഷ്ടം. എന്തുകൊണ്ടെന്നാൽ അങ്ങനെയുള്ള മനഃസ്ഥിതി അവക്ക് ഒരിക്കലും ഉണ്ടാകയില്ല. ശത്രുവിൻെറ കരുനീക്കം ആദ്യം ഉണ്ടാവുംവരെ അവർ കാത്തിരിക്കണം. എന്തെന്നാൽ യുദ്ധത്തെ ഒരു നയതന്ത്രോപകരണമായി അവർ ഒരിക്കലും കണക്കാക്കുന്നില്ല. അങ്ങനെ ഒരു നയം സ്വീകരിക്കുന്നു എങ്കിൽ ജനങ്ങളുടെ പിൻതുണ ഒരു അമേരിക്കൻ ഗവമ്മെൻറിനും ലഭിക്കുകയില്ല.

ലോകത്തു് നമ്മൾക്കുള്ള സ്ഥാനം എപ്പോഴും ധാർമ്മികമായ ഒന്നാണെന്നു ബോദ്ധ്യമുള്ളതിനാൽ നാം വിശ്വസിക്കുന്ന സ്വാതന്ത്ര്യങ്ങൾക്കെതിരായ ആഭ്യന്തരനയമുള്ള ഗവമ്മെൻറുകളെ ബന്ധുക്കളാക്കാൻ നമുക്കു വലിയ വിഷമമുണ്ടു്. എങ്കിലും സോവിയററ്ശക്തിയെ അടക്കിനിർത്തണമെങ്കിൽ മററു ഗത്യന്തരമില്ല. ഹിററ്ലറും, മുസ്സോളിനിയും തട്ടിക്കയറിയ കാലത്തു റഷ്യയെ ബന്ധുവായി നമുക്കു് അംഗീകരിക്കേണ്ടി വന്നില്ലേ?

ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നും വന്നവരായ ഒരു ജനസമൂഹത്തിന്റെ പിന്തുണ നാട്ടിൽ ലഭിക്കത്തക്കവിധമുള്ള ഒരു വിദേശനയം അതേസമയം നമ്മൾക്കു തുടരുകയും വേണം. വിദേശഭാഷകൾ ഉപയോഗിക്കുന്ന വിഭാഗങ്ങൾ പ്രത്യേക പ്രമേയങ്ങൾ അവതരിപ്പിച്ചേക്കാം. സോവിയററു പിൻതുണയുള്ള ഗവമ്മെൻറുകളുടെ അംഗീകാരം നാം പിൻവലിക്കേണമെന്നും അവർ നിഷ്പ്പാസനംചെയ്യവയ്യെല്ലാം അംഗീകാരം നല്കണമെന്നും കോഓർഡിനേററ് കമ്മററി ഓഫ് അമേരിക്കൻ പോളിഷ്സംഘം ആവശ്യപ്പെട്ടു. തൊഴിലാളികൾ വ്യവസായികൾ, കർഷകർ, സ്ത്രീകൾ, മതസംഘടനകൾ എന്നിവക്കെല്ലാം വിദേശനയത്തിൽ പ്രത്യേകം പ്രത്യേകമായ താല്പര്യമുണ്ടു്. അതവർ വാഷിങ്ടണിൽ തുടരെത്തുടരെ കേൾപ്പിക്കയും ചെയ്യുന്നു,

നമ്മുടെ കുടിയേററനയത്തിന്മേലും എതിർശക്തികൾ കൈവയ്ക്കുന്നുണ്ടു്. ഈ ശതാബ്ദത്തിൻെറ ആദിഘട്ടത്തിൽ ഇങ്ങോട്ടുള്ള കുടിയേററക്കാരുടെ പ്രവാഹം ഭയന്നു് അനേകം

നിയന്ത്രണനിയമങ്ങൾ കോൺഗ്രസ്സ് നടപ്പിലാക്കി. ഇതിലൊട്ടവിലത്തേതായ 1952-ലെ മാക്‌കാററൽവാൾട്ടർനിയമംമൂലം നിർഭാഗ്യവാന്മാരും എന്നാൽ അർഹതയുള്ളവരും ദാരിദ്ര്യത്തിൽനിന്നും രക്ഷനേടുവാനുള്ള ഏകസങ്കേതമായി ഐക്യനാട്ടുകളെ കഴിഞ്ഞകാലങ്ങളിൽ കരുതിപ്പോന്നിരുന്നവരുമായ ആളുകളെപ്പോലും നിരോധിക്കുവാനുള്ള ഒരു പ്രവണതയുണ്ടായി. ഐക്യനാട്ടുകൾ മർദ്ദിതർക്കുവേണ്ടി നിലകൊള്ളുന്നു എന്നുള്ള ചിത്രത്തിന് അതുമൂലം അല്പം മങ്ങലും പററിയിട്ടുണ്ട്.

കുടിയേററനിയമത്തിനു കുറേക്കൂടി അയവുവരുത്തുന്നതിനെ അനുകൂലിച്ചു സാക്ഷിപ്പെട്ടുത്തിയിട്ടുള്ള അനേകം മതസ്ഥാപനങ്ങൾ, നഗരസഭകൾ, വിദ്യാലയങ്ങൾ, തൊഴിൽസംഘങ്ങൾ മുതലായവ ഭരണകൂടത്തിൻെറ പിൻബലത്തോടെ ഇപ്പോഴത്തെ നിയമത്തിനു ഭേദഗതികൾ പലപ്പോഴും അവതരിപ്പിച്ചിട്ടുണ്ട്. ഹംഗറിയിലെ കമ്മ്യൂണിസ്റ്റുഭീകരവാഴ്ചയിൽനിന്നും രക്ഷതേടി എത്തുന്ന അഭയാർത്ഥികളെ പ്രവേശിപ്പിക്കുന്നതിനു പ്രത്യേകനടപടികൾ എടുക്കുകയുണ്ടായി. പക്ഷേ, ഇനിയും അനേകകൊല്ലങ്ങളോളം പരിഹരിക്കാൻ സാധിക്കാതെ ഈ കുഴഞ്ഞപ്രശ്നം സജീവമായിത്തന്നെ നില്ക്കുമെന്നാണു ലോകസ്ഥിതികൾ നോക്കുമ്പോൾ തോന്നുന്നത്.

വിദേശനയം ഒന്നുംതന്നെ ഇല്ലാതെ നൂറുകൊല്ലങ്ങൾക്കുമേൽ സസുഖം ജീവിക്കാവുന്നതും, മററു രാഷ്ട്രങ്ങൾ അനേകശതാബ്ദങ്ങൾകൊണ്ടു പഠിച്ച പാഠങ്ങൾ ഒരു രാത്രികൊണ്ടു പഠിക്കുവാൻ ആവശ്യം നേരിട്ടതുമായ ഒരു രാഷ്ട്രത്തിൽ ഈ വക വിഷമതകൾ പ്രതീക്ഷിക്കാവുന്നവയാണ്. വിദേശനയത്തിൽ ഒരു ഇരട്ടപ്പങ്കുനയം നാം കുറേയൊക്കെ സാധിച്ചിട്ടുണ്ട്. ലോകമാസകലം ജീവിതത്തോതു് ഉയർത്തുന്നതിനുള്ള തുടർച്ചയായ സമരത്തിനു നമ്മുടെ ജനങ്ങൾ തങ്ങളുടെ ആത്മീയവും, ലൗകികവുമായ കഴിവുകളെ നീക്കിവച്ചുകഴിഞ്ഞിട്ടുണ്ട്.

1946 വരെ നിഷ്പക്ഷതാനയമായിരുന്നു നമ്മുടെ പ്രധാനമായ തെററ്. അതിൽനിന്നുമുണർന്നപ്പോൾ, ഇൻഡ്യയിലെന്നപോലെ മററു പല രാജ്യങ്ങളിലും അതേ നിലപാടു കണ്ടിട്ടു നാം ഞെട്ടിപ്പോയി. എന്നാൽ സ്വാതന്ത്ര്യസമരാനന്തരം നാം

കഴിച്ച കാലഘട്ടത്തിലെ ഇൻഡ്യ ഇന്നു് എത്തിയിട്ടുള്ളു. നാം ജയിച്ചുനേടിയ രാജ്യത്തെ കെട്ടിയുയർത്തുകമാത്രമായിരുന്നു അന്നത്തെ നമ്മളുടെ ചിന്ത.

നമ്മളെത്തന്നെ പണയപ്പെടുത്തി വലിയ അപായങ്ങളും, വിഷമതകളും നാംതന്നെ കൈയേററിട്ടുണ്ടു്. ആ പ്രയത്നങ്ങളുടെ ഫലമായി സ്നേഹവും, ബഹുമാനവുമെങ്കിലും നമ്മൾക്കു സിദ്ധിക്കുമെന്നു നാം ആശിച്ചു. അതിനാൽ ബന്ധുകൾപോലും നമ്മുടെ ജീവിതഗതിയേപ്പററി നിശിതമായി വിമർശിക്കുന്നു എന്നും, നമ്മുടെ ശക്തിയിൽ പ്രതിഷേധിക്കുന്നു എന്നും കാണുന്നതു് നമ്മെ ഞെട്ടിക്കുന്നു. അസാധാരണമായി ഉയന്ന തോതിലുള്ള പെരുമാറ്റമാനദണ്ഡമാണു് യൂറോപ്പ് നമ്മിൽനിന്നും പ്രതീക്ഷിക്കുന്നതെങ്കിലും, അവരുടെ മതിപ്പിൽ നാം താഴുമ്പോൾ അവർ പ്രത്യക്ഷത്തിൽ ആഹ്ലാദിക്കുന്നു: ഐക്യനാടുകൾ ഒരേസമയം മനഃസാക്ഷിയും കവചവും ആയിരിക്കണമെന്നു് യൂറോപ്പ് പ്രതീക്ഷിക്കുന്നു എന്നാണു് ഇതിനേപ്പറ്റി പി. ജി. വൊർസ്തോൺ പ്രസ്താവിച്ചതു്. അഥവാ യൂറോപ്പ് സൗകര്യാനുസരണം നിർദ്ദേശിക്കുന്ന ഈ നിലകളിൽ ഏതെങ്കിലും ഒന്നു നാം സ്വീകരിക്കണം. അതനുസരിച്ചു് ഇൻഡോചൈനായിൽ കൊളോണിയൻതത്വങ്ങളോടു നമുക്കുള്ള എതിർപ്പിനെ നാം പ്രകടിപ്പിക്കണമെന്നു് ബ്രിട്ടൺ ആഗ്രഹിച്ചു. പക്ഷേ, അതു് ഇറാനിലായപ്പോൾ ആ ആദർശങ്ങൾ മറന്നു നാം ബ്രിട്ടൻെറ നയത്തോടു യോജിക്കണം പോലും.

ഒരു തുറന്ന സദസ്സിൽ, പത്രലോകത്തിൻെറ മുന്നിലായി എല്ലാ കൂടിയാലോചനകളും നടത്തേണ്ടിവരുന്നതാണു് അമേരിക്കൻനയത്തിനു നേരിടേണ്ടതായ മറെറാരു പ്രയാസം. വഴക്കിനും, അഭിപ്രായഭിന്നതയ്ക്കും സ്വാഭാവികമായി പത്രലോകം പ്രാധാന്യം കല്പിക്കും. കൂടിയാലോചനകളുടെ ഓരോ പതനവും ഐക്യനാടുകളുടെ ജയാപജയങ്ങളായി അവർ കണക്കാക്കും. എന്നാൽ അനിവാര്യമായ നയം ഒത്തുതീർപ്പാണു്. യു. എൻ. ഏജൻസികളുടെ കാര്യക്ഷമത കൂടിയാലോചനകളിലുള്ള വിശ്വാസം വളർത്താനുപകരിക്കും.

*ധീരമായ പുതുപരിപാടി*

സാമ്പത്തികസഹായത്തിനുപകരം സൈനികസഖ്യത്തിനും, ധനവ്യയത്തിനും ഓരോ സ്ഥലങ്ങളിലായി മാറിമാറിയുള്ള ആക്രമഭീതിമൂലം ഐക്യനാടുകൾ പ്രാധാന്യം കല്പിച്ചു. എന്നിട്ടും യുദ്ധാനന്തരമുള്ള സാമ്പത്തികസഹായംതന്നെ 5,600 കോടി ഡോളറിൽക്കൂടുതൽ ആണ്. മനുഷ്യന്റെ ചിന്തയ്ക്ക് അതീതമാണ് ആ തുക. അതിനുപുറമേ മറുരാജ്യങ്ങളിലേ അമേരിക്കൻസ്വകാര്യനിക്ഷേപങ്ങളുടെ തുക 100കോടി ഡോളർ വരും. ആ തുകയിലെ ഏറിയകൂറും ഫലാനുഭോഗരാജ്യങ്ങളിലെ ലാഭക്കച്ചവടക്കാർ ഊററിയെടുക്കുകയാണുണ്ടായതു്. പുരോഗമനത്തിന് സാമ്പത്തികസഹായം ആവശ്യമായ അവശരാഷ്ട്രങ്ങളുണ്ടെന്നിരിക്കിലും നമ്മുടെ സഖ്യത്തിൽപ്പെട്ട രാഷ്ട്രങ്ങൾക്കാണ് നാം ധനസഹായം ചെയ്തതു്. എങ്കിലും മനുഷ്യചരിത്രത്തിൽ ഇതുപോലൊന്നു് കണ്ടെത്തുകയില്ല.

യൂറോപ്യൻവ്യവസായത്തിനു നൽകിയ സഹായംമൂലം യുദ്ധത്തിനുമുൻപുണ്ടായിരുന്നതിൽ എഴുപതുശതമാനം ഉല്പാദനം അവിടെ വർദ്ധിച്ചു. അമേരിക്കൻസഞ്ചാരികളും, സൈന്യങ്ങളും പ്രതിവർഷം 320 കോടി ഡോളർ അവിടെ ചെലവാക്കുന്നുണ്ടു്. അതിന്റെ ഫലങ്ങൾ യൂറോപ്പിലെ ഓരോ ഗൃഹങ്ങളിലുമനുഭവപ്പെടുന്നുമുണ്ടു്. ബ്രിട്ടണിലെ സുപ്രസിദ്ധ ധനതത്വശാസ്ത്രജ്ഞൻ ബാർബറാ വാർഡ് പറയുന്നതു്, സാമ്പത്തികസഹായപരിപാടിമൂലം അമേരിക്ക ലോകനേതൃത്വം അർഹിക്കുന്നു എന്നും അതിനാൽ സ്വതന്ത്രമനുഷ്യരുടെ ഐക്യത്തെ സംരക്ഷിക്കുന്നു എന്നുമാണ്.

അന്നത്തെ വിദേശപ്രവർത്തനഭരണാധ്യക്ഷനായിരുന്ന ഹാറോൾഡ് ഇ. സ്റ്റാസനു സമർപ്പിച്ച ഒരു റിപ്പോർട്ടിൽ സൂചിപ്പിക്കയുണ്ടായി, അമേരിക്കൻഅതിർത്തിദേശങ്ങളിൽനിന്നും വളർന്നുവന്ന സ്വഭാവത്തിന്റെ ഒരു കളിപ്പേരുമാത്രമാണ് സാങ്കേതികസഹകരണം എന്നു്. ആ കുടിയേററപ്രദേശങ്ങളിൽ ആദ്യം വളർന്നുകൂടിയ ജ്ഞാനം നിസ്വാർത്ഥസഹകരണങ്ങളിലൂടെ പുതുപരിതഃസ്ഥിതികളിലേക്ക് വ്യാപിപ്പിച്ചു. പിന്നീടു് ആ അതിർത്തികളിലും ജനവാസമുറച്ചപ്പോൾ അവ

രുടെ ആ ജ്ഞാനം അയൽപക്കക്കാരിലേക്കു പകർത്തി. ഈ അടിസ്ഥാനത്തിലാണ് 'പോയിന്റ് ഫോർ' പ്രസ്ഥാനം, അമേരിക്കൻ സാങ്കേതികനിപുണരെ സേവനസഹകരണത്തിലൂടെ വിദേശീയരാജ്യങ്ങളിലെ സാങ്കേതികവിദഗ്ദ്ധരുമായി സംയോജിപ്പിക്കുന്നതു്.

ജോർഡാനിലെ ഹാഷമെററ്രാജ്യത്തിലുള്ള ചുട്ടുപഴുത്ത ശൂന്യമണലാരണ്യത്തിൽ തഴച്ചുവളരുന്ന പച്ചപ്പുൽക്കൂട്ടങ്ങളിലും, ഇൻഡ്യയിൽ അഞ്ചിരട്ടി വർദ്ധിച്ചിട്ടുള്ള ഗോതമ്പുവിളവിലും, കർഷകർക്കുവേണ്ടിയുള്ള ആരോഗ്യകേന്ദ്രങ്ങൾ ശുദ്ധജലവിതരണം എന്നിവയിലും ഈ സഹായത്തിൻെറ ഫലം നാം കാണുന്നുണ്ടു്. ബൊളീവിയായിൽനിന്നു് ലെബണണിലേക്കും, പാകിസ്ഥാനിലേക്കും, തായ്‌ലണ്ടിലേക്കും ഈ പദ്ധതികൾ പരന്നുകിടക്കുന്നു.

ലെബണണിലെ പരിപാടിയുടെ വിവരണത്തിൽ പറയുന്നു: "യഥാർത്ഥമായ സാഹോദര്യം കൈവരുത്തുന്നതിനു്, അമേരിക്കൻ ആദർശങ്ങളോടും അമേരിക്കൻ ആശകളോടും, അമേരിക്കൻ പ്രതീക്ഷകളോടും ഒത്തുസഞ്ചരിക്കുന്ന ശാസ്ത്രീയ പരിജ്ഞാനം, സാങ്കേതികകണ്ടുപിടുത്തം, ഭൗതികപുരോഗതി എന്നിവയുടെ വാഹനമാണു് 'പോയിന്റ് ഫോർ.'"

പ്രവർത്തനപരിധിയിൽ ഹ്രസ്വമെങ്കിലും പള്ളികൾ 'കെയർ'(CARE)പോലുള്ള സംഘടനകൾ, വേൾഡ് നൈബർ സംഘടനകൾ മുതലായവയുടെ രക്ഷാധികാരത്വത്തിൽ പ്രവർത്തിക്കുന്ന അനേകം സേവനപ്രസ്ഥാനങ്ങളും പ്രാധാന്യമർഹിക്കുന്നു. എന്തെന്നാൽ തങ്ങളുടെ ഭാഗ്യത്തേയും സാങ്കേതിക സാമർത്ഥ്യത്തേയും മററുള്ളവരുമായി പങ്കുവയ്ക്കുന്നതിനു് അമേരിക്കൻജനതയ്ക്കുള്ള ആഗ്രഹപ്രചോദനമാണു് അവ സൂചിപ്പിക്കുന്നതു്.

ടോക്കിയോയിലെ ഒരു എപ്പിസ്കോപ്പൽ സർവ്വകലാശാലയിൽ യുദ്ധത്തിനു മുൻപു് അദ്ധ്യാപകനായിരുന്ന പാൾ റൂഷ് എന്ന അമേരിക്കൻ ഇതിനൊരു നല്ല ഉദാഹരണമാണ്. യുദ്ധാനന്തരജപ്പാനിലേക്കു മടങ്ങിയ അദ്ദേഹത്തെ പിടിപ്പിച്ചതു താൻ അവിടെക്കണ്ട ജനസംഖ്യവർദ്ധനവു്, ഭക്ഷണദാരിദ്ര്യം എന്നീ അപരിഹാര്യപ്രശ്നങ്ങളായിരുന്നു.

അദ്ദേഹം സ്വന്തമായി ഒരു മൂലധനമുണ്ടാക്കി കിയോ സോട്ടോ എന്ന കുന്നിൻപ്രദേശത്തു വളരെ ചെറുതായ ഒരു കാർഷിക പരീക്ഷണം ആരംഭിച്ചു. പുല്ലുപോലും മുളയ്ക്കാത്ത ആ മേട്ടിൻ പുറത്തു് എന്തു ചെയ്യുവാൻ സാധിക്കും എന്നുള്ള പരീക്ഷണ മായിരുന്നു അദ്ദേഹത്തിൻേറതു്. ഇന്നു് ആ പ്രദേശത്തു കീപ്പ് (KEEP) പത്തൊൻപതുതരം പച്ചക്കറികളും ഒരു പരിഷ്കൃതക്ഷീരവ്യവസായശാലയും അനേകായിരം കോഴികളുമുണ്ടു്. ആദ്യമായി ഒരു പശുവിനേയും, കുറേ കോഴിക്കുഞ്ഞുങ്ങളേയും അമേരിക്കൻസ്നേഹിതന്മാർ സംഭാവനചെയ്തു. പത്തു കോഴിക്കുഞ്ഞുങ്ങൾ കിട്ടുന്ന കർഷകൻ പ്രതിജ്ഞചെയ്യണം, പത്തു മുട്ടവിരിച്ചുകൊള്ളാമെന്നും, അയൽക്കാരനു പത്തു നല്ല കോഴിക്കുഞ്ഞുങ്ങളെ കൊടുത്തുകൊള്ളാമെന്നും.

ഏതാനും കൊല്ലങ്ങൾക്കു മുമ്പു നിത്യതയ്ക്കു മാർഗ്ഗമില്ലാതിരുന്ന ആ ഗ്രാമത്തിൽ ജനസേവനത്തിന്നായി ഒരു പള്ളിയും, ഒരു ഗ്രന്ഥശാലയും വേണ്ട ഉപകരണങ്ങളോടുകൂടിയ ഒരാശുപത്രിയും ഇന്നു കാണ്മാനുണ്ടു്. അതിലെല്ലാം ഉപരിയായി കിയോസോട്ടോ ഗ്രാമവാസികൾ പഠിച്ചിട്ടുണ്ടു്, പരസ്പരസേവനത്താൽ ആത്മസേവനമനുഷ്ഠിക്കുവാൻ, ഇരുനൂറുപേരടങ്ങിയ ഒരു സഹകരണസംഘം പുതിയ റോഡുകൾ ദിവസേന വെട്ടിത്തുറക്കുന്നു. ഒരു ആതുരാലയത്തിൽ ഭക്ഷണദൗർലഭ്യം നേരിട്ടപ്പോൾ നാനൂറു കഷകബാലന്മാർ ഓരോ ഉരുളക്കിഴങ്ങുമായി അവിടെ എത്തി അതു സംഭാവനചെയ്തു. കഴിഞ്ഞ അഞ്ചു ശതാബ്ദങ്ങളിൽ ഉണ്ടായതിൽ ഏറെ പുരോഗതി അഞ്ചു വർഷങ്ങളിൽ അവിടെയുണ്ടായി. അവിടെ സംഭവിച്ചുകൊണ്ടിരിക്കുന്നതു് എന്തെന്നു കാണുവാൻ അനേകം സന്ദർശകർ അവിടെ എത്തി. പർവ്വതപ്രദേശമായ ജപ്പാനിൽ 'കീപ്പി'നെ അനുകരിച്ചു് അനേകം പദ്ധതികൾ ഇപ്പോൾ നടപ്പിലായിട്ടുണ്ടു്.

ഇതുപോലെ ആശയമുള്ള മറ്റൊരാളായിരുന്നു ക്ലിഫോർഡ് ക്ലിൻറൺ. അദ്ദേഹത്തിൻെറ മീൽസ് ഫോർ മില്യൻസ് പദ്ധതിപ്രകാരം ലാഭംകൂടാതെ, ഭക്ഷണക്ഷാമം പിടിപെട്ടിട്ടുള്ള നാടുകളിലേക്കു തയാറാക്കിയ ഭക്ഷണം കയററി അയച്ചുവരുന്നു.

അറിസോണായിലെ വരണ്ട പടിഞ്ഞാറൻപ്രദേശത്തുള്ള ഒരു ചെറുനഗരമാണ ഫ്ളാഗ്സ്റ്റാഫ്. ജനസംഖ്യ 8,000 മാത്രമാണ്. അവിടെയുള്ള പത്രങ്ങൾ പ്രസ്താവിക്കുന്നു, കെയർ(CARE)സംഘടനയ്ക്കു സംഭാവനയായി ലഭിക്കുന്ന ഓരോ ഡോളറിനോടും അവിടത്തെ പൗരന്മാർ ഓരോ ഡോളർകൂടി നവംബർമാസത്തിൽ കൂട്ടുമെന്ന്. അങ്ങനെ കൂട്ടുന്ന ഓരോ ഡോളറിനും ഇരുപതുറാത്തൽ അമേരിക്കൻ ക്ഷീരോല്പന്നങ്ങൾ, വിദേശങ്ങളിൽ പത്തൊമ്പതു് അവശപ്രദേശങ്ങളുള്ളതിൽ ഒന്നിലെ അഭയാർത്ഥികൾക്കും തൊഴിലില്ലാത്ത കുടുംബങ്ങൾക്കും അയച്ചുകൊടുക്കും.

ആ പത്രപ്രവർത്തകൻ പറയുന്നു: "വിശപ്പുള്ളവന്റെ വിശപ്പ് അടക്കുവാനും, വിദേശങ്ങളിലുള്ളവരോടു നമ്മുടെ സൗഹൃദം തെളിയിക്കുവാനും ഇതൊരു സന്ദർഭമാണ്. ഈ സാധനങ്ങൾ കിട്ടുന്ന ആളുകളെ ഫ്ളാഗ് സ്റ്റാഫുകാർ കാണുകയേ ഇല്ല. എങ്കിലും ആ സംഭാവന അവർക്കൊരു സംതൃപ്തിയേകും. ഇതുപോലെ അൻപതിലധികം സേവാസംഘങ്ങളാണ് വിദേശങ്ങളിലേക്കു സഹായം നല്കുന്നതു്. അതിൽ വലിയ പത്തു സംഘങ്ങൾ 1956-ലെ പ്രഥമാർദ്ധത്തിൽ ചെലവഴിച്ച സംഖ്യ 162,000,000 ഡോളറാണ്.

'വേൾഡ് നൈബർ' സംഘടന ഒരു പുരോഹിതന്റെ മതപ്രസംഗത്തിൽനിന്നാണുടലെടുത്തതു്. അദ്ദേഹം ഉപദേശിച്ചു, വ്യക്തിപരസംഭാവനയെ അടിസ്ഥാനമാക്കിയുള്ള ക്രിസ്തീയപ്രവർത്തനപരിപാടിമാത്രമാണ് കമ്മ്യൂണിസത്തിനു സമാധാനമെന്നു്. ആ സംഘടന ഏഷ്യയിലും ആഫ്രിക്കയിലും, ആരോഗ്യം വിദ്യാഭ്യാസം കൃഷി ഈ തുറകളിൽ പ്രാഥമികപ്രവർത്തനങ്ങൾ നടത്തിവരുന്നു. ആവശ്യമുള്ള സ്ഥലങ്ങളിൽ മാത്രമേ അവർ പോകയുള്ളു. കൃഷി, കൈത്തൊഴിൽ, ശുചീകരണം, ശിശുസംരക്ഷണം മുതലായ സംഗതികളിൽ പരിഷ്കൃതമായ നല്ല സമ്പ്രദായങ്ങൾ ഗ്രാമീണരെ മനസ്സിലാക്കി സ്വയം പര്യാപ്തരാകുവാൻ പരിശീലിപ്പിക്കയാണ് അവരുടെ സാധാരണ പരിപാടി.

'വേൾഡ് ലിറ്ററസിസംഘം' പ്രായമേറിയവരെ പ്രത്യേകരീതികൾ ഉപയോഗിച്ച് വായിക്കുവാൻ പഠിപ്പിക്കുകയും,

അങ്ങനെ കൃഷിയും ആരോഗ്യരീതികളും പരിഷ്കരിക്കുന്നതിനു പയുക്തമായ ഒരു ഉപകരണം അവക്കു നല്കുകയും ചെയ്യുന്നു. ഇതുപോലെ വിദേശരാജ്യങ്ങളെ സഹായിപ്പാൻ സേവനസന്നദ്ധതയോടെ വൻതുകകൾ പിരിച്ച് സ്തുത്യർഹമായ പ്രവർത്തനങ്ങൾ നടത്തുന്ന സംഘങ്ങളും, സ്ഥാപനങ്ങളും വളരെ ഏറെയുണ്ട്.

ലേബർ യൂണിയനുകൾ, റോട്ടറിക്ലബ്ബുകൾ മുതലായവ പോലുള്ള സംഘടനകളുടെ മാതൃകയിൽ അമേരിക്കൻ സേവാസംഘങ്ങൾ വിദേശങ്ങളിൽനിന്നും അംഗങ്ങളെ ചേർത്ത് ലോകസംഘടനകളായിത്തീരുന്നുവെങ്കിൽ ഇതിൽക്കൂടുതലായും വളരെക്കാര്യങ്ങൾ സാധിക്കാം. ജനങ്ങളുടെ പരസ്പരജ്ഞാനത്തിന്നാവശ്യമായ സമ്പർക്കബന്ധം കൈവരുത്തുവാൻ ഗവർമ്മെൻറുകൾ തമ്മിലുള്ള നയതന്ത്രബന്ധങ്ങൾക്ക് ഒരിക്കലും സാദ്ധ്യമല്ല. ലക്ഷോപലക്ഷം ജനങ്ങൾ കൂട്ടിമുട്ടി, ആശയങ്ങൾ കൈമാറി, മാനുഷികവും വൈകാരികവുമായ ബന്ധങ്ങൾ സ്ഥാപിക്കുംവരെ യഥാർത്ഥമായ ഒരു ലോകസമുദായം ഉണ്ടാവുകയുമില്ല.

ഇരുപതോ, മുപ്പതോ, അൻപതോ ആണ്ടുകളോളം ഈ വിധമുള്ള വിനിമയങ്ങൾ കൂടുതൽ കൂടുതൽ നടക്കുമെന്ന് നമുക്കു സങ്കല്പിക്കാം. ഇപ്പോൾ മനുഷ്യരെ അകററിനിർത്തുന്ന വൈരാഗ്യവും ശത്രുതയും അതുമൂലം മാറിപ്പോകയില്ലയോ? ഐക്യസംസ്ഥാനങ്ങളിലെ ഗവർമ്മെൻറിനെ നമ്മുടെ ദേശീയ സംഘടനകൾ നിയന്ത്രിക്കുന്നതുപോലെതന്നെ, ജനങ്ങളുടെ ഈ സേവനതല്പരത ഐക്യരാഷ്ട്രസംഘടനയിൽ സ്വാധീനതയും, നിയന്ത്രണവും ചെലുത്തത്തക്കവിധമുള്ള ഈ സംഘടനകൾക്ക് ഹേതുഭൂതമാകാതിരിക്കുമോ?

### *പുതിയ ഒരു ലോകസംസ്കാരം?*

വിപൽസന്ധി അനവരതമാകുന്ന ഒരു ലോകത്ത് യഥാർത്ഥമായ സാമൂഹ്യബോധം വളർത്തുവാൻ ഐക്യനാടുകൾക്ക് എന്തുചെയ്യുവാൻ കഴിയും?

ചൈനാക്കാരുടെ ലിപിസമ്പ്രദായത്തിൽ വിപൽസന്ധിയുടെ ചിഹ്നം, അപകടവും സൗകര്യവും കാണിക്കവെയ്ക്കുന്ന

മററു ചിഹ്നങ്ങൾ കൂടിച്ചേർന്നതാണ്. മനുഷ്യചരിത്രത്തിൽ ഇവ രണ്ടും തമ്മിൽ ഇത്ര കഠിനമായ ഒരു സംയോജനം ഒരിക്കലും ഉണ്ടായിട്ടില്ല. ഇപ്പോൾ, ദൈവാധീനത്തിനുള്ള വഴികളും, യശസ്സിനുള്ള ആശയും നമ്മുടെ പിടിയിലുണ്ട്. പക്ഷേ, അതിനുള്ള മാർഗ്ഗം നിരോധിച്ചിരിക്കയാണ്. പട്ടിണിയും രോഗവും മൂലം ഉയരുന്ന അപ്രതിരോധ്യപ്രതിബന്ധങ്ങളല്ലാ അതിനു കാരണം; മനുഷ്യനിർമ്മിതമായ മത്സരങ്ങൾ മാത്രം.

"മദ്ധ്യലോകത്തുള്ള ജനങ്ങളെ മുന്നോട്ടുതള്ളുന്നതു പ്രധാനമായ നാലു വിപ്ലവാത്മകസിദ്ധാന്തങ്ങളാണെ"ന്നു ചെസ്റ്റർ ബൗൾസ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. "രാഷ്ട്രീയസ്വാതന്ത്ര്യം മനുഷ്യന്റെ പ്രതാപം സാമ്പത്തികപുരോഗതി, സമാധാനം." ഇരുമ്പുമറയുടെ ഏതുവശത്താണ് ഈ ആശയങ്ങൾ നിലനില്ക്കുവാൻപോകുന്നതെന്നു തീരുമാനിക്കാൻ ഒരു നിഷ്പക്ഷനിരീക്ഷകനു വിഷമമുണ്ടാകയില്ല.

സർവ്വരോഗനിവാരണമെന്ന് ഉത്തരവാദിത്വം ചെയ്യുന്ന സമുദായപരിഷ്കാരസിദ്ധൗഷധങ്ങളൊന്നും മാർക്സിന്റെ അനുയായികൾക്ക് ഉണ്ടായിരുന്നതുപോലെ നമ്മൾക്കില്ല. പക്ഷേ, ഈ വസ്തുതയിലാണ് ജനായത്തത്തിന്റെ ശക്തി നില്ക്കുന്നതു്. എന്തെന്നാൽ, നമ്മുടെ ഈ പ്രത്യേകസമ്പ്രദായത്തെ ആരുടെ തലയിലും കെട്ടിവയ്ക്കുവാൻ നാം ശ്രമിക്കുന്നില്ല. നേരേമറിച്ചു ജനാവലിയെ അവക്കു യുക്തമെന്നു തോന്നുന്ന ലക്ഷ്യങ്ങൾ തേടുവാൻ വേണ്ടത്ര ആരോഗ്യസ്ഥിതികളും സാമ്പത്തികാഭിവൃദ്ധിയും സൃഷ്ടിച്ചുകൊടുക്കയാണു നമ്മുടെ ലക്ഷ്യം. തന്മൂലം പിടിക്കുന്ന കൈയിൽ വലങ്ങുവയ്ക്കാതെ, സഹായഹസ്തം നല്കുവാൻ നമ്മൾക്കു കഴിവുണ്ട്. ചരിത്രം നമ്മെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്, സാമുദായികവും സാമ്പത്തികവുമായ പുരോഗതി, മനുഷ്യാവകാശങ്ങളെ പ്രതിജ്ഞചെയ്യുന്ന ഒരു ഭരണഘടനയെ അടിസ്ഥാനമാക്കിയുള്ള രാഷ്ട്രീയപ്രവർത്തനങ്ങളിലൂടെ, അന്തർഭാഗത്തുനിന്നു മാത്രമേ വരികയുള്ളു എന്ന്. എന്നാൽ റഷ്യയ്ക്കുകഴിയുംവണ്ണം പുറമേനിന്നു വിപ്ലവംസൃഷ്ടിക്കുവാൻ നമ്മൾക്കു സാദ്ധ്യമല്ല. നമ്മുടെ ചരിത്രം ഒരു സുസ്ഥിരവിപ്ലവത്തിന്റെ രൂപപത്രിക തയ്യാറാക്കിയിട്ടുണ്ട്—കൂടുതൽ കൂടുതൽ ജനങ്ങൾക്കുവേണ്ടി അനവരതം ഉയർന്നുകൊണ്ടി

രിക്കുന്ന ഒരു ജീവിതനിലവാരം കൂടുതൽ തോതും ഗുണവുമുള്ള ഭക്ഷണസാധനങ്ങൾ, ആരോഗ്യം, വിശ്രമം, വിദ്യാഭ്യാസം, സമത്വം, സൗകര്യം എന്നിവ ഉൾക്കൊണ്ടതാണതു്.

നാട്ടിൽ നമ്മുടെ പ്രശ്നങ്ങളെ നാം എങ്ങനെ പരിഹരിക്കുന്നു എന്നുള്ളതിനെ ആശ്രയിച്ചാണു് ഐക്യനാടുകൾക്കു് വിദേശങ്ങളിൽ ലഭിക്കുന്ന അന്തസ്സു്. കുററം, പാതകം, ചാളജീവിതം, വ്യവസായപരിഷ്കാരത്തിന്മേൽ വീഴുന്ന പുഴുക്കുത്തു് ഇവയെ നാം പരിഹരിക്കുന്നതെങ്ങനെ? നമ്മുടെ പൗരന്മാക്കെല്ലാം തുല്യമായ സംരക്ഷണവും, ആനുകൂല്യവും നാം നൽകുന്നുണ്ടോ? നമ്മുടെ പദവിമൂലം ലോകം പ്രതീക്ഷിക്കുന്ന ഉത്തരവാദിത്വവും പക്വതയും നമ്മൾക്കു സിദ്ധിച്ചിട്ടുണ്ടോ? ഇത്യാദി കാര്യങ്ങൾ ആണു് ലോകം ശ്രദ്ധിക്കുന്നതു്. സർവ്വരാഷ്ട്രസൗഹൃദത്തെപ്പററി നാം എന്തുപറഞ്ഞാലും അതിൻെറ ആഹ്വാനം നാം നാട്ടിൽ ചെയ്യുന്നതിനോടു് തുല്യമാകുകയില്ല.

തുല്യവീതമായി അനുഭവിക്കുന്നതിനുള്ള ആവേശത്താൽ അമേരിക്കാക്കാർ തങ്ങളുടെ കൃത്യം ലോകത്തെ ജനായത്തം പഠിപ്പിക്കുക എന്നുള്ളതാണെന്ന കുഴഞ്ഞ വിശ്വാസത്തിൽ എത്തിച്ചേരാറുണ്ടു്. സ്വാതന്ത്ര്യത്തിനുവേണ്ടി ഫ്രാൻസിലും, ഇൻഡൊനേഷ്യയിലും, ഗ്രീസിലും, ഫിൻലാൻഡിലും പടവെട്ടിയവരെ ഒന്നും പഠിപ്പിക്കേണ്ട ആവശ്യമില്ല. ശതാബ്ദത്തിലേറെയും നാം ഏകാന്തതയിൽ കഴിച്ചവരാണു്. അന്നത്തേക്കാൾ ഭയാനകമായ ഒരു ഭീഷണി ഇന്നു ലോകത്തിനുമീതേ ഉയരുന്നുണ്ടെങ്കിലും തങ്ങളുടെ ഭാവി രൂപീകരിക്കുവാൻ അധികാരമത്സരത്തിൽനിന്നു തങ്ങളെ ഒഴിവാക്കണം എന്നപേക്ഷിക്കുന്നവർ തങ്ങളുടെ അനുകമ്പയാണർഹിക്കുന്നതു്. നമ്മുടെ സ്ഥാപനങ്ങൾ വിദേശങ്ങളിലേക്കു മാററി സ്ഥാപിക്കാമെന്നു് നമ്മൾക്കു പ്രതീക്ഷിക്കാവുന്നതല്ല. നമ്മൾക്കു് സമ്പ്രദായങ്ങളും, നിലപാടുകളും പരസ്പരം കൈമാററംചെയ്യാമെന്നു് ആശിപ്പാനേ കഴിയൂ.

പാശ്ചാത്യശാസ്ത്രീയസമ്പ്രദായങ്ങളേയും, അഖിലലോകവിദ്യാഭ്യാസനിലവാരത്തേയും, നിയമഭരണത്തേയും, പൊതുജനാരോഗ്യത്തേയും, സാമുദായികഭദ്രതയേയും, വ്യക്തിസ്വാ

തന്ത്ര്യത്തേയും ലോകംമുഴുവൻ സ്വീകരിക്കുന്നു. വ്യക്തികളുടെ അവകാശങ്ങളും ജനക്ഷേമത്തിലുള്ള ഗവമ്മെൻറിന്റെ ചുമതലയും പാശ്ചാത്യമാതൃകയിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. ഈ വിധമാണെങ്കിലും മററു സംസ്കാരങ്ങളിൽനിന്നു പാശ്ചാത്യപരിഷ്കാരത്തിനു് പഠിക്കുവാനുള്ള കാൎയ്യങ്ങൾ ധാരാളമാണു്.

സൎവ്വശേഷിയും, ക്ഷിപ്രാനുഭവപരവും, സൗന്ദൎയ്യാസ്വാദനമയവുമായ ഒരു സ്വഭാവവിശേഷണമാണു് പൗരസംസ്കാരത്തിനുള്ളതു്. പൗരസ്ത്യൎക്കു് കാലം ഒരു അചഞ്ചല തടാകമാണു്; ഒഴുകുന്ന പുഴയല്ല. അനുഭവങ്ങളെ പാശ്ചാത്യർ അപഗ്രഥിക്കുമ്പോൾ പൂൎവ്വദേശക്കാർ ഭാഗികമായ അനിശ്ചിതത്വം എല്ലാററിലും വീക്ഷിക്കുന്നു. അതിനാൽ അവിടെ ബുദ്ധിമാൻ ഒന്നുംതന്നെ ഏല്ക്കുന്നില്ല. എന്തെന്നാൽ അനുഭവങ്ങൾ മറിയുന്നു എങ്കിൽ, പ്രത്യേകമായി ഒന്നിൽച്ചെന്നു ചാടിയാൽ തിരിച്ചുപേരുവാനുള്ള വഴി അടഞ്ഞുപോയേക്കും. ലോകരാഷ്ട്രമീമാംസയിൽ ഈ വീക്ഷണഗതിക്കു വലിയ പ്രാധാന്യമുണ്ടു്.

പൗരസ്ത്യരുടെ സൗന്ദൎയ്യബോധത്തോടും, സമചിത്തതയോടും, ആത്മീയബോധത്തോടുംകൂടി ശാസ്ത്രീയമായി ഏററവും പുരോഗമിച്ചിട്ടുള്ളതും യുക്തിയാൽ നയിക്കപ്പെട്ടതുമായ പാശ്ചാത്യരാഷ്ട്രങ്ങൾക്കു് തങ്ങളുടെ ഉയൎന്ന ജീവിതനിലവാരത്തെ ഏകീകരിക്കുന്നതിനുപയുക്തമായ ഒരു വീക്ഷണഗതി കൈവരുത്തുക എന്നതാണു് ഇക്കാലത്തെ വലിയ പ്രയത്നം.

അമേരിക്കൻ അദ്ധ്യാത്മവാദക്കാർ ഭൗതികവാദികളെ എതിൎത്തു് പൂൎവ്വദേശങ്ങളുടെ ആത്മീയസമ്പത്തിൽ ശ്രദ്ധചെലുത്തിയതുമുതൽ പൂൎവ്വദേശങ്ങളുടെ വിജ്ഞാനത്തിലും, കലകളിലും ശാന്തമായും തുടൎച്ചയായുമുള്ള താല്പൎയ്യം നാം പ്രദർശിപ്പിച്ചുവരുന്നു. പടക്കപ്പലുകൾ ചൈനയിൽനിന്നും നിധികൾ കൊണ്ടുവന്ന കാലംമുതലേ പൂൎവ്വദേശാശയങ്ങൾ നമ്മുടെ കലകളിൽ കടന്നുകൂടിയിട്ടുണ്ടു്. ചിത്രകലയിലും പ്രത്യേകിച്ചു ശില്പവിദ്യയിലും ജപ്പാൻെറ സ്വാധീനത പ്രചരിപ്പിച്ചിട്ടുമുണ്ടു്. അതു വളരുന്നുമുണ്ടു്. കിഴക്കൻനാട്ടുകളിലെ മതങ്ങൾ അനേകം ഉപവിഭാഗങ്ങൾക്കടിസ്ഥാനമാണു്. വലിയ

സർവ്വകലാശാലകളിലെല്ലാം പൗരസ്ത്യവിദ്യാഭ്യാസം ശീഘ്രഗതിയിൽ പുരോഗമിക്കുന്നുണ്ടു്. ഒരുകാലത്തു് ഗ്രന്ഥങ്ങളിൽനിന്നും ചിത്രങ്ങളിൽനിന്നും മാത്രം മനസ്സിലാക്കിയിരുന്ന പൗരസ്ത്യപരിഷ്ക്കാരജ്ഞാനം ഭാഗികമായിട്ടെങ്കിലും അവിടങ്ങൾ സന്ദർശിച്ചിട്ടുള്ള സഞ്ചാരികളും ഭടന്മാരും ഇങ്ങോട്ടു കൊണ്ടുവരുന്നു. ഹാവായിദ്വീപുകളിൽ പല നിലവാരങ്ങളിലും പൂർവ്വപശ്ചിമദേശങ്ങൾ കൂട്ടിമുട്ടുകയും ഇണങ്ങിച്ചേരുകയും ചെയ്തിട്ടുണ്ടു്. അങ്ങു് അമേരിക്കായിലും രണ്ടുവിധമായ ഈ ജീവിതസമീപനങ്ങളേയും നാം സംയോജിപ്പിച്ചുവരികയാണു്.

സഞ്ചാരങ്ങളാലും, പൊതുജനോപാധികളിലൂടെ തുടർച്ചയായി നടത്തുന്ന വാർത്താവിതരണത്താലും പുറലോകവുമായി അമേരിക്കാ ഇന്നു് എന്നേതിലുമധികം സമ്പർക്കം പുലർത്തുന്നു, തൊഴിൽസംഘടനകൾ, കാർഷികസംഘങ്ങൾ, യുവജനസമാജങ്ങൾ, മഹിളാസമാജങ്ങൾ മുതലായവ വിദേശകാര്യങ്ങളെ സംബന്ധിച്ച വസ്തുതകൾ അംഗങ്ങളെ ഗ്രഹിപ്പിക്കുന്നതിനു് അതിയായി പ്രയത്നിച്ചുവരുന്നുണ്ടു്. അവരുടെ ഇന്നുള്ള ഏതു മാസികാഗ്രന്ഥം എടുത്തുനോക്കിയാലും ലോകകാര്യങ്ങളെ സംബന്ധിച്ച ഒന്നോ അതിലധികമോ ലേഖനങ്ങൾ കാണാം. പ്രസ്തുത സംഘടനകൾ വിദേശകാര്യങ്ങളെ സംബന്ധിച്ചു് ഒരു സാമാന്യജ്ഞാനം ഈവിധപരിപാടികൾമൂലം ജനങ്ങളിൽ ഉണ്ടാക്കുകയും അതു് കോൺഗ്രസ്സിൽ സ്വാധീനതചെലുത്തി ഭരണത്തെ തുണയ്ക്കുകയും ചെയ്യുന്നു. അമേരിക്കായിലെ പൊതുജനാഭിപ്രായചാഞ്ചല്യം ഭൂതകാലകഥയായിത്തീർന്നിട്ടുള്ളതിനു് ലക്ഷ്യങ്ങൾ ധാരാളമുണ്ടു്.

ലോകസമുദായത്തിൽ അമേരിക്കയുടെ ചുമതലാബോധവും പങ്കും വർദ്ധിച്ചുവരുന്നതോടുകൂടി അമേരിക്കൻമാതൃകയിലുള്ള വ്യക്തിപ്രാധാന്യം, സ്വച്ഛന്ദപ്രവർത്തനം, ഫെഡറലിസം എന്നിവയെ സംബന്ധിച്ച ആശയങ്ങളും പുരോഗമിച്ചുകൊണ്ടാണിരിക്കുന്നതു്. വാൾ റൂഷിന്റേയും ക്ലിഫോർഡ് ക്ലിന്റന്റേയും വ്യക്തിപരപരിശ്രമങ്ങൾ ഫലപ്രദങ്ങളായിട്ടുള്ളതു് സേവാസംഘങ്ങളാലും, യു. എൻ. സംഘടനയിലും അതോടു ബന്ധപ്പെട്ട മററു സ്ഥാപനങ്ങളിലും പ്രകടമായിട്ടുള്ള ഫെഡറ

ലിസ്്‌റ്ററുതത്വങ്ങളാലുമാണ്. അവതന്നെ ഈ കാലഘട്ട ത്തിൻെറ പ്രത്യക്ഷലക്ഷണങ്ങളത്രെ. ദീർഘവീക്ഷണത്തിൽ സംസ്കാരങ്ങളുടെ സമ്മേളനത്തിനാണ് ശക്തിസമത്വത്തേ ക്കാൾ ഇന്നത്തെ ലോകത്തു് പ്രാധാന്യം. അതാണ് ഒരു പു തിയ ലോകസംസ്കാരത്തിലേക്കു് നമ്മെ നയിക്കുന്നതു്. അ തിൽ ശാസ്ത്രങ്ങളുടെ അപഗ്രഥനവും കലയുടെ ഉൽഗ്രഥനവും തുല്യമായി നില്ക്കും. എല്ലാ ജനങ്ങൾക്കും തങ്ങളുടെ വിജ്ഞാന പരവും ആദ്ധ്യാത്മികവുമായ പാരമ്പര്യത്തെ പൂർണ്ണമായി ആസ്വദിക്കത്തക്കവിധം ഭൗതികനിലവാരം ഉയരും.

1920—30-ൽ ഐക്യനാട്ടുകളിൽ ഭദ്രത എന്നതിന്നർത്ഥം ഒരു കടപ്പത്രമെന്നോ, ഷെയറെന്നോ ആയിരുന്നു. വാർദ്ധക്യ ത്തിൽ ദാരിദ്ര്യത്തിൽനിന്നുള്ള രക്ഷ എന്നായി, അതിനു് 1930—40-ൽ അർത്ഥം. സ്വേച്ഛാധിപതികളിൽനിന്നും മുക്ത മായ ഒരു ലോകം എന്നായി അതിനു വ്യാഖ്യാനം 1940—50 കാലത്തു്. 1950—60-ൽ രാഷ്ട്രരഹസ്യങ്ങളെ ശത്രുക്കളാകാ വുന്നവരിൽനിന്നു് സംരക്ഷിക്കുക എന്നു് അർത്ഥം. സൃഷ്ടിപര വും പ്രയോജനകരവുമായ പ്രയത്നങ്ങളാൽ സുരക്ഷിതമാക്ക പ്പെട്ട ജീവിതം എന്നായിത്തീരും, 1960—70-ൽ.

★

very good

Fine

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. M 970 Acc. No. 45596

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of ₹1 per day will be charged

M970
SMI-A

45596

സ്മിത്ത് ജോസഫ് ഫോൺസ്

അമേരിക്കൻ ജീവിതവും
സംസ്കാരവും

KOTTAYAM PUBLIC LIBRARY

Call No M 970 Acc. No 45596

Author സ്മിത്ത് ജോസ് ഫേബർ

Title അമേരിക്കൻ കൃതികളും സംസ്കാരവും

Indic Digital Archive Foundation

gpura.org